www.malankaralibrary.com

# ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ

ഫാ. ഇടിക്കുള പാണ്ടിയത്ത്

1999

www.malankaralibrary.com

# ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ

ഫാ. ഇടിക്കുള പാണ്ടിയത്ത്

തിരുവനന്തപുരം

1999

www.malankaralibrary.com

# ഹിന്ദുമത ക്രിസ്തുമത ദർശനങ്ങൾ
(താരതമ്യപഠനത്തിന് സഹായിക്കുന്നത്)

ഫാ. ഇടിക്കുള പാണ്ടിയത്ത്

A Publication of the Malankara Seminary,
Trivandrum—695015

No. 7

All Rights Reserved

First Published: October 1999

Price: Rs. 50/-

Printed at: Bethany Press, Nedumangad.
E-mail: geevarghesepala@vsnl.com.
Tel: 0472—800208

www.malankaralibrary.com

# അവതാരിക

ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ എന്ന ശീർഷകത്തിൽ ബഹു. ഇടിക്കുള പാണ്ടിയത്തച്ചൻ ഒരു സൽഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണല്ലൊ. ഈ ഗ്രന്ഥത്തിനു് രണ്ടു ഭാഗങ്ങൾ ഉണ്ടു്.

ഹിന്ദുമത ദർശനങ്ങളെപ്പററിയുള്ള ഒന്നാം ഭാഗത്തിൽ 9 അദ്ധ്യായങ്ങളിലായി, വേദങ്ങൾ, ഉപനിഷത്തുകൾ, ഷഡ് ദർശനങ്ങൾ, ഭഗവദ്ഗീത എന്നിവയെപ്പററി ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ടു്. പരമാത്മാവു്, ജീവാത്മാവു്, പ്രകൃതി, പുരുഷൻ, മുക്തിമാർഗ്ഗങ്ങൾ മുതലായവയെപ്പററിയുള്ള ഹിന്ദുമത സങ്കല്പങ്ങളെപ്പററി ചുരുക്കമായി പരാമർശിച്ചിട്ടുണ്ടു്.

ക്രിസ്തുമതദർശനങ്ങളെപ്പററിയുള്ള രണ്ടാം ഭാഗത്തിൽ, അവസാനത്തെ അധ്യായം ഒഴിച്ചു് (താരതമ്യപഠനം, ഉപസംഹാരം) ബാക്കി 14 അധ്യായങ്ങളിലായി സൃഷ്ടി, മനുഷ്യൻെറ അധഃപതനം, രക്ഷകനെ വാഗ്ദാനം ചെയ്യുന്നതു്, രക്ഷകൻെറ വരവിനു വേണ്ടിയുള്ള ഒരുക്കം, ദൈവപുത്രൻെറ മനുഷ്യാവതാരം, മനുഷ്യൻെറ വീണ്ടെടുപ്പു് ക്രിസ്തീയജീവിതം, മരണാനന്തര ജീവിതം മുതലായ വിഷയങ്ങളെപ്പററി ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ടു്.

അത്ഭുതകരമായ ഈ പ്രപഞ്ചത്തിൻെറ സംവിധായകൻെറ സ്വരൂപം മനസ്സിലാക്കുന്നതിനും, ഈ ലോകത്തിൽ മനുഷ്യനുണ്ടാകുന്ന ക്ലേശങ്ങളിൽ നിന്നു് മുക്തി പ്രാപിക്കാനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിനും, ഭാരതത്തിലെ മഹർഷിമാർ പര്യാലോചിക്കുകയും ചില സങ്കല്പങ്ങളിലൊക്കെ എത്തിച്ചേരുകയും ചെയ്തിട്ടുണ്ടു്.

ക്രിസ്തീയതയുടെ അടിസ്ഥാനം ഒരു ചരിത്ര സംഭവമാണു്. ഒരു ദൈവിക വ്യക്തി മനുഷ്യനായ സംഭവം; അതായതു് ആ ദൈവിക വ്യക്തി, മനുഷ്യപ്രകൃതി അതിൻെറ യഥാർത്ഥ വ്യവസ്ഥിതിയോടെ സ്വയമേറെറടുത്തു് മനുഷ്യജീവിതത്തിൻെറ അർത്ഥവും ലക്ഷ്യവും പൂർണ്ണമാക്കി മനുഷ്യചരിത്രത്തിൻെറ ഭാഗമായ സംഭവം. ഈ സംഭവത്തിൻെറ കേന്ദ്രബിന്ദു മനുഷ്യനായിത്തീർന്ന ആ വ്യക്തിതന്നെ; രണ്ടായിരം കൊല്ലങ്ങൾക്കു

www.malankaralibrary.com



മുമ്പ് യൂദയായിൽ ജനിച്ചുവളർന്നു, മരിച്ചു, ഉത്ഥാനം ചെയ്ത നസ്രായനായ യേശുക്രിസ്തു. സംഭവബഹുലമായ യേശുക്രിസ്തുവിൻെറ ചരിത്രം ദൈവമനുഷ്യ സമാഗമത്തിൻെറ ഒരു ചരിത്രമാണ്.

മനുഷ്യൻ സ്വാഭാവികമായി ദൈവോന്മുഖനാണ്. എല്ലാ മതങ്ങളും സമാധാനത്തിനും ശാന്തിക്കും വേണ്ടി നിലകൊള്ളുന്നുവെങ്കിലും പലപ്പോഴും മതത്തിൻെറ പേരിൽ പല അതിക്രമങ്ങളും നടന്നിട്ടുണ്ട്, നടക്കുന്നുമുണ്ട് എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഇപ്രകാരമെല്ലാം നടക്കുന്നത് ശരിയായിട്ടുള്ള ദൈവദർശനമോ ജീവിത വീക്ഷണമോ ഇല്ലാത്തതുകൊണ്ടാണ്.

ഭഗവദ്ഗീത 12-ാം അധ്യായം 13, 14 വാക്യങ്ങളിൽ ശ്രീകൃഷ്ണൻ ഇപ്രകാരം പറയുന്നു: സർവ്വ ജീവജാലങ്ങൾക്കും ദ്രോഹം ചെയ്യാത്തവനും, മൈത്രീഭാവമുള്ളവനും, കരുണയുള്ളവനും ഒന്നിനോടും പ്രത്യേക മമതയില്ലാത്തവനും, അഹങ്കാരമില്ലാത്തവനും, സുഖദുഃഖങ്ങളിൽ സമനില പാലിക്കുന്നവനും, ക്ഷമിക്കുന്നവനും, സദാ സന്തോഷവാനും, യോഗിയും മനസ്സടക്കിയവനും, ദൃഢനിശ്ചയമുള്ളവനും, എന്നിൽ മനസ്സും ബുദ്ധിയും സമർപ്പിച്ചവനും എൻെറ ഭക്തനുമായി ആരുണ്ടോ, അവൻ എനിക്ക് പ്രിയപ്പെട്ടവനാണ്''.

വി. യോഹന്നാൻ ശ്ലീഹാ ഇപ്രകാരം പറയുന്നു: ''സ്നേഹം ദൈവത്തിൽനിന്നാകുന്നു........സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാകുന്നു'' (1 യോഹ. 4:7-8).

''നീതി പ്രവർത്തിക്കാത്ത ഒരുവനും ദൈവത്തിൽ നിന്നുള്ളവനല്ല; തൻെറ സഹോദരനെ സ്നേഹിക്കാത്തവനും അങ്ങനെ തന്നെ''. (1 യോഹ. 3:10).

''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല'' (1 യോഹ. 4:20).

വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: ''സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹംഭാവം നടിക്കുന്നില്ല, സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല'' (1 കോറി. 13:4-5).

www.malankaralibrary.com


വിവിധ മതങ്ങളെ അടുത്തറിയുന്നതിനും അവയുടെ ധർമ്മം ആഴമായി മനസ്സിലാക്കുന്നതിനും അനുഷ്ഠിക്കുന്നതിനും ഈശ്വര വിശ്വാസികളെ സന്നദ്ധരാക്കുന്നതിനും, പ്രചോദിപ്പിക്കുന്നതിനും, വിവിധ മതാനുയായികളെ നമ്മുടെ രാജ്യത്തു്, നാം പരിശ്രമിക്കേണ്ടതുണ്ടു്. മനുഷ്യർ തമ്മിലുള്ള സ്നേഹവും സൗഹൃദവും ദൈവവിശ്വാസത്തിൽ ശക്തിപ്പെടേണ്ടതാണു്. കാരണം, മനുഷ്യമൈത്രിയുടെ ഉറവിടവും നിദാനവും ദൈവം തന്നെയാണു്. ഇതാണു് സത്യമെങ്കിൽ മനുഷ്യൻ ദൈവത്തോടു അടുക്കുന്തോറും അവൻ കൂടുതൽ ധന്യനാകേണ്ടതാണു്. മനുഷ്യർ തമ്മിലുള്ള പരസ്പര സ്നേഹവും, സൗഹൃദവും, ഐക്യവും വളർന്നു് സൗഭാഗ്യപൂർണ്ണമായ ഒരു സമൂഹ സൃഷ്ടി നടക്കേണ്ടതാണു്.

മതാന്തര സംവാദം നടത്തുന്നതിനും പരസ്പരം മനസ്സിലാക്കുന്നതിനും സൗഹൃദം പുലർത്തുന്നതിനും, കൂടുതൽ ദൈവോന്മുഖമായി ജീവിക്കുന്നതിനും ഈ ഗ്രന്ഥം ഇതിന്റെ വായനക്കാർക്കു് ഉപകരിക്കട്ടെ എന്നു് ആശംസിക്കുന്നതോടൊപ്പം ബ. ഇടിക്കുള പാണ്ടിയത്തു് അച്ചനെ ഈ ഗ്രന്ഥരചന നടത്തിയതിൽ അനുമോദിക്കുകയും ബഹുജന സമക്ഷം ഈ സൽഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്യുന്നു.

എന്നു്,

† **മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ്,
15—8—1999.

www.malankaralibrary.com

# ആശംസ

"ഏകമേവം അദ്വിതീയം" (ഛാന്ദോക്യോപനിഷത്ത്) എന്ന തത്ത്വമനുസരിച്ച് ഈശ്വരൻ ഏകമാണ്, അദ്വിതീയമാണ്. ഏകമായ അഥവാ അദ്വിതീയമായ യാഥാർത്ഥ്യത്തെ പ്രാപിക്കുക എന്നതത്രേ മനുഷ്യജീവിതത്തിൻെറ ആത്യന്തിക ലക്ഷ്യം. ഈ യാഥാർത്ഥ്യത്തെ വിവിധ മതങ്ങൾ വിവിധ രീതിയിലാണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്. അതിനാൽ തന്നെ പ്രത്യക്ഷത്തിൽ വിവിധ മതങ്ങളുടെ ദർശനങ്ങൾ തമ്മിൽ വർദ്ധിത വ്യത്യാസങ്ങൾ കണ്ടെത്താനാവും.

മതങ്ങളുടെ നാടാണ് ഭാരതം. പല ലോകമതങ്ങളും ആരംഭിച്ചതു് ഈ മണ്ണിലാണ്. അനേക മതങ്ങളുടെ വ്യത്യസ്തങ്ങളായ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്ന ഈ നാടിൻെറ വളർച്ചയ്ക്ക് മതസഹിഷ്ണുതയും മററു് മതങ്ങളെക്കുറിച്ചുള്ള ശരിയായ അറിവും അനിവാര്യമത്രേ. വ്യത്യസ്തങ്ങളായ മതങ്ങളുടെ വിശ്വാസങ്ങളും ദർശനങ്ങളും അവയുടെ സജാത്യവൈജാത്യങ്ങളും തമ്മിലുള്ള താരതമ്യപഠനം പരിമിതമായേ നമ്മുടെ നാട്ടിൽ നടന്നിട്ടുള്ളൂ.

ബഹുമാനപ്പെട്ട ഇടിക്കുള പാണ്ടിയത്ത് അച്ചൻെറ 'ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ' എന്ന ഗ്രന്ഥത്തിൻെറ പ്രസക്തിയേറുന്നത് ഈ സാഹചര്യത്തിലാണ്. ഹിന്ദുമതത്തിൻേറയും ക്രിസ്തുമതത്തിൻേറയും വിശ്വാസസത്യങ്ങളുടേയും ദർശനങ്ങളുടേയും ആഴങ്ങളിലേക്ക് കടന്ന്, അവയെ അപഗ്രഥിച്ച് വായനക്കാർക്ക് മനസ്സിലാകത്തക്കരീതിയിൽ അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട അച്ചന് സാധിച്ചിട്ടുണ്ട്. ആഴമേറിയ ഗവേഷണത്തിൻേറയും പഠനത്തിൻേറയും ഫലമായേ ആധികാരികമായി ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കാനാവൂ. അച്ചൻെറ പരിശ്രമത്തെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഹിന്ദുമതത്തിൻേറയും ക്രിസ്തുമതത്തിൻേയും വിശ്വാസ സത്യങ്ങൾ കൂടുതൽ മനസ്സിലാക്കുവാനും അതുവഴി ദൈവ മനുഷ്യ ബന്ധങ്ങളിൽ ഉന്നതി പ്രാപിക്കുവാനും ഈ ഗ്രന്ഥപാരായണത്തിലൂടെ വായനക്കാർക്ക് ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. ബഹുമാനപ്പെട്ട അച്ചൻെറ എല്ലാ സംരംഭങ്ങളിലും വിജയമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

† ജോഷ്വാ മാർ ഇഗ്നാത്തിയോസ്
(തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ)
1—9—1999.

www.malankaralibrary.com

# ആമുഖം

പുരാതനകാലംമുതൽ വിവിധ ജനതകളിൽ ഒരു പരാശക്തിയേപ്പററിയുള്ള ഏതാണ്ടൊരവബോധം നിലവിലുള്ളതായി കാണാം. ഓരോ മനുഷ്യൻെറയും അന്തരാത്മാവിൽ അവൻെറ ജീവൻെറ ഉറവിടമായ ദൈവത്തെ പ്രാപിക്കുവാനുള്ള ഉത്കടമായ ഒരു അഭിവാഞ്ചയുണ്ട്.

എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയാത്തവിധം കോടിക്കണക്കിനു് നക്ഷത്രങ്ങളെ ആകാശത്തു് കാണുവാൻ സാധിക്കും. ഒരു നക്ഷത്രം മറെറാന്നിനോട് ഏററുമുട്ടാതെ നിശ്ചിത നിയമങ്ങളനുസരിച്ചു് ചലിച്ചുകൊണ്ടിരിക്കുന്നു. ഭൂമി അതിൻെറ അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടുതന്നെ സൂര്യനെ വലംവച്ചുകൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിലെവിടെയും കൃത്യമായ ഒരു ക്രമപാലനം കാണാം. പ്രപഞ്ചശക്തികളെ നിയന്ത്രിക്കുന്ന ഒരു വിധാതാവു് ഉണ്ടെന്ന് സമ്മതിച്ചേ മതിയാവൂ. ആററം ബോംബിൻെറ വമ്പിച്ച നശീകരണ ശക്തി അണുശക്തി കൊണ്ടാണല്ലോ. അണുവിനു ഈ ശക്തി എവിടെ നിന്നു ലഭിച്ചു?

ലോകമതങ്ങളിൽ വച്ച് ഏററവും കൂടുതൽ അനുയായികളുള്ള രണ്ടു മതങ്ങളാണ് ക്രിസ്തുമതവും ഹിന്ദുമതവും. ലോകത്തിൽ ഏററവും കൂടുതൽ അനുയായികൾ ഉള്ളത് ക്രിസ്തുമതത്തിനാണ്. ഇൻഡ്യയിലാണെങ്കിൽ മഹാഭൂരിപക്ഷം ജനങ്ങളും ഹിന്ദുമതാനുയായികളാണ്. ആ നിലയ്ക്ക് ഹിന്ദുക്കളായവർ ക്രിസ്തുമതത്തെപ്പററിയും, ക്രിസ്ത്യാനികളല്ലാത്തവർ ക്രിസ്തുമതത്തെപ്പററിയും പഠിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ഹിന്ദുമതവും ക്രിസ്തുമതവും സഹിഷ്ണുത പഠിപ്പിക്കുന്നുണ്ട് എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

സർവ്വജ്ഞനും അപരിമേയനും അദൃശ്യനുമായ ദൈവത്തെ പരിമിതമായ മനുഷ്യബുദ്ധികൊണ്ട് പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ദൈവത്തെപ്പററിയും മനുഷ്യാത്മാവിനെപ്പററിയും, മരണാനന്തര ജീവിതത്തെപ്പററിയും ഓരോ മതങ്ങൾ വ്യത്യസ്തമായിട്ടാണ് പഠിപ്പിക്കുന്നതു്. ഒരു മതത്തിൻെറ പ്രബോധനങ്ങൾ സത്യത്തിനും യുക്തിക്കും നീതിക്കും സന്മാർഗ്ഗത്തിനും എതിരാണെങ്കിൽ പ്രസ്തുത മതം ഈശ്വര

www.malankaralibrary.com



പ്രകാശിതമാണെന്നു് പറയാൻ നിവൃത്തിയില്ല. സർവ്വ നന്മയുടെയും നികേതനമായ ദൈവത്തിൽനിന്നു് അബദ്ധ പ്രബോധനങ്ങൾ ഏതെങ്കിലും മതത്തിനു ലഭിച്ചു എന്നു പറയുന്നതു് യുക്തിക്കു് ചേർന്നതല്ല. മതവും ശാസ്ത്രവും പരസ്പര വിരുദ്ധമല്ല; നേരെ മറിച്ചു് പരസ്പര പൂരകങ്ങളാണു്. ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നു പറയുവാൻ ശാസ്ത്രത്തിനു് സാധിക്കയില്ല. അതിനെപ്പററി ചില അഭ്യൂഹങ്ങൾ മുന്നോട്ടു വയ്ക്കുവാൻ മാത്രമേ സാധിക്കുകയുള്ളു.

ദൈവിക വെളിപാടിൽ അധിഷ്ഠിതമായ മതം, ഒന്നു മാത്രമേ ആകാൻ സാധ്യതയുള്ളു; കാരണം പരസ്പര വിരുദ്ധങ്ങളായ കാര്യങ്ങൾ സത്യം തന്നെയായ ദൈവം പഠിപ്പിക്കുകയില്ല. ദൈവത്തിനു തെററുപററുകയില്ല.

ഹിന്ദുമത ഗ്രന്ഥങ്ങൾ ആധാരമാക്കി ഹിന്ദുമത ദർശനങ്ങളെയും ക്രിസ്തുമത ഗ്രന്ഥങ്ങൾ (പ്രത്യേകിച്ചു് ബൈബിൾ) ആധാരമാക്കി ക്രിസ്തുമത ദർശനങ്ങളെയും മനസ്സിലാക്കുന്നതിനുള്ള ഒരു എളിയ ശ്രമം നടത്തുകയാണു് ഈ ഗ്രന്ഥത്തിലൂടെ. വളരെ വിശദമായിട്ടുള്ള ഒരു പഠനം ഇവിടെ ഉദ്ദേശിക്കുന്നില്ല.

ഈ ഗ്രന്ഥത്തിനു് രണ്ടു ഭാഗങ്ങൾ ഉണ്ടു്. ഒന്നാം ഭാഗത്തിൽ ഹിന്ദുമത ദർശനങ്ങളെപ്പററിയും രണ്ടാം ഭാഗത്തിൽ ക്രിസ്തുമത ദർശനങ്ങളെപ്പററിയും പ്രതിപാദിച്ചിരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ, ഋഗ്വേദത്തിലെ മന്ത്രങ്ങളുടെ പരിഭാഷ ശ്രീ.ഒ.എം.സി. നാരായണൻ നമ്പൂതിരിപ്പാട് എഴുതി, തൃശ്ശൂർ വടക്കേമഠം ബ്രഹ്മസ്വം 1982-ൽ പ്രസിദ്ധപ്പെടുത്തിയ 'ഋഗ്വേദം — ഭാഷാഭാഷ്യം', എന്ന ഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ളതാണു്.

ബൃഹദാരണ്യകോപനിഷത്തിലെ ശ്ലോകങ്ങളുടെ പരിഭാഷ കൂടുതലും എടുത്തിട്ടുള്ളതു്, നിത്യചൈതന്യയതി എഴുതി, ഡി.സി. ബുക്സ്, 1994-ൽ പ്രസിദ്ധപ്പെടുത്തിയ ബൃഹദാരണ്യകോപനിഷത്ത്, I, II, III, വാല്യങ്ങളിൽനിന്നും ആണു്. ചില ശ്ലോകങ്ങളുടെ പരിഭാഷ, ററി. എൻ. കല്ലൻ 1976-ൽ പ്രസിദ്ധപ്പെടുത്തിയ "ഭാരതീയാഭിമുഖ്യം" എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തിട്ടുള്ളതാണു്.

ഭഗവദ്ഗീതയിലെ ശ്ലോകങ്ങളുടെ പരിഭാഷ കൂടുതലും എടുത്തിട്ടുള്ളതു്, നിത്യചൈതന്യയതി എഴുതി, ഡി.സി. ബുക്സ് 1996-ൽ പ്രസിദ്ധപ്പെടുത്തിയ 'ഭഗവദ്ഗീത, സ്വാധ്യായം

www.malankaralibrary.com



എന്ന ഗ്രന്ഥത്തിൽനിന്നുമാണ്. ചില ശ്ലോകങ്ങളുടെ പരിഭാഷ, ററി. എൻ. കല്ലൻ 1976_ൽ പ്രസിദ്ധപ്പെടുത്തിയ "ഭാരതീയാഭിമുഖ്യം" എന്ന ഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ളതാണ്?

മുണ്ഡകം, ശ്വേതാശ്വതരം, ഈശാവാസ്യം, എന്നീ ഉപനിഷത്തുകളിൽ നിന്നുള്ള ഉദ്ധരണികൾ, ഫാദർ ഡോക്ടർ ജെ. കട്ടയ്ക്കൽ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥങ്ങളിൽനിന്നും എടുത്തിട്ടുള്ളതാണ്. ഇവർ എല്ലാവരോടുമുള്ള എന്റെ കടപ്പാടുകൾ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിനു് പ്രൗഢസുന്ദരമായ ഒരു അവതാരിക എഴുതിത്തന്നു് അനുഗ്രഹിച്ച, തിരുവനന്തപുരം മെത്രാപ്പോലീററൻ ആർച്ചുബിഷപ്പ്, നി. വ. ദി. മ. ശ്രീ. സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയോടു് എനിക്കുള്ള ഹൃദയംഗമമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. ചിന്തോദ്ദീപകമായ ഒരു ആശംസ എഴുതിത്തന്നു് സഹായിച്ച തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ, നി. വ. ദി. ശ്രീ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയോടും ഞാൻ അതീവ കടപ്പെട്ടവനാണ്.

ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിന്റെ കൈയ്യെഴുത്ത് പ്രതി വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കി സഹായിച്ച തിരുവനന്തപുരം, മലങ്കര മേജർ സെമിനരി പ്രൊഫസർ റവ. ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി M.A., D.D. അവർകളോടും ഈ ഗ്രന്ഥത്തിന്റെ മുഴുവൻ കൈയ്യെഴുത്തു പ്രതിയും വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കി സഹായിച്ച, പല മേജർ സെമിനരികളിലും വിസിററിംഗ് പ്രൊഫസറായ റവ. ഫാ. ഡോ. ജേക്കബ് കട്ടയ്ക്കൽ അവർകളോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച, നെടുമങ്ങാട് ബഥനി പ്രസ്സിന്റെ അധികാരികളോടും സഹപ്രവർത്തകരോടും ഉള്ള കടപ്പാടും നന്ദിപൂർവ്വം സ്മരിക്കുന്നു.

മലങ്കര സെമിനരി,
നാലാഞ്ചിറ,
8_9_1999.

ഫാ. ഇടിക്കുള പാണ്ടിയത്ത്

www.malankaralibrary.com

# വിഷയസൂചിക

അവതാരിക

ആശംസ

ആമുഖം

ചുരുക്കെഴുത്ത്

## ഒന്നാം ഭാഗം—ഹിന്ദുമത ദർശനങ്ങൾ

അദ്ധ്യായം I ഹിന്ദുമതഗ്രന്ഥങ്ങൾ പുറം 1. ശ്രുതി പു 1. ബ്രാഹ്മണങ്ങൾ പു. 2. ആരണ്യകങ്ങൾ 2. ഉപനിഷത്തുകൾ 2. ശ്രുതിയിൽ പെടുന്നവ 3. സ്മൃതി 4. വിവിധ കാലഘട്ടങ്ങൾ 5. വ്യാഖ്യാനങ്ങൾ 5.

അദ്ധ്യായം II വേദങ്ങൾ 8. ഋഗ്വേദം 11. ഋഗ്വേദത്തിൽനിന്നും ഉദ്ധരണികൾ 12. വേദത്തെപ്പററി വിലയിരുത്തൽ 18. വേദം ആർക്കെല്ലാം പഠിക്കാം 21.

അദ്ധ്യായം III ഉപനിഷത്തുകൾ 23. ഉപനിഷത്ത് ഉദ്ധരണികൾ 24.

അദ്ധ്യായം IV ഷഡ്ദർശനങ്ങൾ 30. ന്യായം 30. വൈശേഷികം 31. സാംഖ്യ 31. പൂർവ്വമീമാംസ 34. ഉത്തരമീമാംസ 36. അദ്വൈതം 37. മായാവാദം 40. വിശിഷ്ടാദ്വൈതം 43. വടകലൈ, തെങ്കലൈ 44. ദ്വൈതം 45. മുക്തി, മോക്ഷം 47.

അദ്ധ്യായം V സൃഷ്ടി 48.

അദ്ധ്യായം VI ഭഗവദ്ഗീത 56. പശ്ചാത്താപം 56. ഗീതയിൽനിന്നും ഉദ്ധരണികൾ 59.

അദ്ധ്യായം VII ദൈവവും ദേവന്മാരും 64. ത്രിമൂർത്തികൾ 66 ശിവരാത്രി 66. സാവിത്രി ബ്രഹ്മാവിനെ ശപിക്കുന്നു 66.

അദ്ധ്യായം VIII ദശാവതാരങ്ങൾ 69—71. ശ്രീകൃഷ്ണന്റെ അന്ത്യം 72.

അദ്ധ്യായം IX പാപം, പാപശാന്തി, മരണാനന്തര ജീവിതം 75, 76. പാപം ഉപനിഷത്തുകളിൽ 77. പാപം ഗീതയിൽ 78. പാപത്തിൽ നിന്നും മുക്തി 80. മരണാനന്തര ജീവിതം 81. പുനർജ്ജന്മം 85. മോക്ഷം 85. ചില സദുപദേശങ്ങൾ 91.

## രണ്ടാം ഭാഗം—ക്രിസ്തുമത ദർശനങ്ങൾ

അദ്ധ്യായം I ബൈബിൾ 94. ബൈബിൾ ദൈവനിവേശിതം 95. ഭാഷ 95. കാനൻ 96. വ്യാഖ്യാനം 96. തരം തിരിക്കൽ 97—98. ഉള്ളടക്കം ചുരുക്കത്തിൽ 99. വചനത്തിന്റെ ശക്തി 100.

www.malankaralibrary.com


അദ്ധ്യായം II സൃഷ്ടി 101. മനുഷ്യനെ സൃഷ്ടിക്കുന്നു 102. മാലാഖമാർ 105. പിശാചുക്കൾ 106.

അദ്ധ്യായം III ദൈവം-ആയിരിക്കുന്നവൻ 108, ദൈവം കർത്താവാണ് 109. അനാദ്യന്തനാണ് 109. ഏകനാണ് 110. മാററമില്ലാത്തവൻ 110. സൃഷ്ടാവ് 110. അരൂപി 111. സർവ്വജ്ഞൻ, സർവ്വശക്തൻ 111. സർവ്വാതീതൻ, അന്തര്യാമി 111. സർവ്വവ്യാപി 112. കരുണാമയൻ 113. ത്രിത്വം 113.

അദ്ധ്യായം IV മനുഷ്യന്റെ പതനവും, രക്ഷാകര പദ്ധതിയും 118—119. അബ്രഹാമിന്റെ ചരിത്രം 120—123. ഇസഹാക്ക് 123. ഏശാവും, യാക്കോബും 125—126. ജോസഫിന്റെ സഹോദരന്മാർ ഈജിപ്തിൽ 129. ഇസ്രായേൽക്കാർ പീഢിപ്പിക്കപ്പെടുന്നു 130. മോശ 130. ആദ്യത്തെ പെസഹ 132. ചെങ്കടൽ കടക്കുന്നു 133. മന്നായും കാടപ്പക്ഷിയും 134.

അദ്ധ്യായം V ദൈവം പ്രത്യക്ഷപ്പെടുന്നു 135. പത്തു പ്രമാണങ്ങൾ 137. ഉടമ്പടി 137. കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുന്നു 139. വീണ്ടും ഉടമ്പടി പത്രിക 140. പാറയിൽനിന്നു ജലം 140. പിച്ചള സർപ്പം 141. ജോഷ്വാ 141. ന്യായാധിപന്മാർ 143. ഇസ്രായേൽ രാജഭരണത്തിൽ 144. ശലോമോൻ 145. രാജ്യം വിഭജിക്കപ്പെടുന്നു 146. പ്രവാസികൾ തിരിച്ചു വരുന്നു 149. മിശിഹായെപ്പററി പ്രവചനങ്ങൾ 149.

അദ്ധ്യായം VI പുതിയനിയമം. സ്നാപകയോഹന്നാൻ 151. രക്ഷകന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ് 152. യേശുവിന്റെ ജനനം 153. ആട്ടിടയർക്ക് ലഭിച്ച സന്ദേശം 154. പരിഛേദനവും സമർപ്പണവും 154. ജ്ഞാനികളുടെ സന്ദർശനം 155. ഈജിപ്തിലേക്കുള്ള പ്രയാണം 156. നസ്രത്തിലേക്കുള്ള പ്രത്യാഗമനം 156. മനുഷ്യാവതാരത്തിന്റെ ആവശ്യം-ഉത്ഭവ പാപം 158. മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം 159.

അദ്ധ്യായം VII യേശുക്രിസ്തുവിന്റെ പരസ്യജീവിതം 162. സ്നാപക യോഹന്നാൻ 162. യേശുവിന്റെ ജ്ഞാനസ്നാനം 163. യോഹന്നാന്റെ സാക്ഷ്യം 164. യോഹന്നാന്റെ ഗളഛേദം 165. യേശുവിന്റെ ശിഷ്യന്മാർ 166. ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നു 166. യേശുവിന്റെഅത്ഭുതങ്ങൾ 167-172. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ 173. യേശുവും സമരിയാക്കാരിയും 174. പാപിനിക്കു മോചനം 176.

അദ്ധ്യായം VIII യേശുവിന്റെ പ്രബോധനങ്ങൾ. ദൈവസ്നേഹം 177—179. പരസ്നേഹം 180. ഗിരിപ്രഭാഷണം—അഷ്ടഭാഗ്യങ്ങൾ 183. പ്രതികാരം ചെയ്യരുത് 190. പ്രാർത്ഥന 191. യേശു പഠിപ്പിച്ച പ്രാർത്ഥന 192—196. പ്രാർത്ഥനയുടെ ശക്തി 197. പ്രാർത്ഥനയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ 198—202. ദൈവപരിപാലന 202. രണ്ടു വഴികൾ 204—206. വിതക്കാരന്റെ ഉപമ 208. പത്തു കന്യകകളുടെ ഉപമ 207.

www.malankaralibrary.com




അദ്ധ്യായം IX സഭാസ്ഥാപനം 209. സഭയെ അനുസരിക്കണം 209. പാപങ്ങൾ ക്ഷമിക്കുന്നതിനുള്ള അധികാരം 210. പത്രോസ് ശ്ലീഹന്മാരുടെ തലവൻ 211. സഭയുടെ അംഗത്വം 213.

അദ്ധ്യായം X എതിർപ്പുകൾ, അന്ത്യദിനങ്ങൾ 215. പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള പ്രവചനങ്ങൾ 217. അന്ത്യ ദിനങ്ങൾ—ജൈത്രയാത്ര 218. യറുശലേമിനെ നോക്കി വിലപിക്കുന്നു 220. ദേവാലയ ശുദ്ധീകരണം 220. യേശു രാജാവ് 221. ലോകാവസാനം 222. യേശുവിന്റെ രണ്ടാമത്തെ വരവ് 223. തനതു വിധി 224. പൊതുവിധി 225. പെസഹാ ബലി 226—227. ഉടമ്പടി 228. യൂദാസിന്റെ വഞ്ചനയെക്കുറിച്ച് മുന്നറിയിപ്പ് 229. പുതിയ കല്പന 230. പത്രോസ് ഗുരുവിനെ നിഷേധിക്കും 230. ഗത്സമേനിൽ പ്രാർത്ഥിക്കുന്നു 230. യൂദാസ് യേശുവിനെ ഒററിക്കൊടുക്കുന്നു 231. യേശു ന്യായാധിപ സംഘത്തിന്റെ മുൻപാകെ 232. പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു 232. യൂദാസിന്റെ അന്ത്യം 233. യേശു പീലാത്തോസിന്റെ മുമ്പിൽ 233. യേശുവിനെ കുരിശിൽ തറയ്ക്കുന്നു 234. യേശുവിന്റെ മരണം 234. യേശുവിനെ സംസ്കരിക്കുന്നു 235. കല്ലറയ്ക്ക് കാവൽ 235. യേശുവിന്റെ ഉത്ഥാനം 236. ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു 237. തോമസ്സിന്റെ സംശയം 237. യേശു ഏഴു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു 237. യേശുവിന്റെ സ്വർഗ്ഗാരോഹണം 238. യൂദാസിനു പകരം മത്തിയാസ് 238.

അദ്ധ്യായം XI സഭാ പ്രവർത്തനം ആരംഭിക്കുന്നു. പെന്തിക്കൊസ്തി 239. പത്രോസിന്റെ പ്രസംഗം 241. ആദ്യ ക്രൈസ്തവ സമൂഹം 242. പത്രോസ് മുടന്തനെ സുഖപ്പെടുത്തുന്നു 242. വിശ്വാസികൾക്കെതിരെ പീഡനം 243. ശൗലിന്റെ മാനസാന്തരം 243—244.

അദ്ധ്യായം XII കുരിശിലെ യാഗത്തിലൂടെയുള്ള രക്ഷ 247. യേശു കുരിശിൽ മരിച്ചതു് സ്വമനസ്സാലെ 249.

അദ്ധ്യായം XIII ക്രിസ്തീയ ജീവിതം 253.

അദ്ധ്യായം XIV മരണാനന്തര ജീവിതം. മരിച്ചവർ ഉത്ഥാനം ചെയ്യും 259. പ്രപഞ്ചത്തിന്റെ ഉത്ഥാരണം 262. അവസാന വിധി 263. സ്വർഗ്ഗത്തിൽ നീതിമാന്മാരുടെ അവസ്ഥ 265. ദൈവദർശനം 265.

അദ്ധ്യയം XV താരതമ്യപഠനം 267. ഈശ്വരവിശ്വാസം 267. ഏകദൈവം 269. ത്രിമൂർത്തികൾ 271. ത്രിയേകദൈവം 272. ദൈവം സ്വയംഭൂ 273. മനുഷ്യൻ ആര്? 274. മനുഷ്യൻ ക്രിസ്തുമതത്തിൽ 275. ആത്മാവിന്റെ വില 276. അവതാരങ്ങൾ 277. മോക്ഷം 278. മോക്ഷമാർഗ്ഗം 279. കർമ്മമാർഗ്ഗം 280. ഭക്തിമാർഗ്ഗം 281. ജ്ഞാനമാർഗ്ഗം 283 മോക്ഷം ക്രിസ്തുമതപ്രകാരം 286. ഇന്ദ്രിയനിയന്ത്രണം 287. ദൈവാനുഗ്രഹത്തിന്റെ ആവശ്യം 289. മരണാനന്തര ജീവിതം 290. ദൈവദർശനം 290. പ്രജാപതി യാഗവും കുരിശിലെ യാഗവും 292. ചാതുർവർണ്ണ്യം 294. ചില പരിഷ്കർത്താക്കൾ 296. ഉപസംഹാരം 296.

ഗ്രന്ഥസൂചിക പുറം 303

www.malankaralibrary.com

# ചുരുക്കെഴുത്ത്

| | | |
|---|---|---|
| അപ്പ. പ്ര. | — | അപ്പസ്തോല പ്രവൃത്തികൾ. |
| ഈശാ. ഉ. | — | ഈശാവാസ്യ ഉപനിഷത്ത്. |
| ഉൽ. | — | ഉൽപത്തിപുസ്തകം. |
| ഋക്. | — | ഋഗ്വേദം. |
| എഫേ. | — | എഫേസ്യാക്കാർക്കെഴുതിയ ലേഖനം. |
| എബ്രാ (ഹെബ്രാ) | — | എബ്രായക്കാർക്കെഴുതിയ ലേഖനം. |
| ഐതര. ഉ. | — | ഐതരേയോപനിഷത്ത്. |
| കഠോ. ഉ. | — | കഠോപനിഷത്ത്. |
| കൊളോ. | — | കൊളോസോസുകാർക്കെഴുതിയ ലേഖനം. |
| കൊറി. | — | കൊറീന്ത്യക്കാർക്കെഴുതിയ ലേഖനം. |
| ഗലാ. | — | ഗലാത്തിയാക്കാർക്കെഴുതിയ ലേഖനം |
| ഛാന്ദോ. ഉ. | — | ഛാന്ദോഗ്യ ഉപനിഷത്ത്. |
| ജെറ. | — | ജെറമിയാ. |
| തിമോ. | — | തിമോത്തിയോസിനെഴുതിയ ലേഖനം. |
| തെസ. | — | തെസലോനിയാക്കാർക്കെഴുതിയലേഖനം. |
| തൈത്തി. ഉ. | — | തൈത്തിരീയോപനിഷത്ത്. |
| ദാനി. | — | ദാനിയേൽ. |
| നിയമാ. | — | നിയമാവർത്തനം. |
| പത്രോ. | — | വി. പത്രോസ് എഴുതിയ ലേഖനം. |
| പുറ. | — | പുറപ്പാട് പുസ്തകം. |
| പ്രഭാ. | — | പ്രഭാഷകൻ. |
| പ്രശ്ന. ഉ. | — | പ്രശ്നോപനിഷത്ത്. |
| ഫിലിപ്പി. | — | ഫിലിപ്പിയാക്കാർക്കെഴുതിയ ലേഖനം. |
| ബൃഹ. ഉ. | — | ബൃഹദാരണ്യകോപനിഷത്ത്. |
| മ. | — | മണ്ഡലം. |
| മത്താ. | — | വി. മത്തായി എഴുതിയ സുവിശേഷം. |
| മാർക്കോ. | — | വി. മാർക്കോസ് എഴുതിയ സുവിശേഷം. |
| മുണ്ഡകം. | — | മുണ്ഡകോപനിഷത്ത്. |
| യോഹ. | — | വി. യോഹന്നാൻ എഴുതിയ സുവിശേഷം. |
| 1 യോഹ. | — | വി. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം. |
| 1 രാജാ. | — | രാജാക്കന്മാരുടെ ഒന്നാം പുസ്തകം. |
| വി. | — | വിശുദ്ധ. |
| ശമു. | — | ശമുവേൽ. |
| ശ്വേതാശ്വ. ഉ. | — | ശ്വേതാശ്വതര ഉപനിഷത്ത്. |
| സങ്കീ. | — | സങ്കീർത്തനം. |
| സൂ. | — | സൂക്തം. |
| റോമാ. | — | റോമാക്കാർക്കെഴുതിയ ലേഖനം. |

www.malankaralibrary.com

# ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ

## ഒന്നാം ഭാഗം

# ഹിന്ദുമത ദർശനങ്ങൾ

## അധ്യായം I

### ഹിന്ദുമത ഗ്രന്ഥങ്ങൾ

ഹിന്ദുമത ഗ്രന്ഥങ്ങളെ ശ്രുതി എന്നും സ്മൃതി എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു.

### ശ്രുതി

ശ്രവിക്കപ്പെട്ടതാണ് ശ്രുതി. ധ്യാനനിരതരായിരുന്ന മഹർഷിമാർ ശ്രവിച്ച ശബ്ദമാണത് എന്നു പറയപ്പെടുന്നു. അവ നിത്യസത്യങ്ങളായും അപൗരുഷേയങ്ങളായും പ്രമാദരഹിതങ്ങളായും കരുതപ്പെടുന്നു. അപൗരുഷേയമെന്നു പറഞ്ഞാൽ, ദൈവികമോ മാനുഷികമോ ആയ ഒരു പുരുഷൻ അഥവാ ആരും അല്ല അതിന്റെ കർത്താവ് എന്നാണ്. വേദം ശബ്ദബ്രഹ്മമെന്നു പറയപ്പെടുന്നു. മതസംബന്ധമായ എല്ലാ കാര്യങ്ങൾക്കും ശ്രുതി അടിസ്ഥാനപ്രമാണമായി കരുതപ്പെടുന്നു.

### ശ്രുതിയിൽപ്പെടുന്നവ

ഋക്, യജുസ്സ്, സാമം, അഥർവ്വം എന്നീ നാലു വേദങ്ങളും അവയുമായി ബന്ധപ്പെട്ട ബ്രാഹ്മണങ്ങളും, ആരണ്യകങ്ങളും, ഉപനിഷത്തുകളുമാണ് സാധാരണയായി ശ്രുതി എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

ബ്രഹ്മാവിന്റെ നാലു മുഖങ്ങളിൽനിന്നു് നാലു വേദങ്ങളും ഉണ്ടായി എന്നും, സാമവേദത്തെ ബ്രഹ്മാവുതന്നെ ജൈമിനി മഹർഷിക്ക് ആദ്യം ഉപദേശിച്ചുകൊടുത്തു എന്നും ആണ് പുരാണങ്ങളിൽ കാണുന്നത്.

www.malankaralibrary.com



ബ്രാഹ്മണങ്ങളും, ആരണ്യകങ്ങളും, ഉപനിഷത്തുക്കളും വേദ 'സംഹിത'യിൽ അന്തർഭവിച്ചിട്ടുള്ള സംഗതികളുടെ വിശദീകരണമോ വിപുലീകരണമോ ആണ്.

ശ്രുതിക്കു തന്നെ രണ്ടു വിഭാഗമുണ്ട്: കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും. മന്ത്രങ്ങളുടെ കർമ്മപരമായ അർത്ഥത്തെ ബ്രാഹ്മണങ്ങളും, ജ്ഞാനപരമായ അർത്ഥത്തെ ഉപനിഷത്തുക്കളും, ഉൾക്കൊള്ളുന്നു.

**മന്ത്രം** (സംഹിത):— "മന്ത്രോ മനനാത്", എന്നാണ് തിരുക്തവാക്യം. മനനത്തിനു് പ്രയോജനകരമായിത്തീരുന്നതെന്തോ, അതു് മന്ത്രം. പതുക്കെ ചൊല്ലുന്നതു് (മന്ത്രിക്കുന്നതു്) മന്ത്രം എന്നും അർത്ഥമുണ്ട്.

**ബ്രാഹ്മണങ്ങൾ:—** യജ്ഞങ്ങൾ, യാഗങ്ങൾ മുതലായ കർമ്മങ്ങൾ നടത്തുന്നതിനുള്ള നിയമങ്ങളും അവയുടെ വിശദീകരണങ്ങളുമാണ്. നിയമങ്ങളെ വിധിയെന്നും, അവയുടെ വിശദീകരണങ്ങളെ അർത്ഥവാദമെന്നും പറയുന്നു.

**ആരണ്യകങ്ങൾ:—** യാഗങ്ങൾ മുതലായ കർമ്മങ്ങളുടെ ആന്തരികവും പ്രതീകാത്മകവുമായ അർത്ഥത്തെ വിശദീകരിക്കുന്നു. വാനപ്രസ്ഥനായി വനത്തിൽ പോകുമ്പോൾ യജ്ഞസാമഗ്രികൾ ഇല്ലാത്തതുകൊണ്ടു് ധ്യാനിക്കാൻ സഹായിക്കുന്നതിനാണ് ആരണ്യകങ്ങൾ.

## ഉപനിഷത്തുകൾ

ഉപനിഷത്തു് (ഉപ + നി + സദ് = അടുത്തുവസിക്കൽ) എന്നതിനു് വിജ്ഞാനം എന്നു് അർത്ഥം പറയുന്നു. ഗുരുവിന്റെ സമീപത്തിരുന്നു് ഗുരു പറഞ്ഞുകൊടുക്കുന്ന വിജ്ഞാനത്തെ, ശിഷ്യൻ ശ്രദ്ധാപൂർവ്വം കേട്ടു് പഠിക്കുന്നതിനെ ഉപനിഷത്തു് എന്നു് പറയാറുണ്ട്.

ഓരോ വേദത്തിനും അനുബന്ധമായി പല ഉപനിഷത്തുകൾ ഉണ്ടായിട്ടുണ്ട്.

1. ഋക് വേദത്തോടു് ബന്ധപ്പെട്ടു്, ഐതരേയം, കൗഷീതകീ എന്നീ ഉപനിഷത്തുകൾ പ്രത്യേകം എടുത്തുപറയത്തക്കവയാണ്.

2. യജുർവേദത്തോടു് ബന്ധപ്പെട്ടു്, തൈത്തിരീയം, മഹാനാരായണം, ശ്വേതാശ്വതരം, കഠം (കഠവല്ലീ), ഈശാ

www.malankaralibrary.com



വാസ്യം, ബൃഹദാരണ്യകം എന്നീ ഉപനിഷത്തുകൾ പ്രാധാന്യം അർഹിക്കുന്നു.

വൈശമ്പായനനും യാജ്ഞവല്ക്യനും തമ്മിലുള്ള അഭിപ്രായ വ്യത്യാസം കാരണം യജുർവേദം രണ്ടായി പിരിഞ്ഞു. വൈശമ്പായൻ കൃഷ്ണ യജുർവേദത്തിന്റെ പ്രയോക്താവായിരുന്നു. അതിൽനിന്ന് പിണങ്ങിമാറിയാണ് യാജ്ഞവല്ക്യൻ ശുക്ലയജുർവേദമുണ്ടാക്കിയത്.

മുകളിൽ പറഞ്ഞ ഈശാവാസ്യം, ബൃഹദാരണ്യകം എന്നീ ഉപനിഷത്തുകൾ ശുക്ലയജുർവേദവുമായി ബന്ധപ്പെട്ടവയാണ്.

3. സാമവേദത്തോട് ബന്ധപ്പെട്ടവയാണ് ഛാന്ദോഗ്യം, കേന, യോഗചൂഡാമണി എന്നീ ഉപനിഷത്തുകൾ.

4. അഥർവ്വവേദത്തോട്ട് ബന്ധപ്പെട്ടവയാണ്. പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം എന്നീ ഉപനിഷത്തുകൾ.

ദശോപനിഷത്തുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രധാനപ്പെട്ട (പത്ത്) ഉപനിഷത്തുകൾ താഴെ പറയുന്നവയാണ്. ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, തൈത്തിരീയം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവ.

## ശ്രുതിയിൽ ഏതെല്ലാം ഉൾപ്പെടുന്നു?

അതിനേപ്പററി ഏകാഭിപ്രായമില്ല. ഋക് വേദം 10—90—9-ൽ ഇപ്രകാരം കാണുന്നു. "സർവാത്മകനായ പുരുഷൻ ഹോമിക്കപ്പെട്ട ആ യജ്ഞത്തിൽ നിന്ന് ഋക്കുകളും സാമങ്ങളും ഉണ്ടായി". ആ യജ്ഞത്തിൽനിന്ന് ഗായത്ര്യാദികളായ ഛന്ദസ്സുകളുളവായി. അതിൽനിന്ന് യജുസ്സുമുല്പന്നമായി. ഇവിടെ അഥർവ്വവേദത്തെപ്പററി പറയുന്നില്ല.

മനു ||. 10-ൽ ശ്രുതിയെന്നു പറഞ്ഞാൽ വേദമെന്ന് അർത്ഥം പറഞ്ഞിരിക്കുന്നു. സംഹിത, ബ്രാഹ്മണം, ഉപനിഷത്ത് ഇങ്ങനെ മൂന്നു ഭാഗങ്ങളാണ് വേദത്തിനുള്ളത്.

ബൃഹദാരണ്യകോപനിഷത്ത് 2-ാം അദ്ധ്യായം 4-ാം ബ്രാഹ്മണം, 10-ാം മന്ത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം, ഇതിഹാസം, പുരാണം, വിദ്യകൾ, ഉപനിഷത്തുകൾ, മന്ത്രങ്ങൾ, സൂത്രങ്ങൾ, മന്ത്രവിവരണങ്ങൾ, വ്യാഖ്യാനങ്ങൾ ഇവയെല്ലാം ഇവന്റെതന്നെ നിശ്വസിതങ്ങളാകുന്നു".

www.malankaralibrary.com



അതായത് മേൽപറഞ്ഞവയ്ക്കെല്ലാം ഒരേ പ്രാമാണികത്വം കല്പിച്ചിരിക്കുന്നു.

ഋഗ്വേദഭാഷ്യം, വാല്യം 5-ന്റെ അവതാരികയിൽ ഡോ. സുകുമാർ അഴിക്കോട് ഇപ്രകാരം പറയുന്നു: "ദയാനന്ദൻ ബ്രാഹ്മണങ്ങളെ വേദഭാഗമായി അംഗീകരിക്കുന്നില്ല".

ബൃഹദാരണ്യകോപനിഷത്തിന്റെ വ്യാഖ്യാനം ഒന്നാം വാല്യം 28-ാം പുറത്ത്, സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "ഔപചാരികമായി വേദങ്ങളെയും ഉപനിഷത്തുക്കളെയും ഒന്നിച്ച് ചേർത്ത് "ശ്രുതി" എന്നു വിളിക്കുന്നുണ്ടെങ്കിലും ആ പേർ വാസ്തവത്തിൽ അർഹിക്കുന്നത്, ഉപനിഷത്ത് മന്ത്രങ്ങൾ മാത്രമാണ്.

വേദാന്തികൾ ബ്രാഹ്മണങ്ങളെ തള്ളിക്കളഞ്ഞിരിക്കയാണ്. മുണ്ഡ. ഉ. I-5-ൽ നാലു വേദങ്ങളും അപരാവിദ്യയാണെന്നാണ് പറഞ്ഞിരിക്കുന്നത്.

## സ്മൃതി

പരമ്പരാഗതമായി വാമൊഴിയായിട്ട് വന്നിട്ടുള്ളവയും പിന്നീട് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവയുമാണ് സ്മൃതി എന്ന വിഭാഗത്തിൽ പെടുന്നത്. അവ മനുഷ്യനിർമ്മിതങ്ങളാണ്. അവയ്ക്ക് ശ്രുതിയോടൊപ്പമുള്ള പ്രാമാണികത്വം കല്പിക്കുന്നില്ല. താഴെ പറയുന്നവ സ്മൃതിയിൽ ഉൾപ്പെടുന്നു.

1. ആറ് വേദാംഗങ്ങൾ

   i കൽപം:— വേദാചാരങ്ങളും, യാഗങ്ങളും സംബന്ധിച്ചുള്ള നിയമങ്ങൾ. ഈ നിയമങ്ങളെ ശ്രൗതസൂത്രങ്ങൾ എന്നു പറയുന്നു.

   ii ശിക്ഷ:— ഉച്ചാരണ നിയമങ്ങൾ (Phonetics)

   iii ഛന്ദസ്സ്:— പദ്യവൃത്തങ്ങൾ (Metre)

   iv നിരുക്തം:— ധാതുരൂപങ്ങളും (root) അർത്ഥവും. *(400 B. C. യിൽ ജീവിക്കുന്ന യാസ്കൻ ആണ് ഇതിന്റെ കർത്താവ്).*

   v വ്യാകരണം (പാണിനിയുടെ)

   iv ജ്യോതിഷം

www.malankaralibrary.com



2. സ്മാർത്ത സൂത്രങ്ങൾ:— വേദാചാരപരമല്ലാത്തവ.

3. ധർമ്മശാസ്ത്രങ്ങൾ:— പ്രത്യേകിച്ച് മനുവിൻെറ നിയമങ്ങൾ.

4. ഇതിഹാസങ്ങൾ അഥവാ മഹാകാവ്യങ്ങൾ രണ്ട്:— രാമായണവും മഹാഭാരതവും. ഭഗവദ്ഗീത മഹാഭാരതത്തിൻെറ ഭാഗമാണ്.

5. പതിനെട്ട് പുരാണങ്ങൾ

6. നീതിശാസ്ത്രം

## വിവിധ കാലഘട്ടങ്ങൾ

വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, ദർശനങ്ങൾ ഇങ്ങനെയാണ് ക്രമാനുഗതമായി വൈദിക സാഹിത്യത്തിൻെറ വികസനം ഉണ്ടായത്. സംസ്കൃതമാണ് വൈദികഗ്രന്ഥങ്ങളിലെ ഭാഷ. വേദങ്ങളിൽനിന്നും ദർശനങ്ങളിൽ എത്തുമ്പോഴേക്കും സംസ്കൃതഭാഷ പ്രാകൃതത്തിൽനിന്നും സംസ്കരിക്കപ്പെട്ട് വളരെയധികം വളർച്ച പ്രാപിച്ചുകഴിഞ്ഞു, വേദങ്ങളുടെ കാലം 1500–600 B. C. ആണെന്നു പറയാം. കർമ്മകാണ്ഡമായ ബ്രാഹ്മണങ്ങളോടുള്ള എതിർപ്പുമൂലമാണ് ആത്മാന്വേഷണപരമായ ഉപനിഷത്തുകളുടെ ഉത്ഭവം.

മദ്ധ്യ ഏഷ്യയിൽനിന്നും ഇൻഡ്യയിൽ കുടിയേറിപ്പാർത്ത ആര്യന്മാരുടെ ഭാഷയാണ് സംസ്കൃതം എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

## വ്യാഖ്യാനങ്ങൾ

ഹിന്ദുത്വം (Hinduism) ഒരു മതമോ?

ഹിന്ദുമതത്തിനു ഒരു സ്ഥാപകനോ വക്താവോ ഇല്ല. ആലുവാ മംഗളഭാരതി ആശ്രമം മഠാധിപതി, കുമാരസ്വാമികൾ, 1995 ഫെബ്രുവരിമാസം 21–ാം തീയതി ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിൽ ഇപ്രകാരം പറഞ്ഞു: "ഹിന്ദുമതം ഒരു സംഘടിത മതമല്ല. ആര്യദ്രാവിഡ സംസ്കാരത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നാനാ മതമാണിത്" (*ദീപിക ദിനപത്രം 22—2—1995*).

കുറിച്ചി ആത്മാശ്രമം മഠാധിപതി സ്വാമി ആത്മദാസ്, ചെറുകോൽപ്പുഴ ഹിന്ദുമതപരിഷത്തിൻെറ സമാപന സമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു: "ദൈവം മനുഷ്യനെയാണ് സൃഷ്ടിച്ചത്, മതത്തെയല്ല. മനുഷ്യസൃഷ്ടിയാണ് മതം"— (*മലയാള മനോരമ 27—2—1995*).

www.malankaralibrary.com



1996_ൽ ലോകസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയപാർട്ടി 'ഹിന്ദുത്വ'ത്തിന്റെ പേരിൽ വോട്ടു ചോദിച്ചപ്പോൾ, മതത്തിന്റെ പേരിൽ വോട്ടുചോദിക്കുന്നതു് തടയണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ചിലർ കോടതിയെ സമീപിച്ചു. കോടതി രണ്ടുകൂട്ടരുടെയും വാദം കേട്ടശേഷം, ഹിന്ദുത്വം ഒരു മതമല്ലെന്നും അതു് ഒരു സംസ്കാരമാണെന്നും പറഞ്ഞു പരാതി തള്ളിക്കളഞ്ഞതായി പത്രങ്ങളിൽ വായിക്കുകയുണ്ടായി.

'വേദാർത്ഥവിചാരം' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ശ്രീ. എൽ. എ. രവിവർമ്മ ഇപ്രകാരം പറയുന്നു: "വേദത്തിനു് വ്യാഖ്യാനങ്ങൾ വളരെ കുറവാണു്. സുപ്രസിദ്ധമായിട്ടുള്ളതു് സായണന്റേതു മാത്രമേ ഉള്ളു എന്നുതന്നെ പറയാം....നവീന വ്യാഖ്യാതാക്കളുടെ കൂട്ടത്തിൽ ദയാനന്ദസരസ്വതിയും അരവിന്ദഘോഷുമാണുള്ളതു്. രണ്ടുപേരുടെയും ഗതി രണ്ടുതരത്തിലാണു്........കൂട്ടത്തിലേക്കു് പഴമയേറിയതും അതിനാൽതന്നെ പ്രാമാണികവുമായ യാസ്കവചനങ്ങളിൽനിന്നും സംഹിതയിലെ മന്ത്രങ്ങൾക്കു് കർത്തവ്യാ കർത്തവ്യപരമായ പാഠങ്ങൾ *(അർത്ഥാത് ധർമ്മകാര്യങ്ങൾ — വിശേഷിച്ചും യജുസ്സിൽ)* ആധ്യാത്മിക കാര്യങ്ങൾ *(വിശേഷിച്ചും ഋക്കിൽ)* എന്ന മൂന്നും പ്രമാണിച്ചുള്ള അർത്ഥമുണ്ടെന്നു വ്യക്തമായിട്ടറിയാം...........ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും സംഹിതയിൽ അന്തർഭവിച്ചിട്ടുള്ള സംഗതികളുടെ വിശദീകരണമോ വിപുലീകരണമോ ആണെന്നു് പ്രാചീനമായിട്ടുതന്നെ അഭിപ്രായമുണ്ടു്........വിവിധാർത്ഥങ്ങളെ നിഷ്കർഷിച്ചെടുക്കേണ്ടതു് പദങ്ങളുടെ മൂലാർത്ഥം *(യോഗാർത്ഥം)* വഴിക്കാണു്. ഒരു വാക്കിനു് ആദിയിൽ ഉണ്ടായിരുന്ന അർത്ഥം അല്പാല്പമായി മാറി ഒടുവിൽ മൂലാർത്ഥത്തിനു് വിപരീതമായ ഒരർത്ഥത്തിൽ കലാശിച്ചു എന്നു വരാം. ഉദാഹരണമായി 'അസുര' ശബ്ദത്തിനു ക്രമേണ ചീത്ത അർത്ഥം വന്നു ചേർന്നുവെങ്കിലും വേദഭാഷയിൽ 'സുര', 'അസുര' ശബ്ദങ്ങൾ പര്യായങ്ങളാണു്. അതിനാൽ വേദമെന്നു വേണ്ടാ, പ്രാചീന ഗ്രന്ഥങ്ങൾ പാഠം ചെയ്യുമ്പോൾ പദങ്ങൾക്കു്—വിശേഷിച്ചും സംജ്ഞാനാമങ്ങൾക്കു്—മൂലാർത്ഥം തന്നെ എടുത്താലേ ഗ്രന്ഥകാരനുദ്ദേശിച്ച അർത്ഥം കിട്ടുമെന്നു് നല്ലവണ്ണം മനസ്സിലാക്കണം".

A. D. 14_ാം നൂറ്റാണ്ടിലാണു് സായണൻ ജീവിച്ചിരുന്നതു്.

www.malankaralibrary.com


'വേദാർത്ഥവിചാരം' എന്ന ഗ്രന്ഥം, 11-ാം പുറത്തു് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "സകല ശബ്ദങ്ങളും ധാതുജങ്ങളാണ്. ചിലപ്പോരം ഒരു ശബ്ദം തന്നെ അനേക ധാതുക്കളിൽ നിന്നുണ്ടായതായും വരും. ഒരു ശബ്ദത്തിനു് ഒരു കാലത്തു് ഒരർത്ഥം; കാലാന്തരത്തിൽ മറെറാരർത്ഥം, ഇങ്ങനെ സംഭവിക്കുന്നതു് സാധാരണമാണ്........ധാത്വർത്ഥത്തെ നോക്കി ഒരു ശബ്ദത്തിനു തന്നെ പല അർത്ഥങ്ങളെയും കല്പിക്കാമെന്നു് ഈ പറഞ്ഞതിൽ നിന്നു് വന്നുചേരുന്നു. ഉപാസകൻെറ ഇഛയനുസരിച്ച് വൈദിക ശബ്ദങ്ങരംക്കു് ഇഷ്ടംപോലെ അത്ഥം കല്പിക്കാമെന്നു് നിരുക്തഭാഷ്യത്തിലും കാണുന്നു".

വീണ്ടും ടി ഗ്രന്ഥം 25-ാം പുറത്തു് ഇപ്രകാരം കാണുന്നു. "നിരുക്ത ഭാഷ്യത്തിൽ ദുർഗ്ഗാചാര്യർ ഇങ്ങനെ പറയുന്നു: ഒരു വാക്യത്തിൽനിന്നു ശരിയായ ബോധമുണ്ടാകണമെങ്കിൽ വക്താവിൻെറ വിവക്ഷ അല്ലെങ്കിൽ താല്പര്യം എന്താണെന്നു് ശ്രോതാവിനു് ഉണ്ടാകണം. വേദത്തിനു വക്താവില്ല. അതിനാൽ ഉപാസകൻെറ ഇച്ഛ തന്നെയാണു് താല്പര്യജ്ഞാനത്തിൻെറ സ്ഥാനത്തു് മന്ത്രാത്ഥ ബോധത്തെക്കുറിച്ച് കാരണമായിത്തീരുന്നതു്."

'വേദാർത്ഥ വിചാരം' എന്ന ഗ്രന്ഥം, 192-ാം പുറത്തു് ഇപ്രകാരം കാണുന്നു:

"തർക്കോ /പ്രതിഷ്ഠഃ ശ്രുതയോ വിഭിന്നാഃ
നൈകഋഷീഃ യസ്യമതം പ്രമാണം.
ധർമ്മസ്യ തത്വം നിഹിതം ഗുഹായാം
മഹാജനോ യേന ഗതഃ സപന്ഥാഃ/ (മഹാഭാരതം)

വെറും വാദംകൊണ്ടു് ധർമ്മതത്വം കാണുകയില്ല. വേദങ്ങരംപോലും വിഭിന്നാഭിപ്രായങ്ങളെ പ്രകടിപ്പിക്കുന്നു. എല്ലാവരാലും സ്വീകരിക്കപ്പെട്ട പ്രമാണത്തെ പ്രവചിക്കുന്ന ഒരു ഋഷിയുമില്ല. ധർമ്മത്തിൻെറ മൂലതത്വം അപ്രത്യക്ഷാവസ്ഥയിൽ സ്ഥിതിചെയ്യുന്നു; മഹാജനങ്ങരം പോകുന്ന വഴിക്കു് പോവുകയാണു് നല്ലതു്.

വേദത്തിനു് വാച്യാർത്ഥം കൂടാതെ ആദ്ധ്യാത്മികമായ നിഗൂഢാത്ഥവുമുണ്ടു്. എങ്കിൽ ശ്രീ. സായണാചാര്യർ എന്തേ അതെടുത്തു കാട്ടാത്തതു്? അതിനു് ഋഗ്വേദം ഭാഷാഭാഷ്യം, ഒന്നാം വാല്യത്തിൻെറ ആമുഖത്തിൽ (പുറം 24-ൽ) ശ്രീ. ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാടു് ഇപ്രകാരം മറുപടി പറയുന്നു: നിഗൂഢാർത്ഥം പറയാൻ പുറപ്പെട്ടാൽ ബുദ്ധിയും യുക്തിയുമനുസരിച്ച് ഓരോരുത്തർ പറയുന്നതു് ഓരോവിധമാകാനിടയുണ്ടു്''.

www.malankaralibrary.com



# അധ്യായം II

## വേദങ്ങൾ

'വിദ്' എന്ന ധാതുവിൽനിന്നാണ് വേദം എന്ന പദത്തിന്റെ ഉദ്ഭവം. അതിന്റെ അർത്ഥം, അറിവ് എന്നാണ്. വേദത്തിനു കൊടുത്തിരിക്കുന്ന നിർവചനം 'വേദോവേദവിതവ്യംഗം' എന്നാണ്. അതായത് വേദം സത്യത്തെ സ്പഷ്ടമായി പറയുന്നു; വ്യംഗിപ്പിക്കുന്നില്ല, എന്നാണ്. വേദിപ്പിക്കുകയാണ് (അറിയിക്കുക) വേദത്തിന്റെ ഉദ്ദേശം.

വേദങ്ങൾ നാലാണ്:— ഋക്, യജുർ, സാമം, അഥർവ്വം. 1956-ൽ പ്രസിദ്ധപ്പെടുത്തിയ 'വേദാർത്ഥ വിചാരം' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ഡോക്ടർ L. A. രവിവർമ്മ ഇപ്രകാരം പറയുന്നു. "വേദസംഹിത നാലു വ്യക്ത വിഭാഗങ്ങളായിട്ടാണിരിക്കുന്നത്. ആദിയിൽ വേദം ഒന്നായിട്ടാണിരുന്നതെന്നും അതിനെ പ്രയോഗ സൗകര്യത്തിനായി കൃഷ്ണദ്വൈപായനൻ വിഭജനം ചെയ്തതാണ് നാലായിക്കാണുന്ന വിഭാഗങ്ങൾ എന്നുമുള്ള പഴമയെ എല്ലാവരും അനുകൂലിക്കുന്നു. എന്നാൽ ഒരു വിഭാഗത്തിലെ മന്ത്രങ്ങളിൽ ചിലതോ പലതോ മററു വിഭാഗങ്ങളിലും കാണും. സാമവിഭാഗത്തിൽ 75 ശ്ലോകങ്ങളൊഴിച്ച് ശേഷമെല്ലാം ഋഗ്വി ഭാഗത്തിലുള്ളവയാണ്. ഒരേ മന്ത്രത്തെത്തന്നെ ഗദ്യത്തിൽ പറയുമ്പോൾ ഋക് ആയിരിക്കുന്നു. ഛന്ദസ്സായി ഗാനം ചെയ്യുമ്പോൾ അതുതന്നെ സാമമാകുന്നു. സാമവേദത്തിലെ കൂടുതൽ ശ്ലോകങ്ങളും ഋഗ്വേദത്തിലെ 9-ാം മണ്ഡലത്തിൽ നിന്നും എടുത്തിട്ടുള്ളവയാണ്. അവ, 'സോമ' എന്ന വള്ളിചെടിയെ (ലത) പുകഴ്ത്തിക്കൊണ്ടുള്ളവയാണ്.

'ഋഗ്വേദം ഭാഷാ ഭാഷ്യം' ഒന്നാം വാല്യത്തിന്റെ അവതാരികയിൽ ഡോക്ടർ കെ. കുഞ്ചുണ്ണി രാജാ ഇപ്രകാരം പറയുന്നു: "ഓരോ കവിഗോത്രങ്ങളിൽ പരമ്പരയായി സൂക്ഷിച്ചു പോന്നിരുന്നവയും യജ്ഞകർമ്മങ്ങൾക്കും സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങൾക്കും ഉപയോഗിച്ചു വന്നിരുന്നവയുമായ പ്രധാനപ്പെട്ട സൂക്തങ്ങൾ സമാഹരിച്ച് തരംതിരിച്ചടുക്കി

www.malankaralibrary.com



യൊതുക്കി വച്ചിട്ടുള്ളതാണ് വേദസംഹിതകൾ. വേദവ്യാസനാണ് ഇങ്ങനെ തരംതിരിച്ചതെന്ന് ഐതിഹ്യവേദികൾ പറയുന്നു.

പതിനാലാം നൂററാണ്ടിൽ വിജയനഗർ ചക്രവർത്തിയായിരുന്ന ബുക്കൻെറ സചിവ പുംഗവനായ സായണനാണ് നാലു വേദങ്ങൾക്കും സമ്പൂർണ്ണ ഭാഷ്യങ്ങൾ നിർമ്മിച്ചത്.

'വേദാർത്ഥ വിചാരം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "രണ്ടു വിധത്തിലുള്ള പ്രസ്ഥാനം പണ്ടുകാലത്ത് തന്നെയുണ്ട്. ഏകത്വം വഴിക്കും ദ്വിത്വം വഴിക്കുമാണവ. അഥർവ്വണവേദംവഴിക്കുള്ളത് ഏകത്വത്തിലൂടെയും മററു മൂന്നു വേദങ്ങൾ വഴിക്കുള്ളത് ത്രിത്വത്തിലൂടെയും പോകുന്നു.

അഥർവ്വണവേദപ്രകാരമുള്ള യാഗാദിക്രിയകളിലെല്ലാം ഒരേ അഗ്നിയേ ഉണ്ടാവുകയുള്ളു. മററേ പ്രസ്ഥാനത്തിലെ സ്ഥിതി ഇതല്ല. ക്രിയകളിലെല്ലാം മൂന്നു അഗ്നികൾ ഉണ്ടാകുന്നു. ഏതു ക്രിയകളിലും മൂന്നു വേദങ്ങളുടെയും അപേക്ഷയുണ്ട്. ത്രിത്വത്തെ മുൻനിർത്തിയുള്ള മാർഗ്ഗത്തിൽ മൂന്നു യോഗങ്ങൾക്കും പ്രസക്തിയുണ്ട്.

"ഋച സ്തുതൌ" സ്തുതിക്കുന്നു എന്നർത്ഥമായ 'ഋച' എന്ന ധാതുവിൽ നിന്നാണ് ഋക് ശബ്ദമുണ്ടായിട്ടുള്ളത്. യജിക്കുക, യോജിപ്പിക്കുക, ത്യജിക്കുക എന്നിങ്ങനെ മൂന്നർത്ഥങ്ങളുള്ള 'യജ' എന്ന ധാതുവിൽനിന്നു യജുഃ ശബ്ദമുണ്ടായി. യജുഃ എന്നു പറഞ്ഞാൽ യജുർവേദം തന്നെ.

പൂജ, ത്യാഗം, ഐകമത്യം ഇങ്ങനെ പലതും കർമ്മയോഗത്തിലെ പ്രധാന ഇനങ്ങളാണ്. അവയെല്ലാം യജ് ധാതുവിൻെറ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു. യജ്ഞത്തിൻെറ ഉല്പത്തി തന്നെ യജുർ വേദത്തിൽ നിന്നാണെന്ന് സായണൻ പറയുന്നു. ആത്മീയ പുരോഗതിക്ക് അനുകൂലങ്ങളായ പ്രവൃത്തികളെല്ലാം യജ്ഞം തന്നെ" *(ടി ഗ്രന്ഥം. പുറം. 7)*

അഥർവ്വവേദത്തിനു മററു മൂന്നു വേദങ്ങളേക്കാൾ പൗരാണികത്വം കുറവാണ്.

ബൃഹദാരണ്യകോപനിഷത്ത് 1—2—5-ൽ ഇപ്രകാരം കാണുന്നു: "ഋക്കുകൾ, യജുസ്സുകൾ, സാമങ്ങൾ, ഛന്ദസ്സുകൾ, യജ്ഞങ്ങൾ, പ്രജകൾ, പശുക്കൾ, മുതലായ എന്തെല്ലാമുണ്ടോ, അതിനെയെല്ലാം (മൃത്യു) സൃഷ്ടിച്ചു". ഇവിടെ അഥർവ്വവേദത്തെപ്പററി പറഞ്ഞിട്ടില്ല.

www.malankaralibrary.com



ബൃഹദാരണ്യകോപനിഷത്തു്, 1-ാം അദ്ധ്യായം, 5-ാം ബ്രാഹ്മണം, 5-ാം മന്ത്രത്തിൽ ഇപ്രകാരം പറയുന്നു: "മൂന്നു വേദങ്ങൾ വാങ്ങ്മനഃ പ്രാണങ്ങളാകുന്നു. ഇവതന്നെയാണു് വാക്കു് ഋഗ്വേദം, മനസ്സു് യജ്ജുർവേദം, പ്രാണൻ സാമവേദം" ഇവിടെയും അഥർവ്വവേദത്തെപ്പററി ഒന്നും പറയുന്നില്ല.

മനുസ്മൃതി XI-264-ൽ, മൂന്നു വേദങ്ങളെപ്പററി മാത്രമേ പറയുന്നുള്ളു.

ഭഗവദ്ഗീത 9-ാം അദ്ധ്യായം 20, 21 ശ്ലോകങ്ങളിൽ മൂന്നു് വേദങ്ങളെപ്പററി മാത്രമേ പറയുന്നുള്ളു.

വേദങ്ങളിൽ വച്ചു് സാമവേദത്തിനു് കൂടുതൽ പ്രാധാന്യം ഭഗവദ്ഗീത നൽകുന്നതായി കാണുന്നു. ഗീത 10-ാം അദ്ധ്യായം 22-ാം ശ്ലോകത്തിൽ ശ്രീകൃഷ്ണൻ ഇപ്രകാരം പറയുന്നു: "വേദാനാം സാമവേദോ ƒ സ്മി—" അതായതു്-വേദങ്ങളിൽ ഉത്തമമായ സാമവേദം ഞാനാകുന്നു.

ഗീത രണ്ടാം അദ്ധ്യായം 42-44 ശ്ലോകങ്ങളിൽ ഇപ്രകാരം കാണുന്നു. "അല്ലയോ അർജ്ജുനാ, വേദങ്ങൾക്കുവേണ്ടി വാദിക്കുന്നതിനിഷ്ടപ്പെടുന്നവരും, വേദവിഹിതമായിട്ടുള്ളതിനേക്കാൾ അതീതമായ മററൊന്നുമില്ലെന്നു പറയുന്നവരും, കാമത്തിൽ നിറഞ്ഞിരിക്കുന്നവരും, വൈദികലക്ഷ്യമായ സ്വർഗ്ഗം തന്നെയാണു് ഏററവും ശ്രേഷ്ടമായ മൂല്യമെന്നു കരുതുന്നവരുമായഅവിവേകികൾ. സുഖലോലുപമായ ഭോഗ്യവിഷയങ്ങൾക്കു വേണ്ടിചെയ്യുന്ന വീണ്ടും സംസാരദുഃഖം അനുഭവിക്കുകതന്നെ കർമ്മഫലമായുള്ള നാനാതരം കർമ്മങ്ങളെപ്പററി പുഷ്പിതമായ ഈ യാതൊരു വാക്കുകളെ പറയുന്നുവോ.......... അവർക്കു് നിശ്ചയ രൂപത്തോടുകൂടിയ ബുദ്ധി........ഉണ്ടാകുന്നില്ല".

വേദങ്ങൾക്കുവേണ്ടി വാദിക്കുന്നവരും, വേദവിഹിതമായിട്ടുള്ളതിനേക്കാൾ അതീതമായ മററൊന്നുമില്ലെന്നു പറയുന്നവരും അവിവേകികൾ ആണെന്നാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്.

സ്വർഗലോകം എന്നുപറയുന്നതു് പിൽക്കാല ഹിന്ദുമതത്തിൽ ദേവലോകമാണു്. അല്ലാതെ ഇംഗ്ലീഷിൽ പറയുന്ന 'ഹെവെൻ' (heaven) അല്ല. സ്വർഗ്ഗലോകത്തിനുപരിയായി ബ്രഹ്മലോകവുംവിഷ്ണുലോകവും ഉണ്ടു്.

അതേ അദ്ധ്യായം 45-ാം ശ്ലോകത്തിൽ ഇപ്രകാരം പറയുന്നു: "ത്രൈഗുണ്യവിഷയാ വേദാ..........." "അല്ലയോ

www.malankaralibrary.com



അർജ്ജുനാ, വേദങ്ങൾ ത്രിഗുണങ്ങളെപ്പററി പരാമർശിക്കുന്നവയാണ്. എന്നാൽ നീ ത്രിഗുണങ്ങളിൽ നിന്നും മുക്തനായവനും സോപാധികമായ എല്ലാ ദ്വന്ദ്വഭാവങ്ങൾക്കും അതീതനും, ശുദ്ധമായ സദ്വസ്തുവിൽ സദാ സ്ഥിതിചെയ്യുന്നവനും........ ആത്മാവിൽ തന്നെ വർത്തിക്കുന്നവനും ആയി ഭവിക്കുക''. (*ഗീത. 2:45*)

ധർമ്മത്തെ അധിഷ്ഠാനമാക്കി കർമ്മം ചെയ്യുവാൻ നിർദ്ദേശിക്കുന്ന വേദം ത്രിഗുണാത്മകം (*സത്വം, രജസ്, തമസ്*) ആണെന്നാണ് വിവക്ഷ.

ഛാന്ദോഗ്യം VII—1-2-ൽ അഥർവ്വവേദത്തെപ്പററി പരാമർശം ഉണ്ട്.

**ഋഗ്വേദം**

വേദങ്ങളിൽ വച്ച് ഏററവും പുരാതനമായിട്ടുള്ളത് ഋഗ്വേദമാണ്. ഋക്ക് എന്നാൽ അർച്ചന എന്നർത്ഥം. ഋക്കുകൾ എല്ലാം സ്തുതികളാണ്. ദേവന്മാർ അതിനാൽ സ്തുതിക്കപ്പെടുന്നു.

ഋഗ്വേദം പത്തുമണ്ഡലങ്ങളായും എട്ട് അഷ്ടകങ്ങളായും രണ്ട് രീതിയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. മണ്ഡലത്തിൻെറ ഘടകങ്ങൾ അനുവാകങ്ങളും സൂക്തങ്ങളുമാണ്. അഷ്ടകത്തിൻെറ ഘടകങ്ങൾ അദ്ധ്യായങ്ങളും വർഗ്ഗങ്ങളുമാണ്. പത്തുമണ്ഡലങ്ങളിലും കൂടി 1017 സൂക്തങ്ങളിലായി 10472 ഋക്കുകൾ അഥവാ പദ്യങ്ങൾ ഉണ്ട്.

ഓരോ മണ്ഡലവും ഓരോ ഋഷിയുമായി ബന്ധപ്പെട്ടതാണ്. രണ്ട് മുതൽ ഏഴുവരെയുള്ള മണ്ഡലങ്ങൾ ഓരോന്നും ഓരോ പ്രത്യേക ഋഷി ദർശിച്ചതാണ്.

| | | | | |
|---|---|---|---|---|
| രണ്ടാം | മണ്ഡലത്തിൻെറ | ദ്രഷ്ടാവ് | — | ഗൃത്സമദൻ |
| മൂന്നാം | ,, | ,, | — | വിശ്വാമിത്രൻ |
| നാലാം | ,, | ,, | — | വാമദേവൻ |
| അഞ്ചാം | ,, | ,, | — | അത്രി |
| ആറാം | ,, | ,, | — | ഭരദ്വാജൻ |
| ഏഴാം | ,, | ,, | — | വസിഷ്ഠൻ |

1, 8, 9, 10 മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് പല ഋഷിമാരുമുണ്ട്.

www.malankaralibrary.com



പ്രകൃതിശക്തികളിൽ ദൈവത്വം ആരോപിച്ച് അവയെ പ്രകീർത്തിക്കുകയും ആരാധിക്കുകയും ചെയ്യുന്ന സൂക്തങ്ങളാണ് ഋഗ്വേദത്തിൽ കൂടുതലും.

വേദത്തിൽ, അഗ്നി, ഇന്ദ്രൻ, അശ്വികൾ, രുദ്രൻ മിത്രവരുണന്മാർ മുതലായ അനേകം ദേവന്മാർ സ്തുതിക്കപ്പെടുന്നു. അതുപോലെ വായു, സൂര്യൻ, ഉഷസ്സ്, രാത്രി, അപ്പുകൾ മുതലായവയും ദേവഭാവത്തിൽ സ്തുതിക്കപ്പെടുന്നു. അചേതന വസ്തുക്കളായ സോമം, ദർഭ, യാഗപശുവിനെ കെട്ടുന്ന യൂപം, സോമം ചതയ്ക്കുന്ന പിടികല്ല്, ഉരൽ, ഉലക്ക മുതലായവയും ദേവതാരൂപത്തിൽ സ്തുതിക്കപ്പെടുന്നു.

ഓരോ ഋഷിയുടെയും സൂക്തങ്ങളിൽതന്നെ അഗ്നിയെ സ്തുതിക്കുന്നവ ആദ്യം, ഇന്ദ്രനെ സ്തുതിക്കുന്നവ പിന്നീട്, മററുള്ളവ അതിനുശേഷം, എന്നതാണ് ക്രമം.

ഭൂലോകം, അന്തരീക്ഷം, സ്വർഗ്ഗം (ഭൂഃ, ഭുവഃ, സ്വഃ) എന്നിങ്ങനെ മൂന്നുലോകങ്ങൾ ഉള്ളതായി പറയുന്നു. അഗ്നിഭൂലോകനാഥനും, വായു അല്ലെങ്കിൽ ഇന്ദ്രൻ അന്തരീക്ഷാധിപതിയും, സൂര്യൻ മൂന്നാമത്തെ ലോകത്തിൻെറ അധിപതിയുമാകുന്നു.

എന്നാൽ ഋക്ക് മ. 1 സൂ. 154. പദ്യം 3-ൽ (2 3—22-ൽ) ഇപ്രകാരം പറയുന്നു: "ഈ ആദിത്യനെ ഇന്ദ്രനെന്നും, മിത്രനെന്നും, വരുണനെന്നും, അഗ്നിയെന്നും പറയുന്നു. പിന്നെ ദ്യോവിലുണ്ടായ ഗരുഡനെന്നും പറയുന്നു. വാസ്തവമായതു് ഒന്നേയുള്ള (*ഏകം സദ്വിപ്രാബഹുധാവദന്തി*) ദേവതാതത്വവിത്തുക്കളായ മേധാവികൾ പലതായി പറയുന്നു. അഗ്നിയായും യമനായും വായുവായും". പല പേരിലറിയപ്പെടുന്ന ദേവന്മാർ ഒന്നാണെന്നു പറയുന്നു.

ബഹുദേവതാവാദവും, ഏക ദൈവ വിശ്വാസവും ഏകസത്താവാദവും വേദത്തിൽ കാണാൻ സാധിക്കും.

## ഋഗ്വേദത്തിൽനിന്നും ചില ഉദ്ധരണികൾ

ഓം! അഗ്നിമീളേ പുരോഹിതം
യജ്ഞസ്യദേവ മൃത്വിജം
ഹോതാരം രത്നധാതമം.

ഇതാണ് ആദ്യത്തെ പദ്യം (ഋഗ്, 1. 1. 1)

അർത്ഥം:— ആഹവനീയ രൂപത്തിൽ സ്ഥിതിചെയ്യുന്നവനും അഭീഷ്ടദാനശീലനും യാഗങ്ങളിൽ ദേവന്മാരെ വിളിക്കു

www.malankaralibrary.com



നവനും ഋത്വിഗ്രൂപനും ഏററവും അമൂല്യ (*രത്നധാതമം*) രത്ന ധാരിയുമായ അഗ്നിയുടെ അധിഷ്ഠാന ദേവതയെ ഞാൻ സ്തുതിക്കുന്നു.

ഡോ. ഫാദർ ജേക്കബ്ബ് കട്ടയ്ക്കൽ താഴെവരുന്ന പ്രകാരമാണ് അതിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

"പുരോഹിതനും, ബലിയർപ്പകനും, സങ്കീർത്തകനും, ഏററവും അഭികാമ്യമായ രത്നങ്ങൾ (*അനുഗ്രഹങ്ങൾ*) നല്കുന്നവനുമായ അഗ്നിദേവനെ ഞാൻ സ്തുതിക്കുന്നു".

മ. 1_സൂ. 7_മന്ത്രം 3 (അ. 1 അ. 1 വ. 13).

അർത്ഥം:— ഈ ഇന്ദ്രൻ നിരന്തരമായ ദർശനത്തിനായി— അതായത് പ്രകാശത്തിനായി –സൂര്യനെ ദ്യ ലോകത്തിൽ (*ദ്യോവിൽ*) ആരോഹണം ചെയ്യിച്ച പൊക്കിനിർത്തി, ആ സൂര്യൻ പർവ്വതമുൾപ്പെടെ സകല ജഗത്തിനെയും പ്രകാശിപ്പിച്ചു.

മ. 1_സൂ. 24 മന്ത്രം 10 (അ. 1 അ. 2 വ. 14).

അർത്ഥം:— രാത്രിയിൽ കാണപ്പെടുന്ന നക്ഷത്രങ്ങൾ (*സപ്തർഷികൾ*) ഉച്ചത്തിൽ ദ്യോവിൽ സ്ഥാപിതങ്ങളാണ് ആ നക്ഷത്രങ്ങൾ ഏവരാലും രാത്രിയിൽ കാണപ്പെടുന്നു. പകൽ എവിടെയോ പോകുന്നു; കാണപ്പെടുന്നില്ല. നക്ഷത്രങ്ങളെ ദർശിപ്പിക്കുന്നതും മറയ്ക്കുന്നതുമായ വരുണന്റെ കർമ്മങ്ങൾ അപ്രതിഹതങ്ങളാണ്. പിന്നെ, വരുണന്റെ ആജ്ഞകൊണ്ട തന്നെയാണല്ലോ രാത്രിയിൽ ചന്ദ്രൻ പ്രകാശമാനനായി വരുന്നതും.

മ. 1. സൂക്തം 31. പദ്യം 1 (അ. 1. അ. 2. വ. 32).

അല്ലയോ അഗ്നീ, ആംഗീരസന്മാരായ എല്ലാ ഋഷികളുടെയും ജനകത്വംകൊണ്ട് അവിടുന്നാണ് അംഗിരസ്സ് എന്നു പേരുള്ള ആദ്യത്തെ ഋഷി. അനന്തരം ആ ഋഷി സ്വയം ദേവനായി ഭവിച്ച്, മററുദേവന്മാർക്ക് യോഗ്യനായ സഖാവായി ത്തീർന്നു. അവിടുത്തെ കർമ്മത്തിലാണ് മേധാവികളും കർമ്മജ്ഞാനികളും, തിളങ്ങുന്ന ആയുധങ്ങളോടുകൂടിയവരുമായ മരുത്തുക്കളെന്ന ദേവന്മാർ ജനിച്ചത്.

മ. 1. സൂക്തം. 89. പദ്യം 8 (അ. 1 അ 6. വ. 16).

ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാഃ
ഭദ്രം പശ്യേമാക്ഷഭിർ യജത്രാഃ

www.malankaralibrary.com



അർത്ഥം: – അല്ലയോ ദേവന്മാരേ, ഞങ്ങൾ ചെവികളാൽ നല്ലതു കേൾക്കുമാറാകട്ടെ. അല്ലയോ യജിക്കപ്പെടേണ്ടവരേ, കണ്ണുകളാൽ നല്ലതു കാണുമാറാകട്ടെ. ദൃഢങ്ങളായ അംഗങ്ങളാലും ശരീരങ്ങളാലും നിങ്ങളെ സ്തുതിക്കുന്ന ഞങ്ങൾ ബ്രഹ്മാവിനാൽ വിധിക്കപ്പെട്ട (*ദേവഹിതം*) ആയുസ്സ് ഏതോ അതു് പ്രാപിക്കുമാറാകട്ടെ.

മണ്ഡലം 1-സൂക്തം 89-പദ്യം 10:-

ദേവമാതാവായ അദിതിയാണു് പ്രകാശിക്കുന്ന സ്വർഗ്ഗം. ഇടയിൽ കാണപ്പെടുന്ന അന്തരീക്ഷം അദിതിയാണു്. അദിതിയാണു് ജഗത്തിന്റെ ജനനി, ജഗൽസൃഷ്ടികാരിണി. അവിടുന്നാണു് എല്ലാവരുടെയും ഉൽപാദകനായ അച്ഛൻ. അവിടുന്നാണു് എല്ലാവർക്കും ഉല്പന്നനായ പുത്രൻ. എല്ലാ ദേവന്മാരും അദിതിയാണു്. അദിതിയാണു് ഗന്ധർവ്വന്മാർ, പിതൃക്കൾ, ദേവന്മാർ, അസുരന്മാർ, രക്ഷസ്സുകൾ എന്നീ പഞ്ചജനങ്ങൾ. അദിതിയാണു് പ്രാണികളുടെ ഉല്പത്തി. അദിതിയാണു് അവരുടെ ജന്മത്തിനാധാരം.

മ. 1. സൂ 114. പദ്യം. 1

യാതൊരു വിധമായാൽ ഞങ്ങളുടെ ഗ്രാമത്തിൽ മനുഷ്യനും കന്നുകാലിക്കും രോഗ ശമനം ഭവിക്കുമോ, ഗ്രാമത്തിലെ എല്ലാവരും അരോഗരും സമ്പന്നരുമായി വരുമോ അതിനു തക്കവിധം പ്രവൃദ്ധനും ജടായുക്തനും ശത്രുഹന്താവുമായ രുദ്രനായിക്കൊണ്ടു് മഹനീയങ്ങളായ ഈ സ്തോത്രങ്ങൾ ഞങ്ങൾ നിഷ്പാദിക്കുന്നു, ഉണ്ടാക്കിച്ചൊല്ലുന്നു.

മ. 1. സൂ. 114. പദ്യം 8.

അല്ലയോ, രുദ്രാ, ഞങ്ങളുടെ പുത്രനിലും പൗത്രനിലും, ഞങ്ങളെ സംബന്ധിച്ച മററുള്ളവരിലും പശുതൊട്ടു് ജീവികളിലും, കുതിരകളിലും ഹിംസ ചെയ്യരുതു്. അല്ലയോ രുദ്രാ, ഞങ്ങളിൽ വീരന്മാരെ ക്രുദ്ധനായി അവിടുന്നു് വധിക്കരുതു്. ഹവിസ്സോന്തി ഞങ്ങളെപ്പോഴും അവിടുത്തെ വിളിക്കുന്നു.

മ. 1. സൂ. 154. പദ്യം 3 (അ. 2 അ. 2 വ. 24)

യാതൊരു വിഷ്ണു അതി വിസ്തൃതവും നിയതമായി ചരിക്കുന്നതുമായ ലോക ത്രയത്തെ താൻ തനിച്ചു്, മൂന്നു കാലടിവെപ്പുകളാൽ വിശേഷമായി നിർമ്മിച്ചുവോ, വാക്കിൽ (*ഉന്നത പ്രദേശത്തിൽ*) സ്ഥിതിചെയ്യുന്നവനും സർവ്വരാലും

www.malankaralibrary.com



ഗീയമാനനം ആശ്രയിക്കുന്നവർക്കു് അഭീഷ്ടങ്ങരം വർഷിക്കുന്നവനുമായ ആ വിഷ്ണുവിനായി മഹത്വവും സ്തോത്രവും എത്തിച്ചേരട്ടെ''.

മ. 2–സൂ. 1–പദ്യം 3 (അ. 2 അ. 5 വ. 17)

അല്ലയോ അഗ്നേ, അവിടുന്നു് സത്തുക്കരംക്കു് അഭിമതം വർഷിക്കുന്നവനാകയാൽ ഇന്ദ്രനാകുന്നു. വളരെ ജനങ്ങളാൽ സംകീർത്തനം ചെയ്യപ്പെടുന്നവനും, കുമ്പിടപ്പെടേണ്ടവനുമാകയാൽ വിഷ്ണുവാകുന്നു. അല്ലയോ മഹത്തായ മന്ത്രത്തിൻെറ പാലയിതാവേ, അവിടുന്നു് ബ്രഹ്മമാകുന്നു........''.

മ. 2–സൂ. 33–പദ്യം 4 (അ. 2 അ. 7 വ. 17)

അല്ലയോ രുദ്രാ, വേണ്ടതുപോലെയല്ലാതെ, ശ്രദ്ധ, ഭക്തി, ഏകാഗ്രത മുതലായവയില്ലാതെ ചെയ്യുന്ന നമസ്കരംകൊണ്ടു്, അല്ലെങ്കിൽ ഹവിർനിവേദനംകൊണ്ടു്, അവിടുത്തെ ഞാൻ കോപിപ്പിക്കരുതു്, കോപിപ്പിക്കാനിടവരരുതു്. അല്ലയോ കാമവർഷിതാവേ, ഞാൻ ചെയ്യുന്ന അശോഭനസ്തുതികൊണ്ടു് അവിടുത്തെ കോപിപ്പിക്കരുതു്. ഞങ്ങളുടെ പുത്രന്മാരെ അവിടുത്തെ ഔഷധങ്ങളോടു് ഉൽകൃഷ്ടമായി യോജിപ്പിച്ചാലും. അല്ലയോ രുദ്രാ അവിടുത്തെ ചികിത്സാഭിജ്ഞന്മാരിൽ വച്ചു് ഏററവും വലിയ ഭൈഷജ്യകർത്താവായി ഞാൻ കേരംക്കുന്നു.

മ. 2 സൂ. 41–പദ്യം 11 (അ 2 അ. 8 വർഗ്ഗം 9)

ഇന്ദ്രൻ പരമേശ്വരത്വമുള്ളവനെങ്കിൽ എന്നെ സുഖിപ്പിക്കുമാറാകണം........

മ. 4 സൂ. 42 പദ്യം 1 (അ. 2 അ. 7 വർഗ്ഗം 17).

(*വരുണൻ പറയുന്നു:*) ക്ഷത്രിയകുലത്തിൽ പിറന്നു് എല്ലാ മനുഷ്യരുടെയും അധീശനായ എനിക്കു് ഭൂമി, സ്വർഗ്ഗം എന്നീ ഭേദത്തോടെ ഇരട്ട രാഷ്ട്രമുണ്ടു്...... ഞാനാകട്ടെ സർവ്വേശ്വരനാകുന്നു.

ടി സൂക്തം പദ്യം 2

''ഞാൻ തന്നെയാണു് രാജാവായ വരുണനായി ഭവിക്കുന്നതു്. ........ഞാനാകട്ടെ സർവ്വേശ്വരനാകുന്നു''.

മ. 7 സൂ. 34 പദ്യം 11

''വരുണൻ ഈശ്വരന്മാർക്കും ഈശ്വരനാകുന്നു........''.

www.malankaralibrary.com


മ. 7_സൂ. 34

യജ്ഞത്തിൻെറ ബലത്താലത്രെ സൂര്യനും ഉദിച്ചു പൊങ്ങുന്നതു്. ഭൂമി ചരാചരങ്ങളെ എന്നപോലെ ലോകത്തിൻെറ ഭാരം ഈ യജ്ഞമാണു് വഹിക്കുന്നതു്''.

മ. 8. സൂ. 12 പദ്യം 27 (അ. 6 അ. 1 വ. 6)

അല്ലയോ ഇന്ദ്ര, അവിടുത്തെ അനുജൻ, സവ്വത്ര വ്യാപിച്ച ദേവനായ വിഷ്ണു, മൂന്നടി വെപ്പുകരംകൊണ്ടു് മൂന്നുലോകങ്ങളെയും വിക്രമിച്ചു് അളന്നപ്പോഴാണു് മെച്ചപ്പെട്ട ഹരികളെന്ന കുതിരകരം അവിടുത്തെ വഹിച്ചതു്.

മ. 8. സൂ. 16. പദ്യം 7_ൽ "ഈ ഇന്ദ്രൻ ബ്രഹ്മാവാകുന്നു" എന്നു് പറഞ്ഞിരിക്കുന്നു.

മ. 9. സൂ. 96 പദ്യം 5 (അ. 7 അ. 4 വ. 6)

"....... സൂര്യൻെറ സ്രഷ്ടാവും, ഇന്ദ്രനു പാനത്താൽ ഹർഷമുണ്ടാക്കുന്നവനും, സർവ്വവ്യാപിയായ വിഷ്ണുവിനു കാരണഭൂതനുമായ സോമൻ സംസ്ക്കരിക്കപ്പെട്ടുകൊണ്ടൊഴുകുന്നു" (*സോമം ബ്രഹ്മമത്രെ. അതാണല്ലോ ദേവാധിദേവനായ വിഷ്ണുവിനു മൂലം*).

മ. 10 സൂ 90 പദ്യം 2 (അ. 8 അ. 8 വ. 17).

"പുരുഷ ഏവേദം സർവ്വം..........."

ഇക്കണ്ടതുമുഴുവൻ പുരുഷനാണു്. ഇതുവരെ ഉളവായതും, ഇനി ഉളവാകാൻ പോകുന്നതും. അവിടുന്നു് അമൃതത്വത്തിന്നു്, അനശ്വരത്വത്തിന്നു് അധീശനാകുന്നു. വാസ്തവത്തിൽ കാരണസ്വരൂപനായ അവിടുന്നു് കാര്യ സ്വരൂപനായി...........".

10—90—3— "ഭൂതവത്തമാനഭാവികാലങ്ങളെ വ്യാപിച്ച ജഗത്തു് എത്രവരെയുണ്ടോ, അതുമുഴുവൻ പുരുഷൻെറ മഹിമാവിശേഷമാകുന്നു; സാമർത്ഥ്യ (*സൃഷ്ടി*) വിശേഷമാകുന്നു. അവിടുത്തെ വാസ്തവ സ്വരൂപമല്ല. പുരുഷൻ ആ മഹിമയെക്കാരം എത്രയോ അധികം മഹാനാകുന്നു. കാലത്രയവർത്തിയായ ചരാചര സമൂഹം മുഴുവൻ പുരുഷൻെറ നാലിൽ ഒരംശമേ ആകുന്നുള്ളു. അവിടുത്തെ ബാക്കി മുക്കാൽഭാഗം വിനാശരഹിതമായി ദ്യോതനാത്മകമായ സ്വപ്രകാശ രൂപത്തിൽ സ്ഥിതി ചെയ്യുന്നു".

www.malankaralibrary.com



10—90—4 "........... അവിടുത്തെ ലേശാംശം മായയിൽ സൃഷ്ടിസംഹാരങ്ങൾക്കായി വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കുന്നു............"

10—90—5— "ആ ആദിപുരുഷനായ പരമാത്മാവിൽ— ബ്രഹ്മാണ്ഡദേഹാഭിമാനിയായി വിരാട് പുരുഷൻ ഉല്പന്നനായി. ............ഉല്പന്നനായ ആ പുരുഷൻ വിരാടിൽനിന്ന് വ്യത്യസ്തനായി ദേവതിര്യങ് മനുഷ്യരൂപനായി, ദേവാദി ജീവഭാവമാശ്രയിച്ചശേഷം ഭൂമിയെ സൃഷ്ടിച്ചു, ശരീരങ്ങളെ സൃഷ്ടിച്ചു.

മ. 10. സൂ. 90. പദ്യം 7

"പ്രജാപതി പ്രഭൃതികളായ സാദ്ധ്യന്മാരെന്ന ദേവന്മാരും അവർക്കനുകൂലന്മാരായ മന്ത്രദ്രഷ്ടാക്കളായ ഋഷികളും, എല്ലാ സൃഷ്ടിക്കും മുമ്പ് പുരുഷത്വത്തോടുകൂടി സ്വയമുല്പന്നനായി യജ്ഞസ്വരൂപനായ അവിടുത്തെ പശുത്വം (*മൃഗമായി*) സങ്കല്പിച്ച് യൂപബന്ധനാക്കി. മാനസയജ്ഞത്തിൽ അവിടുത്തെ പ്രോക്ഷിച്ച് വെള്ളം തളിച്ചു. ആ ദേവന്മാർ പുരുഷരൂപനായ പശുവിനെക്കൊണ്ട് മാനസമായി യാഗം ചെയ്തു."

10—90—9— "സർവ്വാത്മകനായ പുരുഷൻ ഹോമിക്കപ്പെട്ട ആ യജ്ഞത്തിൽ നിന്ന്, ഋക്കുകളും, സാമങ്ങളും (*ഋഗ്വേദവും സാമവേദവും*) ഉണ്ടായി. ആ യജ്ഞത്തിൽ നിന്ന് ഗായത്ര്യാദികളായ ഛന്ദസ്സുകളുളവായി. അതിൽ നിന്ന് യജുസ്സുമുല്പന്നമായി.

10—121—1 (അ. 8 അ. 7 വ. 3)

"ഹിരണ്മയമായ അണ്ഡം ഗർഭത്തിലുള്ളവൻ, ഹിരണ്യഗർഭനെന്ന പ്രജാപതി പ്രപഞ്ചോൽപത്തിക്കുമുമ്പേ പരമാത്മാവിൽനിന്നു ജനിച്ചു. അവിടുന്ന് ജനിച്ച ഉടനെതന്നെ വികാരജാതമായ ബ്രഹ്മാണ്ഡാദി സർവ്വ ജഗത്തിനും ഏകനായ ഈശ്വരനായി. കേവലം ഈശ്വരനായി എന്നല്ല, വിസ്തീർണ്ണമായ ദ്യോവിനെയും നമ്മളാൽ കാണപ്പെടുന്ന, മുമ്പിലുള്ള ഈ ഭൂവിനെയും അവിടുന്നാണ് ധരിക്കുന്നത്. കൻ എന്ന പേരോടുകൂടി പ്രജാപതിയായ ആ ദേവനെ ഋത്വിക്കുകളായ നമ്മൾ ഹവിസ്സു കൊണ്ട് പരിചരിക്കുന്നു. (*ഹിരണ്യഗർഭൻ പരമാത്മാവാണെങ്കിലും പ്രപഞ്ചോപാധികളായ ആകാശാധികൾ ബ്രഹ്മാവിങ്കൽനിന്നുൽപ്പന്നമത്രേ*).

www.malankaralibrary.com



## വേദത്തെപ്പററി വിലയിരുത്തൽ

ഋഗ്വേദം, ഭാഷാഭാഷ്യം 1_ാം വാല്യത്തിൻെറ ആമുഖത്തിൽ ശ്രീ. ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്ട് ഇപ്രകാരം പറയുന്നു. "വേദത്തിലെ ഋഷിമാർ മന്ത്രകർത്താക്കളല്ല, മന്ത്രദ്രഷ്ടാക്കൾ മാത്രമാണെന്നാണ് പൂർവ്വമതം. എന്നാൽ വിശ്വാമിത്രൻ വസിഷ്ഠനെ അധിക്ഷേപിക്കുന്നതും മററുമായ വാക്കുകൾ നോക്കുമ്പോൾ അതു് യുക്തിക്ക് എത്രകണ്ടു് ചേരുമെന്നു് നിശ്ചയമില്ല. മന്ത്രങ്ങളിലെ ആശയം ഋഷിമാർ ദർശിച്ചതാവാം. പിന്നീടതു് അവരുടെ വാക്കിലൂടെ വന്നതാവാം. അപൗരുഷേയത്വം വേദത്തിൻെറ ആത്യന്തിക മഹത്വമുദ്ദേശിച്ചു് സങ്കല്പിച്ചതുമാവാം. *(പുറം 15)*

വിശ്വാമിത്രൻ വസിഷ്ഠനെ ശപിക്കുന്ന മൂന്നു പദ്യങ്ങളുടെ പരിഭാഷ താഴെ ചേർക്കുന്നു.

*(സൂചന: മുമ്പ് വിശ്വാമിത്ര ശിഷ്യനായ സുദാസെന്ന രാജർഷി വസിഷ്ഠന് ദ്വേഷവിഷയനായി. വിശ്വാമിത്രനാകട്ടെ, ശിഷ്യൻെറ രക്ഷയ്ക്കായി ഈ ഋക്കുകളാൽ വസിഷ്ഠനെ ശപിച്ചു. ഈ ഋക്കുകൾ വസിഷ്ഠ ഗോത്രക്കാർ ചൊല്ലാറില്ല, കേൾക്കാറില്ല).*

ഋഗ്വേദം മ. 3 സൂ. 53 പദ്യം 21 (അ. 3 അ. 3 വ. 23)

"വസിഷ്ഠൻ പുറത്തുപോകണം *(ശത്രുവിനെ ശപിക്കും മുമ്പ് ആത്മാവിനു രക്ഷ ചെയ്യുന്നു)* അല്ലയോ വീര്യവാനും ധനവാനുമായ ഇന്ദ്ര, ഇപ്പോൾ ശത്രുവിനെ ഹനിക്കുന്ന എന്നെ ഉത്തമങ്ങളും ബഹുവിധങ്ങളുമായ അവിടുത്തെ രക്ഷണങ്ങളാൽ സന്തോഷിപ്പിച്ചാലും. എന്നെ ആർ ദ്വേഷിക്കുന്നുവോ, എനിക്കപ്രീതി ചെയ്യുന്നുവോ, അവൻ നികൃഷ്ടനായി വീഴട്ടെ. ഞാൻ ഏവനെ വെറുക്കുന്നുവോ അവനെത്തന്നെ, ദേഹമദ്ധ്യത്തിലുള്ള *(പ്രാണാപാനവ്യാനോദാനസമാനരൂപനായ)* അഞ്ചു വൃത്തികളുള്ള വായു വിട്ടുപോകട്ടെ.

പദ്യം 22:— "അല്ലയോ ഇന്ദ്ര, മഴു തട്ടിയ മരം ദുഃഖിക്കുന്നതുപോലെ എൻെറ ശത്രു ദുഃഖിക്കട്ടെ. പൂളപ്പൂവ് *(ഇലവിൻ പൂവ്)* കുലയിൽനിന്നു് തെറിക്കുന്നതുപോലെ അവൻ അവയവങ്ങൾ വേറിട്ടവനാകട്ടെ. എൻെറ മന്ത്രശക്തികൊണ്ടു് കേടേററ അവൻ ഒഴുക്കിൽപ്പെട്ട പാത്രംപോലെ മുഖത്തുനിന്നു് നുരയും പതയും വമിക്കട്ടെ.

www.malankaralibrary.com



പദ്യം 23:— *(വിശ്വാമിത്രൻ വസിഷ്ഠൻെറ ആളുകളോടു പറയുന്നു.)* എന്നോട്ട് തുല്യനല്ലാത്ത വസിഷ്ഠൻ എന്നോട്ട് സ്പർദ്ധിപ്പാൻ പോന്നവനല്ല.

"ഋഗ്വേദഭാഷാഭാഷ്യം, അഷ്ടകം 8, അധ്യായം 4-ൻെറ അധ്യായപീഠികയിൽ ശ്രീ. ഒ. എം. സി. നമ്പൂതിരിപ്പാട് ഇപ്രകാരം പറയുന്നു: "1 മുതൽ 4 വർഗ്ഗങ്ങൾ കൂടിയ സൂക്തം വിചിത്രമായ ഒന്നാണ്. അതിൽ പ്രതിപാദിക്കുന്ന പല കാര്യങ്ങളും അവ്യക്തങ്ങളും അസങ്ഗതങ്ങളുമാണ്. വൃഷാകപി എന്ന ഒരാൺകുരങ്ങിനെ ഇന്ദ്രനിഷ്ടമാണ്. ഇന്ദ്രാണി ഇഷ്ടപ്പെടുന്നില്ല. അവർ തമ്മിലുള്ള സംഭാഷണമാണ്. ഇടയ്ക്ക് വൃഷാകപിയും പറയുന്നു. ഇതിൽ അസാന്ദർഭികമായി പ്രത്യക്ഷത്തിൽ തന്നെ കുറച്ചശ്ലീലവുമുണ്ട്. വാച്യാർത്ഥമല്ലാതെ ആന്തരികാർത്ഥം വല്ലതുമിതിനുണ്ടോ എന്ന് നിശ്ചയമില്ല. വേദത്തിലാകയാൽ പ്രക്ഷിപ്തമെന്നു പറയാൻ പാടില്ലല്ലോ".

"ഈശ്വര ദർശനം" *(സിമ്പോസിയം–1969)* എന്ന ഗ്രന്ഥത്തിൽ സ്വാമി ആത്മാനന്ദ ഇപ്രകാരം പറയുന്നു: "അജ്ഞാന ദശയിൽ ഉളവായ ബഹുദേവാരാധനകളും ഉണ്ട്. പല യോഗികളും ഈ അജ്ഞാന ദശയിൽ പ്രവർത്തിച്ചവരാണ്. അവർ ഈശ്വര സംതൃപ്തിക്കുവേണ്ടി തെളിച്ചവഴി കൂടുതൽ ജ്ഞാനാവിർഭാവത്തോടെ നമുക്ക് അസ്വീകാര്യങ്ങളായതിൽ ആശ്ചര്യപ്പെടാനില്ല. വേദത്തിലെ സംഹിതാ ബ്രാഹ്മണങ്ങൾ ഈ അജ്ഞാന ദശയിൽ ഉടലെടുത്തവയാണ്. അതുകൊണ്ടു് അവയെ കൂടുതൽ വെളിച്ചമുണ്ടാകുമ്പോൾ തിരസ്കരിക്കാതെ വയ്യാ. *(ടി ഗ്രന്ഥം പുറം 160)*. അദ്ദേഹം വീണ്ടും പറയുന്നു: "ഋക് യജുർ സാമ അഥർവ്വ വേദങ്ങളെയും മററും അപരാ *(ശ്രേഷ്ഠമല്ലാത്ത)* വിദ്യയെന്നാണ് വിളിക്കപ്പെട്ടിരിക്കുന്നത്. അതിലുള്ള കർമ്മങ്ങൾ പരനെ പ്രാപിക്കുവാൻ അപര്യാപ്തമെന്നു് *(ഉപനിഷത്തുകൾ)* തറച്ചു പറഞ്ഞിട്ടുണ്ട്. *(ടി ഗ്രന്ഥം പുറം. 168)*.

ഭഗവദ്ഗീത രണ്ടാം അധ്യായം 53-ാം ശ്ലോകത്തിൽ ശ്രീകൃഷ്ണൻ ഇപ്രകാരം പറയുന്നു: "വേദങ്ങളിലെ പരസ്പരഭിന്നങ്ങളായ അർത്ഥവാദത്താൽ കലങ്ങിയിരിക്കുന്ന നിൻെറ ബുദ്ധി.......".

ഋഗ്വേദം: മ. 2. സൂ. 41 പദ്യം 11-ൽ ഇപ്രകാരം കാണുന്നു: "ഇന്ദ്രൻ പരമേശ്വരത്വമുള്ളവനെങ്കിൽ എന്നെ സുഖി

www.malankaralibrary.com



പ്പിക്കമാറാകണം''. ഇവിടെ ഇന്ദ്രൻെറ പരമേശ്വരത്വത്തെ പ്പററി സംശയം പ്രകടിപ്പിച്ചിരിക്കുകയാണ്. ഇതെങ്ങനെ ശ്രുതിയാകും. ശ്രുതി അപൗരുഷേയമെന്നും പ്രമാദരഹിതമെന്നും ഒക്കെ വിശേഷിപ്പിച്ചിരിക്കയാണ്.

ഋഗ്വേദം, ഭാഷാഭാഷ്യം ഒന്നാം വാല്യത്തിൻെറ അവതാരികയിൽ ഡോക്ടർ കെ. കുഞ്ചുണ്ണിരാജാ ഇപ്രകാരം പറയുന്നു. ''ജീവിതം ദുഃഖമയമാണെന്നും, അതുപേക്ഷിച്ച് സന്യാസം സ്വീകരിച്ച് മോക്ഷം നേടണമെന്നും ഉള്ള വിശ്വാസം ഋഗ്വേദത്തിൽ ഒരിടത്തും കാണുകയില്ല. *(പുറം 41)*

''അനന്തരകാലത്ത് ത്രിമൂർത്തികളിൽ ഒരാളായി മാന്യസ്ഥാനം ലഭിച്ച വിഷ്ണുവിനു ഇന്ദ്രൻെറ അനുജൻ എന്ന നിലയിലാണ് വേദത്തിൽ *(ടി ഗ്രന്ഥം പുറം 42)*.

ഋഗ്വേദം. 1—22—19-ൽ

വിഷ്ണുവിനെ, ''കർമ്മഫലദായകനായ ഇന്ദ്രൻെറ അനുയോജ്യനായ സഖാവ്'' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ഋഗ്വേദം. മ. 8. സൂ. 12. പദ്യം. 27-ൽ (അഷ്ടകം 6. അ. വ. 6)

ഇപ്രകാരം പറയുന്നു: ''അല്ലയോ ഇന്ദ്രാ, അവിടുത്തെ അനുജൻ സർവ്വത്ര വ്യാപിച്ച ദേവനായ വിഷ്ണു, മൂന്നടി വെപ്പുകൾകൊണ്ട് മൂന്നു ലോകങ്ങളെയും വിക്രമിച്ച് അളന്നപ്പോഴാണ് മെച്ചപ്പെട്ട ഹരികളെന്ന കുതിരകൾ അവിടുത്തെ വഹിച്ചത്''.

ഋഗ്വേദം. 9—96—6-ൽ

സോമനെ, ഇന്ദ്രാദിദേവന്മാർക്കിടയിൽ രാജാവായിട്ടാണ് *(പരബ്രഹ്മം)* വിശേഷിപ്പിച്ചിരിക്കുന്നത്.

വേദത്തിലെ കർമ്മങ്ങൾ, യാഗങ്ങൾ, അഗ്നിഹോത്രാദികൾ മുതലായവയെ പ്രതിപാദിക്കുന്ന സംഹിതാ ബ്രാഹ്മണ ഭാഗങ്ങൾ കർമ്മകാണ്ഡമെന്നും ഉപനിഷത്തുകൾ ജ്ഞാനകാണ്ഡമെന്നും പറയപ്പെടുന്നു.

ഋഗ്വേദം, ഭാഷാഭാഷ്യം Vol. VIII-ൻെറ അവതാരികയിൽ സ്വാമി രംഗനാഥാനന്ദ ഇപ്രകാരം പറയുന്നു: ''ഉപനിഷത്തുകളും ഗീതയും പഴയ സ്വർഗ്ഗ സങ്കല്പങ്ങളെ അപഹസിച്ച് സംസാരിക്കുന്നതായി കാണാം''.

മുണ്ഡകോപനിഷത്ത് 1—2—10-ൽ ഇപ്രകാരം പറയുന്നു: ''ഇഷ്ടാപൂർത്തം പോലെയുള്ള വൈദിക ചടങ്ങുകൾ മനുഷ്യ

www.malankaralibrary.com



ക്ഷേമത്തിനുള്ള പരമോന്നതമായ മാർഗ്ഗമാണെന്നു കരുതി, പരമ്പര വിഡ്ഢികൾ മററൊന്നും തന്നെ ഗുണകരമായി കണക്കാക്കുന്നില്ല. അവർ സ്വർഗ്ഗത്തിൽ തങ്ങളുടെ സുകൃതഫലം അനുഭവിച്ചശേഷം ഈ ലോകത്തിലേക്കോ ഇതിനെക്കാൾ ഹീനതരമായ ലോകത്തിലേക്കോ മടങ്ങി വരുന്നു.''

ഋഗ്വേദം പുനർജന്മത്തെപ്പററി പരാമർശിക്കുന്നില്ല.

## വേദം ആർക്കെല്ലാം പഠിക്കാം?

ബാദരായണനാൽ രചിക്കപ്പെട്ട ബ്രഹ്മസൂത്രങ്ങൾ അഥവാ വേദാന്തസൂത്രങ്ങൾ ഒന്നാം ഭാഗം മൂന്നാം അദ്ധ്യായം 34 മുതൽ 38 വരെയുള്ള അഞ്ചു സൂത്രങ്ങൾ ശൂദ്രനെ വേദപഠനത്തിൽ നിന്നും അകററിനിർത്തണമെന്നു് അനുശാസിക്കുന്നു. ഇതിനെ വ്യാഖ്യാനിച്ചുകൊണ്ടു്, ശൂദ്രനെ വേദം പഠിപ്പിച്ചുകൂടാ എന്നു് ശങ്കരാചാര്യരും വിധിയെഴുതി.

ഉപനയനം (*പൂണൂൽ ധരിക്കൽ*) വിധിച്ചിട്ടുള്ള ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, (*ഇവരിലെ പുരുഷൻമാർ*) എന്നിവർക്കേ വേദപഠനം വിധിച്ചിട്ടുള്ളു. ഉപനയനം നടത്തി പൂണൂൽ ധരിച്ചവർ ദ്വിജാതർ എന്നു പറയപ്പെടുന്നു.

മാത്രമല്ല, ശതപഥബ്രാഹ്മണത്തിലും ശൂദ്രനു് വേദപഠനത്തിൽ വിലക്കു കല്പിച്ചിട്ടുണ്ടു്. (11. 5. 3, 13)

ശൂദ്രനു് ഉപനയനം പാടില്ല എന്നു് മനുസ്മൃതിയിലും വിലക്കു കല്പിച്ചിട്ടുണ്ടു് (10. 126).

വേദം കേൾക്കുന്ന ശൂദ്രൻെറ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം; ശൂദ്രൻെറ സമീപത്തുവച്ചു് വേദം വായിച്ചുകൂടാ (*ബ്രഹ്മസൂത്രഭാഷ്യം 1. 3. 38*) എന്നിപ്രകാരമാണു് ശങ്കരാചാര്യർ പഠിപ്പിക്കുന്നതു''.

അശ്വിനീ ദേവന്മാരുടെ ഗുരുവായിരുന്നു അഥർവ്വണനായ ദധ്യങ്ങ്. ബ്രഹ്മവിദ്യ അറിയാമായിരുന്ന ദധ്യങ്ങിനോടു്, അശ്വിനികൾ ആ ബ്രഹ്മവിദ്യ അവർക്കു് പറഞ്ഞുകൊടുക്കണമെന്നു് അഭ്യർത്ഥിച്ചു. ദധ്യങ്ങ് അതിനു് ഇപ്രകാരം മറുപടി പറഞ്ഞു. ''ഇന്ദ്രൻ എന്നോടു്, നീ ഇതു് അന്യനു് പറഞ്ഞുകൊടുക്കുകയാണെങ്കിൽ, അപ്പോൾതന്നെ ഞാൻ നിൻെറ ശിരസ്സു ഛേദിച്ചു കളയും എന്നു പറഞ്ഞിട്ടുണ്ടു്''. അതിനുത്തരമായി

www.malankaralibrary.com


അശ്വിനികൾ ഭധ്യങ്ങിനെ ഇന്ദ്രനിൽനിന്ന രക്ഷിച്ചുകൊള്ളാമെന്നു് ഏററു്. ഇപ്രകാരം പറഞ്ഞു: "ഞങ്ങൾ അങ്ങയുടെ ശിരസ്സു് ഛേദിച്ചു് വേറൊരിടത്തു് കൊണ്ടുപോയി സൂക്ഷിക്കും. അനന്തരം ഒരു കുതിരയുടെ ശിരസ്സുകൊണ്ടുവന്നു് അങ്ങയുടെ ശിരസ്സിന്റ പകരം വെയ്ക്കും. ആ ശിരസ്സുകൊണ്ടു് ഞങ്ങൾക്കു് ബ്രഹ്മവിദ്യ പറഞ്ഞുതരണം. അപ്പോൾ ഇന്ദ്രൻവന്നു് ആ കുതിരത്തല ഛേദിക്കും. അപ്പോൾ അങ്ങയുടെ സ്വന്തം ശിരസ്സു് കൊണ്ടുവന്നു് അങ്ങയുടെ കഴുത്തിൽവച്ചു് ശരിയാക്കും". അപ്രകാരം സമ്മതിച്ചു് പ്രവർത്തിച്ചു് ഭധ്യങ്ങ് അശ്വിനികൾക്കു് ബ്രഹ്മവിദ്യ പറഞ്ഞുകൊടുത്തു.

ഇതിനെപ്പററി ബൃഹദാരണ്യകോപനിഷത്തു് 2-5-18-ൽ പരാമർശിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ഈ മധുവിനെ ഭധ്യങ്ങ് എന്ന അഥർവ്വണൻ അശ്വിനീദേവകൾക്കു് പറഞ്ഞുകൊടുത്തു".

അശ്വിനീദേവകൾ, ദേവവൈദ്യന്മാരായിരുന്നു.

www.malankaralibrary.com


# അധ്യായം III

## ഉപനിഷത്തുക്കൾ

ഗുരുവിൻെറ സമീപത്തിരുന്നു്, ഗുരു ഉപദേശിച്ചുകൊടുക്കുന്ന രഹസ്യമായ ബ്രഹ്മജ്ഞാനത്തെ, ശിഷ്യൻ സശ്രദ്ധം കേട്ടു് ഹൃദിസ്ഥമാക്കുന്നതിനെയാണു് ഉപനിഷത്തു് എന്ന പദം കൊണ്ടു് വിവക്ഷിക്കുന്നതു്. ഓരോ വേദത്തിൻെറയും ജ്ഞാനകാണ്ഡത്തിൻെറ വിശദീകരണമായി പല ഉപനിഷത്തുക്കൾ ഉണ്ടായിട്ടുണ്ടു്.

കാരണം തേടുകയാണു് ബുദ്ധിയുടെ സ്വഭാവം. ആത്മാന്വേഷണമാണു് ഉപനിഷത്തുക്കളുടെ മുഖ്യമായ വിഷയം.

ശ്വേതാശ്വതരോപനിഷത്തു് തുടങ്ങുന്നതു് ഇപ്രകാരമാണു്. "ബ്രഹ്മവാദികൾ പരസ്പരം ചോദിക്കുന്നു: എന്താണു കാരണം (*ഇക്കാണുന്നവയുടെയെല്ലാം*)? ബ്രഹ്മമാണോ? എവിടെ നിന്നാണു് നമ്മുടെ ഉത്ഭവം (*നാം എവിടെനിന്നു വരുന്നു?*) ആരുമൂലമാണു് നമ്മൾ ജീവിക്കുന്നതു് (*നിലനിൽക്കുന്നത?*) നമ്മുടെ അടിസ്ഥാനം (*അവസാന വിശ്രമസ്ഥലം*) എവിടെയാണു്? അല്ലയോ ബ്രഹ്മജ്ഞാനികളേ, ആരുടെ നിയമം അനുവർത്തിച്ചുകൊണ്ടാണു് സുഖദുഃഖങ്ങൾക്കു വിധേയരായ നമ്മൾ ജീവിക്കുന്നതു്? (*ശ്വേതാശ്വതരം I—1*).

അവർ ഇപ്രകാരം പ്രാർത്ഥിക്കുവാൻ തുടങ്ങി.

അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതംഗമയ

(*ബൃഹ. ഉ. I—3 –28*)

അർത്ഥം:— "അസത്തിൽ നിന്നു് എന്നെ സത്തിനെ പ്രാപിപ്പിച്ചാലും (*എന്നെ സത്യത്തിലേക്കാനയിച്ചാലും*). അന്ധകാരത്തിൽ നിന്നു് എന്നെ പ്രകാശത്തിലേയ്ക്കു് നയിച്ചാലും. മൃത്യുവിൽ നിന്നു് എന്നെ അമൃതത്തിലേക്കു് നയിച്ചാലും".

അസത്തു് എന്നു പറയുന്നതു് മൃത്യുവാകുന്നു. സത്തു് അമൃതമാകുന്നു".

www.malankaralibrary.com


ചുരുക്കത്തിൽ എന്നെ മരണമില്ലാത്തവനാക്കിത്തീർത്താലും എന്നാണ് ഇതിൻെറ അർത്ഥം.

ഈ പ്രപഞ്ചത്തിൻെറ നിയന്താവായ പരമാത്മാവിൻെറ സ്വരൂപലക്ഷണത്തെപ്പററി, അതു് അഗ്രാഹ്യവും അനിർവ്വചനീയവുമാകയാൽ അതിനേപ്പററി ഇപ്രകാരം പറഞ്ഞു: 'നേതി നേതി' ഇതല്ലാ, അതല്ലാ, ഇപ്രകാരമല്ല, അപ്രകാരമല്ല. *(ബൃഹ. ഉ. III—9—26)*

ആ പരമാത്മാവിനെ ബൃഹത്തായ, മഹത്തായ, സർവ്വ വ്യാപിയായ എന്നൊക്കെ അർത്ഥം വരുന്ന ബ്രഹ്മം എന്നു പേരു വിളിച്ചു. വലുതാകുക, വികസിക്കുക എന്നൊക്കെ അർത്ഥമുള്ള 'ബൃഹ്'' എന്ന ധാതുവിൽ നിന്നാണ് ബ്രഹ്മം എന്ന പദത്തിൻെറ ഉത്ഭവം.

ബ്രഹ്മൻ എന്ന പദം നപുംസകലിംഗമാണ്. എല്ലാററിൻെറയും പിന്നിലുള്ള സത്യം എന്ന നിലയിൽ ബ്രഹ്മത്തെ 'സത്യസ്യ സത്യം' — സത്യത്തിൻെറ സത്യം എന്നു വിളിച്ചു' *(ബൃഹ ഉ. II—1—20; II—3—6)*.

## ഉപനിഷത്തുകളിൽ നിന്നുള്ള ചില ഉദ്ധരണികൾ

1. ''സത്യം ജ്ഞാനം അനന്തം ബ്രഹ്മ'' — *(തൈത്തി. ഉ. II—1)* ബ്രഹ്മം സത്യമാണ്, ജ്ഞാനമാണ്, അനന്തമാണ്.

2. ബ്രഹ്മം ആനന്ദമാണ്. ആനന്ദം ബ്രഹ്മ — *(തൈത്തി. II—3)*.

3. 'പ്രജ്ഞാനം ബ്രഹ്മ'— ബ്രഹ്മം ശുദ്ധബോധമാകുന്നു. Pure Consciousness — *(ഐത. ഉ. 3:3; ബൃഹ. ഉ. IV—5—13)*.

4. അയം ആത്മ ബ്രഹ്മ — ഈ ആത്മാവു തന്നെ ബ്രഹ്മം. *(ഛാന്ദോ ഉ. III—14—1; ബൃഹ. ഉ. IV—4—5)*

5. 'ഏകം ഏവാ ദ്വിതീയം'— ഒന്നുമാത്രമേയുള്ളു; രണ്ടാമതൊന്നില്ല. *(ബ്രഹ്മം മാത്രമേയുള്ളൂ; അത് ഏകവും അദ്വിതീയവുമാണ്.*

   *(ഛാന്ദോ. ഉ. VI—2; ശ്വേതാ. ഉ III—9)*.

6. 'തത്ത്വമസി'— അതു നീയാകുന്നു *(ഛാന്ദോ VI—8—7)*

7. 'അഹം ബ്രഹ്മാസ്മി' — ഞാൻ ബ്രഹ്മമാകുന്നു *(ബൃഹ. ഉ. 1—4—10)*.

www.malankaralibrary.com



ഇവയിൽ 'പ്രജ്ഞാനം ബ്രഹ്മ', 'അയം ആത്മ ബ്രഹ്മ' ഇവ രണ്ടും മനന വാക്യങ്ങളെന്നും, 'തത്ത്വമസി' എന്നതു് ഉപദേശ വാക്യമെന്നും, 'അഹം ബ്രഹ്മാസ്മി' എന്നതു് അനുഭവ വാക്യമെന്നും പറയപ്പെടുന്നു. ഈ നാലു വാക്യങ്ങളും, നാലു മഹാവാക്യങ്ങൾ എന്ന പേരിൽ പ്രസിദ്ധങ്ങളാണ്.

8. സർവ്വം ഖലു ഇദം (*ഖല്വിദം*) ബ്രഹ്മ—എല്ലാം ബ്രഹ്മമാണ് (*ഛാന്ദോ. ഉ. III—14—1*).

9. 'ഈശാവാസ്യമിദം സർവ്വം'—സർവ്വവും ഈശ്വരനാൽ ആവാസിതമായിരിക്കുന്നു അഥവാ സർവ്വത്തിലും ഈശ്വരൻ ആവസിക്കുന്നു (*ഈശാ. ഉ. I—1*).

10. ഈ പ്രപഞ്ചം മുഴുവൻ ഈശ്വരഭവനമാണ് (*മധ്വാചാര്യൻ*).

ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ
(*ബൃഹ. ഉ. ശാന്തിപാഠം*)

അർത്ഥം:— അതു് (*ബ്രഹ്മം*) പൂർണ്ണമാണ്. ഇതു് (*പ്രപഞ്ചം, ആത്മാവു്*) പൂർണ്ണമാണ്. പൂർണ്ണത്തിൽ നിന്നു് പൂർണ്ണം (*സൃഷ്ടി*) ഉദിക്കുന്നു. പൂർണ്ണത്തിന്റെ (*പ്രപഞ്ചത്തിന്റെ*) പൂർണ്ണതയെ സ്വീകരിച്ചിട്ടു് പൂർണ്ണം (*ബ്രഹ്മം*) മാത്രം അവശേഷിക്കുന്നു.

*(ജീവാത്മാവു് പരമാത്മാവിന്റെ അംശംതന്നെയാണ്. എങ്കിലും അതുകൊണ്ട് ബ്രഹ്മന്റെ പൂർണ്ണതയ്ക്ക് യാതൊരു കോട്ടവും തട്ടുന്നില്ല. കാരണത്തിൽ എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കുന്നു.)*

11. "വിരജം ബ്രഹ്മ നിഷ്കലം-നിർമ്മലവും നിരവയവവും ആയ ബ്രഹ്മം" (*മുണ്ഡകം II—2—10*).

12. "വിജ്ഞാനം, ആനന്ദം ബ്രഹ്മ"-വിജ്ഞാനവും ആനന്ദവുമാകുന്ന ബ്രഹ്മം (*ബൃഹ. ഉ. III—9—28*).

13. "ആയം ആത്മാ അവിനാശീ വൈ അനുച്ഛിത്തി ധർമ്മാ"— ഈ ആത്മാവു മാററം വരാത്തതും ഒരിക്കലും

www.malankaralibrary.com



നാശമില്ലാത്ത (*അനശ്വരമായ*) സ്വഭാവത്തോടു കൂടിയതുമാകുന്നു (*ബൃഹ. ഉ. IV-5-14*).

14. "ബ്രഹ്മ സ്വയം ഭൂ"—ബ്രഹ്മം സ്വയം ഭൂവാകുന്നു (*ബൃഹ. ഉ. IV-6—2*).

15. "അശബ്ദമസ്പർശമരൂപമവ്യയം—" ബ്രഹ്മം അസ്പർശവും, അശബ്ദവും. അരൂപവും, അരസവും, അഗന്ധവും, നിത്യവും, അനാദിയും, അനന്തവും മഹത്തരമായതിനേക്കാൾ ഉപരിയും ലക്ഷണ രഹിതവുമാകുന്നു"— (*കഠോ. ഉ. III—5*)

16. "വാസ്തവത്തിൽ ദേവന്മാർ മുപ്പത്തിമൂന്നേ ഉള്ള " വസുക്കൾ എട്ട്, രുദ്രന്മാർ പതിനൊന്ന്, ആദിത്യന്മാർ പന്ത്രണ്ട് ഇങ്ങനെ മുപ്പത്തിഒന്ന്. ഇന്ദ്രനും പ്രജാപതിയും കൂടി മുപ്പത്തിമൂന്ന്" (*ബൃഹ. ഉ. III 9-2*).

17. "ഒരു ദേവൻ ആരാകുന്നു? (*ചോദ്യം*) പ്രാണൻ തന്നെ. അതു ബ്രഹ്മമാകുന്നു. അതിനെ 'ത്യത്" എന്നു പറയുന്നു" (ഉത്തരം) (*ബൃഹ. ഉ. III—9—7*)

18. "ദേവന്മാരിൽ പ്രഥമനായി ബ്രഹ്മാവു് ആവിർഭവിച്ചു". (*മുണ്ഡകം— I-7*).

19. "എട്ടുകാലി തന്നിൽനിന്നു തന്നെ നൂൽ പുറപ്പെടുത്തുകയും പിന്നീട് തന്നിലേക്കുതന്നെ വലിക്കപ്പെടുകയും ചെയ്യുന്നതുപോലെ .. ....ജീവിച്ചിരിക്കുന്ന മനുഷ്യനിൽ നിന്നു് തലമുടിയും രോമവും വളരുന്നതുപോലെ അക്ഷര ബ്രഹ്മത്തിൽനിന്നു് ഈ വിശ്വം മുഴുവൻ ഉത്ഭവിച്ചിരിക്കുന്നു" (*മുണ്ഡകം 1—7*).

20. "തപസ്സുമൂലം ബ്രഹ്മം വികസിക്കുന്നു. ബ്രഹ്മത്തിൽ നിന്നു് അപ്പോൾ ഭക്ഷണം ഉണ്ടാകുന്നു. ഭക്ഷണത്തിൽ നിന്നു് പ്രാണനും മനസ്സും സത്യവും (*പഞ്ചഭൂതങ്ങളും*) ഉണ്ടാകുന്നു" (*മുണ്ഡകം. I-8*).

21. "അവിടെ പരബ്രഹ്മത്തിന്റെ മുമ്പിൽ സൂര്യനോ ചന്ദ്രനോ നക്ഷത്രങ്ങളോ പ്രകാശിക്കുന്നില്ല.......സ്വയംപ്രകാശമായ അവിടുത്തെ പ്രകാശത്താലാണു് സർവ്വതും പ്രകാശിക്കുന്നതു്; സർവ്വതിന്റെയും പ്രകാശം അവിടുത്തെ പ്രകാശം തന്നെയാണു്" (*മുണ്ഡകം II—രണ്ടാം ഭാഗം II*).

www.malankaralibrary.com



22. "സത്യമേവ ജയതേ"–സത്യം മാത്രം വിജയിക്കും" (*മുണ്ഡകം III—6*).

23. "........മനുഷ്യന്റെ മനസ്സ് നിർമ്മലമാകുമ്പോൾ പരമാത്മാവ് ആ മനോദർപ്പണത്തിൽ പ്രതിഫലിക്കും" (*മുണ്ഡകം III—9*).

24. "പരമാത്മാവ് ആരെ തിരഞ്ഞെടുക്കുന്നുവോ ആ മനുഷ്യൻ പരമാത്മാവിനെ പ്രാപിക്കുന്നു. പരമാത്മാവ് ആ മനുഷ്യനു സ്വയം ആവിഷ്കരിക്കുകയും ചെയ്യുന്നു" (*മുണ്ഡകം III- B. 3*)

25. "നദികൾ ഒഴുകിച്ചെന്നു സമുദ്രത്തിൽ ചേർന്നു, നാമരൂപങ്ങൾ (*സ്വ വ്യക്തിത്വം*) ത്യജിച്ച് സമുദ്രവുമായി ഒന്നായിത്തീരുന്നതു് പോലെ ബ്രഹ്മജ്ഞാനിയായ യോഗി, നാമരൂപവിമുക്തനായി (*സ്വന്തം വ്യക്തിത്വം അസ്തമിച്ചു്*) ദിവ്യ പുരുഷനായ പരമാത്മാവിൽ ലയിക്കുന്നു' (*III—B. 8*).

26. "........ആ ദൈവമാണ്, കാലം മുതൽ ആത്മാവ് വരെയുള്ള സകലത്തിന്റെയും കാരണവും അധിനായകനും" (*ശ്വേതാശ്വതര ഉ. I—3*)

27. "........സത് പ്രവൃത്തികൾക്ക് പ്രചോദനം നൽകുന്നതു് അവിടുന്നാണ്"—'സത്വസ്യ പ്രവർത്തക". (*ശ്വേതാ ഉ I—12*)

28. "........ ഈ വിശ്വത്തെ മുഴുവനെയും, നമ്മെ എല്ലാവരെയും, ആ മായാവി (*അത്ഭുതശക്തിയുള്ളവൻ*) സൃഷ്ടിച്ചിരിക്കുന്നു. ആ മായാവിയിൽ നിന്നു അന്യനായ മനുഷ്യാത്മാവ്, മായയിൽ കുരുങ്ങി ആ മായാവിയിൽത്തന്നെ കഴിഞ്ഞുകൂടുന്നു'. (*ശ്വേതാ ഉ. IV—9*)

29. "പരമാത്മാവായ ദൈവത്തിനു ദൃശ്യരൂപമില്ല; കണ്ണു കൊണ്ടു് അവിടുത്തെ ആർക്കും കാണാൻ കഴിയുകയില്ല എങ്കിലും ഹൃദിസ്ഥനായ അവിടുത്തെ ഹൃദയം കൊണ്ടും മനസ്സുകൊണ്ടും ദർശിക്കാം' (*ശ്വേതാ ഉ. IV—20*)

30. "....... മനുഷ്യാത്മാവ്, അനന്ത ജീവിതത്തിനു വേണ്ടി കല്പിക്കപ്പെട്ടിരിക്കുന്നതാണ്" (*ശ്വേതാ. ഉ. V—9*).

31. "... ... ആത്മ ശരീരങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതു, ഈശ്വരനാണ്........" (*ശ്വേതാ ഉ. V—12*)

www.malankaralibrary.com



32. "അവിടുത്തെ കല്പനയനുസരിച്ചാണ് അവിടുത്തെ പ്രവൃത്തിയായ ഈ പ്രപഞ്ചം കറങ്ങിക്കൊണ്ടിരിക്കുന്നത്" (*ശ്വേതാ ഉ. VI—2*).

33. "... ...ദൈവത്തെ നമുക്ക് ദർശിക്കാൻ കഴിയും. അതിനു വേണ്ടി.......ആ ദൈവത്തെ ആദ്യം നമ്മൾ ഭക്തിപൂർവ്വം ആരാധിക്കേണ്ടിയിരിക്കുന്നു" (*ശ്വേതാ ഉ. VI—5*).

34. "സർവ ചരാചരങ്ങളിലും നിഗൂഢനായി വർത്തിക്കുന്ന ദൈവം ഏകനാകുന്നു. സർവവ്യാപിയായ അവിടുന്ന് സർവഭൂതങ്ങളുടെയും അന്തരാത്മാവാണ്" (*ശ്വേതാ-ഉ. VI—11*).

35. "അവിടെ (*ദൈവ സന്നിധിയിൽ*) സൂര്യൻ നിഷ്പ്രഭമാണ്———സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിൻെറ പ്രകാശമേററുകൊണ്ടാണ് മററെല്ലാം പ്രകാശിക്കുന്നത്" (*ശ്വേതാ-ഉ. VI—14*).

36. "സർവേശ്വരൻ ആദിയിൽ ബ്രഹ്മാവിനെ സൃഷ്ടിച്ചു...." (*ശ്വേതാ-ഉ. VI 18*).

37. "ഈശാവാസ്യം ഇദം സർവം........"
ഇക്കാണുന്നതു മുഴുവൻ (*പ്രപഞ്ചം മുഴുവനും*) ഈശ്വരനാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു (*ആവസിക്കപ്പെട്ടിരിക്കുന്നു*).......ആരുടെയും ധനം മോഹിക്കരുത്" (*ഈശ. ഉ. I - 1*)

38. "........അവിടുന്ന് സ്വയംഭൂവാണ്. വസ്തുക്കൾക്കെല്ലാം അവയുടെ ധർമ്മം ശാശ്വത സംവത്സരങ്ങളിലേക്ക് അവിടുന്ന് സമുചിതമായി നിശ്ചയിച്ചു കൊടുത്തിരിക്കുന്നു" (*ഈശ. ഉ. 8*).

39. "ഒന്നിനേയും വിദ്വാൻ ഭയപ്പെടുന്നില്ല; എന്തു നന്മ ഞാൻ ചെയ്തു, എന്തു തിന്മ ചെയ്തു എന്ന വിചാരം അയാളെ തപിക്കുന്നില്ല" (*തൈത്തി. ഉപ. II 9 1*).

40. "ഇവിടെ ഉണ്ടായിട്ടുള്ളതെല്ലാം ഏതൊന്നിൽനിന്നാണോ ഉത്ഭവിച്ചിട്ടുള്ളത്, ഏതൊന്നിൽ അവ സ്ഥിതിചെയ്യുന്നുവോ, ഏതൊന്നിലേയ്ക്കാണോ അവസാനം എല്ലാം ചെന്നുചേരുന്നത്, അതിനെ അറിയണം; അതാണ് ബ്രഹ്മം' (*തൈത്തി. ഉപ. III—1 1*).

www.malankaralibrary.com



41. "കർമ്മങ്ങളിലൂടെ കൈയ്യടക്കുന്ന ഫലങ്ങൾ ഈ ലോകത്തിൽ എങ്ങനെ ക്ഷയിക്കുന്നുവോ, അങ്ങനെ പുണ്യങ്ങൾ ആ ലോകത്തിലും നശിക്കുന്നു" (*ഛാ. ഉ. 8—1—6*). അതായത് ഇഹത്തിലും പരത്തിലും കമ്മഫലം വേണ്ടെന്നു വയ്ക്കണം.

42. "ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മം തന്നെ ആയത്തീരുന്നു' (*മുണ്ഡ. ഉപ. 3—2 9*).

43. "കർമ്മഫലം അനുഭവിക്കുന്നവർ രണ്ടുപേരാണ്—ജീവാത്മാവും പരമാത്മാവും" (*കഠോ. ഉപ. 1—2—1*).

44. "നൈവേഹ കിഞ്ചനാഗ്ര ആസീത്, മൃത്യു നൈവേദമാവൃതമാസീത്........" (*ബൃഹ. ഉപ. 1—2—1*).

അർത്ഥം:— സൃഷ്ടിക്കുമുമ്പ് (*ആദിയിൽ*) ഇവിടെ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇതു് വിശപ്പാകുന്ന മൃത്യുവിനാൽ ആവൃതമായിരുന്നു. വിശപ്പുതന്നെയാണല്ലോ മൃത്യു എന്നു പറയുന്നതു്. ആ മൃത്യു സ്വസത്തയോടു കൂടിയവനായിത്തീരണമെന്നു വിചാരിച്ചു് മനസ്സിനെ സൃഷ്ടിച്ചു........".

"ബൃഹദാരണ്യകോപനിഷത്തു്" ഒന്നാം വാല്യം 119-ാം പുറത്തു് സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "ബൃഹദാരണ്യകോപനിഷത്തു് അതിന്റെ ഒന്നാം അധ്യായം ആദ്യ മന്ത്രം തുടങ്ങുമ്പോൾ മുതൽ ഒരു കാര്യം വ്യക്തമാക്കുന്നുണ്ടു്. മററു മതഗ്രന്ഥങ്ങളിൽ പറയുന്നതുപോലെ സ്രഷ്ടാവായ ഒരീശ്വരനേയോ, ആ ഈശ്വരന്റെ അത്ഭുതകരമായ ക്രിയാശക്തിയേയോ എടുത്തുകാണിച്ചുകൊണ്ടല്ല, ലോകോല്പത്തിയെപ്പററി പറയുന്നതു്".

വീണ്ടും 235-ാം പുറത്തു് ഇപ്രകാരം പറയുന്നു: "ഈശ്വരീയമെന്നോ ദൈവീകമെന്നോ അമരത്വമെന്നോ പറയാവുന്ന ഗുണവിശേഷങ്ങളോ ശക്തിയോ ഇല്ലാത്ത ഒരു ആവിർഭാവത്തിൽ നിന്നു് ഈ ലോകോല്പത്തിയുടെ കാരണം തികച്ചും പ്രാകൃതമായ രീതിയിൽ സംഭവിക്കുന്നു........ ആദ്യകാരണം ഈശ്വരീയമോ ദിവ്യമോ അല്ലെന്നു മാത്രമല്ല, അതു് മർത്ത്യവും കൂടിയാണു്".

45. "മുമ്പ് ഇതു് (*ഈ ജഗത്തായി വികസിക്കുന്നതിനു മുമ്പ്*) ആത്മാവുതന്നെയായിരുന്നു; പുരുഷ രൂപത്തിലായിരുന്നു' (*ബൃഹ. ഉപ. 1—4—1*).

www.malankaralibrary.com



# അധ്യായം IV

## ഷഡ് ദർശനങ്ങൾ

വേദത്തെ പല വിധത്തിൽ വ്യാഖ്യാനിച്ചതിന്റെ ഫലമായി ആറ് വ്യത്യസ്ത ദർശനങ്ങൾ (Philosophical Systems) ഉളവായി. അവ താഴെ പറയുന്നവയാണ്.

| | | | |
|---|---|---|---|
| 1. | ന്യായം | സ്ഥാപകൻ | ഗൗതമൻ |
| 2. | വൈശേഷികം | ,, | കണാദൻ |
| 3. | സാംഖ്യം | ,, | കപിലൻ |
| 4. | യോഗം | ,, | പതഞ്ജലി |
| 5. | പൂർവ്വമീമാംസ | ,, | ജൈമിനി |
| 6. | ഉത്തരമീമാംസ (വേദാന്തം) | ,, | ബാദരായണൻ |

## I—ന്യായം

ഒരു വിഷയത്തെപ്പററി വിശകലനം ചെയ്ത് അന്വേഷിക്കുന്നതാണ് ന്യായം. ആദ്യമായി ചർച്ചചെയ്യുന്ന വിഷയം പ്രമാണമാണ്. മനസ്സ് ജ്ഞാനത്തിലേക്ക വരുന്ന വിവിധ പ്രക്രിയകളെപ്പററിയാണ് ആദ്യം പ്രതിപാദിക്കുന്നത്. 1) പ്രത്യക്ഷാനുഭവം –പഞ്ചേന്ദ്രിയങ്ങളിൽക്കൂടിയുള്ള അറിവ് 2) അനുമാനം 3) ഉപമാനം—താരതമ്യം 4) ശബ്ദം—വിശ്വസനീയമായ സാക്ഷ്യം; പ്രധാനമായും ശ്രുതിയിൽ (*വേദത്തിൽ*) പറഞ്ഞിരിക്കുന്ന കാര്യങ്ങൾ.

അനുമാനം അഞ്ചു അവയവങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. 1) പ്രതിജ്ഞ (*പ്രസ്താവന*) 2) ഹേതു 3) ഉദാഹരണം 4) ഉപനയം 5) നിഗമനം.

ന്യായത്തിലെ അടുത്ത വിഷയം പ്രമേയം ആണ്. അതായത് ഏതെല്ലാം വിഷയങ്ങളെപ്പററിയാണ് ശരിയായിട്ടുള്ള അറിവ് ലഭിക്കേണ്ടത്? അവ 12 വിഷയങ്ങളെപ്പററിയാണ്. 1) ആത്മാവ് 2) ശരീരം 3) ഇന്ദ്രിയങ്ങൾ 4) ഇന്ദ്രിയവിഷയങ്ങൾ - അർത്ഥം 5) ബുദ്ധി 6) മനസ്സ് 7) പ്രവൃത്തി 8) ദോഷം 9) പ്രത്യഭാവ അഥവാ പുനർജന്മം 10) ഫലം 11) ദുഃഖം 12) അപാവർഗ്ഗ—വിമോചനം.

www.malankaralibrary.com



തെററായിട്ടുള്ള ധാരണകളിൽനിന്ന് തെററായിട്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുന്നു. തെററായിട്ടുള്ള പ്രവർത്തികളുടെ ഫലമായി, ശിക്ഷയായി, പുനർജന്മങ്ങളുടെ ഒരു പരമ്പര തന്നെ ഉണ്ടാകുന്നു. ഇങ്ങനെയുള്ള ജനനത്തോടുകൂടി ദുഃഖവും ഉണ്ടാകുന്നു. തെററായിട്ടുള്ള ധാരണകളെ മാററുകയാണ് ദുഃഖ നിവാരണത്തിനുള്ള മാർഗ്ഗം.

**വൈശേഷികം**

ഇതു് ന്യായദർശനത്തിൻെറ ഒരു വിപുലീകരണമെന്ന് പറയാം. ഇതു് അതിൻെറ അന്വേഷണം ആരംഭിക്കുന്നതു് ഏഴുതരത്തിലുള്ള പദാർത്ഥങ്ങളെ തരംതിരിച്ചുകൊണ്ടാണ്. അവ താഴെപറയുന്നവയാണ്. 1) ദ്രവ്യം (Substance) 2) ഗുണം 3) കർമ്മൻ-ക്രിയ 4) സാമാന്യം-പൊതുവായിട്ടുള്ളവ 5) വിശേഷം-പ്രത്യേകമായിട്ടുള്ളതു് 6) സമവായ-സ്വയസംബന്ധമായ 7) അഭാവം.

കണാദൻ ആദ്യത്തെ ആറു മാത്രമേ പറഞ്ഞിട്ടുള്ളു. ഏഴാമത്തേതു പിന്നീടു് ആരോ കൂട്ടിച്ചേർത്തതാണ്. അഭാവത്തിന്ന് ഉണ്മയുണ്ടെന്നു് പറയുന്നതാണ് ഏററവും വലിയ വൈരുദ്ധ്യം.

അണുക്കളുടെ (atoms) കൂടിച്ചേരൽ കൊണ്ടാണ് ഈ പ്രപഞ്ചം ഉത്ഭവിച്ചിട്ടുള്ളതു് എന്നുപറയുന്നു. അവയ്ക്കു് കാരണ കാരണമൊന്നുമില്ല. അവ അനാദികാലം മുതലുള്ളതാണ്. അണുക്കളെപ്പോലെ തന്നെ ആത്മാക്കളും അനാദിമുതലുള്ളതാണ്. ആത്മാക്കൾ സർവ്വവ്യാപിയുമാണ്. ആത്മാവും ജഡവും തമ്മിലുള്ള ബന്ധത്തെപ്പററി ഇവിടെ ഒന്നും പറയുന്നില്ല.

കാലക്രമത്തിൽ വൈശേഷികവും ന്യായവും കൂടി ന്യായ ദർശനമായി പരിണമിച്ചു.

ബുദ്ധിക്കതീതമായ വിഷയങ്ങൾ ന്യായ ദർശനത്തിൽ പ്രതിപാദിച്ചിട്ടില്ല.

**സാംഖ്യം**

ആദ്യം രൂപംകൊണ്ടതു് സാംഖ്യദർശനമാകാനാണ് സാദ്ധ്യത. സാംഖ്യ ദ്വൈതവാദിയാണ്. അശുദ്ധമായ പദാർത്ഥമോ, ശരീരമോ ശുദ്ധമായ ആത്മാവിൽനിന്നു് ഉത്ഭവിക്കാൻ സാധിക്കയില്ലാ എന്നു പ്രസ്താവിക്കുന്നു. ഇല്ലായ്മയിൽ നിന്നും

www.malankaralibrary.com



എന്തെങ്കിലും പുറപ്പെടുവിക്കാനും സാധിക്കയില്ല. ഇതു് പരിണാമവാദം അംഗീകരിക്കുന്നു. നേരത്തെ ഉള്ള ഒന്നിൽനിന്നും വേറൊന്നു് പരിണമിച്ചുവരുവാൻ സാധിക്കുമെന്നു പറയുന്നു. ഉദാഹരണമായി പാലിൽനിന്നു് തൈരു് ഉണ്ടാകുന്നു.

ശരീരവും ആത്മാവും (*ചൈതന്യം*) എന്ന രണ്ടു വ്യത്യസ്ത ഘടകങ്ങൾ ഉണ്ടു് എന്ന തത്ത്വത്തിൻെറ അടിസ്ഥാനത്തിലാണു് സാംഖ്യദർശനം രൂപംകൊണ്ടതു്. മൂർത്തവും ചൈതന്യരഹിതവുമായ പ്രപഞ്ചത്തെ പ്രകൃതിയെന്നു് വിളിച്ചു. അമൂർത്തമായ ചൈതന്യത്തെ പുരുഷനെന്നും വിളിച്ചു.

പ്രകൃതി അനാദിയായിട്ടുള്ളതാണു്. അതിനെ അമൂലമൂലം (*മൂലമില്ലാത്തമൂലം*) എന്നാണു് കപിലൻ വിശേഷിപ്പിക്കുന്നതു്. പ്രകൃതിയാണു് ദൃശ്യവസ്തുക്കളുടെയെല്ലാം ഉത്ഭവം അഥവാ കാരണം.

പ്രകൃതിയെപ്പോലെതന്നെ പുരുഷൻ അഥവാ ആത്മാവും അനാദ്യന്തനാണു്. പ്രകൃതിയുമായുള്ള ബന്ധനത്തിൽനിന്നും ആത്മാവിനെ മോചിപ്പിക്കുകയാണു് സാംഖ്യത്തിൻെറലക്ഷ്യം. അതിനു മൂന്നു മാർഗ്ഗങ്ങളാണുള്ളതു്—ദൃഷ്ടം (*അഥവാ പ്രത്യക്ഷം*), അനുമാനം, ആപ്തവചനം. ദൃഷ്ടം എന്നുപറഞ്ഞാൽ ഇന്ദ്രിയങ്ങൾ വഴിയായുള്ള അറിവു് (Perception); ആപ്തവചനം എന്നുപറഞ്ഞാൽ വിശ്വസനീയമായ സാക്ഷ്യം (testimony).

മഹാഭൂതങ്ങൾ അഥവാ പഞ്ചഭൂതങ്ങൾ താഴെ പറയുന്നവയാണു്. 1) ആകാശം 2) വായു 3) അഗ്നി 4) ജലം 5) പൃഥ്വി (*ഭൂമി*).

സാംഖ്യദർശനം അനുസരിച്ചു്, പ്രകൃതിക്കു് സത്ത്വം, രജസ്സു്, തമസ്സു് എന്നീ മൂന്നു ഗുണങ്ങൾ ഉണ്ടു്. തമസ്സു് എന്നു പറഞ്ഞാൽ അന്ധകാരം, അജ്ഞത എന്നൊക്കെ അർത്ഥം. ഈ ത്രിവിധ നൂലുകളാൽ ആത്മാവു ബന്ധിതമായിരിക്കുകയാണു്.

ഈ പ്രപഞ്ചം മുഴുവനും പ്രകൃതിയിൽനിന്നും പരിണമിച്ചിട്ടുള്ളതാണു്. ആത്മാവു് അതിൽ തന്നെ നിർഗ്ഗുണനാണു്.

ഓരോ ആത്മാവും സത്താപരമായി ഒരുപോലെയാണു്. നിരവധി ആത്മാക്കളുടെ വ്യതിരിക്തമായ അസ്തിത്വ പ്രഖ്യാപനമാണു് ഇതിനെ വേദാന്തത്തിൽനിന്നും വേർതിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം.

www.malankaralibrary.com



സൃഷ്ടിയെല്ലാം പുരുഷനുമായി ബന്ധപ്പെടാതെ പ്രകൃതിയുടെ പ്രവർത്തനഫലമായതുകൊണ്ട്, ഒരു ഈശ്വരനേപ്പററി (*സൃഷ്ടാവിനേപ്പററി*) ചിന്തിക്കേണ്ടതില്ല. സാംഖ്യദർശനത്തിൽ ബുദ്ധിക്ക് വളരെയധികം പ്രാധാന്യം നല്കിയിരിക്കുന്നു.

നിർഗ്ഗുണനായ പുരുഷനിൽനിന്നും അഥവാ ഈശ്വരനിൽനിന്നും ത്രിഗുണാത്മകമായ പ്രപഞ്ചം ഉണ്ടാവുക സാദ്ധ്യമല്ല. 92_ാമത്തെ സൂത്രത്തിൽ കപിലൻ ഈശ്വരൻെറ അസ്തിത്വം തന്നെ നിഷേധിക്കുന്നു. എല്ലാ ജീവജാലങ്ങളിലും അന്തര്യാമിയായിരുന്ന് അവയെയെല്ലാം പ്രചോദിപ്പിക്കുന്നത് പുരുഷനാണ്.

പ്രകൃതിയേയും പുരുഷനേയുംപററി ഭഗവദ്ഗീതയിലും പരാമർശിച്ചിട്ടുണ്ട്. ഗീത 13_ാം അധ്യായം 19_ാം ശ്ലോകം ഇപ്രകാരമാണ്: ''പ്രകൃതിയേയും പുരുഷനേയും ഇവ രണ്ടിനെയും അനാദിയെന്ന് അറിഞ്ഞാലും വികാരങ്ങളെയും ഗുണങ്ങളെയും പ്രകൃതിയിൽനിന്ന് ഉണ്ടായവയെന്ന് അറിഞ്ഞാലും''.

**യോഗ**

ജീവാത്മാവ് പരമാത്മാവിനെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗത്തെ പഠിപ്പിക്കുകയാണ് യോഗത്തിൻെറ ഉദ്ദേശം. വൈരാഗ്യം ശീലിച്ചുകൊണ്ട് മനസ്സിനെ ഏകാഗ്രമാക്കി ധ്യാനത്തിനും, സമാധിക്കും ഒരുക്കുകയാണ് ചെയ്യുന്നത്. വൈരാഗ്യം എന്നു പറയുന്നത് ആസക്തികളെ നിയന്ത്രിക്കുകയോ, നിഗ്രഹിക്കുകയോ ആണ്. ശാരീരികവും മാനസികവുമായ ശക്തികളെ നിയന്ത്രിച്ചുകൊണ്ടാണ് അത് സാധിക്കേണ്ടത്.

ബി. സി. രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന പതഞ്ജലിയുടെ യോഗസൂത്രങ്ങളാണ് അതിൻെറ അടിസ്ഥാനപ്രമാണമായി സ്വീകരിച്ചിട്ടുള്ളത്. ഏ. ഡി. ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന വ്യാസൻ അതിന് ഭാഷ്യം എഴുതിയിട്ടുണ്ട്.

ശാരീരികമായ അഭ്യാസങ്ങൾക്ക് ഹഠയോഗമെന്നും, മാനസികമായ (*ആത്മീയമായ*) പ്രയത്നങ്ങൾക്ക് രാജയോഗമെന്നും പറയുന്നു. തപസ്സ്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം എന്നിവയ്ക്ക് ക്രിയായോഗം എന്നു പറയുന്നു.

ആദ്യകാലങ്ങളിൽ ഇതു തപസ്സുമായി ബന്ധപ്പെട്ടതായിരുന്നു. യോഗ, ചിത്തവൃത്തി നിരോധനമായി കരുതപ്പെടുന്നു. സാംഖ്യത്തിലെപ്പോലെ മനുഷ്യനിൽ, പുരുഷൻ പ്രകൃതി

www.malankaralibrary.com



എന്നീ രണ്ടു ഘടകങ്ങൾ ഉള്ളതായി പറയുന്നു. പുരുഷൻ പ്രകൃതിയുമായുള്ള ബന്ധത്തിൽനിന്നും മുക്തി പ്രാപിച്ച് സ്വയം പ്രകാശിക്കണം.

യോഗ പരിശീലനം എട്ടുകാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു:— യമം, നിയമം (*അനുഷ്ഠാനങ്ങൾ*), ആസനം, പ്രാണായാമം, പ്രത്യഹാരം (*ഇന്ദ്രിയങ്ങളുടെ നിയന്ത്രണം*), ധാരണ (*മനസ്സിന്റെ ഏകാഗ്രത*), ധ്യാനം, സമാധി എന്നിവയാണ്. യമം എന്നു പറഞ്ഞാൽ, അഹിംസ, സത്യം, അസ്തേയം (*മോഷ്ടിക്കാതിരിക്കുക*), ബ്രഹ്മചര്യം, അപരിഗ്രഹ (*ദ്രവ്യാഗ്രഹം, കളവ്, വഞ്ചന ഇല്ലാതിരിക്കുക*) ഇവ ശീലിക്കുകയാണ്. ഈ വ്രതങ്ങൾ എല്ലാ യോഗികളും അനുഷ്ഠിക്കേണ്ടതാണ്. ഇവ യമധർമ്മങ്ങളാകുന്നു.

സമാധിയിൽ എല്ലാ മാനസിക പ്രവർത്തനങ്ങളും നിത്തലാക്കപ്പെടുന്നു. സമാധിയിൽ എത്തിച്ചേരുമ്പോൾ എല്ലാ ക്ലേശങ്ങളിൽനിന്നും മുക്തി പ്രാപിക്കുന്നു. ക്ലേശങ്ങളുടെ കാരണങ്ങൾ അവിദ്യ അസ്മിത (*ഞാൻ എന്ന ഭാവം*) ദ്വേഷം, അഭിനിവേശം എന്നിവയാണ്.

ഭഗവദ്ഗീത രണ്ടാം അധ്യായം 48-ാം ശ്ലോകത്തിൽ അസംഗനായി കർമ്മം ചെയ്യുന്നതു് യോഗസ്ഥന്റെ ലക്ഷണമാണെന്നും, സിദ്ധമായതിലും അസിദ്ധമായതിലും സമബുദ്ധി അഥവാ സമഭാവന ഉണ്ടായിരിക്കുന്നതാണ് യോഗമെന്നും പറയുന്നു.

കാലക്രമത്തിൽ സാംഖ്യയും യോഗവും കൂടി യോഗദർശനമായി പരിണമിച്ചു.

## പൂർവ്വമീമാംസ

പൂർവ്വമീമാംസ വേദത്തിന്റെ കർമ്മകാണ്ഡത്തെ വ്യവസ്ഥപ്പെടുത്തുന്നതിനാൽ കർമ്മമീമാംസ എന്നും വിളിക്കപ്പെടുന്നു. മീമാംസ എന്നുവച്ചാൽ ഗഹനമായ മനനം അഥവാ ചിന്ത എന്നർത്ഥം. ജൈമിനിയാണ് ഇതിന്റെ സ്ഥാപകൻ.

വേദാർത്ഥവിചാരം എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: ''ഇഷ്ടാനിഷ്ടപ്രാപ്തി പരിഹാരമാർഗ്ഗങ്ങൾ, പ്രവൃത്തിമാർഗ്ഗവും, നിവൃത്തിമാർഗ്ഗവും (*ജ്ഞാനമാർഗ്ഗവും*) ആകുന്നു. പ്രവൃത്തിമാർഗ്ഗപരമായ വേദാർത്ഥചിന്ത പൂർവ്വമീമാംസയിലും, നിവൃത്തിമാർഗ്ഗപരമായ വേദാർത്ഥചിന്ത

www.malankaralibrary.com



ഉത്തരമീമാംസയിലും ചെയ്യുന്നു. പൂർവ്വോത്തരമീമാംസകളെ മീമാംസ എന്നും വേദാന്തം എന്നും യഥാക്രമം പറയാറുണ്ട് (ടി ഗ്രന്ഥം പുറം. 75).

വേദങ്ങൾ മാത്രമാണ് മുഖ്യ പ്രമാണമെന്ന് മീമാംസകർ പറയുന്നു.

'വേദാർത്ഥവിചാരം' എന്ന ഗ്രന്ഥം 77-ാം പുറത്ത് ഇപ്രകാരം പറയുന്നു: "യാഗകർത്തൃത്വം സ്ത്രീക്കോ പുരുഷനോ പ്രത്യേകമില്ല; ദമ്പതിമാരിലാണ് ആ കർത്തൃത്വം സ്ഥിതി ചെയ്യുന്നത്. സ്ത്രീയും പുരുഷനും ഓരോ അർദ്ധങ്ങളാണെന്നും അവ രണ്ടും ചേർന്നാലേ ഒരു പൂർണ്ണ വ്യക്തി ആവുകയുള്ളു എന്നുമാണ് പൂർവ്വമീമാംസാ സിദ്ധാന്തം". വീണ്ടും ടി ഗ്രന്ഥം, 78-ാം പുറത്ത് ഇപ്രകാരം പറയുന്നു: "അതിപ്രധാനമായി പൂർവ്വമീമാംസയിൽ വേറൊരു സിദ്ധാന്തമുണ്ട്. ശുഭഫലത്തേയോ അശുഭഫലത്തേയോ പ്രാണികൾ അനുഭവിക്കുന്നത് അവരവരുടെ പ്രവൃത്തിമൂലമാണ്. അതല്ലാതെ ഈശ്വരദത്തങ്ങളല്ല അവ. ഈശ്വരൻ ഫലപ്രദനല്ല; കർമ്മം മാത്രമാണ് ഫലദാതാവ്. കർമ്മഭാഗമായ വേദത്തിലെ സിദ്ധാന്തം ഇതാകുന്നു. ഈശ്വരൻ ഉണ്ടോ, ഉണ്ടെങ്കിൽ സഗുണനോ നിർഗ്ഗുണനോ ഇത്യാദി ചിന്തകൾ നിരർത്ഥങ്ങളാണ്. കർമ്മം ചെയ്താൽ അവശ്യം ഫലമുണ്ടാകും എന്നാണ് കർമ്മകാണ്ഡം പറയുന്നത്. ഈ അഭിപ്രായത്തെ അവലംബിച്ചാണ് മററുള്ള ദർശനങ്ങളിൽ നിന്ന് മീമാംസയ്ക്കുള്ള പ്രത്യേകത നിലനില്ക്കുന്നത്.

ബാലഗംഗാധരതിലകൻ ഗീതാരഹസ്യങ്ങളിൽ യാതൊരു സിദ്ധാന്തത്തെ സ്ഥാപിച്ചുവോ ആ സിദ്ധാന്തം വാസ്തവത്തിൽ പൂർവ്വമീമാംസാ സിദ്ധാന്തമാകുന്നു. ഗീതയിൽ ആത്മസ്വരൂപം, ആത്മജ്ഞാനത്തിനുള്ള ഇതെല്ലാം കാണിച്ചത് ആത്മജ്ഞാനം സമ്പാദിച്ച് ലോക ഹിതങ്ങളായ കർമ്മങ്ങളെ ചെയ്യാറാവുന്നതിനാണ്. പക്ഷപാതം, ഫലത്തിൽ ആഗ്രഹം ഇവയൊന്നും കൂടാതെ കർമ്മത്തിനുവേണ്ടി കർമ്മം ചെയ്യുക എന്നുള്ളത് ആത്മജ്ഞാനിക്കു മാത്രമേ സാധിക്കുകയുള്ളു. ലോകോദ്ധാരണാർത്ഥം ആത്മജ്ഞാനികളെ പ്രവൃത്തികളിൽ ഏർപ്പെടുത്തുകയാണ് ഗീതയുടെ ഉദ്ദേശം എന്നാണ് ആ മഹാശയൻ അഭിപ്രായപ്പെട്ടിട്ടുള്ളത്........ഉപനിഷത്തു മുതലായ ജ്ഞാനകാണ്ഡം നിവൃത്തിപരമാണെന്നാണ് വച്ചിട്ടുള്ളത്. എന്നാൽ ജൈമിനിയുടെ അഭിപ്രായം അതല്ല. ഈ ജന്മത്തിലോ അടുത്ത

www.malankaralibrary.com



ജന്മങ്ങളിലോ നന്മകളുണ്ടാകും എന്ന വിശ്വാസത്തോടുകൂടി കർമ്മം ചെയ്യണമെങ്കിൽ നിത്യമായ ആത്മാവുണ്ടെന്ന ബോധം വരേണം. അനശ്വരമായ ആത്മാവുണ്ടെന്നു് സ്ഥാപിക്കയാണു് ഉപനിഷത്തു മുതലായ ജ്ഞാനകാണ്ഡം കൊണ്ടു് ചെയ്യുന്നതു്; അതല്ലാതെ അതു നിവൃത്തിപരമല്ല. ഇതാണു് പൂവ്വ മീമാംസാ സിദ്ധാന്തം. ന്യായം മുതലായ മററു ദർശനങ്ങളെല്ലാം ആത്മ ജ്ഞാനം മുക്തിപ്രദമാണെന്നു സ്ഥാപിക്കമ്പോൾ ജൈമിനി ജ്ഞാനകാണ്ഡത്തെയും കർമ്മകാണ്ഡത്തിനുവേണ്ടിയുള്ളതാക്കി ത്തീക്കുന്നു. ഇതുതന്നെയാണു് മററു ദശ്നങ്ങൾക്കും മീമാംസയ്ക്കും തമ്മിലുള്ള ഭേദം........ (*ടി ഗ്രന്ഥം പുറം 78*).

ഈ ദർശനത്തിൻെറ പ്രധാനപ്പെട്ട ഉദ്ദേശം ധമ്മജിജ്ഞാസ യാണു്. വേദാനുസൃതമായ കർമ്മങ്ങൾ ചെയ്യുന്നതിനെയാണു് ധർമ്മം എന്നുപറയുന്നതു്.

**ഉത്തര മീമാംസ—വേദാന്തം:-**

വേദാന്തം എന്നാൽ വേദത്തിൻെറ അന്തം എന്നർത്ഥം. ഉപനിഷത്തുക്കളെയാണു് അറിവിൻെറ അന്തം എന്ന നിലയിൽ വേദാന്തമായി കണക്കാക്കപ്പെടുന്നതു്.

ഉപനിഷത്ത് സൂക്തങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു് ബാദരായണൻ 555 സൂത്രങ്ങൾ രചിച്ചു. വേദാന്ത സ്കൂളിൻെറ പ്രമാണഗ്രന്ഥം ബാദരായണൻെറ ഈ വേദാന്തസൂത്രങ്ങളാണു്. ബ്രഹ്മസൂത്രനിർമ്മാതാവായ ബാദരായണനും മഹാഭാരത ത്തിൻെറ കർത്താവായ വേദവ്യാസനും ഒരാൾ തന്നെയാണെ ന്നാണു് പരമ്പരാഗതമായ വിശ്വാസം.

വേദാന്തികൾ പ്രമാണ രേഖകളായി സാധാരണ ഉദ്ധരി ക്കാറുള്ളവയിൽ ചിലതാണു് താഴെ പറയുന്നവ.

1. "ഏകം ഏവാദ്വിതീയം" (*ഛാന്ദോ—6–2*) ഒന്നു മാത്ര മേയുള്ളൂ; അതു് അദ്വിതീയമാണു്.
2. "തത്ത്വമസി" അതു നീയാകുന്നു. (*ഛാന്ദോ— ഉ. 6—8—7*)
3. "അഹം ബ്രഹ്മാസ്മി" ഞാൻ ബ്രഹ്മമാകുന്നു. (*ബൃഹ—ഉപ—1-4—10*)
4. അയമാത്മാ ബ്രഹ്മ—ആത്മാവു ബ്രഹ്മാകുന്നു (*ഛാന്ദോ. ഉ. 3—14—1*).
5. "സവ്വം ഖല്വ ഇദം ബ്രഹ്മ"—(*ഛാന്ദോ. ഉ. 3—14—1*)

www.malankaralibrary.com



വേദാന്തത്തെ ശങ്കരനും, രാമാനുജനും, മാധ്വനും വ്യത്യസ്ഥമായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ശങ്കരൻ അദ്വൈതിയാണ്. രാമാനുജൻ വിശിഷ്ട ദ്വൈതിയും മാധ്വൻ ദ്വൈതിയുമാണ്.

**അദ്വൈതം:—**

ഉപനിഷത്തുകൾ, ബാദരായണന്റെ ബ്രഹ്മ സൂത്രങ്ങൾ (*അഥവാ വേദാന്തസൂത്രങ്ങൾ*) ഭഗവദ്ഗീത ഇവ മൂന്നിനെയും ഉൾപ്പെടുത്തിയാണ് പ്രസ്ഥാനത്രയം' എന്നു പറയുന്നത്. ഇവയെ ശങ്കരനും, രാമാനുജനും, മാധവനും വ്യത്യസ്ഥമായിട്ടാണ് വ്യാഖ്യാനിക്കുന്നത്.

ശങ്കരൻ എ. ഡി. 8-ാം നൂററാണ്ടിൽ, കാലടി എന്ന സ്ഥലത്ത് ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. ഇന്ത്യയുടെ നാലു ഭാഗങ്ങളിലായി നാലു മഠങ്ങൾ (*ആശ്രമങ്ങൾ*) സ്ഥാപിച്ചു. അദ്ദേഹം മൈസൂറിൽ സ്ഥാപിച്ച ശൃംഗേരി മഠത്തിലാണ് കൂടുതൽ സമയവും താമസിച്ചിട്ടുള്ളത്. അദ്ദേഹം ചെറുപ്പത്തിലേ മരിച്ചുപോയി.

ശങ്കരാചാര്യർ ഒരു അദ്വൈതി ആയിരുന്നു. ജീവാത്മാവും, പരമാത്മാവും തമ്മിലുള്ള ബന്ധത്തെപ്പററിയാണ് വേദാന്തികൾ ചിന്തിച്ചിരുന്നത്. ''ഏകമേവാദ്വിതീയം''—ഒന്നു മാത്രമേയുള്ളു, അതു് അദ്വിതീയമാണ് (*രണ്ടാമതൊന്നില്ല*) ഛാന്ദോ. ഉ. VI 2. എന്നുള്ളതാണ് അദ്വൈതികളുടെ ഒരു പ്രധാനപ്പെട്ട പ്രമാണവാക്യം.

ഇന്ദ്രിയഗോചരമായിരിക്കുന്ന ഈ പ്രപഞ്ചം സത്യത്തിൽ ഉള്ളതാണോ അതോ വെറും പ്രതിഭാസം മാത്രമാണോ? ബ്രഹ്മം മാത്രമാണ് സത്യമെന്നും ആ സത്യം ഏകവും അദ്വിതീയമാണെന്നും, കാണപ്പെടുന്നതെല്ലാം വെറും അധ്യാസം മാത്രമാണെന്നും അദ്വൈതികൾ വാദിക്കുന്നു.

അദ്വൈതികൾക്ക് സ്വീകാര്യമായ വേറെ രണ്ടു സൂക്തങ്ങളാണ്, ''അയമാത്മബ്രഹ്മ''—ഈ ആത്മാവ് ബ്രഹ്മമാകുന്നു (*ഛാന്ദോ.* ഉ. III. 14—1; *ബൃഹ.* ഉ. *4—4—5*) എന്നുള്ളതും ''സർവ്വം ഖല്വിദം ബ്രഹ്മ—'' സർവ്വവും ബ്രഹ്മമാണ് (*ഛാന്ദോ.* III. 14—4).

ആത്മാവ് (*ബ്രഹ്മം*) നിർഗ്ഗുണവും, നിർവിശേഷവും, കാലദേശാതീതവും ആണ്. കാണപ്പെടുന്നതെല്ലാം അധ്യാസം

www.malankaralibrary.com



അഥവാ അദ്ധ്യാരോപം മാത്രമാണ്. ജഗത്ത് കണ്ണാടിയിൽ കാണുന്ന ഛായപോലെയോ, വെള്ളത്തിൽ കാണുന്ന നിഴൽ പോലെയോ ആണ്.

മനുഷ്യൻ ആത്മാവുമാത്രമാണ്. ഇന്ദ്രിയങ്ങൾ, ബുദ്ധി, മനസ്സ് ഇവയൊന്നും ആത്മാവിൻേറതല്ല. ബ്രഹ്മത്തിൽ നിന്നും അന്യമായി ഒന്നുമില്ല. ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയാണ്. അവിദ്യ കാരണം ജീവാത്മാവു ശരീരത്തെ സ്വന്തമായി തെററിദ്ധരിക്കുന്നു. രാത്രിയിൽ കയറു കണ്ടു കൊണ്ട് പാമ്പായി തെററിദ്ധരിക്കുന്നതുപോലെ. മനുഷ്യൻ സത്താപരമായി ദൈവീകമാണ്. മായയ്ക്കു് അടിമപ്പെട്ടുപോയ വനായ മനുഷ്യൻ ഭൂമിയിൽ ജനിക്കുന്നതുതന്നെ അവിദ്യയ്ക്കു് അടിമപ്പെട്ടുകൊണ്ടാണ്. അതിനാൽ അവൻ അവൻെറ യഥാർത്ഥസ്ഥിതി മനസ്സിലാക്കുന്നില്ല.

പ്രപഞ്ചത്തിന് സ്വതന്ത്രമായ സത്തയില്ല. അതിനുള്ളതു് വ്യാവഹാരികമായ സത്തമാത്രമാണുള്ളതു്. അജ്ഞാനാവസ്ഥ യിൽനിന്ന് ജ്ഞാനാവസ്ഥയിൽ എത്തുമ്പോൾ മനുഷ്യൻ യഥാർത്ഥത്തിൽ ആത്മാവുമാത്രമാണെന്ന അനുഭവം ഉണ്ടാകുന്നു. അതുകൊണ്ട് ഗുരു, ശിഷ്യനെ ഉപദേശിച്ചു. "തത്ത്വമസി"— അതു നീയാകുന്നു (*ഛാന്ദോ—ഉ. VI—8—7*). 'തത്' എന്നതു ബ്രഹ്മത്തെ കുറിക്കുന്നു. 'ത്വം' എന്നതു് ജീവാത്മാ വിനെ കുറിക്കുന്നു.

ഘടാകാശവും മഹാകാശവും (*കമഴ്ത്തിവച്ചിരിക്കുന്ന കുടത്തിലെ വായുവും കുടത്തിനു പുറത്തുള്ള വായുവും*) ഒന്നുതന്നെയാണ്.

ശങ്കരൻ, ഞാനും നീയും എന്ന പ്രക്രിയകളെ അപഗ്രഥിച്ചു കൊണ്ട് മനുഷ്യ മനസ്സിനെ ബാധിച്ചിരിക്കുന്ന ഏററവും വലിയ രണ്ടു പ്രമാദങ്ങളാണ്, ഞാൻ എന്നു വ്യവഹരിക്കുന്നതും, നീ എന്നു വ്യവഹരിക്കുന്നതും എന്ന് എടുത്തു കാണിച്ചിരി ക്കുന്നു. ആത്മാവു ഏകമാണ്. അതുകൊണ്ട് ഞാൻ, നീ എന്ന വ്യവഹാരം സ്വീകാര്യമല്ല.

ബൃഹദാരണ്യകോപനിഷത്തു് 1—4—10—ൽ ഇപ്രകാരം കാണുന്നു. "........അങ്ങനെയുള്ള ഈ ബ്രഹ്മത്തെ ഇപ്പോഴും യാതൊരുവൻ ഞാൻ ബ്രഹ്മമാകുന്നു (*അഹം ബ്രഹ്മ അസ്മി*) എന്നിപ്രകാരം അറിയുന്നുവോ അവൻ ഈ സർവ്വവു മായിത്തീരുന്നു".

www.malankaralibrary.com



ബ്രഹ്മൻ ജ്വലിക്കുന്ന അഗ്നിയാണെങ്കിൽ, ആ അഗ്നിയിൽനിന്നും പുറപ്പെടുന്ന തീപ്പൊരികളാണ് മനുഷ്യാത്മാക്കൾ. മനുഷ്യന്റെ അന്തഃസത്ത ബ്രഹ്മം തന്നെയാകയാൽ 'അഹം ബ്രഹ്മാസ്മി' —ഞാൻ ബ്രഹ്മമാകുന്നു എന്നു പറയും.

ശങ്കരാചാര്യർ ബ്രഹ്മസൂത്രഭാഷ്യത്തിൽ ഇപ്രകാരം പറയുന്നു: "ബ്രഹ്മജ്ഞാനത്തെക്കുറിച്ച് ജ്ഞാനമില്ലാത്ത ഒരാൾ, തന്നിൽനിന്നന്യമായ ഒരു ദൈവത്തെ ആരാധിക്കുന്ന ഒരാൾ, ഒരു അടിയാനെപ്പോലെ ദൈവത്തെ സമീപിക്കുന്നു. അയാൾ ദൈവത്തെ സ്തുതിക്കുകയും വന്ദിക്കുകയും ബലികൾ നല്കുകയും, തിരുമുൽക്കാഴ്ചകൾ അർപ്പിക്കുകയും ആരാധിക്കുകയും ധ്യാനിക്കുകയുമെല്ലാം ചെയ്യുന്നു. താൻ ദൈവത്തിൽനിന്ന് അന്യനാണെന്ന് അയാൾ വിശ്വസിക്കുന്നു. കടപ്പാട് തീർക്കാനുള്ള ഒരാളെപ്പോലെ സേവനമനുഷ്ഠിക്കേണ്ടവനാണ് താനെന്ന്, ആരാധിക്കാൻ മാത്രം യോഗ്യതയുള്ളവനാണ് താനെന്ന് അയാൾ കരുതുന്നു. ഇയാൾ സത്യം അറിയുന്നില്ല. അജ്ഞാനിയായ ഈ മനുഷ്യന് അജ്ഞത എന്ന ദോഷമുണ്ടെന്നു മാത്രമല്ല, ദേവന്മാർക്ക് അയാൾ ഒരു മൃഗത്തെപ്പോലെയാണുതാനും.......''

അദ്വൈതത്തിൽ ദേവന്മാർക്കും ഈശ്വരനും സ്ഥാനമില്ല, കാരണം സ്രഷ്ടാവുമില്ല, സൃഷ്ടിയുമില്ല, ബ്രഹ്മം മാത്രമേയുള്ളു.

നാനാത്വം എങ്ങനെ കാണപ്പെടുന്നു. ബൃഹ. ഉ. 2-5-19-ൽ "പരമേശ്വരൻ മായകളെക്കൊണ്ട് ബഹുരൂപനായി കാണപ്പെടുന്നു'', എന്നു പറഞ്ഞിരിക്കുന്നു നാനാത്വം ഉണ്ടെന്നു തോന്നുന്നത് ബ്രഹ്മത്തിന്റെ ഭാഗത്തുനിന്ന് മായ നിമിത്തവും മനുഷ്യന്റെ ഭാഗത്തുനിന്ന് അവിദ്യ നിമിത്തവുമാണ്. മായ ഉളവാക്കുന്ന സങ്കല്പത്തെ ബ്രഹ്മത്തിൽ അദ്ധ്യാരോപം ചെയ്ത് വിവർത്താനുഭവം ഉണ്ടാവുകയാണ്.

ഇല്ലാത്തത് ഉണ്ടെന്ന് സങ്കല്പിക്കുന്നതാണ് മായ. ഉള്ളത് തെററായി (*മറെറാന്നായി*) തോന്നുന്നതാണ് മിഥ്യ. മായാവാദമനുസരിച്ച് ജഡപ്രപഞ്ചം ചൈതന്യ പരിണാമമല്ല, ചൈതന്യോപാധിയായ മായയുടെ പരിണാമമാണ്. ബ്രഹ്മചൈതന്യത്തെ വിവർത്തകാരണമായിട്ടാണ് പരിഗണിക്കുന്നത്. 'വിവേകചൂഡാമണി' 111-ാം ശ്ലോകത്തിൽ മായ എന്താണെന്ന് ശങ്കരാചാര്യർ പറയുന്നു. "മായ സത്തുമല്ല അസത്തുമല്ല, രണ്ടും ചേർന്നതുമല്ല. ബ്രഹ്മത്തിൽനിന്ന് ഭിന്നവും അഭിന്നവുമല്ല, രണ്ടും ചേർന്നതുമല്ല. അംഗത്തോടുകൂടിയതു

www.malankaralibrary.com


മല്ല, അംഗമില്ലാത്തതുമല്ല, രണ്ടും ചേന്നതുമാണ് എന്ന സ്ഥിതിയിലുള്ളതുമല്ല. അത്യത്ഭുത രൂപത്തിലുള്ളതും നിർവ്വചിക്കാൻ കഴിയാത്ത രൂപത്തിലുള്ളതുമാകുന്നു (*മായ അനിർവ്വചനീയമാകുന്നു*).

അദ്വൈതവേദാന്തിക്ക് ജനനം മരണം ഇത്യാദി വ്യവഹാരങ്ങളെല്ലാം ആത്മാവിൽ അദ്ധ്യാരോപിതമായിരിക്കുന്ന തോന്നൽ മാത്രമാണ്.

## മായാവാദം പലരും സ്വീകരിക്കുന്നില്ല

സാംഖ്യദർശനത്തിലെ പ്രകൃതിയും പുരുഷനും അദ്വൈതത്തിനും മായയ്ക്കും ഒട്ടും നിരക്കാത്തതാണ്.

ഈശ്വരദർശനം—സിമ്പോസിയം—1969, എന്ന ഗ്രന്ഥത്തിൽ സ്വാമി സിദ്ധിനാഥാനന്ദജി ഇപ്രകാരം പറയുന്നു: "മായയെന്നുവച്ചാലോ? ഈശ്വരന്റെ ഒരു ശക്തിവിശേഷം. അത് ഈശ്വരനിൽനിന്ന് ഭിന്നമോ അഭിന്നമോ? ഇതിനു നിശ്ചിതമായിട്ട് ഒരുത്തരം അജ്ഞാദശയിൽ പറയാൻ സാധ്യമല്ല. ഈശ്വരനിൽനിന്നു ഭിന്നമാണെങ്കിൽ ഈശ്വരൻ അപൂർണ്ണനും അസ്വതന്ത്രനും ആകും. അഭിന്നമെങ്കിൽ ഒന്നുകിൽ മായയില്ല; അല്ലെങ്കിൽ ഈശ്വരൻ സുഖദുഃഖങ്ങരംക്ക് വിധേയനാണ് എന്നുവരും. 'മായ' വാസ്തവത്തിൽ ഇല്ല എന്നാണതിന്ന് യുക്തിയിൽക്കൂടിയുള്ള ഉത്തരം .......സൃഷ്ടി എങ്ങനെയുണ്ടായി, അതു സത്യമാണോ എന്ന ചോദ്യം ഉത്തരമില്ലാത്ത ഒരു ചോദ്യമാണ്. അറിഞ്ഞുകൂടാ എന്നാണ് ശരിയായ ഉത്തരം. മായ എന്നതുകൊണ്ടും അതുതന്നെയാണ് ഉദ്ദേശിക്കുന്നത്" (*ടി ഗ്രന്ഥം പുറം. 104*).

അരവിന്ദൻ മായാവാദം സ്വീകരിക്കുന്നില്ല. (*വേദാർത്ഥവിചാരം. പുറം 5*)

രാമാനുജനും മധ്വനും മായാവാദം സ്വീകരിക്കുന്നില്ല.

ഏകം ഏവം അദ്വിതീയം എന്നുള്ളത് ഛാന്ദോഗ്യം VI-2-ൽ വരുന്നതാണ്. അത് പലപ്പോഴും സന്ദർഭത്തിൽനിന്നും അടർത്തിയെടുത്താണ് ഉദ്ധരിക്കാറുള്ളത്. ആ ശ്ലോകം മുഴുവൻ വായിക്കുകയാണെങ്കിൽ അതു മനസ്സിലാകും. "സദ് ഏവ ഇദം അഗ്രേ ആസീത് ഏകം ഏവ അദ്വിതീയം....". ആദിയിൽ സത്ത് മാത്രമേ ഉണ്ടായിരുന്നുള്ളു. അത് ഏകവും അദ്വിതീയവുമായിരുന്നു. എന്നാൽ ചിലർ പറയുന്നു: ആദി

www.malankaralibrary.com



യിൽ അസത്ത് മാത്രമേ ഉണ്ടായിരുന്നുള്ളു; അത് ഏകവും അദ്വിതീയവുമായിരുന്നു. അസത്തിൽ നിന്ന് സത്ത് പുറപ്പെട്ടു. എന്നാൽ സത്യത്തിൽ ഇത് എങ്ങനെ സംഭവിക്കും? അതുകൊണ്ട് ആദിയിൽ സത്ത് മാത്രമേ ഉണ്ടായിരുന്നുള്ളു. അത് ഏകവും അദ്വിതീയവുമായിരുന്നു. അത് ആഗ്രഹിച്ചു: ഞാൻ പെരുകി ജനിക്കും. അതു താപത്തെ സൃഷ്ടിച്ചു. താപം (ചൂട്) അന്നത്തെ സൃഷ്ടിച്ചു.... ......".

ഐതരേയോപനിഷത്ത് ഒന്നാം മന്ത്രത്തിലും ഏതാണ്ട് ഇതുതന്നെയാണ് പറയുന്നത്. "സൃഷ്ടിക്കുമുമ്പ് ഈ പ്രപഞ്ചം മുഴുവനും ഒരേ ആത്മാവുതന്നെ ആയിരുന്നു. വ്യാപാരം ഉള്ളതോ ഇല്ലാത്തതോ ആയി വേറെ യാതൊന്നും ഉണ്ടായിരുന്നില്ല. ആത്മാവു ആലോചിച്ചു: ഞാൻ ലോകത്തെ സൃഷ്ടിക്കട്ടെ".

മേലുദ്ധരിച്ച രണ്ടു ശ്ലോകങ്ങളിലും, ആദിയിൽ ആത്മാവു മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ആ ആത്മാവു സൃഷ്ടികർമ്മം നടത്തിയതായും പറയുന്നു.

ടി. പി. ജി. കമ്മത്ത്, തൃശ്ശൂർ, 16—12—94-ലെ മലയാള മനോരമയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. ആധുനിക ചിന്തകരിൽ ആരുംതന്നെ 'ജഗന്മിഥ്യാ' വാദം അംഗീകരിക്കുന്നില്ല. പലരും അതിനെ സ്വീകാര്യമാക്കിത്തീർക്കാൻ പററിയ രീതിയിൽ വ്യാഖ്യാനിക്കുന്നുണ്ട് എന്നു മാത്രമേയുള്ളു........

മാത്രമല്ല 'സർവ്വം ഖല്വിദം ബ്രഹ്മം' ഇതെല്ലാം ബ്രഹ്മം തന്നെ എന്ന സന്ദേശവും ഇവിടെ പ്രസക്തമാണ്. ഇതെല്ലാം എന്നതിൽ ഈ പ്രപഞ്ചവും ഉൾപ്പെടാതിരിക്കുമോ?.... ജഗത്ത് അസത്യമാണെന്നു പറയുന്നതു് ആസുരഭാവമാണെന്ന് ഗീത സ്പഷ്ടമായി പ്രഖ്യാപിക്കുന്നുണ്ട്.

"അസത്യം അപ്രതിഷ്ഠം തേ
ജഗദ് ആഹുരനീശ്വരം" (*ഗീത. XVI 8*).

അർത്ഥം:— ജഗത്ത് അസത്യവും സുസ്ഥിതിയില്ലാത്തതും ആണെന്ന് അവർ (*ആസുരവൃത്തികൾ*) പറയുന്നു. ജഗന്മിഥ്യാവാദം ഭഗവദ്ഗീതയുമായി ഒരിക്കലും പൊരുത്തപ്പെടുകയില്ലെന്നുള്ളതു് വ്യക്തമാണല്ലോ" (*മനോരമ 16—12—94*).

www.malankaralibrary.com



ഗീത 13-ാം അധ്യായം 19-ാം ശ്ലോകത്തിൽ ഇപ്രകാരം പറയുന്നു: "പ്രകൃതിയെയും പുരുഷനെയും ത്രിഗുണങ്ങളോടു കൂടിയിരിക്കുന്ന പ്രകൃതിയെയും യാതൊരുവൻ അറിയുന്നുവോ അവൻ എല്ലാ പ്രകാരത്തിലും വർത്തിക്കുന്നവനായാലും പിന്നെയും ജന്മത്തെ പ്രാപിക്കുന്നില്ല".

ഗീത XIII-20-ൽ പറയുന്നു; "കാര്യം, കരണം, കർതൃത്വം എന്നിവയുടെ കാരണം പ്രകൃതിയാണെന്നു് പറയപ്പെടുന്നു. എന്നാൽ പുരുഷൻ സുഖദുഃഖങ്ങളുടെ അനുഭവ വിഷയത്തിൽ കാരണം ആണെന്നു പറയപ്പെടുന്നു".

ബ്രഹ്മസൂത്രശങ്കരഭാഷ്യം, ഭാഷാനുവാദം ഒന്നാം ഭാഗം, എന്ന ഗ്രന്ഥത്തിൽ ശ്രീ. എ. ജി. കൃഷ്ണവാര്യർ M. A. Ph. D. പറയുന്നു. "പ്രാചീന കാലത്തുപോലും വേദാന്തദർശനത്തിൽ ഭിന്നാഭിപ്രായങ്ങൾക്കു് സ്ഥാനം കിട്ടിയിരുന്നെന്നും, മികച്ച ദാർശനിക പ്രശ്നങ്ങൾക്കെല്ലാം നീക്കുപോക്കില്ലാത്ത സമാധാനങ്ങൾ നല്കുന്ന ഒരു വേദാന്ത ദർശനം സുലഭമല്ലെന്നും സിദ്ധം" (*പുറം. 18*).

നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "ഇതെല്ലാം ബ്രഹ്മമാണു്, എന്നാണല്ലോ ഈശാവാസ്യോപനിഷത്തിന്റെ മുഖ്യമായ പ്രമേയം. ഈ ജഗത്തിൽ അല്പമാത്രമായിട്ടെങ്കിലും എന്തെങ്കിലും ഉണ്ടെങ്കിൽ അതുംകൂടി ബ്രഹ്മമാണു് എന്നു് സമ്മതിക്കുന്നവനു് എപ്രകാരം ആത്മ-അനാത്മ വിവേചനം ചെയ്യുവാൻ കഴിയും" (*ബൃഹ. ഉ. Vol II-പുറം 946*).

അദ്ദേഹം വീണ്ടും ചോദിക്കുന്നു: സർവ്വം ഖല്വിദം ബ്രഹ്മ—എല്ലാം ബ്രഹ്മംതന്നെയാണു് എന്നെടുക്കുകയാണെങ്കിൽ അവിദ്യാനും വിദ്വാനും തമ്മിൽ എന്തു വ്യത്യാസം? അപൂർണ്ണതയിൽ പൂർണ്ണതയെ സങ്കലിതമാക്കിയാൽ അപൂർണ്ണം പൂർണ്ണമാകുന്നതിനേക്കാൾ സാധ്യത പൂർണ്ണം അപൂർണ്ണമായി ഭവിക്കും എന്നുള്ളതിനാണു്. അതുകൊണ്ടു് പുനർജന്മമുണ്ടെന്നും മരണാനന്തര ജീവിതമുണ്ടെന്നും നിത്യതയുണ്ടെന്നും ഒക്കെ പറയുന്നതു് ഭോഷ്ക്കായിരിക്കും (*ബൃഹ. ഉ. Vol II-പുറം 949*).

വേദാന്തികളുടെ സാധനക്രമം പറയുമ്പോൾ, ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്ന ആറു ഗുണങ്ങളെപ്പററി പറയാറുണ്ടു്.

ഉപരതി എന്നു പറഞ്ഞാൽ തന്നെ രമിപ്പിക്കുന്ന എല്ലാ വിഷയങ്ങളിൽനിന്നും മനസ്സിനെ പിൻതിരിപ്പിച്ചു് ഈശ്വരനിൽ മാത്രം രമിക്കുന്നതാക്കിത്തീർക്കുകയെന്നാണു്.

www.malankaralibrary.com



സാധിക്കുവാനുള്ള ഉപായം 'സാധനം' എന്നുപറയുന്നു. (ഉദാ. (പ്രാണായാമം) സാധനത്തെ ഉപയോഗിക്കുന്നതു് (ആ (ക്രിയ) സാധനയാണ്. സാധനചെയ്യുന്ന ആൾ സാധകൻ ആണു്.

## വിശിഷ്ടാദ്വൈതം

രാമാനുജന്റെ സിദ്ധാന്തം വിശിഷ്ടാദ്വൈതം എന്നു പറയപ്പെടുന്നു. രാമാനുജൻ മദ്രാസിനടുത്തു് പെരുംപുതൂർ എന്ന സ്ഥലത്തു് A. D. 1027-ൽ ജനിച്ചു.

രാമാനുജൻ പുരുഷാത്മകനായ ഒരു ഈശ്വരനിൽ **(Personal God)** വിശ്വസിച്ചിരുന്നു. ബ്രഹ്മൻ നിർഗ്ഗുണനാണെന്നു് ശങ്കരൻ പഠിപ്പിച്ചപ്പോൾ, ബ്രഹ്മൻ സഗുണനാണെന്നാണ് രാമാനുജൻ പഠിപ്പിച്ചതു്. ശങ്കരനെ സംബന്ധിച്ചു് പ്രപഞ്ചം യാഥാർത്ഥ്യമല്ലെങ്കിൽ (*മായമാത്രം*) രാമാനുജനു് പ്രപഞ്ചം യാഥാർത്ഥ്യമാണു്. ശങ്കരൻ ഏകസത്താവാദമാണു് **(monism)** സ്വീകരിച്ചിരുന്നതെങ്കിൽ, രാമാനുജനു് ആത്മാവു് ഈശ്വരനിൽനിന്നു് വ്യതിരിക്തമാണു്. പക്ഷെ മുക്തിയിൽ അഥവാ ഈശ്വരസാക്ഷാത്ക്കാരത്തിൽ ആത്മാവു് ഇശ്വരനിൽ ലയിച്ചു് ഒന്നായിത്തീരുന്നു. ഈശ്വരൻ മാത്രം സത്യവും, മറെറല്ലാം ഈശ്വരന്റെ വിശേഷരൂപത്തിലുള്ള വിഭൂതികളുമാണു്. അതുകൊണ്ടായിരിക്കാം രാമാനുജന്റെ സിദ്ധാന്തത്തെ വിശിഷ്ടാദ്വൈതം എന്നു വിളിക്കുന്നതു്. രാമാനുജൻ മായാവാദം സ്വീകരിക്കുന്നില്ല. മായയ്ക്കു പകരം ഈശ്വരന്റെ ഗുണങ്ങളെയാണു് വിഭൂതികളായി പറയുന്നതു്.

ശങ്കരന്റെ വാദമനുസരിച്ചു് ബ്രഹ്മൻ അപൗരുഷേയമാണു്. ബ്രഹ്മൻ എന്ന പദം തന്നെ നപുംസകലിംഗമാണു്. ബ്രഹ്മൻ ആരാധ്യപുരുഷനല്ല. ഓരോരുത്തർക്കും സ്വയം ബ്രഹ്മമാണെന്നുള്ള ജ്ഞാനോദയം ഉണ്ടാകണം, എന്നാണു് ശങ്കരൻ പറയുന്നതു്.

ഈശ്വരൻ, ചിത്തു് (*ആത്മാവു്*), അചിത്തു് (*ജഡം*) ഇവ മൂന്നും യാഥാർത്ഥ്യങ്ങളാണു് എന്നാണു് രാമാനുജൻ പറയുന്നതു്. ആത്മാക്കളും ജഡപ്രപഞ്ചവും ഈശ്വരന്റെ ശരീരമാണു്, ഈശ്വരന്റെ വിശേഷണങ്ങൾ ആണു്, ഈശ്വരന്റെ പ്രകാരങ്ങൾ **(modes)** ആണു്. ജഡപ്രപഞ്ചം ഈശ്വരന്റെ സ്ഥൂലശരീരവും ആത്മാക്കൾ സൂക്ഷ്മശരീരവുമാണു്.

www.malankaralibrary.com



ഈശ്വരൻ പ്രപഞ്ചത്തിൻെറ ഉപാദാന കാരണവും (material cause) നിമിത്ത കാരണവും (efficient cause) ആണ്. മനുഷ്യൻെറ ആത്മാവ് ശരീരം മുഴുവനിലും വ്യാപിച്ചിരിക്കുന്നതുപോലെ ബ്രഹ്മം പ്രകൃതി മുഴുവനിലും അന്തര്യാമിയായിരിക്കുന്നു.

രാമാനുജൻ ഈശ്വര ഭക്തനാണ്. കർമ്മമീമാംസയോടു കൂടിത്തന്നെ ബ്രഹ്മമീമാംസയും വേണമെന്നാണ് രാമാനുജൻ പറയുന്നത്. രാമാനുജൻ വിഷ്ണുഭക്തനാണ്. ഭക്തന്, ഭഗവാനെ ആരാധിക്കണം, പൂജിക്കണം. അപ്പോൾ എൻെറ ദൈവമേ, ഭക്തവത്സലാ, ദയാനിധേ എന്നൊക്കെ സഹസ്രനാമങ്ങൾ വിളിച്ച് ആരാധിച്ചേ മതിയാവൂ. ആ സഹസ്രനാമങ്ങളാകട്ടെ ഭഗവാൻെറ ആയിരം ഗുണങ്ങളാണ്. ആത്മാക്കളും പ്രപഞ്ചവും ആദിയും അന്തവും ഇല്ലാത്തതാണ്. രാമാനുജൻ കർമ്മഫലത്തിലും പുനർജന്മത്തിലും വിശ്വസിക്കുന്നു. മുക്തിപ്രാപിക്കുന്നതിന് പ്രധാനമായും രണ്ടു കാര്യങ്ങൾ ആവശ്യമാണ്. 1) ഈ ലോകത്തോടുള്ള നിസ്സംഗതയും ഭക്തിയും. 2) ദൈവത്തിൻെറ കൃപ (*ഈശ്വരപ്രസാദം*).

മുക്തിക്ക് ഭക്തി കൂടാതെ പ്രപത്തി എന്ന മാർഗ്ഗം കൂടി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആത്മാവ് ഈശ്വരൻെറ ദാസനാണ്. സ്വന്തം അയോഗ്യതയും നിസ്സഹായതയും സവിനയം സമ്മതിച്ചു പറഞ്ഞു്, ഈശ്വരന് പൂർണ്ണമായി സമർപ്പിച്ചുകൊണ്ട്, പൂർണ്ണമായി കീഴ്‌വഴങ്ങിക്കൊണ്ട് ഈശ്വരനെ ശരണംപ്രാപിക്കുന്നതാണ് പ്രപത്തിയോഗം അഥവാ ശരണം ഗതി. ഈ മാർഗ്ഗം അജ്ഞനും വിജ്ഞനും, അവർണ്ണനും സവർണ്ണനും, സാത്വികനും പാപിക്കും ഏവർക്കും അഭിഗമ്യമാണ്.

**രണ്ടു വിഭാഗം— വടകലൈ, തെങ്കലൈ**

രാമാനുജൻെറ കാലശേഷം രാമാനുജ ദർശനത്തിൽ വടകലൈ എന്നും തെങ്കലൈ എന്നും രണ്ടു വിഭാഗങ്ങളുണ്ടായി. തെങ്കലൈകളുടെ അഭിപ്രായമനുസരിച്ച്, മുക്തിക്കുള്ള ഏക മാർഗ്ഗം പ്രപത്തിയാണ്. എന്നാൽ വടകലൈക്കാർ പറയുന്നതു് മുക്തിക്കുള്ള പല മാർഗ്ഗങ്ങളിൽ ഒന്നുമാത്രമാണ് പ്രപത്തി എന്നാണ്. ദൈവപ്രസാദവും, മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയാണ് തർക്കം.

www.malankaralibrary.com



ശത്രുവിൽനിന്നും രക്ഷപ്പെടുന്നതിനായി കുരങ്ങിൻ കുഞ്ഞ് അതിന്റെ തള്ളയുടെ ശരീരത്തിൽ (*പള്ളയിൽ*) അള്ളിപ്പിടിച്ചിരിക്കും. തള്ള കുഞ്ഞിനെയുംകൊണ്ട് ഓടി രക്ഷപ്പെടും. അതുപോലെ മനുഷ്യൻ ചെയ്യാവുന്നതൊക്കെ ചെയ്യണം. ഇങ്ങനെയാണ് വടകലൈക്കാർ പറയുന്നത്.

അതേ സമയം തെങ്കലൈക്കാർ പറയുന്നത് ഇപ്രകാരമാണ്. തള്ളപ്പൂച്ച അതിന്റെ കുഞ്ഞിനെ കടിച്ചുപിടിച്ചുകൊണ്ടുപോയി സുരക്ഷിതസ്ഥാനത്തു ആക്കുന്നു. പൂച്ചക്കുഞ്ഞിന് ഒന്നും ചെയ്യേണ്ടതില്ല; എതിർപ്പു പ്രകടിപ്പിക്കാതെ വിധേയത്വം കാണിച്ചാൽ മാത്രം മതി. അതുപോലെ ഈശ്വരന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കാതെ വിധേയത്വം കാണിച്ചാൽ മാത്രം മതി, വേറെ യാതൊന്നും ചെയ്യേണ്ടതില്ല.

രാമാനുജദർശനമനുസരിച്ച് മുക്താത്മാക്കൾ തുല്യരാണ്.

രാമാനുജൻ വിഷ്ണു ഭക്തനാണ്. വിഷ്ണു (*നാരായണൻ*) വൈകുണ്ഠത്തിൽ ശേഷസർപ്പത്തിന്മേൽ ലക്ഷ്മീസമേതനായി നിലകൊള്ളുന്നു. സൃഷ്ടിശക്തിയുടെയും ഐശ്വര്യത്തിന്റെയും മാതൃഗുണങ്ങളുടെയും വിളനിലമാണ് വിഷ്ണു.

## ദ്വൈതം

മാധവൻ (*മാധ്വൻ*) ദ്വൈതവാദിയാണ്. മാധവൻ (*1199—1278*) കർണാടകത്തിലെ ഉടുപ്പിയിൽ ജനിച്ചു. അദ്ദേഹം ഒരു തുളു ബ്രാഹ്മണനായിരുന്നു.

മാധവന്റെ വീക്ഷണത്തിൽ ആത്മാക്കളും ജഗത്തും ബ്രഹ്മനെ ആശ്രയിച്ചുനിൽക്കുന്ന നിത്യയാഥാർത്ഥ്യങ്ങളാണ്. ബ്രഹ്മൻ സർവ്വഗുണ സമ്പന്നനായ വിഷ്ണുവാണ്. പദാർത്ഥങ്ങൾ അവയുടെ സ്വഭാവമനുസരിച്ച് വ്യത്യസ്ഥങ്ങളാണ്. അഞ്ചുവിധത്തിലുള്ള ഭേദങ്ങൾ ഉണ്ടെന്ന് മാധവൻ പഠിപ്പിക്കുന്നു. പഞ്ചഭേദങ്ങൾ ഇപ്രകാരമാണ് 1) ബ്രഹ്മവും മനുഷ്യാത്മാക്കളും തമ്മിൽ, 2) ബ്രഹ്മവും പ്രപഞ്ചവും തമ്മിൽ, 3) മനുഷ്യരും പ്രപഞ്ചവും തമ്മിൽ, 4) മനുഷ്യരും മനുഷ്യരും തമ്മിൽ, 5) പ്രപഞ്ച വസ്തുക്കൾ തമ്മിൽ. ഞാൻ ദൈവമാണ് എന്നു പറയുന്നവർക്കെല്ലാം തെറ്റുപറ്റിയിരിക്കുന്നു എന്നാണ് മാധവൻ പറഞ്ഞിരിക്കുന്നത്.

www.malankaralibrary.com



ഈശ്വരൻ പ്രപഞ്ചത്തിന്റെ ഉപാദാന (Material) കാരണമല്ല. പ്രപഞ്ച വസ്തുക്കൾ പ്രകൃതിയിൽ നിന്നും ഉത്ഭവിക്കുന്നു. പ്രകൃതി ഈശ്വരന്റേതാണ്. പ്രകൃതി ഈശ്വരനെ ആശ്രയിച്ചു കഴിയുന്നു. മനുഷ്യാത്മാവ് ശരീരസമ്പർക്കംമൂലവും പൂർവ്വ കർമ്മങ്ങൾ നിമിത്തവും ദുഃഖാർത്തരായി സംസാരചക്രത്തിൽ കഴിയുന്നു.

അറിവ് മൂന്നുവിധത്തിൽ ലഭിക്കുന്നു:– പ്രത്യക്ഷാനുഭവം (Sense perception), അനുമാനം (Inference), ശ്രുതി (*വേദം*). ബ്രഹ്മനെ അറിയുന്നതിനുള്ള ഏക മാർഗ്ഗം ശ്രുതി മാത്രമാണ്.

മാധവന്, മഹാവിഷ്ണു പരമോന്നത ദൈവമാണ്. മഹാവിഷ്ണു, നാരായണൻ, വാസുദേവൻ എന്ന പേരുകളിലും അറിയപ്പെടുന്നു.

മുക്തിപ്രാപിക്കാൻ ധാർമ്മിക ജീവിതം ആവശ്യമാണ്. നിഷ്കാമകർമ്മം ചെയ്യണം. ആത്മസമർപ്പണം ഉൾക്കൊള്ളുന്ന ഭക്തിയും ഈശ്വരപ്രസാദവും മുക്തിക്ക് അനുപേക്ഷണീയമാണ്.

മാധവ ദർശനമനുസരിച്ച് ജഗത്ത് ബ്രഹ്മ ശരീരമല്ല. മുക്താവസ്ഥയിലും ആത്മ-ബ്രഹ്മഭേദം നിലനിൽക്കും. രാമാനുജദർശനമനുസരിച്ച് ആത്മാക്കൾ മുക്താവസ്ഥയിൽ ഒന്നാണെങ്കിൽ മാധവദർശനമനുസരിച്ച് ആത്മാക്കൾ മുക്താവസ്ഥയിൽ വിഭിന്നരാണ്.

ദ്വൈതവാദത്തിനു ഉപോൽബലകമായി ചിലർ മുണ്ഡ. ഉ. 3–1–3 ഉദ്ധരിക്കാറുണ്ട്. "സുവർണരും ഒരിക്കലും വേർപിരിയാത്ത കൂട്ടുകാരുമായ രണ്ടു പക്ഷികൾ ഒരു മരത്തിൽ വന്നിരിക്കുന്നു. അവയിൽ ഒരു പക്ഷി സ്വാദിഷ്ടമായ പിപ്പലം തിന്നുമ്പോൾ മററതു് വെറുതെ നോക്കിയിരിക്കുന്നു".

ഋഗ്വേദം. 1—164—20 ഇതുതന്നെ പറയുന്നു: രണ്ടു പക്ഷികൾ ഒരു മരത്തിൽ ഇരിക്കുന്നു. ഒരു പക്ഷി പഴം തിന്നുന്നു. മറേറ പക്ഷി (*പരമാത്മാവ്*) എല്ലാം സാക്ഷിയായി നോക്കിക്കാണുന്നു. ഒന്നും അനുഭവിക്കുന്നില്ല.

നിത്യനരകം ഉണ്ടെന്നാണ് മാധവൻ പറയുന്നതു്.

www.malankaralibrary.com



## മുക്തി—മോക്ഷം

മനുഷ്യൻ കേവലം ആത്മാവ് മാത്രമാണ്. ശരീരം, ബുദ്ധി, മനസ്സ്, ഇവയൊന്നും ആത്മാവിന്റേതല്ല. മുക്തി എന്നുപറയുന്നത്, ആത്മാവ് ശരീരത്തിൽ നിന്നും മുക്തിപ്രാപിച്ച് സ്വതന്ത്രമായി പരമാത്മാവിനെ പ്രാപിക്കുകയാണ്; അതായത് പുനർജന്മത്തിൽ നിന്നും മുക്തിനേടുകയാണ്. ആത്മാവ്, ശരീരവുമായി ബന്ധപ്പെടുവാൻ എങ്ങനെ ഇടയായി എന്നുള്ളതിന് ശരിയായ ഉത്തരം നൽകുന്നില്ല. കർമ്മഫലം നിമിത്തമാണ് പുനർജന്മം ഉണ്ടാകുന്നത്. ആദ്യത്തെ പാപം എങ്ങനെയുണ്ടായി എന്നുള്ളതിന് ശരിയായ ഉത്തരം നൽകുന്നില്ല.

മോക്ഷം പ്രാപിക്കുന്നതിന് കർമ്മമാർഗ്ഗം, ഭക്തിമാർഗ്ഗം, ജ്ഞാനമാർഗ്ഗം എന്നീ ത്രിവിധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അദ്വൈതികൾ ജ്ഞാനമാർഗ്ഗം മാത്രമേ അംഗീകരിച്ചിട്ടുള്ളു. മററുള്ളവർ മൂന്നുമാർഗ്ഗങ്ങളും സ്വീകരിക്കുന്നു.

നിഷ്കാമ കർമ്മമാണ് ചെയ്യേണ്ടത്. അതായത് ഫലേച്ഛ കൂടാതെയുള്ള കർമ്മം. സ്വർഗ്ഗം കാംക്ഷിച്ചുകൊണ്ട് കർമ്മം ചെയ്യുന്നവർ സ്വർഗ്ഗം പ്രാപിക്കുന്നു. സ്വർഗ്ഗം എന്നുപറയുന്നതു ദേവന്മാരുടെ ലോകമാണ്. അവരവർ ചെയ്ത പുണ്യകർമ്മങ്ങളുടെ ഫലം അനുഭവിച്ചശേഷം വീണ്ടും ഈ ലോകത്തിൽ ജനിക്കുന്നു. സ്വർഗ്ഗമല്ല കാംക്ഷിക്കേണ്ടതു് ബ്രഹ്മസാക്ഷാത്കാരമാണ്.

ആത്മാവിന് ജാഗ്രത, സ്വപ്നം, സുഷുപ്തി എന്നീ മൂന്നു അവസ്ഥകളുണ്ട്. മുക്താവസ്ഥ അഥവാ സമാധി എന്നുപറയുന്നത് വൃത്തിനിരോധമാണ്.

www.malankaralibrary.com



# അധ്യായം V

## സൃഷ്ടി—ലോകോത്പത്തി

'സൃജ്' എന്ന സംസ്കൃത മൂലത്തിൻെറ അർത്ഥം ഒന്നിൽ നിന്നു് ബഹിർഗമിക്കുക അഥവാ ജന്മം നൽകുക എന്നാണു്. അതായതു് നിലവിലുള്ള ഒന്നിൽ നിന്നു് മററൊന്നിൻെറ ഉല്പാദനം എന്നാണു്. സൃജ് എന്ന ധാതുവിൽ നിന്നാണു് സൃഷ്ടി എന്ന പദം ഉത്ഭവിച്ചിരിക്കുന്നതു്.

ലോകോല്പത്തിയെപ്പററി പലവിധത്തിലുള്ള അഭ്യൂഹങ്ങളാണു് അവതരിപ്പിച്ചിരിക്കുന്നതു്. സൃഷ്ടിയുടെ ആദികാരണമായി, വിശ്വകർമ്മൻ, ആദ്യ രണ്ടു് ഇണകൾ, ഹിരണ്യഗർഭൻ, പ്രജാപതി, തപസ്സിൻെറ ഫലം എന്നിങ്ങനെ പലരീതിയിൽ പറയപ്പെടുന്നു.

1. ഋഗ്വേദം. മ. 1. സൂ. 89. പദ്യം 10-ൽ ഇപ്രകാരം പറയുന്നു. "........അദിതിയാണു് ജഗത്തിൻെറ ജനനി, ജഗൽ സൃഷ്ടി കാരിണി. അവിടുന്നാണു് എല്ലാവരുടെയും ഉല്പാദകനായ അച്ഛൻ........അദിതിയാണു് പ്രാണികളുടെ ഉൽപത്തി. അദിതിയാണു് അവരുടെ ജന്മത്തിനാധാരം.
2. ഋഗ്വേദം. 9—2—3-ൽ, സൂര്യനെ ജനിപ്പിച്ചതു സോമനാണെന്നു പറയുന്നു.
3. ഋഗ്വേദം. 9—6—5. "........സർവ്വ വ്യാപിയായ വിഷ്ണുവിനു കാരണഭൂതനായ സോമൻ സംസ്ക്കരിക്കപ്പെട്ടു കൊണ്ടൊഴുകുന്നു.
4. ഋഗ്വേദം. 10—72—3 (*അ. 8 അ. 3 വ. 1*) "ആദിത്യൻെറ സൃഷ്ടി നടന്ന ആദ്യത്തെ യുഗത്തിൽ നാമരൂപങ്ങളില്ലാത്തതുകൊണ്ടു് അസത്തെന്ന നിലയിലുള്ള ബ്രഹ്മത്തിൽ നിന്നു് നാമരൂപങ്ങളോടുകൂടിയ ദേവാദികളുളവായി. അതിനെതുടർന്നു് ദിക്കുകളുളവായി. അതിനുശേഷം വൃക്ഷങ്ങളുളവായി.
5. ഋഗ്വേദം. 10—82—7 "അല്ലയോ മനുഷ്യരേ, ആർ ഇക്കണ്ട ഭൂതജാതങ്ങളെ ഉല്പാദിപ്പിച്ചുവോ, ആ വിശ്വകർമ്മാവിനെ നിങ്ങളറിയുന്നില്ല........".

www.malankaralibrary.com



6. ഋഗ്വേദം. 10—90—2. "പുരുഷ ഏവേദം സര്വ്വം........" വർത്തമാനമായ ഈ ജഗത്തു മുഴുവൻ പരമാത്മഭൂതനായ പുരുഷൻ തന്നെയാണ്........വാസ്തവത്തിൽ കാരണ സ്വരൂപനായ അവിടുന്ന് കാര്യസ്വരൂപനായി........ സത്യത്തിൽ കാരണ സ്വരൂപനായ അവിടുന്ന് ജഗദവസ്ഥയെ പ്രാപിക്കുന്നതു സ്വേച്ഛാമൂലമാണ്."

7. കാലത്രയവർത്തിയായ ചരാചര സമൂഹം മുഴുവൻ പുരുഷന്റെ നാലിൽ ഒരംശം മാത്രമേ ആകുന്നുള്ളു. അവിടുത്തെ ബാക്കി മുക്കാൽ ഭാഗം വിനാശ രഹിതമായി ദ്യോതനാത്മകമായ സ്വപ്രകാശരൂപത്തിൽ സ്ഥിതി ചെയ്യുന്നു" (*ഋഗ്വേദം—10—90—3*)

8. ഋഗ്. 10—90—5. "ആ ആദിപുരുഷനായ പരമാത്മാവിൽ ബ്രഹ്മാണ്ഡമാകുന്ന ദേഹത്തെ അധികരണമാക്കി ....വിരാട് പുരുഷൻ ഉല്പന്നനായി. സര്വ്വ വേദാന്ത വേദ്യനായ പരമാത്മാവ് സ്വന്തം മായകൊണ്ട്, ബ്രഹ്മാണ്ഡരൂപം സ്വയം സൃഷ്ടിച്ച് അവിടെ ജീവരൂപത്തിൽ പ്രവേശിച്ച്, ബ്രഹ്മാണ്ഡാഭിമാനിയായ ജീവനായി ഭവിച്ചു. ഉല്പന്നനായ ആ പുരുഷൻ വിരാട്ടിൽനിന്ന് വ്യത്യസ്ഥനായി ദേവതിര്യങ്ങ് മനുഷ്യരൂപനായി, ദേവാദി ജീവ ഭാവമാശ്രയിച്ചശേഷം ഭൂമിയെ സൃഷ്ടിച്ചു. ശരീരങ്ങളെ സൃഷ്ടിച്ചു".

9. ഋഗ്വേദം. 10—81—2 "ഒന്നേ ഉള്ളു. സർവ്വ ദ്രഷ്ടാവായ പരമേശ്വരൻ ഏതോ ഒന്നിൽ നിന്ന് സ്വമഹത്വം കൊണ്ടു് ഭൂമിയെ ജനിപ്പിച്ചുവർത്തിക്കുന്നു. ദ്യോവിനെയും സൃഷ്ടിച്ചു.

10. ഋഗ്. 10—90—8 "സർവ്വാത്മകനായ പുരുഷൻ യാതൊരു യജ്ഞത്തിൽ ഹോമിക്കപ്പെട്ടുവോ, അപ്രകാരമുള്ള മാനസ യജ്ഞത്തിൽ നിന്ന് തൈര് കലർന്ന നെയ്യ് ലബ്ധമായി. പിന്നെ വായുദേവരക്ഷിതങ്ങളായ മാൻ മുതലായ വന്യമൃഗങ്ങളെ സൃഷ്ടിച്ചു. അതിനു ശേഷം പശു, കുതിര മുതലായ ഗ്രാമമൃഗങ്ങളേവയോ, അവയെ സൃഷ്ടിച്ചു."

www.malankaralibrary.com



11. ഋഗ്വേദം. 1—114—2_ൽ, മനുഷ്യരുടെ അച്ഛൻ (*ആദിപിതാവ്*) മനു ആണെന്നു പറഞ്ഞിരിക്കുന്നു.

12. 10—129—4. "സൃഷ്ടിക്കു മുമ്പുള്ള അവസ്ഥയിൽ പരമേശ്വരൻെറ മനസ്സിൽ സൃഷ്ടിക്കുവാനുള്ള ആഗ്രഹമുളവായി.......അവിടുന്ന് സൃഷ്ടികാര്യ പര്യാലോചനപരമായ തപസ്സിനാൽ ജഗത്ത് സൃഷ്ടിച്ചു."

13. ഋഗ്. 10—129—6. "സൃഷ്ടിയുടെ തത്വം ആരാണ് സത്യമായറിയുന്നത്?........ഇക്കണ്ട ജഗത്ത് ഏതു ഉപാദാന കാരണത്തിൽ നിന്നുളവായി, ഏതു നിമിത്ത ഹേതുവിൽ നിന്ന് എമ്പാടും പ്രാദുർഭവിച്ചു? ഈ രണ്ടു സംഗതികളെ വേണ്ടപോലെ ആരറിയുന്നു?.......സർവ്വജ്ഞന്മാരായ ദേവന്മാരും അറിയാത്തവരാകുന്നു. കാരണം ദേവന്മാർ ജഗത്തിൻെറ ആകാശാദികളുടെ സൃഷ്ടിക്കുശേഷം ജനിച്ചവരാണ്."

14. ഋഗ്. 10—190 1. "ഋതമെന്നാൽ സത്യം....ധർമ്മവും അതുകൊള്ളുന്നു. ആ സത്യമുണ്ടായതു് ബ്രഹ്മാവിൻെറ സൃഷ്ടിപര്യാലോചനാപരമായ ചുട്ട തപസ്സിൽ നിന്നാണ്. അതിനു ശേഷം ആ പരമാത്മാവിൽ നിന്ന് രാത്രിയും പകലുമുണ്ടായി. പിന്നെ ജലസമൃദ്ധമായ സമുദ്രം അവിടുന്നിൽ നിന്നുതന്നെ ഉളവായി. ആദ്യം സത്യമുണ്ടായി. രണ്ടാമതു തേജസ്സുണ്ടായി. മൂന്നാമതു ജലമുണ്ടായി."

15. ഋഗ്വേദം. 10—190_പദ്യം രണ്ടും, മൂന്നും. "ജലസൃഷ്ടിക്കുശേഷം കാലമുണ്ടായി........പകലിരവുകളിൽ ചരിക്കുന്ന സകല ഭൂതജാതങ്ങളെയും പിന്നെ സൃഷ്ടിച്ചു. അതിനുശേഷം കണ്ണിമയാട്ടുന്ന പ്രാണി സമൂഹത്തിന് സ്വാമിയായി അവിടുന്ന് വർത്തിക്കുന്നു.

"പിന്നെ സൂര്യചന്ദ്രന്മാരെയും, ഭൂവിനെയും, അന്തരീക്ഷത്തെയും, സുഖരൂപമായ സ്വർഗ്ഗത്തെയും മുൻകല്പങ്ങളിലെന്നപോലെ സങ്കല്പത്താൽ സൃഷ്ടിച്ചു."

16. ഋഗ്വേദം—10—121—9 "ആർ ഭൂമിയുടെ അച്ഛൻ, സൃഷ്ടാവാണോ, ആർ സത്യമായി യഥാർത്ഥമായി ജഗത്തിനെ

www.malankaralibrary.com



ധരിക്കുന്നുവോ, ആർ അന്തരീക്ഷമുൾപ്പെട്ട എല്ലാ ലോകങ്ങളെയും സൃഷ്ടിച്ചുവോ.........ആ പ്രജാപതി നമ്മളെ ദ്രോഹിക്കാതിരിക്കട്ടെ.

17. ബൃഹ. ഉപ. അധ്യായം 1. ബ്രാഹ്മണം 2. മന്ത്രം 1 ''നൈവേഹ കിഞ്ചനാഗ്ര ആസീത്.........''

അർത്ഥം:— സൃഷ്ടിക്കു മുമ്പ് ഇവിടെ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇതു് വിശപ്പാകുന്ന മൃത്യുവിനാൽ ആവൃതമായിരുന്ന വിശപ്പുതന്നെയാണല്ലോ മൃത്യു എന്നു പറയുന്നതു്. ആ മൃത്യു സ്വസത്തയോടുകൂടിയവനായിത്തീരണമെന്നു വിചാരിച്ചു് മനസ്സിനെ സൃഷ്ടിച്ചു. അവൻ അർപ്പിച്ചുകൊണ്ടു് സഞ്ചരിച്ചു. അങ്ങനെ അർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ജലമുണ്ടായി. 'അർപ്പിച്ചുകൊണ്ടിരിക്കുന്ന എനിക്കുവേണ്ടി ജലമുണ്ടായി' എന്നവൻ വിചാരിച്ചു. അതുകൊണ്ടാണ് അഗ്നിക്കു് അർക്കൻ എന്ന പേരുണ്ടായതു്. ആരാണോ ഇങ്ങനെ അഗ്നിയുടെ അർക്കത്വത്തെ അറിയുന്നതു് അവനു് തീർച്ചയായും സുഖം (*ജലം*) ഉണ്ടാകുന്നതാണ്.

18. ബൃഹ. ഉ. 1—2—2 ''ജലം തന്നെയാണ് അർക്കൻ എന്നു പറയുന്നതു്. ആ ജലത്തിൽ (*തൈരിൻെറയും മററും മുകളിൽ ഉറഞ്ഞുനിൽക്കുന്ന കട്ടിയായ സാധനംപോലെ*) നുര ഉണ്ടായതു് കട്ടിയായിത്തീർന്നു് ഭൂമിയായിത്തീർന്നു. അതിൽ (*ഭൂമിയെ സൃഷ്ടിച്ചതിൽ*) അവൻ ക്ഷീണിച്ചു. ക്ഷീണിച്ചവനും ദുഃഖിച്ചവനുമായ അവൻെറ തേജസ്സാകുന്ന രസം അഗ്നിയായി നിഷ്ക്രമിച്ചു.''

19. ബൃഹ. ഉ. 1—4—3 ''ആ പ്രജാപതിക്കു് തീരെ സന്തോഷം തോന്നിയില്ല. അതിനാൽ ഇന്നും ഒററയ്ക്കിരിക്കുമ്പോൾ ഒരുവനു് സന്തോഷം തോന്നുന്നില്ല. അവൻ രണ്ടാമതൊന്നു്, കൂട്ടിനു് ഒരു സ്ത്രീ വേണമെന്നു് ആഗ്രഹിച്ചു. അവൻ ഗാഢമായി ആലിംഗനംചെയ്യുന്ന സ്ത്രീപുരുഷന്മാരുടെ പരിമാണത്തോടുകൂടിയവനായിത്തീർന്നു. അങ്ങനെ വലുതായിത്തീർന്ന ശരീരത്തെ അവൻ രണ്ടായി ഭാഗിച്ചു. അതിൽനിന്നു് പതിയും പത്നിയും ഉണ്ടായി. അതുകൊണ്ടു് ഈ ശരീരം തൻെറ അർദ്ധഭാഗംപോലെയാണെന്നു് യാജ്ഞവല്ക്യൻ പറഞ്ഞിരിക്കുന്നു. ഈ

www.malankaralibrary.com



ശൂന്യത—പകുതി ഭാഗം—സ്ത്രീയാൽ പൂരിപ്പിക്കപ്പെടുന്നു അവളോട് പ്രജാപതി സംഗമിച്ചു. അതിൽനിന്ന് മനുഷ്യന്മാരുണ്ടായി...

ബൃഹദാരണ്യകോപനിഷത്ത് (*വ്യാഖ്യാനം*) 1-ാം വാല്യത്തിൽ സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "ഇവിടെ ഒന്നുമില്ലായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് ഈ ബ്രാഹ്മണം (*രണ്ടാം ബ്രാഹ്മണം*) ആരംഭിക്കുന്നത്. അപ്പോഴും പിന്നെ പരിണമിച്ചു എന്നു പറയുന്നത് ഇല്ലായ്മയുടെ പരിണാമമാണ്. ഇല്ലായ്മയുടെ പരിണാമവും ഇല്ലായ്മ തന്നെ......." (*ടി ഗ്രന്ഥം. പുറം—44*).

വീണ്ടും 89-ാം പുറത്ത് അദ്ദേഹം പറയുന്നു: "ഇംഗ്ലീഷിൽ പറയുന്ന ക്രിയേഷൻ (Creation) എന്ന അർത്ഥത്തിലല്ല ഉപനിഷത്തിൽ സൃഷ്ടി എന്നു പറയുന്നത്. 'സൃജ്', എന്നു പറഞ്ഞാൽ തള്ളിവരിക, ലീനമായത് സ്ഥൂലമായി രൂപാന്തരപ്പെടുക, മറഞ്ഞുനിന്നത് വെളിവാകുക എന്നൊക്കെയേ അർത്ഥമുള്ളു".

ടി ഗ്രന്ഥം Vol. I. 235-ാം പുറത്ത് അദ്ദേഹം പറയുന്നു: "ഈശ്വരീയമെന്നോ ദൈവീകമെന്നോ അമരത്വമെന്നോ പറയാവുന്ന ഗുണവിശേഷങ്ങളോ ശക്തിയോ ഇല്ലാത്ത ഒരു ആവിർഭാവത്തിൽ നിന്ന് ഈ ലോകോല്പത്തിയുടെ കാരണം തികച്ചും പ്രാകൃതമായ രീതിയിൽ സംഭവിക്കുന്നു.......ആദ്യകാരണം ഈശ്വരീയമോ ദിവ്യമോ അല്ലെന്ന് മാത്രമല്ല അത് മർത്ത്യവും കൂടിയാണ്. അതിൽനിന്നാണ് പ്രപഞ്ചത്തിന്റെ ആദിസ്വരൂപമായ പ്രജാപതി ആവിർഭവിക്കുന്നത്....പിന്നെ അവനിൽനിന്ന് മരണമില്ലാത്ത ദേവന്മാരുണ്ടായി. അങ്ങനെ മൃതനാകുന്ന ഒരു ജീവിയാണ് അമർത്ത്യരായ ദേവന്മാരെ സൃഷ്ടിച്ചതെന്ന പ്രസ്താവം വേറൊരു മതത്തിലും കാണുവാനിടയില്ല.

ടി ഗ്രന്ഥം Vol. I. 663-ാം പുറത്ത് അദ്ദേഹം പറയുന്നു: "മൃതമായതിൽനിന്ന് അമൃതമായത് ഉണ്ടായി എന്ന പ്രസ്താവം വാസ്തവത്തിൽ ഒരു മതത്തിനും നിരക്കുന്നതല്ല. അതുകൊണ്ടു തന്നെ ബൃഹദാരണ്യകോപനിഷത്ത് ഒരു മതഗ്രന്ഥമല്ലെന്നും സത്യാന്വേഷണത്തിന്റെ ഏററവും ഉത്തമമാതൃകയായി ശാസ്ത്രങ്ങൾക്കെല്ലാം മുന്നോടിയായി വന്ന അത്യുഹന്ന പ്രധാനമായ കൃതിയാണെന്നും പറയേണ്ടിയിരിക്കുന്നു".

www.malankaralibrary.com


20. ഐതരേ. ഉ. 1-ാം അധ്യായം 1-ാം ഖണ്ഡം 1-ാം മന്ത്രം.

"സൃഷ്ടിക്കു മുമ്പ് ഈ പ്രപഞ്ചം മുഴുവൻ തീർച്ചയായും ഒരേ ആത്മാവുതന്നെയായിരുന്നു. വ്യാപാരമുള്ളതായോ ഇല്ലാത്തതായോ വേറെ യാതൊന്നും ഇല്ലായിരുന്നു. ആ ആത്മാവു വിചാരിച്ചു: ഞാൻ ഈ ലോകങ്ങളെ സൃഷ്ടിക്കട്ടെ" എന്ന്.

'ആ ആത്മാവു ഈ ലോകങ്ങളെ സൃഷ്ടിച്ചപ്പോൾ ആദ്യമായി അംഭസ്സ്—നീരാവി വന്നു. അതിൽനിന്നും മരീചികൾ പ്രത്യക്ഷപ്പെട്ടു. ജലത്തിൽനിന്ന് മരമുണ്ടായി. .......ആത്മാവു വിചാരിച്ചു; ഇവയെല്ലാംകൂടി ലോകങ്ങളായി, ഇനി ലോകപാലകന്മാരെ സൃഷ്ടിക്കണം' എന്ന്. അവൻ വെള്ളത്തിൽ നിന്നുതന്നെ ഒരു പിണ്ഡമെടുത്ത് മനുഷ്യന്റെ ആകൃതിയിൽ സൃഷ്ടിച്ചു. ഈശ്വരൻ പുരുഷാകാരമായ പിണ്ഡത്തെ ഉദ്ദേശിച്ച് സങ്കല്പം ചെയ്തു. പൊരുന്നയിരുന്ന് ചൂടുപിടിച്ച മുട്ടയെന്നപോലെ, സങ്കല്പംകൊണ്ട് തപ്തമായ അതിൽനിന്നും മുഖം പൊട്ടിപ്പിളർന്നു. മുഖത്തിൽനിന്ന് വാക്കും വാക്കിൽനിന്ന് അഗ്നിയുമുണ്ടായി. മൂക്ക് പിളർന്ന് ഘ്രാണേന്ദ്രിയവും ഘ്രാണേന്ദ്രിയത്തിൽ നിന്ന് വായുവുമുണ്ടായി......."

പിന്നീട് രണ്ടാം ഖണ്ഡം 4-ാം മന്ത്രത്തിൽ പറയുന്നു: ".......വായു പ്രാണനായിത്തീർന്ന് മൂക്കിൽ പ്രവേശിച്ചു......."

21. സാംഖ്യദർശനമനുസരിച്ച് പ്രകൃതിയാണ് എല്ലാററിന്റെയും ഉത്ഭവ കാരണം.

22. ത്രിമൂർത്തികളിൽ ഒരാളായ ബ്രഹ്മാവാണ് സൃഷ്ടികർത്താവ് എന്നാണ് പുരാണങ്ങളിൽ കാണുന്നത്.

വിഷ്ണുവിന്റെ നാഭിയിൽ (*പൊക്കിളിൽ*) നിന്ന് ഒരു താമരത്തണ്ടും അതിലൊരു പൂവും ഉണ്ടായി. താമരപ്പൂവിൽ ബ്രഹ്മാവ് ഉത്ഭൂതനായി. മഹാവിഷ്ണുവിൽ നിന്നു ഉത്ഭവിച്ച ബ്രഹ്മാവ് കൃതയുഗാരംഭത്തിൽ തന്നെ സൃഷ്ടികർമ്മങ്ങളിൽ ഏർപ്പെട്ടു.

ചതുർയുഗങ്ങൾ എന്നറിയപ്പെടുന്ന കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നീ നാലുയുഗങ്ങൾ കൂടി നാല്പത്തിമൂന്നുലക്ഷത്തിഇരുപതിനായിരം വർഷങ്ങളാണുള്ളത്. ചതുർയുഗങ്ങളുടെ അവസാനത്തിൽ ഈ ലോകം പ്രളയം വന്നു നശിക്കുന്നു. മഹാപ്രളയകാലം ബ്രഹ്മാവിന്റെ ഒരു രാത്രി മുഴുവൻ നീണ്ടുനിൽക്കുന്നു. ക്ഷീണിതനായ ബ്രഹ്മാവ് രാത്രി

www.malankaralibrary.com



മുഴവൻ ഉറങ്ങുന്നു. 432 കോടിവർഷങ്ങൾ (*ബ്രഹ്മാവിന്റെ ഒരു രാത്രി*) ഉറങ്ങിയതിനുശേഷം ബ്രഹ്മാവ് വീണ്ടും ഉണർന്ന് സൃഷ്ടി തുടങ്ങുന്നു.

ബ്രഹ്മാവിന്റെ ആയുരന്ത്യത്തിൽ ആത്യന്തിക മഹാ പ്രളയം സംഭവിക്കുന്നു. സർവ്വലോകങ്ങളും ആത്യന്തിക മഹാ പ്രളയത്തിൽ മുങ്ങി നശിക്കുന്നു. ഈ ജല പ്രളയകാലത്ത് നശിക്കാതിരിക്കുന്ന ഒരേ ഒരു മഹാശക്തിയാണ് മഹാവിഷ്ണു. ബ്രഹ്മായിസ്സിനോളം കാലം മഹാപ്രളയം നീണ്ടുനിൽക്കും. ഇക്കാലമത്രയും മഹാവിഷ്ണു അർഭകരൂപം ധരിച്ച് പ്രളയ ജല ത്തിനുമീതെ, ആലിലമുകളിൽ യോഗനിദ്രയിൽ ശയിക്കുകയും ചെയ്യും. പ്രളയാന്ത്യത്തിൽ മഹാവിഷ്ണു യോഗനിദ്രയിൽ നിന്നുണർന്ന് ബ്രഹ്മശിവന്മാരെ ഉത്ഭവിപ്പിച്ച് അവരിൽ കൂടി സൃഷ്ടി_സ്ഥിതി-സംഹാരം വീണ്ടും തുടങ്ങും.

22. ഭഗവദ്ഗീത 14-ാം അധ്യായം 3-ാം ശ്ലോകത്തിൽ ഇപ്രകാരം പറയുന്നു: "മമ യോനീർ മഹദ്ബ്രഹ്മ........". അല്ലയോ അർജ്ജുനാ മഹത്തായ ബ്രഹ്മം എന്റെ ഗർഭ സ്ഥാനമാണ്. അതിൽ ഗർഭത്തെ ഞാൻ ധരിക്കുന്നു. അതിൽ നിന്ന് സകല ഭൂതങ്ങളുടെയും ഉല്പത്തി ഭവിക്കുന്നു.

മേൽ പറഞ്ഞവയിൽ നിന്നും സൃഷ്ടിയെപ്പററി പല അഭിപ്രായങ്ങൾ ഉണ്ട് എന്നുള്ളത് സ്പഷ്ടമാണല്ലോ. അദ്വൈതം അനുസരിച്ച് ഈശ്വരനുമില്ല, സൃഷ്ടിയുമില്ല. സർവ്വവും നിർഗ്ഗുണ ബ്രഹ്മൻതന്നെ. 'സർവ്വം ഖലു ഇദം ബ്രഹ്മം'. വേറെ യാതൊന്നുമില്ല.

ബൃഹദാരണ്യകോപനിഷത്ത് പ്രകാരം ആവിർഭൂതമായി ട്ടുള്ളതെല്ലാം ഇല്ലായ്മയിൽ നിന്നും സ്വയംഭൂവായി വന്നിട്ടുള്ള താണ്. ഋഗ്വേദത്തിന്റെ പത്താം മണ്ഡലത്തിൽ പറയുന്നത് ആദ്യ പ്രജാപതി അപ്രമേയനായ ഈശ്വരനിൽ നിന്നും ഉണ്ടായി എന്നാണ്. അപ്രകാരമുള്ള ഒരു സൃഷ്ടി കർത്താവിനെ ഒഴിവാക്കിക്കൊണ്ടാണ് ബൃഹദാരണ്യകോപനിഷത്തിൽ ആദ്യ പ്രജാപതിയെ അവതരിപ്പിച്ചിരിക്കുന്നത്.

"ഈശ്വരദർശനം" (*സിമ്പോസിയം*) എന്ന ഗ്രന്ഥത്തിൽ, സ്വാമി സിദ്ധിനാഥാനന്ദജി ഇപ്രകാരം പറയുന്നു: "സൃഷ്ടി എങ്ങനെ ഉണ്ടായി, അത് സത്യമാണോ എന്ന ചോദ്യം

www.malankaralibrary.com


ഉത്തരമില്ലാത്ത ഒരു ചോദ്യമാണ്. അറിഞ്ഞുകൂടാ, എന്നാണ് അതിനു ശരിയായ ഉത്തരം'' (ടി ഗ്രന്ഥം. പുറം 171).

**പരിണാമം**

ശങ്കരാചാര്യർ പരിണാമവാദത്തെ സ്വീകരിക്കുന്നില്ല. വിവർത്തവാദത്തെ മാത്രമേ അംഗീകരിക്കുന്നുള്ളു.

ഗീത II—16-ൽ ഇപ്രകാരം പറയുന്നു: ഇല്ലാത്തതിന് ഉണ്ട് എന്ന ഭാവം അറിയപ്പെടുന്നില്ല. ഉള്ളതിന് ഇല്ലായ്മ അറിയപ്പെടുന്നില്ല.

ഛാന്ദോഗ്യം VI—2—1-ൽ പറയുന്നു. ''സദേവ സോമ്യേദമഗ്ര ആസീദേകമേവാദ്വിതീയം........'' ആദിയിൽ വത്സാ, ഇതു് സത്മാത്രമായിരുന്നു. രണ്ടാമതൊന്നില്ലാതെ ഏകമായിരുന്നു. ചിലർ പറയുന്നു, ഇതു് ആദിയിൽ അസത് ആയിരുന്നു. രണ്ടാമതൊന്നില്ലാതെ ആ അസത്തിൽനിന്നും സത് ഉണ്ടായി (*ഇല്ലായ്മയിൽനിന്ന് ഉണ്മ ഉണ്ടായി*) ഛാന്ദോ. VI—2—2. ''എന്നാൽ അല്ലയോ വത്സാ, ഇതു് എവിടെ നിന്നുണ്ടായി. അസത്തിൽനിന്ന് സത് എങ്ങനെ ആവിർഭവിച്ചു? അവൻ പറഞ്ഞു: വത്സാ ആദിയിൽ ഇതു് സത് മാത്രമായിരുന്നു. അദ്വിതീയമായ സത്.

ബൃഹ. ഉ. 2—5—19-ന്റെ ശങ്കര ഭാഷ്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.,, നാൽക്കാലികളിൽനിന്നും ഇരു കാലികളുണ്ടാകുന്നില്ല. അതുപോലെ ഇരു കാലികളിൽ നിന്നും നാൽക്കാലികളും ജനിക്കുന്നില്ല'' (*ബൃഹ. ഉ. Vol I 617*).

ഇല്ലായ്മയിൽ നിന്നും ഒന്നും തന്നെ തനിയെ ആവിർഭവിക്കുന്നില്ല.

www.malankaralibrary.com


# അദ്ധ്യായം VI

## ഭഗവദ്ഗീത

കൃഷ്ണദ്വൈപായനവ്യാസൻ ആണ് 'മഹാഭാരതം' എന്ന ഇതിഹാസത്തിന്റെ (*മഹാകാവ്യത്തിന്റെ*) കർത്താവ് എന്നാണ് വിശ്വസിച്ചു വരുന്നത്. 'മഹാഭാരതത്തിനു' 18 പർവ്വങ്ങൾ അഥവാ വിഭാഗങ്ങൾ ഉണ്ട്. അതിൽ 6-ാമത്തെ വിഭാഗമായ 'ഭീഷ്മ' പർവ്വത്തിലെ 23 മുതൽ 40 വരെയുള്ള 18 അധ്യായങ്ങളാണ് (*700 ശ്ലോകങ്ങൾ*) ഭഗവദ്ഗീത. ചിലർ 25 മുതൽ 42 വരെയുള്ള അദ്ധ്യായങ്ങളാണ് ഗീത എന്നു കരുതുന്നു. അതിനെപ്പററി പ്രൊഫ: ജി. ബാലകൃഷ്ണൻ നായർ, 'ശ്രീമത് ഭഗവദ്ഗീത മഹാഭാഷ്യം' എന്ന തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. "കാലാന്തരത്തിൽ പുതിയ പുതിയ അധ്യായങ്ങൾ മഹാഭാരതത്തിൽ കൂട്ടിച്ചേർത്തിരിക്കാൻ ഇടയുള്ളതുകൊണ്ട് അധ്യായ സംഖ്യയിൽ ഇത്തരം വ്യത്യാസങ്ങൾ വരുക സ്വാഭാവികം" (*ടി ഗ്രന്ഥം. പുറം* XII) ഭഗവദ്ഗീത പിന്നീട് മഹാഭാരതത്തോട് കൂട്ടിച്ചേർത്തതാണ് എന്നൊരു അഭിപ്രായമുണ്ട്.

## പശ്ചാത്തലം

ചന്ദ്രവംശത്തിൽപ്പെട്ട രാജാക്കന്മാരായിരുന്നു, പഴയ ഡൽഹിയായ ഹസ്തിനപുരം കേന്ദ്രമാക്കി ഭരിച്ചിരുന്നത്. അതിൽപ്പെട്ട രണ്ടു ശാഖകളാണ് പൂരുവംശവും യദുവംശവും. യദുവംശത്തിൽപ്പെട്ടവരാണ് ശ്രീകൃഷ്ണനും ബലരാമനും.

കുരുവംശത്തിൽപ്പെട്ട ഒരു രാജാവായിരുന്നു ശാന്തനു. ശാന്തനുവിനു ഭാര്യ ഗംഗാദേവിയിൽനിന്നു ജനിച്ചവനാണ് ഭീഷ്മർ. ശാന്തനുവിനു രണ്ടാം ഭാര്യ സത്യവതിയിൽനിന്നു ജനിച്ചവനാണ് വിചിത്രവീര്യൻ. ശാന്തനുവിന്റെ ഭാര്യയാകുന്നതിനു മുമ്പ് സത്യവതിക്കു പരാശരനുമായുള്ള വിവാഹത്തിൽ ജനിച്ചവനാണ് വ്യാസൻ. ഭീഷ്മർ ബ്രഹ്മചര്യവ്രതം എടുത്തിരുന്നു.

വിചിത്രവീര്യൻ മക്കളില്ലാതെ മരിച്ചപ്പോൾ, സത്യവതി പറഞ്ഞതനുസരിച്ച് വ്യാസൻ, അംബിക എന്നും അംബാലിക

www.malankaralibrary.com



എന്നും പേരുള്ള വിചിത്രവീര്യൻെറ രണ്ടു വിധവകളെ ഭാര്യമാരായി സ്വീകരിച്ചു. അവക്കു രണ്ടു് പുത്രന്മാരുണ്ടായി — ജന്മനാ അന്ധനായ ധൃതരാഷ്ട്രരും വിരൂപനായ പാണ്ഡുവും. ധൃതരാഷ്ട്രർ അന്ധനായിരുന്നതുകൊണ്ടു് രാജ്യഭരണം ഉപേക്ഷിച്ചു. പാണ്ഡു രാജാവായി.

ധൃതരാഷ്ട്രർ ഗാന്ധാരിയെ വിവാഹം ചെയ്തു. പാണ്ഡു കുന്തിയെ (*പ്രീതിയെ*) വിവാഹം ചെയ്തു. കുന്തിക്കു് പാണ്ഡുവുമായുള്ള വിവാഹത്തിനുമുമ്പു് സൂര്യദേവനിൽനിന്നു് ജനിച്ച കുട്ടിയാണു് കർണ്ണൻ. ധൃതരാഷ്ട്രർക്കു് ഗാന്ധാരിയിൽനിന്നു്, വളരെ വിചിത്രമായ രീതിയിൽ 100 ആൺമക്കളും ഒരു മകളും ഉണ്ടായി. ഗാന്ധാരി ഒരു മാംസപിണ്ഡത്തെ പ്രസവിക്കുകയും, വ്യാസൻെറ നിർദ്ദേശമനുസരിച്ചു് ആ മാംസപിണ്ഡം നൂറൊറൊന്നായി മുറിച്ചു് ഓരോ കുംഭത്തിൽ സൂക്ഷിച്ചു വയ്ക്കുകയും ഒരു വർഷം കഴിഞ്ഞു് ഓരോ ദിവസവും ഓരോ കുംഭം പൊട്ടിക്കുകയും ആ കുംഭത്തിൽനിന്നു് ഓരോ ശിശു ജനിക്കുകയും ചെയ്തു. ഇവരാണു് കൗരവന്മാർ എന്ന പേരിൽ അറിയപ്പെടുന്നതു്. അവരിൽ മൂത്ത സഹോദരനാണു് ദുര്യോധനൻ.

പാണ്ഡുവിൻെറ ഭാര്യ കുന്തിക്കു്, ദുർവാസാവിൽ നിന്നു് ലഭിച്ച പ്രത്യേക വരമനുസരിച്ചു്, മൂന്നു് ദേവന്മാരുമായുള്ള സംസർഗ്ഗത്തിൽ നിന്നു് ജനിച്ചവരാണു് യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ എന്നിവർ. പാണ്ഡുവിൻെറ രണ്ടാം ഭാര്യ മാദ്രിക്കു് അശ്വനീദേവകളിൽനിന്നു് ജനിച്ചവരാണു് നകുലനും സഹദേവനും.

പാണ്ഡുവിൻെറ മക്കളും ധൃതരാഷ്ട്രരുടെ മക്കളും വളർന്നു വന്നതോടുകൂടി രണ്ടുപേരുടെയും മക്കൾ തമ്മിൽ ശത്രുത വദ്ധിച്ചു വന്നു. കൗരവന്മാർ പാണ്ഡവന്മാരുടെ രാജ്യം അന്യായമായി കൈയ്യടക്കിവയ്ക്കുകയാൽ യുദ്ധം അനിർവാര്യമായി. രണ്ടു കൂട്ടരും കൃഷ്ണൻെറ സഹായം തേടിയെങ്കിലും കൃഷ്ണൻ ആരുടെയും പക്ഷത്തുചേർന്നു് യുദ്ധം ചെയ്യാൻ തയ്യാറായില്ല. പക്ഷെ അർജ്ജുനൻെറ തേരാളി ആകാൻ സമ്മതിച്ചു. കുന്തിയുടെ സഹോദരനായ വാസുദേവൻെറ മകനാണു് കൃഷ്ണൻ.

വ്യാസൻ, യുദ്ധത്തിൽ നടക്കുന്നതെല്ലാം നേരിട്ടു കാണുന്നതിനുള്ള ദിവ്യദൃഷ്ടി, ധൃതരാഷ്ട്രരുടെ ഉറ്റമിത്രവും തേരാളിയുമായ സഞ്ജയനു് നൽകി. എവിടെയായിരുന്നാലും സഞ്ജയനു് യുദ്ധം എല്ലാം നേരിട്ടു കാണാൻ കഴിവുണ്ടായി. കുരുക്ഷേത്ര

www.malankaralibrary.com



ത്തിൽ നടക്കുന്ന സംഭവങ്ങൾ സഞ്ജയൻ ദിവ്യദൃഷ്ടികൊണ്ട് കണ്ട്, അന്ധനായ ധൃതരാഷ്ട്രർക്ക് എല്ലാം വിവരിച്ച് പറഞ്ഞു കൊടുക്കുന്നതായിട്ടാണ് വ്യാസൻ ഗീതയെ അവതരിപ്പിച്ചിരിക്കുന്നത്. ഗീതയിൽ കൂടുതലും ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിലുള്ള സംവാദമാണ് അടങ്ങിയിരിക്കുന്നത്.

ഗീതയിലെ ആദ്യത്തെ ശ്ലോകം ഇതാണ്.

''ധൃതരാഷ്ട്രർ ഉവാച:

ധർമ്മക്ഷേത്രേ കുരുക്ഷേത്രേ സമവേതാ യുയുത്സവഃ

മാമകാഃ പാണ്ഡവാശ്ചൈവ കിമകുർവത സഞ്ജയ?

അർത്ഥം:— ധൃതരാഷ്ട്രർ പറഞ്ഞു: അല്ലയോ സഞ്ജയാ, ധർമ്മക്ഷേത്രത്തിൽ (*ധർമ്മക്ഷേത്രമാകുന്ന*) കുരുക്ഷേത്രത്തിൽ യുദ്ധം ചെയ്യുവാൻ തീരുമാനിച്ചുകൊണ്ട് എന്റെ ആളുകളും പാണ്ഡുപുത്രന്മാരും ചേർന്ന് എന്തു ചെയ്തു''?

ഇതാണ് ധൃതരാഷ്ട്രർക്ക് അറിയേണ്ടിയിരുന്നത്. സഞ്ജയൻ ദിവ്യദൃഷ്ടികൊണ്ട് കണ്ടതായ കാര്യങ്ങൾ എല്ലാം ധൃതരാഷ്ട്രരെ പറഞ്ഞുകേൾപ്പിക്കുന്നു.

സൈന്യങ്ങളെ നോക്കിക്കാണാൻ സൗകര്യമുള്ള സ്ഥലത്ത് ശ്രീകൃഷ്ണൻ തേർ നിർത്തിയപ്പോൾ, കൊല്ലേണ്ടത്, ഭീഷ്മർ, ദ്രോണർ മുതലായ ബന്ധുക്കളെയും ഗുരുക്കന്മാരെയുമാണെന്ന് കണ്ട്, ദുഃഖിച്ച് അർജ്ജുനൻ വില്ല് താഴെ ഇട്ടു. ഈ ഭീരുത്വം ഒരു യോദ്ധാവിനു യോജിച്ചതല്ല എന്ന് കൃഷ്ണൻ ഓർമ്മിപ്പിച്ചു. എന്തുചെയ്യണമെന്നറിയാതെ അർജ്ജുനൻ കൃഷ്ണനോടു ഉപദേശം ചോദിച്ചു. ഇതിനു് കൃഷ്ണന്റെ ആത്മോപദേശമാണ് ഗീതയിൽ.

ആത്മാവു നാശമില്ലാത്തതും ശരീരം നശിക്കുന്നതുമാണ്. മരണം പ്രകൃതിനിയമമാണ്. അതിൽ ദുഃഖിച്ചിട്ടെന്തു ഫലം? ധാർമ്മിക യുദ്ധം ക്ഷത്രിയ ധർമ്മമാണ്. യുദ്ധത്തിൽ നീ കൊല്ലപ്പെട്ടാൽ നീ വീരസ്വർഗ്ഗം പ്രാപിക്കും; ജയിച്ചാൽ നിനക്ക് രാജ്യം ഭരിക്കാം. ഫലകാംക്ഷ കൂടാതെ കർമ്മം ചെയ്യുക. പ്രവർത്തിക്കാതെ അലസനായി കഴിഞ്ഞുകൂടുകയും അരുത്. പ്രവർത്തിക്കുന്നത് നിഷ്ഠയോടെ വേണം. ഇങ്ങനെ കൃഷ്ണൻ, അർജ്ജുനനെ പലവിധത്തിൽ ഉപദേശിച്ച് ബോധോദയം വരുത്തുകയും, അവസാനം അർജ്ജുനൻ സ്വധർമ്മം ചെയ്യുന്നതിനായി അമ്പും വില്ലും വീണ്ടും കൈയ്യിലെടുക്കുകയും ചെയ്യുന്നു.

www.malankaralibrary.com



യോഗം, സാംഖ്യം, വേദാന്തം മുതലായ ദർശനങ്ങളം, മോക്ഷത്തിനുള്ള കർമ്മമാർഗം ജ്ഞാനമാർഗം, ഭക്തിമാർഗം ഇവയെല്ലാം സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ഗീതയുടെ കർത്താവു് സ്വീകരിച്ചിരിക്കുന്നതു്.

'ഭഗവദ്ഗീതാ സ്വാദ്ധ്യായം' എന്ന ഗ്രന്ഥത്തിൽ സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "വാസുദേവ പുത്രനായ ഒരു കൃഷ്ണൻ ഉണ്ടായിരുന്നിരിക്കാം. ഗീതയിലെ കൃഷ്ണൻ ചരിത്രപുരുഷനല്ല........കൃഷ്ണൻ പറഞ്ഞതുകൊണ്ടല്ല ഗീത പ്രമാണമായിരിക്കുന്നതു്. പ്രമാണയോഗ്യമായ ഗീതാവചനം കൃഷ്ണന്റെ വാക്കുകളായതുകൊണ്ടു് കൃഷ്ണൻ ആരാധ്യനായിരിക്കുന്നു, പ്രാമാണികനായി ഭവിക്കുന്നു" (*ടി ഗ്രന്ഥം. പുറം 30*).

## ഗീതയിൽനിന്നും ചില ഉദ്ധരണികൾ

യുദ്ധം ചെയ്യാൻ മടിക്കുന്ന അർജ്ജുനൻ, അതിനുള്ള കാരണത്തെപ്പററി കൃഷ്ണനോടു പറയുന്നു.

ഗീത. I_31. "... ....യുദ്ധത്തിൽ ബന്ധുക്കളെ കൊന്നിട്ട് പിന്നെ ശ്രേയസ്കരമായ ഫലവും ഞാൻ കാണുന്നില്ല".

I_44. "അല്ലയോ കൃഷ്ണാ! കുലധർമ്മങ്ങളം നശിച്ചുപോയ മനുഷ്യരുടെ വാസം എന്നേക്കും നരകത്തിലാണെന്നു് ഞങ്ങളം കേട്ടിട്ടുണ്ടു്.

II_12 "(*ശ്രീകൃഷ്ണൻ പറഞ്ഞു*)" ഞാൻ ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല. നീയും ഇല്ലാതിരുന്നിട്ടില്ല. ഈ രാജാക്കന്മാരും ഇല്ലാതിരുന്നിട്ടില്ല. നാമെല്ലാവരും ഇനിയും ഇല്ലാതെയുമാവുകയില്ല. (*അതായത് സകലരും ഒരേ ആത്മാവു തന്നെ എന്നർത്ഥം*).

II_18. "... ....ആത്മാവിന്റെ ഈ ദേഹങ്ങളം അവസാനമുള്ളവയാണെന്നു് പറയപ്പെടുന്നു. അതിനാൽ യുദ്ധം ചെയ്യുക".

II_19. "........ഇവൻ (*ആത്മാവ്*) ആരെയും കൊല്ലുന്നില്ല, ആരാലും കൊല്ലപ്പെടുന്നുമില്ല".

III_31. "ക്ഷത്രിയനു് ധർമ്മ്യമായ യുദ്ധത്തേക്കാളം ശ്രേയസ്കരമായ മറെറാന്നു് ഇല്ലതന്നെ."

II_33. "എന്നാൽ നീ ധർമ്മ്യമായ ഈ യുദ്ധത്തെ ചെയ്യുന്നില്ല എങ്കിൽ അതിനാൽ സ്വധർമ്മത്തെയും കീർത്തിയെയും ഉപേക്ഷിച്ചിട്ടു് നീ പാപത്തെ പ്രാപിക്കും".

www.malankaralibrary.com



II–37. ''ഹതോവാ പ്രാപ്പസ്യസി സ്വർഗ്ഗം... ....''

''അല്ലയോ അർജ്ജുനാ, കൊല്ലപ്പെട്ടാൽ നീ സ്വർഗ്ഗം പ്രാപിക്കും. ജയിച്ചാലോ രാജ്യം അനുഭവിക്കും. അതുകൊണ്ട് യുദ്ധത്തിനായി നിശ്ചയിച്ചുറച്ച് എഴുന്നേൽക്കൂ''.

III–3. ''ലോകേ/സ്മിൻ ദ്വിവിധാ നിഷ്ഠാ
പുരാ പ്രോക്താ മയാ/നഘ
ജ്ഞാന യോഗേന സാംഖ്യാനാം
കർമ്മ യോഗേന യോഗിനാം''.

ഭഗവാൻ പറഞ്ഞു: അല്ലയോ പാപരഹിതാ, പണ്ടു മുതലേ ഈ ലോകത്തിൽ സാംഖ്യന്മാർക്ക് (*ആത്മജ്ഞാനമുള്ളവർക്ക്*) ജ്ഞാനയോഗംകൊണ്ടും യോഗികൾക്ക് കർമ്മയോഗം കൊണ്ടും എന്ന് രണ്ടു വിധത്തിലുള്ള ജീവിതനിഷ്ഠകൾ എന്നാൽ പറയപ്പെട്ടിട്ടുണ്ട്.

III–9. ''..........യജ്ഞമെന്ന നിലയിൽ, അല്ലയോ അർജ്ജുനാ, കർമ്മത്തെ സംഗരഹിതനായി (*ഫലാപേക്ഷ കൂടാതെ*) നല്ലവണ്ണം ചെയ്യുക''.

സംഗം വെടിഞ്ഞു ചെയ്യുന്ന ഏതു കർമ്മവും യജ്ഞമാണ്.

III–19. ''.......അസക്തനായി (*സംഗരഹിതനായി*) കർമ്മത്തെ ചെയ്യുന്ന പുരുഷൻ പരമപദത്തെ പ്രാപിക്കുന്നു. (*സ്ഥിതപ്രജ്ഞനായി ഭവിക്കുന്നു*)''.

IV–7. ''യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാന മധർമ്മസ്യ തദാത്മാനാം സൃജാമ്യഹം''.

എപ്പോഴെല്ലാം ധർമ്മത്തിന് തളർച്ചയും അധർമ്മത്തിനു ഉയർച്ചയും ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ഞാൻ എന്നെത്തന്നെ സൃഷ്ടിക്കുന്നു (*ഞാൻ അവതരിക്കുന്നു*).

IV–8. ''പരിത്രാണായ സാധൂനാം വിനാശായച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ''

''സജ്ജനങ്ങളെ രക്ഷിക്കുവാനും ദുർവൃത്തരെ നശിപ്പിക്കുവാനുംവേണ്ടി ഞാൻ യുഗംതോറും സംഭവിക്കുന്നു (*അവതരിക്കുന്നു*)''.

ഇവിടെ അവതാരത്തിൻെറ ഉദ്ദേശ്യം പറയുന്നു.

www.malankaralibrary.com



V-2. "സന്ന്യാസ കർമ്മയോഗശ്ച നിഃശ്രേയസ കരാവുഭൗ
തയോസ്തു കർമ്മസന്ന്യാസാൽ കർമ്മയോഗോ
വിശേഷ്യതേ.

സന്ന്യാസവും (*പരിത്യാഗവും*) കർമ്മയോഗവും (*ഫലാപേക്ഷ കൂടാതെ കർമ്മം ചെയ്യുന്നത്*). രണ്ടും മോക്ഷത്തിന് വഴിതെളിക്കുന്നു. എന്നാൽ കർമ്മസന്ന്യാസത്തേക്കാൾ കർമ്മയോഗം വിശിഷ്ടമാകുന്നു.

VII-5. "അല്ലയോ അർജ്ജുനാ, ഈ പ്രകൃതി അപരയാകുന്നു. എന്നാൽ ഇതിൽനിന്ന് ഭിന്നമായും ജീവസ്വരൂപമായും യാതൊരു പ്രകൃതിയാൽ ഈ ജഗത്ത് ധരിക്കപ്പെട്ടിരിക്കുന്നുവോ അങ്ങനെയുള്ള എന്റെ പരയായ പ്രകൃതിയെ അറിഞ്ഞാലും".

പരാ എന്നു പറഞ്ഞാൽ ശ്രേഷ്ഠമായത്; അപരാ എന്നു പറഞ്ഞാൽ ശ്രേഷ്ഠമല്ലാത്തത്.

VII-12. "ഏതെല്ലാം സാത്വികങ്ങളും രാജസങ്ങളും താമസങ്ങളുമായ ഭാവങ്ങളുണ്ടോ അവയെ എന്നിൽനിന്നുതന്നെ ഉണ്ടായവയെന്ന് നീ അറിയണം. ഞാനാകട്ടെ അവയിൽ ഇരിക്കുന്നില്ല. അവ എന്നിലിരിക്കുന്നു".

VII-21. "ഏതേതു ഭക്തൻ ഏതേതു മൂർത്തിയെ പൂജിക്കുവാൻ ഇച്ഛിക്കുന്നുവോ അതാതു ഭക്തന് ആ ശ്രദ്ധയെത്തന്നെ ഞാൻ ഉറപ്പുള്ളതാക്കിച്ചെയ്യുന്നു".

IX-34. "എന്നിൽ മനസ്സിനെ ഉറപ്പിച്ചവനായും എന്നിൽ ഭക്തിയുള്ളവനായും എനിക്കുവേണ്ടി യജിക്കുന്നവനായും നീ ഭവിക്കുക, എന്നെ നമസ്കരിക്കുക, ഇപ്രകാരം ഞാൻതന്നെ പരാശ്രയമെന്നുവച്ച് മനസ്സിനെ എന്നിൽ യോജിപ്പിച്ചാൽ എന്നെത്തന്നെ നീ പ്രാപിക്കും".

ഇതാണ് ഗീതയുടെ സാരം അഥവാ മുഖ്യമായ ഉപദേശം. (*ഒന്നിൽത്തന്നെ മനസ്സ് ഉറച്ചുനിൽക്കണമെങ്കിൽ അതിനുപരിയായ ഒരു മൂല്യം ഇല്ല എന്നുള്ള ബോധ്യം വേണം*).

XI-10—11. (*അർജ്ജുനന്റെ അപേക്ഷ പ്രകാരം ശ്രീകൃഷ്ണന്റെ പരമമായ രൂപത്തെ അർജ്ജുനന് കാണിച്ചുകൊടുത്തതിന്റെ വർണ്ണനയാണ് ഈ ശ്ലോകങ്ങളിൽ കാണുന്നത്*).

www.malankaralibrary.com



"അനവധി മുഖം, കണ്ണ് ഇവയോടുകൂടിയതും, അനേകം അത്ഭുതക്കാഴ്ചയോടുകൂടിയതും, അനേകം ദിവ്യാഭരണങ്ങളോടു കൂടിയതും, ദിവ്യമായി സംഖ്യയില്ലാതെ ഉയർത്തിപ്പിടിച്ച ആയുധങ്ങളോടുകൂടിയതും, ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും ധരിച്ചതും, ദിവ്യമായ സുഗന്ധദ്രവ്യങ്ങൾ പൂശിയതും, സർവ്വ ആശ്ചര്യങ്ങളും നിറങ്ങളും പ്രകാശമുള്ളതും അവസാനമില്ലാത്തതും സർവ്വമുഖങ്ങളോടുകൂടിയതും (*ആയ രൂപം*)".

XI-32—34. "......നീ എഴുന്നേൽക്കു......അല്ലയോ അർജ്ജുന, എന്നാൽത്തന്നെ ഇവർ മുമ്പേതന്നെ കൊല്ലപ്പെട്ടിരിക്കുന്നു. (*മയൈവൈതേ നിഹതാഃ പൂർവ്വമേവ*). നീ നിമിത്തം ആയിത്തീരുക. എന്നാൽ കൊല്ലപ്പെട്ടവരായ ദ്രോണരെയും, ഭീഷ്മരെയും, ജയദ്രഥനെയും, കർണ്ണനെയും അപ്രകാരം മററുള്ളവരായ യുദ്ധവീരന്മാരെയും നീ കൊല്ലുക (*ത്വം ജഹി*) നീ വ്യസനിക്കരുത്, യുദ്ധം ചെയ്യുക (*യുദ്ധ സ്വ*) യുദ്ധത്തിൽ ശത്രുക്കളെ നീ ജയിക്കും".

XIII-19. "പ്രകൃതിയെയും പുരുഷനെയും ഇവ രണ്ടിനെയും അനാദിയെന്ന് അറിഞ്ഞാലും. വികാരങ്ങളെയും ഗുണങ്ങളെയും പ്രകൃതിയിൽനിന്ന് ഉണ്ടായവയെന്ന് അറിഞ്ഞാലും.

XIII-20. "കാര്യം, കരണം, കർത്തൃത്വം എന്നിവയുടെ കാരണം പ്രകൃതിയാണെന്നു പറയപ്പെടുന്നു. എന്നാൽ പുരുഷൻ സുഖദുഃഖങ്ങളുടെ അനുഭവ വിഷയത്തിൽ കാരണം ആണെന്ന് പറയപ്പെടുന്നു.

XIII-24—25. "ചിലർ ധ്യാനം കൊണ്ട് ആത്മാവിൽ ആത്മാവിനെ ആത്മാവുകൊണ്ട് കാണുന്നു. വേറെ ചിലർ സാംഖ്യയോഗം കൊണ്ടും മററുചിലർ കർമ്മയോഗംകൊണ്ടും ആത്മാവിനെ കാണുന്നു. വേറെചിലരാകട്ടെ ഇങ്ങനെ അറിയാത്തവരായി മററുള്ളവരിൽനിന്ന് കേട്ടിട്ട് ഉപാസിക്കുന്നു (*ഭജിക്കുന്നു*). ശ്രുതിയിൽതാല്പര്യമുള്ള അവരും മരണത്തെ അതിക്രമിക്കുക തന്നെ ചെയ്യുന്നു";

XV-7. "എന്റെ നിത്യമായ അംശം ജീവനായിത്തീർന്നിട്ട് (*ജീവഭൂതഃ*) ജീവലോകത്ത് പ്രകൃതിനിഷ്ഠങ്ങളായ മനസ്സുൾപ്പെടെ ആറായ ഇന്ദ്രിയങ്ങളെ വലിച്ചിഴയ്ക്കുന്നു" (*കൂടെ കൊണ്ടുപോകുന്നു*).

XV-16. "ലോകത്തിൽ ക്ഷരമെന്നും അക്ഷരമെന്നും ഈ രണ്ടുതന്നെ പുരുഷന്മാർ. അതിൽ ഭൂതങ്ങൾ (*ജീവജാലങ്ങൾ*)

www.malankaralibrary.com



എല്ലാം ക്ഷരമാകുന്നു. കുടസ്ഥൻ അക്ഷരമെന്നും പറയപ്പെടുന്നു. (*ശരീരത്തിലൊതുങ്ങുന്ന ബ്രഹ്മാംശമാണ് കുടസ്ഥൻ*).

XVIII-2. "കാമ്യാനാം കർമ്മണാം ന്യാസം സന്ന്യാസം". ആഗ്രഹങ്ങളുളവാക്കുന്ന കർമ്മങ്ങളുടെ ഉപേക്ഷിക്കലിനെ സന്ന്യാസമെന്ന് ക്രാന്തദർശികൾ അറിയുന്നു........

XVIII-44. "ശൗര്യം, തേജസ്സ്, ധൃതി, സാമർത്ഥ്യം യുദ്ധത്തിൽ തോറേറാടാതിരിക്കുകയു, ദാനവും യജമാനത്ഭാവും സ്വഭാവജമായ ക്ഷാത്രകർമ്മമാകുന്നു".

XVIII-47. "നല്ലതുപോലെ അനുഷ്ഠിക്കപ്പെട്ട പരന്മാരുടെ ധർമ്മത്തേക്കാൾ ഗുണം കുറഞ്ഞിട്ടുള്ള സ്വധർമ്മം ഏററവും ശ്രേഷ്ഠമാകുന്നു. സ്വാഭാവികമായിട്ടുള്ള കർമ്മത്തെ ചെയ്യുന്നവൻ പാപത്തെ പ്രാപിക്കുന്നില്ല (*അർജ്ജുനന്റെ സ്വധർമ്മം ക്ഷത്രിയന്റെ ധർമ്മമായ യുദ്ധം ചെയ്യുക എന്നുള്ളതാണ്*).

XVIII-73. "അർജ്ജുനൻ പറഞ്ഞു; ഹേ അച്ച്യുതാ! എന്റെ മോഹമെല്ലാം നഷ്ടപ്രായമായി. അങ്ങയുടെ പ്രസാദത്താൽ ഓർമ്മകിട്ടി. സന്ദേഹമില്ലാത്തവനായി ഞാൻ നില്ക്കുന്നു. അങ്ങയുടെ വാക്കുപോലെ ഞാൻ ചെയ്തുകൊള്ളാം".

XVIII-74. (*സഞ്ജയൻ പറഞ്ഞു*) "ഇപ്രകാരം ഞാൻ വാസുദേവന്റെയും മഹാമനസ്സനായ പാർത്ഥന്റെയും........ഈ സംവാദത്തെ കേൾക്കുകയുണ്ടായി".

"ഭഗവദ്ഗീതാ സ്വാദ്ധ്യായം" എന്ന ഗ്രന്ഥം 201-ാം പുറത്ത് സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: ഒരു കാര്യം മറന്നുപോകരുത്. ഈ പറയുന്ന വാക്കുകളൊന്നും ഇതിഹാസത്തിലുള്ള അർജ്ജുനന്റെയോ കൃഷ്ണന്റെയോ അല്ല. ഭാരതീയ സാഹിത്യസൃഷ്ടിയുടെ പിതാവായ വ്യാസന്റെ സർഗ്ഗാത്മകമായ രചനാസാമർത്ഥ്യം വേണം ഇവിടെ ദർശിക്കുവാൻ".

www.malankaralibrary.com



# അധ്യായം VII

## ദൈവവും ദേവന്മാരും

ഋഗ്വേദം ആരംഭിക്കുന്നതുതന്നെ അഗ്നിദേവനെ സ്തുതിച്ചുകൊണ്ടാണ്. വേദത്തിൽ, അഗ്നി, ഇന്ദ്രൻ, അശ്വനീദേവകൾ, രുദ്രൻ, മിത്രവരുണന്മാർ മുതലായി അനേകം ദേവന്മാർ സ്തുതിക്കപ്പെടുന്നു. അതുപോലെ വായു, സൂര്യൻ, ഉഷസ്സ്, സോമം മുതലായവയും ദേവഭാവത്തിൽ സ്തുതിക്കപ്പെടുന്നു. എന്നാൽ ഋഗ്വേദം, മ. 1, സൂ. 154, പദ്യം 3-ൽ ഇപ്രകാരം പറയുന്നു. "ഈ ആദിത്യനെ ഇന്ദ്രനെന്നും, മിത്രനെന്നും, വരുണനെന്നും, അഗ്നിയെന്നും പറയുന്നു. പിന്നെ ദ്യോവിലുണ്ടായ ഗരുഡനെന്നും പറയുന്നു. വാസ്തവമായതു ഒന്നേയുള്ളു (*ഏകം സദ്വിപ്രാ ബഹുധാവദന്തി*). ദേവതാതത്ത്വവിത്തുക്കളായ മേധാവികൾ പലതായി പറയുന്നു. അഗ്നിയായും യമനായും വായുവായും". അയ്യപ്പൻ, സുബ്രഹ്മണ്യൻ, ഗണപതി മുതലായ പൗരാണിക ദേവന്മാരെ വേദങ്ങളിൽ കാണുന്നില്ല. ഉദയത്തിനുമുമ്പുള്ള ആദിത്യൻ സവിതാവെന്നും അസ്തമയവർത്തിയായ ദേവൻ സൂര്യനെന്നും പറയപ്പെടുന്നു. ഗമനങ്ങളെക്കൊണ്ട് അണ്ടു് പൂഷാവാകുന്നു എന്നു് സവിതാവിനെപ്പററി പറയുന്നു (*ബൃഹ. ഉ. 5—82—5*). പന്ത്രണ്ടു ആദിത്യന്മാരിൽപ്പെട്ട പൂഷാവു് തന്റെ ഉദയത്തോടുകൂടി ഉഷസ്സിനെ നിഷ്പ്രയോകനു എന്നു് പറഞ്ഞിരിക്കുന്നു (*ബൃഹ. ഉ. 6—55—4*).

ഋക് 10—141—3-ൽ പറയുന്നു. "പ്രകാശമാനായ സോമനെയും, അഗ്നിയെയും, പന്ത്രണ്ടാദിത്യന്മാരെയും, വിഷ്ണുവിനെയും, ബൃഹസ്പതിയെയും രക്ഷയ്ക്കായി നാം വിളിക്കുന്നു".

സവിതാവായ സൂര്യനോടാണ്, ഗായത്രീമന്ത്രം ചൊല്ലി ആത്മപ്രകാശത്തിനായി പ്രാർത്ഥിക്കുന്നതു്.

ബൃഹ. ഉ. 3—9—2-ൽ പറയുന്നു. "വാസ്തവത്തിൽ ദേവന്മാർ മുപ്പത്തിമൂന്നേ ഉള്ളു. വസുക്കൾ എട്ടു്, രുദ്രന്മാർ പതിനൊന്നു്, ആദിത്യന്മാർ പന്ത്രണ്ടു് — ഇങ്ങനെ മുപ്പത്തിഒന്നു്. ഇന്ദ്രനും പ്രജാപതിയുംകൂടി മുപ്പത്തിമൂന്നു്".

www.malankaralibrary.com



ബൃഹ. ഉ. 3—9—9—"ഒരു ദേവൻ ആരാകുന്നു? പ്രാണൻ തന്നെ അതു ബ്രഹ്മമാകുന്നു".

ദേവന്മാരായി ജനിക്കുന്നവരും ഉണ്ട്. സുകൃതങ്ങൾകൊണ്ട് ദേവന്മാരായിത്തീരുന്നവരുമുണ്ട്. അംഗിരസ് ഗോത്രക്കാരനായ സുധന്വാവ് എന്നയാൾക്ക് ഋഭു, വിഭ്വാ, വാജൻ എന്ന പേരായ മൂന്നു പുത്രന്മാരും മനുഷ്യരായിരുന്നു എങ്കിലും സ്വപ്രയത്നംകൊണ്ട്, ദേവന്മാരായിത്തീരുകയും ദേവന്മാരോടു ചേർന്ന് യാഗങ്ങളിൽ സോമപാനാർഹരായി തീരുകയും ചെയ്തു എന്നു് പറയപ്പെടുന്നു.

ബൃഹ. ഉ. 4—3—33-ൽ പറയുന്നു "...... കർമ്മദേവന്മാരുടെ നൂറ് ആനന്ദങ്ങൾ ഉണ്ടോ, അങ്ങനെയുള്ളതാണ് ജന്മനാ തന്നെ ദേവന്മാരായിട്ടുള്ളവരുടെ ഒരു ആനന്ദം. ജന്മനാ ദേവന്മാരുടെ ആനന്ദത്തിന്റെ നൂറിരട്ടിയാണ് പ്രജാപതി ലോകത്തിലുള്ള ഒരു ആനന്ദം. പ്രജാപതി ലോകത്തിലുള്ള ആനന്ദത്തിന്റെ നൂറിരട്ടിയാണ് ബ്രഹ്മലോകത്തിലുള്ള ഒരു ആനന്ദം.

തൈത്തിരിയോപനിഷത്ത് ബ്രഹ്മാനന്ദവല്ലി എട്ടാം അനുവാകത്തിലും ഇതിനേപ്പററി പരാമർശം ഉണ്ട്.

ബൃഹ. ഉ. 4—5—12-ൽ പറയുന്നു: "എല്ലാ ആനന്ദങ്ങൾക്കും ജനേന്ദ്രിയം ഏകാശ്രയമായിരിക്കുന്നു".

ബൃഹ. ഉ. 5—2—1-ൽ പറയുന്നു: "ദേവന്മാർ, മനുഷ്യന്മാർ അസുരന്മാർ എന്നിങ്ങനെ പ്രജാപതിയുടെ പുത്രന്മാരായ മൂന്നു കൂട്ടരും പിതാവായ പ്രജാപതിയുടെ അടുത്ത് ബ്രഹ്മചാരികളായി താമസിച്ചു. ബ്രഹ്മചര്യവാസം കഴിഞ്ഞതിനുശേഷം ദേവന്മാർ പ്രജാപതിയോടു പറഞ്ഞു: അങ്ങു ഞങ്ങൾക്ക് ഉപദേശിച്ചു തന്നാലും'; എന്നു് അദ്ദേഹം 'ദ' എന്ന ഒരക്ഷരം അവർക്ക് ഉപദേശിച്ചു. എന്നിട്ട് ചോദിച്ചു: 'നിങ്ങൾക്ക മനസ്സിലായോ' എന്നു്. ദേവന്മാർ പറഞ്ഞു: ഞങ്ങൾക്ക മനസ്സിലായി. ദമം പരിശീലിക്കുക എന്നാണ് ഞങ്ങളോട് പറഞ്ഞതു്" എന്നു്. പ്രജാപതി പറഞ്ഞു: 'ശരിതന്നെ. നിങ്ങൾക്ക മനസ്സിലായിരിക്കുന്നു' എന്നു്. മനുഷ്യരോട് 'ദ' ദാനം ചെയ്യുക, എന്നു് ഉപദേശിച്ചു. അസുരന്മാരോട്, 'ദ' ദയയുള്ളവരായിരിക്കുക എന്നു് ഉപദേശിച്ചു.

www.malankaralibrary.com



## ത്രിമൂർത്തികൾ

ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവരാണ് ത്രിമൂർത്തികരം. മഹാവിഷ്ണുവിൻെറ നാഭിയിൽ നിന്ന് ഒരു താമരത്തണ്ടും അതിലൊരു താമരപ്പൂവും ഉണ്ടായി. താമരപ്പൂവിൽ ബ്രഹ്മാവ് ഉത്ഭൂതനായി എന്നാണ് പുരാണങ്ങളിൽ പറയുന്നത്. ശിവനും മഹാവിഷ്ണുവിൽ നിന്നാണ് ഉത്ഭവിച്ചത് എന്ന് പറയപ്പെടുന്നുണ്ട്. ത്രിമൂർത്തികരം തമ്മിൽ പലപ്പോഴും മത്സരമുണ്ടായിരുന്നതായി പുരാണങ്ങളിൽ കാണുന്നു. കൂടുതൽ പ്രാഭവവും ശക്തിയും ആർക്കാണ് എന്നുള്ളതിനേച്ചൊല്ലിയാണ് തർക്കം.

## ശിവരാത്രി

മഹാവിഷ്ണുവിൻെറ നാഭിയിൽനിന്നും ഉണ്ടായ താമരപ്പൂവിൽ ഉത്ഭവിച്ച ബ്രഹ്മാവ് എവിടെ നോക്കിയിട്ടും മഹാവിഷ്ണുവിനെയല്ലാതെ മററാരെയും കണ്ടില്ല. ബ്രഹ്മാവ് വിഷ്ണുവിനോട് 'നീ ആര്' എന്നു ചോദിച്ചു. 'ഞാൻ നിൻെറ അച്ഛനാണ്' എന്ന് വിഷ്ണു മറുപടി പറഞ്ഞു. ഇതു കേട്ട് കോപിച്ച ബ്രഹ്മാവ് വിഷ്ണുവിനെ യുദ്ധത്തിൽ വെല്ലുവിളിച്ചു. ബ്രഹ്മാവ് വിഷ്ണുവിനെതിരെ ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. വിഷ്ണു ബ്രഹ്മാസ്ത്രത്തിനെതിരെ പാശുപതാസ്ത്രം പ്രയോഗിച്ചു. ബ്രഹ്മാസ്ത്രം നിർവീര്യമാക്കിയശേഷം ലോകം മുഴുവൻ ചുട്ടെരിച്ചുകൊണ്ടു നടന്ന പാശുപതാസ്ത്രം ഉപസംഹരിക്കുവാൻ വിഷ്ണുവിനും ബ്രഹ്മാവിനും കഴിഞ്ഞില്ല. ശിവൻ പ്രത്യക്ഷപ്പെട്ട് പാശുപതാസ്ത്രം ഉപസംഹരിച്ചു. അങ്ങനെ ശിവൻ പ്രത്യക്ഷപ്പെട്ടതു കുംഭമാസം കറുത്തപക്ഷത്തിൽ ചതുർദ്ദശിനാളിൽ രാത്രിയായിരുന്നു. മേലിൽ എല്ലാ വർഷവും പ്രസ്തുത രാത്രിവ്രതം അനുഷ്ഠിക്കണമെന്നും ശിവൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ഹിന്ദുക്കരം എല്ലാ വർഷവും പ്രസ്തുത ദിവസം രാത്രിയിൽ ആഹാരാദികരം വെടിഞ്ഞ് ഉറക്കമിളച്ചിരുന്ന് വ്രതം അനുഷ്ഠിച്ച് ശിവപൂജ ചെയ്യുന്നുണ്ട്. അതിന് ശിവരാത്രി എന്നു പറയുന്നു.

## സാവിത്രി ബ്രഹ്മാവിനെ ശപിക്കുന്നു

സൂര്യപുത്രിയായ സാവിത്രിയെ ബ്രഹ്മാവ് ഭാര്യയായി സ്വീകരിച്ചു. ഒരിക്കൽ പുഷ്കരത്തിൽ ത്രിമൂർത്തികരം നടത്തുന്ന ഒരു യജ്ഞത്തിൽ സംബന്ധിക്കുന്നതിനായി ബ്രഹ്മാവ് അങ്ങോട്ടു പോയി. വിഷ്ണു, ശിവൻ, ലക്ഷ്മി, പാർവ്വതി,

www.malankaralibrary.com



ദേവേന്ദ്രൻ മുതലായ എല്ലാവരും യജ്ഞവേദിയിൽ എത്തിയിട്ടും സാവിത്രി മാത്രം എത്തിച്ചേർന്നില്ല. കുറെ ഏറെ നേരം കാത്തിരുന്നിട്ടും സാവിത്രിയെ കാണാഞ്ഞതുകൊണ്ട് യജ്ഞം തുടങ്ങാൻ സാധിക്കാതെ വന്നു. അവിടെ കൂടിയിരുന്നവരുടെ സമ്മതത്തോടുകൂടി ബ്രഹ്മാവ് ഗായത്രി എന്ന അപ്സര കന്യകയെ വിധിപ്രകാരം പാണിഗ്രഹണം ചെയ്തശേഷം യജ്ഞം ആരംഭിച്ചു. അല്പം കഴിഞ്ഞപ്പോൾ സാവിത്രി കനകാഭരണ വിഭൂഷിതയായി മന്ദം മന്ദം യജ്ഞവേദിക്കടുത്തെത്തി. താൻ ഇരിക്കേണ്ടിടത്ത് ഗായത്രിയിരിക്കുന്നതു കണ്ട്, സാവിത്രി ബ്രഹ്മാവിനെ ഇപ്രകാരം ശപിച്ചു: "ബ്രഹ്മദേവനെ ഇനിമേൽ ആരും പൂജിക്കാതിരിക്കട്ടെ. അദ്ദേഹത്തിനുവേണ്ടി ക്ഷേത്രങ്ങളുണ്ടാക്കുകയോ അദ്ദേഹത്തെ ഈശ്വരനായി ആരും ആരാധിക്കുകയോ ചെയ്യാതിരിക്കട്ടെ". അതിനുശേഷം സാവിത്രി സൂര്യലോകത്തേക്കു തിരിച്ചുപോയി. വളരെക്കാലത്തിനു ശേഷം ബ്രഹ്മാവ് ചെന്ന് സാവിത്രിയെ സാന്ത്വനപ്പെടുത്തുകയും തിരിച്ചുകൊണ്ടുപോകയും ചെയ്തു. പക്ഷേ അവൾ കൊടുത്ത ശാപങ്ങൾ ഒന്നും പിൻവലിക്കാഞ്ഞതുകൊണ്ട് ബ്രഹ്മാവിനെ ഇന്നും ആരും ആരാധിക്കുന്നില്ല.

ഗീത XI –37-ൽ വിഷ്ണുവിനെ ബ്രഹ്മാവിന്റെ ആദികാരണമായി പറഞ്ഞിരിക്കുന്നു.

സൃഷ്ടികർത്താവായ ബ്രഹ്മാവിന് ജനനവും മരണവും ഉണ്ട്. ഒരു ബ്രഹ്മാവു ജനിച്ച് നശിക്കുന്നതിനിടയ്ക്കുള്ള കാലത്തിന് മഹാകല്പം എന്നു പറയുന്നു (*ബൃഹ. ഉ. സംവാദ്ധ്യായം. Vol II. പുറം. 375*). കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിങ്ങനെ നാലു യുഗങ്ങൾ ഉണ്ട്. ഓരോ യുഗവും അനേകായിരം വർഷങ്ങൾ നീണ്ടുനിൽക്കും. ഇങ്ങനെ അനേകം ചതുർയുഗങ്ങൾ കൂടിയതാണ് ബ്രഹ്മാവിന്റെ ആയുസ്സ്.

ബ്രഹ്മാവിന്റെ ആയുരന്ത്യത്തിൽ ആത്യന്തിക മഹാപ്രളയം സംഭവിക്കുകയും ബ്രഹ്മാവും ശിവനും ബ്രഹ്മലോകവാസികളും, ശിവലോകവാസികളും, വിഷ്ണുലോകവാസികളും മഹാവിഷ്ണുവിൽ ലയിക്കുകയും ചെയ്യും. സർവ്വലോകങ്ങളും മഹാജലപ്രളയത്തിൽ മുങ്ങിനശിക്കും. ഈ പ്രളയകാലത്ത് നശിക്കാതിരിക്കുന്ന ഒരേയൊരു മഹാശക്തിയാണ് മഹാവിഷ്ണു. മഹാപ്രളയം അനേകായിരം വർഷങ്ങൾ നീണ്ടുനിൽക്കും.

www.malankaralibrary.com



ഇക്കാലമത്രയും മഹാവിഷ്ണ അർഭകരൂപം ധരിച്ച് ജലപ്രളയത്തിനുമീതെ ആലിലമുകളിൽ യോഗനിദ്രയിൽ ശയിക്കുകയും ചെയ്യും. പ്രളയാന്ത്യത്തിൽ മഹാവിഷ്ണ യോഗനിദ്രയിൽ നിന്നുമുണർന്ന് ബ്രഹ്മശിവന്മാരെ ഉത്ഭവിപ്പിച്ച് അവരിൽക്കൂടി സൃഷ്ടിസ്ഥിതി സംഹാരം വീണ്ടും തുടരുന്നു.

മഹാവിഷ്ണുവിന്റെ ആസ്ഥാനം പാലാഴിയിലുള്ള ശ്വേതദ്വീപാണ്. ശ്വേതദ്വീപിനെ വൈകുണ്ഠം എന്നും വിളിച്ചുകാണുന്നുണ്ട്. ആയിരം ഫണങ്ങളോടുകൂടിയ അനന്തനായ നാഗതല്പത്തിൽ മഹാവിഷ്ണ യോഗനിദ്രയിൽ സദാ പള്ളികൊള്ളുന്നു. ലക്ഷ്മിയാണ് ഭാര്യ.

ഗീത XI-43-ൽ അർജ്ജുനൻ ശ്രീകൃഷ്ണനോടുപറയുന്നു: "മൂന്നുലോകങ്ങളിലും അങ്ങേയ്ക്കു് തുല്യൻപോലുമില്ല". ശ്രീകൃഷ്ണൻ വിഷ്ണുവിന്റെ പൂർണ്ണ അവതാരമാണെന്നാണ് പറയുന്നത്. ഗീത XIV-3-ൽ, ശ്രീകൃഷ്ണൻ പറയുന്നു: "അല്ലയോ അർജ്ജുനാ, മഹത്തായ ബ്രഹ്മം എന്റെ ഗർഭസ്ഥാനമാകുന്നു".

ശിവൻ വസിക്കുന്നത് മഹാമേരുവിന്റെ ഒരു ഭാഗമായ കൈലാസ പർവ്വതത്തിലാണ്. കപർദ്ദം എന്ന പേരോടുകൂടിയ ചുവന്ന ജടാധാരിയാണ് ശിവൻ. ശിവന് മൂന്നു കണ്ണുകളുള്ളതിൽ ഒന്ന് നെററിയിലാണ്. ഈ മൂന്നാം കണ്ണിലാണ് സംഹാരാഗ്നി സ്ഥിതിചെയ്യുന്നത്. ഈ കണ്ണുതുറന്നു എങ്ങോട്ടു നോക്കുന്നുവോ അവിടമെല്ലാം കത്തിച്ചാമ്പലാകുന്നു. സദാ ശൂലധാരിയാണ്. ശിവനും ശിവന്റെ വാഹനമായ നന്ദി എന്ന കാളയും വെളുപ്പ് നിറമാണ്. ഗദ, വില്ല്, തലയോട്, ജപമാല, കഴുത്തിൽ രുദ്രാക്ഷമാല, നാഗമാല എന്നിവയോടുകൂടിയാണ് ശിവനെ പുരാണങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത്.

വിഷ്ണുഭക്തന്മാർ വിഷ്ണുവിനെ ദൈവമായി ആരാധിക്കുന്നു. ശിവഭക്തന്മാർ ശിവനെ ദൈവമായി ആരാധിക്കുന്നു. ഉപാസന രീതികൾ സ്വീകരിച്ച് വൈദിക കർമ്മങ്ങൾ ചെയ്യുന്ന ആളുകൾ വൈഷ്ണവ സമ്പ്രദായത്തോട് അടുത്തുനിൽക്കുന്നു.

ദുർഗ്ഗാദേവി ശിവന്റെ ശക്തിതന്നെയാണെന്നു പറയുന്നു. പത്തുഭുജങ്ങളോടുകൂടി (*ദശഭുജ*) സിംഹവാഹിനിയായി, മഹിഷയെന്ന ദുഷ്ടമൃഗവുമായി നിരന്തരം യുദ്ധത്തിലാണ്.

www.malankaralibrary.com



# അദ്ധ്യായം VIII

## ദശാവതാരങ്ങൾ

മഹാവിഷ്ണുവിൻെറ പത്തു് അവതാരങ്ങളേപ്പററി പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ടു്. അവയിൽ ഒൻപതു് അവതാരങ്ങൾ സംഭവിച്ചു കഴിഞ്ഞതും പത്താമത്തേതു് സംഭവിക്കാനിരിക്കുന്നതുമാണു് എന്നാണു് പറഞ്ഞിരിക്കുന്നതു്.

## അവതാരങ്ങൾ പത്തു്

| | | | | | |
|---|---|---|---|---|---|
| 1) | മത്സ്യം | 2) | കൂർമ്മം | 3) | വരാഹം |
| 4) | നരസിംഹം | 5) | വാമനൻ | 6) | പരശുരാമൻ |
| 7) | ശ്രീരാമൻ | 8) | ബലഭദ്രരാമൻ | 9) | ശ്രീകൃഷ്ണൻ |
| 10) | കല്ക്കി | | | | |

ദശാവതാരങ്ങൾ എളുപ്പത്തിൽ ഓർത്തിരിക്കാനുള്ള ഒരു പദ്യമാണു് താഴെ കൊടുത്തിരിക്കുന്നതു്.

"മത്സ്യ കൂർമ്മ വരാഹശ്ച
നരസിംഹശ്ച വാമനഃ
രാമോ രാമശ്ച രാമശ്ച
കൃഷ്ണഃ കൽക്കിർ ജനാർദ്ദനഃ"

എട്ടാമത്തെ അവതാരമായി ബലഭദ്രരാമനുപകരം കൃഷ്ണനെയും ഒൻപതാമത്തെ അവതാരമായി ശ്രീകൃഷ്ണനുപകരം ചിലർ ബുദ്ധൻെറ പേരുമാണു് പറയുന്നതു്.

## 1. മത്സ്യാവതാരം

ബ്രഹ്മദേവൻ വേദം ചൊല്ലിക്കൊണ്ടിരുന്ന സമയം, അതിഭയങ്കരനായ ഹയഗ്രീവാസുരൻ ബ്രഹ്മദേവൻെറ കയ്യിലിരുന്നതും സമീപത്തു കിടന്നിരുന്നതുമായ എല്ലാ വേദഗ്രന്ഥങ്ങളും തട്ടിയെടുത്തുകൊണ്ടോടി സമുദ്രാന്തർഭാഗത്തു് എവിടയോ ഒളിച്ചിരുന്നു. മഹാവിഷ്ണു ഒരു മത്സ്യമായി അവതരിച്ചു് സമുദ്രത്തിൻെറ ഉള്ളിൽ ഒളിച്ചിരുന്ന ഹയഗ്രീവനെ കണ്ടുപിടിച്ചു് അവനെ നിഗ്രഹിച്ചശേഷം വേദങ്ങൾ വീണ്ടെടുത്തു് ബ്രഹ്മാവിനെ ഏല്പിച്ചു.

www.malankaralibrary.com



മനുഷ്യവംശത്തിൻെറ ആദിപിതാവായ ഏഴാമത്തെ മനുവിനെ സാർവ്വത്രികമായി ഉണ്ടായ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കാനാണ് മഹാവിഷ്ണു മത്സ്യമായി അവതരിച്ചതെന്നും പറയപ്പെടുന്നുണ്ട്.

## 2. കൂർമ്മാവതാരം (ആമ)

ഇതിനെപ്പററിയും രണ്ട് ഐതിഹ്യങ്ങൾ ഉണ്ട്. ജലപ്രളയത്തിൽ നഷ്ടപ്പെട്ട ചില വിലപിടിച്ച സാധനങ്ങളെ മുങ്ങിയെടുക്കുന്നതിനായിട്ടാണ് മഹാവിഷ്ണു ആമയായി അവതരിച്ചത് എന്നാണ് ഒരു ഐതിഹ്യം.

മന്ദര പർവ്വതമാകുന്ന മന്ഥവും വാസുകിയാകുന്ന പാശവും ഉപയോഗിച്ച് പാൽക്കടൽ കടഞ്ഞുകൊണ്ടിരുന്നപ്പോൾ മന്ദരഗിരി സമുദ്രത്തിലേക്കു താണു. അപ്പോൾ മഹാവിഷ്ണു ഒരു കൂർമ്മമായി അവതരിച്ച് കടലിനടിയൽ പർവ്വതത്തിന് കീഴെ ചെന്ന് പർവ്വതത്തെ മേല്പോട്ട് ഉയർത്തി. അങ്ങനെ മഥനം തുടർന്നു.

## 3. വരാഹാവതാരം

ഭൂമിയെ പാതാളത്തിലേയ്ക്ക് താഴ്ത്തിക്കൊണ്ടുപോയ ഹിരണ്യാക്ഷൻ എന്ന അസുരനെ, മഹാവിഷ്ണു വരാഹരൂപം (*പന്നി*) ധരിച്ച് വധിച്ചശേഷം ഉയർത്തിക്കൊണ്ട്വന്ന് പൂർവ്വസ്ഥാനത്ത് സ്ഥാപിച്ചു.

## 4. നരസിംഹാവതാരം

ഹിരണ്യാക്ഷൻെറ ഇളയ സഹോദരനായിരുന്ന ഹിരണ്യകശിപു എന്ന അസുരൻ. ഹിരണ്യകശിപുവിൻെറ മകൻ പ്രഹ്ലാദൻ വിഷ്ണുഭക്തനായിരുന്നു. ‘‘എവിടെയാണെടാ നിൻെറ വിഷ്ണു’’, എന്ന് ഹിരണ്യകശിപു, പ്രഹ്ലാദനോട്, പുച്ഛഭാവത്തിൽ ചോദിച്ചു. ‘വിഷ്ണുഭഗവാൻ, എല്ലാ ചരാചരങ്ങളിലുമുണ്ട്. തൂണിലും തുരുമ്പിലും ഉണ്ട്’’ എന്ന് പ്രഹ്ലാദൻ പറഞ്ഞു. കോപംകൊണ്ട് ഹിരണ്യകശിപു ആ തൂണിൽ ആഞ്ഞുചവിട്ടി. തൂണ് പിളർന്ന്, വിഷ്ണു നരസിംഹമായി പുറത്തുചാടി ഹിരണ്യകശിപുവിനെ വധിച്ചു.

## 5. വാമനാവതാരം

മഹാവിഷ്ണു വാമനനായി അവതരിച്ച്, ധർമ്മിഷ്ഠനായ മഹാബലി ചക്രവർത്തിയെ ചവിട്ടി പാതാളത്തിൽ താഴ്ത്തിയ കഥ എല്ലാവരും കേട്ടിട്ടുള്ളതാണല്ലോ.

www.malankaralibrary.com



## 6 പരശുരാമാവതാരം

ദുഷ്ടന്മാരായ ക്ഷത്രിയ രാജാക്കന്മാരെ നശിപ്പിക്കുവാൻ മഹാവിഷ്ണു ജമദഗ്നി മഹർഷിയുടെ അഞ്ചാമത്തെ പുത്രനായ രാമനായി അവതരിച്ചു. രാമൻ ശിവനെ തപസ്സുചെയ്തതിൻെറ ഫലമായി ശിവൻ രാമന് പല ദിവ്യാസ്ത്രങ്ങളും പ്രദാനം ചെയ്തു. ആയുധങ്ങളുടെ കൂട്ടത്തിൽ ഒരു പരശുകൂടി കൊടുത്തു. ഈ പരശു (മഴു) ധരിച്ച് നടന്നിരുന്നതിനാലാണ് പരശുരാമൻ എന്ന പേരിൽ അറിയപ്പെടുന്നത്. പരശുരാമൻ അനേകം ക്ഷത്രിയ വംശങ്ങളെ നശിപ്പിച്ചു. അവരിൽനിന്നു പിടിച്ചെടുത്ത മുതലെല്ലാം ബ്രാഹ്മണർക്കു ദാനം ചെയ്തു.

ഈ പരശുരാമന് ഭീഷ്മരെ യുദ്ധത്തിൽ തോല്പിക്കുവാൻ സാധിച്ചില്ല എന്ന് വേറൊരിടത്ത് പറയുന്നുണ്ട്.

## 7. ശ്രീരാമാവതാരം

രാക്ഷസനായിരുന്ന രാവണനെ വധിക്കാനായിട്ടാണ് മഹാവിഷ്ണു ശ്രീരാമനായി അവതരിച്ചത്. ശ്രീരാമൻെറ സഹോദരനായ ലക്ഷ്മണനും മഹാവിഷ്ണുവിൻെറ ഒരു അംശാവതാരമാണ് എന്നാണ് പറയപ്പെടുന്നത്.

## 8. ബലരാമൻ

ബലഭദ്രരാമൻ ശ്രീകൃഷ്ണൻെറ ജ്യേഷ്ഠസഹോദരനാണ്. അവതാരോദ്ദേശം എന്താണെന്ന് വ്യക്തമല്ല.

## 9. കൃഷ്ണാവതാരം

ശ്രീകൃഷ്ണൻ, ദുഷ്ടരായിരുന്ന കംസൻ, പൂതന, ഉഗ്രവിഷധാരിയായ കാളിയൻ എന്ന നാഗരാജാവിനെയും വധിച്ചു.

ഭഗവദ്ഗീതയിൽ കൃഷ്ണൻ തൻെറ അവതാരോദ്ദേശ്യമെന്തെന്ന് പറയുന്നുണ്ട്. കൃഷ്ണൻ അർജ്ജുനനോട് പറയുന്നു: ''സജ്ജനങ്ങളുടെ രക്ഷയ്ക്കായും ദുർജനങ്ങളുടെ നാശത്തിനായും ധർമ്മത്തെ നിലനിർത്തുന്നതിനായും യുഗംതോറും ഞാൻ അവതരിക്കുന്നു'' (*ഗീത. IV–8*).

'പുരാണ വിചിത്ര കഥാസാരം' എന്ന ഗ്രന്ഥത്തിൽ ഡോ. സി. കെ. എൻ. നായർ ഇപ്രകാരം പറയുന്നു: ''ഇത്രയും വ്യക്തവും ധാർമ്മികവും അത്യന്താപേക്ഷിതവുമായ ഒരു ലക്ഷ്യം

www.malankaralibrary.com



ശ്രീകൃഷ്ണാവതാരത്തിനല്ലാതെ മററൊരവതാരങ്ങൾക്കും ചുമത്താൻ യാതൊരു ന്യായീകരണവുമില്ല. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, എന്നീ അവതാരങ്ങൾക്കെല്ലാം ഇടുങ്ങിയതും പരിമിതവുമായ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ഏററവും ധർമ്മിഷ്ഠനായ മഹാബലിയെ അമർത്തുന്നതിനായിട്ടാണ് വാമനൻ ജന്മമെടുത്തത്. ധർമ്മത്തിന് ക്ഷയമോ അധർമ്മത്തിന് വർദ്ധനയോ മഹാബലിയുടെ കാലത്തുണ്ടായിരുന്നില്ല. മത്സ്യ, കൂർമ്മ, വരാഹങ്ങളുടെ അവതാരകാലത്ത് ഭൂമിയിൽ മനുഷ്യർപോലും ഉണ്ടായിരുന്നില്ല'' (ടി ഗ്രന്ഥം. പുറം. 620).

ടി ഗ്രന്ഥം. പുറം. 406-ൽ ഡോ. നായർ ഇപ്രകാരം പറയുന്നു: ''മഹാഭാരതം വൈചിത്ര്യനിർഭരവും അവിശ്വസനീയവുമായ ബഹുശതം കഥകളാൽ അവർണ്ണനീയമാം വണ്ണം അലങ്കരിക്കപ്പെട്ടിരിക്കുമ്പോൾ—ബഹുഭാര്യത്വം, ബഹുഭർത്തൃത്വം, വ്യഭിചാരം, പരദാരപ്രാപ്തി, വേശ്യാസംഗമം എന്നുവേണ്ട മനുഷ്യമനസ്സിനൂഹിക്കാവുന്ന സകലവിധ ദുർവാസനകൾക്കും ഉദാഹരണമായ കഥകളാൽ നിറയപ്പെട്ടിരിക്കുമ്പോൾ—ഏകകഥാ പ്രധാനമായ രാമായണം, പരിശുദ്ധമായ ഏകഭാര്യാത്വം, ദിവ്യമായ ഭാര്യാഭർത്തൃബന്ധം, പിതൃഭക്തി, മാതൃഭക്തി, സഹോദരസ്നേഹം, സുഹൃദ്ബന്ധം, അചഞ്ചലമായ ഈശ്വരഭക്തി, ധർമ്മബോധം, കർമ്മനൈപുണ്യം മുതലായ മഹനീയ ഗുണങ്ങൾ തുളുമ്പുന്ന മഹൽഗ്രന്ഥമായി പരിലസിക്കുന്നു. മഹാഭാരതത്തിൽനിന്ന് ഭഗവദ്ഗീത മാററിയാൽ അതിൻെറ മതപരമായ സ്ഥാനം തന്നെ നഷ്ടപ്പെട്ടേക്കാം. ഗീതയില്ലാത്ത മഹാഭാരതം വേറൊരു ''കഥാസരിൽ സാഗരം'' മാത്രമായി മാറും''.

ടി ഗ്രന്ഥം. പുറം. 422-ൽ, ശ്രീരാമൻെറ അന്ത്യത്തെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ഭൂമിയുടെയുള്ളിലേക്കുള്ള സീതയുടെ അന്തർധാനവും സരയൂനദിയിൽ ചാടിയുള്ള ലക്ഷ്മണൻെറ ദേഹത്യാഗവും മൂലം അത്യധികം ദുഃഖിതനായ ശ്രീരാമൻ, ലക്ഷ്മണൻ ചാടിയ സരയൂനദിയിൽത്തന്നെ ചാടി ദേഹത്യാഗം ചെയ്തു. ഭരത ശത്രുഘ്നന്മാരും ഒട്ടനേകം അന്തഃപുരവാസികളും അമാത്യന്മാരും ബന്ധുമിത്രാദികളും അവരെ അനുകരിച്ചു''.

## ശ്രീകൃഷ്ണൻെറ അന്ത്യം

ശ്രീകൃഷ്ണൻെറ അഷ്ടവധുക്കളിൽ ഒരുവളായ ജാംബവതിയുടെ പുത്രനായിതന്നു സാംബൻ. ഒരു ദിവസം കുറെ മുനിമാർ

www.malankaralibrary.com



ശ്രീകൃഷ്ണനെ സന്ദർശിക്കുന്നതിനായി ദ്വാരകയിൽ വന്നു. മുനിമാരുടെ ആഗമനം അറിഞ്ഞ സാംബനും കൂട്ടുകാരും അവരുടെ ദിവ്യശക്തി ഒന്നു പരീക്ഷിക്കണമെന്നും അവരെ ഒന്നു കളിയാക്കിവിടണമെന്നും തീരുമാനിച്ചു. സാംബനെ കൂട്ടുകാർകൂടി ഒരു ഗർഭിണിയുടെ വേഷം കെട്ടിച്ച്; മുനിമാർ തിരിച്ചു വരുന്ന വഴിയിൽ, അവരു കാത്തുനിന്നു. ശ്രീകൃഷ്ണനെ സന്ദർശിച്ചശേഷം മടങ്ങിവരുകയായിരുന്ന മുനിമാരോട് കൃഷ്ണപുത്രന്മാരിൽ ഒരുവൻ ചോദിച്ചു: "മഹാമുനിമാരെ! ഇവരു പ്രസവിക്കുന്ന ശിശു ആണായിരിക്കുമോ, പെണ്ണായിരിക്കുമോ എന്നു പ്രവചിച്ചാലും! മുനിമാരുടെ കൂട്ടത്തിലുണ്ടായിരുന്ന നാരദ മഹർഷി ഇപ്രകാരം പറഞ്ഞു: "കുട്ടികളേ, ഈ സ്ത്രീ നാളെത്തന്നെ പ്രസവിക്കും. പക്ഷേ ശിശു ആണോ പെണ്ണോ ആയിരിക്കുകയില്ല. അതു് ഒരു ഇരുമ്പുലക്കയായിരിക്കും. ആ ഇരുമ്പുലക്ക മൂലം ശ്രീകൃഷ്ണനുൾപ്പെടെ യദുവംശം മുഴുവൻ നശിക്കും".

അടുത്ത ദിവസം സാംബൻെറ തുട പിളർന്നു് ഒരു ഇരുമ്പുലക്ക പുറത്തു വന്നു. യാദവന്മാർ ഇരിമ്പുലക്ക രാകി പൊടിച്ചു് സമുദ്രത്തിൽ വിതറി. അവസാനം ശേഷിച്ച ഒരു വലിയ കഷണവും ഇരുമ്പുപൊടിയുടെ കൂട്ടത്തിൽ സമുദ്രത്തിലേക്കു് എറിഞ്ഞു.

ഇരുമ്പുലക്ക രാകിപ്പൊടിച്ച പൊടികൾ തിരമാലകൾ തീരത്തടുപ്പിച്ചു. കടൽതീരം മുഴുവൻ വ്യാപിച്ച ഈ പൊടികളിൽ നിന്നു് അമ്പുപോലെയുള്ള ഒരുമാതിരി ഏരകപ്പുല്ലുകൾ മുളച്ചു. യാദവന്മാർ ഒരു ദിവസം മദ്യപിച്ചു് പുല്ലുകൊണ്ടു് പരസ്പരം എയ്യുകയും പരസ്പരം പോരാടുകയും ചെയ്തതിൻെറ ഫലമായി പലരും മരിച്ചു. ശ്രീകൃഷ്ണൻ വിവരം അറിഞ്ഞു വന്നു് ഒരു പിടി ഏരകപ്പുല്ലു് പറിച്ചു് കൈയ്യിൽ പിടിച്ചതു് ഇരുമ്പുലക്കയായി മാറിയപ്പോൾ ആ ഇരുമ്പുലക്കകൊണ്ടു് പലരെയും അടിച്ചുകൊന്നു.

ദുഃഖിതനായ കൃഷ്ണൻ ഒരു വനത്തിൽ പോയി ധ്യാനനിരതനായി ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നു. അങ്ങനെ ഇരിക്കുമ്പോൾ അദ്ദേഹത്തിൻെറ കാലിൻെറ പെരുവിരലിൽ ഒരു അമ്പു് വന്നു തറച്ചു് മാരകമായ മുറിവേററു. അല്പം കഴിഞ്ഞപ്പോൾ വിറയ്ക്കുന്ന കൈയ്യിൽ വില്ലുമായി ഒരു വേടൻ പ്രത്യക്ഷപ്പെട്ടു: "പ്രഭോ എനിക്കു മാപ്പുതരണം. അങ്ങയുടെ പാദങ്ങൾ കണ്ടു് ഒരു മാനിൻെറ ചുണ്ടാണെന്നു് തെററിദ്ധരിച്ചാണു് ഞാൻ

www.malankaralibrary.com



അമ്പെയ്യതു്''. എന്നു പറഞ്ഞു് കണ്ണുനീർ പൊഴിച്ചുകൊണ്ടി രുന്നു. ശ്രീകൃഷ്ണൻ അയാളോട് ഈ അമ്പു് എങ്ങനെ കിട്ടി എന്നു് ചോദിച്ചു. അതിനു് ആ വേടൻ ഇങ്ങനെ മറുപടി പറഞ്ഞു. ''ഒരു മുക്കുവനിൽനിന്നു് ഞാൻ ഒരു മത്സ്യം വാങ്ങി. അതിന്റെ ഉദരത്തിൽ ഞാൻ ഒരു ഇരുമ്പുകഷണം കണ്ടെത്തി. അതുകൊണ്ടു് ഞാൻ ഉണ്ടാക്കിച്ചെട്ടതതാണു് ഈ അമ്പു്'' ശ്രീകൃഷ്ണനു് ഉടൻ കാര്യം മനസ്സിലായി. സാംബൻ പ്രസ വിച്ച ഇരിമ്പുലക്കയുടെ അവസാനത്തെ കഷണമാണു് എന്നു് മനസ്സിലായി. അതിനുശേഷം ശ്രീകൃഷ്ണൻ കൊട്ടാരത്തി ലേക്കു് തിരിച്ചുപോയി. കൊട്ടാരത്തിൽ എത്തിയ ഉടൻ മരണമടയുകയും ചെയ്തു.

ദേവന്മാർ വാഹനമായി മൃഗങ്ങളെ ഉപയോഗിക്കുന്നു. താമരയിൽ ഉപവിഷ്ടനായിരിക്കുന്ന ബ്രഹ്മാവിന്റെ വാഹനം അരയന്നമാണു്. വിഷ്ണുവിന്റെ വാഹനം പകുതി മനുഷ്യനും പകുതി കഴുകനുമായ ഗരുഡൻ ആണു്. ശിവന്റെ വാഹനം വെളുത്ത കാളയാണു്. കാർത്തികേയന്റെ വാഹനം മയിൽ ആണു്. ഇന്ദ്രന്റെ വാഹനം ഐരാവതം ആണു്. യമന്റെ വാഹനം മഹിഷ അഥവാ പോത്തു് ആണു്. ഗണേശന്റെ വാഹനം ചുണ്ടെലിയാണു്. ലക്ഷ്മിയുടെ വാഹനം മൂങ്ങയാണു്.

www.malankaralibrary.com



# അധ്യായം IX

## പാപം, പാപശാന്തി, മരണാനന്തര ജീവിതം

പാപം, പാപശാന്തി, മരണാനന്തര ജീവിതം, ഇവയെപ്പററി ഋഗ്വേദം, ഉപനിഷത്തുകൾ, ഭഗവദ്ഗീത എന്നിവയിൽ വ്യത്യസ്ത കാഴ്ചപ്പാടുകൾ ആണു് ഉള്ളതു്.

ഋഗ്വേദം. മ. 10 സൂ. 5-പദ്യം. 6-ൽ, വിവിധതരത്തിലുള്ള പാപങ്ങളുടെ ഒരു പട്ടിക നൽകിയിട്ടുണ്ടു്.

"മേധാവികളായ ഋഷികൾ കാമക്രോധങ്ങളിൽ നിന്നുളവാകുന്ന ഏഴു് അതിർവരമ്പുകൾ, നിരോധങ്ങൾ ഉപേക്ഷിച്ചിരുന്നു; അവ വിട്ടുകടന്നിരുന്നില്ല. കള്ളുകുടി, ചൂതുകളി, (പര) സ്ത്രീകൾ, നായാട്ടു്, അന്യദ്രോഹം, ക്രൂരത, പരദൂഷണം എന്നിങ്ങനെയും, അന്യൻെറ മുതൽ കക്കൽ, ഗുരുവിൻെറ കിടക്കയിൽ കയററം, ബ്രഹ്മഹത്യ, കള്ളുകുടി, ദുഷ്ടകർമ്മാക്കളൊത്തു് വീണ്ടും വീണ്ടും സംസർഗ്ഗം, അസത്യമായ വാക്കും പ്രവൃത്തിയും എന്നിങ്ങനെയും ആ ഏഴെണ്ണത്തെ വിസ്തരിച്ചിരിക്കുന്നു. അവയിൽ ഒന്നു ചെയ്യുന്നവൻ തന്നെ പാപിയായി ഭവിക്കുന്നു. അപ്രകാരമുള്ള മനുഷ്യനെ ആ ദുഷ്കർമ്മത്തിൽനിന്നു് വിലക്കിക്കൊണ്ടു് അഗ്നി ആ മനുഷ്യൻെറ സമീപത്തിൽ ആദിത്യരൂപനായ തൻെറ രശ്മികൾ കൊണ്ടു് അന്തരീക്ഷത്തിലുള്ള ജലങ്ങളിൽ ഇടിമിന്നലായി നില്ക്കുന്നു. *(അത്തരം പാപികളെ ഇടിമിന്നലാൽ ദുഷ്കൃത്യത്തിൽനിന്നു് മാററാൻവേണ്ടി ഹനിക്കുന്നു)*.

ഋക്കു്. 1—113—4-ൽ ഇപ്രകാരം പറയുന്നു: "അല്ലയോ രുദ്രാ വേണ്ടതുപോലെയല്ലാതെ, ശ്രദ്ധ, ഭക്തി, ഏകാഗ്രത മുതലായവയില്ലാതെ ചെയ്യുന്ന നമസ്കാരംകൊണ്ടു്, അവിടുത്തെ ഞാൻ കോപിപ്പിക്കരുതു്. അല്ലയോ കാമവർഷിതാവേ, ഞാൻ ചെയ്യുന്ന അശോഭന സ്തുതികൊണ്ടു് അവിടുത്തെ കോപിപ്പിക്കരുതു്........".

ഋഗ്വേദമനുസരിച്ചു് പാപങ്ങൾ എന്തൊക്കെയാണെന്നു് മേലുദ്ധരിച്ച രണ്ടു പദ്യങ്ങളിൽനിന്നു് ഏറെക്കുറെ മനസ്സിലാക്കാം.

www.malankaralibrary.com



പാപം എങ്ങനെയുണ്ടാകുന്നു എന്നു് താഴെ കാണുന്ന പദ്യങ്ങളിൽ പറയുന്നു:

ഋക്ക്. 7—86—5. "അല്ലയോ പ്രകാശമാനനായ വരുണ, പൂർവ്വന്മാരിൽനിന്നു് എനിക്കു ബന്ധനത്തിനു് തക്കകാരണമായി ദ്രോഹങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവയെ മോചിപ്പിച്ചാലും, എന്നിൽനിന്നു് വേർപെടുത്തിയാലും; ഞങ്ങൾ ശരീരങ്ങളിൽ ദ്രോഹങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവയേയും വേർപെടുത്തിയാലും. കയറിൽനിന്നു് പശുക്കുട്ടിയെ എന്ന പോലെ എന്നെ ബന്ധകമായ പാപത്തിൽനിന്നു് മോചിപ്പിച്ചാലും".

ഋക്ക്. 7 - 86 - 6. "നസസ്വോദക്ഷോ വരുണ ധ്രുതിസ്സാ സുരാമന്യുർവ്വിഭീദകോ അചിത്തിഃ........"

അല്ലയോ വരുണാ, ഒരുവനു് പാപപ്രവൃത്തിക്കു് കാരണം സ്വന്തം ബലമല്ല, ജനനസമയത്തുതന്നെ നിർമ്മിക്കപ്പെടുന്ന ധ്രുവമായ, സുസ്ഥിരമായ ദൈവഗതിയാണു്. ആ സ്ഥിരതയുററ ദൈവഗതി മദ്യമായും ഗുരുജനങ്ങളിൽ ക്രോധത്തിൻെറ രൂപത്തിലും അനർത്ഥ ഹേതുവായി ഭവിക്കുന്നു. ചൂതുകളിയിൽ ചൂതായും (*കരുവ്*) അനർത്ഥകാരണമാകുന്നു. അവിവേക ഹേതുവായ അജ്ഞാനമായും തീരുന്നു. അതിനാൽ ഈ ദൈവകല്പിതമാണു് ഒരുവൻെറ പാപവൃത്തിയിൽ കാരണം. കൂടാതെ അല്പനായ, ഹീനനായ മനുഷ്യൻെറ പാപകർമ്മത്തിൽ ഈശ്വരൻ നിയന്താവായി ഭവിക്കുന്നു. അവിടുന്നാണവനെ പാപത്തിൽ പ്രവർത്തിപ്പിക്കുന്നതു്. (*"ഏഷ്യഹ്യേവാസാധുകം കർമ്മ കാരയതി, യമധോനി നീഷതേ" അവിടുന്നാണ് താഴെനിൽക്കുന്നവനെക്കൊണ്ട് നിന്ദ്യ കർമ്മം ചെയ്യിക്കുന്നത് എന്ന് (ശ്രുതി)*). ഇപ്രകാരമായിരിക്കേ, അവൻ സ്വപ്നത്തിലുംകൂടി പാപം ചേർക്കുന്നവനായിഭവിക്കുന്നു. അതുകൊണ്ടു് എൻെറ പാപം, അപരാധം, സ്വകൃതമല്ല ദൈവകൃതമാണു്, ക്ഷന്തവ്യമാണു്. (*അല്പൻ, ഹീനൻ, താഴെ നിൽക്കുന്നവൻ എന്നീ വാക്കുകൾ കുറിക്കുന്നത് നീചബുദ്ധികളെയാണ്*).

**പാപശാന്തി**

ഋഗ്വേദം. മ. 1. സൂ 23-പദ്യം 22: "അല്ലയോ ജലങ്ങളേ എങ്കൽ അറിയാതെ ചെയ്തുപോയ യാതൊരു പാപമുണ്ടോ, അല്ലെങ്കിൽ അറിഞ്ഞുകൊണ്ടു് ഞാൻ ആർക്കെങ്കിലും ദ്രോഹം

www.malankaralibrary.com



ചെയ്തിട്ടുണ്ടോ........അസത്യം പറഞ്ഞിട്ടുണ്ടോ, ആ സർവ്വപാപങ്ങളും എങ്കൽനിന്നു് പ്രവാഹരൂപേണ ഒഴുക്കിക്കളഞ്ഞാലും''.

ഋക്ക്. 10—164—3. ''യാതൊന്നു് അഭിലാഷത്തോടുകൂടി ബോധാവസ്ഥയിൽ ചെയ്തുവോ, യാതൊന്നു് സ്വപ്നാവസ്ഥയിൽ പ്രാപിച്ചുവോ, അഭിലാഷരഹിതമായോ അഭിലാഷസമേതമായോ ചെയ്തുവോ ആ അസേവ്യങ്ങളായ അനന്വേഷ്യങ്ങളായ എല്ലാ ദുഷ്കർമ്മങ്ങളെയും അഗ്നി നമ്മളിൽനിന്നകലെ നീക്കിനിർത്തട്ടെ''.

പാപശാന്തിക്കുവേണ്ടി ജലങ്ങളോടും അഗ്നിയോടും പ്രാർത്ഥിക്കുന്നതായിട്ടാണു് മേലുദ്ധരിച്ച പദ്യങ്ങളിൽ കാണുന്നതു്. താഴെ കാണുന്ന പദ്യങ്ങളിൽ വരുണനോടു് പ്രാർത്ഥിക്കുന്നതായി കാണാം.

ഋക്ക്. 7—86—3. ''അല്ലയോ വരുണാ അവിടത്തെ കാണാനിച്ഛിക്കുന്ന ഞാൻ യാതൊരു പാപം കൊണ്ടാണോ അവിടത്തെ കയറിനാൽ കെട്ടപ്പെട്ടിട്ടുള്ളതു്, ആ പാപമെന്തെന്നു ചോദിച്ചുകൊള്ളുന്നു. അതു പറഞ്ഞാലും........ക്രോധം വിട്ടു് എന്നെ കയർകെട്ടുകളിൽനിന്നു് മോചിപ്പിച്ചാലും''.

ഋക്ക്. 5—85 7. ''അല്ലയോ വരുണാ, മനഃപ്രേരണകൊണ്ടു് ശാസിക്കുന്ന ഗുരുവിനോ, കൂറുറ സ്നേഹിതനോ, ചങ്ങാതിക്കോ, സഹോദരനോ, ഒപ്പമൊരിടത്തു് പാർക്കുന്നവനോ, മിണ്ടാൻ വയ്യാത്ത പ്രാണിക്കോ, എന്തെങ്കിലുമപരാധം എപ്പോഴും ഞങ്ങൾ ചെയ്തുപോന്നിട്ടുണ്ടു്. അല്ലയോ വരുണാ, അതു് (*ആ പാപം*) ഞങ്ങളിൽ നിന്നു് നശിപ്പിച്ചാലും''.

## പാപം ഉപനിഷത്തുകളിൽ

ഔപനിഷദികമായ വീക്ഷണത്തിൽ മനുഷ്യൻ ആത്മാവു മാത്രമാണു്. ആത്മാവു പാപലേശമില്ലാത്തതാണു്. മനുഷ്യൻ (*മനുഷ്യാത്മാവ്*) സാരാംശത്തിൽ ദൈവീകമാണു്. പുണ്യകർമ്മങ്ങളായാലും പാപകർമ്മങ്ങളായാലും ശരീരത്തെ (*അതായതു് ഇന്ദ്രിയങ്ങളെയും, ബുദ്ധിയെയും, മനസിനെയും*) മാത്രമേ ബാധിക്കുകയുള്ളൂ. പ്രകൃതി ത്രൈഗുണാത്മകമാണു്. താമസവും രാജസവുമായ ബുദ്ധികൊണ്ടു് സ്വ സ്വരൂപത്തിന്റെ പരമാർത്ഥ സ്ഥിതിയറിയാതെ 'ഞാൻ ദേഹമാണു്' എന്ന ബുദ്ധിയോടുകൂടി അതിനെ പ്രീണിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സ്വാർത്ഥപരതയെയാണു് പാപമെന്നു പറയുന്നതു്.

www.malankaralibrary.com



ഈ കാണപ്പെട്ടുന്നതെല്ലാം ആത്മാവാണെന്നും ആ ആത്മാവുതന്നെയാണ് ബ്രഹ്മമെന്നും അറിയുന്നവൻ, ബ്രഹ്മ തത്ത്വം (*ബ്രഹ്മവിദ്യ*) അറിയുന്നു എന്നാണ് കേനോപനിഷത്ത് ആദ്യമേ പറയുന്നത്. ഈ ഉപനിഷത്ത് നാലാം ഖണ്ഡം 35-ാം മന്ത്രം ഇപ്രകാരം പറയുന്നു: "ഇപ്രകാരമുള്ള ഉപനിഷത്ത് രഹസ്യമായ ഈ ബ്രഹ്മവിദ്യയെ യാതൊരുത്തനാണോ അറിയുന്നത് അവൻ സകല പാപങ്ങളെയും അതിലംഘിച്ച് അനന്തവും മഹത്തരവുമായ സ്വർഗ്ഗ ലോകത്തിൽ പ്രതിഷ്ഠിതനായിത്തീരുന്നു".

ബൃഹ. ഉ. 4—3—8. "ഈ പുരുഷൻ ജനിക്കുമ്പോൾ അതായത് ശരീരത്തെ സ്വീകരിക്കുമ്പോൾ പാപങ്ങളോടുകൂടി ചേരുന്നു. ദേഹം വിട്ടുപോകുമ്പോൾ അതായത് മരിക്കുമ്പോൾ പാപങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്നു".

അതായത് പാപപുണ്യങ്ങൾക്കു ശരീരം മാത്രമേ ശരവ്യമായി വരുന്നുള്ളു.

ബൃഹ. ഉ. 4—4—22-ൽ പറയുന്നു: "…. …സഃ സാധുനാ കർമ്മണാ ഭൂയാൻ, നോ ഏവാസാധുനാ കനീയാൻ……..". അവൻ (*ആത്മാവ്*) പുണ്യകർമ്മങ്ങളാൽ ഉത്കൃഷ്ടനാകുന്നില്ല, പാപകർമ്മങ്ങളാൽ നികൃഷ്ടനാവുന്നുമില്ല".

ബൃഹ. ഉ. 3—2—13. "പുണ്യകർമ്മത്താൽ പുണ്യവാനായിത്തീരുന്നു, പാപകർമ്മത്താൽ പാപിയായിത്തീരുന്നു". (*കർമ്മത്തെ പ്രശംസിച്ചുകൊണ്ടുള്ള ഒരു പദ്യമാണ് ഇത് "കർമ്മ ഹ ഏവ പ്രശശംസതുഃ"*).

മുണ്ഡ. ഉ. 3—2—9. "യാതൊരുവനാണോ ആ പരമമായ ബ്രഹ്മത്തെ അറിയുന്നത് അവൻ ബ്രഹ്മം തന്നെയായിത്തീരുന്നു……..അവൻ ദുഃഖത്തെ തരണം ചെയ്യുന്നു; പാപത്തെ തരണം ചെയ്യുന്നു. ഹൃദയത്തിൻെറ കെട്ടുകളിൽ നിന്നു് മുക്തനായിട്ട് മരണമില്ലാത്തവനായി ഭവിക്കുന്നു.

തൈ. ഉപ. II—9—1. "വിദ്വാൻ ഒന്നിനെയും ഭയപ്പെടുന്നില്ല; എന്തു നന്മ ഞാൻ ചെയ്തു, എന്തു തിന്മ ചെയ്തു എന്ന വിചാരം അയാളെ തപിപ്പിക്കുന്നില്ല".

## പാപം ഭഗവദ്ഗീതയിൽ

ഗീത I-44-ൽ അർജ്ജുനൻ പറയുന്നു: "അല്ലയോ കൃഷ്ണാ, കുലധർമ്മങ്ങൾ നശിച്ചുപോയിട്ടുള്ള മനുഷ്യർക്കു് നരകത്തിൽ സദാ വസിക്കുവാനിടവരുന്നു എന്നു് ഞങ്ങൾ കേട്ടിട്ടുണ്ട്".

www.malankaralibrary.com



ഗീത II-18-ൽ ശ്രീകൃഷ്ണൻ പറയുന്നു: "നിത്യനും നാശമില്ലാത്തവനും........ആയ ജീവാത്മാവിൻെറ ഈ ദേഹങ്ങൾ അവസാനമുള്ളവയാണെന്നു് തത്വദർശികൾ വെളിപ്പെടുത്തിയിട്ടുണ്ടു്. അതിനാൽ നീ യുദ്ധം ചെയ്യുക".

ഗീത. III—13-ൽ പറയുന്നു· "യജ്ഞ ശിഷ്ടത്തെ ഭുജിക്കുന്നത് പുരുഷന്മാർ സർവ്വപാപങ്ങളിൽ നിന്നും മോചിക്കപ്പെടുന്നു. എന്നാൽ ഏവർ തങ്ങൾക്കുവേണ്ടി മാത്രം പാകം ചെയ്യുന്നുവോ ആ പാപികൾ കർമ്മഫല രൂപത്തിൽ പാപത്തെ തന്നെ ഭുജിക്കുന്നു".

അതായതു്, ഈ ലോകത്തിനുവേണ്ടി പ്രവർത്തിച്ചിട്ടു് മററുള്ളവർ അനുഭവിക്കുന്ന കൂട്ടത്തിൽ അതിൻെറ പങ്കനുഭവിക്കുന്ന കൂട്ടത്തിൽ സജ്ജനങ്ങൾ സർവ്വ പാപങ്ങളിൽനിന്നും മുക്തരായിത്തീരുന്നു. ആരാണോ സ്വാർത്ഥലാഭത്തിനുവേണ്ടി മാത്രമായി പ്രവർത്തിച്ചു് അതിൻെറ ഫലം അനുഭവിക്കുന്നതു് അവർ ഭുജിക്കുന്നതു് പാപമാകുന്നു.

ഗീത III-37-ൽ ശ്രീകൃഷ്ണൻ പറയുന്നു: "രജോഗുണത്തിൽ നിന്നുണ്ടായ ഈ കാമവും ഈ ക്രോധവും ആർത്തിയോടുകൂടി ഭക്ഷിക്കുന്നവനും മഹാപാപിയാകുന്നു".

ഗീത V-15-ൽ പറയുന്നു: "സർവ്വവ്യാപിയായ ഭഗവാൻ (*പരമാത്മാവ്*) ആരുടെയും പാപം എടുക്കുന്നില്ല; സുകൃതവും എടുക്കുന്നില്ല".

എന്നാൽ ഗീത X-33-ൽ പറയുന്നു: ".......കർമ്മഫലങ്ങളെ കൊടുക്കുന്ന സർവ്വതോന്മുഖനും (*ബ്രഹ്മാവും*) ഞാൻതന്നെയാകുന്നു. (*ധാതാഹം വിശ്വതോന്മുഖഃ*)."

ഗീത XIII-20-ൽ പറയുന്നു: "കാര്യം, കരണം, കർത്തൃത്വം എന്നിവയുടെ ഹേതു പ്രകൃതിയാണെന്നു പറയപ്പെടുന്നു. എന്നാൽ സുഖ ദുഃഖങ്ങളുടെ അനുഭവവിഷയത്തിൽ കാരണം പുരുഷൻ ആണെന്നു പറയപ്പെടുന്നു".

കാര്യ, കാരണം, കർത്തൃത്വം എന്നും പാഠഭേദമുണ്ടു്.

ഗീത. XVI-4: "വലിയവനെന്നുള്ള ഭാവം, തണ്ടു്, ദുരഭിമാനം, കോപം, പരുഷമായ ഭാഷണം (*പെരുമാററം*) അറിവില്ലായ്മ ഇവയെല്ലാം അസുരതയാണു്".

ഗീത: XVI-21. "കാമം, ക്രോധം, ലോഭം ഇങ്ങനെ മൂന്നു വിധത്തിൽ ആത്മാവിനു നാശമുണ്ടാക്കുന്ന നരകത്തിൻെറ വാതിൽ ഉണ്ടു്".

www.malankaralibrary.com



## പാപത്തിൽനിന്നും മുക്തി

IV–36. "ജ്ഞാനമാകുന്ന തോണികൊണ്ടുതന്നെ എല്ലാ പാപത്തെയും നീ കടക്കും".

അതായത്ു് പാപത്തിനു് ശിക്ഷയില്ല.

ഗീത V–10. "ആരു് കർമ്മങ്ങളെയെല്ലാം, ആസക്തിയെ വെടിഞ്ഞു് ബ്രഹ്മത്തിൽ സമർപ്പണം ചെയ്തു്, ചെയ്യുന്നുവോ, അവൻ വെള്ളംകൊണ്ടു് താമരയില എന്നതുപോലെ പാപം കൊണ്ടു് ലിപ്തനാകുന്നില്ല".

ഗീത XVII–66 "നീ എല്ലാ ധർമ്മങ്ങളെയും ഉപേക്ഷിച്ചിട്ടു് ഏകനായ എന്നെ ശരണമായി പ്രാപിച്ചാലും. ഞാൻ നിന്നെ എല്ലാ പാപങ്ങളിൽനിന്നും വിടുവിക്കും".

ബൃഹദാരണ്യകോപനിഷത്തു്, വ്യാഖ്യാനം Vol. II 653, 654 പുറങ്ങളിൽ നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "യഹൂദമതത്തിലും ക്രിസ്തുമതത്തിലും ഇസ്ലാം മതത്തിലും, മനുഷ്യന്റെ വ്യക്തി ജീവിതത്തിൽ അവന്റെ ഉള്ളിലുണ്ടാകുന്ന ഓരോ വിചാരത്തെയും പറയുന്ന ഓരോ വാക്കിനെയും ചെയ്യുന്ന ഓരോ പ്രവൃത്തിയെയും എത്ര രഹസ്യമാണെങ്കിൽ പോലും ഇടതടവില്ലാതെ ഉററു പാർത്തുനില്ക്കുന്ന ഒരു ദൈവമുണ്ടെന്നു് തിരികെത്തിരികെ ഓർമ്മിപ്പിക്കുന്നു. മുറിയാത്ത ഈ കർമ്മ ശൃംഖലയിൽ വരുന്ന പുണ്യപാപങ്ങളുടെ ഫലം ഇന്നല്ലെങ്കിൽ നാളെ അനുഭവിപ്പിക്കുന്നതിനായി ഒരു അന്ത്യന്യായവിധി ഉണ്ടെന്നും അന്നു് ദൈവം നേരിട്ടു് വിളിച്ചു് ഒരുവന്റെ കർമ്മഗതി അവനെക്കൊണ്ടുതന്നെ ഏററുപറയിപ്പിച്ചു് തിന്മ ചെയ്തവനു് കടുത്തശിക്ഷ കൊടുക്കുമെന്നും വിശ്വസിപ്പിച്ചു വച്ചിരിക്കുന്നു. എന്നാൽ ഭഗവദ്ഗീത പറയുന്നതു്, ഒരുവന്റെ പുണ്യകർമ്മത്തിലാകട്ടെ, പാപകർമ്മത്തിലാകട്ടെ, ഈശ്വരനു് യാതൊരു താല്പര്യവുമില്ല എന്നാകുന്നു. അതുകൊണ്ടു് നാളെ വരാൻ പോകുന്ന ന്യായവിധിയെ ഓർത്തു് നിരന്തരമായി ഭയന്നുവിറച്ചു് നടക്കേണ്ട ആവശ്യം ഒരു ഹിന്ദുവിന്റെ മനസ്സിലില്ല".

ടി ഗ്രന്ഥം 655–ാം പുറത്തു് പറയുന്നു: "എന്റെ കഴിഞ്ഞ കാലത്തെ തിന്മയൊക്കെ എനിക്കുതന്നെയാണു് അറിയാവുന്നതു്. അതൊക്കെ ഞാൻ വിട്ടിരിക്കുന്നു. അതൊന്നും ഒരു ഒരു ദൈവവും പകർത്തിവച്ചിട്ടില്ല. ഒരു അന്ത്യനായ വിധിയും

www.malankaralibrary.com



വരാൻ പോകുന്നില്ല. എന്റെ വിധികർത്താവു ഞാൻ തന്നെ. എനിക്കു വിധിച്ചിട്ടുള്ള സ്വർഗ്ഗവും നരകവുമില്ല. ഞാൻ പാപിയല്ല; അതുകൊണ്ട് എനിക്ക് രക്ഷകനും വേണ്ട. ഇതാണ് ഋഷിമാരുടെ മാർഗ്ഗം''.

**മരണാനന്തര ജീവിതം**

മരിക്കുന്നവർ പിതൃക്കളോടുകൂടി ചേരുന്നു എന്നാണ് ഋഗ്വേദത്തിലുള്ള വിശ്വാസം.

ഋക്ക്. 10—14—8-''എന്റെ അച്ഛാ അവിടുന്ന് ഉൽകൃഷ്ടമായ സ്വർഗ്ഗത്തിൽ പിതൃക്കളോടുകൂടി ചേർന്നാലും''.

ഋക്ക്. 10—16— 2. ''സർവ്വജ്ഞനായ അഗ്നേ, അവിടുന്ന് ഈ പ്രേതശരീരം വെന്താൽ ഇവനെ പിതൃക്കൾക്ക് കൊടുത്താലും. അഗ്നിയാൽ പ്രാണൻ നീക്കപ്പെട്ടുപോകുമ്പോൾ, ഇവൻ ദേവന്മാർക്ക് കീഴിലെത്തുന്നു''.

10—16—3. ''അല്ലയോ പ്രേതമേ, നിന്റെ കണ്ണ് സൂര്യനെ പ്രാപിക്കട്ടെ. പ്രാണൻ വായുവിനെ പ്രാപിക്കട്ടെ. പിന്നെ നീ സുകൃതം കൊണ്ട് ഒന്നുകിൽ ദ്യോവിനെയോ ഭൂവിനെയൊ പ്രാപിച്ചാലും, അല്ലെങ്കിലന്തരീക്ഷലോകത്തെ പ്രാപിച്ചാലും. അവിടെ അന്തരീക്ഷ ലോകത്തിലാണല്ലൊ നിന്റെ കർമ്മഫലം വയ്ക്കപ്പെട്ടിട്ടുള്ളത്. സസ്യാദികളിൽ ശരീരാവയവങ്ങളോടുകൂടി നിന്നാലും''.

10—16—4. ''അല്ലയോ സർവ്വജ്ഞനായ അഗ്നേ (*ഈ പ്രേതത്തിന്റെ*) ജനനരഹിതമായ ഭാഗത്തെ, ആത്മാവിനെ തപിപ്പിച്ചാലും. അവിടുത്തെ പ്രകാശഹേതുവായ ജ്വാല ആ ഭാഗത്തെ സംസ്കരിക്കട്ടെ. അവിടുത്തെ താപപ്രഭങ്ങളല്ലാത്ത ചൂടിയററാത്ത, സുഖാവഹങ്ങളായ അവയങ്ങളുണ്ടല്ലോ, അവയാൽ പ്രേതത്തെ സുകൃതികളുടെ ലോകംതന്നെ പ്രാപിച്ചാലും''.

10—16—5. ''സർവ്വജ്ഞനായ അഗ്നേ, യാതൊരു പ്രേതം അവിടുത്തെ ചിതയിൽ സമന്ത്രം സമർപ്പിക്കപ്പെട്ടവനായി സ്വധാകാരങ്ങളോടുകൂടിയ ജലാദികളൊത്ത് ചരിക്കുന്നുവോ (*തിലോദകം പിണ്ഡം മുതലായവയോടുകൂടി സഞ്ചരിക്കുന്നുവോ*) ആ പ്രേതത്തെ പിതൃക്കളോടുകൂടി വിട്ടാലും. ഈ പ്രേതം ആയുസ്സോത്തവനായി ശേഷിച്ച എല്ലുകൊണ്ടുള്ള ശരീരത്തെ പ്രാപിക്കട്ടെ. അവിടുത്തെ പ്രസാദത്താൽ ശരീരത്തോടു ചേരട്ടെ''.

www.malankaralibrary.com



ഋക്ക്. 10—154—1 മുതൽ 4 വരെയുള്ള പദ്യങ്ങളിൽ പ്രേതം പിതൃക്കളെ പ്രാപിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മുണ്ഡകോപനിഷത്ത് 1—2—10. "ഇഷ്ടാപൂർത്തം പോലെയുള്ള വൈദിക ചടങ്ങുകൾ മനുഷ്യക്ഷേമത്തിനുള്ള പരമോന്നതമായ മാർഗ്ഗമാണെന്ന് കരുതി പമ്പരവിഡ്ഢികൾ മറെറാന്നും തന്നെ ഗുണകരമായി കണക്കാക്കുന്നില്ല. അവർ സ്വർഗ്ഗത്തിൽ തങ്ങളുടെ സുകൃതഫലം അനുഭവിച്ചശേഷം ഈ ലോകത്തിലേക്കോ ഇതിനേക്കാൾ ഹീനതരമായ ലോകത്തിലേക്കോ മടങ്ങിവരുന്നു".

ഈശാവാസ്യോപനിഷത്ത്—3. "ഏതെല്ലാം മനുഷ്യർ ആത്മാവിനെ ഹനിക്കുന്നവരായുണ്ടോ അവരെല്ലാം മരിച്ചിട്ട് അന്ധതയാകുന്ന തമസ്സിനാൽ ആവരണം ചെയ്യപ്പെട്ട അസുരലോകങ്ങളെ പ്രാപിക്കുന്നു".

ബൃഹ. ഉ. 4—4—2. "........അങ്ങനെയുള്ള ഈ ഹൃദയത്തിൻെറ അററം പ്രകാശിക്കുന്നു. ആ പ്രകാശത്തിലൂടെ ഈ ആത്മാവ് പുറത്തേയ്ക്കു പോകുന്നു. ചക്ഷുസിലൂടെയോ മൂർദ്ധാവിലൂടെയോ മററു ശരീരാവയവങ്ങളിലൂടെയോ പുറത്തു പോകുന്നു. പുറത്തു പോകുന്ന പ്രാണൻെറ പിന്നാലെ എല്ലാ ഇന്ദ്രിയങ്ങളും പുറത്തു പോകുന്നു. വിജ്ഞാനത്തോടുകൂടിയവനായി ഭവിക്കുന്നു. വിജ്ഞാനത്തോടുകൂടിയവനെത്തന്നെ പ്രാപിക്കുന്നു. (*ആ വിജ്ഞാനമനുസരിച്ചുള്ള ദേഹത്തിലേയ്ക്ക് അവൻ പോകുന്നു*). ജ്ഞാനവും കർമ്മവും പൂർവ്വ വാസനകളും അവനെ പിന്തുടരുന്നു".

ബൃഹ. ഉ. 4—4—3. "........ ഈ ആത്മാവ് ഈ ദേഹത്തെ പ്രവർത്തന രഹിതമാക്കി, അതിനെപ്പററി അറിവില്ലാതെയാക്കി, പുതിയ ഒരു ദേഹത്തെ ആശ്രയിച്ച് ഈ ദേഹത്തെ ഉപേക്ഷിക്കുന്നു".

ബൃഹ. ഉ. 4—4—4. "എപ്രകാരമാണോ ഒരു സ്വർണ്ണപ്പണിക്കാരൻ സ്വർണ്ണത്തിൻെറ ഒരംശം എടുത്ത് പുതിയതും കൂടുതൽ സുന്ദരവുമായ മറെറാരു രൂപത്തെ (*ആഭരണം*) ഉണ്ടാക്കുന്നത് അതുപോലെതന്നെ ഈ ആത്മാവു ഈ ശരീരത്തെ നിഹനിച്ചിട്ട്, അജ്ഞാനത്തെ പ്രാപിച്ചിട്ട് (*അതിനെപ്പററി ബോധമില്ലാതെയാക്കി*) പുതിയതും കൂടുതൽ ശോഭനവുമായ ഒരു രൂപത്തെയോ—പിതൃക്കളുടെയോ, ഗന്ധർവ്വന്മാരുടെയോ, ദേവന്മാരുടെയോ, പ്രജാപതിയുടെയോ, ബ്രഹ്മാവിൻെറയോ

www.malankaralibrary.com



മററു് ജീവികളുടെയോ ആയ ശരീരത്തെ ഉണ്ടാക്കുന്നു (*സൃഷ്ടിക്കുന്നു*)''.

മേലുദ്ധരിച്ച മൂന്നു പദ്യങ്ങളും പുനർജന്മത്തിലുള്ള വിശ്വാസമാണു് സൂചിപ്പിക്കുന്നതു്.

ബൃഹ. ഉ. 5—10—1. മനുഷ്യൻ ഈ ലോകത്തിൽ നിന്നു് മരിച്ചുപോകുമ്പോൾ അവൻ വായുദേവതയെ പ്രാപിക്കുന്നു. വായു അവനു് ഒരു തേരിൻെറ ചക്രത്തോളം ദ്വാരം തന്നിൽ ഉണ്ടാക്കുന്നു. അതിലൂടെ അവൻ മേലോട്ടു് പോകുന്നു. പിന്നീടു് അവൻ ആദിത്യനെ പ്രാപിക്കുന്നു. ആദിത്യൻ അവനു് ലംബരമെന്ന വാദ്യത്തോളം ദ്വാരം തന്നിലുണ്ടാക്കുന്നു. അവൻ അതിലൂടെ മേലോട്ടുപോകുന്നു. പിന്നീടു് അവൻ ചന്ദ്രനെ പ്രാപിക്കുന്നു. ചന്ദ്രൻ അവനു് പെരുമ്പറയോളം ദ്വാരം തന്നിലുണ്ടാക്കുന്നു. അതിലൂടെ അവൻ മേലോട്ടു പോകുന്നു. പിന്നീടു് അവൻ ദുഃഖവും തണുപ്പുമില്ലാത്ത ലോകത്തിലെത്തുന്നു. അവിടെ അവൻ വളരെക്കാലം വസിക്കുന്നു.

ബൃഹ. ഉ. 5—15—3. ''എൻെറ പ്രാണൻ മരണമില്ലാത്ത വായുവിനെ പ്രാപിക്കട്ടെ. പിന്നെ ഈ ശരീരം ഭസ്മമായിത്തീരട്ടെ''.

ഛാന്ദോഗ്യം 8—13—1. ''ഞാൻ ശരീരത്തെ ഉപേക്ഷിച്ചു് കൃതകൃത്യനായി നിത്യമായ ബ്രഹ്മലോകത്തെ പ്രാപിക്കുമാറാകട്ടെ''.

ആത്മാവിനു്, ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നു് അവസ്ഥകൾ ഉള്ളതായി പറയപ്പെടുന്നു. മുക്തി പ്രാപിച്ച ആത്മാവിൻെറ ലക്ഷണമാണു് സുഷുപ്തമായി പറയുന്നതു്. അതായതു് ''യാതൊരു ആഗ്രഹവും ഇല്ലാതിരിക്കുകയും യാതൊരു സ്വപ്നവും കാണാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണു് സുഷുപ്തം'' (*മാണ്ഡൂ. 5*).

ബൃഹ. ഉ. 4—3—19-ൽ ഇപ്രകാരം പറയുന്നു: ''എപ്രകാരമാണോ ഈ ആകാശത്തിൽ ഒരു പരുന്തോ മററു പക്ഷിയോ പല ഭാഗത്തും പറന്നു് ക്ഷീണിച്ചിട്ടു്, ചിറകു് വിടർത്തി കൂട്ടിലേക്കുതന്നെ പറക്കുന്നതു് അപ്രകാരംതന്നെ ഈ പുരുഷൻ ഒരു കാമത്തെയും ആഗ്രഹിക്കാതിരിക്കയും ഒരു സ്വപ്നത്തെയും കാണാതിരിക്കുകയും ചെയ്യുന്ന ഉറക്കത്തിലേക്കു്-സുഷുപ്തിയിലേക്കു് ഓടിപ്പോകുന്നു.

www.malankaralibrary.com



ബൃഹ. ഉ. 4—3—22. (*സുഷുപ്തിയിൽ*) പിതാവ് പിതാവല്ലാതാകുന്നു. മാതാവ് മാതാവല്ലാതായിത്തീരുന്നു. ........പുണ്യത്താൽ ബന്ധപ്പെടാത്തവനും പാപത്താൽ ബന്ധപ്പെടാത്തവനുമായിത്തീരുന്നു. എന്തെന്നാൽ അപ്പോൾ ഹൃദയത്തിന്റെ എല്ലാ ദുഃഖങ്ങളെയും (*കാമങ്ങളെയും*) അതിക്രമിച്ചവനായിത്തീരുന്നു.

അതായത് സുഷുപ്തിയിൽ അന്തഃകരണ വൃത്തി ഇല്ല.

ഇനിയും ഗീത എന്തു പറയുന്നു എന്നു നോക്കാം.

ഗീത II–22. "മനുഷ്യൻ എപ്രകാരം പഴയ വസ്ത്രങ്ങളെ ഉപേക്ഷിച്ച് വേറെ പുതിയവ സ്വീകരിക്കുന്നുവോ അപ്രകാരം തന്നെ ദേഹത്തോടുകൂടിയ ആത്മാവു ജീർണ്ണങ്ങളായ ശരീരങ്ങളെ ഉപേക്ഷിച്ച് പുതിയതായ വേറെ ശരീരങ്ങളെ പ്രാപിക്കുന്നു".

ഗീത IV–5. "അല്ലയോ അർജ്ജുനാ, എനിക്കും നിനക്കും അനേകം ജന്മങ്ങൾ കഴിഞ്ഞിട്ടുണ്ട്. അവയെ എല്ലാം ഞാൻ അറിയുന്നു. നീ അറിയുന്നില്ല".

ഗീത VIII–6. "അല്ലയോ കുന്തീപുത്രാ, ഏവൻ അന്ത്യകാലത്തിൽ ഏതേതു ഭാവത്തെ ഓർത്തുകൊണ്ട്, ശരീരത്തെ വിടുന്നുവോ (*അവൻ*) എല്ലായ്പോഴും അതേഭാവത്തിന്റെ ഭാവനയുള്ളവനായി അതാതു ഭാവത്തെത്തന്നെ പ്രാപിക്കുന്നു".

ഗീത VIII–16. "ബ്രഹ്മലോകംവരെയുള്ള ലോകങ്ങൾ വീണ്ടും മടങ്ങി വരേണ്ടവയാണ്. അല്ലയോ കുന്തീപുത്രാ, എന്നെ പ്രാപിച്ചിട്ടാകട്ടെ വീണ്ടും ജന്മം ഉണ്ടായിരിക്കുന്നില്ല".

ഗീത IX–25. "ദേവന്മാരിൽ ഭക്തിയുള്ളവർ ദേവന്മാരെ പ്രാപിക്കുന്നു. പിതൃക്കളിൽ ഭക്തിയുള്ളവർ പിതൃക്കളെ പ്രാപിക്കുന്നു. ഭൂതങ്ങളുടെ പൂജകന്മാർ ആ ഭൂതങ്ങളെ പ്രാപിക്കുന്നു. എന്നെ ആരാധിക്കുന്നവർ എന്നെ പ്രാപിക്കുന്നു".

ഗീത XVI–16 "(*അവർ*) പല കാര്യങ്ങളിൽ മനസ്സു പതറിയവരായി മോഹജാലങ്ങളിൽ മനസ്സു കുടുങ്ങിയവരായി കാമലാഭമുണ്ടാകണമെന്ന ആസക്തിയോടുകൂടിയവരായി അശുദ്ധമായ നരകത്തിൽ പതിക്കുന്നു.

ഗീത XVI—21. "കാമം, ക്രോധം അപ്രകാരം ലോഭം ഇങ്ങനെ മൂന്നു വിധത്തിൽ ആത്മാവിനു നാശമുണ്ടാക്കുന്ന നരക

www.malankaralibrary.com



ത്തിൻെറ വാതിൽ ഉണ്ട്. അതുകൊണ്ട് ഇതിനെ മൂന്നിനേയും ത്യജിക്കണം.

## പുനർജന്മം

"ഭഗവദ്ഗീതാ സ്വാദ്ധ്യായം" എന്ന ഗ്രന്ഥത്തിൽ നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "ആത്മാവിൻെറ നിത്യതയാണ് ഒന്നാമത്തെ സത്യം. അതിന് പല രൂപത്തിലും പല ഭാവത്തിലും പ്രകടമാകാനും, അപ്രകടമായി മറഞ്ഞുപോകാനും കഴിയുന്നു എന്നതു് ഒരു വിശേഷമാണ്. ഇതിനു രണ്ടിനും ഇടംകൊടുക്കുന്ന ഒരു പുനർജന്മ സിദ്ധാന്തം ആവിഷ്കരിക്കുന്നതിന് വിരോധമില്ല. അല്ലാതെ കഴിഞ്ഞ മഴക്കാലത്തു് മരിച്ചുപോയ മുത്തച്ഛൻ കാക്കയായി മടങ്ങിവന്നിരിക്കുന്നു എന്നെല്ലാം പറഞ്ഞുപോരുന്നതു് ഒരു സിദ്ധാന്തത്തിലും പെട്ടതാവുന്നതല്ല". (ടി ഗ്രന്ഥം. പുറം 158)

വർത്തമാനകാലത്തെ സുഖദുഃഖങ്ങളെല്ലാം ഭൂതകാല പുണ്യപാപങ്ങളുടെ അനിവാര്യ ഫലങ്ങളാണെങ്കിൽ, ഭാവികാല സംഭവങ്ങളെല്ലാം വർത്തമാനകാല പ്രവർത്തനങ്ങളുടെ അനിവാര്യ ഫലങ്ങളായിരിക്കും. അങ്ങനെ പുനർജന്മവിശ്വാസം സ്വാതന്ത്ര്യനിഷേധത്തിലവസാനിക്കയില്ലേ?

ഹിന്ദുമതതത്ത്വമനുസരിച്ചു് മനുഷ്യൻ, ആത്മാവു മാത്രമാണ്. ആത്മാവിനു കർത്തൃത്വമില്ല. പാപം ആദ്യമായി എങ്ങനെ ഉത്ഭവിച്ചു എന്നുള്ളതിന് ഉത്തരം നല്കുന്നില്ല. പാപരഹിതമായ ആത്മാവു് എങ്ങനെ പ്രകൃതിയുമായി (ജഡവുമായി) ബന്ധപ്പെട്ടവാൻ ഇടയായി എന്നുള്ള ചോദ്യത്തിനും ഉത്തരം ഇല്ല.

## മോക്ഷം

മനുഷ്യൻ ആത്മാവു മാത്രമാണ്. ആ ആത്മാവു് ജഡത്തിൻെറ ബന്ധനത്തിലാണ്. പുനർജന്മമാകുന്ന സംസാരചക്രത്തിൽനിന്നും മുക്തിനേടുകയാണ് മോക്ഷം എന്നു പറയുന്നതു്. ജഡവുമായുള്ള ബന്ധനത്തിൽനിന്നും ആത്മാവു സ്വതന്ത്രമാകണം.

കർമ്മമാർഗ്ഗം, ജ്ഞാനമാർഗ്ഗം, ഭക്തിമാർഗ്ഗം എന്നിങ്ങനെ മോക്ഷം പ്രാപിക്കാൻ മൂന്നു മാർഗ്ഗങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. യോഗം കർമ്മത്തിൻെറ ഭാഗമായിട്ടും, അങ്ങനെയല്ലാതെ നാലാമതൊരു മാർഗ്ഗമായിട്ടും പരിഗണിക്കപ്പെട്ടുന്നുണ്ട്.

www.malankaralibrary.com



അദ്വൈതപ്രകാരം മോക്ഷം, ജ്ഞാനം ഒന്നുകൊണ്ടു മാത്രമേ കൈവരുകയുള്ളു; കാരണം ബന്ധകാരണം അജ്ഞാനമാണ്.

മുണ്ഡ. ഉ. 3—2—9. ''ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മം തന്നെ ആയിത്തീരുന്നു''.

ധർമ്മാനുഷ്ഠാനത്തിന്റെ ഫലം അഭ്യുദയമാണ്. ബ്രഹ്മജ്ഞാനത്തിന്റെ ഫലം മോക്ഷമാണ്.

ഛാന്ദോ. ഉ. 8—1—6-ൽ പറയുന്നു: ''കർമ്മങ്ങളിലൂടെ കൈയ്യടക്കുന്ന ഫലങ്ങൾ ഈ ലോകത്തിൽ എങ്ങനെ ക്ഷയിക്കുന്നുവോ അങ്ങനെ പുണ്യങ്ങൾകൊണ്ടു നേടുന്ന ഫലങ്ങൾ ആ ലോകത്തിലും നശിക്കുന്നു''.

പ്രശ്നോപനിഷത്ത് I—16. യാതൊരുത്തരിൽ കുടിലതയും അസത്യവും വഞ്ചനയും ഇല്ലയോ അവരുടേതാകുന്നു ഈ ശുദ്ധമായ ബ്രഹ്മലോകം.

രാമാനുജനെപ്പോലെയുള്ളവർ പറയുന്നത്, ഉപാസന, ഭക്തി, ജ്ഞാനകർമ്മ സമുച്ചയം മുതലായവ മോക്ഷപ്രാപ്തിക്ക് ഉപയുക്തമായിട്ടുള്ളവയാണ് എന്നാണ്. എന്നാൽ ജീവാത്മാവു പരമാത്മാവിൽ സത്താപരമായി ലയിച്ച് ഒന്നായിത്തീരുകയാണെങ്കിൽ, ജീവാത്മാവു മുക്തിനേടുകയല്ല, മറിച്ച് സ്വയം വ്യക്തിത്വം നഷ്ടപ്പെട്ട്, ഇല്ലാതെയാകുകയാണ് ചെയ്യുന്നത്.

ഭഗവദ്ഗീതയിൽ മേല്പറഞ്ഞ കർമ്മമാർഗ്ഗം, ജ്ഞാനമാർഗ്ഗം, ഭക്തിമാർഗ്ഗം ഇവമൂന്നിനും സ്ഥാനമുണ്ട്. കർമ്മപ്രധാനമായ യോഗവും, ജ്ഞാനപ്രധാനമായ സാംഖ്യവും ഗീത സ്വീകരിച്ചിട്ടുണ്ട്.

ഗീത V-26-ൽ പറയുന്നു: ''കാമക്രോധങ്ങളിൽ നിന്നു നിവൃത്തിവന്നവരും ചേഷ്ടകളെ വിഷയങ്ങളിൽനിന്ന് ആത്മാവിലേക്ക് തിരിച്ചവരും ആത്മസ്വരൂപം നല്ലതുപോലെ അറിഞ്ഞിട്ടുള്ളവരുമായ യതികൾക്ക് സർവ്വപ്രകാരേണയും ബ്രഹ്മസായൂജ്യം ഉണ്ട്''.

ഗീത III-30. എല്ലാ കർമ്മങ്ങളും എന്നിൽ സമർപ്പിച്ചിട്ട് ആത്മബോധത്തോടെ ആശവിട്ടവനും മമതവിട്ടവനും ആയിട്ട് ദുഃഖമില്ലാതെ യുദ്ധം ചെയ്താലും''.

ഗീത V-2 ''സന്ന്യാസവും കർമ്മയോഗവും രണ്ടും മോക്ഷത്തെ നല്കുന്നതാകുന്നു. അവയിൽ വച്ച് കർമ്മയോഗമാകട്ടെ കർമ്മസന്ന്യാസത്തേക്കാൾ വിശിഷ്ടമാകുന്നു''.

www.malankaralibrary.com



സന്ന്യാസികരം അഗ്നിഹോത്രാദികർമ്മങ്ങരം ചെയ്യാറില്ല. അവ ചെയ്യാതിരിക്കന്നതാണ് കർമ്മസന്ന്യാസം. കർമ്മങ്ങളെല്ലാം ഉപേക്ഷിച്ചതുകൊണ്ടുമാത്രം ഒരാരം സന്ന്യാസിയാകുന്നില്ല. തപസ്സുകൊണ്ട് സത്വശുദ്ധി വരുത്തി വാസനാനാശം വരുത്തിയവരാണ് യഥാർത്ഥ സന്ന്യാസികരം.

ഗീത V–3–ൽ, സന്ന്യാസി ആരെന്നു പറയുന്നു. "ഏതൊരുത്തൻ ദ്വേഷിക്കുന്നില്ലയോ ആഗ്രഹിക്കുന്നില്ലയോ അവൻ നിത്യസന്ന്യാസിയെന്ന് അറിയപ്പെടേണ്ടതാണ്. എന്തെന്നാൽ ദ്വന്ദ്വങ്ങളില്ലാത്ത അവൻ എളുപ്പത്തിൽ കർമ്മബന്ധത്തിൽനിന്നും പ്രകർഷേണ മുക്തനായിത്തീരുന്നു".

രാഗദോഷങ്ങരം ശമിച്ചയാരം യഥാർത്ഥത്തിൽ ബദ്ധനല്ല. രണ്ടുണ്ട് എന്ന ഭേദചിന്തയുടെ ഫലമാണ് രാഗദ്വേഷഭാവന.

ഗീത V–6–"സന്ന്യാസമാകട്ടെ യോഗം കൂടാതെ പ്രാപിക്കുവാൻ പ്രയാസമാണ്. യോഗയുക്തനായ മുനിവേഗത്തിൽ ബ്രഹ്മത്തെ പ്രാപിക്കുന്നു".

ഗീത V–7 "യോഗയുക്തനും........ഇന്ദ്രിയങ്ങളെ ജയിച്ചവനും........കർമ്മം ചെയ്യുകയാണെങ്കിലും സംഗം ഉണ്ടാകുന്നില്ല". *(കർമ്മബദ്ധനായി ഭവിക്കുന്നില്ല)*.

ഗീത V–11 "യോഗികരം ആസക്തിയെ ഉപേക്ഷിച്ചിട്ട് *(ഫലസംഗം കൂടാതെ)* ആത്മശുദ്ധിക്കായി കർമ്മത്തെ ചെയ്യുന്നു.

ഗീത V 22. "ഇന്ദ്രിയ വിഷയങ്ങളിൽ നിന്നുണ്ടാകുന്ന സുഖാനുഭവങ്ങരം ആദിയും അറുതിയും ഉള്ളവയും ദുഃഖത്തിനു കാരണവുമാണ്. ബുദ്ധിമാന്മാർ അവയിൽ രമിക്കുന്നില്ല".

ഗീത V 28. "ഇന്ദ്രിയങ്ങരം, ബുദ്ധി, മനസ്സ് ഇവയെ യമനം ചെയ്തവനും *(വിഷയങ്ങളിൽനിന്നും ഒതുക്കി നിറുത്തിയവനും)* ഇച്ഛ, ഭയം, ക്രോധം ഇവ ഇല്ലാത്ത മോക്ഷപരായണനുമായ മുനി നിത്യമുക്തനായിരിക്കുന്നു".

ഗീത VI 1. "കർമ്മഫലത്തെ ആശ്രയിക്കാതെ ചെയ്യേണ്ടതായ കർമ്മത്തെ യാതൊരാരം ചെയ്യുന്നുവോ, അവൻ സന്ന്യാസിയും യോഗിയും ആകുന്നു; അഗ്നിഹോത്രം ചെയ്യാത്തതിനാലല്ല, നിഷ്ക്രിയനായിരിക്കുന്നതിനാലുമല്ല".

ഗീത VI–2 "യാതൊന്നിനെ സന്ന്യാസമെന്നു പറയുന്നുവോ അതിനെ യോഗമെന്നും നീ അറിഞ്ഞാലും. എന്തു

www.malankaralibrary.com



കൊണ്ടെന്നാൽ സങ്കല്പത്തെ വിടാത്ത ഒരുവനും യോഗി ആകുന്നില്ല''.

ദ്വിജനായ ഗൃഹസ്ഥനാണ് അഗ്നിഹോത്രാദി കർമ്മങ്ങൾ ചെയ്യുന്നതു്. അഗ്നിഹോത്രാദി കർമ്മങ്ങൾ ചെയ്യുന്നവൻ തലയിലെ മുൻഭാഗത്തെ മുടി അല്പംവടിച്ച് പിന്നിൽ കുടുമ (*ശിഖ*) വളർത്തണം പൂണുനൂൽ ധരിച്ചിരിക്കണം. ജാതിനാമം കുറിക്കുന്ന പേരു് ഉപയോഗിക്കണം. സന്ന്യാസി ഇതെല്ലാം ഉപേക്ഷിക്കുന്നു. കുടുമ മുറിച്ചു കളയുന്നു. പൂണുനൂൽ പൊട്ടിച്ചു കളയുന്നു. ജാതിച്ചുവയില്ലാത്ത പേരു് സ്വീകരിക്കുന്നു. സന്ന്യാസി സ്വയം പാചകം ചെയ്തു ജീവിക്കാതെ ഭിക്ഷയാചിച്ച് ജീവിക്കുന്നു. അതുകൊണ്ടു് ഗൃഹസ്ഥാശ്രമത്തിന്റെ അടയാളമായ അഗ്നിയെയും അഗ്നിഹോത്രാദി കർമ്മങ്ങളെയും ഉപേക്ഷിക്കുന്നു.

സന്ന്യാസി എല്ലാ ആഗ്രഹങ്ങളെയും വെടിഞ്ഞവനാണ്. യോഗി ഇന്ദ്രിയങ്ങളെയും മനസ്സിനെയും സംയമനം ചെയ്ത് ഏകാഗ്രമായ നിഷ്ഠയോടുകൂടി ജീവിക്കുന്നവനാണ്. സുഖദുഃഖങ്ങളിലും മാനാപമാനങ്ങളിലും മനസ്സിനെ സമീകരിച്ച് നിറുത്തുന്നതിനെയാണ് യോഗം എന്നുപറയുന്നതു്. യഥാർത്ഥ സന്ന്യാസി ഒരു യോഗികൂടിയായിരിക്കും.

ശമമാണ് യോഗാരൂഢന് ലക്ഷണം. ബാഹ്യവിഷയത്തിലുള്ള സുഖത്തിനുവേണ്ടി ആസക്തി ഉണ്ടാകുമ്പോൾ വിവേകത്തോടുകൂടി മനസ്സിനെ അതിൽനിന്നും പിൻതിരിപ്പിച്ച് ശമിപ്പിക്കുന്നതാണ് ശമം. മനസ്സിൽനിന്നും വെറുപ്പും വിദ്വേഷവും മാററിക്കളയുന്നതും ശമമാണ്.

ഗീത VIII-5 ''ആരാണോ അവസാന കാലത്തിലും എന്നെത്തന്നെ ഓർത്തുകൊണ്ടു് ശരീരത്തെ വിട്ടുപോകുന്നതു് അവൻ എന്റെ സ്വരൂപത്തെ പ്രാപിക്കുന്നു''.

ഗീത IX-27 ''അർജ്ജുനാ നീ യാതൊന്നിനെ ചെയ്യുന്നുവോ യാതൊന്നിനെ ഭക്ഷിക്കുന്നുവോ യാതൊന്നിനെ ഹോമം ചെയ്യുന്നുവോ യാതൊരു തപസ്സിനെ ചെയ്യുന്നുവോ അതെല്ലാം എന്നിൽ അർപ്പിതമായി ചെയ്താലും''.

ഗീത IX-29 ''...... യാതൊരുവൻ എന്നെ ഭക്തിയോടുകൂടി ഭജിക്കുന്നുവോ, അവൻ എന്നിലും ഞാൻ അവനിലും ഇരിക്കുന്നു''.

www.malankaralibrary.com


ഗീത XII-6—7 "എന്നെ പരമമായി വിചാരിക്കുന്ന ഏതൊരുവൻ, എന്നിൽ എല്ലാ കർമ്മങ്ങളെയും സമർപ്പിച്ചിട്ട്.......എന്നെ ഉപാസിക്കുന്നുവോ, ഞാൻ......അവനെ മരണം മുതലായവ ഉളവാക്കുന്ന സംസാരസാഗരത്തിൽനിന്നു് കരകേററുന്നവനായി വൈകാതെ ഭവിക്കുന്നു".

ഗീത XVIII-47—48 "നല്ലതുപോലെ അനുഷ്ഠിക്കപ്പെട്ട പരന്മാരുടെ ധർമ്മത്തെക്കാൾ ഗുണം കുറഞ്ഞിട്ടുള്ള സ്വധർമ്മം ഏററവും ശ്രേഷ്ഠമാകുന്നു......."

"സഹജമായി വന്നു ചേർന്നിട്ടുള്ള കർമ്മത്തെ ദോഷമുള്ളതാണെങ്കിലും ഉപേക്ഷിക്കരുതു്....... ".

ഇതിനെപ്പററി സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു:

"അർജ്ജുനന്റെ പിതാവു് പാണ്ഡുവാണെന്നും പറയാം, പാണ്ഡുവല്ലെന്നും പറയാം. പാണ്ഡു രാജാവായിരുന്നു. അതുകൊണ്ടു് പാണ്ഡുപുത്രനായ അർജ്ജുനൻ ക്ഷത്രിയനാണെന്നു കരുതാം. എന്നാൽ കുന്തിക്കുണ്ടായ വരദാനംകൊണ്ടു് പാണ്ഡുവിന്റെ ക്ലീബതയെ മറച്ചുവയ്ക്കുന്നതിനു് ഇന്ദ്രനിൽനിന്നാണു് അർജ്ജുനൻ ജനിച്ചതെന്നു പറയുന്നു. ഇന്ദ്രൻ മനുഷ്യനല്ല, ദേവനാണു്. ദേവന്മാരുടെ ഇടയിൽ വർണ്ണഭേദമില്ല. പാണ്ഡുവിന്റെ പിതാവു് വ്യാസനാണു്. വ്യാസനു് ധൃതരാഷ്ട്രർ, പാണ്ഡു, വിദുരൻ എന്നു മൂന്നു പുത്രന്മാരുണ്ടെങ്കിലും വ്യാസനെ ആരും ഭർത്താവായി എണ്ണുന്നില്ല; വിവാഹിതനായും കരുതുന്നില്ല; ബ്രഹ്മചാരിയായാണു് കരുതുന്നതു്. ജനനംകൊണ്ടു് വന്നുചേരുന്ന ധർമ്മമാണു് സഹജമെങ്കിൽ അർജ്ജുനന്റെ സ്വധർമ്മം ക്ഷത്രിയന്റേതോ, ഋഷിയുടേതോ എന്നു ചോദിക്കേണ്ടി വരും. ഒന്നാം അദ്ധ്യായത്തിൽ യുദ്ധക്കളത്തിൽ യോദ്ധാവായി നിന്നു പൊരുതുന്നതിനു പകരം ഭൈക്ഷചര്യം കൊണ്ടു സന്ന്യാസവൃത്തിക്കു പോകുമെന്നു് അർജ്ജുനൻ പറയുകയുണ്ടായി. സാഹചര്യങ്ങളെല്ലാംകൂടി എടുത്തുനോക്കുമ്പോൾ അർജ്ജുനന്റെ സ്വധർമ്മം ക്ഷത്രിയന്റേതാണെന്നു പറയണം. സന്ന്യാസം അർജ്ജുനനെ സംബന്ധിച്ചിടത്തോളം പരധർമ്മമാണെന്നും പറയണം. ആ തരത്തിലാണെങ്കിൽ യുദ്ധത്തിൽ അർജ്ജുനൻ മരിക്കുകയോ പരാജിതനാവുകയോ ചെയ്താലും അതു് അർജ്ജുനനിൽ പാപമുണ്ടാക്കുന്നില്ല എന്നാണു് 47-ാം ശ്ലോകത്തിന്റെ ധ്വനി. യുദ്ധംചെയ്യാതെ

www.malankaralibrary.com



ഓടിപ്പോയി പരധർമ്മമായ സന്ന്യാസത്തിൽ വിജയിച്ചാലും അതു് ശ്രേയസ്സിനെ ഉണ്ടാക്കുകയില്ലെന്നാണ് ഈ ശ്ലോകം കൊണ്ടു് സൂചിപ്പിക്കുന്നതു്. ........ഇങ്ങനെ ജാതിപാരമ്പര്യം വച്ചുകൊണ്ടു് സ്വധർമ്മവും പരധർമ്മവും നിശ്ചയിക്കുന്ന പ്രവണതയെ ശാസ്ത്രബുദ്ധിയുള്ളവർക്കും, മനുഷ്യത്വത്തെ മാനിക്കുന്നവർക്കും എതിർക്കാതിരിക്കാൻ സാദ്ധ്യമല്ല........പരാശരന്റെയും വ്യാസന്റെയും സ്വധർമ്മ നിശ്ചയം എടുക്കേണ്ടിവന്നപ്പോൾ പൈതൃകത്തിനു് സമ്മതം മൂളിയ മഹാഭാരതം പാണ്ഡുവിന്റെയും അർജ്ജുനന്റെയും സ്വധർമ്മ നിശ്ചയത്തിന്റെ കാര്യം വന്നപ്പോൾ പൈതൃകത്തെ വിട്ടിട്ടു് മാതൃത്വത്തിനാണു് പ്രാധാന്യം കൊടുത്തതു്. അതിൽനിന്നും ക്ലിപ്തമായ ഒരു വ്യവസ്ഥയെ പാരമ്പര്യ വിഷയത്തിൽ മഹാഭാരതം കൈക്കൊള്ളുന്നില്ല എന്നുവേണം കരുതുവാൻ. മഹാഭാരതത്തിൽ തന്നെ ആരുടേയും പിതൃത്വവും നിശ്ചയിക്കാനാവുകയില്ല. മാതൃത്വമേ നിശ്ചയിക്കാനാവൂ. പിതൃത്വം അനുമാനിക്കാനേ നിവൃത്തിയുള്ളു എന്നു പറഞ്ഞിട്ടുണ്ടു്''. *(ഭഗവദ്ഗീതാ സ്വാധ്യായം പുറം. 1125–26)*

ഗീത XVIII-66. ''നീ എല്ലാ ധർമ്മങ്ങളെയും ഉപേക്ഷിച്ചിട്ടു് എന്നെ മാത്രം ശരണം പ്രാപിച്ചാലും. ഞാൻ നിന്നെ എല്ലാ പാപങ്ങളിൽനിന്നും വിടുവിക്കും''.

പാപത്തെപ്പററി സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: ''ക്രിസ്തുമതത്തിലും മററും പറയുന്ന പാപത്തിന്റെ വിവക്ഷയല്ല, പാപം എന്നു പറയുമ്പോൾ മനസ്സിലാക്കേണ്ടതു്. ഏതൊരു കർമ്മമാണോ കർത്താവിൽ അപകൃഷ്ടതയെ ഉണ്ടാക്കുന്നതു് അതാണു് പാപം. ദുഃഖത്തിലേക്കു് നയിക്കുന്നതു് എന്ന അർത്ഥത്തിൽ അതിനെ അഘമെന്നും ദുഷ്കൃതമെന്നും പറഞ്ഞു പോരാറുണ്ടു്. ആത്മാവിൽ സ്വരൂപലക്ഷണം സച്ചിദാനന്ദമാണു്. അതിനുപകരം ഞാൻ നാശമുള്ളവൻ, ഞാൻ അറിവില്ലാത്തവൻ, ഞാൻ ദുഃഖി എന്നിങ്ങനെ ഉള്ള ബോധമുണ്ടാകുന്നതാണു് അപകൃഷ്ടത. ആത്മബോധം ഇല്ലാത്തവനാണു് ഇങ്ങനെയുള്ള അപകൃഷ്ടത ഉണ്ടാക്കുന്നതു്. എന്നാൽ ഏകവും പരമവുമായ ഭഗവാനിൽത്തന്നെ താദാത്മ്യബുദ്ധി ഉണ്ടായാൽ അവൻ പരത്തെ ദർശിച്ചു കഴിഞ്ഞിരിക്കുന്നു. പിന്നീടു് സച്ചിദാനന്ദം എന്ന ബോധമേ ഉള്ളു. ആ സ്ഥിതിയിൽ അവൻ പാപത്തിൽനിന്നും നിവർത്തിച്ചു കഴിഞ്ഞിരിക്കുന്നു'' *(ഭഗവദ്ഗീതാ സ്വാദ്ധ്യായം പുറം. 1244)*.

www.malankaralibrary.com


ഋഗ്വേദം, ഭാഷാഭാഷ്യം (*രചയിതാവ് ഒ. എം. സി. നമ്പൂതിരിപ്പാട്*) Vol. VIII-15-ാം പുറത്ത്, സ്വാമി രംഘനാഥാനന്ദ, ശങ്കരഭാഷ്യത്തെ ഉദ്ധരിച്ചുകൊണ്ട് പറയുന്നതു് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

"ബ്രഹ്മജ്ഞാനത്തെക്കുറിച്ച് ജ്ഞാനമില്ലാത്ത ഒരാൾ, തന്നിൽനിന്നന്യമായ ഒരു ദൈവത്തെ ആരാധിക്കുന്ന ഒരാൾ, ഒരു അടിയാനെപ്പോലെ ദൈവത്തെ സമീപിക്കുന്നു. അയാൾ ദൈവത്തെ സ്തുതിക്കുകയും വന്ദിക്കുകയും ബലികൾ നൽകുകയും തിരുമുൽക്കാഴ്ചകൾ അർപ്പിക്കുകയും ആരാധിക്കുകയും ധ്യാനിക്കുകയും എല്ലാം ചെയ്യുന്നു. താൻ ദൈവത്തിൽനിന്നു് അന്യമാണെന്നു് അയാൾ വിശ്വസിക്കുന്നു. ഇയാൾ സത്യം അറിയുന്നില്ല. അജ്ഞാനിയായ ഈ മനുഷ്യനു് അജ്ഞാനദോഷമുണ്ട്".

'അദ്വൈത' പ്രകാരം ജ്ഞാനം ഒന്നുകൊണ്ടു മാത്രമേ മോക്ഷം പ്രാപിക്കാൻ സാധിക്കുകയുള്ളു.

'ഭഗവദ്ഗീതാ സ്വാദ്ധ്യായം' 603-ാം പുറത്തു് സ്വാമി നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു: "മരണാനന്തര ജീവിതത്തെപ്പറ്റി സുദീർഘമായി പറയുന്ന ഒട്ടേറെ മതഗ്രന്ഥങ്ങളുണ്ടെങ്കിലും ആ വിഷയത്തിൽ സുനിശ്ചിതത്വമുണ്ടാകാൻ പ്രയാസം".

## ചില സദുപദേശങ്ങൾ

ഋഗ്വേദം 1—89—8. "അല്ലയോ ദേവന്മാരേ, ഞങ്ങൾ ചെവികളാൽ നല്ലതു കേൾക്കുമാറാകട്ടെ. അല്ലയോ യജിക്കപ്പെടേണ്ടവരേ, കണ്ണുകളാൽ നല്ലതു കാണുമാറാകട്ടെ. ദൃഢങ്ങളായ അംഗങ്ങളാലും ശരീരങ്ങളാലും നിങ്ങളെ സ്തുതിക്കുന്ന ഞങ്ങൾ ബ്രഹ്മാവിനാൽ വിധിക്കപ്പെട്ട ആയുസ്സ് ഏതോ അതു് പ്രാപിക്കുമാറാകണം"

ഋഗ്വേദം 10—191—2 "അല്ലയോ സ്തോതാക്കളേ, അല്ലെങ്കിൽ സകലമാന മനുഷ്യരെ നിങ്ങൾ ഒന്നിച്ചുകൂടി നടക്കുക. പരസ്പരം വിരോധമില്ലാതെ ഒരേവാക്യം പറയുക. നിങ്ങളുടെ മനസ്സുകൾ ഏകരൂപോദ്ദേശങ്ങളോടുകൂടിയവയാകട്ടെ".

മുണ്ഡകം III-5. "സത്യമേവ ജയതി...." സത്യം മാത്രം ജയിക്കുന്നു.

www.malankaralibrary.com



പ്രശ്ന. ഉപ. I-16. "യാതൊരുത്തരിൽ കുടിലതയും, അസത്യവും, വഞ്ചനയും ഇല്ലയോ അവരുടേതാകുന്നു ഈ ശുദ്ധമായ ബ്രഹ്മം".

കഠോപനിഷത്ത് III-3—4. "ആത്മാനാം രഥിനം വിദ്ധി ശരീരം രഥമേവതു.......". ആത്മാവിനെ തേരിൽ ഇരിക്കുന്ന രഥിയായും, ശരീരത്തെ രഥമായും, ബുദ്ധിയെ സാരഥി ആയും ഗ്രഹിച്ചാലും. മനസ്സിനെ കടിഞ്ഞാൺ എന്നും ഗ്രഹിക്കണം.

ഇന്ദ്രിയങ്ങളെ തേരിൽ കെട്ടിയിരിക്കുന്ന കുതിരകളായും ഗോചരങ്ങളായവയെ വിഷയങ്ങളായും പറയുന്നു".

ബൃഹ. ഉ. 5—2—1. "പ്രജാപതിയുടെ പുത്രന്മാരായ ദേവന്മാർ, മനുഷ്യർ, അസുരന്മാർ എന്നിവർ, തങ്ങളെ ഉപദേശിക്കണമെന്ന് പ്രജാപതിയോട് അഭ്യർത്ഥിച്ചു. അപ്പോൾ ദേവന്മാരോട് ദമം ശീലിക്കാൻ ഉപദേശിച്ചു. മനുഷ്യരോട് ദാനശീലരായിരിക്കാനും അസുരന്മാരോട് ദയയുള്ളവരായിരിക്കുവാനും ഉപദേശിച്ചു.

ഐതരേ. ഉ. ശാന്തിമന്ത്രം "എന്റെ വാക്ക് സത്യമാവട്ടെ; എന്റെ മനസ്സ് സത്യമാവട്ടെ. വാക്കിനും വിചാരത്തിനും തമ്മിൽ വൈരുദ്ധ്യമുണ്ടാകാതിരിക്കട്ടെ. എല്ലാ പ്രകാരത്തിലുമുള്ള ദോഷങ്ങൾ ശമിക്കട്ടെ".

ഗീത III-13. "ലോകത്തിനുവേണ്ടി പ്രവർത്തിച്ചിട്ട് ലോകം അനുഭവിക്കുന്ന കൂട്ടത്തിൽ അതിന്റെ പങ്കനുഭവിക്കുന്ന സത്തുക്കൾ സർവ്വപാപങ്ങളിൽ നിന്നും മുക്തന്മാരായിത്തീരുന്നു. ആരാണോ ലോകാർത്ഥമായിട്ടല്ലാതെ സ്വാർത്ഥത്തിനു മാത്രമായി പ്രവർത്തിച്ച് ആ പ്രവർത്തിയുടെ ഫലത്തെ തനിച്ചനുഭവിക്കുന്നുവോ, അവർ ഭുജിക്കുന്നതു പാപമാകുന്നു".

ഗീത V-22. "വിഷയങ്ങളിൽ നിന്നുണ്ടാകുന്ന സുഖാനുഭവങ്ങൾ ആദിയും ഉള്ളവയും ദുഃഖത്തിനു കാരണവുമാണ്. അറിവുള്ളവർ അതിൽ രമിക്കുന്നില്ല".

ഗീത XII-13—14. "സർവജീവജാലങ്ങൾക്കും ദ്രോഹം ചെയ്യാത്തവനും (*ദ്വേഷിക്കാത്തവനും*) മൈത്രീഭാവമുള്ളവനും, കരുണയുള്ളവനും, അഹങ്കാരമില്ലാത്തവനും, സുഖദുഃഖങ്ങളിൽ സമനില പാലിക്കുന്നവനും, ക്ഷമിക്കുന്നവനും, സദാ സന്തോഷവാനും യോഗിയും മനസ്സടക്കിയവനും ദൃഢനിശ്ചയ

www.malankaralibrary.com


മുള്ളവനും എന്നിൽ മനസ്സും ബുദ്ധിയും സമർപ്പിച്ചവനും എന്റെ ഭക്തനുമായി ആരുണ്ടോ, അവൻ എനിക്കു് പ്രിയപ്പെട്ടവനാണു്''.

ബൃഹദ്. ഉപ. 2—4—5 അനുസരിച്ചു്, ശ്രവണം, മനനം, നിദിധ്യാസനം-കേൾക്കണം, ചിന്തിക്കണം, ധ്യാനിക്കണം ഇവ ആവശ്യമാണു്.

ഛന്ദോ. ഉപ. 7—19—1. ''ശ്രദ്ധയുണ്ടാകുമ്പോൾ മനനം ചെയ്യുവാൻ സാധിക്കുന്നു; ശ്രദ്ധയില്ലാത്തവൻ മനനം ചെയ്യുന്നില്ല; ശ്രദ്ധയുള്ളവൻ മാത്രമേ മനനം ചെയ്യുന്നുള്ളു''.

ഛാന്ദോ. ഉപ. 7—19—1. ''നിഷ്ഠയുണ്ടാകുമ്പോൾ ശ്രദ്ധയുണ്ടാകുന്നു; നിഷ്ഠയില്ലാത്തവനു് ശ്രദ്ധയുണ്ടാകുന്നില്ല; നിഷ്ഠയുള്ളവനു മാത്രമേ ശ്രദ്ധയുണ്ടാകുന്നുള്ളൂ''.

തൈത്തിരി. ഉ. I : II "സത്യം വദ, ധർമ്മം ചര''— "സത്യം പറയണം, ധർമ്മം ചെയ്യണം''.

★

www.malankaralibrary.com

# ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ

## രണ്ടാം ഭാഗം

# ക്രിസ്തുമത ദർശനങ്ങൾ

## അദ്ധ്യായം I

### വേദഗ്രന്ഥം—ബൈബിൾ

73 പുസ്തകങ്ങൾ അടങ്ങിയ 'ബൈബിൾ' അഥവാ 'വേദപുസ്തക'മാണ് ക്രിസ്ത്യാനികളുടെ വേദഗ്രന്ഥം. പുസ്തകം എന്നർത്ഥമുള്ള 'ബിബ്ളിയ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്, 'ബൈബിൾ' എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉത്ഭവം. അത് പഴയനിയമം അഥവാ പഴയ ഉടമ്പടി എന്നും, പുതിയനിയമം അഥവാ പുതിയ ഉടമ്പടി എന്നും രണ്ടായി തിരിച്ചിരിക്കുന്നു. പഴയ നിയമത്തിൽ 46 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും ഉണ്ട്. പ്രവാചകനായ ജറമിയായുടെ പുസ്തകവും ജറമിയായുടെ തന്നെ വിലാപങ്ങൾ എന്ന പുസ്തകവും ഒന്നായി പരിഗണിക്കുകയാണെങ്കിൽ പഴയനിയമത്തിൽ 45 പുസ്തകങ്ങളും ബൈബിളിൽ ആകെ 72 പുസ്തകങ്ങളും ആണ് ഉള്ളത്. ചിലർ ആ രീതിയിൽ പരിഗണിച്ചിരുന്നു.

യേശുക്രിസ്തുവിനുമുമ്പ് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ പഴയ നിയമത്തിലും യേശുക്രിസ്തുവിനുശേഷം എഴുതപ്പെട്ട ഗ്രന്ഥങ്ങൾ പുതിയനിയമത്തിലും ഉൾപ്പെടുന്നു.

അബ്രഹാമിൽനിന്ന് ഉത്ഭവിച്ച ഇസ്രായേൽ ജനത്തിന്റെ (*യഹൂദൻമാരുടെ*) ചരിത്രമാണ് പഴയനിയമം. ലോകരക്ഷകനായ യേശുവിന്റെ മരണവും മഹത്വീകരണവും യേശുവിൽനിന്നാരംഭിക്കുന്ന പുതിയ ഇസ്രായേലാകുന്ന സഭയുടെ ചരിത്രവും പുതിയനിയമത്തിൽ ഉൾപ്പെടുന്നു.

www.malankaralibrary.com



ലോകോല്പത്തിയെപ്പററിയുള്ള വിവരണംകൊണ്ട് ആരംഭിച്ച് ലോകാവസനത്തെപ്പററിയുള്ള വിവരണത്തിൽ വേദപുസ്തകം അവസാനിക്കുന്നു. വിവിധ കാലങ്ങളിൽ വിവിധ ദേശങ്ങളിൽ വച്ച് വിവിധ എഴുത്തുകാരാൽ എഴുതപ്പെട്ടവയാണ് വേദപുസ്തകത്തിലെ ഗ്രന്ഥങ്ങൾ. ക്രിസ്തുവിനു ഏതാണ്ട് 1200 വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ടതാണ് വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകമായ ഉൽപത്തിപുസ്തകം. വാമൊഴിയായി അന്നു് അവരുടെ ഇടയിൽ പാരമ്പര്യമായി പ്രചരിച്ചിരുന്ന കാര്യങ്ങളാണ് മോശ എഴുതിയതു്.

## ബൈബിൾ ദൈവനിവേശിതം

ബൈബിൾ ദൈവനിവേശിതമാണ്. ദൈവനിവേശിതം എന്നു പറയുമ്പോൾ, ഓരോ വാക്കും ദൈവം പറഞ്ഞുകൊടുത്തു് എഴുതിച്ചു എന്ന അർത്ഥത്തിലല്ല, പിന്നെയോ, ദൈവത്തിൻെറ സന്ദേശം തെററുകൂടാതെ രേഖപ്പെടുത്തുവാൻ ദൈവം ഗ്രന്ഥകാരനെ സഹായിച്ചു, എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടതു്. നിവേശനം എഴുത്തുകാരൻെറ സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. ഓരോ ഗ്രന്ഥകർത്താവിനും തനതായിട്ടുള്ള ഭാഷാശൈലിയും അവതരണരീതിയുമുണ്ട്. എഴുത്തുകാരെ ദൈവം ഉപകരണങ്ങളാക്കി എടുത്തുകൊണ്ട് അവരുടെ സ്വാഭാവിക കഴിവുകളെ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനു് അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ പ്രചോദിപ്പിക്കുകയും ചെയ്തു. ദൈവത്തെയും മനുഷ്യരക്ഷയേയും സംബന്ധിച്ച കാര്യങ്ങളിൽ ബൈബിൾ പ്രമാദരഹിതമാണ്. ശാസ്ത്രസത്യങ്ങൾ പഠിപ്പിക്കുകയല്ല ബൈബിളിൻെറ ലക്ഷ്യം. ദൈവത്തിൻെറ വചനം മനുഷ്യൻെറ വാക്കുകളിൽ എഴുതപ്പെട്ടു. ദൈവനിവേശിതമാകയാൽ ബൈബിൾ ദൈവവചനമാണ്.

## ഭാഷ

പഴയനിയമത്തിലെ ഭൂരിഭാഗം പുസ്തകങ്ങളും (*39 പുസ്തകങ്ങൾ*) ഹീബ്രു ഭാഷയിലും പുതിയനിയമത്തിലെ ഭൂരിഭാഗം പുസ്തകങ്ങളും ഗ്രീക്കുഭാഷയിലുമാണ് എഴുതപ്പെട്ടിട്ടുള്ളതു്. വി. മത്തായിയുടെ സുവിശേഷവും വി. പൗലോസ് ശ്ലീഹാ എബ്രായർക്കെഴുതിയ ലേഖനവും, യേശുക്രിസ്തുവും ശിഷ്യന്മാരും സംസാരിച്ചിരുന്ന അരമായ ഭാഷയിൽ (*സുറിയാനിയുടെ പുരാതന രൂപം*) ആണ് എഴുതപ്പെട്ടതു് എന്നാണ് പാരമ്പര്യം പറയുന്നതു്.

www.malankaralibrary.com



## പ്രാമാണികഗ്രന്ഥങ്ങൾ—കാനൻ

ഹീബ്രു ഭാഷയിലുണ്ടായിരുന്ന ബൈബിൾ ഗ്രന്ഥങ്ങൾ മാത്രമേ യഹൂദന്മാർ പ്രാമാണികമായി സ്വീകരിച്ചുള്ളു. അവ പ്രഥമ കാനോനിക ഗ്രന്ഥങ്ങൾ (Proto-Canonical Books) എന്ന പേരിൽ അറിയപ്പെടുന്നു. ഗ്രീക്ക്-അരമായ ഭാഷകളിലുള്ളവയും പല യഹൂദ സമൂഹങ്ങളും ബൈബിളിന്റെ ഭാഗമായി സ്വീകരിച്ചിരുന്നതുമായ മറ്റു ഗ്രന്ഥങ്ങൾ അവർ അപ്രാമാണികമായി പരിഗണിച്ചു. കത്തോലിക്കർ ഒഴികെയുള്ള ക്രൈസ്തവ സമൂഹങ്ങൾ യഹൂദനിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഉത്തര കാനോനിക ഗ്രന്ഥങ്ങൾ അഥവാ ദ്വിതീയ പ്രാമാണിക ഗ്രന്ഥങ്ങൾ (Deutro Canonical Books) എന്ന പേരിൽ അറിയപ്പെടുന്ന, തോബിത്, യൂദിത്, ജ്ഞാനം പ്രഭാഷകൻ ബാറൂക്ക് ഒന്നും രണ്ടും മക്കബായർ, ദാനിയേലിന്റെ ചില ഭാഗങ്ങൾ (*3:24-30; 13-14*) എസ്തേർ (*11-16*) എന്നിവ കൂടി പ്രാമാണികമായി (*ദൈവനിവേശിതമായി*) കത്തോലിക്കാ സഭ പഠിപ്പിക്കുന്നു.

ഈജിപ്റ്റിൽ അലക്സാണ്ഡ്രിയായിൽ കുടിയേറിപ്പാർത്ത യഹൂദന്മാരുടെ ആവശ്യത്തിനായി B. C 3-ാം നൂറ്റാണ്ടിൽ (B. C. 280-ൽ) 70 യഹൂദ പണ്ഡിതൻമാർ കൂടി പഴയനിയമം മുഴുവനും ഗ്രീക്കുഭാഷയിലേക്ക് വിവർത്തനം ചെയ്തപ്പോൾ മേൽപറയപ്പെട്ട ഗ്രീക്കിൽ എഴുതിയ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി. ഈ വിവർത്തനം 'സെപ്തജിന്ത്' എന്ന പേരിൽ അറിയപ്പെടുന്നു.

ഏതെല്ലാം ഗ്രന്ഥങ്ങൾ വേദപുസ്തകത്തിന്റെ ഭാഗങ്ങളാണ് അഥവാ ദൈവനിവേശിതങ്ങളാണ് എന്ന് വേദപുസ്തകത്തിൽനിന്നുതന്നെ അറിയാൻ സാദ്ധ്യമല്ല. സഭയാണ് ഏതെല്ലാം പുസ്തകങ്ങൾ ദൈവനിവേശിതങ്ങളാണ് എന്നു പ്രഖ്യാപിച്ചത്.

## വേദപുസ്തക വ്യാഖ്യാനം

വേദപുസ്തകം ഓരോരുത്തരും ഇഷ്ടാനുസരണം വ്യാഖ്യാനിക്കാൻ ഉള്ളതല്ല. അങ്ങനെ വ്യാഖ്യാനിച്ചാൽ പലരും പല രീതിയിൽ വ്യാഖ്യാനിക്കും.

www.malankaralibrary.com



വി. ലിഖിതങ്ങളിൽ ദൈവം മനുഷ്യർ വഴി മാനുഷിക മായ രീതിയിലാണ് സംസാരിച്ചത്. തന്മൂലം എന്താണ് ദൈവം നമ്മോടു പറയാൻ ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലാക്കാൻവേണ്ടി, വി. ഗ്രന്ഥകാരന്മാർ ഓരോന്നിനും എന്തർത്ഥ മാണ് യഥാർത്ഥത്തിൽ കല്പിക്കുന്നതെന്നും അവരുടെ വാക്കു കളിലൂടെ ദൈവം എന്താണ് പ്രകാശിപ്പിക്കാൻ മനസ്സാകുന്ന തെന്നും പരിശോധിക്കേണ്ടതുണ്ട്. വേദവാക്യങ്ങളുടെ ശരി യായ അർത്ഥം ഗ്രഹിക്കുവാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പരസ്പരമുള്ള പൊരുത്തവും കണക്കിലെടുക്കണം.

വേദപുസ്തകത്തിന്റെ വ്യാഖ്യാനം സഭയുടെ തീരുമാന ത്തിന് വിധേയമാണ്. പഠിപ്പിക്കുന്നതിനുള്ള അധികാരം ക്രിസ്തു അപ്പസ്തോല സമൂഹത്തിനാണ് നൽകിയത്. "സ്വർഗ്ഗ ത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്കു നല്ക പ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനങ്ങ ളെയും ശിഷ്യപ്പെടുത്തുവിൻ.......ഞാൻ നിങ്ങളോടു കല്പിച്ചവ യെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (*മത്താ. 28:18-20*) യേശുക്രിസ്തു ശ്ലീഹന്മാരോടു പറഞ്ഞ വാക്കുകളാ ണിവ.

"നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (*ലൂക്കാ. 10:16*).

## തരംതിരിക്കൽ

യഹൂദപാരമ്പര്യമനുസരിച്ച് പഴയനിയമ ഗ്രന്ഥങ്ങളെ നിയമം (*തോറ*), പ്രവാചകന്മാർ, ലിഖിതങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാറുണ്ട്.

### 1. നിയമം

ആദ്യത്തെ അഞ്ച് പുസ്തകങ്ങളായ ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം ഇവയാണ്, നിയമം അഥവാ തോറ എന്ന പദംകൊണ്ട് യഹൂദർ അർത്ഥമാക്കുന്നത്.

### 2. പ്രവാചകന്മാർ

ജോഷ്വാ, ന്യായാധിപന്മാർ, സാമുവേലിന്റെയും രാജാ ക്കന്മാരുടെയും ഈരണ്ടു പുസ്തകങ്ങൾ എന്നിവ മുൻകാല പ്രവാചകന്മാർ എന്നപേരിലും, ഏശയ്യാ, ജറെമിയാ, എസെക്കിയേൽ, പന്ത്രണ്ടു ചെറിയ പ്രവാചകന്മാർ എന്നിവ

www.malankaralibrary.com



പില്ക്കാല പ്രവാചകന്മാർ എന്ന പേരിലും പ്രവാചക വിഭാഗത്തിൽപ്പെടുന്നു.

## 3. ലിഖിതങ്ങൾ

ശേഷിക്കുന്ന പതിനൊന്നു് പുസ്തകങ്ങൾ ചരിത്രപരവും ഭക്തിപരവുമായ ലിഖിതങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു.

ക്രൈസ്തവർ പഴയനിയമ ഗ്രന്ഥങ്ങളെയും പുതിയനിയമ ഗ്രന്ഥങ്ങളെയും, ചരിത്രപരം, പ്രവചനപരം, പ്രബോധനപരം എന്നിങ്ങനെ മൂന്നായി തരംതിരിക്കുന്നു.

## പഴയ നിയമം

### 1. ചരിത്രപരം

പഞ്ചഗ്രന്ഥി എന്ന പേരിൽ അറിയപ്പെടുന്ന ഉൽപത്തി, പുറപ്പാടു്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നിവയും ജോഷ്വാ, ന്യായാധിപന്മാർ, റൂത്തു്, 1, 2 സാമുവൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹമിയാ, തോബിത്, യൂദിത്, എസ്തേർ, 1, 2 മക്കബായർ, എന്നിവയുമാണു് ചരിത്രപരമായ ഗ്രന്ഥങ്ങൾ.

### 2. പ്രവചനപരം

ഏശയ്യാ ജറെമിയ എസെക്കിയേൽ, ദാനിയേൽ എന്നീ വലിയ പ്രവാചകന്മാരും (Major Prophets) പന്ത്രണ്ടു ചെറിയ പ്രവാചകന്മാരും (Minor Prophets), വിലാപങ്ങൾ, ബാറൂക്കു് എന്നിവയുമാണു് പ്രവചനപരമായ ഗ്രന്ഥങ്ങൾ.

പ്രവാചകന്മാരെ വലിയവരെന്നും ചെറിയവരെന്നും തിരിച്ചിരിക്കുന്നതു് അവരുടെ പേരിലുള്ള ഗ്രന്ഥങ്ങളുടെ വലിപ്പച്ചെറുപ്പത്തെ ആസ്പദമാക്കി മാത്രമാണു്. ദൈവത്തിന്റെ വക്താക്കളാണു് പ്രവാചകന്മാർ. ഇസ്രായേൽ ജനതയെ ദൈവത്തിന്റെ മാർഗ്ഗത്തിലൂടെ നയിച്ചുകൊണ്ടിരുന്നവരാണു് പ്രവാചകന്മാർ.

### 3. പ്രബോധനപരം

ജോബു്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളാണു് പ്രബോധനപരം എന്നു കണക്കാക്കുന്നതു്.

സങ്കീർത്തനങ്ങൾ ആരാധനാതലത്തിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങളാണു്.

www.malankaralibrary.com



## പുതിയ നിയമം

1. **ചരിത്രപരം:**

   നാലു സുവിശേഷങ്ങളും അപ്പസ്തോലപ്രവൎത്തനങ്ങളും (*5 പുസ്തകങ്ങൾ*).

2. **പ്രബോധനപരം:**

   21 ലേഖനങ്ങൾ

3. **പ്രവചനം:**

   വെളിപാടുപുസ്തകം 1

## ഉള്ളടക്കം ചുരുക്കത്തിൽ

ദൈവകല്പന ലംഘിച്ചതുമൂലം പാപിയായിത്തീൎന്ന്, സ്വൎഗ്ഗത്തിനുള്ള അവകാശം നഷ്ടപ്പെടുത്തിയ മനുഷ്യവംശത്തെ രക്ഷിച്ച് സ്വൎഗ്ഗത്തിനുള്ള അവകാശം വീണ്ടും നല്കുന്നതിനായി ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. ആ രക്ഷകനെ സ്വീകരിക്കുന്നതിനായി ദൈവം ഇസ്രായേൽ ജനതയെ ഒരുക്കുന്നു. പക്ഷേ അവരിൽ ഭൂരിപക്ഷവും ദൈവത്തെ മറുത്ത് ജീവിക്കുന്നു. കാലത്തിന്റെ തികവിൽ ദൈവപുത്രൻ തന്നെ മനുഷ്യനായി ഈ ലോകത്തിൽ അവതരിച്ച് മനുഷ്യരക്ഷ സാധിക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള അറിവിലും സ്നേഹത്തിലും മനുഷ്യനെ വളൎത്തുകയും, ആത്മരക്ഷയ്ക്കുള്ള വഴിയിലൂടെ അവനെ നയിക്കുകയുമായിരുന്നു വേദപുസ്തക കൎത്താക്കളുടെ ലക്ഷ്യം. മനുഷ്യനോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹം വേദപുസ്തകത്തിൽ ഉടനീളം പ്രതിഫലിച്ചുകാണാം.

വേദപുസ്തകം മുഴുവനും മിശിഹായെ (*ക്രിസ്തുവിനെ*) കേന്ദ്രീകരിച്ച് എഴുതപ്പെട്ടിട്ടുള്ളതാണ്. "യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" താൻ സുവിശേഷം രചിച്ചതെന്ന യോഹന്നാന്റെ വാക്കുകൾ (*യോഹ. 20:31*) ബൈബിളിനെക്കുറിച്ച് പൊതുവേയും പറയാവുന്നതാണ്. പഴയനിമയമത്തിൽ യേശുക്രിസ്തുവിനെപ്പററി നിരവധി പ്രവചനങ്ങൾ ഉണ്ട്. വി. ലൂക്കോസിന്റെ സുവിശേഷം 24-ാം അദ്ധ്യായം 44-ാം വാക്യത്തിൽ,

www.malankaralibrary.com



യേശുക്രിസ്തു പറഞ്ഞതു് ഉദ്ധരിച്ചിരിക്കുന്നു: 'മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു് എഴുതപ്പെട്ടിരിക്കുന്നവയെല്ലാം നിവൃത്തിയാകേണ്ടിയിരിക്കുന്നു'! യോഹ. 1:45 ലൂക്കോ. 16:29 കൂടി കാണുക.

## ദൈവ വചനത്തിന്റെ ശക്തി

വേദപുസ്തകം ദൈവനിവേശിതമായതുകൊണ്ടു് അതു് ദൈവ വചനമാണു്. ദൈവ വചനം ജീവദായകമാണു്. സങ്കീർത്തകൻ ദൈവ വചനത്തെ സ്തുതിച്ചുകൊണ്ടു പറയുന്നു: "നിന്റെ വചനം എന്റെ കാലുകൾക്കു് വിളക്കും എന്റെ ഊടു വഴികൾക്കു് പ്രകാശവുമാകുന്നു" (*സങ്കീ. 119 : 105*).

വി. പൗലോസ് ശ്ലീഹാ പറയുന്നു: "ദൈവത്തിന്റെ വചനം ജീവനുള്ളതും സർവ്വവും പ്രവർത്തിക്കുന്നതും ഇരു മുനവാളിനേക്കാൾ കൂടുതൽ മൂർച്ചയുള്ളതും, പ്രാണനെയും ആത്മാവിനെയും സന്ധിബന്ധങ്ങളെയും മജ്ജയെയും അസ്ഥികളെയും പിളർക്കുവോളം അകത്തുകടക്കുന്നതും ഹൃദയത്തിന്റെ വിചാരങ്ങളെയും ആലോചനകളെയും വിവേചിക്കുന്നതുമാകുന്നു" (*എബ്രാ. 4 : 12*).

വി. ശ്ലീഹാ തിമോത്തിയോസിനു എഴുതിയ ലേഖനത്തിൽ പറയുന്നു: "........ആത്മാവിനാൽ എഴുതപ്പെട്ട എല്ലാ പുസ്തകവും ഉപദേശത്തിനും ശാസനത്തിനും തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും പ്രയോജനകരമാകുന്നു" (*2 തിമോ. 3 : 15-16*).

എഫേ. 6:17-ൽ പറയുന്നു: "ദൈവവചനം ആത്മാവിന്റെ വാൾ" ആകുന്നു; അതായതു് ആത്മാവിന്റെ ആയുധമാകുന്നു.

പ്രവാചകന്മാരിൽകൂടി യാവേ പറയുന്നു: "എന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടം പോലെയുമല്ലേ?—കർത്താവു ചോദിക്കുന്നു" (*ജെറ. 23:29*).

"എന്റെ അധരങ്ങളിൽനിന്നു് പുറപ്പെടുന്ന വാക്കും അങ്ങനെ തന്നെ ഫലരഹിതമായി അതു തിരിച്ചു വരുകയില്ല. എന്റെ ഉദ്ദേശ്യം അതു നിറവേറ്റും" (*ഏശയ്യാ. 55:11*).

പാപം നിമിത്തം അധഃപതിച്ചു്, ദൈവത്തിൽ നിന്നു് അകന്നുപോയ മനുഷ്യവംശത്തെ രക്ഷിച്ചു വീണ്ടെടുക്കാൻ സ്നേഹനിധിയായ ദൈവം ആവിഷ്ക്കരിച്ച പദ്ധതിയും അതിന്റെ കാലോചിതമായ പൂർത്തീകരണവുമാണു് വി. ഗ്രന്ഥത്തിൽ നാം കാണുന്നതു്.

www.malankaralibrary.com



# അധ്യായം II

## സൃഷ്ടി

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു". (ഉൽ. 1:1) ഇതാണ് വേദപുസ്തകത്തിലെ ആദ്യത്തെ വാചകം. ഉല്പത്തി പുസ്തകം ഒന്നും രണ്ടും അധ്യായങ്ങളിൽ സൃഷ്ടിയെപ്പററി പറഞ്ഞിരിക്കുന്നു.

വേദപുസ്തകത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളുടെ (*നിയമം*) കർത്താവ് മോശയാണ്, 'നിയമാവർത്തനം' എന്ന പുസ്തകം മോശയുടെ ഒരു ശിഷ്യൻ എഴുതി പൂർത്തിയാക്കി എന്നാണ് അനുമാനിക്കേണ്ടതു്.

ദൈവം ഈ ലോകത്തെയും മനുഷ്യൻ ഉൾപ്പെടെ ഈ ലോകത്തിലുള്ള സകല ചരാചരങ്ങളെയും ആറു ദിവസം കൊണ്ടു് സൃഷ്ടിച്ചു എന്നാണ് പറഞ്ഞിരിക്കുന്നതു്. ഇവിടെ പറഞ്ഞിരിക്കുന്ന ദിവസം 24 മണിക്കൂർ ദൈർഘ്യമുള്ള ദിവസമായിരിക്കാൻ സാദ്ധ്യതയില്ല, കാരണം സൂര്യനല്ല ആദ്യം സൃഷ്ടിക്കപ്പെട്ടതു്. ഇവിടെ ഒരു ദിവസം എന്നു പറയുന്നതു് ഒരു കാലഘട്ടം എന്നു മനസ്സിലാക്കിയാൽ മതി എന്നാണ് ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. ഉണ്ടാകട്ടെ എന്നു കല്പിച്ചുകൊണ്ടാണ് മനുഷ്യൻ ഒഴികെ ബാക്കിയുള്ളവയെയെല്ലാം ഇല്ലായ്മയിൽനിന്നു് ദൈവം സൃഷ്ടിച്ചതു്.

ഉത്പത്തിപുസ്തകത്തിലെ സൃഷ്ടികർമ്മത്തെപ്പററിയുള്ള വിവരണം അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. പ്രകൃതി ശക്തികളെ ആരാധിച്ചുകൊണ്ടിരുന്ന ആളുകളുടെ ഇടയിലാണ് മോശയും കൂട്ടരും ജീവിച്ചിരുന്നതു്. അവരുടെ അന്ധവിശ്വാസങ്ങൾ തിരുത്തി, സൂര്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ, സസ്യങ്ങൾ, പക്ഷിമൃഗാദികൾ ഇവയെല്ലാം ഏകദൈവത്തിന്റെ സൃഷ്ടികളാണ് എന്നു് മനസ്സിലാക്കിക്കൊടുക്കുകയാണ് മോശയുടെ ഉദ്ദേശ്യം. ജീവനില്ലാത്ത ആകാശഗോളങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ അവയ്ക്കു് ആരു നൽകി? അത്ഭുതാവഹമായ ഈ ബ്രഹ്മാണ്ഡകടാഹത്തെ നിയന്ത്രിക്കുന്ന ഒരു നിയന്താവും ഒരു അധിപനും ഉണ്ടായിരിക്കണമെന്നു് സാമാന്യബുദ്ധി നമ്മോടു

www.malankaralibrary.com



പറയുന്നു. ദൈവം ഒരുവനാണ് ഈ പ്രപഞ്ചവും ഇതിലെ സകല ചരാചരങ്ങളും സൃഷ്ടിച്ചതെന്ന് ബൈബിൾ പഠിപ്പിക്കുന്നു.

## മനുഷ്യനെ സൃഷ്ടിക്കുന്നു

ആറാം ദിവസം ദൈവം മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. (*ഉൽ. 1:26-27*) തുടർന്നു പറയുന്നു: "അവിടുന്ന് സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും, ആകാശത്തിലെ പറവകളുടെയും, ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ". (*ഉൽ. 1:28*)

ദൈവം മനുഷ്യനെ എങ്ങനെ സൃഷ്ടിച്ചു എന്ന് രണ്ടാം അധ്യായത്തിൽ പറയുന്നു. "ദൈവമായ കർത്താവ് പൂഴി കൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (*ഉൽ. 2:7*).

"അവിടുന്ന് കിഴക്ക് ഏദത്തിൽ ഒരു തോട്ടം നിർമ്മിച്ച്, താൻ രൂപംകൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു". (*ഉൽ. 2:8*) "അവിടുന്ന് അവനോടു കല്പിച്ചു: തോട്ടത്തിലെ എല്ലാ മരങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും" (*ഉൽ. 2:17*).

## സ്ത്രീയെ സൃഷ്ടിക്കുന്നു

"ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. അവനു ചേർന്ന ഇണയെ ഞാൻ നല്കും" (*ഉൽ. 2:18*). "ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി, ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തതിനുശേഷം അവിടം മാംസംകൊണ്ടു മൂടി. മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്ക് രൂപംകൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു: ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട്

www.malankaralibrary.com



നാരിയെന്നു വിളിക്കപ്പെടും........പുരുഷനും അവന്റെ ഭാര്യയും നഗ്നരായിരുന്നു. എങ്കിലും അവർക്ക് ലജ്ജ തോന്നിയിരുന്നില്ല'' (*ഉൽ. 2:21-25*).

''പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി'' എന്നുള്ളത് മാനുഷികമായ രീതിയിൽ ഗ്രന്ഥകാരൻ വിവരിക്കുകയാണ്; അത് അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല.

മററുള്ള ജീവജാലങ്ങളെയെല്ലാം ഉണ്ടാകട്ടെ എന്നു കല്പിച്ചുകൊണ്ട് ദൈവം ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ചുവെങ്കിൽ, അതിൽനിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് മനുഷ്യനെ സൃഷ്ടിച്ചത്. പൂഴി ദൈവസൃഷ്ടിയാണ്. അതിൽനിന്നും മനുഷ്യശരീരത്തിനു രൂപംകൊടുത്തു എന്നു പറഞ്ഞിരിക്കുന്നു. മനുഷ്യന്റെ ശരീരത്തെ സംബന്ധിച്ചിടത്തോളം പരിണാമവാദത്തിന്റെ സാധ്യത നിഷേധിക്കുന്നില്ല. പക്ഷെ ദൈവം സൃഷ്ടിച്ച ഏതെങ്കിലുമൊരു മൂലഘടകത്തിൽനിന്നുമായിരിക്കും പരിണാമം സംഭവിക്കുന്നത്.

ആത്മാവും ശരീരവും കൂടിയതാണ് മനുഷ്യൻ. ''ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു'' എന്നു പറഞ്ഞിരിക്കുന്നു. മററുള്ള ജീവജാലങ്ങൾക്ക് ജീവന്റെ ശ്വാസം നിശ്വസിച്ചുകൊടുത്തതായി പറയുന്നില്ല. ഓരോ മനുഷ്യന്റെയും ആത്മാവിനെ ദൈവം അപ്പോളപ്പോൾ സൃഷ്ടിച്ച് അവന്റെ ശരീരത്തിൽ നിവേശിപ്പിക്കുകയാണ് ചെയ്യുന്നത്. സഖറി. 12:1-ൽ പറയുന്നു: ''മനുഷ്യന്റെ പ്രാണനെ അവന്റെ ഉള്ളിൽ നിവേശിപ്പിക്കുകയും ചെയ്ത കാത്താവ്....'' മാതാപിതാക്കളിൽനിന്ന് ശിശുവിന് ശരീരം മാത്രമേ ലഭിക്കുന്നുള്ളു.

''നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും''. ഇപ്രകാരം ആദാമിന് കൊടുത്ത നിരോധന കല്പന മററുള്ള ജീവികൾക്ക് കൊടുത്തതായി പറയുന്നില്ല.

ഈ ലോകത്തിൽ മനുഷ്യൻ മാത്രമേ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടുള്ളു. മനുഷ്യന്റെ ആത്മാവിലാണ് പ്രധാനമായും ആ ഛായയും സാദൃശ്യവും സ്ഥിതി ചെയ്യുന്നത്. മനുഷ്യന് വിശേഷബുദ്ധിയും (*ചിന്താശക്തി*) സ്വതന്ത്ര മനസ്സും ഉണ്ട്. അവൻ നന്മതിന്മകളെ വിവേചിച്ചറിയുന്നു; സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കുന്നു. ഒരു മൃഗത്തെ

www.malankaralibrary.com



പററി അതു് പാപിയാണെന്നോ വിശുദ്ധനാണെന്നോ പറയുന്നില്ല. മനുഷ്യനെപ്പററി അപ്രകാരം പറയുന്നു. ആത്മാവു് അവിഛിന്നമാണു്.

ഉൽ. 2:20-ൽ "മനുഷ്യനിൽനിന്നെടുത്ത വാരിയെല്ലു കൊണ്ടു് അവിടുന്നു് ഒരു സ്ത്രീക്കു് രൂപംകൊടുത്തു" എന്നു പറഞ്ഞിരിക്കുന്നു. ഇതും അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. പുരുഷനും സ്ത്രീയും വ്യക്തികളെന്ന നിലയിൽ ഒരേ പദവി ഉള്ളവരാണു് എന്നു് അതു് സൂചിപ്പിക്കുന്നു.

ദൈവം ആദ്യം സൃഷ്ടിച്ച പുരുഷനായ ആദാമിൽനിന്നും സ്ത്രീയായ ഹൗവ്വായിൽനിന്നു് മനുഷ്യവംശം മുഴുവനും ഉത്ഭവിച്ചു എന്നാണു് പൊതുവേയുള്ള വിശ്വാസം. ഉൽ. 3:20-ൽ പറയുന്നു: "ആദം തന്റെ ഭാര്യയെ ഹൗവ്വാ എന്നു വിളിച്ചു. കാരണം അവൾ ജീവനുള്ളവരുടെ എല്ലാം മാതാവാകുന്നു. തോബിത് 8:6-ൽ പറയുന്നു: "അവിടുന്നു് ആദത്തെ സൃഷ്ടിച്ചു. അവനു തുണയും താങ്ങുമായി ഹൗവ്വായെ ഭാര്യയായി നല്കി. അവരിൽ നിന്നു് മാനവവംശം ഉത്ഭവിച്ചു." അപ്പ. പ്രവ. 17:26-ൽ പറയുന്നു. "അവിടുന്നു് ഒരുവനിൽനിന്നു് എല്ലാജനപദങ്ങളെയും സൃഷ്ടിച്ചു".

സൃഷ്ടവസ്തുക്കൾ സ്രഷ്ടാവിന്റെ അസ്തിത്വത്തിലേക്കു് വിരൽ ചൂണ്ടുന്നു. സങ്കീർത്തകൻ പാടുന്നു: "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ പ്രഘോഷിക്കുന്നു; ആകാശവിതാനം അവന്റെ കരവേലയെ കാണിക്കുന്നു" (*സങ്കീ. 19:1*). വി. പൗലോസ്ശ്ലീഹാ പറയുന്നു: "ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായതു് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ ബോധ്യപ്പെട്ടിട്ടുള്ളതാണു്" (*റോമ. 1:20*). ജ്ഞാനി പറയുന്നതു് ശ്രദ്ധിക്കുക. "ദൈവത്തെ അറിയാത്തവർ സ്വതേ ഭോഷരാണു്. ദൃഷ്ടിഗോചരമായ നന്മകളിൽനിന്നു് ഉണ്മയായവനെ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. ശില്പങ്ങളിൽ ശ്രദ്ധപതിച്ച അവർ ശില്പിയെ തിരിച്ചറിഞ്ഞില്ല. അഗ്നി, വായു, കാററു്, നക്ഷത്രവലയങ്ങൾ, ക്ഷോഭിച്ച സമുദ്രം, ആകാശതേജസ്സുകൾ ഇവ ലോകത്തെ ഭരിക്കുന്ന ദേവന്മാരായി അവർ കരുതി. അവയുടെ സൗന്ദര്യത്തിൽ ഭ്രമിച്ചു് മനുഷ്യർ, അവയെ ദേവന്മാരായി സങ്കല്പിച്ചെങ്കിൽ, അവയെക്കാൾ ശ്രേഷ്ഠനാണു് അവയുടെ കർത്താവെന്നു് അവർ ഗ്രഹിക്കട്ടെ. സൗന്ദര്യത്തിന്റെ സ്രഷ്ടാവാണു് അവ ഉണ്ടാക്കിയതു്" (*ജ്ഞാനം. 13:1-3*).

www.malankaralibrary.com


**മാലാഖമാർ**

മാലാഖമാർ അഥവാ ദൈവദൂതന്മാർ മനുഷ്യരേക്കാൾ ഉന്നതരായി സൃഷ്ടിക്കപ്പെട്ട അരൂപികളാണ്. "അവിടുന്ന് അവനെ (*മർത്ത്യനെ*) ദൈവദൂതന്മാരേക്കാൾ അല്പം മാത്രം താഴ്ത്തി; മഹത്വവും ബഹുമാനവുംകൊണ്ടു് അവനെ മകുട മണിയിച്ചു (*സങ്കീ. 8:5*).

മനുഷ്യരെ സൃഷ്ടിക്കുന്നതിനുമുമ്പായി മാലാഖമാരെ സൃഷ്ടിച്ചു എന്നാണ് വിശ്വസിക്കപ്പെടുന്നതു്. അവരെ സൃഷ്ടിച്ചപ്പോൾ അവർക്കുണ്ടായിരുന്ന ശക്തികളിൽ അവർ പിന്നീടു് വളരുന്നില്ല. ബുദ്ധിപരമായ അവരുടെ കഴിവുകൾ മനുഷ്യനു് ഉള്ളതിനേക്കാൾ വളരെ വലുതാണ്. അവർ സ്വർഗ്ഗീയാനന്ദം നിരന്തരം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവർ അരൂപികളാണ്. "അവിടുന്ന് തന്റെ മാലാഖമാരെ അരൂപികളും തന്റെ ശുശ്രൂഷകരെ തീനാളങ്ങളും ആക്കുന്നു, എന്നു് മാലാഖമാരെക്കുറിച്ചു് പറഞ്ഞിരിക്കുന്നു" (*എബ്രാ.* 1:7).

മാലാഖമാർ അസംഖ്യങ്ങളാണെന്നു്, ദാനി. 7:10; വെളി. 5:11, എന്നീ വാക്യങ്ങളിൽനിന്നും മനസ്സിലാക്കുന്നു.

ചില മാലാഖമാരുടെ പേരുകൾ വി. ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ടു്. റപ്പായേൽ മാലാഖ ചെറിയ തോബിയാസിന്റെ സഹയാത്രക്കാരനായി പോയി സഹായിച്ചതായി നാം വായിക്കുന്നു. അവസാനം പിരിഞ്ഞുപോയപ്പോൾ ഇപ്രകാരം പറഞ്ഞു് സ്വയം വെളിപ്പെടുത്തി. "കർത്താവിന്റെ മുമ്പിൽ നില്ക്കുന്ന ഏഴു മാലാഖമാരിൽ ഒരാളായ റപ്പായേലാണ് ഞാൻ" (*തോബിയാസ്*. 12:15).

യൂദായുടെ ലേഖനം 1:9_ൽ "പ്രധാന മാലാഖയായ മിഖായേൽ........" എന്നു പറഞ്ഞിരിക്കുന്നു.

ഗബ്രിയേൽ മാലാഖയാണ് പരി. കന്യക മറിയാമിനു് പ്രത്യക്ഷപ്പെട്ടു്, ദൈവപുത്രൻ അവളിൽനിന്നു് ജനിക്കുമെന്നുള്ള മംഗളവാർത്ത അറിയിച്ചതു് (*ലൂക്കോ.* 1:19_26).

മനുഷ്യരെ സഹായിക്കാനായി മാലാഖമാർ നിയമിക്കപ്പെട്ടിട്ടുണ്ടു്. "രക്ഷയുടെ അവകാശികളാകുവാനിരിക്കുന്നവർക്കു് ശുശ്രൂഷ ചെയ്യാൻ അയയ്ക്കപ്പെട്ട സേവകാത്മാക്കളല്ലേ അവരെല്ലാം". (എബ്രാ. 1:14) ഇവരെപ്പററിയാണ് 90_ാം സങ്കീർത്തനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതു്. "എന്തു

www.malankaralibrary.com



കൊണ്ടെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടതിനു്, അവൻ നിന്നെക്കുറിച്ചു് തൻെറ മാലാഖമാരോടു കല്പിക്കും'' (*സങ്കീ. 90:11*). രാജകല്പന പ്രകാരം അസറിയായെയും കൂട്ടുകാരെയും തീച്ചൂളയിലേക്കു് എറിഞ്ഞുകളഞ്ഞപ്പോഠം, അവരോടുകൂടെ നില്ക്കുന്നതിനു്, ''കർത്താവിൻെറ ദൂതൻ ചൂളയിലേക്കു് ഇറങ്ങിച്ചെന്നു. അവൻ ജ്വാലയെ ചൂളയിൽനിന്നു് ആട്ടിയകററി'' (*ദാനിയേൽ 3:26*).

കാരാഗൃഹത്തിൽ നിന്നും രക്ഷപെടുവാൻ പത്രോസ്സ് ശ്ലീഹായെ ഒരു മാലാഖ സഹായിച്ചു (*അപ്പ. പ്രവ. 12:6-10*).

സ്രോപ്പേ മാലാഖമാർ ദൈവത്തെ നിരന്തരം സ്തുതിച്ചുകൊണ്ടിരിക്കുന്നു. ഏശയ്യാസ്സു് ഉണ്ടായ ഒരു ദർശനം പ്രവാചകൻ വിവരിക്കുന്നുണ്ടു്. ''കർത്താവു് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു........അവിടുത്തെ ചുററും സെറാഫുകഠം നിന്നിരുന്നു........അവ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവു് പരിശുദ്ധൻ'' (*ഏശയ്യാ. 6:1-3*).

## പിശാചുക്കൾ

ദൈവം സൃഷ്ടിച്ച അസംഖ്യം മാലാഖമാരിൽ ഒരു കൂട്ടർ ദൈവത്തിനെതിരായി നിന്നു. അവരുടെ പാപം എന്തായിരുന്നുവെന്നു് വ്യക്തമല്ല. അവർ അരൂപികളായിരുന്നതുകൊണ്ടു്, അഹങ്കാരമോ, അനുസരണക്കേടോ ആയിരിക്കാം അവരുടെ പാപം. ദൈവം അവരെ ശിക്ഷിച്ചു് ദൈവസന്നിധിയിൽനിന്നും ബഹിഷ്കരിച്ചു് നരകത്തിൽ തള്ളിവിട്ടു. അവരാണു് പിശാചുക്കഠം. അവരുടെ തലവനാണു് സാത്താൻ. അവർ ദൈവത്തിനും മനുഷ്യർക്കും എതിരായി സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

യേശുക്രിസ്തു അവിശ്വാസികളായ യഹൂദരോടു് പറയുന്നു ''നിങ്ങഠം നിങ്ങളുടെ പിതാവായ പിശാചിൽ നിന്നാണു്. അവനാകട്ടെ ആദിമുതൽ കൊലപാതകിയാണു്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല........അവൻ നുണയനും നുണയുടെ പിതാവുമാണു്'' (*യോഹ. 8:44*).

സാത്താൻെറ പതനത്തെപ്പററി യേശു ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''സാത്താൻ ഇടിമിന്നൽപോലെ സ്വർഗ്ഗത്തിൽനിന്നു് നിപതിക്കുന്നതു് ഞാൻ കണ്ടു'' (*ലൂക്കോ. 10:18*).

www.malankaralibrary.com


വെളിപാട് പുസ്തകത്തിൽ സ്വർഗ്ഗത്തിൽ നടന്ന ഒരു യുദ്ധത്തെപ്പററി പറഞ്ഞിട്ടുണ്ട്: "അനന്തരം സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവൻെറ മാലാഖമാരും സർപ്പത്തോട് പോരാടി. സർപ്പവും അവൻെറ ദൂതന്മാരും എതിർത്തു യുദ്ധംചെയ്തു. എന്നാൽ അവർ വിജയിച്ചില്ല. അതോടെ സ്വർഗ്ഗത്തിലെ അവരുടെ സ്ഥലം എന്നേക്കുമായി നഷ്ടപ്പെട്ടു. ആ വലിയ സർപ്പം, സർവ്വലോകത്തെയും വഞ്ചിക്കുന്ന സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന ആ പുരാതന സർപ്പം ഭൂമിയിലേക്കു വലിച്ചെറിയപ്പെട്ടു; അവനോടുകൂടി അവൻെറ മാലാഖമാരും" (*വെളി. 12:7-9*).

"ഭൂമിയേ, സമുദ്രമേ നിങ്ങൾക്കു ദുരിതം. എന്തെന്നാൽ ചുരുങ്ങിയ സമയമേ അവശേഷിക്കുന്നുള്ളു എന്നറിഞ്ഞ് അരിശംകൊണ്ട് പിശാച് നിങ്ങളുടെ അടുത്തേക്ക് ഇറങ്ങിയിട്ടുണ്ട്" (*വെളി. 12:10*).

യൂദായുടെ ലേഖനം 1:6-ൽ പറയുന്നു: "സ്വന്തം നില മറന്ന് തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ മാലാഖമാരെ മഹാദിനത്തിലെ വിധിവരെ അവിടുന്ന് അന്ധകാരത്തിൽ എന്നേക്കും ബന്ധനസ്ഥരായി സൂക്ഷിച്ചിരിക്കുന്നുവെന്ന് ഓർക്കുക".

വി. പത്രോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "പാപം ചെയ്ത മാലാഖമാരെ ദൈവം വെറുതെ വിട്ടില്ല. വിധിദിവസം വരെ സൂക്ഷിക്കുന്നതിനായി അവരെ അവിടുന്ന് നരകത്തിലെ ഇരുൾക്കുഴികളിലേയ്ക്കു തള്ളിവിട്ടു" (*2 പത്രോ.2:4*)

www.malankaralibrary.com



# അധ്യായം III

## ദൈവം

**ദൈവം ആയിരിക്കുന്നവൻ ആണ്:**

മനുഷ്യന്റെ പരിമിതമായ ബുദ്ധികൊണ്ട്, അദൃശ്യനും അപരിമേയനുമായ ദൈവത്തെ, താൻ ആയിരിക്കുന്ന അവസ്ഥയിൽ പൂർണ്ണമായി അറിയുവാൻ സാധിക്കുകയില്ല. ദൈവം മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യനാണ്. ദൈവം സ്വയം വെളിപ്പെടുത്തിയാൽ മാത്രമേ, മനുഷ്യന് ദൈവത്തെപ്പറ്റി അറിയുവാൻ സാധിക്കുകയുള്ളു.

മനുഷ്യചരിത്രത്തിൽ ദൈവം നടത്തിയ സ്വയാവിഷ്ക്കരണം പടിപടിയായി നടന്നതും, യേശുക്രിസ്തുവിൽ അതിന്റെ പൂർണ്ണതയിൽ എത്തിയിട്ടുള്ളതുമാണ്.

ദൈവം മനുഷ്യരക്ഷയ്ക്കുവേണ്ടി സംവിധാനം ചെയ്ത പദ്ധതിയിൽ, ഇസ്രായേൽ എന്ന ജനസമൂഹത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. ആ ജനത്തിന്റെ ചരിത്രത്തിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി. ഇസ്രായേലിന്റെ ചരിത്രത്തിൽ നടന്ന ദൈവികാവിഷ്ക്കരണവും ദൈവിക ഇടപെടലും, ദൈവം മനുഷ്യരക്ഷയ്ക്കായി സംവിധാനം ചെയ്ത രക്ഷാകര പദ്ധതിയുടെ പ്രാരംഭഘട്ടമായും യേശുക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിനുമുമ്പുള്ള പഴയ ഘട്ടമായും കണക്കാക്കപ്പെടുന്നു.

യേശുക്രിസ്തുവിന് ഏതാണ്ട് 12 നൂററാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന മോശ എന്ന ഹെബ്രായ വംശജന് (*ഇസ്രായേൽ വംശജന്*) ദൈവം സ്വയം വെളിപ്പെടുത്തി. കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ടാണ് തന്നെത്തന്നെ വെളിപ്പെടുത്തിയത്. "ഞാൻ ആയിരിക്കുന്നവൻ" (*യാഹ്വേ*) ആകുന്നു എന്നു പറഞ്ഞുകൊണ്ടാണ്, ദൈവം സ്വയം വെളിപ്പെടുത്തിയത് (*പുറ.* 3: 14-16). 'യാഹ്വേ', എന്നുള്ള പദം, 'ആയിരിക്കുന്നവൻ' എന്നർത്ഥമുള്ള ഹീബ്രു മൂലത്തിൽ നിന്നാണ്. യാഹ്വേ

www.malankaralibrary.com



എന്ന ദൈവത്തിൻെറ നാമം, ആദരവും ഭയവും നിമിത്തം ഹെബ്രായക്കാർ സാധാരണ ഉപയോഗിച്ചിരുന്നില്ല. ദൈവത്തിൻെറ നാമം വൃഥാ ഉപയോഗിക്കരുതു് എന്ന ദൈവകല്പനയുടെ പശ്ചാത്തലത്തിലായിരുന്നു അതു്. 'യാഹ്'വേ' എന്നെഴുതി 'ഹ' എന്ന അക്ഷരത്തിൻെറ താഴെ ഒരു ചെറിയ വര വരച്ചു്, ആ അക്ഷരം ഉച്ചരിക്കാതെ, യാവേ, എന്നാണ് അത്യാവശ്യസന്ദർഭങ്ങളിൽ അവർ ഉച്ചരിച്ചിരുന്നതു്. യാവേ, എന്നതിനു പകരം ഏൽ, ഏലോഹീം, അദൊണായ് മുതലായ നാമങ്ങളാണ് സാധാരണ ഉപയോഗിച്ചിരുന്നതു്. അദൊണായ്, എന്നാൽ കർത്താവു് എന്നർത്ഥം.

താൻ, ആയിരിക്കുന്നവൻ ആകുന്നു, എന്നു പറഞ്ഞാൽ എപ്പോഴും ഉള്ളവൻ എന്നർത്ഥം. അതായതു് തനിക്കു് ആദിയും അന്തവും ഇല്ല എന്നർത്ഥം. താൻ ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല എന്നർത്ഥം. തൻെറ ഉണ്മയും (existence) സത്തയും (essence) ഒന്നുതന്നെയാണ്; അവ തമ്മിൽ വ്യത്യാസമില്ല. ദൈവം സ്വയം ഭൂവാണ്; താൻ ആരെയും ആശ്രയിക്കുന്നില്ല.

ദൈവം എന്താണ് എന്നുള്ള തൻെറ ഉത്തരമാണ് ദൈവം ആയിരിക്കുന്നവൻ ആണ്, എന്നുള്ളതു്.

### ദൈവം കർത്താവാണ്

കർത്താവു് എന്നു പറഞ്ഞാൽ കർതൃത്വം നടത്തുന്നവൻ അഥവാ അധിപൻ, എന്നാകുന്നു. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെയാണ് അതു കാണിക്കുന്നതു്.

പുറ. 34:5-7-ൽ പറയുന്നു: "കർത്താവു് മേഘത്തിൽ ഇറങ്ങിവന്നു്........കർത്താവു് എന്ന തൻെറ നാമം പ്രഖ്യാപിക്കുകയും ചെയ്തു".

ഏശയ്യാ. 42:7 "ഞാനാണ് കർത്താവു്; അതാണ് എൻെറ നാമം" ദൈവം ആരാണ് എന്ന ചോദ്യത്തിനു് ഉത്തരമാണ് കർത്താവാണ്, എന്നുള്ളതു്.

### ദൈവം അനാദ്യന്തനാണ്

സങ്കീ. 90 (*89*):2. "അനാദിമുതൽ അനന്തതവരെ അവിടുന്നു് ദൈവമാണ്".

ഏശയ്യാ. 41:4. "ആദിയിൽ ഉള്ളവനും അവസാനത്തവനോടുകൂടെയുള്ളവനുമായ കർത്താവായ ഞാനാണ് ഞാൻ തന്നെ അവൻ".

www.malankaralibrary.com



വെളി. 1:8. "ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനും സർവ്വശക്തനുമായ ദൈവം അരുളിച്ചെയ്യുന്നു. ഞാൻ ആദിയും അന്തവുമാകുന്നു".

**ദൈവം ഏകനാണ്**

പുറ. 20:1. "ദൈവം അരുളിച്ചെയ്തു........ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്".

ലേവി. 20:7. "ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്".

നിയമം. 32:39-40. "ഇതാ ഞാനാണ്, ഞാൻ മാത്രമാണ് ദൈവം. ഞാനല്ലാതെ വേറെ ദൈവമില്ല. ഞാനാണ് എന്നേക്കും ജീവിക്കുന്നവൻ".

സങ്കീ. 71:19. "ദൈവമേ അങ്ങേക്കു തുല്യനായി ആരുണ്ട്?"

ഏശയ്യാ. 43:10—12. "എനിക്കുമുമ്പേ മറ്റൊരു ദൈവം ഉണ്ടായിട്ടില്ല; എനിക്കുശേഷം മറ്റൊരു ദൈവം ഉണ്ടാവുകയുമില്ല. ഞാൻ, അതേ ഞാൻ തന്നെയാണ് കർത്താവ്. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല........കർത്താവ് അരുളിച്ചെയ്യുന്നു........ഞാനാണ് ദൈവം, ഇനിയും അങ്ങനെ ആയിരിക്കുകയും ചെയ്യും".

നിയമം. 6:4 "........നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്".

**ദൈവം മാററമില്ലാത്തവൻ**

സങ്കീ. 102: 26-27. "........അങ്ങ് നിലനില്ക്കും........ അങ്ങേക്കു മാററമില്ല. അങ്ങയുടെ സംവത്സരങ്ങൾക്ക് അവസാനമില്ല". (*cf. ഹെബ്രാ. 1:10-12*).

മലാക്കി. 3:6 "കർത്താവായ എനിക്ക് മാററമില്ല".

യാക്കോബ് 1:17. "........അവനിൽ മാററമോ ഭാവഭേദത്തിന്റെ നിഴലോ ഇല്ല".

**ദൈവം സൃഷ്ടാവാണ്**

ഉല്പത്തിപുസ്തകം ഒന്നും രണ്ടും അധ്യായങ്ങളിൽ സൃഷ്ടിയെപ്പററിയുള്ള വിവരങ്ങൾ കാണാം.

www.malankaralibrary.com



സങ്കീ. 33: 6, 9_ൽ പറയുന്നു: ''കർത്താവിൻെറ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു. അവിടുത്തെ കല്പനയാൽ ആകാശഗോളങ്ങളും.......അവിടുന്ന് അരുളിച്ചെയ്തു, ലോകം ഉണ്ടായി. അവിടുന്ന് കല്പിച്ചു, അതു് സുസ്ഥാപിതമായി''.

പ്രഭാഷകൻ: 18:1 ''എന്നേക്കും ജീവിക്കുവാൻ പ്രപഞ്ചം സൃഷ്ടിച്ചു''.

ഏശയ്യാ. 40.28 ''കർത്താവു നിത്യനായ ദൈവവും ഭൂമി മുഴുവൻെറയും സ്രഷ്ടാവുമാണു്''.

കൂടാതെ സങ്കീ. 24:1; ഹെബ്രാ. 3.4 കൂടി കാണുക.

## ദൈവം അരൂപിയാകുന്നു—തനിക്കു് ശരീരമില്ല

യേശുക്രിസ്തു സമരിയാക്കാരി സ്ത്രീയോടു പറഞ്ഞു: ''ദൈവം ആത്മാവാകുന്നു. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണു് ആരാധിക്കേണ്ടതു്'' (*യോഹ. 4:24*).

## ദൈവം സർവ്വശക്തൻ, സർവ്വജ്ഞൻ

ഉൽപത്തി 17:1. ''കർത്താവു് അബ്രാമിനോടു് പറഞ്ഞു: സർവ്വശക്തനായ ദൈവമാണു് ഞാൻ; എൻെറ മുമ്പിൽ വ്യാപരിക്കുക; കുററമററവനായി വർത്തിക്കുക''.

പ്രഭാഷകൻ 15:18 ''സർവ്വശക്തനും സർവ്വജ്ഞനും ആണു് അവിടുന്നു്''.

പ്രഭാഷകൻ 16:26_27. ''ആദിയിൽ കർത്താവു സൃഷ്ടിച്ചപ്പോഠം സൃഷ്ടികളുടെ കർമ്മരംഗവും നിർണ്ണയിച്ചു. ശാശ്വതക്രമത്തിലാണു് അവയെ സംവിധാനം ചെയ്തതു്''.

ഏശയ്യാ. 45:9. ''ഒരുവൻ കുശവൻെറ കയ്യിലെ മൺപാത്രം മാത്രമായിരിക്കെ തൻെറ സ്രഷ്ടാവിനെ എതിർത്താൽ അവനു ഹാ കഷ്ടം''.

വെളിപാട് 19:1. ''രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിൻേറതാണു്''.

വെളിപാടു് 2:23 ''ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്നവനാണു് ഞാൻ''.

## ദൈവം സർവ്വാതീതനെങ്കിലും—സമീപസ്ഥനും അന്തര്യാമിയുമാണു്

ഏശയ്യാ. 55;9. ''ആകാശം ഭൂമിയെക്കാറം ഉയർന്നിരിക്കുന്നു. അതുപോലെ എൻെറ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാറം ഉന്നതമത്രെ''.

www.malankaralibrary.com



1 രാജാ. 8. 27. "എന്നാൽ ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗ്ഗത്തിനും സ്വർഗ്ഗാധിസ്വർഗ്ഗത്തിനും അസാദ്ധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം" (*സോളമൻെറ പ്രാർത്ഥനയാണിത്*).

സങ്കീ. 139:2, 5. "എൻെറ വിചാരങ്ങൾ അവിടുന്ന് അകലെനിന്നു മനസ്സിലാക്കുന്നു........മുമ്പിലും പിമ്പിലും അവിടുന്ന് എനിക്കു് കാവൽ നില്ക്കുന്നു. അവിടുത്തെ കരം എൻെറ മേലുണ്ടു്".

അപ്പ. പ്രവ. 17 24_27. "പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും കർത്താവുമായ ദൈവം.... ...നമ്മിലാരിലും നിന്നു് അകലെയല്ല; എന്തെന്നാൽ അവനിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു".

1 തിമോ. 6:16. "അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്ന അവിടുത്തെ ഒരു മനുഷ്യരും കണ്ടിട്ടില്ല; കാണുക സാദ്ധ്യവുമല്ല. സ്തുതിയും അനന്തമായ ശക്തിയും അവിടുത്തേക്കുള്ളതാകുന്നു".

## ദൈവം സർവ്വവ്യാപിയാണ്

സങ്കീ. 139:8_10. (*ദാവീദ് ഇപ്രകാരം പാടിപ്പുകഴ്ത്തി*). "ഞാൻ ആകാശത്തേക്കു് കയറിയാൽ അങ്ങ് അവിടെയുണ്ടു്. ഞാൻ പാതാളത്തിലേക്കു ഇറങ്ങിയാൽ അങ്ങ് അവിടെയുണ്ടു്. ഞാൻ പ്രഭാതത്തിൻെറ ചിറകു വിരിച്ച് സമുദ്രത്തിൻെറ അതിർത്തിയിൽ ചെന്നു് വസിച്ചാൽ അവിടെയും അങ്ങയുടെ കരം എന്നെ നയിക്കും".

ജെറമിയാ. 23:23. "കർത്താവു ചോദിക്കുന്നു: സമീപസ്ഥനായിരിക്കുമ്പോൾ മാത്രമാണോ ഞാൻ നിങ്ങൾക്കു ദൈവം? വിദൂരത്തിലായിരിക്കുമ്പോഴും ഞാൻ ദൈവമല്ലേ? എനിക്കു കാണാൻ കഴിയാത്തവിധം ആർക്കെങ്കിലും രഹസ്യസങ്കേതങ്ങളിൽ ഒളിക്കാൻ സാധിക്കുമോ? സ്വർഗ്ഗവും ഭൂമിയും നിറഞ്ഞു നില്ക്കുന്നവനല്ലേ ഞാൻ"?

ജ്ഞാനം. 12:1. "കർത്താവേ, സകലത്തിലും അങ്ങയുടെ അക്ഷയമായ ചൈതന്യം കുടികൊള്ളുന്നു".

www.malankaralibrary.com



ഈശ്വരൻ സർവ്വാന്തര്യാമിയാണ് എന്നു പറഞ്ഞാൽ, ഈശ്വരൻ സ്വതന്ത്രമായ ഇച്ഛയനുസരിച്ച് സ്വശക്തിയാൽ പ്രപഞ്ചം സൃഷ്ടിച്ചുവെന്നും പ്രപഞ്ചവും അതിന്റെ സംവിധാനങ്ങളും തനിക്ക് പൂർണ്ണമായും വിധേയമാണെന്നുമാണ് അർത്ഥമാക്കുന്നത്. തന്റെ സർവ്വജ്ഞാനത്താലും സർവ്വശക്തിയാലുമാണ് ഈശ്വരൻ എങ്ങും സന്നിഹിതനായിരിക്കുന്നത്.

പ്രത്യേകമായ രീതിയിൽ ദൈവപ്രസാദവരത്തിലൂടെ മനുഷ്യാത്മാവിൽ സ്ഥിതിചെയ്യുന്നു.

## ദൈവം കരുണാമയൻ

പുറപ്പാട് 34:6-7. "കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം. കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെററുകളും കുററങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ. എന്നാൽ കുററവാളിയുടെ നേരെ കണ്ണടയ്ക്കാതെ പിതാക്കന്മാരുടെ കുററങ്ങൾക്ക് മക്കളെയും മക്കളുടെ മക്കളെയും മൂന്നും നാലും തലമുറയോളം ശിക്ഷിക്കുന്നവൻ".

സങ്കീ. 23:1. "കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാകയില്ല".

സങ്കീ. 116:5. "കർത്താവ് കരുണാമയനും നീതിമാനുമാണ്. നമ്മുടെ ദൈവം കൃപാലുവാണ്. എളിയവരെ കർത്താവു പരിപാലിക്കുന്നു".

ജ്ഞാനം 12:16-18. എല്ലാററിന്റേയും മേൽ അവിടുത്തേക്കുള്ള പരമാധികാരം എല്ലാററിനോടും ദയ കാണിക്കാൻ കാരണമാകുന്നു .......അറിഞ്ഞിട്ടും ഗർവ് ഭാവിക്കുന്നവരെ ശാസിക്കുകയും ചെയ്യുന്നു. സർവ്വശക്തനായ അങ്ങ് മൃദുലമായ ശിക്ഷ നല്കുന്നു. വലിയ സഹിഷ്ണുതയോടെ ഞങ്ങളെ ഭരിക്കുന്നു".

ജ്ഞാനം 15:1. "ഞങ്ങളുടെ ദൈവമേ, അവിടുന്ന് ദയാലുവും വിശ്വസ്തനും ക്ഷമാശീലനുമാണ്. അവിടുന്ന് എല്ലാററിനേയും കൃപയോടെ പരിപാലിക്കുന്നു".

## ദൈവം ത്രിത്വമാണ്

ദൈവം സ്വയം വെളിപ്പെടുത്തിയത് പടിപടിയായിട്ടാണ്. വിഗ്രഹാരാധനയ്ക്കെതിരായി, ദൈവം ഏകനാണെന്നുള്ള സത്യത്തിന് ഊന്നൽ കൊടുക്കുകയായിരുന്നു പഴയ

www.malankaralibrary.com



നിയമത്തിൽ. യേശുക്രിസ്തുവിൽ ആണ് ദൈവാവിഷ്കരണത്തിന്റെ പൂർത്തീകരണം ഉണ്ടാകുന്നത്" (*ഹെബ്രാ. 1:1-2*).

ഏക ദൈവത്തിൽ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളുകൾ ഉണ്ട് എന്നുള്ള സത്യമാണ് പരിശുദ്ധ ത്രിത്വം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. അതുകൊണ്ട് ത്രിയേക ദൈവം എന്നു പറയുന്നു.

പഴയനിയമത്തിൽ വളരെ അവ്യക്തമായി മാത്രമേ പരിശുദ്ധ ത്രിത്വത്തെ പററി പരാമർശം ഉള്ളൂ.

''നമുക്ക് മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം'' എന്ന് ദൈവം ആലോചിച്ച് തീരുമാനിച്ചതായി ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (*ഉൽ. 1;26*). നമുക്ക്, നമ്മുടെ എന്ന പദപ്രയോഗങ്ങളാൽ ദൈവത്തിൽ ഒന്നിൽ കൂടുതൽ ആളുകൾ ഉള്ളതായി സൂചിപ്പിക്കുന്നു.

ദൈവം അബ്രാമിന് പ്രത്യക്ഷപ്പെട്ടതിനെപ്പററി ഉല്പത്തി പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''മാമ്രേയുടെ ഓക്കുമരത്തിനു സമീപം കർത്താവ് അബ്രഹാമിനു പ്രത്യക്ഷനായി. വെയിൽ മൂത്ത സമയത്ത് അബ്രഹാം തന്റെ കൂടാരത്തിന്റെ വാതിൽക്കൽ ഇരിക്കുകയായിരുന്നു. അവൻ തലയുയർത്തി നോക്കിയപ്പോൾ മൂന്നാളുകൾ തനിക്കെതിരെ നില്ക്കുന്നതുകണ്ടു. അവരെ കണ്ട് അവൻ കൂടാരവാതിൽക്കൽ നിന്നെഴുന്നേററ് അവരെ എതിരേൽക്കാൻ ഓടിച്ചെന്ന്, നിലം പററെ താണ് അവരെ വണങ്ങി. അവൻ പറഞ്ഞു: യജമാനനേ, അങ്ങ് സംപ്രീതനാണെങ്കിൽ അങ്ങയുടെ ദാസനെ കടന്നുപോകരുതേ''. (*ഉൽ. 18:1-3*)

കർത്താവു പ്രത്യക്ഷനായി എന്നു പറഞ്ഞശേഷം, മൂന്നാളുകൾ തനിക്കെതിരെ നിൽക്കുന്നതായി കണ്ടു എന്നും അവരെ എതിരേൽക്കാൻ ഓടിച്ചെന്ന് വണങ്ങിയെന്നും, യജമാനനെ എന്ന് അഭിസംബോധന ചെയ്തു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

പുതിയനിയമ ഗ്രന്ഥങ്ങളിലാണ് പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളെപ്പററി വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നത്.

www.malankaralibrary.com



1. ഗബ്രിയൽ മാലാഖാ പരിശുദ്ധ കന്യകമറിയാമിനു് പ്രത്യക്ഷപ്പെട്ടുകൊണ്ടു് പറഞ്ഞു: "പരിശുദ്ധാത്മാവു് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കുവാനിരിക്കുന്ന പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (*ലൂക്കാ. 1:35*). ഇവിടെ മൂന്നാളുകളെയുംപററിയുള്ള പരാമർശം ഉണ്ടു്: പരിശുദ്ധാത്മാവു്, അത്യുന്നതൻ, ദൈവപുത്രൻ.

2. യോഹന്നാനിൽ നിന്നു് യോർദ്ദാൻ നദിയിൽ വച്ചു് യേശു മാമോദീസാ (*ജ്ഞാനസ്നാനം*) സ്വീകരിച്ചപ്പോൾ ഈ മഹാ രഹസ്യം വീണ്ടും വെളിപ്പെടുത്തപ്പെട്ടു. "ജ്ഞാനസ്നാനം കഴിഞ്ഞയുടനെ യേശു വെള്ളത്തിൽനിന്നു് കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവു് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങിവരുന്നതു് അവൻ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു് ഒരു സ്വരം സ്വർഗ്ഗത്തിൽനിന്നു് കേൾക്കുകയും ചെയ്തു" (*മത്താ. 3:16-17*).

ഇവിടെ പ്രാവിന്റെ രൂപത്തിൽ ഇറങ്ങി എന്നു പറഞ്ഞിരിക്കുന്നതു് പരിശുദ്ധാത്മാവാണു്. "ഇവൻ എന്റെ പ്രിയ പുത്രനാകുന്നു" എന്നുള്ള സ്വരം പിതാവിന്റേതാണു്.

കർത്താവിന്റെ രൂപാന്തരീകരണ സമയത്തു് മേഘത്തിൽ നിന്നു് ഇങ്ങനെയൊരു സ്വരമുണ്ടായി. ഇവൻ എനിക്കു പ്രിയമുള്ള എന്റെ വത്സലപുത്രനാകുന്നു; ഇവനെ ശ്രവിക്കുവിൻ" (*മത്താ. 17:5*).

ക്രിസ്തുനാഥൻ തന്റെ പുനരുത്ഥാനത്തിനുശേഷം ഇപ്രകാരം പറഞ്ഞു് ശ്ലീഹന്മാരെ അധികാരപ്പെടുത്തി അയച്ചു: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു് ജ്ഞാനസ്നാനം നല്കുവിൻ" (*മത്താ. 28:19-20*).

ക്രിസ്തുനാഥൻ ശ്ലീഹന്മാരെ ആശ്വസിപ്പിച്ചുകൊണ്ടു പറയുന്നു: "ഞാൻ പിതാവിന്റെ അടുക്കൽനിന്നു് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു് പുറപ്പെടുന്ന ആ സത്യാത്മാവു് വരുമ്പോൾ അവൻ എന്നേക്കുറിച്ചു് സാക്ഷ്യപ്പെടുത്തും" (*യോഹ. 15:26*).

www.malankaralibrary.com



പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. ദൈവം, അതു വെളിപ്പെടുത്തിത്തന്നതുകൊണ്ട് നാം അത് വിശ്വസിക്കുന്നു.

ദൈവത്തിന്റെ ആന്തരിക ജീവിതമാണ് ത്രിത്വം; മൂന്നു ദൈവിക ആളുകൾ തമ്മിലുള്ള കൂട്ടായ്മ.

യോഹ. 1:8-ൽ പറയുന്നു: "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവുമായി ഹൃദയൈക്യം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയത്".

ദൈവ ശാസ്ത്രജ്ഞർ ത്രിത്വരഹസ്യത്തെ ഇപ്രകാരം വിശദീകരിക്കാൻ ശ്രമിക്കുന്നു.

സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവം തന്നെത്തന്നെ പൂർണ്ണമായി അറിയുന്നു. ആ അറിവ് വചനമായി പുറപ്പെടുവിക്കുന്നു. ദൈവത്തിന്റെ വചനമായതുകൊണ്ട് അത് ഒരു ദൈവീക ആളായിത്തീരുന്നു. പിതാവിന്റെ പകർപ്പാണ് വചനമായ പുത്രൻ.

വി. യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നതുതന്നെ ഈ രഹസ്യത്തിലേക്കു വെളിച്ചം വീശിക്കൊണ്ടാണ്. "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു" (*യോഹ. 1:1*).

ഇവിടെ ആദിയിൽ എന്ന പദപ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്, സകല സൃഷ്ടികൾക്കും മുമ്പ്, അതായത് നിത്യത മുതൽ (from eternity) എന്നാണ്.

പിതാവും പുത്രനും തമ്മിലുള്ള സ്നേഹമാണ് പരിശുദ്ധാത്മാവ്. പിതാവ് ജനകനാണ് ജനിച്ചവനല്ല; പുത്രൻ ജനിച്ചവനാണ്, ജനകനല്ല. പരിശുദ്ധാത്മാവു പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽ നിന്ന് സ്വീകരിക്കുകയും ചെയ്യുന്നു. യേശു പറഞ്ഞു: "അവൻ എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും........പിതാവിനുള്ളതെല്ലാം എന്റേതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്" (*യോഹ. 16:14—15*).

ഈ മൂന്നാളുകൾക്കും ഒരേ സ്വഭാവവും (nature) ഒരേ സത്തയുമാണ് (essence) ഉള്ളത്. എന്നാൽ ആളത്വത്തിൽ വ്യതിരി

www.malankaralibrary.com



ക്തരാണ്. പിതാവ്, പുത്രനു മുമ്പുള്ളവനോ, പുത്രൻ പിതാവിനു പിമ്പ് ഉള്ളവനോ അല്ല; അതുപോലെതന്നെ പരിശുദ്ധാത്മാവും.

ദൈവത്തിനു ശരീരം ഇല്ലാത്തതുകൊണ്ട്, ജനനം എന്നു പറയുന്നത്, ശാരീരികമായ ജനനമല്ല, ആത്മികതലത്തിൽ, ബൗദ്ധികമായ രീതിയിൽ ഉള്ള ജനനം ആയിരിക്കമെന്നുള്ളത് സ്പഷ്ടമാണല്ലോ. ദൈവത്തിൻെറ ആന്തരിക ജീവിതം ഈ മൂന്നു ആളുകളുടെ അഭേദ്യമായ സ്നേഹത്തിൻെറ കൂട്ടായ്മയിലുള്ള ഒരു ജീവിതമാണ്.

ദൈവം ഏകനാണെന്നും, ആ ഏക ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഉണ്ടെന്നും, എന്നാൽ മൂന്നു ദൈവങ്ങൾ ഇല്ലെന്നും, അങ്ങനെ ഒരേ സമയം ദൈവം ത്രിയേകനാണെന്നുള്ള വിശ്വാസമാണ് ത്രിത്വം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്,

ബൃഹദാരണ്യകോപനിഷത്തിൻെറ ശാന്തി പാഠത്തിൽ പറഞ്ഞിരിക്കുന്നതു പരിശുദ്ധ ത്രിത്വത്തെ ഉദ്ദേശിച്ച് പറയാവുന്നതാണ്. അതിപ്രകാരമാണ്.

ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ.

അർത്ഥം:— "അതു പൂർണ്ണമാകുന്നു. ഇതു പൂർണ്ണമാകുന്നു. പൂർണ്ണത്തിൽ നിന്ന് പൂർണ്ണം ആവിർഭവിക്കുന്നു *(വെളിപ്പെടുന്നു)*. പൂർണ്ണത്തിൽ നിന്നു പൂർണ്ണം എടുത്താലും പൂർണ്ണം തന്നെ അവശേഷിക്കുന്നു".

പൂർണ്ണ ദൈവമായ പിതാവായ ദൈവത്തിൽനിന്ന് പൂർണ്ണ ദൈവമായ പുത്രൻ ജനിക്കുന്നു. എന്നിട്ടു പിതാവ് പൂർണ്ണ ദൈവമായിത്തന്നെ സ്ഥിതിചെയ്യുന്നു; പുത്രനും പൂർണ്ണ ദൈവം തന്നെ. ഇവർ തമ്മിലുള്ള സ്നേഹമായ പരിശുദ്ധാത്മാവും പൂർണ്ണ ദൈവമായി സ്ഥിതിചെയ്യുന്നു. ഉപനിഷത്ത് ഈ അർത്ഥത്തിലല്ല പറഞ്ഞിരിക്കുന്നത്.

ദൈവപുത്രൻ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിൽ "ദൈവത്വത്തിൻെറ പൂർണ്ണത മുഴുവൻ ശാരീരിക രൂപത്തിൽ സ്ഥിതിചെയ്യുന്നു" *(കൊളൊ. 2:9)*.

www.malankaralibrary.com



# അധ്യായം IV

## മനുഷ്യൻെറ പതനവും ദൈവത്തിൻെറ രക്ഷാകര പദ്ധതിയും.

### പതനം

ആദി മാതാപിതാക്കളെ ദൈവം (Preternatural gifts) പ്രകൃത്യതീതവുമായ (Supernatural gifts) ദാനങ്ങൾ നല്കി അനുഗ്രഹിച്ചു. അവർക്ക് നല്കപ്പെട്ട ദാനങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് പ്രസാദവരം അഥവാ കൃപാവരമാണ്. അവർ ആ കൃപാവരം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചിരുന്നുവെങ്കിൽ സ്വർഗ്ഗത്തിനു് അവകാശികളായിത്തീരുമായിരുന്നു. പക്ഷെ അവർ ദൈവത്തിൻെറ കല്പന ലംഘിച്ചു് അവർക്ക് സൗജന്യമായി ലഭിച്ച എല്ലാ അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തി. ഉല്പത്തി പുസ്തകം 3-ാം അധ്യായത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'ദൈവമായ കർത്താവു സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വച്ചു് കൗശലമേറിയതായിരുന്നു പാമ്പ്. അതു് സ്ത്രീയോടു ചോദിച്ചു: തോട്ടത്തിലെ ഒരു വൃക്ഷത്തിൻെറയും ഫലം തിന്നരുതെന്നു് ദൈവം കല്പിച്ചിട്ടുണ്ടോ? സ്ത്രീ പാമ്പിനോടു പറഞ്ഞു: തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിൻെറ നടുവിലുള്ള മരത്തിൻെറ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുതു്; അതു തിന്നാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ടു്. പാമ്പു് സ്ത്രീയോടു പറഞ്ഞു: നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നന്മയും തിന്മയും തിരിച്ചറിഞ്ഞു് നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം. അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു തങ്ങൾ നഗ്നരാണെന്നു് അവരറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി.......ദൈവമായ കർത്താവ് പുരുഷനെ വിളിച്ചു ചോദിച്ചു.... ...തിന്നരുതെന്നു് ഞാൻ കല്പിച്ച വൃക്ഷത്തിൻെറ പഴം നീ തിന്നോ? അവൻ പറഞ്ഞു: അങ്ങ് എനിക്കു കൂട്ടിനു തന്ന ആ സ്ത്രീ ആ മര

www.malankaralibrary.com



ത്തിന്റെ പഴം എനിക്കു തന്നു. ഞാൻ അതു തിന്നു. ദൈവമായ കർത്താവു് സ്ത്രീയോടു ചോദിച്ചു: നീ എന്താണു് ചെയ്തതു്? അവൾ പറഞ്ഞു: പാമ്പു് എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു'' (*ഉൽ. 3:1-13*).

## ശിക്ഷയും രക്ഷാവാഗ്ദാനവും

''ദൈവമായ കർത്താവു് പാമ്പിനോടു് പറഞ്ഞു: നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും'' (*ഉൽ. 3:15*). ഇതാണു് ആദ്യ സുവിശേഷം. അവിടുന്നു് സ്ത്രീയോടു് പറഞ്ഞു: നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർദ്ധിപ്പിക്കും........അവൻ (*ഭർത്താവു്*) നിന്നെ ഭരിക്കുകയും ചെയ്യും. ആദത്തോടു് അവിടുന്നു് പറഞ്ഞു: തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ടു് നീ തിന്നതുകൊണ്ടു് നീ മൂലം മണ്ണു് ശപിക്കപ്പെട്ടതായിരിക്കും.... മണ്ണിൽനിന്നു എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെററിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണു്, പൊടിയിലേക്കു് മടങ്ങുകയും ചെയ്യും'' (*ഉൽ. 3:14-19*).

ആദിമാതാപിതാക്കളുടെ വീഴ്ചയേപ്പററി ബൈബിൾ നൽകുന്ന വിവരണം വാച്യാർത്ഥത്തിൽ എടുക്കണമെന്നില്ല. അവർ ദൈവകല്പന ലംഘിച്ചെന്നും തന്മൂലം പ്രസാദവരം നഷ്ടപ്പെടുത്തി പാപികളായിതീർന്നു എന്നു് മനസ്സിലാക്കിയാൽ മതി. ആദ്യമനുഷ്യനായ ആദത്തിന്റെ വീഴ്ച മനുഷ്യവംശം മുഴുവനെയും ബാധിക്കുകയുണ്ടായി. മനുഷ്യർ എല്ലാവരും കൃപാവരം ഇല്ലാത്ത അവസ്ഥയിൽ ആണു് ജനിക്കുന്നതു്. അതാണു് ഉത്ഭവപാപം. ഇതിന്റെ ഫലമായി പാപത്തിലേക്കുള്ള ചായ്‌വ് എല്ലാവർക്കുമുണ്ടു്.

## ദൈവത്തിന്റെ രക്ഷാകരപദ്ധതി

പാപം നിമിത്തം ദൈവത്തിന്റെ ദത്തുപുത്രസ്ഥാനവും സ്വർഗ്ഗത്തിനുള്ള അവകാശവും മനുഷ്യനു് നഷ്ടപ്പെട്ടു എങ്കിലും ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. സർപ്പം സാത്താന്റെ പ്രതീകം ആണു്. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ, അതായതു് സാത്താന്റെ തല തകർക്കുമെന്നു് ദൈവം വാഗ്ദാനം ചെയ്തു (*ഉൽ. 3:15*). ഇതാണു് ആദ്യത്തെ സുവിശേഷം.

www.malankaralibrary.com



സാത്താൻെറ തല തകർത്ത് മനുഷ്യവംശത്തെ വീണ്ടെടുക്കുമെന്നാണ് സൂചന. അങ്ങനെ രക്ഷാകരചരിത്രം ദൈവത്തിൻെറ ഭാഗത്തുനിന്നുമുള്ള ക്ഷമിക്കലിൻെറയും മോചിക്കലിൻെറയും വാഗ്ദാനത്തോടുകൂടി ആരംഭിക്കുകയാണ്. പൂർണ്ണമായും ദൈവത്തിൻെറ ഭാഗത്തുനിന്നുമുള്ള പ്രവൃത്തനമാണത്. പക്ഷേ വാഗ്ദാനം ചെയ്യപ്പെട്ട ആ രക്ഷകനുവേണ്ടി ലോകം അനേകവർഷങ്ങൾ, നൂററാണ്ടുകൾതന്നെ കാത്തിരിക്കേണ്ടിവന്നു.

## അബ്രാമിൻെറ ചരിത്രം

ആദാമിന് പല മക്കളുണ്ടായിരുന്നതിൽ മൂന്നാമത്തെ മകൻ ആയിരുന്നു ശേത്ത്. ശേത്തിൻെറ സന്താന പരമ്പരയിൽപെട്ട നീതിമാനായ ഒരാളായിരുന്നു നോഹ. നോഹിൻെറ കാലത്തെ ആളുകൾ എല്ലാം മഹാദുഷ്ടന്മാരും വഷളന്മാരുമായിരുന്നു. ദൈവം ആവശ്യപ്പെട്ടതനുസരിച്ച്, നോഹ ജനങ്ങളെ മാനസാന്തരത്തിലേക്ക് അനേക വർഷങ്ങൾ ആഹ്വാനം ചെയ്തെങ്കിലും ജനങ്ങൾ നോഹയുടെ വാക്കുകൾ ചെവിക്കൊണ്ടില്ല. അവസാനം ദൈവം അവരെ ഒന്നടങ്കം നശിപ്പിക്കാൻ തീരുമാനിച്ചു ഒരു വലിയ പേടകം ഉണ്ടാക്കി അതിൽ നോഹയും ഭാര്യയും മൂന്നു ആൺ മക്കളും മരുമക്കളും കയറിക്കൊള്ളാൻ ദൈവം ആജ്ഞാപിച്ചു. കൂടാതെ ജീവജാലങ്ങളിൽ ഓരോ ഇനത്തിലുംപെട്ട ഓരോ ജോഡിയേയും പേടകത്തിൽ കയററാൻ പറഞ്ഞു. നോഹ അപ്രകാരം ചെയ്തു. ദൈവം മഴ പെയ്യിക്കാൻ തുടങ്ങി. തുടർച്ചയായി 40 ദിവസം മഴ പെയ്തതിൻെറ ഫലമായി മനുഷ്യവാസം ഉണ്ടായിരുന്ന എല്ലാ സ്ഥലങ്ങളിലും ജലപ്രളയമുണ്ടായി. മനുഷ്യരും മൃഗങ്ങളും എല്ലാം ചത്തൊടുങ്ങി. നോഹയും കുടുംബവും മാത്രം രക്ഷപ്പെട്ടു. മഴ ശമിച്ചു; വെള്ളം താണു; പഴയ അവസ്ഥയിലായി. മനുഷ്യവംശം വീണ്ടും വർദ്ധിച്ചു.

നോഹയുടെ മൂന്നു ആൺമക്കളിൽ മൂത്തമകനായ സേമിൻെറ സന്താനപരമ്പരയിൽപ്പെട്ട ആളായിരുന്നു അബ്രാം. അബ്രാം തേരഹ് എന്ന ആളിൻെറ മകനായിരുന്നു. "തേരഹ്" കൽദായക്കാരുടെ ഊരിൽനിന്ന് കാനാൻ ദേശത്തേയ്ക്ക് യാത്ര പുറപ്പെട്ടു. മകൻ അബ്രാമിനെയും, പേരക്കിടാവും ഹാരാൻെറ മകനുമായ ലോത്തിനെയും അബ്രാമിൻെറ ഭാര്യയും തൻെറ മരുമകളുമായ സാറായിയെയും അവൻ കൂട്ടിക്കൊണ്ടുപോയി. അവർ ഹാരാനി

www.malankaralibrary.com



ലെത്തി അവിടെ താമസമുറപ്പിച്ചു....അവൻ ഹാരാനിൽ വച്ച് മരണമടഞ്ഞു'' (*ഉൽ. 11:31_32*). ''കൽദായക്കാരുടെ ഊർ'' മെസപ്പൊട്ടോമിയായിൽ (*ഇപ്പോഴത്തെ ഇറാക്കിൽ*) ആണ് (*ഉൽ. 24: 10*).

അബ്രാമിന്റെ ഒരു സഹോദരനായിരുന്നു നാഹോർ (*ഉൽ. 11:26_27*). നാഹോറിന്റെ മകനായിരുന്നു ബത്തുവേൽ. അവരേപ്പററി ഇപ്രകാരം പറയുന്നു: ''റബേക്കാ പാദാൻ ആരാമിലുള്ള ബത്തുവേലിന്റെ പുത്രിയും ലാബാന്റെ സഹോദരിയുമായിരുന്നു. അവർ അരമായരായിരുന്നു'' (*ഉൽ. 20:25*).

അബ്രാമിന്റെ പൂർവ്വപിതാക്കന്മാരെപ്പററി ജോഷ്വായുടെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ''അബ്രഹാമിന്റെയും നാഹോറിന്റെയും പിതാവായ തേറഹ് വരെയുള്ള നിങ്ങളുടെ പിതാക്കന്മാർ യൂഫ്രട്ടീസിനക്കരെ മററു ദേവന്മാരെ സേവിച്ചു പോന്നു.'' (*ജോഷ്വാ. 24:2*)

## ദൈവം അബ്രാമിനെ വിളിച്ച് അനുഗ്രഹിക്കുന്നു

''കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു: നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക. ഞാൻ നിന്നെ ഒരു വലിയ ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തരമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമായിരിക്കും. നിന്നിലൂടെ ഭൂമുഖത്തെ സകല വംശങ്ങളും അനുഗ്രഹീതമാകും. കർത്താവു കല്പിച്ചതനുസരിച്ച് അബ്രാം പുറപ്പെട്ടു........ഹാരാനിൽ തങ്ങൾ നേടിയ സമ്പത്തും ആളുകളുമായി അവർ കാനാൻ ദേശത്തേക്ക് പുറപ്പെട്ടു അവിടെ എത്തിച്ചേർന്നു.......ഹാരാൻ ദേശത്തോട് വിട പറഞ്ഞപ്പോൾ അബ്രാമിനു് എഴുപത്തഞ്ച് വയസ്സ് പ്രായമായിരുന്നു''.

അക്കാലത്തു് കാനാൻകാർ അവിടെ പാർത്തിരുന്നു; കർത്താവു് അബ്രാമിനു് പ്രത്യക്ഷപ്പെട്ടു് അരുളിച്ചെയ്തു: ''ഈ നാടു് നിന്റെ സന്തതികൾക്കു് ഞാൻ കൊടുക്കും'' (*ഉൽ.12:1_7*).

നോഹയുടെ മകനായ ഹാമിന്റെ മകനായ കാനാന്റെ സന്തതികളാണു് ഇതിലെ ആദിനിവാസികൾ. കനാൻനാടാണു് പാലസ്റ്റൈൻ.

അബ്രാമിനെ വിളിച്ച് അനുഗ്രഹിച്ചതോടുകൂടി ദൈവ പരിപാലന മുഴുവൻ കേന്ദ്രീകൃതമായ ഒരു പ്രത്യേക ജനതയുടെ

www.malankaralibrary.com



ചരിത്രത്തിലേക്ക് നാം കടക്കുന്നു. എന്നാൽ ദൈവം മററു ജനതകളെ ഉപേക്ഷിക്കുകയല്ല; വിശ്വസ്തയായ ഒരു ചെറിയ ഗണത്തിലൂടെ സാർവ്വത്രികമായ ഒരു രക്ഷാപദ്ധതിക്ക് രൂപം കൊടുക്കുകയാണ് ചെയ്യുന്നതു്. അവിടുന്ന് അബ്രാമിനോടു വാഗ്ദാനം ചെയ്തു; നിന്നിലൂടെ ഭൂമുഖത്തെ സകല വംശങ്ങളും അനുഗ്രഹീതമാകും.

## മൽക്കീസദേക്ക്

സോദോമിൽ പാർത്തിരുന്ന അബ്രാമിന്റെ സഹോദര പുത്രനായ ലോത്തിനെ സമീപത്തുള്ള രാജാക്കന്മാർ പിടിച്ചു കൊണ്ടുപോയി. അബ്രാം ഈ വിവരം അറിഞ്ഞു്, തന്റെകൂടെ ഉണ്ടായിരുന്ന പയററിത്തെളിഞ്ഞ മുന്നൂററിപ്പതിനെട്ടു പേരുമായി പോയി ലോത്തിനെ വീണ്ടെടുത്തു. (*ഉൽ. 14:10—16*).

അബ്രാം മടങ്ങിവന്നപ്പോൾ ശാലേമിലെ രാജാവായ മൽക്കീസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു അവൻ. അവൻ അബ്രാമിനെ ആശീർവദിച്ചുകൊണ്ടു് പറഞ്ഞു: ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ അത്യുന്നത ദൈവത്തിന്റെ കൃപാകടാക്ഷം നിന്റെ മേലുണ്ടാകട്ടെ. ശത്രുക്കളെ നിന്റെ കയ്യിലേല്പിച്ച അത്യുന്നത ദൈവം അനുഗ്രഹീതൻ. അബ്രാം എല്ലാററിന്റെയും ദശാംശം അവനുകൊടുത്തു'' (*ഉൽ. 14:17—20*).

## അബ്രാമുമായി ഉടമ്പടി

''അബ്രാമിനു് ദർശനത്തിൽ കർത്താവിന്റെ അരുളപ്പാടുണ്ടായി. അബ്രാം, ഭയപ്പെടേണ്ട. ഞാൻ നിനക്കു് പരിചയാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും........ അവിടുന്നു് അവനെ പുറത്തേക്കു കൊണ്ടുവന്നിട്ടു് പറഞ്ഞു: ആകാശത്തേയ്ക്കു നോക്കുക; ആ കാണുന്ന നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ കഴിയുമോ? നിന്റെ സന്താനപരമ്പരയും അതുപോലെയായിരിക്കും. അവൻ കർത്താവിൽ വിശ്വസിച്ചു. അവിടുന്നു് അതു് അവനു് നീതീകരണമായി കണക്കാക്കി........നീ ഇതു അറിഞ്ഞുകൊള്ളുക. നിന്റെ സന്താനങ്ങൾ സ്വന്തമല്ലാത്ത നാട്ടിൽ പരദേശികളായി കഴിഞ്ഞുകൂടും. അവർ ദാസ്യവേല ചെയ്യും. നാനൂറ് കൊല്ലം അവർ പീഡനങ്ങൾ അനുഭവിക്കും. എന്നാൽ അവരെ അടിമപ്പെടുത്തുന്ന രാജ്യത്തെ ഞാൻ കുററം

www.malankaralibrary.com



വിധിക്കും. അതിനുശേഷം ധാരാളം സമ്പത്തുമായി അവർ പുറത്തുവരും ... ...നാലാം തലമുറയിൽ അവർ ഇങ്ങോട്ടു തിരിച്ചു പോരും........അന്ന് കർത്താവ് അബ്രാമിനോട് ഒരുടമ്പടി ചെയ്തു: നിന്റെ സന്താനപരമ്പരയ്ക്ക് ഈ നാടു ഞാൻ തന്നിരിക്കുന്നു. ഈജിപ്ത് നദി മുതൽ മഹാനദിയായ യൂഫ്രട്ടീസ് വരെയുള്ള സ്ഥലങ്ങൾ'' (*ഉൽ. 15:1-18*).

## ഇസ്മായേൽ

അബ്രാമിനു ഭാര്യ സാറായിൽ കുട്ടികളുണ്ടായില്ല. അവൾക്ക ഹാഗാർ എന്നു പേരുള്ള ഈജിപ്തുകാരിയായ ഒരു ദാസിയുണ്ടായിരുന്നു. സാറായി അബ്രാമിനോടു പറഞ്ഞു: മക്കളുണ്ടാകാൻ ദൈവം എനിക്കു വരം തന്നിട്ടില്ല. നിങ്ങൾ എന്റെ ദാസിയെ പ്രാപിക്കുക. കാനാൻ ദേശത്തു പത്തു വർഷം താമസിച്ചു കഴിഞ്ഞപ്പോൾ അവന്റെ ഭാര്യ സാറായി ദാസിയായ ഈജിപ്തുകാരി ഹാഗാറിനെ തന്റെ ഭർത്താവിനു ഭാര്യയായി നല്കി. അബ്രാം അവളെ പ്രാപിക്കുകയും അവൾ ഗർഭം ധരിക്കുകയും ചെയ്തു. താൻ ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ യജമാനത്തിയെ അവൾ നിന്ദയോടെ വീക്ഷിച്ചു. സാറായി അവളോടു കഠിനമായി പെരുമാറാൻ തുടങ്ങി. അപ്പോൾ അവൾ സാറായിയെ വിട്ട് ഓടിപ്പോയി

''കർത്താവിന്റെ ദൂതൻ ഹാഗറിനു പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: നീ യജമാനത്തിയുടെ അടുത്തേക്കു തിരിച്ചുപോയി അവൾക്കു കീഴ്പ്പെട്ടിരിക്കുക........നീ ഒരു ആൺകുട്ടിയെ പ്രസവിക്കും. അവനു നീ ഇസ്മായേൽ എന്നു പേരിടണം.... അവന്റെ കൈ എല്ലാവർക്കുമെതിരായും എല്ലാവരുടെയും കൈ അവനെതിരായും ഉയരും. അവൻ തന്റെ സഹോദരങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യും....ഹാഗാർ ഇസ്മായേലിനെ പ്രസവിച്ചപ്പോൾ അബ്രാമിനു എൺപത്തിയാറു വയസ്സായിരുന്നു'' (*ഉൽ. 16:1—16*)

## ഇസഹാക്ക്

''അബ്രാമിനു തൊണ്ണൂറ്റൊമ്പതുവയസ്സായപ്പോൾ കർത്താവ് പ്രത്യക്ഷപ്പെട്ട് അവനോട് അരുളിച്ചെയ്തു: ....ഇതാ നീയുമായുള്ള എന്റെ ഉടമ്പടി: നീ അനവധി ജനതകൾക്ക് പിതാവായിരിക്കും. ഇനിമേൽ നീ അബ്രാം എന്നു വിളിക്കപ്പെടുകയില്ല. നിന്റെ പേര് അബ്രാഹാം എന്നായിരിക്കും........ഈ

www.malankaralibrary.com



കാനാൻദേശം മുഴവൻ നിനക്കും നിനക്കുശേഷം നിൻെറ സന്തതികൾക്കുമായി ഞാൻ തരും. ....ദൈവം അബ്രാഹാമിനോടു് കല്പിച്ചു: നീയും നിൻെറ സന്താനങ്ങളും തലമുറതോറും എൻെറ ഉടമ്പടി പാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണു്. നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിഛേദനം ചെയ്യണം. .......നിങ്ങളിൽ എട്ടു ദിവസം പ്രായമായ ആൺകുട്ടിക്കു് പരിഛേദനം ചെയ്യണം....

ദൈവം അബ്രഹാമിനോടു് അരുളിച്ചെയ്തു: നിൻെറ ഭാര്യ സാറായിയെ ഇനിമേൽ സാറായി എന്നല്ല വിളിക്കേണ്ടതു്. അവളുടെ പേർ സാറാ എന്നായിരിക്കും. ....അവളിൽനിന്നു് ഞാൻ നിനക്കു് ഒരു പുത്രനെ തരും....നീ അവനെ ഇസഹാക്കു് എന്നു വിളിക്കണം (*ഉൽ. 17—19*).

അബ്രഹാമിനു് നൂറു വയസ്സുള്ളപ്പോഴാണു് ഇസഹാക്കു് ജനിച്ചതു് (*ഉൽ. 21:5*).

സാറാ ആവശ്യപ്പെട്ടതനുസരിച്ചു് ഹാഗാറിനെയും പുത്രൻ ഇസ്മായേലിനേയും വീട്ടിൽ നിന്നും പറഞ്ഞുവിട്ടു. (*ഉൽ. 21:9–14*).

ഇസഹാക്കു് വളർന്നുവന്നു. ദൈവം അബ്രഹാമിനെ പരീക്ഷിച്ചുകൊണ്ടു് പറഞ്ഞു: നീ സ്നേഹിക്കുന്ന നിൻെറ ഏക മകൻ ഇസഹാക്കിനേയും കൂട്ടിക്കൊണ്ടുപോയി മോറിയാ മലയിൽ വച്ചു് അവനെ എനിക്കു് ഒരു ദഹനബലിയായി അർപ്പിക്കണം. അബ്രാഹം മകൻ ഇസഹാക്കിനേയും കൂട്ടി ബലിക്കുവേണ്ട വിറകെടുത്തു് ഇസഹാക്കിൻെറ ചുമലിൽ വച്ചു യാത്ര പുറപ്പെട്ടു. കത്തിയും തീയും അബ്രാഹം തന്നെ എടുത്തു. ദൈവം പറഞ്ഞ സ്ഥലത്തെത്തിയപ്പോൾ അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു. ഇസഹാക്കിനെ ബന്ധിച്ചു് വിറകിനു മീതെ കിടത്തി. മകനെ ബലി കഴിക്കാൻ അബ്രാഹം കത്തി കൈയിലെടുത്തു; തൽക്ഷണം കർത്താവിൻെറ ദൂതൻ ആകാശത്തുനിന്നു് വിളിച്ചുപറഞ്ഞു: കുട്ടിയുടെ മേൽ കൈ വയ്ക്കരുതു്. അവനെ ഒന്നും ചെയ്യരുതു്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്നു് എനിക്കിപ്പോൾ ഉറപ്പായി. അബ്രാഹം തലപൊക്കി നോക്കിയപ്പോൾ, തൻെറ പിന്നിൽ മുൾച്ചെടികളിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെ കണ്ടു. അവൻ അതിനെ മകനു പകരം ദഹന ബലിയർപ്പിച്ചു (*21:22*).

www.malankaralibrary.com



അബ്രാഹാമിന്റെ വിശ്വാസത്തെപ്പററി വി. പൗലോസ് ശ്ലീഹാ പുകഴ്ത്തി പറയുന്നുണ്ട്. "വാഗ്ദാനം നല്കപ്പെട്ടതു് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്.........നിന്റെ സന്തതി ഇപ്രകാരമായിരിക്കും എന്നു പറയപ്പെട്ടതനുസരിച്ച് താൻ അനേകം ജനതകളുടെ പിതാവാകും എന്നു്, പ്രതീക്ഷയ്ക്കു സാധ്യതയില്ലാതിരുന്നിട്ടും, പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു. നൂറു വയസ്സായ തന്റെ ശരീരം മൃതപ്രായമായിരിക്കുന്നെന്നും സാറായുടെ ഉദരം വന്ധ്യമായിത്തീർന്നിരിക്കുന്നെന്നും അറിയാമായിരുന്നിട്ടും അവന്റെ വിശ്വാസം ദുർബ്ബലമായില്ല. ........വാഗ്ദാനം നിറവേററാൻ ദൈവത്തിനു കഴിയുമെന്നു് അവനു പൂർണ്ണ ബോധ്യമുണ്ടായിരുന്നു" (*റോമാ. 4:16–21*).

ദൈവം അബ്രഹാമിനോടുചെയ്ത വാഗ്ദാനം മകനായ ഇസഹാക്കിനോടും (*ഉൽ. 26:4*) ഇസഹാക്കിന്റെ മകൻ യാക്കോബിനോടും (*ഉൽ. 28:14*) ദൈവം ആവർത്തിച്ചു പ്രഖ്യാപിച്ചു.

## ഏശാവും യാക്കോബും

ഇസഹാക്കിനു് രണ്ടു ആൺമക്കൾ ഉണ്ടായിരുന്നു. അവർ ഇരട്ടകൾ ആയിരുന്നു. മൂത്തവന്റെ പേരു് ഏശാവു് എന്നും ഇളയവന്റെ പേരു് യാക്കോബ്ബ് എന്നും ആയിരുന്നു. "ഒരിക്കൽ യാക്കോബ്ബ് പായസമുണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ ഏശാവു് വിശന്നു് തളർന്നു് വയലിൽ നിന്നു വന്നു. അവൻ യാക്കോബിനോടുപറഞ്ഞു: ആ ചെമന്ന പായസം കുറച്ചു് എനിക്കു തരുക; ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു........ യാക്കോബ്ബ് പ്രതിവചിച്ചു: ആദ്യം നിന്റെ കടിഞ്ഞൂലവകാശം എനിക്കു വിട്ടുതരുക. ഏശാവു പറഞ്ഞു: ഞാൻ വിശന്നു ചാകാറായി. കടിഞ്ഞൂലവകാശം കൊണ്ടു് എനിക്കിനി എന്തു പ്രയോജനം?.......അവൻ തന്റെ കടിഞ്ഞൂലവകാശം യാക്കോബിനു വിട്ടുകൊടുത്തു. യാക്കോബ്ബ് അവനു് അപ്പവും പയറു പായസവും കൊടുത്തു...... അങ്ങനെ ഏശാവു് തന്റെ കടിഞ്ഞൂലവകാശം നിസ്സാരമായി കരുതി" (*ഉൽ. 25:29–34*).

കടിഞ്ഞൂൽ പുത്രനു് ചില പ്രത്യേക അവകാശങ്ങൾ ഉണ്ടായിരുന്നു. ഏശാവു് അതു് നിസ്സാരമായി കരുതി. നാമും പലപ്പോഴും ദൈവം നമുക്ക് സൗജന്യമായിതരുന്ന ദൈവിക ദാനങ്ങളെ കൃപാവരങ്ങളെ, ക്ഷണികമായ സന്തോഷത്തിനു വേണ്ടി, നിസ്സാരമായി കരുതി തള്ളിക്കളയാറില്ലേ?

www.malankaralibrary.com



**യാക്കോബ്** (*ഉൽ. 29-31*)

യാക്കോബിൻെറ അമ്മയായ റിബേക്കായുടെ സഹോദരനാണ് ലാബാൻ. യാക്കോബ് പാദാൻ ആരാമിലുള്ള ലാബാൻെറ അടുക്കലേക്കു പോയി. അവിടെ ഏഴുവർഷം ജോലികാര്യങ്ങളിൽ ലാബാനെ സഹായിച്ചുകൊണ്ടു് ജീവിച്ചു. ഏഴുവർഷത്തിനുശേഷം ലാബാൻെറ മൂത്ത മകൾ ലിയായെ വിവാഹം ചെയ്തു. വീണ്ടും ഏഴുവർഷം കഴിഞ്ഞു ലാബാൻെറ ഇളയ മകൾ റാഹേലിനെ വിവാഹം ചെയ്തു.

യാക്കോബിനു് ലിയായിൽ, റൂബൻ, ശിമോൻ, ലേവി, യൂദാ എന്നിങ്ങനെ നാലു പുത്രന്മാർ ജനിച്ചു. റാഹേലിനു മക്കളില്ലായിരുന്നു. റാഹേൽ, അവളുടെ പരിചാരിക, ബിൽഹായെ പ്രാപിക്കാൻ യാക്കോബിനോട് പറഞ്ഞു. യാക്കോബിനു, റാഹോലിൻെറ ദാസിയായ ബിൽഹായിൽ, ദാൻ, നഫ്താലി എന്നീ രണ്ടു പുത്രന്മാർ ഉണ്ടായി. ലിയായുടെ ദാസിയായ സിൽഫായിൻ യാക്കോബിനു്, ഗാദ്, ആഷേർ എന്ന രണ്ടു പുത്രന്മാർ ജനിച്ചു. യാക്കോബിനു് ലിയായിൽ വീണ്ടും രണ്ടു പുത്രന്മാർ ജനിച്ചു. അവർക്കു് യഥാക്രമം ഇസ്സാക്കർ എന്നും, സെബുലൂൺ എന്നും പേരിട്ടു. പിന്നീട് യാക്കോബിനു് റാഹേലിൽ ഒരു പുത്രൻ ജനിച്ചു. അവനു് ജോസഫ് എന്നു പേരിട്ടു.

യാക്കോബ് സ്വന്തമായി ആടുകളെ വളർത്താൻ തുടങ്ങി. അവ വർദ്ധിച്ചു. ഒരു ദിവസം ലാബാൻ അറിയാതെ, യാക്കോബ് മക്കളെയും ഭാര്യമാരെയും ഒട്ടകപ്പുറത്തു് കയററി. അവർ കാലികളെയും ആടുമാടുകളെയും തെളിച്ചുകൊണ്ടു് പാദാൻ ആരാമിൽ വച്ച് സമ്പാദിച്ച സകല സ്വത്തുക്കളുമായി കാനാൻ ദേശത്തു തൻെറ പിതാവായ ഇസഹാക്കിൻെറ അടുത്തേക്കു പുറപ്പെട്ടു. റാഹേൽ തൻെറ പിതാവിൻെറ കുലദേവന്മാരുടെ വിഗ്രഹങ്ങളെല്ലാം കട്ടെടുത്തു.

യാക്കോബ് ഒളിച്ചുപോയകാര്യം മൂന്നാം ദിവസമാണു് ലാബാൻ അറിഞ്ഞതു്. തൻെറ സഹോദരന്മാരെയും കൂട്ടി ലാബാൻ ഏഴു ദിവസം യാക്കോബിനെ പിൻതുടർന്നു് യാക്കോബിൻെറ അടുക്കൽ എത്തിച്ചേർന്നു്. തൻെറ കുലദേവന്മാരെ കട്ടെടുത്തതു് എന്തിനു് എന്നു ചോദിച്ചു. യാക്കോബ് പറഞ്ഞു: അങ്ങയുടെ ദേവന്മാർ ആരുടെ കയ്യിൽ കാണുന്നുവോ ആ ആൾ മരിക്കട്ടെ. അങ്ങയുടേതു് എന്തെങ്കിലും എൻെറ

www.malankaralibrary.com



കൈവശമുണ്ടെങ്കിൽ തിരിച്ചെടുത്തു കൊള്ളുക. റാഹേൽ ദേവന്മാരെ മോഷ്ടിച്ച കാര്യം യാക്കോബ് അറിഞ്ഞിരുന്നില്ല.

ലാബാൻ അവരുടെ കൂടാരങ്ങളിൽ പരിശോധിച്ചു. റാഹേൽ വിഗ്രഹങ്ങളെടുത്തു് ഒരു ഒട്ടകഭാണ്ഡത്തിൽ ഒളിച്ച് അതിൻമേൽ കയറിയിരുന്നു. ലാബാന് വിഗ്രഹങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല.

രോഷാകുലനായ യാക്കോബ് ലാബാനോട് പറഞ്ഞു. ഇരുപതുകൊല്ലം ഞാൻ അങ്ങയുടെ കൂടെയായിരുന്നു. അങ്ങയുടെ മുട്ടാടുകളെ ഞാൻ കൊന്നുതിന്നിട്ടില്ല. കാട്ടുമൃഗങ്ങൾ കടിച്ചുകീറിയവയുടെ നഷ്ടം ഞാൻ തന്നെ സഹിച്ചു. രാത്രിയിലോ പകലോ കളവുപോയവയെല്ലാം അങ്ങ് എന്നിൽനിന്ന് നഷ്ടപരിഹാരം ഈടാക്കിയിരുന്നു. അതായിരുന്നു എന്റെ സ്ഥിതി. പകൽ ചൂടും രാത്രി തണുപ്പും എന്നെ കാർന്നുതിന്നു. പത്തുതവണ അങ്ങ് എന്റെ കൂലിയിൽ മാററം വരുത്തി. എന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവുമായവൻ എന്റെ ഭാഗത്തില്ലായിരുന്നെങ്കിൽ അങ്ങ് എന്നെ വെറുംകൈയോടെ പറഞ്ഞുവിടുമായിരുന്നു.

ലാബാൻ അതിരാവിലെ എഴുന്നേററ് തന്റെ മക്കളെയും മക്കളുടെ മക്കളെയും ചുംബിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ട് വീട്ടിലേക്കു മടങ്ങി (*ഉൽ. 31*).

യാക്കോബും കൂടെയുണ്ടായിരുന്നവരും യാത്ര തുടർന്ന് കാനാൻ പ്രദേശത്തു് ബഥേൽ എന്ന സ്ഥലത്തു് എത്തിച്ചേർന്നു.

പാദാൻ ആരോമിൽ നിന്നു പോന്നപ്പോൾ ദൈവം യാക്കോബിനു വീണ്ടും പ്രത്യക്ഷപ്പെട്ട് അവനെ അനുഗ്രഹിച്ചു. ദൈവം അവനോട് അരുളിച്ചെയ്തു: യാക്കോബ് എന്നാണ് നിന്റെ പേര്. എന്നാൽ ഇനി മേലിൽ യാക്കോബ് എന്നല്ല, ഇസ്രായേൽ എന്നായിരിക്കും നീ വിളിക്കപ്പെടുക. അതിനാൽ അവൻ ഇസ്രായേൽ എന്നു വിളിക്കപ്പെട്ടു (*ഉൽ. 35:9_10*).

ബഥേലിൽ നിന്നു യാത്ര തുടർന്ന് എഫ്രാത്തായിൽ എത്തുന്നതിനു മുമ്പ് റാഹേലിനു പ്രസവവേദന തുടങ്ങി. പ്രസവാനന്തരം അവൾ മരിച്ചു. അവൾ പ്രസവിച്ച മകന് ബഞ്ചമിൻ എന്നു പേരിട്ടു.

www.malankaralibrary.com



യാക്കോബ് കാനാൻ ദേശത്തു വാസമുറപ്പിച്ചു. യാക്കോബ് ജോസഫിനെ മററു മക്കളേക്കാളധികം സ്നേഹിച്ചിരുന്നു. അതു കൊണ്ടു് സഹോദരന്മാർ അവനെ വെറുത്തു.

അവൻെറ സഹോദരൻമാർ പിതാവിൻെറ ആടുകളെ മേയിക്കാൻ ഷേഖേമിലേക്ക് പോയി. ഇസ്രായേൽ ജോസഫിനോട് പറഞ്ഞു: നീ പോയി നിൻെറ സഹോദരന്മാക്ക് ക്ഷേമം തന്നെയോ എന്നു് അന്വേഷിച്ചിട്ടു് വരുക. ജോസഫിനെ അവൻ ഹെബ്റോൺ താഴ്‌വരയിൽനിന്നു് യാത്രയാക്കി. ദൂരെ വച്ചുതന്നെ അവർ അവനെ കണ്ടു. അവനെ വധിക്കാൻ അവർ ഗൂഢാലോചന നടത്തി. റൂബൻ ഇടപെട്ടതുകൊണ്ടു് അവർ അവനെ ഒരു പൊട്ടക്കിണററിൽ തള്ളിയിട്ടു. അവർ ഭക്ഷണത്തിനിരിക്കുമ്പോൾ ഈജിപ്തിലേക്ക് പോവുകയായിരുന്ന ഇസ്മായേല്യർ ആ വഴി വന്നു. യൂദായുടെ നിർദ്ദേശപ്രകാരം അവർ അവനെ ഇരുപതു വെള്ളിക്കാശിനു ഇസ്മായേല്യർക്കു വിററു. അവർ അവനെ ഈജിപ്തിലേക്കുകൊണ്ടു പോയി. ഏതോ കാട്ടുമൃഗം ജോസഫിനെ കടിച്ചുകീറികൊന്നു എന്നു അവർ യാക്കോബിനോട് പറഞ്ഞു (ഉൽ 37).

ഈജിപ്തിലെ രാജാവായ ഫറവോ ഒരു സ്വപ്നം കണ്ടു. അവൻ നൈൽ നദീ തീരത്തു് നില്ക്കുകയായിരുന്നു. കൊഴുത്തു് അഴകുള്ള ഏഴു പശുക്കൾ നദിയിൽനിന്നു് കയറിവന്നു. അതിനുശേഷം മെലിഞ്ഞ വേറെ ഏഴു പശുക്കൾ നദിയിൽ നിന്നു കയറി, കൊഴുത്ത പശുക്കളെ വിഴുങ്ങിക്കളഞ്ഞു. ഈജിപ്തിലെ എല്ലാ മന്ത്രവാദികളെയും ജ്ഞാനികളേയും വിളിപ്പിച്ചു് തൻെറ സ്വപ്നം അവരോടു പറഞ്ഞു. അതു വ്യാഖ്യാനിക്കാൻ ആർക്കും കഴിഞ്ഞില്ല.

പക്ഷേ ജോസഫ് ആ സ്വപ്നത്തിൻെറ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തു. "ഏഴു നല്ല പശുക്കൾ ഏഴു വർഷമാണു്. അവയ്ക്കു പുറമേ വന്ന മെലിഞ്ഞ പശുക്കളും ഏഴുവർഷമാണു്. ഈജിപ്തു മുഴുവനും സുഭിക്ഷത്തിൻെറ ഏഴുവർഷങ്ങൾ വരാൻ പോകുന്നു. അതെ തുടർന്നു് ക്ഷാമത്തിൻെറ ഏഴു വർഷങ്ങൾ ഉണ്ടാകും. ക്ഷാമം നാടിനെ കാർന്നുതിന്നും. അതുകൊണ്ടു് ഫറവോ ബുദ്ധിമാനായ ഒരാളെ കണ്ടുപിടിച്ചു് ഈജിപ്തിൻെറ മുഴുവൻ അധിപനായി നിയമിക്കണം. നാട്ടിലെങ്ങും മേൽനോട്ടക്കാരെ നിയമിച്ചു് സമൃദ്ധിയുടെ ഏഴുവർഷങ്ങളിലും വിളവിൻെറ അഞ്ചിലൊന്നു് ശേഖരിക്കണം. ഫറവോ ജോസഫി

www.malankaralibrary.com



നോടു പറഞ്ഞു: നീ എൻെറ വീടിനുമേലാളായിരിക്കും. എൻെറ ജനം മുഴുവൻ നിൻെറ വാക്കനുസരിച്ച് പ്രവർത്തിക്കും. ഇതാ ഈജിപ്റ്റ് രാജ്യത്തിനു മുഴുവൻ അധിപനായി നിന്നെ ഞാൻ നിയമിച്ചിരിക്കുന്നു. ഫറവോ തൻെറ കയ്യിൽ നിന്നു് മുദ്ര മോതിരം ഊരിയെടുത്തു് ജോസഫിനെ അണിയിച്ചു. അവൻ തൻെറ രണ്ടാം രഥത്തിൽ ജോസഫിനെ എഴുന്നള്ളിച്ചു.

ഈജിപ്റ്റിലെ രാജാവായ ഫറവോയുടെ സേവനത്തിൽ പ്രവേശിച്ചപ്പോൾ ജോസഫിനു മുപ്പതുവയസ്സായിരുന്നു. സമൃദ്ധിയുടെ ഏഴുവർഷവും കൂടുതലുണ്ടായിരുന്ന ഭക്ഷ്യസാധനങ്ങളെല്ലാം അവൻ നഗരങ്ങളിൽ സംഭരിച്ചു വച്ചു. സമൃദ്ധിയുടെ ഏഴുവർഷങ്ങൾ കഴിഞ്ഞു് ക്ഷാമം ആരംഭിച്ചു. ജോസഫിൻെറ പക്കൽ നിന്നും ധാന്യം വാങ്ങാൻ എല്ലാ ദേശങ്ങളിൽ നിന്നും ആളുകൾ ഈജിപ്റ്റിൽ എത്തി (*ഉൽ. 41*).

## ജോസഫിൻെറ സഹോദരൻമാർ ഈജിപ്തിൽ

ദൈവപരിപാലനയിൽ യാക്കോബും മക്കളും മക്കളുടെ മക്കളും ഈജിപ്റ്റിൽ താമസമാക്കാൻ ഇടയായി. "രാത്രിയിലുണ്ടായ ദർശനങ്ങളിലൂടെ ദൈവം ഇസ്രായേലിനോട് സംസാരിച്ചു. യാക്കോബേ, യാക്കോബേ........ഈജിപ്തിലേക്കു പോകാൻ ഭയപ്പെടേണ്ട. കാരണം, അവിടെ ഞാൻ നിന്നെ വലിയൊരു ജനമായി വളർത്തും. ഞാൻ നിൻെറ കൂടെ ഈജിപ്റ്റിലേക്കു വരും. നിന്നെ തിരികെ കൊണ്ടുവരുകയും ചെയ്യും" (*ഉൽ. 46:2–4*). യാക്കോബും മക്കളും കൊച്ചുമക്കളുമായി ആകെ എഴുപതുപേർ ഇജിപ്തിൽ താമസമാക്കി (*ഉൽ. 46:27*).

ജോസഫിൻെറ സഹോദരന്മാർ ഫറവോയോടു പറഞ്ഞു: ഞങ്ങൾ ഇടയന്മാരാണ്. ഞങ്ങളുടെ പിതാക്കന്മാരും അങ്ങനെയായിരുന്നു (*ഉൽ. 47:3*).

ഈജിപ്റ്റിൽ താമസമാക്കിയ യാക്കോബിൻെറ മക്കൾ അനുകൂലമായ സാഹചര്യങ്ങളിൽ വളർന്നു് ഒരു വലിയ ജനതയായി. നിയമാവർത്തന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "അലയുന്ന ഒരു അരമായനായിരുന്നു എൻെറ പിതാവ്. ചുരുക്കംപേരോടുകൂടി അവർ ഈജിപ്റ്റിൽ ചെന്നു് അവിടെ പരദേശിയായി പാർത്തു. അവിടെ അവൻ മഹത്തും ശക്തവും അസംഖ്യവുമായ ഒരു ജനമായി വളർന്നു" (*നിയമാ: 26:5*).

www.malankaralibrary.com



## ഇസ്രായേൽക്കാരെ ഈജിപ്തുകാർ പീഡിപ്പിക്കുന്നു

അങ്ങനെയിരിക്കെ ഒരു പുതിയ രാജാവ് ഈജിപ്തിൽ ഭരണാധികാരിയായി. അവന് ജോസഫിനെപ്പറ്റി അറിവില്ലായിരുന്നു. ഈജിപ്തുകാർ ഇസ്രായേൽ മക്കളെ ഭയപ്പെട്ടു തുടങ്ങി. അവരെക്കൊണ്ടു നിർദ്ദയം അടിമവേല ചെയ്യിച്ചു. മർദ്ദനത്തിൻ കീഴിൽ അടിമവേല ചെയ്യാൻ ഇസ്രായേല്യർ നിർബ്ബന്ധിതരായി.

ഹെബ്രായർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നൈൽ നദിയിൽ എറിഞ്ഞുകളയുവാൻ ഫറവോ രാജാവ് തന്റെ പ്രജകൾക്ക് കല്പന കൊടുത്തു (പുറ. 1)

**മോശ**

അക്കാലത്ത് ലേവിഗോത്രത്തിൽപ്പെട്ട ഒരാൾക്ക് ഒരു പുത്രൻ ജനിച്ചു. ശിശുവിനെ മൂന്നു മാസത്തോളം രഹസ്യമായി വളർത്തി. അവനെ തുടർന്നും രഹസ്യമായി വളർത്തുക ദുഷ്കരമായിത്തീർന്നു. ഞാങ്ങണകൊണ്ട് ഒരു പേടകമുണ്ടാക്കി കളിമണ്ണും കീലും പൂശി അതിൽ അവനെ കിടത്തി. നദീതീരത്തുള്ള ഞാങ്ങണകൾക്കിടയിൽ കൊണ്ടുവച്ചു. ഫറവോയുടെ പുത്രി നദിയിൽ കുളിക്കാൻ വന്നപ്പോൾ ആ ശിശുവിനെ കാണുകയും അവനെ കൊണ്ടുപോയി കൊട്ടാരത്തിൽ വളർത്തുകയും ചെയ്തു. അവനു മോശ എന്നു പേരിട്ടു.

പ്രായപൂർത്തിയായശേഷം മോശ ഒരിക്കൽ തന്റെ കഷ്ടപ്പെടുന്ന സഹോദരരെ സന്ദർശിക്കാൻ പോയി. ആ അവസരത്തിൽ സ്വജനത്തിൽപ്പെട്ട ഒരു ഹെബ്രായനെ ഒരു ഈജിപ്തുകാരൻ പ്രഹരിക്കുന്നതു കണ്ടു. മോശ ആ ഈജിപ്തുകാരനെ കൊന്ന് മണലിൽ മറവുചെയ്തു. അവിടെനിന്നും ഒളിച്ചോടി മിദിയാൻ നാട്ടിലെത്തി. മിദിയാനിലെ പുരോഹിതനായ റവുവേലിന്റെ മകൾ സിപ്പോറയെ വിവാഹം കഴിച്ച് അവിടെ താമസിച്ചു.

അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽ മക്കൾ നെടുവീർപ്പിട്ടു. ദൈവത്തോടു നിലവിളിച്ചു പ്രാർത്ഥിച്ചു. ദൈവം അവരുടെ നിലവിളി കേട്ടു.

മോശ തന്റെ അമ്മായിയപ്പനായ ജത്രോയുടെ ആടുകളെ മേയിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഹോറെബ് മലയിൽ

www.malankaralibrary.com



ഒരു മുൾപ്പടർപ്പിൻെറ മദ്ധ്യത്തിൽനിന്ന് ജ്വലിച്ചുയർന്ന അഗ്നി കണ്ടു. മുൾപ്പടപ്പ് കത്തിജ്വലിക്കുന്നുണ്ടായിരുന്നുവെങ്കിൽ അത് എരിഞ്ഞു് ചാമ്പലായില്ല. മുൾപ്പടപ്പിൻെറ മദ്ധ്യത്തിൽനിന്ന് ദൈവം അരുളിച്ചെയ്തു: ഞാൻ നിൻെറ പിതാക്കന്മാരുടെ ദൈവമാകുന്നു; അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം. ഈജിപ്തിലുള്ള എൻെറ ജനത്തിൻെറ ക്ലേശങ്ങൾ ഞാൻ കണ്ടിരിക്കുന്നു. നീ എൻെറ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽനിന്ന് പുറത്തുകൊണ്ടുവരണം. ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും.

മോശ ദൈവത്തോടു പറഞ്ഞു: ഞാൻ ഇസ്രായേൽ മക്കളുടെ അടുക്കലേക്ക് പോകാം. എന്നാൽ, അവിടുത്തെ പേരെന്തെന്ന് ചോദിച്ചാൽ ഞാൻ എന്തു പറയണം. ദൈവം അരുളിച്ചെയ്തു: ഞാനാകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു എന്നു പറയുക. അവിടുന്ന് വീണ്ടും അരുളിച്ചെയ്തു: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവ്, അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം, എന്നെ നിങ്ങളുടെയടുത്തേക്ക് അയച്ചിരിക്കുന്നു, എന്നു പറയുക. ഇസ്രായേൽ ശ്രേഷ്ഠന്മാരോടൊന്നിച്ച് നീ ഈജിപ്തിലെ രാജാവിൻെറ അടുക്കൽചെന്ന് പറയണം: ഹെബ്രായരുടെ ദൈവമായ കർത്താവു ഞങ്ങളെ സന്ദർശിച്ചിരിക്കുന്നു. മൂന്നു ദിവസത്തെ യാത്രചെയ്ത്, മരുഭൂമിയിൽ ഞങ്ങളുടെ ദൈവമായ കർത്താവിനു ബലിയർപ്പിക്കുവാൻ ഞങ്ങളെ അനുവദിക്കണം. ഞാൻ കൈനീട്ടി അത്ഭുതങ്ങൾ പ്രവർത്തിച്ച് ഈജിപ്തിനെ പ്രഹരിക്കും. അപ്പോൾ അവൻ വിട്ടയയ്ക്കും.

മോശ കർത്താവിനോടു പറഞ്ഞു: സംസാരിക്കുമ്പോൾ നാവിനു തടസ്സമുള്ളവനാണ് ഞാൻ. കർത്താവു അവനോടു പറഞ്ഞു: നിൻെറ സഹോദരനായ അഹറോൻ നിനക്കു പകരം ജനത്തോടു സംസാരിക്കും; അവൻ നിൻെറ വക്താവായിരിക്കും.

മോശ ജത്രോയുടെ അനുവാദത്തോടുകൂടി ഭാര്യയേയും പുത്രന്മാരെയും കഴുതപ്പുറത്ത് കയററി ഈജിപ്തിലേക്കു തിരിച്ചു.

മോശയും അഹറോനും ഫറവോയുടെ മുമ്പിൽച്ചെന്ന് പറഞ്ഞു' മൂന്നു ദിവസത്തെ യാത്രചെയ്തു മരുഭൂമിയിൽ ചെന്ന് ഞങ്ങളുടെ ദൈവമായ കർത്താവിനു ബലിയർപ്പിക്കാൻ ഞങ്ങളുടെ ജനത്തെ അനുവദിക്കുക. ഫറവോൻ അനുവദിച്ചില്ല എന്നു മാത്രമല്ല അവരുടെ ജോലി കൂടുതൽ ക്ളേശകരമാക്കുകയും ചെയ്തു.

www.malankaralibrary.com



"അവർ ഫറവോയോടു സംസാരിക്കുമ്പോൾ മോശയ്ക്കു് എൺപതു വയസ്സും അഹറോന്ന് എൺപത്തിമൂന്നു് വയസ്സും പ്രായമായിരുന്നു" (പുറം. 7:7).

കർത്താവു്, ഒന്നിനു പുറകെ ഒന്നായി പത്തു് ബാധകൾ ഈജിപ്തുകാരുടെമേൽ വരുത്തി. ഓരോ ബാധ ഉണ്ടാകുമ്പോഴും ഫറവോ പറയും, ഇസ്രായേൽക്കാരെ വിട്ടയച്ചേക്കാമെന്നു്. പക്ഷേ ബാധ മാറുമ്പോൾ ഫറവോ വാക്കുപാലിക്കാതെ ഇസ്രായേൽക്കാരെ വിട്ടയയ്ക്കുകയില്ല.

ഒൻപതാമത്തെ ബാധയും മാറിയപ്പോൾ കർത്താവു മോശയോടു അരുളിച്ചെയ്തു: ഞാൻ ഫറവോയുടെയും ഈജിപ്തിന്റെയും മേൽ ഒരു മഹാമാരികൂടി അയയ്ക്കും. അപ്പോൾ അവൻ നിങ്ങളെ പോകാനനുവദിക്കും.

## ആദ്യത്തെ പെസഹാ

കർത്താവു് ഈജിപ്തിൽ വച്ചു മോശയോടും അഹറോനോടും അരുളിച്ചെയ്തു: ഈ മാസം നിങ്ങൾക്കു് വർഷത്തിന്റെ ആദ്യ മാസമായിരിക്കണം. ഇസ്രായേൽ സമൂഹത്തോടു മുഴുവൻ പറയുവിൻ: ഈ മാസം പത്താം ദിവസം ഓരോ കുടുംബത്തലവനും ഓരോ ആട്ടിൻകുട്ടിയെ കരുതിവയ്ക്കണം. അതു് ഒരു വയസ്സുള്ളതും ഊനമററതുമായ മുട്ടാടു് ആയിരിക്കണം. ഇസ്രായേൽ സമൂഹം മുഴുവൻ തങ്ങളുടെ ആട്ടിൻകുട്ടികളെ ഈ മാസം പതിനാലാം തീയതി സന്ധ്യയ്ക്കു് കൊല്ലണം. അതിന്റെ രക്തത്തിൽനിന്നു് കുറച്ചെടുത്തു് ആടിനെ ഭക്ഷിക്കാൻ കൂടിയിരിക്കുന്ന വീടിന്റെ രണ്ടു കട്ടിളക്കാലുകളിലും മേല്പടിയിലും പുരട്ടണം. അവർ അതിന്റെ മാംസം തീയിൽ ചുട്ടു് പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി അന്നു രാത്രി ഭക്ഷിക്കണം. പ്രഭാതമാകുമ്പോൾ അതിൽ യാതൊന്നും അവശേഷിക്കരുതു്. എന്തെങ്കിലും മിച്ചംവന്നാൽ തീയിൽ ദഹിപ്പിക്കണം. ഇപ്രകാരമാണു് അതു് ഭക്ഷിക്കേണ്ടതു്: അരമുറുക്കി ചെരിപ്പുകളണിഞ്ഞു് വടി കയ്യിലേന്തി തിടുക്കത്തിൽ ഭക്ഷിക്കണം. കാരണം അതു് കർത്താവിന്റെ പെസഹായാണു്. ആ രാത്രി ഞാൻ ഈജിപ്തിലൂടെ കടന്നുപോകും. ഈജിപ്തിനെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതരെയെല്ലാം ഞാൻ സംഹരിക്കും. കട്ടിളയിലുള്ള രക്തം നിങ്ങൾ ആ വീട്ടിൽ താമസിക്കുന്നുവെന്നതിന്റെ അടയാളമായിരിക്കും. അതു കാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും. ഇതു

www.malankaralibrary.com



നിങ്ങളും നിങ്ങളുടെ സന്തതികളും എക്കാലവും ഒരു കല്പന യായി ആചരിക്കണം. കർത്താവ് തൻെറ വാഗ്ദാനമനുസരിച്ച് തരുന്ന സ്ഥലത്ത് നിങ്ങൾ ചെന്നുചേർന്നതിനുശേഷവും ഈ കർമ്മം ആചരിക്കണം. ഇതിൻെറ അർത്ഥമെന്താണെന്ന് നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം: ഇതു കർത്താവിനർപ്പിക്കുന്ന പെസഹാ ബലിയാണ്. അവിടുന്നു ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾകടന്നുപോയി. പെസഹാ എന്നു പറഞ്ഞാൽ കടന്നുപോകൽ എന്നർത്ഥം.

കർത്താവു മോശയോടും അഹറോനോടും കല്പിച്ചതുപോലെ ജനം പ്രവർത്തിച്ചു.

സിംഹാസനത്തിലിരുന്ന ഫറവോ മുതൽ ഈജിപ്തിലുണ്ടായിരുന്ന എല്ലാവരുടെയും ആദ്യജാതരെ അർദ്ധരാത്രിൽ കർത്താവു സംഹരിച്ചു. ഫറവോ രാത്രിയിൽ തന്നെ മോശയേയും അഹറോനെയും വിളിച്ചു പറഞ്ഞു: നിങ്ങൾ എൻെറ ജനത്തിൻെറ ഇടയിൽ നിന്നു പോകുവിൻ.

ഇസ്രായേൽക്കാർ കാൽനടയായി യാത്രതിരിച്ചു. ഇസ്രായേൽക്കാരുടെ ഈജിപ്തിലെ വാസകാലം നാനൂററിമുപ്പതു വർഷമായിരുന്നു (പുറ. 12:40).

കർത്താവു മോശയോടു കല്പിച്ചു: ഇസ്രായേലിലെ ആദ്യജാതരെയെല്ലാം എനിക്കായി സമർപ്പിക്കുക. മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകൾ എനിക്കുള്ളതാണ്. നിങ്ങളുടെ മക്കളിൽ ആദ്യജാതരെയെല്ലാം വീണ്ടെടുക്കണം.

ഫറവോ ജനത്തെ വിട്ടയച്ചപ്പോൾ, ദൈവം ജനത്തെ ചെങ്കടലിനു നേരെ നയിച്ചു. അവർക്ക് രാവും പകലും യാത്രചെയ്യാനാവും വിധം പകൽ വഴികാട്ടാൻ ഒരു മേഘസ്തംഭത്തിലും, രാത്രിയിൽ പ്രകാശം നല്കാൻ ഒരു അഗ്നിസ്തംഭത്തിലും കർത്താവു അവർക്കു മുമ്പേ പോയിരുന്നു.

## ചെങ്കടൽ കടക്കുന്നു

ഇസ്രായേൽക്കാർ പോയവിവരം അറിഞ്ഞപ്പോൾ ഫറവോയുടെ മനോഭാവം മാറി. ഇസ്രായേൽക്കാരെ ഫറവോയുടെ സൈന്യം പിൻതുടർന്നു. ഇസ്രായേൽക്കാർ അവരെ കണ്ടു ഭയപ്പെട്ടു. കർത്താവ് മോശയോടു പറഞ്ഞു: നിൻെറ വടിയെടുത്ത് കടലിനുമീതെ നീട്ടി അതിനെ വിഭജിക്കുക. മോശ അപ്രകാരം ചെയ്തു. വെള്ളം വിഭജിക്കപ്പെട്ടു. ഇസ്രായേൽക്കാർ

www.malankaralibrary.com



കടലിനു നടുവേ ഉണങ്ങിയ മണ്ണിലൂടെ നടന്നു. അവരുടെ വലത്തും ഇടത്തും വെള്ളം മതിൽപോലെ നിന്നു. ഫറവോയുടെ സൈന്യവും കടലിന്റെ നടുവിലേക്കു നീങ്ങി. അപ്പോൾ കർത്താവു മോശയോടു പറഞ്ഞു: നിന്റെ കരം കടലിനു മീതെ നീട്ടുക. മോശ കടലിനുമീതെ കൈനീട്ടി. വെള്ളം രണ്ടു വശത്തു നിന്നും വന്ന് ഈജിപ്തുകാരെ നടുകടലിൽ ആഴ്ത്തി അവർ എല്ലാവരും മുങ്ങിച്ചത്തു. ഇസ്രായേൽക്കാർ കടലിനു നടുവേ വരണ്ട ഭൂമിയിലൂടെ നടന്നു മറുകരെ എത്തി (*പുറ. 14*).

മോശയും ജനവും കർത്താവിനെ സ്തുതിച്ചുകൊണ്ട് ഗാനം ആലപിച്ചു: കർത്താവിനെ ഞാൻ സ്തുതിച്ചു പാടും. കർത്താവ് എന്റെ ശക്തിയും സംരക്ഷകനുമാകുന്നു. അവിടുന്നാണ് എന്റെ ദൈവം. ഞാൻ അവിടുത്തെ സ്തുതിക്കും. കർത്താവു യോദ്ധാവാകുന്നു; കർത്താവ് എന്നാകുന്നു അവിടുത്തെ നാമം. കർത്താവേ, വിശുദ്ധിയിൽ മഹത്വപൂർണ്ണനും, ശക്തമായ പ്രവൃത്തനങ്ങളിൽ ഭീതിദനും, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ അങ്ങേക്ക് തുല്യനായി ആരുണ്ട്. കർത്താവ് എന്നേക്കും രാജാവായി ഭരിക്കും.

## മന്നായും കാടപ്പക്ഷിയും

ഇസ്രായേൽക്കാർ മരുഭൂമിയിലൂടെ നടന്ന്, സിൻ മരുഭൂമിയിലെത്തി. ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാം മാസം പതിനഞ്ചാം ദിവസമായിരുന്നു അത്. ആഹാരം കിട്ടാതെ അവർ വലഞ്ഞു. അവർ മോശയ്ക്കും അഹറോനും എതിരായി പിറുപിറുത്തു.

കർത്താവു മേഘത്തിൽ പ്രത്യക്ഷപ്പെട്ട് മോശയോട് അരുളിച്ചെയ്തു. ഇസ്രായേൽക്കാരുടെ പരാതികൾ ഞാൻ കേട്ടു. അവരോടു പറയുക: സായംകാലത്ത് നിങ്ങൾ മാംസം ഭക്ഷിക്കും; പ്രഭാതത്തിൽ തൃപ്തിയാവോളം അപ്പവും. കർത്താവായ ഞാനാണ് നിങ്ങളുടെ ദൈവമെന്ന് അപ്പോൾ നിങ്ങൾ മനസ്സിലാക്കും.

വൈകുന്നേരമായപ്പോൾ കാടപ്പക്ഷികൾ വന്നു പാളയം മൂടി. രാവിലെ പാളയത്തിനുചുററും മരുഭൂമിയുടെ ഉപരിതലത്തിൽ പൊടിമഞ്ഞുപോലെ വെളുത്തുരുണ്ട ലോലമായ ഒരു വസ്തുകാണപ്പെട്ടു. മോശ അവരോടു പറഞ്ഞു: കർത്താവു നിങ്ങൾക്കു ഭക്ഷണമായി തന്നിരിക്കുന്ന അപ്പമാണിത്. ഓരോ

www.malankaralibrary.com



രുത്തരും ആവശ്യാനുസരണം ശേഖരിക്കുവിൻ. ഓരോരുത്തരും ശേഖരിച്ചതു് അവനവനു ഭക്ഷിക്കാൻ മാത്രമുണ്ടായിരുന്നു. മോശ അവരോടുപറഞ്ഞു: ആരും അതിൽനിന്നു് അല്പംപോലും പ്രഭാതത്തിലേക്കു് നീക്കിവയ്ക്കരുതു്. ആറാം ദിവസം രണ്ടു ദിവസത്തേക്കു് ആവശ്യമുള്ളതു് ശേഖരിക്കണം. കാരണം ഏഴാം ദിവസം വിശ്രമത്തിന്റെ ദിനമാണു്, വിശുദ്ധമായ ശാബത്തു ദിനമാണു്. ഏഴാം ദിവസം ഓരോരുത്തനും തന്റെ വസതിയിൽത്തന്നെ കഴിയട്ടെ.

ഇസ്രായേൽക്കാർ അതിനു മന്നാ എന്നു പേരു നൽകി. അതു് കൊത്തമ്പാലരിപോലെയിരുന്നു. *(പുറ. 16)*

www.malankaralibrary.com



# അദ്ധ്യായം V

## ഇസ്രായേൽ ദൈവത്തിന്റെ ജനം

### ദൈവം പ്രത്യക്ഷപ്പെടുന്നു.

ഈജിപ്തിൽനിന്ന പുറപ്പെട്ടതിന്റെ മൂന്നാം മാസം ഒന്നാം ദിവസം ഇസ്രായേൽക്കാർ സീനായ്മരുഭൂമിയിലെത്തി മലയുടെ മുൻവശത്ത് പാളയമടിച്ചു. മോശ ദൈവ സന്നിധിയിലേക്ക കയറിച്ചെന്നു. കർത്താവ് മലയിൽനിന്ന് അവനെ വിളിച്ച് ഇങ്ങനെ പറഞ്ഞു; യാക്കോബിന്റെ ഭവനത്തോട് നീ പറയുക. നിങ്ങൾ എന്റെ വാക്ക കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾ എല്ലാ ജനങ്ങളിലുംവച്ച് എനിക്ക് ഏററവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും; കാരണം ഭൂമി മുഴവൻ എന്റേതാകുന്നു. നിങ്ങൾ എനിക്ക പുരോഹിതരാജ്യവും വിശുദ്ധ ജനവുമായിരിക്കും. ഇവയാണ് ഇസ്രായേൽക്കാരോടു നീപറയേണ്ട വാക്കുകൾ. മോശ ജനത്തിലെ ശ്രേഷ്ഠന്മാരെ വിളിച്ച് കർത്താവ് കല്പിച്ച കാര്യങ്ങളെല്ലാം അവരെ അറിയിച്ചു. ജനം ഏകസ്വരത്തിൽപറഞ്ഞു: കത്താവ് കല്പിച്ചതെല്ലാംഞങ്ങൾ ചെയ്തുകൊള്ളാം. ജനത്തിന്റെ മറുപടി മോശ കർത്താവിനെ അറിയിച്ചു''. (*പുറ. 19:3-8*)

''മൂന്നാം ദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽപ്പിണറുകളുമുണ്ടായി. മലമുകളിൽ കനത്തമേഘം പ്രത്യക്ഷപ്പെട്ടു. കാഹളധ്വനി അത്യുച്ചത്തിൽ മുഴങ്ങി. പാളയത്തിലുണ്ടായിരുന്ന ജനമെല്ലാം ഭയന്നു വിറച്ചു. ദൈവത്തെ കാണുന്നതിനുവേണ്ടി മോശ ജനത്തെ പാളയത്തിനു പുറത്തുകൊണ്ടുവന്നു; അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നതിനാൽ സീനായ്മല മുഴവൻ ധൂമാവൃതമായി. ചൂളയിൽ നിന്നെന്നപോലെ അവിടെനിന്ന് പുക ഉയർന്നുകൊണ്ടിരുന്നു.

കർത്താവു സീനായ് മലമുകളിൽ ഇറങ്ങിവന്നു മോശയെ മലമുകളിലേക്ക വിളിച്ചു. അവൻ കയറിച്ചെന്നു (*പുറ. 19:16-17*).

www.malankaralibrary.com



## പത്തു പ്രമാണങ്ങൾ

"ദൈവം അരുളിച്ചെയ്തു; അവിടുത്തെ വചനങ്ങളാണിവ; അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ് ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്........എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറവരെ ഞാൻ ശിക്ഷിക്കും. എന്നാൽ, എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾവരെ ഞാൻ കരുണ കാണിക്കും. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്........ശാബത് വിശുദ്ധമായി ആചരിക്കണമെന്ന് ഓർമ്മിക്കുക........ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ ശാബതാണ്. അന്ന്........ഒരു വേലയും ചെയ്യരുത്....... നിന്റെ പിതാവിനേയും മാതാവിനേയും ബഹുമാനിക്കുക നീ കൊല്ലരുത്. നീ വ്യഭിചാരം ചെയ്യരുത്. നീ മോഷ്ടിക്കരുത്. നിന്റെ അയല്ക്കാരനെതിരായി നീ കള്ളസാക്ഷ്യം പറയരുത്. നിന്റെ അയല്ക്കാരന്റെ ഭവനം നീ മോഹിക്കരുത്. അയല്ക്കാരന്റെ ഭാര്യയേയോ ദാസനെയേ ദാസിയെയോ കാളയെയോ കഴുതയെയോ അവന്റെ മറ്റെന്തെങ്കിലുമോ നീ മോഹിക്കരുത് *(പുറ. 20)*.

ഇടിമുഴക്കവും കാഹളധ്വനിയും കേൾക്കുകയും മിന്നൽപ്പിണറുകളും മലയിൽ നിന്നുയർന്ന പുകയും കാണുകയും ചെയ്തപ്പോൾ ജനമെല്ലാം ഭയന്നു വിറച്ച് അകലെ മാറി നിന്നു. അവർ മോശയോടു പറഞ്ഞു: നീ തന്നെ ഞങ്ങളോടു സംസാരിച്ചാൽ മതി; ഞങ്ങൾ കേട്ടുകൊള്ളാം. ദൈവം ഞങ്ങളോടു സംസാരിക്കാതിരിക്കട്ടെ. അവിടുന്ന് സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകും. അപ്പോൾ മോശ ജനത്തോടു പറഞ്ഞു: ഭയപ്പെടേണ്ടാ. നിങ്ങളെ പരീക്ഷിക്കുന്നതിനും പാപം ചെയ്യാതിരിക്കാൻ വേണ്ടി നിങ്ങളിൽ ദൈവഭയം ഉളവാക്കുന്നതിനുമായിട്ടാണ് ദൈവം വന്നിരിക്കുന്നത്" *(പുറ. 18—20)*.

കൂടാതെ പല വിധത്തിലുള്ള നിയമങ്ങളും ദൈവം മോശയ്ക്കു പറഞ്ഞുകൊടുത്തു *(പുറ. 21 മുതൽ 23 വരെയുള്ള അധ്യായങ്ങൾ)*.

## ഉടമ്പടി

മോശ കർത്താവിന്റെ വാക്കുകളെല്ലാം എഴുതിവച്ചു. അവൻ അയച്ച ഇസ്രായേൽ യുവാക്കന്മാർ കർത്താവിനു ദഹന

www.malankaralibrary.com



ബലികളും കാളകളെക്കൊണ്ടുള്ള സമാധാന ബലികളും അർപ്പിച്ചു. മോശ ബലിയുടെ രക്തത്തിൽ പകുതി പാത്രങ്ങളിലാക്കുകയും പകുതി ബലിപീഠത്തിന്മേൽ തളിക്കുകയും ചെയ്തു. അനന്തരം ഉടമ്പടി ഗ്രന്ഥമെടുത്ത് (*ദൈവം പറഞ്ഞു കൊടുത്ത് മോശ എഴുതിവച്ച 20 മുതൽ 23 വരെയുള്ള അധ്യായങ്ങൾ*) ജനങ്ങൾ കേൾക്കെ വായിച്ചു. അപ്പോൾ അവർ പറഞ്ഞു: കർത്താവ് കല്പിച്ചതെല്ലാം ഞങ്ങൾ ചെയ്യും. ഞങ്ങൾ അനുസരണമുള്ളവരായിരിക്കും. അപ്പോൾ മോശ രക്തമെടുത്ത് ജനങ്ങളുടെ മേൽ തളിച്ചുകൊണ്ട് പറഞ്ഞു: ഈ വചനങ്ങളെല്ലാം ആധാരമാക്കി കർത്താവ് നിങ്ങളോടു ചെയ്ത ഉടമ്പടിയുടെ രക്തമാകുന്നു ഇത് (*പുറ. 24:4-8*). ഹെബ്രായക്കാർക്കെഴുതിയ ലേഖനം 9:19-22-ൽ വി. പൗലോസ് ശ്ലീഹാ ഇതിനേപ്പറ്റി പരാമർശിക്കുന്നുണ്ട്.

കർത്താവു കല്പിച്ചതനുസരിച്ച് മോശ മലയിലേയ്ക്ക് കയറിപ്പോയി. അപ്പോൾ ഒരു മേഘം മലയെ ആവരണം ചെയ്തു. മലമുകളിൽ കർത്താവിന്റെ മഹത്വം ദഹിപ്പിക്കുന്ന അഗ്നിക്കു തുല്യം ഇസ്രായേൽക്കാർക്ക് കാണപ്പെട്ടു. മോശ മേഘത്തിന്റെ ഉള്ളിൽ കടന്ന് മലമുകളിലേക്കു കയറി നാല്പതു രാവും നാല്പതു പകലും അവൻ മലമുകളിലായിരുന്നു. (*പുറ. 24:15-18*).

കർത്താവ് മോശയോട് അരുളിച്ചെയ്തു. ഞാൻ അവരുടെ ഇടയിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധ കൂടാരം സജ്ജമാക്കണം. ഞാൻ കാണിച്ചുതരുന്ന മാതൃകയനുസരിച്ചായിരിക്കണം കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കുന്നത്.

കരുവേല മരംകൊണ്ട് ഒരു പേടകം നിർമ്മിക്കണം. അതിനു രണ്ടര മുഴം നീളവും ഒന്നര മുഴം വീതിയും ഒന്നര മുഴം ഉയരവും ഉണ്ടായിരിക്കണം....ഞാൻ നിനക്കു തരാൻ പോകുന്ന ഉടമ്പടി പത്രിക പേടകത്തിൽ നിക്ഷേപിക്കണം. ശുദ്ധി ചെയ്ത സ്വർണ്ണം കൊണ്ട് ഒരു കൃപാസനം നിർമ്മിക്കണം. (*പുറ. 25:8-16*).

അതിനുശേഷം ബലിപീഠം ഉണ്ടാക്കുന്നതിനേപ്പറ്റിയും പുരോഹിതാഭിഷേക ക്രമത്തെപ്പറ്റിയും ഒക്കെ കർത്താവ് മോശയോട് വിശദീകരിച്ചു പറഞ്ഞു.

www.malankaralibrary.com



''സമാഗമക്കൂടാരം, സാക്ഷ്യപേടകം, അതിന്മേലുള്ള കൃപാസനം, കൂടാരത്തിലെ ഉപകരണങ്ങൾ, മേശയും അതിന്റെ ഉപകരണങ്ങളും, വിളക്കുകാലും അതിന്റെ ഉപകരണങ്ങളും, ധൂപപീഠം; ദഹനബലിപീഠവും അതിന്റെ എല്ലാ ഉപകരണങ്ങളും, ക്ഷാളനപാത്രവും അതിന്റെ പീഠവും, ചിത്രത്തുന്നലാൽ അലംകൃതമായ വസ്ത്രങ്ങൾ പുരോഹിതനായ അഹറോന്റെ വിശുദ്ധ വസ്ത്രങ്ങളും അവന്റെ പുത്രന്മാർ, പുരോഹിത ശുശ്രൂഷ ചെയ്യുമ്പോൾ അണിയേണ്ട വസ്ത്രങ്ങളും അഭിഷേക തൈലം, വിശുദ്ധ സ്ഥലത്തു ധൂപാർപ്പണത്തിനുപയോഗിക്കുന്ന സുഗന്ധ ദ്രവ്യങ്ങൾ ഇവയെല്ലാം ഞാൻ നിന്നോടു കല്പിച്ച പ്രകാരം അവർ നിർമ്മിക്കണം'' (*പുറ. 31:7–11*) ഇപ്രകാരമെല്ലാം കർത്താവു് മോശയോടു് പറഞ്ഞു.

''സീനായ് മലയിൽവച്ചു് മോശയോട് സംസാരിച്ചതിനുശേഷം ഉടമ്പടിയുടെ രണ്ടു പത്രികകൾ–തന്റെ വിരൽ കൊണ്ടെഴുതിയ രണ്ടു കല്പലകകൾ–ദൈവം അവനു നല്കി'' (*പുറ 31:18*).

### കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുന്നു

മോശ മലയിൽ നിന്നിറങ്ങി വരാൻ താമസിക്കുന്നുവെന്നു് കണ്ടപ്പോൾ ജനം അഹറോന്റെ ചുറ്റും കൂടി പറഞ്ഞു: ഞങ്ങളെ നയിക്കാൻ വേഗം ദേവന്മാരെ ഉണ്ടാക്കിത്തരുക. അഹറോൻ, സ്ത്രീകളുടെ കാതുകളിൽ ഉണ്ടായിരുന്ന സ്വർണ്ണാഭരണങ്ങൾ ശേഖരിച്ചു് മൂശയിലുരുക്കി ഒരു കാളക്കുട്ടിയെ വാർത്തെടുത്തു. അവർ അതിനു മുമ്പിൽ ബലികൾ അർപ്പിക്കുകയും മറ്റും ചെയ്തു.

''മോശ കൈകളിൽ രണ്ടു ഉടമ്പടി പത്രികകളുമായി താഴേയ്ക്കിറങ്ങി. പലകകളുടെ ഇരുവശങ്ങളിലും എഴുത്തുണ്ടായിരുന്നു. പലകകൾ ദൈവത്തിന്റെ കൈവേലയും അവയിൽ കൊത്തിയിരുന്നതു് അവിടുത്തെ കയ്യെഴുത്തുമായിരുന്നു'' (*പുറ. 32:15–16*). മോശ പാളയത്തിനടുത്തെത്തിയപ്പോൾ കാളക്കുട്ടിയെ കണ്ടു; അവർ നൃത്തം ചെയ്യുന്നതും കണ്ടു. അവന്റെ കോപം ആളിക്കത്തി. അവൻ കല്പലകകൾ വലിച്ചെറിഞ്ഞു. മലയുടെ അടിവാരത്തിൽവച്ചു് അവ തകർത്തു കളഞ്ഞു. അവൻ കാളക്കുട്ടിയെ എടുത്തു് തീയിലിട്ടു ചുട്ടു; അതു് ഇടിച്ചു പൊടിച്ചു് പൊടി വെള്ളത്തിൽ കലക്കി ഇസ്രായേൽ ജനത്തെക്കൊണ്ടു് കുടിപ്പിച്ചു.

www.malankaralibrary.com



## വീണ്ടും ഉടമ്പടി പത്രിക

"കർത്താവു മോശയോട് അരുളിച്ചെയ്തു: ആദ്യത്തേതു പോലുള്ള രണ്ടു കല്പലക ചെത്തിയെടുക്കുക. നീ ഉടച്ചു കളഞ്ഞ പലകകളിലുണ്ടായിരുന്ന വാക്കുകൾ തന്നെ ഞാൻ അതിൽ എഴുതാം''........ആദ്യത്തേതുപോലുള്ള രണ്ടു കല്പലകകൾ മോശ ചെത്തിയെടുത്തു. കർത്താവു കല്പിച്ചതനുസരിച്ച് അവൻ അതിരാവിലെ എഴുന്നേററു കല്പലകകൾ കയ്യിലെടുത്ത് സീനായ് മലയിലേക്കു കയറിപ്പോയി.

മോശ നാല്പതു പകലും നാല്പതു രാവും കർത്താവിനോടു കൂടെ അവിടെ ചെലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല. ഉടമ്പടിയുടെ വചനങ്ങളായ പത്തു പ്രമാണങ്ങൾ അവൻ പലകകളിൽ എഴുതി.

രണ്ടു സാക്ഷ്യഫലകങ്ങളും വഹിച്ചുകൊണ്ടു് മോശ സീനായ് മലയിൽനിന്ന് താഴേക്കു വന്നു. (*പുറ. 34; നിയമാ. 10:4–5*)

ദൈവവുമായുള്ള ഉടമ്പടിയനുസരിച്ച് ഇസ്രായേൽക്കാർ പാലിക്കേണ്ട വ്യവസ്ഥകളാണ് പത്ത് കല്പനകൾ.

## അഹറോന്യ പൗരോഹിത്യം

കർത്താവു കല്പിച്ചിരുന്നതനുസരിച്ച് (*പുറ. 29:4–9*) അഹറോനെയും പുത്രന്മാരെയും പുരോഹിതന്മാരായി അഭിഷേകം ചെയ്തു (*ലേവി. 8:6–13*).

"കർത്താവ് അഹറോനോട് അരുളിച്ചെയ്തു: നിൻെറ സഹോദരന്മാരായ ലേവ്യരെ ഇസ്രായേലിൽനിന്ന് ഞാൻ വേർതിരിച്ചെടുത്തിരിക്കുന്നു. സമാഗമ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് കർത്താവിനുള്ള ദാനമായി അവരെ ഞാൻ നിനക്കു തന്നിരിക്കുന്നു. ബലിപീഠവും തിരശീലയ്ക്കു പിന്നിലുള്ളവയും സംബന്ധിച്ചുള്ള പൗരോഹിത്യ ശുശ്രൂഷകളെല്ലാം നീയും പുത്രന്മാരും അനുഷ്ഠിക്കണം; നിങ്ങൾ തന്നെ അതു ചെയ്യണം. പൗരോഹിത്യ ശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ്. മററാരെങ്കിലും അതിനു തുനിഞ്ഞാൽ അവൻ മരണശിക്ഷ അനുഭവിക്കണം'' (*സംഖ്യ. 18:6–7*).

## പാറയിൽനിന്നു ജലം

ഇസ്രായേൽ ജനം സിൻമരുഭൂമിയിൽ എത്തി. അവിടെ ജനത്തിനു വെള്ളം ലഭിച്ചില്ല. അവർ മോശയ്ക്കും അഹറോനും

www.malankaralibrary.com



എതിരെ ഒരുമിച്ചുകൂടി മോശയോട് എതിർത്തു പറഞ്ഞു:........ അപ്പോൾ മോശയും അഹറോനും സമൂഹത്തിൽനിന്ന് സമാഗമ കൂടാര വാതില്ക്കൽ ചെന്ന് സാഷ്ടാംഗം വീണു.

കർത്താവു മോശയോടു അരുളിച്ചെയ്തു: നിന്റെ വടി കയ്യിലെടുക്കുക. നീയും നിന്റെ സഹോദരൻ അഹറോനുംകൂടി സമൂഹത്തെ വിളിച്ചുകൂട്ടി വെള്ളം പുറപ്പെടുവിക്കാൻ അവരുടെ മുമ്പിൽവച്ച് പാറയോട് ആജ്ഞാപിക്കുക. .... ...മോശ കയ്യുയർത്തി പാറയിൽ രണ്ടു പ്രാവശ്യം വടികൊണ്ടടിച്ചു. ധാരാളം ജലം പ്രവഹിച്ചു.......കർത്താവു മോശയോടും അഹറോനോടും അരുളിച്ചെയ്തു. ഇസ്രായേൽ എന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്ക വിധം ദൃഢമായി നിങ്ങൾ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ടു് ഞാൻ ഈ ജനത്തിനു് കൊടുക്കുന്ന ദേശത്തു് ഇവരെ എത്തിക്കുന്നതു് നിങ്ങളായിരിക്കയില്ല (*സംഖ്യ. 20:1-13*).

## പിച്ചള സർപ്പം

അഹറോന്റെ മരണശേഷം ഹോർമലയിൽനിന്നും അവർ യാത്ര പുറപ്പെട്ടു. യാത്രാ മദ്ധ്യേ ജനം അക്ഷമരായി. ദൈവത്തിനും മോശയ്ക്കുമെതിരായി അവർ സംസാരിച്ചു. ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്നു ഞങ്ങൾ മടുത്തു. അപ്പോൾ കർത്താവ് ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയ സർപ്പങ്ങളെ അയച്ചു; അവയുടെ ദംശനമേറ്റു് ഇസ്രായേലിൽ വളരെപ്പേർ മരിച്ചു. ജനം മോശയുടെ അടുക്കൽ വന്നു പറഞ്ഞു. അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ച് ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോട് പ്രാർത്ഥിക്കണമേ. മോശ ജനത്തിനു വേണ്ടി പ്രാർത്ഥിച്ചു. കർത്താവ് മോശയോട് അരുളിച്ചെയ്തു: ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്തുക. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. മോശ പിച്ചളകൊണ്ടു് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തിനിർത്തി. ദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി; അവർ ജീവിച്ചു'' (*സംഖ്യ. 21:4-9*).

## ജോഷ്വാ മോശയുടെ പിൻഗാമി

കർത്താവ് കല്പിച്ചതനുസരിച്ച് ജനത്തെ കാനാൻ നാട്ടിലേയ്ക്കു നയിക്കുന്നതിനായി മോശ തന്റെ പിൻഗാമിയായി ജോഷ്വായെ ചുമതലപ്പെടുത്തി. സംഖ്യ. 27:22-''കർത്താവ്

www.malankaralibrary.com



കല്പിച്ചതുപോലെ മോശ പ്രവർത്തിച്ചു. അവൻ ജോഷ്വായെ വിളിച്ചു പുരോഹിതനായ എലെയാറസിൻെറയും സമൂഹത്തിൻെറയും മുമ്പാകെ നിത്തി അവൻെറമേൽ കൈവച്ച് കത്താവ് കല്പിച്ചതുപോലെ അവനെ നിയോഗിക്കുകയും ചെയ്തു'' (*cfr. നിയമാ. 31:1-8*).

സംഖ്യ 32:11-12-ൽ ഇപ്രകാരം പറയുന്നു. ഈജിപ്തിൽ നിന്ന് പുറപ്പെട്ടവരിൽ ഇരുപതും അതിനു മേലും വയസ്സുള്ളവരിൽ ആരും അബ്രഹാമിനും, ഇസഹാക്കിനും, യാക്കോബിനും വാഗ്ദാനംചെയ്ത ഭൂമി കാണുകയില്ല; എന്തുകൊണ്ടെന്നാൽ അവർ എന്നെ പൂർണ്ണമായി അനുസരിച്ചില്ല. എന്നാൽ....കാലെബും നൂനിൻെറ മകൻ ജോഷ്വായും അവിടെ പ്രവേശിക്കും; കാരണം അവർ കർത്താവിനെ പൂർണ്ണമായി അനുസരിച്ചു''.

ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രയേൽക്കാർ കാനാൻ നാട്ടിൽ പ്രവേശിക്കുകയും അതു് സ്വന്തമാക്കുകയും ചെയ്തു. കാനാൻ നാട്ടിൽനിന്നും കാനാൻകാരെ ഓടിച്ചുകളഞ്ഞതിനെപ്പററി കർത്താവു പറയുന്നു: ''ഈ ജനതകളുടെ ദുഷ്ടത നിമിത്തമാണ് അവിടുന്ന് അവരെ നിങ്ങളുടെ മുമ്പിൽനിന്ന് നീക്കിക്കളയുന്നതു'. നിങ്ങളുടെ നീതിയോ ഹൃദയ പരമാർത്ഥതയോ നിമിത്തമല്ല. നിങ്ങൾ അവരുടെ രാജ്യം അവകാശമാക്കാൻ പോകുന്നതു് ആ ജനതകളുടെ ദുഷ്ടത നിമിത്തവും നിങ്ങളുടെ പിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് ഇവരോട് കർത്താവു ചെയ്ത വാഗ്ദാനം നിറവേററുന്നതിനു വേണ്ടിയുമാണ് അവിടുന്ന് അവരെ നിങ്ങളുടെ മുമ്പിൽനിന്ന് നീക്കിക്കളയുന്നതു്'' (*നിയമാ. 9:4-5*).

ഇസ്രായേൽക്കാരെ തിരഞ്ഞെടുത്തതിനെപ്പററി കർത്താവു ഇപ്രകാരം പറയുന്നു: ''നിങ്ങളുടെ ദൈവമായ കർത്താവിന് നിങ്ങൾ വിശുദ്ധ ജനമാണ്; ഭൂമുഖത്തുള്ള എല്ലാ ജനതകളിൽ നിന്ന് തൻെറ സ്വന്തം ജനമാകേണ്ടതിന് അവിടുന്ന് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. കർത്താവു നിങ്ങളെ സ്നേഹിച്ചതും തിരഞ്ഞെടുത്തതും മററു ജനതകളെക്കാൾ നിങ്ങൾ എണ്ണത്തിൽ കൂടുതലായതുകൊണ്ടല്ല; നിങ്ങൾ മറെറല്ലാജനതകളെയുംകാൾ ചെറുതായിരുന്നു. കർത്താവു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പിതാക്കന്മാരോടുചെയ്ത ശപഥം പാലിക്കുകയും ചെയ്യുന്നതുകൊണ്ടാണ് തൻെറ ശക്തമായ കരത്താൽ നിങ്ങളെ പുറത്തുകൊണ്ടുവന്നതും ഈജിപ്തിലെ രാജാവായ ഫറവോയുടെ കയ്യിൽ

www.malankaralibrary.com



നിന്ന് — അടിമത്തത്തിൻെറ ഭവനത്തിൽ നിന്ന് — നിങ്ങളെ രക്ഷിച്ചതും'' (*നിയമാ. 7:6–8*).

കർത്താവു് ഇപ്രകാരം കല്പിക്കുന്നു; ''നിൻെറ ദൈവമായ കർത്താവു് തരുന്ന ദേശത്തു് നീ വരുമ്പോഠം ആ ദേശത്തെ ദുരാചാരങ്ങഠം അനുകരിക്കരുതു്. മകനെയോ മകളെയോ ഹോമിക്കുന്നവൻ, പ്രാശ്നികൻ, ലക്ഷണം പറയുന്നവൻ, ആഭിചാരക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടു്, ക്ഷുദ്രക്കാരൻ, മൃതസന്ദേശവാഹകൻ, എന്നിവരാരും നിങ്ങഠംക്കിടയിൽ ഉണ്ടായിരിക്കരുതു്. ഇത്തരക്കാർ കർത്താവിനു നിന്ദ്യരാണു്'' (*നിയമാ: 18:9–11*).

ജോഷ്വാ മരിക്കുന്നതിനു മുമ്പായി ജനങ്ങളെക്കൊണ്ടു് കർത്താവിനെ മാത്രമേ സേവിക്കുകയുള്ളു എന്നു് ഉടമ്പടി ചെയ്യിച്ചു. ''ജോഷ്വാ ജനത്തോടു പറഞ്ഞു: കർത്താവിനെ വിസ്മരിച്ചു് അന്യദേവന്മാരെ സേവിച്ചാൽ അവിടുന്നു് നിങ്ങഠംക്കെതിരെ തിരിയും....അപ്പോഠം ജനം ജോഷ്വായോടു പറഞ്ഞു: ഇല്ല; ഞങ്ങഠം കർത്താവിനെ മാത്രം സേവിക്കും. ജോഷ്വാ പറഞ്ഞു: ...നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ ഉപേക്ഷിച്ചു് നിങ്ങളുടെ ഹൃദയം ഇസ്രായേലിൻെറ ദൈവമായ കർത്താവിങ്കലേക്കു് തിരിയട്ടെ. ജനം വീണ്ടും പറഞ്ഞു: ഞങ്ങളുടെ ദൈവമായ കർത്താവിനെ ഞങ്ങഠം സേവിക്കുകയും അവിടുത്തെ വാക്കു കേഠംക്കുകയും ചെയ്യും'' (*ജോഷ്വാ. 24:19–24*).

## ന്യായാധിപന്മാർ

കാനാൻദേശം കൈവശപ്പെടുത്തി അവിടെ വാസമുറപ്പിച്ച ഇസ്രായേൽ ഗോത്രങ്ങളെ, ജോഷ്വായുടെ മരണശേഷം, അവരുടെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്നതിനായി ദൈവം അപ്പഴപ്പോഠം ചില പ്രത്യേക വ്യക്തികളെ നിയോഗിച്ചിരുന്നു. അവരെ ന്യായാധിപന്മാർ എന്നു വിളിച്ചിരുന്നു. അവർ യുദ്ധവീരന്മാരായിരുന്നു. ബി. സി. പന്ത്രണ്ടാം നൂററാണ്ടിൻെറ ആരംഭം മുതൽ പതിനൊന്നാം നൂററാണ്ടിൻെറ അവസാനം വരെയാണു് ഇവരുടെ പ്രവർത്തന കാലം. ദൈവപ്രേരണയാൽ ഇസ്രായേലിൻെറ വിമോചകരായി വർത്തിച്ച പന്ത്രണ്ടു നേതാക്കന്മാരുടെ ചരിത്രമാണു് ന്യായാധിപന്മാർ എന്ന ഗ്രന്ഥം.

www.malankaralibrary.com



## ഇസ്രായേൽ രാജ ഭരണത്തിൽ

ബി. സി. 1050–നോടു കൂടി ഇസ്രായേലിനു ഫിലിസ്ത്യരുടെ ഭീഷണി വർദ്ധിച്ചു. അവസാനത്തെ ന്യായാധിപനായ ശമുവേലിനോട്, തങ്ങൾക്ക് ഒരു രാജാവിനെ വേണമെന്ന് ഇസ്രായേൽ ജനം ശഠിച്ചു. കർത്താവിന്റെ നിർദ്ദേശപ്രകാരം ശമുവേൽ ശൗലിനെ രാജാവായി അഭിഷേകം ചെയ്തു (*1 ശമു. 10:1*).

ഫിലിസ്ത്യർക്കെതിരെയുള്ള യുദ്ധങ്ങളിൽ വിജയം വരിച്ചെങ്കിലും ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ട് ശൗൽ തിരസ്കൃതനായി. പകരം ജസ്സെയുടെ പുത്രനായ ദാവീദിനെ ശമുവേൽ രാജാവായി അഭിഷേകം ചെയ്തു. ദാവീദ് തലസ്ഥാനം ഹെബ്രോണിൽ നിന്നും ജറുശലേമിലേക്ക് മാററി. ബാഹ്യശത്രുക്കളെയെല്ലാം തോല്പിച്ച് ദാവീദ് രാജ്യത്തു് സമാധാനം സ്ഥാപിച്ചു.

ദാവീദിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കുമെന്ന വാഗ്ദാനം നാഥാൻ വഴി കർത്താവു നൽകി. "നിന്റെ കുടുംബവും രാജത്വവും എന്റെ മുമ്പിൽ സ്ഥിരമായിരിക്കും. നിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കും. ഈ വാക്കുകളും ദർശനവും നാഥാൻ ദാവീദിനെ അറിയിച്ചു". (*2 ശമു. 7:16–17*). വരാനിരിക്കുന്ന രക്ഷകൻ ദാവീദിന്റെ സന്താന പരമ്പരയിൽപ്പെട്ടവൻ ആയിരിക്കുമെന്ന വിശ്വാസത്തിന്റെ ഉറവിടം ഈ വാഗ്ദാനമാണ്.

"അപ്പോൾ ദാവീദ് രാജാവ് കൂടാരത്തിനകത്തു ചെന്ന് കർത്താവിന്റെ സന്നിധിയിലിരുന്ന് പ്രാർത്ഥിച്ചു. ദൈവമായ കർത്താവേ, അങ്ങ് എന്നെ ഇത്രത്തോളം ഉയർത്താൻ ഞാനും എന്റെ കുടുംബവും എന്താകുന്നു? ദൈവമായ കർത്താവേ, ഇതു് അങ്ങേയ്ക്കു് എത്ര നിസ്സാരം. വരുവാനുള്ള ദീർഘകാലത്തേയ്ക്കു് അങ്ങയുടെ ദാസന്റെ കുടുംബത്തിന്റെ വിദൂര ഭാവിയെക്കുറിച്ചും വരും തലമുറകളെക്കുറിച്ചും അങ്ങ് അരുളിച്ചെയ്തിരിക്കുന്നുവല്ലൊ" (*2 ശമു. 7:18–19*).

ഉറിയായുടെ ഭാര്യയായ ബത്ഷെബായെ സ്വന്തമാക്കാൻ ദാവീദ് കാട്ടിയ വൻ ചതി നാഥാന്റെ ശക്തമായ ശാസനത്തിനു് വിധേയമായി. തെററു മനസ്സിലാക്കിയ ദാവീദ് ഉള്ളുരുകി അനുതപിച്ചു. ദാവീദിന്റെ ഏററുപറച്ചിലാണ് 51–ാം സങ്കീർത്തനം.

www.malankaralibrary.com



## ശലോമോൻ

നാല്പതു വർഷത്തെ ഭരണത്തിനുശേഷം ദാവീദ് മരിച്ചു. ദാവീദിന്റെ പിൻഗാമിയായി മകൻ ശലോമോൻ B. C. 970-ൽ ഭരണം ഏറ്റെടുത്തു. ദാവീദിനു ബത്ഷെബായിൽ ജനിച്ച പുത്രനാണ് ശലോമോൻ.

ശലോമോന്റെ ഭരണകാലത്ത് ഇസ്രായേൽ ജനം ഐശ്വര്യത്തിലും സമാധാനത്തിലും കഴിഞ്ഞു. ശലോമോന്റെ ജ്ഞാനം എക്കാലത്തും പ്രകീർത്തിക്കപ്പെടുന്നു. ദാവീദ് പണിയാൻ ആഗ്രഹിച്ച ദേവാലയം ശലോമോൻ യെറുശലേമിൽ പണിയിച്ചു. "ഇസ്രയേൽ ജനം ഈജിപ്റ്റിൽനിന്ന് മോചിതരായതിന്റെ നാനൂറ്റിയെൺപതാം വർഷം അതായത്, ശലോമോന്റെ ഭരണത്തിന്റെ നാലാം വർഷം, രണ്ടാമത്തെ മാസമായ സീവിൽ അവൻ ദേവാലയത്തിന്റെ പണി ആരംഭിച്ചു" (*1 രാജാ. 6:1*). ദേവാലയ നിർമ്മാണത്തിനു ഏഴു വർഷം വേണ്ടിവന്നു (*1 രാജാ. 6:38*).

യഹോവ ശലോമോനോട് പറഞ്ഞു: "നീയോ നിന്റെ മക്കളോ എന്നെ ഉപേക്ഷിച്ച് എന്റെ കല്പനകളും നിയമങ്ങളും പാലിക്കാതെ, അന്യ ദേവന്മാരെ സേവിക്കുകയും ആരാധിക്കുകയും ചെയ്താൽ ഞാൻ നല്കിയിരിക്കുന്ന ദേശത്തുനിന്ന് ഇസ്രായേലിനെ ഞാൻ വിച്ഛേദിക്കും. എനിക്കുവേണ്ടി ഞാൻ വിശുദ്ധീകരിച്ച ഈ ആലയം എന്റെ മുമ്പിൽ നിന്നു ഞാൻ നീക്കിക്കളയും" (*1 രാജാ. 9:6-7*).

ശലോമോന് അനേകം വിജാതീയ ഭാര്യമാർ ഉണ്ടായിരുന്നു. അവരുടെ പ്രേരണ നിമിത്തം അവൻ അന്യദേവന്മാരിലേക്കു തിരിഞ്ഞു. അതുകൊണ്ട് അവൻ ശിക്ഷിക്കപ്പെട്ടു. 'രണ്ടുപ്രാവശ്യം പ്രത്യക്ഷനാകുകയും അന്യദേവന്മാരെ സേവിക്കരുതെന്ന് ആജ്ഞാപിക്കുകയുംചെയ്ത ഇസ്രായേലിന്റെ ദൈവമായ കർത്താവിൽ നിന്ന് അവൻ അകന്നുപോകുകയും അവിടുത്തെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്തതിനാൽ, അവിടുന്ന് അവനോട് കോപിച്ചു. കർത്താവ് ശലോമോനോട് അരുളിച്ചെയ്തു. നിന്റെ മനസ്സ് ഇങ്ങനെ തിരിയുകയും എന്റെ ഉടമ്പടിയും ഞാൻ നല്കിയ കല്പനകളും പാലിക്കാതിരിക്കുകയും ചെയ്തതിനാൽ, ഞാൻ രാജ്യം നിന്നിൽനിന്ന് പറിച്ചെടുത്ത് നിന്റെ ദാസനു നല്കും. എന്നാൽ നിന്റെ പിതാവായ ദാവീദിനെയോർത്ത്, നിന്റെ ജീവിതകാലത്ത് ഇതു ഞാൻ

www.malankaralibrary.com


ചെയ്യുകയില്ല; നിന്റെ മകന്റെ കരങ്ങളിൽനിന്നു് അതു ഞാൻ വേർപെടുത്തും. രാജ്യം മുഴുവനും എടുത്തുകളയുകയില്ല. എന്റെ ദാസനായ ദാവീദിനെയും ഞാൻ തെരഞ്ഞെടുത്ത യറുശലേമിനെയും ഓർത്തു് നിന്റെ പുത്രനു് ഒരു ഗോത്രം നൽകും". (*1 രാജാ. 11:9–13*).

## രാജ്യം വിഭജിക്കപ്പെടുന്നു

ശലോമോന്റെ മരണശേഷം മകൻ റഹോബൊവാം ഭരണമേററു. അദ്ദേഹത്തിനു് എല്ലാ ഗോത്രങ്ങളെയും യോജിപ്പിച്ചു കൊണ്ടുപോകാൻ സാധിച്ചില്ല. 931–ൽ യൂദാ, ഇസ്രായേൽ എന്നിങ്ങനെ രണ്ടു രാജ്യങ്ങളായി ദേശം വിഭജിക്കപ്പെട്ടു. യൂദാ, ബഞ്ചമിൻ ഗോത്രങ്ങൾ ഒരു വശത്തും, മററു് പത്തു് ഗോത്രങ്ങൾ മറുവശത്തും. യൂദായുടെ തലസ്ഥാനം യെറുശലേമും ഇസ്രായേലിന്റെ തലസ്ഥാനം സമരിയായുമായിരുന്നു.

ബി. സി. 931 മുതൽ 721 വരെ പതിനെട്ടു രാജാക്കന്മാർ ഇസ്രായേലിൽ ഭരണം നടത്തി. ഇസ്രായേലിലെ എല്ലാ രാജാക്കന്മാരും ദൈവഹിതത്തിനെതിരായി പ്രവർത്തിച്ചു. ബി. സി. 721–ൽ ഇസ്രായേൽ നശിപ്പിക്കപ്പെട്ടു. ഇസ്രായേൽക്കാരിൽ പലരേയും അസീറിയാക്കാർ തടവുകാരായികൊണ്ടുപോയി. യൂദായിലെയും ചില രാജാക്കന്മാർ ഒഴിച്ചു് ഭൂരിപക്ഷം പേരും ദൈവഹിതത്തിനെതിരായി പ്രവർത്തിച്ചു. യൂദായിലും ഇസ്രായേലിലും ഈ കാലഘട്ടത്തിൽ പ്രവാചകന്മാർ ശക്തമായി പ്രവർത്തിച്ചിരുന്നു. ഏലിയാ, ഏലീശാ, ആമോസ്, ഹോസിയാ എന്നിവർ ഇസ്രായേലിലും, ഏശയ്യാ, ജറെമിയാ എന്നിവർ യൂദായിലും പ്രവർത്തിച്ചിരുന്നു. 587–ൽ യെറുശലേം നഗരവും ദേവാലയവും നശിപ്പിക്കപ്പെട്ടു. യഹൂദർ ബാബിലോണിന്റെ അടിമകളും പ്രവാസികളും ആയി.

ഇസ്രായേൽക്കാർ ദൈവവുമായി ഉടമ്പടി ചെയ്തുവെങ്കിലും പലപ്പോഴും അവർ ഉടമ്പടി ലംഘിക്കുകയും അവിശ്വസ്തമായി പെരുമാറുകയും ചെയ്തു.

ഏശയ്യാ പ്രവാചകനു് യെറുശലേമിനെപ്പററിയുള്ള ദർശനത്തിൽ ഇപ്രകാരം പറയുന്നു: "ആകാശങ്ങളേ, ശ്രവിക്കുക. ഭൂതലമേ, ശ്രദ്ധിക്കുക. കർത്താവു അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോററിവളർത്തി; എന്നാൽ അവർ എന്നോടു് കലഹിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത

www.malankaralibrary.com



അതിൻെറ യജമാനൻെറ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഗ്രഹിക്കുന്നില്ല; എൻെറ ജനം മനസ്സിലാക്കുന്നില്ല'' (*ഏശയ്യാ. 1:2_3*).

കർത്താവ് അരുളിച്ചെയ്തു: ഈ ജനം വാക്കുകൊണ്ടുമാത്രം എന്നെ സമീപിക്കുകയും അധരംകൊണ്ടു മാത്രം എന്നെ ആരാധിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്ന് അകന്നിരിക്കുന്നു'' (*ഏശയ്യാ 29:13*).

''രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിൻെറ കരം കുറുകിപ്പോയിട്ടില്ല; കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല. നിൻെറ അകൃത്യങ്ങൾ നിന്നെയും ദൈവത്തേയും തമ്മിൽ അകററിയിരിക്കുന്നു; നിൻെറ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽ നിന്നു മറച്ചിരിക്കുന്നു. അതിനാൽ അവിടുന്ന് നിൻെറ പ്രാർത്ഥന കേൾക്കുന്നില്ല'' (*ഏശയ്യാ. 59:1_2*).

''എൻെറ ജനം രണ്ടു തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിൻെറ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു'' (*ജറെമിയാ 2:13*).

''കർത്താവ് അരുളിച്ചെയ്യുന്നു: അവിശ്വസ്തയായ ഇസ്രായേലേ, തിരിച്ചുവരുക. ഞാൻ നിന്നോടു കോപിക്കുകയില്ല. ഞാൻ കാരുണ്യവാനാണ്. ....നിൻെറ ദൈവമായ കർത്താവിനോടു നീ മറുതലിച്ചു. പച്ചമരങ്ങളുടെ കീഴിൽ അന്യദേവന്മാർക്കു നിന്നെത്തന്നെ കാഴ്ചവച്ചു; നീ എന്നെ അനുസരിച്ചില്ല. ഈ കുററങ്ങൾ നീ ഏററു പറഞ്ഞാൽ മതി—കർത്താവു അരുളിച്ചെയ്യുന്നു'' (*ജറെമിയാ 3:12_13*).

''എന്നാൽ ആ നാളുകളിൽപോലും നിന്നെ ഞാൻ പൂർണ്ണമായി നശിപ്പിക്കുകയില്ല'' (*ജറെമിയാ 5:18*).

''നിന്നെ പൂർണ്ണമായി നശിപ്പിക്കുകയില്ല, നീതിപൂർവ്വം ഞാൻ നിന്നെ ശാസിക്കും; ശിക്ഷിക്കാതെ വിടുകയില്ല'' (*ജറെമിയാ 30:11*)

ഇസ്രായേലിൻെറ തിരിച്ചുവരവിനെപ്പററി പറയുന്നു. ''ഇസ്രായേൽ വിശ്രമം കണ്ടെത്താൻ പോവുകയാണ്. വിദൂരത്തിൽനിന്ന് കർത്താവ് അവനോട് പ്രത്യക്ഷനായി അരുളിച്ചെയ്തു: എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോ

www.malankaralibrary.com



ട്ടുള്ള വിശ്വസ്തത അചഞ്ചലവും. കന്യകയായ ഇസ്രായേലെ നിന്നെ ഞാൻ വീണ്ടും പണിതുയർത്തും'' (*ജറെ. 31:3–4*).

ബാബിലോണിലെ പ്രവാസകാലത്ത് യഹൂദൻമാരെ പ്രബോധിപ്പിച്ചിരുന്ന പ്രവാചകനായിരുന്ന എസേക്കിയേൽ. അവരുടെ പാപങ്ങളുടെ ഫലമായിട്ടുള്ള ശിക്ഷകളാണ് അവർ അനുഭവിക്കുന്നത് എന്ന് എസേക്കിയേൽ അവരോടു പറയുന്നു. പക്ഷെ വിമോചനത്തിൻെറ വാഗ്ദാനവും പ്രവാചകൻ നല്കുന്നുണ്ട്; അനുതപിക്കണമെന്നു മാത്രം.

എസേക്കി. 33:11–ൽ പറയുന്നു: ''ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാനാണേ, ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ട മാർഗ്ഗത്തിൽ നിന്ന് പിൻതിരിഞ്ഞു് ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം. പിൻതിരിയുവിൻ; തിന്മയിൽനിന്ന് പിൻതിരിയുവിൻ''. എസേക്കി. 33:15. ''അവർ ദുർമാർഗ്ഗത്തിൽനിന്ന് പിൻതിരിഞ്ഞ് നീതിയും ന്യായവും പ്രവർത്തിക്കുകയും, തൻെറ വാഗ്ദാനം നിറവേററുകയും കവർച്ചവസ്തുക്കൾ തിരിയെ കൊടുക്കുകയും ജീവൻെറ പ്രമാണങ്ങൾ പാലിക്കുകയും തിന്മ പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ അവൻ തീർച്ചയായും ജീവിക്കും; അവൻ മരിക്കുകയില്ല''.

എസേക്കി. 34.15—16. ''ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു. ഞാൻ തന്നെ എൻെറ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമ സ്ഥലം നല്കും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴിതെററിപ്പോയതിനെ ഞാൻ തിരിച്ചു കൊണ്ടുവരും; മുറിവേററതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും; കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും''.

എസേക്കി. 37:21—22. ''ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു: ഇതാ ചിതറിപ്പോയിരിക്കുന്ന ജനതകളുടെ ഇടയിൽ നിന്ന് ഇസ്രായേൽ ജനത്തെ ഞാൻ കൊണ്ടുവരും; എല്ലാ ദിക്കുകളിലും നിന്ന് ഞാൻ അവരെ ഒന്നിച്ചുകൂട്ടി സ്വദേശത്തേക്കു കൊണ്ടുവരും. സ്വദേശത്ത് ഇസ്രായേലിൻെറ മലകളിൽ ഞാൻ അവരെ ഒരൊററ ജനതയാക്കും. ഒരു രാജാവ് അവരുടെ മേൽ ഭരണം നടത്തും. ഇനിയൊരിക്കലും അവർ രണ്ടു ജനതകളായിരിക്കുകയില്ല; രണ്ടു രാജ്യങ്ങളായി ഭിന്നിച്ചു നില്ക്കുകയുമില്ല''.

എസേക്കി. 39:23; 27. ''ഇസ്രായേൽ ഭവനം തങ്ങളുടെ ദുഷ്പ്രവൃത്തികൾ മൂലമാണ് അടിമത്തത്തിലകപ്പെട്ടതെന്ന്

www.malankaralibrary.com



ജനതകൾ ഗ്രഹിക്കും. അവർ അവിശ്വസ്തമായി എന്നോട് പെരുമാറി. അതുകൊണ്ട് ഞാൻ അവരിൽനിന്ന് മുഖം മറച്ച് അവരെ ശത്രുക്കളുടെ പിടിയിൽ ഏല്പിച്ചുകൊടുത്തു''.

''ജനതകളുടെയിടയിൽനിന്ന് ഞാൻ അവരെ തിരിയെ കൊണ്ടുവരുകയും ശത്രുരാജ്യങ്ങളിൽനിന്ന് അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യും. അങ്ങനെ അവരിലൂടെ അനേകം ജനതകളുടെ മുമ്പിൽ എന്റെ വിശുദ്ധി ഞാൻ വെളിപ്പെടുത്തും''.

## പ്രവാസികൾ തിരിച്ചുവരുന്നു

ബി. സി. 538-ൽ ബാബിലോൺ സാമ്രാജ്യം പേർഷ്യക്കാർക്കു കീഴടങ്ങി. പ്രവാസികളായ യഹൂദർക്കു യെറുശലേത്തേക്കു തിരിച്ചുപോകുന്നതിനും അവിടെച്ചെന്ന് ദേവാലയം വീണ്ടും പണിയുന്നതിനും അനുവദിക്കുന്ന വിളംബരം പേർഷ്യൻ രാജാവായ സൈറസ് പുറപ്പെടുവിച്ചു. തിരിച്ചുപോയ ആദ്യഗണം പ്രവാസികൾ ബി. സി. 515-ൽ ദേവാലയം പണിതീർത്തു പ്രതിഷ്ഠിച്ചു. എസ്രായും നെഹെമിയായും മതനവീകരണപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

ബി. സി. 63-ൽ റോമൻ പട്ടാളം പോംപേയുടെ നേതൃത്വത്തിൽ യെറുശലേം പിടിച്ചടക്കി. ബി. സി. 40-ൽ ഹേറോദേസിനെ രാജാവാക്കി. ഈ ഹേറോദേസ് യെറുശലേം ദേവാലയം നവീകരിച്ചു.

## വരാനിരുന്ന മിശിഹായെപ്പററിയുള്ള ചില പ്രവചനങ്ങൾ

ഏശയ്യാ 9:6. ''എന്തെന്നാൽ നമുക്കു് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും.

ഏശയ്യാ 53:4—7. ''നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചതു്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നതു്....നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു; നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേല്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു് രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.......നമ്മുടെ അകൃത്യങ്ങൾ

www.malankaralibrary.com



കർത്താവ് അവന്റെ മേൽ ചുമത്തി. അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല''.

മീക്കാ. 5:2. ''ബത്‌ലഹേം-എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കുമുമ്പേ ഉള്ളവനാണ്''.

സഖറിയാ 9:9 ''ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേയ്ക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്തുകയറി വരുന്നു''.

സഖറി. 11:13. ''അവർ എന്റെ കൂലിയായി മുപ്പതു ഷെക്കൽ തൂക്കിത്തന്നു. കർത്താവ് എന്നോടു അരുളിച്ചെയ്തു: അതു് ഭണ്ഡാരത്തിൽ നിക്ഷേപിക്കുക-അവൻ എനിക്കു് മതിച്ച നല്ല വില''.

ഈ പ്രവചനങ്ങളെല്ലാം യേശുക്രിസ്തുവിൽ നിറവേറിയതായി പുതിയനിയമത്തിൽ നമുക്കു് കാണാം.

www.malankaralibrary.com



# അധ്യായം VI

## പുതിയനിയമം

### രക്ഷകന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ

വി. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:– "ഹേറോദേസ് യൂദയാ രാജാവായിരുന്ന കാലത്ത്, അബിയായുടെ വിഭാഗത്തിൽ സഖറിയാസ് എന്നുപേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹറോന്റെ പുത്രിമാരിൽപ്പെട്ട എലിസബേത്ത് ആയിരുന്നു അവന്റെ ഭാര്യ....അവർക്ക് സന്താനമുണ്ടായിരുന്നില്ല. എന്തെന്നാൽ, എലിസബേത്ത് വന്ധ്യയായിരുന്നു. അവർ രണ്ടുപേരും പ്രായം കവിഞ്ഞവരുമായിരുന്നു. സഖറിയാസ് തന്റെ വിഭാഗത്തിന് നിശ്ചയിക്കപ്പെട്ടിരുന്ന ക്രമമനുസരിച്ച് ദൈവസന്നിധിയിൽ ശുശ്രൂഷനടത്തിവരവേ, പുരോഹിതർ അനുഷ്ഠിച്ചുപോന്ന ആചാരപ്രകാരം കർത്താവിന്റെ ഭവനത്തിൽ പ്രവേശിച്ച് ധൂപം സമർപ്പിക്കാൻ അവനു കുറികിട്ടി. ധൂപാർപ്പണസമയത്ത് ജനക്കൂട്ടം മുഴുവൻ വെളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ഒരു മാലാഖ ധൂപപീഠത്തിന്റെ വലതുവശത്ത് നിൽക്കുന്നതായി അവനു പ്രത്യക്ഷപ്പെട്ടു........മാലാഖ അവനോടു പറഞ്ഞു: സഖറിയാസ്, നീ ഭയപ്പെടേണ്ടാ. എന്തെന്നാൽ നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു, നിന്റെ ഭാര്യ എലിസബേത്ത് നിനക്ക് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യോഹന്നാൻ എന്നു പേരു നല്കണം........ കത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മററു ലഹരിപാനീയങ്ങളോ അവൻ കുടിക്കയില്ല. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും........സഖറിയാസ് മാലാഖയോടു ചോദിച്ചു: ഞാൻ ഇതു എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്, എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്. മാലാഖ മറുപടി പറഞ്ഞു: ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രിയേൽ ആണ്.......യഥാകാലം പൂർത്തിയാകാനിരിക്കുന്ന എന്റെ ഈ വചനങ്ങൾ അവിശ്വസി

www.malankaralibrary.com



ച്ചതുകൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതു വരെ സംസാരിക്കാൻ നിനക്ക് സാധിക്കയില്ല........പുറത്തു വന്നപ്പോൾ സംസാരിക്കുന്നതിന് സഖറിയാസിനു കഴിഞ്ഞില്ല. ....ഈ ദിവസങ്ങൾക്കുശേഷം അവന്റെ ഭാര്യയായ എലിസബേത്ത് ഗർഭം ധരിച്ചു (*ലൂക്കാ. 1:5—24*). എലിസബേത്ത് പുത്രനെ പ്രസവിച്ചശേഷം എട്ടാം ദിവസമാണ് സംസാരശക്തി തിരിച്ചുകിട്ടിയത് (*ലൂക്കാ. 1:62-64*).

## രക്ഷകന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്

"ആറാം മാസത്തിൽ ഗബ്രിയേൽ മാലാഖ ഗലീലിയിൽ നസറത്ത് എന്നു വിളിക്കപ്പെടുന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുക്കലേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. ആ കന്യകയുടെ പേര് മറിയം എന്നായിരുന്നു. അവൻ അവളുടെ അടുക്കൽ വന്നു പറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി. കർത്താവു നിന്നോടു കൂടെ. ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി; എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്ന് അവൾ ചിന്തിച്ചു. അപ്പോൾ മലാഖ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; എന്തെന്നാൽ, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരു നല്കണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല. മറിയം മാലാഖയോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. മാലാഖ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവു നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ, ജനിക്കുവാനിരിക്കുന്ന പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ഇതാ, നിന്റെ ചാർച്ചക്കാരിയായ എലിസബേത്തും വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യ എന്നു വിളിക്കപ്പെട്ടിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലല്ലോ.

www.malankaralibrary.com



മറിയം പറഞ്ഞു: ഇതാ കർത്താവിൻെറ ദാസി! നിൻെറ വാക്ക എന്നിൽ നിറവേറട്ടെ! അപ്പോഠം മാലാഖ അവളുടെ മുമ്പിൽ നിന്ന മറഞ്ഞു'' (*ലൂക്കാ. 1:26-38*).

## യേശുവിൻെറ ജനനം

''യേശുവിൻെറ ജനനം ഇപ്രകാരമായിരുന്നു. അവൻെറ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിന മുമ്പ് അവഠം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവൻ ഇതേക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കുമ്പോഠം, കർത്താവിൻെറ ദൂതൻ പ്രത്യക്ഷപ്പെട്ടു് അവനോടു പറഞ്ഞു: ദാവീദിൻെറ പുത്രനായ ജോസഫ്, മറിയത്തെ നിൻെറ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. എന്തെന്നാൽ അവഠം ഗർഭം ധരിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിൽ നിന്നാകുന്നു. അവഠം ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു് പേരു നല്കണം. എന്തെന്നാൽ അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു് മോചിപ്പിക്കും. ഇതെല്ലാം സംഭവിച്ചതു് പ്രവാചകൻ മുഖേന കർത്താവു് അരുളിച്ചെയ്തതു് പൂർത്തിയാകുവാൻ വേണ്ടിയാണു്. ''കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നു് അവൻ വിളിക്കപ്പെടും''. ജോസഫ് നിദ്രയിൽനിന്നുണർന്നു് കർത്താവിൻെറ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു; അവൻ തൻെറ ഭാര്യയെ സ്വീകരിച്ചു'' (*മത്താ. 1:18-25*).

''കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും'' എന്നുള്ളതു്, ഏശയ്യാ 7:14-ൻെറ പൂർത്തീകരണമാണെന്നാണു് സുവിശേഷകൻ പറഞ്ഞിരിക്കുന്നതു്.

യേശുവിൻെറ ജനനത്തെപ്പററി വിശുദ്ധ ലൂക്കോസിൻെറ സുവിശേഷത്തിൽ താഴെവരുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

''ആ ദിവസങ്ങളിൽ ലോകമാസകലമുള്ള ജനങ്ങളുടെ പേരു് എഴുതിച്ചേർക്കപ്പെടണം എന്നു് അഗസ്റ്റസ് സീസറിൽ നിന്നു് ഒരു കല്പന പുറപ്പെട്ടു. ക്വിരിനിയോസ് സിറിയായുടെ ഗവർണ്ണറായിരിക്കുമ്പോഠം ഈ ആദ്യത്തെ പേരെഴുത്തു

www.malankaralibrary.com



നടന്നു. പേരെഴുതിക്കുവാനായി ഓരോരുത്തരും താന്താങ്ങളുടെ നഗരത്തിലേയ്ക്കു പോയി. ജോസഫ് ദാവീദിൻെറ കുടുംബത്തിലും വംശത്തിലും പെട്ടവനായിരുന്നതിനാൽ, പേരെഴുതിക്കുവാനായി ഗലീലിയിലെ പട്ടണമായ നസറത്തിൽനിന്നു യൂദയായിൽ ദാവീദിൻെറ പട്ടണമായ ബത്ലഹേമിലേയ്ക്ക്, തനിക്ക് വിവാഹനിശ്ചയം ചെയ്യപ്പെട്ടവളും ഗർഭിണിയുമായ മറിയത്തോടുകൂടി പോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തൻെറ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൾകൊണ്ടു പൊതിഞ്ഞു് പുൽക്കൂട്ടിൽ കിടത്തി. സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല'' (*ലൂക്കോ. 2:1_7*).

## ആട്ടിടയന്മാർക്കു ലഭിച്ച സന്ദേശം

''ആ പ്രദേശത്തെ വയലുകളിൽ, തങ്ങളുടെ ആടുകളെ സൂക്ഷിച്ചുകൊണ്ട് രാത്രി കഴിച്ചുകൂട്ടിയിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിൻെറ ഒരു മാലാഖ അവരുടെ അടുത്തെത്തി.... മാലാഖ അവരോടു പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ടാ. ഇതാ, സകല മനുഷ്യർക്കും വേണ്ടിയുള്ള മഹത്തായ സന്തോഷത്തിൻെറ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു. ഇതു് നിങ്ങൾക്ക് അടയാളമായിരിക്കും. പിള്ളക്കച്ചകൾകൊണ്ട് പൊതിഞ്ഞു്, പുൽക്കൂട്ടിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. പെട്ടെന്നു്, സ്വർഗ്ഗീയ സൈന്യത്തിൻെറ ഒരു വ്യൂഹം ആ മാലാഖയോടുകൂടി പ്രത്യക്ഷപ്പെട്ടു ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം'' (*ലൂക്കോ. 2:8—14*)

## പരിഛേദനവും സമർപ്പണവും

''ശിശുവിൻെറ പരിഛേദനത്തിനുള്ള എട്ടുദിവസം തികഞ്ഞപ്പോൾ അവനെ ഗർഭം ധരിക്കുന്നതിനു മുമ്പ് മാലാഖ നിർദ്ദേശിച്ചിരുന്ന, യേശു എന്ന പേരു് അവനു നല്കി.

മോശയുടെ നിയമമനുസരിച്ച്, അവരുടെ ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, കർത്താവിനു സമർപ്പിക്കുവാനായി അവനെ അവർ ജറുസലേമിലേക്കു കൊണ്ടുപോയി........

www.malankaralibrary.com



ജറുസലെമിൽ ശിമയോൻ എന്നൊരാരം ജീവിച്ചിരുന്നു. ....കർത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ മരിക്കയില്ല എന്നു പരിശുദ്ധാത്മാവു് അയാരംക്കു വെളിപ്പെടുത്തിയിരുന്നു. ....ശിമയോൻ ശിശുവിനെ കൈയിലെടുത്തു്, ദൈവത്തെ സ്തുതിച്ചുകൊണ്ടു് പറഞ്ഞു: കർത്താവേ, നിൻെറ വാഗ്ദാനമനുസരിച്ചു് ഇപ്പോരം നിൻെറ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ! എന്തെന്നാൽ, സകല ജനങ്ങരംക്കും വേണ്ടി നീ തയ്യാറാക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകരം കണ്ടു കഴിഞ്ഞു. അതു വിജാതീയക്കു വെളിപാടിനുള്ള പ്രകാശവും നിൻെറ ജനമായ ഇസ്രായേലിൻെറ മഹിമയും ആകുന്നു. ....ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ടു അവൻെറ അമ്മയായ മറിയത്തോടു പറഞ്ഞു: ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും........നിൻെറ ആത്മാവിലൂടെ ഒരുവാരം തുളച്ചുകയറുകയും ചെയ്യും'' (*ലൂക്കോ. 2: 21—35*).

## ജ്ഞാനികളുടെ സന്ദർശനം

''ഹേറോദേസു് രാജാവിൻെറ കാലത്തു് യൂദയായിലെ ബെത്ലഹേമിൽ യേശു ജനിച്ചപ്പോരം പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികരം ജറുസലേമിലെത്തി. അവർ അന്വേഷിച്ചു: എവിടെയാണു് യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ? ഞങ്ങരം കിഴക്കു് അവൻെറ നക്ഷത്രം കണ്ടു് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണു്. ഇതുകേട്ടു് ഹേറോദേസു് രാജാവു് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലേം മുഴുവനും അയാരം പ്രധാനപുരോഹിതന്മാരെയും ജനങ്ങളുടെ ഇടയിലെ നിയമജ്ഞരേയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെയാണു് ജനിക്കുന്നതു് എന്നു് അവരോടുചോദിച്ചു. അവർ പറഞ്ഞു: യൂദയായിലെ ബെത്ലഹേമിൽ; എന്തുകൊണ്ടെന്നാൽ പ്രവാചകൻ ഇപ്രകാരം എഴുതിയിരിക്കുന്നു: ''യൂദായുടെ നാട്ടിലെ ബത്ലഹേമേ, നീ യൂദായുടെ ഭരണാധിപന്മാരിൽ ഒട്ടും താഴെയല്ല; എന്തെന്നാൽ എൻെറ ജനമായ ഇസ്രായേലിനെ മേയിക്കാനുള്ള ഭരണാധിപൻ നിന്നിൽനിന്നു് ഉത്ഭവിക്കും''. അപ്പോരം ഹേറോദേസു് ആ ജ്ഞാനികളെ രഹസ്യത്തിൽ വിളിച്ചു്, നക്ഷത്രം അവർക്കു പ്രത്യക്ഷപ്പെട്ടതെപ്പോഴെന്നു് ആകാംക്ഷയോടെ അന്വേഷിച്ചു. അയാരം അവരെ ബെത്ലഹേമിലേക്കു് അയച്ചുകൊണ്ടു പറഞ്ഞു: പോയി ശിശുവിനെപ്പററി സൂക്ഷ്മമായി അന്വേഷിക്കുക; അവനെ കണ്ടുകഴിയുമ്പോരം, ഞാനും വന്നു് ആരാധിക്കേ

www.malankaralibrary.com



ണ്ടതിന്" എന്നേയും അറിയിക്കുക. രാജാവു പറഞ്ഞതു കേട്ടു കൊണ്ട്" അവർ പുറപ്പെട്ടു. ഇതാ, അവർ കിഴക്കു കണ്ട നക്ഷത്രം അവർക്കു മുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നു നിന്നു. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു അവർ ഭവനത്തിൽ പ്രവേശിച്ച്", ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും കുമ്പിട്ട്" ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന്" പൊന്നും മീറയും കുന്തുരുക്കവുമെടുത്ത്" കാഴ്ചയർപ്പിച്ചു. ഹെറോദേസിന്റെ അടുക്കലേക്കു മടങ്ങിപ്പോകരുതെന്ന്" സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ചതനുസരിച്ച്" അവർ മറ്റൊരു വഴിയേ സ്വദേശത്തേക്കു പോയി'' (*മത്താ. 2:1—12*).

## ഈജിപ്തിലേയ്ക്കുള്ള പലായനം

''അവർ പോയിക്കഴിഞ്ഞപ്പോൾ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു: എഴുന്നേററ്" ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട്", ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക. എന്തെന്നാൽ, ഹേറോദേസ്" ശിശുവിനെ നശിപ്പിക്കുവാൻവേണ്ടി ഉടനെ അന്വേഷണം തുടങ്ങും. അവൻ ഉണർന്ന്", ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട്" ആ രാത്രിയിൽ തന്നെ ഈജിപ്തിലേയ്ക്കു പോയി. ഹേറോദേസിന്റെ മരണംവരെ അവിടെ വസിച്ചു.......

ജ്ഞാനികൾ തന്നെ വഞ്ചിച്ചെന്നു മനസ്സിലാക്കിയ ഹേറോദേസ്" രോഷാകുലനായി. അവരിൽനിന്നു മനസ്സിലാക്കിയ സമയമനുസരിച്ച്" അയാൾ ബത്‌ലഹേമിലേയും അതിനു ചുററുമുള്ള പ്രദേശങ്ങളിലെയും രണ്ടു വയസ്സും താഴെയും പ്രായമുള്ള എല്ലാ ആൺകുട്ടികളേയും ആളയച്ചു കൊല്ലിച്ചു'' (*മത്തായി 2:13–16*).

## നസ്രത്തിലേക്കുള്ള പ്രത്യാഗമനം

''ഹേറോദേസിന്റെ മരണത്തിനുശേഷം കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ ജോസഫിന്" പ്രത്യക്ഷപ്പെട്ട്" ഇപ്രകാരം പറഞ്ഞു: എഴുന്നേററ്", ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട്", ഇസ്രായേൽ ദേശത്തേക്കു മടങ്ങുക; ശിശുവിന്റെ ജീവനെ അന്വേഷിച്ചിരുന്നവർ മരിച്ചുകഴിഞ്ഞു. അവൻ എഴുന്നേററ്", ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട്",

www.malankaralibrary.com



ഇസ്രായേൽ ദേശത്തേക്ക വന്നു. ....സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് അവൻ ഗലീലി പ്രദേശത്തേക്ക പോയി ...... നസറത്ത് എന്നു പേരുള്ള പട്ടണത്തിൽ അവൻ ചെന്നു പാർത്തു'' (*മത്ത. 2:19_23*).

മേലുദ്ധരിച്ച വാക്യങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. യേശുവിന്റെ ജനനം മാനുഷികമായ രീതിയിലല്ല സംഭവിച്ചത്; മറിയാമിൽനിന്നു ജനിച്ച യേശു ദൈവപുത്രൻ തന്നെയാണ്. മാലാഖ മറിയാമിനോട് മറുപടി പറഞ്ഞു: ''പരിശുദ്ധാത്മാവു നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കുവാനിരിക്കുന്ന പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും (*ലൂക്കോ. 1:35*). യേശുവിന് ഒരു മാനുഷിക പിതാവില്ല. ജോസഫ് അറിയാതെയാണ് മറിയം ഗർഭവതിയാകുന്നത്. മാലാഖ ജോസഫിനോട് പറഞ്ഞു: ''ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ നിന്റെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. എന്തെന്നാൽ അവരം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാകുന്നു'' (*മത്താ. 1:20*).

വി. യോഹന്നാന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു: ''ആദിയിൽ തന്നെ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു'' (*യോഹ. 1:1*). വീണ്ടും പറയുന്നു: ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' (*യോഹ. 41:1*). ഇവിടെ പിതാവിൽനിന്ന് നിത്യതയിൽനിന്നുള്ള വചനമായ പുത്രന്റെ ജനനത്തെയും, ഈ ലോകത്തിലുള്ള മനുഷ്യാവതാരത്തെയും സൂചിപ്പിക്കുന്നു.

യേശു എന്ന വാക്കിന്റെ അർത്ഥം രക്ഷകൻ എന്നാണ്. 'മ്ശിഹൊ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. അതേ അർത്ഥം വരുന്ന ക്രിസ്റ്റോസ് എന്ന ഗ്രീക്ക പദത്തിൽ നിന്നാണ് ക്രിസ്തു എന്ന വാക്ക് ഉത്ഭവിച്ചിരിക്കുന്നത്. പഴയനിയമകാലത്ത് പുരോഹിതന്മാരേയും രാജാക്കന്മാരെയും തലയിൽ എണ്ണ ഒഴിച്ച് അഭിഷേകം ചെയ്തിരുന്നു.

യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. യേശുക്രിസ്തുവിന്റെ ആളത്വം അഥവാ വ്യക്തിത്വം ദൈവപുത്രന്റേതാണ്. യേശുക്രിസ്തു രണ്ടു സ്വഭാവമുള്ള ഒരു വ്യക്തിയാണ്. ദൈവപുത്രൻ സ്വീകരിച്ച മനുഷ്യത്വം തന്റെ വ്യക്തിത്വ

www.malankaralibrary.com


ത്തോട്ട് സംയോജിപ്പിച്ചു. ആ മനുഷ്യത്വത്തിലൂടെ ദൈവ പുത്രൻ സംസാരിക്കുകയും, അത്ഭുതങ്ങൾ പ്രവർത്തിക്കുകയും പീഡകൾ സഹിക്കുകയും പാപപരിഹാരബലിയായി സ്വയം സ്വപിതാവിന് അർപ്പിക്കുകയും ഉയിർക്കുകയും ചെയ്തു. ക്രിസ്തു വിന്റെ മനുഷ്യത്വവും ദൈവത്വവും ദൈവവചനം അഥവാ ദൈവപുത്രൻ എന്ന ഏക വ്യക്തിയിൽ സംയോജിച്ചിരിക്കുന്നു. ഈ ദൈവീക രഹസ്യം മാനുഷികബുദ്ധികൊണ്ട് മനസ്സിലാ ക്കാൻ പ്രയാസമാണ്. യേശുക്രിസ്തു ഒരു ചരിത്രപുരുഷനാണ്.

## മനുഷ്യാവതാരത്തിന്റെ ആവശ്യം.

### ഉത്ഭവപാപം

ഉത്ഭവപാപത്തെപ്പററി നാലാം അദ്ധ്യായത്തിൽ സൂചിപ്പി ച്ചിട്ടുണ്ടല്ലോ. ആദിമാതാപിതാക്കളുടെ പാപം നിമിത്തം, അവർക്ക് ദൈവത്തിൽനിന്നും സൗജന്യമായി ലഭിച്ചിരുന്ന എല്ലാ നൽവരങ്ങളും സ്വർഗ്ഗത്തിനുള്ള അവകാശവും നഷ്ടപ്പെട്ടു. അങ്ങനെ ദൈവപ്രസാദം ഇല്ലാത്ത അവസ്ഥയിലാണ് ആദാ മിന്റെ സന്താനപരമ്പരയിൽപ്പെട്ട എല്ലാവരും ജനിക്കുന്നത്. അതിനെയാണ് ഉത്ഭവപാപം എന്നു പറയുന്നത്. ആദി പിതാവായ ആദാമിന്റെ പാപം മനുഷ്യവർഗ്ഗം മുഴുവന്റെയും അധഃപതനത്തിനു കാരണമായി. അത്രമാത്രം ഗാഢമായ ബന്ധമാണ് ആദിപിതാവായ ആദാമും മനുഷ്യവർഗ്ഗവും തമ്മി ലുള്ളത്. ആദാം സജീവജലത്തിന്റെ ഉറവ ഉപേക്ഷിച്ചതോടു കൂടി ആദാമിനോടൊപ്പം മനുഷ്യവർഗ്ഗം മുഴുവനും അതു് നഷ്ട മായി. മനുഷ്യൻ അജ്ഞതയ്ക്കും, സഹനത്തിനും, മരണത്തിനും വിധേയനായി.

മനുഷ്യൻ ചെയ്ത പാപത്തിന് മനുഷ്യൻതന്നെ പരിഹാരം ചെയ്യണം. എന്നാൽ പാപാവസ്ഥയിലായ അവൻ അതിനു അപ്രാപ്തനായിത്തീർന്നു. ദൈവകല്പന ലംഘിച്ച്, ദൈവീക ജീവൻ നഷ്ടപ്പെടുത്തി സാത്താന്റെ അധീനതയിൽ അമർന്നു പോയ മനുഷ്യനു ആ നിസ്സഹായ അവസ്ഥയിൽ നിന്നും സ്വയം കരേറുവാൻ കഴിയാതെ വന്നു. സങ്കീർത്തകൻ പറയുന്നു: "തന്നെത്തന്നെ വീണ്ടെടുക്കാനോ സ്വന്തം ജീവന്റെ വില ദൈവത്തിനു കൊടുക്കാനോ ആർക്കും കഴിയുകയില്ല. ജീവന്റെ വിടുതൽ അത്രയ്ക്കും വലുതാണ്. എത്ര ആയാലും അതു് തികയു കയില്ല". (*സങ്കീ. 49:7-8*).

www.malankaralibrary.com



അധഃപതിച്ച അവസ്ഥയിൽ നിന്നും മനുഷ്യനെ വീണ്ടെടുത്തു് രക്ഷിക്കാൻ ദൈവം കണ്ടുപിടിച്ച മാർഗ്ഗമാണു് ദൈവപുത്രന്റെ മനുഷ്യാവതാരം.

## മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം

മനുഷ്യനെ അവന്റെ ആദിമ വിശുദ്ധിയിലും നീതിയിലും പുനഃസ്ഥാപിച്ചു്, മനുഷ്യഹൃദയങ്ങളിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുക എന്നുള്ളതായിരുന്നു മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം.

യേശുവിന്റെ ജനനത്തിൽ, മാലാഖമാർ ദൈവത്തെ സ്തുതിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (*ലൂക്കോ. 2:14*). മനുഷ്യൻ നഷ്ടപ്പെടുത്തിയ ദൈവകൃപ അവനു വീണ്ടും നേടിക്കൊടുത്തു്, സമാധാനത്തോടുകൂടി ദൈവത്തെ മഹത്വപ്പെടുത്തുവാൻ അവനെ പ്രാപ്തനാക്കുക എന്നുള്ളതായിരുന്നു മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം എന്നു് ഇതിൽനിന്നും നമുക്കു് മനസ്സിലാക്കാം.

മാലാഖ യൗസേപ്പിനു പ്രത്യക്ഷപ്പെട്ടുകൊണ്ടു് പറഞ്ഞു: "അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവനു യേശു എന്നു് പേരു് നല്കണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു് മോചിപ്പിക്കും" (*മത്താ. 1:12*).

യേശു തന്റെ പരസ്യ ജീവിതകാലത്തു്, ഒരിക്കൽ താൻ വളർന്നുവന്ന നസ്രത്തിൽ വന്നു. ഒരു ശാബത്തു ദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ചു് വായിക്കുവാനായി എഴുന്നേററുനിന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകം അവനു നല്കപ്പെട്ടു. പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്ന ഭാഗം അവൻ കണ്ടു: "കർത്താവിന്റെ ആത്മാവു് എന്റെമേൽ ഉണ്ടു്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു് സ്വാതന്ത്ര്യവും കർത്താവിനു് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു". പുസ്തകം അടച്ചു് ശുശ്രൂഷകനെ ഏല്പിച്ചശേഷം അവൻ ഇരുന്നു...... അവൻ അവരോടു് പറയുവാൻ തുടങ്ങി. നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്നു് ഈ തിരുവെഴുത്തു് നിറവേറിയിരിക്കുന്നു (*ലൂക്കോ. 4:16–21; ഏശ. 61:1–21*).

www.malankaralibrary.com



ശാരീരികമായ മോചനത്തേക്കാൾ ഉപരിയായി ആത്മീകമായ മോചനത്തെപ്പററിയാണ് ഇവിടെ പറഞ്ഞിരിക്കുന്നത് എന്ന് താഴെ കാണുന്ന വാകൃങ്ങളിൽ നിന്ന് സ്പഷ്ടമാണ്.

ചുങ്കക്കാരനായ മത്തായിയുടെ ഭവനത്തിൽ മററു ചുങ്കക്കാരോടും പാപികളോടുംകൂടി യേശുവും ശിഷ്യന്മാരും ഭക്ഷണത്തിനിരുന്നപ്പോൾ, പരീശന്മാർ ശിഷ്യന്മാരോട്, ചുങ്കക്കാരോടു കൂടി എന്തിനു ഭക്ഷിക്കുന്നു എന്ന് ചോദിച്ചതിന്, യേശു ഇപ്രകാരം മറുപടി പറഞ്ഞു: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യൻെറ ആവശ്യം... ഞാൻ വന്നതു് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ്" (*മത്താ. 9:13–14*).

യേശുക്രിസ്തുവിൻെറ കാലത്ത് പാലസ്റ്റൈൻ, റോമൻ ചക്രവർത്തിയുടെ അധീനതയിലുള്ള ഒരു സാമന്തരാജ്യമായിരുന്നു. റോമൻ ചക്രവർത്തിക്കുവേണ്ടി ചുങ്കം പിരിക്കുന്ന ചുങ്കക്കാരെ രാജ്യദ്രോഹികളും പാപികളുമായി യഹൂദർ പരിഗണിച്ചിരുന്നു.

ചുങ്കക്കാരനായ സക്കേവൂസിൻെറ ഭവനത്തിൽവച്ച് യേശു പറഞ്ഞു "നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കുന്നതിനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്" (*ലൂക്കാ. 19:10*).

വി. യോഹന്നാൻ ഇപ്രകാരം പറയുന്നു: "അവനെ സ്വീകരിക്കുന്നവർക്കെല്ലാം, അവൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (*യോഹ. 1:21*).

വീണ്ടും പറയുന്നു: "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കുന്നതിനുവേണ്ടി തൻെറ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തൻെറ പുത്രനെ ലോകത്തിലേക്ക് അയച്ചതു് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാൻ വേണ്ടിയല്ല, പ്രത്യുത അവൻ വഴി ലോകം രക്ഷപ്രാപിക്കാൻ വേണ്ടിയാണ്" (*യോഹ. 3:16—17*).

യേശു പറഞ്ഞു: "ഞാൻ വന്നിരിക്കുന്നതു് ലോകത്തെ വിധിക്കുവാനല്ല, രക്ഷിക്കുവാനാണ്" (*യോഹ. 12:47*).

വി. യോഹന്നാൻ തൻെറ ലേഖനത്തിൽ പറയുന്നു: "പിശാചിൻെറ പ്രവർത്തികളെ നശിപ്പിക്കുന്നതിനു വേണ്ടിയാണ് ദൈവപുത്രൻ പ്രത്യക്ഷനായതു്" (*1 യോഹ. 3:8*).

www.malankaralibrary.com


സാത്താൻെറ ഭരണം ഈ ലോകത്തിൽ അവസാനിപ്പിച്ച് സ്വർഗ്ഗരാജ്യം സ്ഥാപിക്കാനാണ് മിശിഹാ വന്നത്. യേശുക്രിസ്തു പരസ്യജീവിതം ആരംഭിക്കുന്നതു തന്നെ "മാനസാന്തരപ്പെടുവിൻ; എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (*മത്താ. 4:17; മർക്കോ. 1:15*). എന്നു പ്രസംഗിച്ചുകൊണ്ടാണ്.

വി. പൗലോസ് ശ്ലീഹാ പറയുന്നു: "അന്ധകാരത്തിൻെറ ആധിപത്യത്തിൽ നിന്ന് അവിടുന്ന് നമ്മെ വിമോചിപ്പിച്ചു. അവിടുത്തെ പ്രിയ പുത്രൻെറ രാജ്യത്തിലേക്കു നമ്മെ ആനയിക്കുകയും ചെയ്തു (*കൊളോ. 1:13*).

www.malankaralibrary.com


# അദ്ധ്യായം VII

## യേശുക്രിസ്തുവിന്റെ പരസ്യജീവിതം

### സ്നാപകയോഹന്നാൻ

യേശുവിന്റെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെപ്പററി അഞ്ചാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്.

യോഹന്നാൻ ഒരു താപസശ്രേഷ്ഠനായിരുന്നു. യോഹന്നാനെപ്പററി വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ശിശു വളരുകയും ആത്മാവിൽ ശക്തിപ്പെടുകയും ചെയ്തു. ഇസ്രായേലിനു മുമ്പിൽ വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിലായിരുന്നു" (*ലൂക്കോ. 1:80*).

യോഹന്നാൻ ജനങ്ങളെ മാനസാന്തരത്തിനായി ആഹ്വാനം ചെയ്തു. "തിബേരിയസ് സീസറിന്റെ ഭരണത്തിന്റെ പതിനഞ്ചാം വത്സരത്തിൽ... ....സഖറിയാസിന്റെ പുത്രനായ യോഹന്നാന് മരുഭൂമിയിൽ വച്ച് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. അവൻ പാപമോചനത്തിനായുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് ജോർദ്ദാന്റെ സമീപ പ്രദേശങ്ങളിലേക്കുവന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം: കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാതകൾ നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും, കുന്നും മലയും നിരത്തപ്പെടും, വളഞ്ഞവഴികൾ നേരെയാക്കപ്പെടും, പരുപരുത്തവ മൃദുലമാക്കപ്പെടും; സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും" (*ലൂക്കോ. 3:1-6; ഏശ. 40:3-5*).

"അക്കാലത്ത്, സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ വന്നു പ്രസംഗിച്ചു: മാനസാന്തരപ്പെടുവിൻ. എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.......".

"യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടുക്കിളികളും കാട്ടുതേനുമായി

www.malankaralibrary.com


രുന്നു അവൻെറ ഭക്ഷണം. ജറുസലേമിലും യൂദയാ മുഴുവനിലും ജോർദ്ദാൻെറ പരിസര പ്രദേശങ്ങളിലും നിന്നുള്ള ജനങ്ങൾ അവൻെറ അടുക്കലെത്തി. അവർ തങ്ങളുടെ പാപങ്ങൾ ഏററു പറഞ്ഞു ജോർദ്ദാൻ നദിയിൽവച്ച് അവനിൽ നിന്ന് ജ്ഞാന സ്നാനം സ്വീകരിച്ചു.

അനേകം ഫരിസേയരും സദുക്കായരും ജ്ഞാനസ്നാനത്തിനായി വരുന്നതു കണ്ടപ്പോൾ യോഹന്നാൻ അവരോടു പറഞ്ഞു: ....മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ........വൃക്ഷങ്ങളുടെ വേരിനു കോടാലിവയ്ക്കപ്പെട്ടു കഴിഞ്ഞു. എന്തെന്നാൽ നല്ല ഫലങ്ങൾ കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയപ്പെടും'' (*മത്താ. 3 ; 7–10*).

''ജനക്കൂട്ടം അവനോടു ചോദിച്ചു: ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഇല്ലാത്തവന് ഒന്നു കൊടുക്കട്ടെ. ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ. ചുങ്കക്കാരും ജ്ഞാനസ്നാനം സ്വീകരിക്കാൻ വന്നു. അവരും അവനോടു ചോദിച്ചു: ഗുരോ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അവൻ പറഞ്ഞു: നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്. പടയാളികളും അവനോടു ചോദിച്ചു: ഞങ്ങൾ എന്താണു ചെയ്യേണ്ടത്? അവൻ അവരോടു പറഞ്ഞു: നിങ്ങൾ ആരെയും ഭീഷണിപ്പെടുത്തരുത്. വ്യാജമായ കുററാരോപണവും അരുത്. വേതനംകൊണ്ട് നിങ്ങൾ തൃപ്തിപ്പെടണം.

പ്രതീക്ഷയോടിരുന്ന ജനങ്ങളെല്ലാം ഇവൻ തന്നെയോ ക്രിസ്തു എന്നു യോഹന്നാനെപ്പററി ചിന്തിച്ചുതുടങ്ങി. യോഹന്നാൻ അവരോടു പറഞ്ഞു: ഞാൻ ജലംകൊണ്ട് നിങ്ങളെ സ്നാനപ്പെടുത്തുന്നു. എന്നാൽ, എന്നേക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവൻെറ ചെരുപ്പിൻെറ കെട്ടഴിക്കാൻ പോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും'' (*ലൂക്കാ. 3:10–16*).

## യേശുവിൻെറ ജ്ഞാനസ്നാനം

''അനന്തരം യേശു യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കാൻ ഗലീലിയിൽ നിന്ന് ജോർദ്ദാനിൽ അവൻെറ അടുക്കലേക്കു വന്നു. .......ജ്ഞാനസ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു.

www.malankaralibrary.com


ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങി വരുന്നതു് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു് ഒരു സ്വരം സ്വർഗ്ഗത്തിൽനിന്നു് കേൾക്കുകയും ചെയ്തു'' (*മത്താ. 3:13-17*).

യേശു ദൈവപുത്രനാണെന്നു് പിതാവായ ദൈവം തന്നെ ഇവിടെ സാക്ഷ്യപ്പെടുത്തുന്നു.

**യോഹന്നാന്റെ സാക്ഷ്യം**

യേശു, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ അഥവാ ക്രിസ്തുവാണെന്നു്, സ്നാപകയോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു.

''നീ ആരാണു് എന്നു ചോദിക്കാൻ യഹൂദർ ജറുസലേമിൽ നിന്നു് പുരോഹിതന്മാരെയും ലേവായരെയും അയച്ചപ്പോൾ യോഹന്നാന്റെ സാക്ഷ്യം ഇതായിരുന്നു: ഞാൻ ക്രിസ്തുവല്ല, അവൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ........ഏശയ്യാ ദീർഘദർശി പ്രവചിച്ചതുപോലെ, കർത്താവിന്റെ വഴികൾ നേരെയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമാകുന്നു ഞാൻ........

അടുത്ത ദിവസം യേശു തന്റെ അടുക്കലേക്കു വരുന്നതു കണ്ടു് അവൻ പറഞ്ഞു: ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു്. എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവനാണെന്നു് ഞാൻ പറഞ്ഞതു് ഇവനെപ്പററിയാണു്. കാരണം എനിക്കു മുമ്പുതന്നെ അവൻ ഉണ്ടായിരുന്നു........ഞാൻ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ ജലം കൊണ്ടു സ്നാനം നല്കുവാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: 'ആത്മാവ് ഇറങ്ങിവന്നു് ആരുടെമേൽ വസിക്കുന്നതായി നീ കാണുന്നുവോ അവനാകുന്നു പരിശുദ്ധാത്മാവു കൊണ്ടു് സ്നാനം നല്കുന്നവൻ. ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാകുന്നു എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു'' (*യോഹ. 1:19-34*).

''അടുത്ത ദിവസം യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടു പേരോടുകൂടി നില്ക്കുമ്പോൾ യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു: ഇതാ ദൈവത്തിന്റെ കുഞ്ഞാടു്. അവൻ പറഞ്ഞതു കേട്ടു് ആ രണ്ടു ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞു്, അവർ തന്റെ പിന്നാലെ വരുന്നതു കണ്ടു് ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു:

www.malankaralibrary.com


റബ്ബീ—ഗുരു എന്നാണ് ഇതിനർത്ഥം—അങ്ങ് എവിടെയാണ് താമസിക്കുന്നത്? അവൻ പറഞ്ഞു: വന്നു കാണുക. അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടു കൂടി താമസിക്കയും ചെയ്തു. ....യോഹന്നാൻ പറഞ്ഞതു കേട്ട് അവനെ അനുഗമിച്ച ആ രണ്ടു പേരിൽ ഒരുവൻ ശെമോൻ പത്രോസിൻെറ സഹോദരൻ അന്ത്രയോസായിരുന്നു. അവൻ ആദ്യമേ തൻെറ സഹോദരനായ ശീമയോനെ കണ്ടു് അവനോടു്, ഞങ്ങൾ മിശിഹായെ—അഭിഷിക്തൻ എന്ന് ഇതിനർത്ഥം—കണ്ടു എന്നു പറഞ്ഞു. അവനെ യേശുവിൻെറ അടുക്കൽ കൊണ്ടുവരുകയും ചെയ്തു. യേശു അവനെ നോക്കി പറഞ്ഞു: നീ കേപ്പാ - പാറ എന്ന് ഇതിനർത്ഥം—വിളിക്കപ്പെടും'' (*യോഹ. 1:35-42*). അവർ വീട്ടിലേക്ക് മടങ്ങിപ്പോയി.

## യോഹന്നാൻെറ ഗളച്ഛേദം

യേശുവിൻെറ ജനനസമയത്ത് രാജാവായിരുന്ന ഹേറോദേസിൻെറ മരണശേഷം പാലസ്റ്റൈൻ അയാളുടെ മൂന്നു മക്കൾക്കായി വിഭജിക്കപ്പെട്ടു. അൻറിപ്പാസ് ഗലീലിയാ പ്രദേശത്തിൻെറ അധിപതിയായി. ഈ അൻറിപ്പാസ് സ്വന്തം ഭാര്യയെ ഉപേക്ഷിച്ചശേഷം സഹോദരനായ ഫിലിപ്പിൻെറ ഭാര്യയായ ഹേറോദിയായെ പരിഗ്രഹിച്ചിരുന്നു. യോഹന്നാൻ സ്നാപകൻ അൻറിപ്പാസിനെ ഈ അധർമ്മത്തിന് കുററപ്പെടുത്തി. ഹേറോദേസ് യോഹന്നാനെ കാരാഗൃഹത്തിലടച്ചു. ഹേറോദിയാസ്സിന് എങ്ങനെയെങ്കിലും യോഹന്നാനെ വധിക്കണമെന്നുണ്ടായിരുന്നു. ''ഹേറോദേസിൻെറ ജന്മദിനത്തിൽ ഹേറോദിയായുടെ പുത്രി രാജസദസ്സിൽ നൃത്തം ചെയ്ത് അയാളെ സന്തോഷിപ്പിച്ചു. തന്മൂലം, അവൾ ചോദിക്കുന്നതെന്തും നല്കാമെന്ന് രാജാവ് അവളോട് ആണയിട്ട് വാഗ്ദാനം ചെയ്തു. അവൾ അമ്മയുടെ നിർദ്ദേശമനുസരിച്ച് പറഞ്ഞു: സ്നാപക യോഹന്നാൻെറ ശിരസ്സ് ഒരു തളികയിൽ വച്ച്, ഇവിടെ എനിക്കു തരുക. രാജാവ് ദുഃഖിതനായി; എങ്കിലും ചെയ്ത ശാപത്തെയും അതിഥികളെയും പരിഗണിച്ച് അതു അവൾക്കു നല്കുവാൻ അയാൾ ആജ്ഞാപിച്ചു. അയാൾ കാരാഗൃഹത്തിൽ ആളയച്ച് യോഹന്നാൻെറ തലവെട്ടിയെടുത്തു. തല ഒരു തളികയിൽ വച്ച് പെൺകുട്ടിക്കു നല്കി. അവൾ അത് അമ്മയുടെ അടുത്തേക്കു കൊണ്ടുപോയി. അവൻെറ ശിഷ്യന്മാർ ചെന്ന് ശരീരമെടുത്ത് സംസ്കരിച്ചു'' (*മത്താ. 14:1-12; മർക്കോ. 6:14-29*).

www.malankaralibrary.com



## യേശുവിൻെറ ശിഷ്യന്മാർ

"പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതു വയസ്സ് പ്രായമായിരുന്നു. അവൻ ജോസഫിൻെറ മകനാണെന്ന് കരുതപ്പെട്ടിരുന്നു" (*ലൂക്കാ. 3:23*).

അവൻ ഗലീലിക്കടൽത്തീരത്തു് നടക്കുമ്പോൾ കടലിൽ വലവീശിക്കൊണ്ടിരുന്ന രണ്ടു സഹോദരന്മാരെ കണ്ടു: പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോനും അവൻെറ സഹോദരൻ അന്ത്രയോസും. അവർ മീൻപിടുത്തക്കാരായിരുന്നു. അവൻ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. തൽക്ഷണം അവർ വലകളുപേക്ഷിച്ച് അവനെ അനുഗമിച്ചു. അവർ അവിടെ നിന്നു് മുന്നോട്ടു നീങ്ങിയപ്പോൾ വേറെ രണ്ടു സഹോദരന്മാരെ കണ്ടു. സെബദിപുത്രനായ യാക്കോബും അവൻെറ സഹോദരൻ യോഹന്നാനും. അവർ പിതാവായ സെബദിയുമൊത്തു് വഞ്ചിയിലിരുന്നു് വല നന്നാക്കുകയായിരുന്നു. അവരെയും അവൻ വിളിച്ചു. തൽക്ഷണം അവർ വഞ്ചി ഉപേക്ഷിച്ച് പിതാവിനേയും വിട്ടു് അവനെ അനുഗമിച്ചു" (*മത്താ 4;18-22*).

യേശുവിനു് വേറെയും പല ശിഷ്യന്മാരുണ്ടായിരുന്നു. പീലിപ്പോസ്, നഥാനിയേൽ, മത്തായി എന്നിവർ അവരിൽ ചിലരായിരുന്നു. (*യോഹ. 1:43-51; മത്താ. 9:9*). യേശു എഴുപത്തിരണ്ടുപേരെ തിരഞ്ഞെടുത്തു് ഈരണ്ടുപേരായി വിവിധ സ്ഥലങ്ങളിലേയ്ക്കു് അയച്ചതായി വി. ലൂക്കോസിൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (*ലൂക്കാ. 10;1*).

## ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നു

ക്രിസ്തുനാഥൻ തൻെറ ശിഷ്യന്മാരിൽ നിന്നു തനിക്കിഷ്ടമുള്ള പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു് അവർക്കു് ശ്ലീഹന്മാർ എന്നു പേരു നല്കി. അതിനേപ്പറ്റി വി. ലൂക്കോസിൻെറ സുവിശേഷത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കുവാനായി ഒരു മലയിലേക്കുപോയി. അവിടെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ വിളിച്ചുകൂട്ടി അവരിൽ നിന്നു് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു് അവർക്കു് ശ്ലീഹന്മാർ എന്നു് പേരു നല്കി (*ലൂക്കാ. 6:12-13*). ശ്ലീഹാ എന്ന സുറിയാനി വാക്കിൻെറ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണു്. ശ്ലീഹാ എന്ന പദത്തിനു് പകരം അപ്പസ്തോലൻ എന്ന പദം ഗ്രീക്കിൽ നിന്നും ഉത്ഭവിച്ചതാണു്.

www.malankaralibrary.com



## യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ

യേശുക്രിസ്തു പല അത്ഭുതങ്ങളും പ്രവർത്തിച്ച് തൻെറ ദൈവത്വം വെളിപ്പെടുത്തി. രോഗികളെ സൗഖ്യമാക്കുകയും, പിശാചിനെ ബഹിഷ്ക്കരിക്കയും, മരിച്ചവരെ ഉയർപ്പിക്കുകയും ചെയ്തു.

ദൈവരാജ്യം ഭൂമിയിൽ സമാഗതമായി എന്നതിനു തെളിവാണ് യേശുക്രിസ്തുവിൻെറ അത്ഭുതപ്രവൃത്തികൾ. ''എന്നാൽ ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളിൽവന്നു കഴിഞ്ഞിരിക്കുന്നു'' (*മത്താ. 12:28; ലൂക്കാ. 11:28*).

യേശു പ്രവർത്തിച്ച അത്ഭുതങ്ങളിൽ ചിലതുമാത്രം താഴെ വിവരിക്കുന്നു.

### വെള്ളം വീഞ്ഞാക്കുന്നു

''ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്ന് നടന്നു. യേശുവിൻെറ അമ്മ അവിടെയുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിൻെറ അമ്മ അവനോടു പറഞ്ഞു: അവർക്കു് വീഞ്ഞില്ല. യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും ആയിട്ടില്ല. അവൻെറ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ. യഹൂദരുടെ ശുദ്ധീകരണകർമ്മത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു........ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോട് കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു. ഇനി പകർന്നു നടത്തിപ്പുകാരൻെറ അടുത്ത് കൊണ്ടു ചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. നടത്തിപ്പുകാരൻ വീഞ്ഞായിമാറിയ ആ വെള്ളം രുചിച്ചുനോക്കി........യേശുവിൻെറ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവൻെറ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു'' (*യോഹ. 2:1–11*).

### പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

''പിന്നെ അവൻ ഗലീലിയിലെ ഒരു പട്ടണമായ കഫർണാമിൽ എത്തി ശാബതിൽ അവരെ പഠിപ്പിച്ചുകൊണ്ടി

www.malankaralibrary.com



രുന്നു. അവൻെറ പ്രബോധനത്തിൽ അവർ വിസ്മയഭരിത രായി........അവിടെ സിനഗോഗിൽ അശുദ്ധാത്മാവു ബാധിച്ച ഒരാരം ഉണ്ടായിരുന്നു. അവൻ ഉറക്കെ നിലവിളിച്ചു പറഞ്ഞു: നസറായനായ യേശുവേ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കുവാനാണോ നീ വന്നിരിക്കു ന്നതു്? നീ ആരാണെന്നു് എനിക്കറിയാം, ദൈവത്തിൻെറ പരിശുദ്ധൻ. യേശു അതിനെ ശാസിച്ചു പറഞ്ഞു: മിണ്ടാതി രിക്കൂ, അവനിൽനിന്നു് ഇറങ്ങിപ്പോകൂ. ആ പിശാചു് ഉപദ്രവം ഒന്നും വരുത്താതെ എല്ലാവരുടെയും നടുവിലേയ്ക്കു് അവനെ തള്ളിയിട്ടതിനുശേഷം അവനിൽനിന്നു് ഇറങ്ങി പ്പോയി. എല്ലാവരും അത്ഭുതപ്പെട്ടുപറഞ്ഞു: എന്തൊരു വചന മാണിതു്? ഇവൻ അധികാരത്തോടും ശക്തിയോടുംകൂടി അശുദ്ധാത്മാക്കളോടു് കല്പിക്കയും അവ വിട്ടുപോകയും ചെയ്യുന്നു വല്ലോ'' (*ലൂക്കോ. 4:31-37; മർക്കോ. 1:21-28*).

## തളർവാത രോഗിയെ സുഖപ്പെടുത്തുന്നു

''യേശു തോണിയിൽ കയറി മറുകര കടന്നു് സ്വന്തം പട്ടണത്തിലെത്തി. അവർ ഒരു തളർവാത രോഗിയെ കട്ടിലിൽ കിടത്തി അവൻെറയടുക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസം കണ്ടു് അവൻ തളർവാത രോഗിയോടു് അരുളിച്ചെയ്തു: മകനേ, ധൈര്യമായിരിക്കുക; നിൻെറ പാപങ്ങരം ക്ഷമിക്കപ്പെട്ടിരി ക്കുന്നു. അപ്പോരം നിയമജ്ഞരിൽ *ചിലർ പരസ്പരം പറഞ്ഞു: ഈ മനുഷ്യൻ ദൈവദൂഷണം പറയുന്നു. അവരുടെ വിചാര ങ്ങരം ഗ്രഹിച്ച യേശു ചോദിച്ചു: നിങ്ങരം ഹൃദയത്തിൽ തിന്മ വിചാരിക്കുന്നതെന്തു്? ഏതാണു് എളുപ്പം, 'നിൻെറ പാപ ങ്ങരം ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറയുന്നതോ, 'എഴുന്നേററു നടക്കുക' എന്നു പറയുന്നതോ? ഭൂമിയിൽ പാപങ്ങരം ക്ഷമിക്കു വാൻ മനുഷ്യപുത്രനു് അധികാരമുണ്ടെന്നു് അറിയേണ്ടതിനാ ണിതു്. അനന്തരം അവൻ തളർവാത രോഗിയോടു പറഞ്ഞു; എഴുന്നേററു്, നിൻെറ കട്ടിലുമെടുത്തു് വീട്ടിലേക്കു പോകുക. അയാരം എഴുന്നേററു് വീട്ടിലേക്കു പോയി'' (*മത്താ. 9 : 1-7; മാർക്കോ. 2 : 1-12*).

---

* കുറിപ്പു്: യഹൂദന്മാരുടെ ഇടയിൽ, 1) സദ്ദൂക്യർ 2) ഫരിസേയർ 3) നിയമജ്ഞർ എന്നി ങ്ങനെ മൂന്നു വിഭാഗങ്ങരം ഉണ്ടായിരുന്നു.

www.malankaralibrary.com



1. **സദ്ദൂക്യർ:**– ഉന്നത പുരോഹിതകുലജാതരും സമ്പന്ന കുടുംബങ്ങളിൽ നിന്നുള്ളവരുമായിരുന്നു. നിയമങ്ങളെ കർക്കശമായി വ്യാഖ്യാനിക്കുകയും നൂതന പ്രസ്ഥാനങ്ങളെ എതിർക്കുകയും ചെയ്തിരുന്ന യാഥാസ്ഥിതികരായിരുന്നു അവർ. മാലാഖമാരിലും മരിച്ചവരുടെ ഉയിപ്പിലും വിശ്വസിച്ചിരുന്നില്ല.

2. **ഫരിസേയർ:**— നിയമം അക്ഷരംപ്രതി പാലിച്ചിരുന്ന അൽമായ സമൂഹമായിരുന്നു. സാധാരണ ജനങ്ങളിൽനിന്നും "വേർതിരിക്കപ്പെട്ടവർ" എന്ന അർത്ഥത്തിലാണ് ഫരിസേയർ (*പരീശന്മാർ*) എന്നു വിളിക്കപ്പെട്ടിരുന്നത്. എഴുതപ്പെട്ടിരുന്ന നിയമഗ്രന്ഥങ്ങൾ കൂടാതെ പാരമ്പര്യവും അവർ സ്വീകരിച്ചിരുന്നു.

3. **നിയമജ്ഞർ:**— നിയമവ്യാഖ്യാന പണ്ഡിതന്മാരായിരുന്ന അൽമായ സമൂഹമായിരുന്നു.

## ബത്സയ്ദായിലെ രോഗശാന്തി

"ജറുശലേമിൽ അജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബത്സയ്ദാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു; അതിന് അഞ്ച് മുഖമണ്ഡപങ്ങളും. അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു. മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെ ഉണ്ടായിരുന്നു. അയാൾ അവിടെ കിടക്കുന്നതു യേശു കണ്ടു. അയാൾ വളരെ നാളായി രോഗശയ്യയിലാണ് എന്നറിഞ്ഞു് അവൻ ചോദിച്ചു; നീ സുഖംപ്രാപിക്കാൻ ആഗ്രഹിക്കുന്നുവോ? ആ രോഗി പറഞ്ഞു; കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറെറാരുവൻ എന്നെക്കാൾ മുമ്പേ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും. യേശു അവനോടു പറഞ്ഞു: എഴുന്നേററ് കിടക്കയുമെടുത്ത് നടക്കുക. ആ മനുഷ്യൻ തൽക്ഷണം സുഖംപ്രാപിച്ച് കിടക്കയുമെടുത്തു നടന്നു" (*യോഹ. 5 : 1–9*).

## വിധവയുടെ മകനെ പുനർജ്ജീവിപ്പിക്കുന്നു

"അതിനുശേഷം അവൻ നയിം എന്ന പട്ടണത്തിലേയ്ക്കു പോയി. ശിഷ്യരും വലിയ ഒരു ജനക്കൂട്ടവും അവനെ അനുഗമിച്ചു. അവൻ നഗരകവാടത്തിനടുത്തെത്തിയപ്പോൾ, മരിച്ചുപോയ ഒരുവനെ ചിലർ വഹിച്ചുകൊണ്ടുപോകുന്നതു കണ്ടു. ഒരു വിധവയുടെ ഏക മകനായിരുന്നു അവൻ. പട്ടണത്തിൽ

www.malankaralibrary.com



നിന്നു വലിയ ഒരു ജനക്കൂട്ടവും അവളോടൊപ്പം ഉണ്ടായിരുന്നു. അവളെ കണ്ടപ്പോൾ കർത്താവു മനസ്സലിഞ്ഞ് അവളോടു പറഞ്ഞു: കരയാതിരിക്കൂ. അവൻ മുന്നോട്ടുവന്ന് ശവമഞ്ചത്തിൽ തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അപ്പോൾ അവൻ പറഞ്ഞു: യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേല്ക്കുക. മരിച്ചവൻ ഉടനെ എഴുന്നേററിരുന്നു. അവൻ സംസാരിക്കാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു'' (*ലൂക്കാ. 7 : 11–15*).

## ഭരണാധിപൻെറ മകളെ പുനർജ്ജീവിപ്പിക്കുന്നു

''അവൻ അവരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭരണാധികാരി സമീപിച്ച് അവനെ ആരാധിച്ചുകൊണ്ട് പറഞ്ഞു: എൻെറ മകൾ അല്പം മുമ്പ് മരിച്ചുപോയി. നീ വന്ന് അവളുടെ മേൽ കൈവയ്ക്കുമെങ്കിൽ അവൾ ജീവിക്കും. യേശുവും ശിഷ്യന്മാരും അയാളോടൊപ്പം യാത്രയായി...... യേശു ഭരണാധികാരിയുടെ ഭവനത്തിലെത്തി, കുഴലൂത്തുകാരെയും ബഹളം കൂട്ടുന്ന ജനങ്ങളെയും കണ്ടു പറഞ്ഞു: നിങ്ങൾ പുറത്തുപോകുവിൻ; പെൺകുട്ടി മരിച്ചിട്ടില്ല; അവൾ ഉറങ്ങുകയാണ്. അവരാകട്ടെ അവനെ പരിഹസിച്ചു. ജനക്കൂട്ടത്തെ പുറത്താക്കിയ ശേഷം അവൻ അകത്തുകടന്ന്; അവളുടെ കൈ പിടിച്ചുയർത്തി. അപ്പോൾ ബാലിക എഴുന്നേററു'' (*മത്താ. 9:18–26*).

## അഞ്ചപ്പം വർദ്ധിപ്പിച്ച് അയ്യായിരം പേരെ തീററുന്നു

''അവൻ കരക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരുടെ മേൽ അവന് അനുകമ്പ തോന്നി. അവരുടെ ഇടയിലെ രോഗികളെ അവൻ സുഖപ്പെടുത്തി. സായാഹ്നമായപ്പോൾ ശിഷ്യന്മാർ അവനെ സമീപിച്ച് പറഞ്ഞു: ഇതൊരു വിജന സ്ഥലമാണ്, നേരവും വൈകിയിരിക്കുന്നു. ഗ്രാമങ്ങളിൽ പോയി തങ്ങൾക്കു ഭക്ഷണം വാങ്ങാൻ ഈ ജനക്കൂട്ടത്തെ പറഞ്ഞയയ്ക്കുക. എന്നാൽ യേശു പറഞ്ഞു: അവർ പോകണമെന്നില്ല; നിങ്ങൾ തന്നെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുവിൻ. അവർ പറഞ്ഞു: അഞ്ചപ്പവും രണ്ടു മത്സ്യവും മാത്രമേ ഇവിടെ ഞങ്ങളുടെ പക്കലുള്ളു. അവൻ പറഞ്ഞു: അത് എൻെറ അടുക്കൽ കൊണ്ടുവരുക. അവൻ ജനക്കൂട്ടത്തോട് പുൽത്തകിടിയിൽ ഇരിക്കുവാൻ കല്പിച്ചശേഷം ആ അഞ്ചപ്പവും രണ്ടു മത്സ്യവും എടുത്ത് സ്വർഗ്ഗത്തിലേക്കു നോക്കി, ആശീർവ്വദിച്ചു, മുറിച്ച്, അപ്പം ശിഷ്യന്മാരെ ഏല്പിച്ചു. അവർ അതു ജനങ്ങൾക്കു വിളമ്പി. അവരെല്ലാം ഭക്ഷിച്ചു സംതൃപ്തരായി. ബാക്കി വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖ

www.malankaralibrary.com


രിച്ചു. ഭക്ഷിച്ചവർ സ്ത്രീകളും കട്ടികളുമൊഴികെ അയ്യായിരത്തോളം പുരുഷന്മാർ ആയിരുന്നു'' (*മത്താ. 14 : 13—21; യോഹ. 6 : 1—14*).

## ബധിരനെ സുഖപ്പെടുത്തുന്നു

ഒരു ദിവസം, ''ബധിരനും സംസാരത്തിനു് തടസ്സം ഉണ്ടായിരുന്നവനുമായ ഒരാളെ അവർ അവൻെറയടുക്കൽ കൊണ്ടുവന്നു........യേശു അയാളെ ജനക്കൂട്ടത്തിൽനിന്നു മാററി നിർത്തി അയാളുടെ ചെവികളിൽ വിരലുകളിട്ടു. തുപ്പൽ പുരട്ടി നാവിൽ സ്പർശിച്ചു. സ്വർഗ്ഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ടു് പറഞ്ഞു: എഫ്ഫാത്ത-തുറക്കപ്പെടട്ടെ. ഉടനെ അയാളുടെ ചെവികൾ തുറന്നു. നാവിൻെറ കെട്ടഴിഞ്ഞു. അയാൾ സ്ഫുടമായി സംസാരിച്ചു'' (*മർക്കോ. 7:31—36*)

## ജന്മനാ കുരുടനെ സുഖപ്പെടുത്തുന്നു

''അവൻ കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായ ഒരു മനുഷ്യനെ കണ്ടു........അവൻ നിലത്തു തുപ്പി; തുപ്പൽ കൊണ്ടു ചെളിയുണ്ടാക്കി, ആ മനുഷ്യൻെറ കണ്ണുകളിൽ പൂശിയിട്ടു്, അയാളോടു പറഞ്ഞു: നീ പോയി ശീലോഹാ കുളത്തിൽ കഴുകുക. അയാൾ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു. അതു് ഒരു ശാബത്തു ദിവസമായിരുന്നു. ഫരിസേയരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്തെന്നാൽ അവൻ ശാബതാചരിക്കുന്നില്ല. എന്നാൽ മററുള്ളവർ പറഞ്ഞു: പാപിയായ ഒരു മനുഷ്യനു് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും?........യേശുവിനെ ക്രിസ്തുവെന്നു് ആരെങ്കിലും പരസ്യമായി ഏററുപറഞ്ഞാൽ അവനെ സിനഗോഗിൽ നിന്നു് പുറത്താക്കണമെന്നു് യഹൂദർ തീരുമാനിച്ചിരുന്നു. അന്ധനായിരുന്ന ആ മനുഷ്യനെ യഹൂദർ വിളിച്ചു് അയാളോടു പറഞ്ഞു: ഈ മനുഷ്യൻ പാപിയാണെന്നു് ഞങ്ങൾക്കറിയാം........ഈ മനുഷ്യൻ എവിടെ നിന്നാണെന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. അയാൾ മറുപടി പറഞ്ഞു: ഇതു വിചിത്രമായിരിക്കുന്നു. അവൻ എവിടെ നിന്നാണെന്നു് നിങ്ങളറിയുന്നില്ല. എന്നാൽ, അവൻ എൻെറ കണ്ണുകൾ തുറന്നു. ദൈവം പാപികളെ ശ്രവിക്കുകയില്ലെന്നു് നമുക്കറിയാം. എന്നാൽ ദൈവത്തെ ആരാധിക്കുകയും അവൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യനെ ദൈവം ശ്രവിക്കുന്നു. അന്ധനായി പിറന്ന ഒരു മനുഷ്യൻെറ കണ്ണു് ആരും തുറന്നതായി ലോകം ഉണ്ടായിട്ടു് ഇതുവരെയും കേട്ടിട്ടില്ല. ഈ മനുഷ്യൻ ദൈവത്തിൽ നിന്നല്ലെങ്കിൽ ഒന്നും ചെയ്യുവാൻ അവനു കഴിയുമായിരുന്നില്ല........അനന്തരം അവർ അയാളെ പുറത്താക്കി (*യോഹ. 9 : 1—34*).

www.malankaralibrary.com



## ലാസറിനെ ഉയിർപ്പിക്കുന്നു

ജറുശലേമിൽ നിന്നും നാലഞ്ചു മൈൽ അകലെയായി ബഥനി എന്നൊരു ഗ്രാമമുണ്ട്. അവിടെ ലാസർ എന്നു പേരുള്ള ഒരാൾ അയാളുടെ സഹോദരിമാരായ മാർത്താ, മറിയം എന്നിവരോടുകൂടി വസിച്ചിരുന്നു. അവർ യേശുവിൻെറ മിത്രങ്ങളായിരുന്നു. ലാസറിനു മരണകരമായ രോഗം പിടിപെട്ടപ്പോൾ, രോഗവിവരം യേശുവിനെ അറിയിക്കുവാൻ, അവൻെറ സഹോദരിമാർ ആളയച്ചു. യേശു അവരെ സ്നേഹിച്ചിരുന്നുവെങ്കിലും താൻ താമസിച്ചിരുന്ന സ്ഥലത്ത് രണ്ടു ദിവസം കൂടി ചെലവഴിച്ചു. അതിനുശേഷം ശിഷ്യന്മാരോടുകൂടി ബഥനിയിലേക്കു പോയി.

യേശു വന്നപ്പോൾ ലാസർ സംസ്കരിക്കപ്പെട്ടിട്ട് നാല് ദിവസമായി എന്നറിഞ്ഞു... യേശു വരുന്നുണ്ടെന്ന് കേട്ടപ്പോൾ മാർത്താ ചെന്ന് അവനെ സ്വീകരിച്ചു. എന്നാൽ, മറിയാം വീട്ടിൽത്തന്നെ ഇരുന്നു. മാർത്താ യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കുകയില്ലായിരുന്നു........യേശു പറഞ്ഞു: നിൻെറ സഹോദരൻ ഉയിർത്തെഴുന്നേൽക്കും. മാർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് എനിക്കറിയാം. യേശു അവളോട് പറഞ്ഞു: പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും........മറിയാം യേശു നിന്നിരുന്നിടത്തു വന്ന്, അവനെ കണ്ടപ്പോൾ കാല്ക്കൽ വീണ് അവനോട് പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു. അവളും അവനോടുകൂടി വന്ന യഹൂദരും കരയുന്നതുകണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു: നിങ്ങൾ അവനെ എവിടെയാണ് അടക്കിയിരിക്കുന്നത്? അവർ അവനോട് പറഞ്ഞു: കർത്താവേ വന്നു കാണുക. യേശു കണ്ണുനീർ പൊഴിച്ചു....

യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ട് ശവകുടീരത്തിങ്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു. അതിന്മേൽ ഒരു കല്ലും വച്ചിരുന്നു. യേശു പറഞ്ഞു, ആ കല്ലെടുത്തുമാററുവിൻ........ ആകയാൽ അവർ കല്ലെടുത്തുമാററി. യേശു കണ്ണുകൾ മുകളിലേക്കുയർത്തി പറഞ്ഞു: പിതാവേ, നീ എന്നെ ശ്രവിച്ചതിനാൽ ഞാൻ നിനക്ക് നന്ദിപറയുന്നു. നീ എന്നെ എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ, എന്നെ അയച്ചതു

www.malankaralibrary.com



നീയാണെന്നു് ചുററും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടിയാണു് ഞാനിതു പറയുന്നതു്. ഇതു പറഞ്ഞിട്ടു് അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ലാസറേ, പുറത്തുവരുക. അപ്പോൾ മരിച്ചവൻ പുറത്തു വന്നു. അവൻെറ കൈകാലുകൾ നാടകൾ കൊണ്ടു് ബന്ധിക്കപ്പെട്ടും, മുഖം തുണികൊണ്ടു് ആവരണം ചെയ്യപ്പെട്ടുമിരുന്നു. യേശു പറഞ്ഞു: അവൻെറ കെട്ടുകളഴിക്കുവിൻ, അവൻ പോകട്ടെ (*യോഹ. 11 : 1-44*).

## യേശു പാപികളോടു് കരുണയുള്ളവൻ.

### വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ

യേശു ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നു. "വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരും കൂടി അവൻെറ അടുക്കൽ കൊണ്ടുവന്നു് അവരുടെ മദ്ധ്യത്തിൽ നിർത്തി. അവർ അവനോടു് പറഞ്ഞു: ഗുരോ, ഈ സ്ത്രീ വ്യഭിചാരപ്രവൃത്തിയിൽ പിടിക്കപ്പെട്ടവളാണു്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണു് മോശ നിയമത്തിൽ കല്പിച്ചിരിക്കുന്നതു്. നീ എന്തു പറയുന്നു? ഇതു് അവനിൽ കുററമാരോപിക്കാൻ അവസരം ലഭിക്കുന്നതിനുവേണ്ടി അവനെ പരീക്ഷിക്കാനായി അവർ ചോദിച്ചതാണു്. യേശുവാകട്ടെ കുനിഞ്ഞു് വിരൽകൊണ്ടു് നിലത്തു് എഴുതിക്കൊണ്ടിരുന്നു. അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്നു അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ. അവൻ വീണ്ടും കുനിഞ്ഞു് നിലത്തു് എഴുതിക്കൊണ്ടിരുന്നു. എന്നാൽ ഇതു കേട്ടപ്പോൾ മൂതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു. യേശു നിവർന്നു അവളോടു് ചോദിച്ചു : സ്ത്രീയേ, അവരെല്ലാം എവിടെ? ആരും നിന്നെ വിധിച്ചില്ലേ? അവൾ പറഞ്ഞു: ഇല്ല, കർത്താവേ. യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുതു് (*യോഹ. 8:1-11*).

യേശു എന്താണു് നിലത്തു് എഴുതിക്കൊണ്ടിരുന്നതു് എന്നു പറഞ്ഞിട്ടില്ല. ഒരു പക്ഷെ ആ സ്ത്രീയെ പിടിച്ചുകൊണ്ടുവന്നവരുടെ പാപങ്ങൾ ഓരോരുത്തരുടേതായി നിലത്തു് എഴുതിക്കൊണ്ടിരുന്നതായിരിക്കാം, അവരുടെ പേരുകൾ വെളിപ്പെടുത്താതെ.

www.malankaralibrary.com



## യേശുവും സമരിയാക്കാരിയും

"അവൻ യൂദയാ വിട്ട് വീണ്ടും ഗലീലിയിലേക്ക പുറപ്പെട്ടു. അവന സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു. സമരിയായിലെ സിക്കാർ എന്ന പേരുള്ള പട്ടണത്തിൽ അവൻ എത്തി. യാക്കോബ് തൻെറ മകൻ ജോസഫിന് നല്കിയ വയലിനടുത്താണ് ഈ പട്ടണം. യാക്കോബിൻെറ കിണർ അവിടെയാണ്. യാത്ര ചെയ്തു ക്ഷീണിച്ച യേശു ആ കിണറിൻെറ കരയിൽ ഇരുന്നു. അപ്പോഴം ഏകദേശം 6–ാം മണിക്കൂറായിരുന്നു. ആ സമയം സമരിയാക്കാരിയായ ഒരു സ്ത്രീ അവിടെ വെള്ളം കോരാൻ വന്നു. യേശു അവളോട് എനിക്ക കുടിക്കാൻ തരുക എന്നു പറഞ്ഞു. അവൻെറ ശിഷ്യന്മാരാകട്ടെ ഭക്ഷണസാധനങ്ങഠം വാങ്ങുവാനായി പട്ടണത്തിലേയ്ക്കു പോയിരുന്നു. ആ സമരിയാക്കാരി അവനോടു ചോദിച്ചു, നീ ഒരു യഹൂദനായിരിക്കെ, സമരിയാക്കാരിയായ എന്നോട് കുടിക്കാൻ ചോദിക്കുന്നതെന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ. യേശു അവളോടു പറഞ്ഞു: ദൈവത്തിൻെറ ദാനം എന്തെന്നും 'എനിക്ക കുടിക്കാൻ തരുക' എന്നു നിന്നോടാവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കയും അവൻ നിനക്ക ജീവജലം തരുകയും ചെയ്യുമായിരുന്നു. അവഠം പറഞ്ഞു........ഈ കിണർ ഞങ്ങഠംക്ക തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാഠം വലിയവനാണോ നീ?.... ...യേശു പറഞ്ഞു. ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കയില്ല. ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേയ്ക്കു നിർഗ്ഗളിക്കുന്ന അരുവിയാകും. അപ്പോഠം ആ സ്ത്രീ പറഞ്ഞു. എങ്കിൽ ആ ജലം എനിക്ക തരുക. മേലിൽ എനിക്ക ദാഹിക്കയില്ലല്ലോ........

അവൻ പറഞ്ഞു. നീചെന്ന് നിൻെറ ഭർത്താവിനെ കൂട്ടിക്കൊണ്ടു വരുക. എനിക്ക ഭർത്താവില്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു: യേശു അവളോടു പറഞ്ഞു. എനിക്ക ഭർത്താവില്ല എന്നു നീ പറഞ്ഞത് ശരിയാണ്. നിനക്ക അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോഠം നിനക്കുള്ളവൻ നിൻെറ ഭർത്താവല്ല നീ പറഞ്ഞത് സത്യമാണ്. അവഠം പറഞ്ഞു കർത്താവേ, അങ്ങ് ഒരു പ്രവാചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധനനടത്തി........

www.malankaralibrary.com



യേശു പറഞ്ഞു: ദൈവം ആത്മാവാകുന്നു. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്. ആ സ്ത്രീ പറഞ്ഞു: ക്രിസ്തു എന്നു വിളിക്കപ്പെടുന്ന രക്ഷകൻ വരുമെന്ന് എനിക്ക് അറിയാം. അവൻ വരുമ്പോൾ എല്ലാ കാര്യങ്ങളും ഞങ്ങളെ അറിയിക്കും. യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാകുന്നു അവൻ.

അപ്പോഴേക്കും അവന്റെ ശിഷ്യന്മാർ തിരിച്ചെത്തി. ....ആ സ്ത്രീയാകട്ടെ കുടം അവിടെ വച്ചിട്ട്, പട്ടണത്തിലേക്കു പോയി, ആളുകളോട് പറഞ്ഞു. ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻ തന്നെയായിരിക്കുമോ ക്രിസ്തു? അവർ പട്ടണത്തിൽ നിന്ന് പുറപ്പെട്ട് അവന്റെ അടുത്തുവന്നു.

തൽസമയം ശിഷ്യന്മാർ അവനോട് അപേക്ഷിച്ചു: ഗുരോ, ഭക്ഷണം കഴിച്ചാലും. അവൻ പറഞ്ഞു: എനിക്കു ഭക്ഷിക്കുവാൻ നിങ്ങൾ അറിയാത്ത ഭക്ഷണമുണ്ട്. ....എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കയും അവന്റെ ജോലി പൂർത്തിയാക്കയുമാണ് എന്റെ ഭക്ഷണം. ........ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന് ആ സ്ത്രീ സാക്ഷ്യപ്പെടുത്തിയതുകൊണ്ട് പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചു .......അവന്റെ വചനം ശ്രവിച്ചു മററുപലരും അവനിൽ വിശ്വസിച്ചു. അവർ ആ സ്ത്രീയോടു പറഞ്ഞു: ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിന്റെ വാക്കുമൂലമല്ല. കാരണം, ഞങ്ങൾ തന്നെ നേരിട്ടു ശ്രവിക്കയും ഇവനാണ് ലോകരക്ഷകൻ എന്ന് യഥാർത്ഥത്തിൽ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു (*യോഹ. 4:3_42*).

യേശു പാപിനിയായ ആ സമരിയാക്കാരി സ്ത്രീയെ മാനസാന്തരപ്പെടുത്തുന്നു; അവൾ വഴി മററു പല സമരിയാക്കാരും തന്നിൽ വിശ്വസിക്കുകയും ചെയ്യുന്നു.

## പാപിനിക്ക് മോചനം

"ഫരിസേയരിൽ ഒരുവൻ തന്നോടൊത്ത് ഭക്ഷണം കഴിക്കാൻ അവനെ ക്ഷണിച്ചു. അവൻ ആ ഫരിസേയന്റെ വീട്ടിൽ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നു. അപ്പോൾ ആ പട്ടണത്തിലെ പാപിനിയായ ഒരു സ്ത്രീ ഫരിസേയന്റെ വീട്ടിൽ അവൻ ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞ്, ഒരു വെൺകൽ കുപ്പി നിറയെ സുഗന്ധതൈലവുമായി അവിടെ വന്നു. അവൾ

www.malankaralibrary.com


അവന്റെ പിന്നിൽ പാദത്തിനരികെ കരഞ്ഞുകൊണ്ടുനിന്നു. കണ്ണുനീരുകൊണ്ട് അവരം അവന്റെ പാദങ്ങരം കഴുകുകയും തലമുടി കൊണ്ടു് തുടയ്ക്കുകയും ചുംബിച്ച് സുഗന്ധതൈലം പൂശുകയും ചെയ്തു. അവനെ ക്ഷണിച്ച ആ ഫറിസേയൻ ഇതു കണ്ടു് സ്വാഗതമായിപ്പറഞ്ഞു: ഇവൻ പ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന ഈ സ്ത്രീ ആരെന്നും ഏതു തരക്കാരി എന്നും അറിയുമായിരുന്നു. ഇവരം ഒരു പാപിനി ആണല്ലോ. യേശു അവനോടു പറഞ്ഞു: ശീമയോനേ, എനിക്കു നിന്നോടു് ഒരു കാര്യം പറയുവാനുണ്ടു്........ഒരു ഉത്തമർണ്ണനു രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറും മററവൻ അമ്പതും ദേനാറാകരം കടപ്പെട്ടിരുന്നു. വീട്ടുവാൻ അവർക്കു സാധിക്കാതെ വന്നതു കൊണ്ടു് രണ്ടുപേർക്കും അയാരംകു ഇളച്ചുകൊടുത്തു. ആ രണ്ടു പേരിൽ ആരാണു് അയാളെ കൂടുതൽ സ്നേഹിക്കുക. ശിമയോൻ മറുപടി പറഞ്ഞു: ആർക്കു് അവൻ കൂടുതൽ ഇളവു ചെയ്തോ അവൻ എന്നു ഞാൻ വിചാരിക്കുന്നു. അവൻ പറഞ്ഞു: നീ ശരിയായിത്തന്നെ വിധിച്ചു. അനന്തരം യേശു ശിമയോനോടു പറഞ്ഞു നീ ഈ സ്ത്രീയെ കാണുന്നുണ്ടല്ലോ. ഞാൻ നിന്റെ വീട്ടിൽ പ്രവേശിച്ചു; എന്റെ കാലുകരം കഴുകുവാൻ നീ വെള്ളം തന്നില്ല. എന്നാൽ ഇവരം കണ്ണീരുകൊണ്ടു എന്റെ കാലുകരം കഴുകുകയും തലമുടികൊണ്ടു് തുടയ്ക്കുകയും ചെയ്തു........അതിനാൽ ഞാൻ നിന്നോടു പറയുന്നു, ഇവളുടെ നിരവധിയായ പാപങ്ങരം ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവരം അധികം സ്നേഹിച്ചു. ആരോടു് അല്പം ക്ഷമിക്കപ്പെടുന്നുവോ അവൻ അല്പം സ്നേഹിക്കുന്നു. അവൻ അവളോടു പറഞ്ഞു: നിന്റെ പാപങ്ങരം ക്ഷമിക്കപ്പെട്ടിരിക്കുന്നു....... നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തിൽ പൊയ്ക്കൊള്ളുക (*ലൂക്കോ. 7:36—49*).

യേശു പ്രവർത്തിച്ച അത്ഭുതങ്ങരം, താൻ ദൈവമാണു് എന്നുള്ളതിനു് തെളിവാണു്. വി. യോഹന്നാൻ ഇപ്രകാരം പറയുന്നു: "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മററനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നതു് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു് നിങ്ങരം വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങരംക്കു് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണു്" (*യോഹ. 20:30—31*).

www.malankaralibrary.com



# അധ്യായം VIII

## യേശുവിന്റെ പ്രബോധനങ്ങൾ

### ദൈവസ്നേഹം

ദൈവസ്നേഹം എന്ന പദംകൊണ്ടു്, ദൈവത്തിനു് നമ്മോടുള്ള സ്നേഹവും നമുക്കു് ദൈവത്തോടുണ്ടായിരിക്കേണ്ട സ്നേഹവും അർത്ഥമാക്കുന്നു.

### ദൈവത്തിനു നമ്മോടുള്ള സ്നേഹം

യോഹ. 12:47. യേശു പറഞ്ഞു: "ഞാൻ വന്നിരിക്കുന്നതു് ലോകത്തെ വിധിക്കുവാനല്ല, രക്ഷിക്കുവാനാണു്". യോഹ. 13:1. "ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു.

യോഹ. 10:10-11. "ഞാൻ വന്നിരിക്കുന്നതു് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമത്രേ. ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നു".

ലൂക്കോ. 15:4-7. "നിങ്ങളിലാരാണു്, തനിക്കു് നൂറു് ആടുകൾ ഉണ്ടായിരിക്കേ, അവയിൽ ഒന്നു നഷ്ടപ്പെട്ടാൽ തൊണ്ണൂറ്റൊൻപതിനെയും മരുഭൂമിയിൽ വിട്ടിട്ടു് നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടിപ്പോകാത്തതു്? കണ്ടുകിട്ടുമ്പോൾ സന്തോഷിച്ചു് അതിനെ തോളിലേറ്റുന്നു. ........അതുപോലെ തന്നെ, അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ചു് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചു് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു".

പിതാവിൽ നിന്നും തന്റെ ഓഹരി വാങ്ങി ദൂരെ ദേശത്തേക്കുപോയി, അവിടെ ധൂർത്തനായി ജീവിച്ചു് സ്വത്തെല്ലാം നശിപ്പിച്ചു കളഞ്ഞ, ധൂർത്ത പുത്രന്റെ തിരിച്ചുവരവിനു വേണ്ടി ആകാംക്ഷയോടുകൂടി കാത്തിരിക്കുന്ന പിതാവാണു് ദൈവം. ധൂർത്തനായ പുത്രൻ തിരിച്ചു ചെന്നപ്പോൾ പിതാവു് എപ്രകാരമാണു് അവനെ സ്വീകരിച്ചതു്? "ദൂരെവച്ചു തന്നെ

www.malankaralibrary.com



പിതാവ് അവനെ കണ്ടു. അയാരം മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. .......തന്റെ ദാസരോടു പറഞ്ഞു: നിങ്ങരം ഉടനെ മേൽത്തരം വസ്ത്രം കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരം അണിയിക്കയും കാലിൽ ചെരിപ്പ് ഇടുവിക്കയും ചെയ്യുവിൻ. (*ലൂക്കോ. 15:11_24*).

ഇതിനെപ്പററി ശ്ലീഹന്മാരുടെ ലേഖനങ്ങളിൽ എന്തു പറയുന്നു എന്നു നോക്കാം.

മനുഷ്യരോടുള്ള സ്നേഹംനിമിത്തമാണ് ദൈവം മനുഷ്യനായി അവതരിച്ചതു്. വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയാക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്നു: ''ദൈവത്തിന്റെ രൂപത്തിലാണെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യമാക്കിക്കൊണ്ടു് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു. ആകൃതിയിൽ മനുഷ്യനേപ്പോലെ കാണപ്പെട്ടു. മരണംവരെ—അതെ, കുരിശുമരണം വരെ—അനുസരണം ഉള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (*ഫിലിപ്പി. 2:6_8*).

എഫേസ്യാക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്നു: "എല്ലാ വിശുദ്ധന്മാരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കുവാൻ നിങ്ങരംക്ക് ശക്തി ലഭിക്കട്ടെ. അറിവിനെ അതിലംഘിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങരം ഗ്രഹിക്കുവാനും അതുവഴി ദൈവത്തിന്റെ സമസ്തപൂർണ്ണതയാലും നിങ്ങരം പൂരിതമാകുവാനും ഇടയാകട്ടെ'' (*എഫേസ്യ. 3:18_19*).

വി. യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ദൈവം സ്നേഹമാകുന്നു....നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, പ്രത്യുത അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങരംക്ക് പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം....'' (*1 യോഹ. 4:9_10*).

പഴയനിയമത്തിൽ ദൈവത്തിന്റെ സ്നേഹത്തെപ്പററി എന്തുപറയുന്നു എന്നു പരിശോധിക്കുന്നതു് അവസരോചിതമായിരിക്കും.

www.malankaralibrary.com



യാവേ ഇസ്രായേൽ ജനതയോട്ട ഇപ്രകാരം പറയുന്നു: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു് മറക്കാനാവുമോ? പുത്രനോട് പെററമ്മ കരുണ കാണിക്കാതിരിക്കുമോ? അവരം മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ നിന്നെ ഞാൻ എൻെറ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു (*ഏശയ്യാ. 49:15*).

യാവേ അരുളിച്ചെയ്തു: "എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണു്; നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും". (*ജെറ. 31:3*).

## നമുക്കു് ദൈവത്തോടുണ്ടായിരിക്കേണ്ട സ്നേഹം

"ഒരു നിയമജ്ഞൻ യേശുവിനെ പരീക്ഷിച്ചുകൊണ്ടു് ചോദിച്ചു, ഗുരോ നിയമത്തിലെ അതിപ്രധാനമായ കല്പന ഏതാകുന്നു. അവൻ പറഞ്ഞു: നീ നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണു് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായതു്, നിന്നെപ്പോലെ നിൻെറ അയല്ക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സമസ്തനിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു" (*മത്താ. 22:35-40; നിയ. 6:5*).

യേശു പറഞ്ഞു: "എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു് യോഗ്യനല്ല; എന്നെക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല" (*മത്താ. 10:37*).

അപ്രകാരം സ്നേഹമുള്ളവൻ എന്തു പ്രവർത്തിക്കും എന്നു യേശു പറയുന്നു: "നിങ്ങ൦ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കല്പനക൦ പാലിക്കും" (*യോഹ. 14:15*).

വീണ്ടും പറയുന്നു: "എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം പാലിക്കും" (*യോഹ. 14:23*).

വീണ്ടും ഇപ്രകാരം പറയുന്നു: "സ്നേഹത്തിൽ ഭയത്തിനു് ഇടമില്ല; മറിച്ചു് പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണു്, ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല" (*1 യോഹ. 4:18*).

www.malankaralibrary.com



ദൈവം പ്രവാചകൻ വഴി പറയുന്നു: "നീ എന്റെ കല്പനകൾ അനുസരിച്ചിരുന്നെങ്കിൽ, നിന്റെ സമാധാനം നദിപോലെ ഒഴുകുമായിരുന്നു; നീതി കടലലകൾപോലെ ഉയരുമായിരുന്നു" (*ഏശയ്യാ. 48:18*).

**പരസ്നേഹം**

നിയമത്തിലെ അതിപ്രധാനമായ കല്പന ഏതാണെന്നുള്ള നിയമപണ്ഡിതന്റെ ചോദ്യത്തിന്, "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക" എന്നുള്ളതാണ് പ്രധാനവും പ്രഥമവുമായ കല്പന എന്നു പറഞ്ഞ ശേഷം ഇതിനോടു തുല്യമായ രണ്ടാമതൊരു കല്പനകൂടി ഉണ്ട് എന്നു പറയുന്നു: "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" (*മത്താ. 22:37-39, ലൂക്കാ. 10:25-28*).

ആരാണ് എന്റെ അയൽക്കാരൻ എന്ന നിയമജ്ഞന്റെ ചോദ്യത്തിന്, ക്രിസ്തു ഒരു ഉപമയിൽകൂടി അതിനു ഉത്തരം പറയുന്നു. "ഒരു മനുഷ്യൻ ജെറുശലേമിൽനിന്നും ജെറിക്കോയിലേക്ക് പോവുകയായിരുന്നു. അയാൾ കവർച്ചക്കാരുടെ കൈയിൽ അകപ്പെട്ടു. അവർ അയാളുടെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് അയാളെ പ്രഹരിച്ച് അർദ്ധപ്രാണനാക്കിയിട്ട് പൊയ്ക്കളഞ്ഞു. ആദ്യം ഒരു പുരോഹിതൻ ആ വഴിയെ വന്നു. അയാളെ കണ്ടപ്പോൾ അവൻ മറുവശത്തുകൂടെ കടന്നുപോയി. അതുപോലെ ഒരു ലേവായനും അവിടെ വന്നപ്പോൾ അയാളെ കണ്ടെങ്കിലും കടന്നുപോയി. എന്നാൽ ഒരു സമറിയാക്കാരൻ യാത്രാമദ്ധ്യേ ആ മനുഷ്യൻ കിടന്ന സ്ഥലത്തുവന്നു. അയാളെ കണ്ടു സഹതാപം തോന്നി, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച് അയാളുടെ മുറിവുകൾ വച്ചുകെട്ടി, തന്റെ കഴുതയുടെ പുറത്തുകയററി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരന്റെ കൈയിൽ രണ്ടു ദേനാറാ കൊടുത്തിട്ടു പറഞ്ഞു: ഇയാളുടെ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. നിനക്കെന്തു തോന്നുന്നു, കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? അയാളോട് കരുണകാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക". (*ലൂക്കാ. 10:29-37*).

www.malankaralibrary.com



അന്ത്യത്താഴസമയത്തു് ശ്ലീഹന്മാരുടെ പാദങ്ങൾ കഴുകി ത്തുടച്ചശേഷം യേശു അവരോടു പറയുന്നു: "ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു് അതുമൂലം എല്ലാവരും അറിയും" (*യോഹ. 13:34_35*).

യേശു ഉദ്ബോധിപ്പിക്കുന്നു: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു് നിന്നോടു് എന്തെ ങ്കിലും വിരോധം ഉണ്ടെന്നു് അവിടെവച്ചു് നീ ഓർമ്മിക്കുന്ന പക്ഷം, നിന്റെ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ടു് ആദ്യം പോയി സഹോദരനോടു രമ്യപ്പെടുക; പിന്നെ വന്നു് കാഴ്ചയർപ്പിക്കുക" (*മത്താ. 5:23_24*).

## ശത്രുക്കളേയും സ്നേഹിക്കണം

വീണ്ടും പറയുന്നു; നിന്റെ അയല്ക്കാരനെ സ്നേഹിക്കുക; നിന്റെ ശത്രുവിനെ ദ്വേഷിക്കുക എന്നു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പി ക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. ........നിങ്ങളെ സ്നേഹി ക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു പ്രതിഫല മാണു് ലഭിക്കുക? ചുങ്കക്കാർ പോലും അതുതന്നെ ചെയ്യു ന്നില്ലേ?" (*മത്താ. 5:43_46*).

വി. ലൂക്കോസിന്റെ സുവിശേഷത്തിലും ഇതുതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. തിന്മയെ നന്മകൊണ്ടു ജയിക്കാ നാണു് ക്രിസ്തുനാഥൻ ആവശ്യപ്പെടുന്നതു്. "ശത്രുക്കളെ സ്നേഹി ക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുവിൻ. ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. അധിക്ഷേപിക്കുന്നവക്ക് വേണ്ടി പ്രാത്ഥിക്കുവിൻ. ....മററുള്ളവർ നിങ്ങളോടു് എങ്ങനെ പെരുമാറണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ. നിങ്ങളെ സ്നേഹി ക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നെങ്കിൽ എന്തു പ്രശംസയാണു ള്ളതു്? പാപികൾപോലും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുണ്ടല്ലോ? നിങ്ങൾക്കു നന്മ ചെയ്യുന്നവർക്കു നിങ്ങൾ നന്മചെയ്യുന്നതിൽ എന്തു പ്രശംസയാണുള്ളതു്? പാപി കളും അങ്ങനെ ചെയ്യുന്നുണ്ടല്ലോ" (*ലൂക്കോ. 6:27_33*).

www.malankaralibrary.com



അവസാന വിധിയുടെ മാനദണ്ഡം എന്തായിരിക്കും എന്നുള്ളതിനെപ്പററി യേശുക്രിസ്തു പറയുന്നു: "മനുഷ്യപുത്രൻ തൻെറ എല്ലാ മാലാഖമാരോടും കൂടെ പ്രതാപത്തിൽ എഴുന്നെള്ളുമ്പോൾ അവൻ തൻെറ മഹത്വത്തിൻെറ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവൻെറ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും.......അനന്തരം രാജാവു തൻെറ വലത്തു ഭാഗത്തുള്ളവരോട് അരുളിച്ചെയ്യും: എൻെറ പിതാവിനാൽ അനുഗ്രഹീതരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എൻെറയടുക്കൽ വന്നു. അപ്പോൾ നീതിമാന്മാർ ഇങ്ങനെ മറുപടി പറയും: കർത്താവേ, നിന്നെ വിശക്കുന്നവനായിക്കണ്ട് ഞങ്ങൾ നിനക്ക് ആഹാരം നല്കിയതും ദാഹിക്കുന്നവനായിക്കണ്ടു കുടിക്കാൻ നല്കിയതും എപ്പോൾ? .......രാജാവു ഇങ്ങനെമറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ ഏററവും ചെറിയ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ, എനിക്കു തന്നെയാണ് ചെയ്തത്.

അനന്തരം അവൻ തൻെറ ഇടത്തു ഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവൻെറ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിക്കു ആഹാരം തന്നില്ല.......അപ്പോൾ അവർ ചോദിക്കും: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ പരദേശിയോ, നഗ്നനോ രോഗിയോ കാരാഗൃഹത്തിൽ കഴിയുന്നവനോ ആയി കണ്ടതും നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ? അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ഏററവും ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്" (*മത്താ. 25:31–46*).

vi. പൗലോസ് ശ്ലീഹാ സ്നേഹത്തിൻെറ ആവശ്യത്തെപ്പററിയും പ്രാധാന്യത്തെപ്പററിയും പറയുന്നുണ്ട്.

www.malankaralibrary.com



"ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആയിരിക്കും........ ഞാൻ എന്റെ സർവ്വ സമ്പത്തുകളും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്കു ഒരു പ്രയോജനവുമില്ല.

സ്നേഹം ദീർഘശാന്തതയും ദയയുമുള്ളതാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹംഭാവം നടിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല" (*1 കോറി. 13:1-7*).

വി. യോഹന്നാൻ ശ്ലീഹാ ഇപ്രകാരം പറയുന്നു: "കുഞ്ഞു മക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രത്യുത, പ്രവൃത്തിയിലും സത്യത്തിലുമാണ്" (*1 യോഹ. 3:18*).

"നാം പരസ്പരം സ്നേഹിക്കുന്നെങ്കിൽ ദൈവം നമ്മിൽ വസിക്കും". (*1 യോഹ. 4:12*)

"കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല". (*1 യോഹ. 4:20*)

യേശുക്രിസ്തു ഉപദേശിക്കുക മാത്രമല്ല, ഉപദേശിച്ചവ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു.

ക്രിസ്തുനാഥൻ കൽവരിയിൽ ക്രൂശിന്മേൽ കിടന്നുകൊണ്ടു് തന്നെ പീഡിപ്പിച്ചവർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു: "പിതാവേ, അവരോടു ക്ഷമിക്കണമെ; എന്തെന്നാൽ അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല" (*ലൂക്കാ. 13:31*). അതാണു് ക്ഷമിക്കുന്ന സ്നേഹം.

## ഗിരിപ്രഭാഷണം

### അഷ്ടഭാഗ്യങ്ങൾ

യേശുവിന്റെ ഗിരിപ്രഭാഷണം സുപ്രസിദ്ധമാണ്. അതിന്റെ ആദ്യഭാഗമാണു് സുവിശേഷഭാഗ്യങ്ങൾ.

www.malankaralibrary.com



"ജനക്കൂട്ടത്തെക്കണ്ടപ്പോൾ യേശു മലയിലേയ്ക്കു കയറി. അവൻ ഇരുന്നുകഴിഞ്ഞപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ഭൂമി അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ സംതൃപ്തരാക്കപ്പെടും. കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഢകൾ സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ അവഹേളിക്കയും പീഢിപ്പിക്കയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (*മത്താ. 5: 1_12*).

യേശുക്രിസ്തുവിന്റെ മാനദണ്ഡമനുസരിച്ച് എങ്ങനെയുള്ളവരാണ് ഭാഗ്യവാന്മാർ, എങ്ങനെയുള്ളവരാണ് സ്വർഗ്ഗഭാഗ്യത്തിനു് അർഹർ എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നതു്. ലോകത്തിന്റെ മൂല്യങ്ങൾക്ക് നേരെ വിപരീതമായിട്ടുള്ളവയാണ് യേശുക്രിസ്തു ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ.

വി. ലൂക്കോസിന്റെ സുവിശേഷം 6:20_26, വാക്യങ്ങളിൽ നാലു സുവിശേഷഭാഗങ്ങളെപ്പററി മാത്രമെ പറഞ്ഞിട്ടുള്ളൂ.

ഓരോന്നിനെ പററിയും അല്പം പര്യാലോചിക്കാം.

1. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു".

ഭൗതികമായി ദരിദ്രരായിട്ടുള്ളവർ ആത്മാവിൽ ദരിദ്രരാകണമെന്നില്ല; ധനവാന്മാർ ആത്മീയമായി ദരിദ്രരായിക്കൂടാ എന്നുമില്ല. അതു് ഓരോരുത്തരുടേയും മനോഭാവത്തെ ആശ്രയിച്ചിരിക്കും. ദൈവസ്നേഹത്തെ പ്രതി ധനത്തോടു് നിസ്സംഗത ഹൃദയത്തിലും മനസ്സിലും പുലർത്തണം. ദരിദ്രർ

www.malankaralibrary.com



തങ്ങളുടെ ക്ലേശങ്ങളിൽ നിരാശരാകാതെ ദൈവതിരുമനസ്സിന് സ്വയം സമർപ്പിക്കുകയും ദൈവസഹായം അഭ്യർത്ഥിക്കുകയും ദൈവത്തിൽ പ്രത്യാശ വയ്ക്കുകയും ചെയ്യണം. ഇങ്ങനെയുള്ള വർ ഭാഗ്യവാന്മാരാണ്. കാരണം ഭയമോ ഉൽക്കണ്ഠയോ കൂടാതെ സ്വർഗ്ഗരാജ്യത്തിലെ സമാധാനം ഈ ലോകത്തിൽ വച്ചുതന്നെ അവർക്ക് അനുഭവവേദ്യമാകുന്നു.

യേശുക്രിസ്തു ദരിദ്രനായി ജീവിക്കുകയും ദരിദ്രരെ സ്നേഹിക്കുകയും ചെയ്തിരുന്നു. കാലിത്തൊഴുത്തിലെ ജനനം മുതൽ കാൽവരിയിലെ ക്രൂശുമരണം വരെ ദരിദ്രരിൽ ദരിദ്രനായിട്ടാണ് യേശു ജീവിതം നയിച്ചത്.

നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും എന്നു പറഞ്ഞ ആളിനോട് യേശു പറഞ്ഞു: "കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രനാകട്ടെ തല ചായ്ക്കാൻ ഇടമില്ല" (*ലൂക്കോ. 9:58*)

വേറൊരവസരത്തിൽ യേശു ഇപ്രകാരം പറഞ്ഞു: "എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കയും ചെയ്യുവിൻ. എന്തെന്നാൽ, മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്" (*ലൂക്കോ. 12 : 15*).

ശിഷ്യത്വത്തിന് നൽകേണ്ട വിലയെപ്പററി യേശു പറയുന്നു: "തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എൻെറ ശിഷ്യനാവുക സാധ്യമല്ല" (*ലൂക്കോ. 14:33*).

സേവിക്കപ്പെടുകയല്ല, സേവനം ചെയ്യുകയാണ് തൻെറ ഉദ്ദേശമെന്ന് യേശു പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട് (*മത്താ. 20:28*). സ്ഥാനമാനങ്ങൾ അവിടുന്ന് ആഗ്രഹിച്ചില്ല. വി. ലൂക്കോസിൻെറ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അവൻ പ്രവർത്തിച്ച അടയാളം കണ്ട ജനങ്ങൾ പറഞ്ഞു: ഇവൻ സത്യമായും ലോകത്തിലേക്കു വരുവാനിരുന്ന പ്രവാചകൻ തന്നെയാണ്. രാജാവാക്കാൻ വേണ്ടി അവർ വന്നു തന്നെ ബലമായി പിടിച്ചുകൊണ്ടുപോകുവാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്കു പിൻമാറി" (*യോഹ. 6:14-15*).

ആദ്യത്തെ നാലു സുവിശേഷഭാഗ്യങ്ങൾ യേശുവിൻെറ ശിഷ്യൻ എങ്ങനെയുള്ളവനായിരിക്കണമെന്ന് ഉൽബോധിപ്പിക്കുന്നു.

www.malankaralibrary.com



2. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും''.

ഇഹലോകജീവിതം സുഖദുഃഖസമ്മിശ്രമാണ്. ദൈവം വാത്സല്യനിധിയും സർവ്വജ്ഞനും സർവ്വശക്തനും ആണെന്നും ദൈവം അറിയാതെ യാതൊന്നും സംഭവിക്കുന്നില്ലെന്നും ഉള്ള വിശ്വാസം നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതക്ലേശങ്ങളിലെല്ലാം ദൈവകരത്തിൻെറ പ്രവർത്തനവും ദൈവത്തിൻെറ നടത്തിപ്പും നമുക്കു കാണാൻ കഴിയും.

യേശു പറയുന്നു: ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം വഹിക്കയും എന്നിൽനിന്നു് പഠിക്കയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ ആത്മാവു ആശ്വാസം കണ്ടെത്തും'' (*മത്താ. 11:28-29*).

യേശു ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ടു പറയുന്നു: നിങ്ങൾ ദുഃഖിതരാകും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും'' (*യോഹ. 16:20*).

വി. പൗലോസ് ശ്ലീഹാ പറയുന്നു: ''നമുക്കു് വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു് ഞാൻ കരുതുന്നു'' (*റോമാ. 8 : 18*).

''ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണു്; അവയുടെ ഫലമോ അനുപമമായ മഹത്വവും'' (*2 കോറി. 4 : 17*).

3. ''ശാന്തശീലർ ഭാഗ്യവാന്മാർ എന്തെന്നാൽ, അവർ ഭൂമി അവകാശമാക്കും''.

സങ്കീർത്തകൻ ഇപ്രകാരം പറയുന്നു: ''കോപത്തിൽ നിന്നു് അകന്നു നില്ക്കുക, ക്രോധം വെടിയുക, പരിഭ്രമിക്കാതിരിക്കുക. അതു തിന്മയിലേയ്ക്കു മാത്രമേ നയിക്കൂ.......കർത്താവിനെ കാത്തിരിക്കുന്നവർ ഭൂമി കൈവശമാക്കും........ശാന്തശീലർ ഭൂമി കൈവശമാക്കും; ഐശ്വര്യത്തികവിൽ അവർ ആനന്ദിക്കും'' (*സങ്കീ. 37:8, 9, 11*).

അങ്ങനെയുള്ളവർ ഭൂമിയെ അവകാശമാക്കും. ''ഭൂമിയിൽ ഞാൻ ഒരു പരദേശിയാണു്'' എന്നാണു് സങ്കീർത്തകർ പറയുന്നതു് (*സങ്കീ. 119 : 19*). അലഞ്ഞുതിരിഞ്ഞു നടക്കുന്നവർക്കു്

www.malankaralibrary.com



സ്വന്തമായിട്ട് ഒരു വാസസ്ഥലം ലഭിക്കുന്നതുപോലെയാണ്, സൗമ്യതയുള്ളവർക്ക് സ്വർഗ്ഗത്തിൽ വാസസ്ഥലം ലഭിക്കുന്നത്. അതു ജീവിക്കുന്നവരുടെ നാടാണ്.

4. "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ സംതൃപ്തരാക്കപ്പെടും".

'ഓരോരുത്തർക്കും അർഹമായിട്ടുള്ളതു് കൊടുക്കുക' എന്നതാണ് 'നീതി'; (*റോമാ. 13:7*). ദൈവത്തോടും മററുള്ളവരോടും ഉള്ള കടമകൾ നിർവ്വഹിച്ചുകൊണ്ടു പുണ്യ പൂർണ്ണതയ്ക്കായിട്ടുള്ള അന്തർദാഹം ഉണ്ടായിരിക്കുന്നതിനെപ്പററിയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. സജ്ജനങ്ങൾ ധർമ്മത്തിനു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവർക്ക് ഈ ലോകത്തിൽ വച്ചുതന്നെ വളരെയധികം ആത്മസംതൃപ്തിയും സമാധാനവും അനുഭവിക്കാൻ സാധിക്കുന്നു.

5. "കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർക്കു കരുണ ലഭിക്കും". (*മത്താ. 5:7*).

താഴെ പറയുന്ന യേശുവിന്റെ ഉപദേശങ്ങൾ കൂടി ഇതിനോട് ചേർത്തുവച്ച് ചിന്തിക്കേണ്ടതാണ്.

"മററുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (*ലൂക്കാ. 6:31*).

'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (*ലൂക്കാ. 6:36*).

സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (*മത്താ. 5:48*).

കർത്താവു പഠിപ്പിച്ച പ്രാർത്ഥനയിൽ "ഞങ്ങളോടു തെററുചെയ്യുവരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ", എന്നു പ്രാർത്ഥിക്കുവാനാണ് പഠിപ്പിച്ചതു് (*മത്താ. 6:12*).

കരുണ കാണിക്കാത്തവർക്ക് കരുണയില്ലാത്ത വിധിയുണ്ടാകുമെന്നും, നിർദ്ദയനായ ഭൃത്യന്റെ ഉപമയിലൂടെ യേശു പഠിപ്പിക്കുന്നു.

www.malankaralibrary.com



"സ്വർഗ്ഗരാജ്യം, തന്റെ സേവകന്മാരുടെ കണക്കുതീർക്കാൻ ആഗ്രഹിച്ച ഒരു രാജാവിന് സദൃശമാണ്. അവൻ കണക്കു തീർക്കാനാരംഭിച്ചപ്പോൾ പതിനായിരം താലന്തു കടപ്പെട്ടിരുന്ന ഒരുവനെ അവർ അവന്റെ മുമ്പിൽ ഹാജരാക്കി. അയാൾക്കു അതു വീട്ടുവാൻ നിർവ്വാഹമില്ലാതിരുന്നതുകൊണ്ട് അയാളെയും അയാളുടെ ഭാര്യയെയും മക്കളെയും അയാൾക്കുള്ള സമസ്തവസ്തുക്കളെയും വിററു കടംവീട്ടുവാൻ യജമാനൻ കല്പിച്ചു. അപ്പോൾ സേവകൻ വീണു നമസ്കരിച്ചുകൊണ്ടു പറഞ്ഞു: പ്രഭോ, എന്നോടു ക്ഷമിക്കണമെ. ഞാൻ എല്ലാം തന്നു വീട്ടിക്കൊള്ളാം. ആ സേവകന്റെ യജമാനൻ മനസ്സലിഞ്ഞു് അയാളെ വിട്ടയയ്ക്കുകയും കടം ഇളച്ചുകൊടുക്കുകയും ചെയ്തു. അയാൾ പുറത്തേക്കിറങ്ങിയപ്പോൾ തനിക്കു നൂറു ദേനാറാ നല്കാനുണ്ടായിരുന്ന തന്റെ സഹസേവകരിലൊരാളെ കണ്ടുമുട്ടി. അവന്റെ കഴുത്തിൽ പിടിച്ചുഞെരിച്ചുകൊണ്ട് അയാൾ പറഞ്ഞു: എനിക്കു തരാനുള്ളതു തന്നു തീർക്കുക. അപ്പോൾ ആ സഹസേവകൻ വീണ് അയാളോട് അപേക്ഷിച്ചു: എന്നോടു ക്ഷമിക്കണമെ. ഞാൻ തന്നു വീട്ടിക്കൊള്ളാം. എന്നാൽ അയാൾ സമ്മതിച്ചില്ല. കടം വീട്ടുന്നതുവരെ അവനെ അയാൾ കാരാഗൃഹത്തിലിട്ടു. സംഭവിച്ചതറിഞ്ഞു് അവന്റെ സഹസേവകന്മാർ വളരെ സങ്കടപ്പെട്ടു. അവർ ചെന്നു നടന്നതെല്ലാം യജമാനനെ അറിയിച്ചു. യജമാനൻ അയാളെ വിളിച്ചു പറഞ്ഞു: ദുഷ്ടനായ സേവകാ, നീ എന്നോടു കേണപേക്ഷിച്ചതു നിമിത്തം നിന്റെ കടമെല്ലാം ഞാൻ ഇളച്ചുതന്നു. ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ? യജമാനൻ കോപിച്ച് മുഴുവൻ കടവും വീട്ടുന്നതുവരെ അയാളെ ജയിലധികൃതർക്ക് ഏല്പിച്ചുകൊടുത്തു. നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും. (*മത്താ. 18:21–35*).

ദേനാറാ, താലന്തിനേക്കാൾ വളരെ വിലകുറഞ്ഞ നാണയമാണ്. ഉപമയിലെ ആദ്യത്തെ ഭൃത്യൻ പതിനായിരം താലന്താണ് കടപ്പെട്ടിരുന്നത്. അയാളെക്കൊണ്ട് അതു കൊടുത്തു തീർക്കുവാൻ സാധിക്കയില്ലായിരുന്നു. ആ കടമെല്ലാം യജമാനൻ ഇളച്ചുകൊടുത്തു. എന്നാൽ ആ ഭൃത്യൻ തന്റെ ഒരു സഹ ഭൃത്യനോട് വെറും നൂറ് ദേനാറാപോലും— പല ദേനാറാ കൂടുന്നതാണ് ഒരു താലന്ത്— ഇളച്ചുകൊടുക്കാൻ തയ്യാറായില്ല.

www.malankaralibrary.com


6. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെ കാണും" (*മത്താ. 5:8*).

നിർമ്മലഹൃദയർക്കു മാത്രമേ ദൈവത്തെ ദർശിക്കാൻ സാധിക്കുകയുള്ളു. പരമപരിശുദ്ധനായ ദൈവത്തെ ദർശിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണ്, നിർമ്മലഹൃദയം അഥവാ ജീവിതവിശുദ്ധി ഉണ്ടായിരിക്കുക എന്നുള്ളത്.

കപടനാട്യക്കാരെപ്പററി പറയുന്നു: "ഈ ജനം അധരങ്ങൾ കൊണ്ടു് എന്നെ ബഹുമാനിക്കുന്നു: എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്നു വളരെ അകലെയാണ്" (*മത്താ. 15:8*). ദുശ്ചിന്തകൾ, കൊലപാതകം, വ്യഭിചാരം, അസാന്മാർഗ്ഗികത, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത്. ഇതെല്ലാമാണ് ഒരുവനെ അശുദ്ധനാക്കുന്നത്" (*മത്താ 15 :19*).

"നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" (*മത്താ. 6:21*).

7. "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" (*മത്താ. 5:9*).

മററുള്ളവരുമായി സമാധാനത്തിൽ ജീവിക്കുന്നവർക്കു മാത്രമേ, സമാധാനം സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു. ആദ്യമായി നാം ദൈവവുമായി രമ്യപ്പെടണം. (*കോറി. 5:20*) ദൈവസ്നേഹവും നീതിബോധവും ഉള്ളവർക്കേ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ളവർ ദൈവത്തിൻെറ ഇഷ്ടം അനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടു് ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും.

8. "നീതിക്കുവേണ്ടി പീഡകൾ സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കയും....... ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.... എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (*മത്താ. 5 :10_12*).

ഇവിടെ "ഞാൻ നിമിത്തം" എന്നു് പറഞ്ഞിട്ടുണ്ടു്. ഒരാൾ ക്രിസ്ത്യാനിയായിരുന്നു എന്നതിൻെറ പേരിൽ ചിലപ്പോൾ പീഡനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും അങ്ങനെ ക്രിസ്തുവിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്നതു് ഒരു ഭാഗ്യമായി കരുതണമെന്നുമാണ് പറഞ്ഞിരിക്കുന്നത്.

www.malankaralibrary.com

യേശു പറയുന്നു: "ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനു മുമ്പേ അതു് എന്നെ ദ്വേഷിച്ചു എന്നു് അറിഞ്ഞുകൊള്ളുവിൻ.......നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ടു് ...... ലോകം നിങ്ങളെ ദ്വേഷിക്കുന്നു". 'ദാസൻ യജമാനനെക്കാൾ വലിയവനല്ല' എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമ്മിക്കുവിൻ. (*യോഹ. 15: 18_20; 13:16*)

സുവിശേഷ ഭാഗ്യങ്ങളുടെ ഒരു വിശദീകരണമാണു്; ഗിരിപ്രഭാഷണത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ.

യേശു തന്റെ ശിഷ്യന്മാരെ ഉന്നതമായിട്ടുള്ള വിശുദ്ധിയിലേയ്ക്കു് ആഹ്വാനം ചെയ്യുകയാണ്.

'മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'. (*മത്താ. 5 : 16*)

"നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു". (*മത്താ. 5:20*)

തുടർന്നു് എന്തെല്ലാം തിന്മകളാണു് വർജ്ജിക്കേണ്ടതു് എന്നു് പറയുന്നു. കൊല്ലരുതു്, കോപിക്കരുതു്, വിരോധമുള്ള സഹോദരനുമായി രമ്യപ്പെടുക മുതലായ ഉപദേശങ്ങൾ നല്കുന്നു.

### വ്യഭിചാരം ചെയ്യരുതു് (*മത്താ. 5:27_32*).

"ഭോഗാസക്തിയോടെ സ്ത്രീയെ നോക്കുന്ന ഏതൊരുവനും ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു. നിന്റെ വലത്തുകണ്ണു് നിനക്കു് പാപഹേതുവാകുന്നെങ്കിൽ അതു ചൂഴന്നെടുത്തു് എറിഞ്ഞുകളയുക; ശരീരമൊന്നാകെ നരകത്തിലേയ്ക്കു എറിയപ്പെടുന്നതിനെക്കാൾ നിനക്കു നല്ലതു്, അവയവങ്ങളിലൊന്നു് നഷ്ടപ്പെടുകയാണു്——" (*മത്താ. 5:27_30*). കണ്ണുചൂഴന്നെടുത്തു് കളയണമെന്നു പറഞ്ഞിരിക്കുന്നതു് അക്ഷരാർത്ഥത്തിൽ എടുക്കേണ്ട കാര്യമില്ല. ശുദ്ധത പാലിക്കാൻ വേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറായിരിക്കണം എന്നു മാത്രം മനസ്സിലാക്കിയാൽ മതി.

### പ്രതികാരംചെയ്യരുതു്—തിന്മയെ നന്മകൊണ്ടു ജയിക്കുക

"കണ്ണിനു പകരം കണ്ണു്, പല്ലിനു പകരം പല്ലു് എന്നു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ദുഷ്ടനെ

www.malankaralibrary.com



എതിർക്കരുത് എന്നു ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും നിന്റെ വലത്തുകരണത്തടിച്ചാൽ അവനു മറേറ കരണം കൂടി കാണിച്ചുകൊടുക്കുക....'' (*മത്താ. 5:38; ലൂക്കോ. 6:29-30*).

ഈ ആശയം വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വ്യക്തമായി പറയുന്നുണ്ട്. ''തിന്മയെ നേരിടുവാൻ തിന്മ ചെയ്യരുത്; മറിച്ച് ഏവരുടേയും ദൃഷ്ടിയിൽ ശ്രേഷ്ഠമായത് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കുവിൻ. സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ. പ്രിയപ്പെട്ടവരേ, പ്രതികാരം നിങ്ങൾതന്നെ ചെയ്യാതെ, അതു ദൈവകോപത്തിനു വിട്ടേക്കുക. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. പ്രതികാരം എന്റേതാണ്; ഞാൻ പകരംവീട്ടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു. മാത്രമല്ല, 'നിന്റെ ശത്രുവിനു വിശക്കുന്നുവെങ്കിൽ അവനു ഭക്ഷിക്കുവാൻ കൊടുക്കുക. അവനു ദാഹിക്കുന്നുവെങ്കിൽ കുടിക്കുവാനും. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂട്ടും'. തിന്മയെ നന്മകൊണ്ടു കീഴടക്കുവിൻ'' (*റോമാ. 12:17-21; ലേവി. 19:18; നിയമ. 32:35*).

''ആരെങ്കിലും നിന്റെ വലത്തു കരണത്തടിച്ചാൽ അവനു മറേറ കരണം കൂടി കാണിച്ചുകൊടുക്കുക'' എന്നുള്ളത്, അക്ഷരാർത്ഥത്തിൽ പ്രാവർത്തിക മാക്കാനുള്ളതല്ല; മററുള്ളവരോടു ക്ഷമിക്കാൻ ഉള്ള മനോഭാവം ഉണ്ടായിരിക്കണം, എന്നു മനസ്സിലാക്കിയാൽ മതി. പ്രധാനാചാര്യന്റെ സേവകൻ ചെകിട്ടത്ത് അടിച്ചപ്പോൾ, യേശു അവനോടു ഇപ്രകാരം ന്യായവാദം ചെയ്തു. ഞാൻ തെററായി സംസാരിച്ചുവെങ്കിൽ തെററു തെളിയിക്കുക. എന്നാൽ, ഞാൻ ശരിയാണു പറഞ്ഞതെങ്കിൽ എന്തിനു നീ എന്നെ അടിക്കുന്നു?'' (*യോഹ. 18:23*).

## പ്രാർത്ഥന

യേശു പ്രാർത്ഥനയുടെ ഒരു മനുഷ്യൻ ആയിരുന്നു. പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പായി, അതിനുള്ള ഒരുക്കമായി നാല്പതു ദിവസം പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടി (*മത്താ. 4:2; ലൂക്കോ. 4:2*).

പകൽസമയം മുഴവൻ മററുള്ളവരെ ഉപദേശിക്കുകയും രോഗികളെ സൗഖ്യമാക്കുകയും മററും ചെയ്തശേഷം പലപ്പോഴും രാത്രിയാമങ്ങളിൽ, യേശു തനിയെ ഇരുന്നു പ്രാർത്ഥിച്ചിരുന്നു; താൻ എപ്പോഴും തന്റെ പിതാവുമായുള്ള ഉററ സംസർഗ്ഗത്തിൽ ആയിരുന്നു.

www.malankaralibrary.com



ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പായി രാത്രി മുഴുവനും പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി (*ലൂക്കോ. 6:12*).

ലാസറിനെ ഉയിർപ്പിക്കുന്നതിനു മുമ്പായി പ്രാർത്ഥിച്ചു (*യോഹ. 11:41-42*). മത്താ. 14;23; മർക്കോ. 1:35, ഈ വാക്യങ്ങൾ കൂടി കാണുക.

## പ്രാർത്ഥനയുടെ ആവശ്യം

യേശു ശിഷ്യന്മാരെ ഉൽബോധിപ്പിച്ചു: "പ്രലോഭനത്തിൽ അകപ്പെടാതിരിപ്പാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്" (*മത്താ.* 26;41).

നാം ദൈവത്തിൻെറ സൃഷ്ടികളായതുകൊണ്ട് സ്രഷ്ടാവിനെ ആരാധിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

പ്രഭാഷകൻ പറയുന്നു: "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിൻെറ ആരംഭമാകുന്നു" (*പ്രഭാ. 1:14*).

## യേശു പഠിപ്പിച്ച പ്രാർത്ഥന

അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു. കർത്താവേ, യോഹന്നാൻ തൻെറ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക (*ലൂക്കോ. 1:11*).

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിൻെറ രാജ്യം വരണമേ. നിൻെറ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ, ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഞങ്ങൾക്ക് നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പ്രലോഭനത്തിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ. പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ (*മത്താ. 6:9-14*).

ചില മൂല കൃതികളിൽ താഴെ വരുന്ന ഭാഗം കൂടി ഉണ്ട്. "എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങേയ്ക്കുള്ളതാകുന്നു, ആമ്മീൻ".

വി. ലൂക്കോസിൻെറ സുവിശേഷത്തിൽ ഈ പ്രാർത്ഥനയുടെ ചുരുങ്ങിയ രൂപം മാത്രമേ കൊടുത്തിട്ടുള്ളു.

www.malankaralibrary.com



## "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"

ദൈവം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മഹത്വം എത്ര വലുതു്! സമസ്ത ലോകവും അവിടുത്തെ കരങ്ങളിലാണ്. ജീവന്റെയും മരണത്തിന്റെയും നാഥനാണ്. പക്ഷെ ലോകത്തെ മുഴുവനും കിടുകിടാ വിറപ്പിച്ചുകൊണ്ടു് അടക്കിഭരിക്കുന്ന ഒരു ഭരണാധികാരിയായിട്ടല്ല, പിന്നെയോ സ്നേഹമേറിയ ഒരു പിതാവായി തന്നെ നാം ഗണിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതു്.

നാം ദൈവത്തിന്റെ മക്കളാണ്. എത്ര വലിയ ബഹുമതിയാണ് ദൈവം നമുക്കു് തന്നിരിക്കുന്നതു്. സർവ്വജ്ഞനും, സർവ്വശക്തനും, വാത്സല്യനിധിയുമായ ഒരു പിതാവു് നമ്മെ സഹായിക്കുവാൻ സദാ സന്നദ്ധനായിരിക്കുന്നു എന്നുള്ളതു് എത്രയോ വലിയ ഭാഗ്യമാണ്.

## നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ.

ദൈവം മോശവഴി നൽകിയ പത്തു് കല്പനകളിൽ രണ്ടാമത്തേതായ "നിന്റെ ദൈവമായ കർത്താവിന്റെ നാമം വ്യർത്ഥമായി ഉപയോഗിക്കരുതു്" (*പുറ. 20:7*). എന്നുള്ളതിന്റെ ഒരു വിപുലീകരണമായോ വിശദീകരണമായോ ഇതിനെ കണക്കാക്കാം. നിന്റെ നാമത്തിനു് മഹത്വമുണ്ടാകട്ടെ, എന്നാണ് അതിന്റെ അർത്ഥം.

നാം സൃഷ്ടികളെന്ന നിലയിൽ, സൃഷ്ടാവായ ദൈവത്തെ മഹത്വപ്പെടുത്തുകയും, സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു.

പഴയ നിയമത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഇസ്രായേൽ ജനങ്ങളുടെ ഇടയിൽ എന്റെ പരിശുദ്ധി പ്രഘോഷിക്കപ്പെടേണ്ടതാകയാൽ നിങ്ങൾ എന്റെ വിശുദ്ധ നാമത്തെ അശുദ്ധമാക്കരുതു്. നിങ്ങളെ വിശുദ്ധീകരിക്കുന്ന കർത്താവു ഞാനാണ്" (*ലേവി. 22:32*).

"ഞാൻ ജനത്തിന്റെ മദ്ധ്യേ ചെയ്ത പ്രവൃത്തികൾ കാണുമ്പോൾ അവന്റെ സന്തതി എന്റെ നാമത്തെ മഹത്വപ്പെടുത്തും. അവർ യാക്കോബിന്റെ പരിശുദ്ധനെ മഹത്വപ്പെടുത്തും; ഇസ്രായേലിന്റെ ദൈവത്തിന്റെ മുമ്പിൽ ഭക്തിയോടെ അവർ നിലകൊള്ളും" (*ഏശയ്യാ. 29:23*).

www.malankaralibrary.com



യേശു പറയുന്നു; "വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിന്മേലത്രേ വയ്ക്കുക. അപ്പോൾ അതു് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നല്കുന്നു. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (*മത്താ. 5:15-16*). ഭൂമിയിൽ നിന്നെ ഞാൻ മഹത്വപ്പെടുത്തി (*യോഹ. 17:4*).

## നിന്റെ രാജ്യം വരണമേ

"നിന്റെ ഭരണം വരണമേ, എന്നാണു് അതിന്റെ അർത്ഥം. അതായതു് ദൈവം നമ്മെ ഭരിക്കണം എന്നാണു്. ലോകത്തിൽ സാത്താന്റെ ഭരണവും ദൈവത്തിന്റെ ഭരണവുമുണ്ടു്. വി. പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ പറയുന്നു: "നിങ്ങളുടെ ശത്രുവായ പിശാചു് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്നു് അന്വേഷിച്ചുകൊണ്ടു് ചുററി നടക്കുന്നു" (*1 പത്രോസ് 5:8*). സാത്താന്റെ ഭരണം ഇല്ലാതെയായി, ദൈവം നമ്മുടെ ഹൃദയത്തിൽ വസിച്ചു് നമ്മെ ഭരിക്കണം. ദൈവരാജ്യം ക്രിസ്തുവിന്റെ വരവോടുകൂടി സമാഗതമായി. ദൈവരാജ്യം അതിന്റെ സമസ്ത പ്രതാപത്തോടും മഹത്വത്തോടുംകൂടി അവസാന ദിവസം പ്രത്യക്ഷമാകും. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു: "അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്തു് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോൾ എല്ലാററിന്റെയും അവസാനമാകും" (*1 കോറി. 15:24*). ഈ സുദിനം എത്രയും വേഗം സമാഗതമാകുന്നതിനുവേണ്ടിക്കൂടി നാം പ്രാർത്ഥിക്കുകയാണു്, 'നിന്റെ രാജ്യം വരണമേ' എന്നു നാം പ്രാർത്ഥിക്കുമ്പോൾ.

## "നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ".

നിന്റെ രാജ്യം വരണമേ, എന്നുള്ള പ്രാർത്ഥന നടപ്പാകുന്നതിനുവേണ്ടി നാം ചെയ്യേണ്ട കാര്യം ആണു് ദൈവത്തിന്റെ തിരുവിഷ്ടം നിറവേററുക എന്നുള്ളതു്. ദൈവത്തിന്റെ ഭരണംവരുന്നതു് ദൈവത്തിന്റെ പ്രവർത്തനത്തോടു് നാം സഹകരിക്കുമ്പോൾ ആണു്; ദൈവത്തിന്റെ വിളിക്കു് നാം മറുപടി നൽകുമ്പോൾ ആണു്.

www.malankaralibrary.com



യേശു പറയുന്നു: "കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്". (*മത്താ. 7:21*).

സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു: "നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കണമേ" (*സങ്കീ. 143:10*).

'സ്വർഗ്ഗത്തിലേപ്പോലെ'_സ്വർഗ്ഗത്തിൽ മാലാഖമാരും വിശുദ്ധരും എപ്പോഴും ദൈവത്തിന്റെ ഇഷ്ടം നിറവേററിക്കൊണ്ടിരിക്കയാണ്; എപ്പോഴും ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കയാണ്. അതുപോലെ ഭൂമിയിൽ മനുഷ്യരും ദൈവത്തിന്റെ ഇഷ്ടം എപ്പോഴും നിറവേററുവാൻ ഇടയാകണം എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

**"ഞങ്ങൾക്ക് ആവശ്യമുളള അപ്പം ഇന്നു ഞങ്ങൾക്ക് നൽകണമേ".**

ദൈവത്തെ മഹത്വപ്പെടുത്തുക എന്നുള്ളതാണ് പ്രാർത്ഥനയുടെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം. രണ്ടാമതായി നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക: ജീവിതസന്ധാരണം, പാപങ്ങൾക്ക് മോചനം, ദുഷ്ടനിൽനിന്നുള്ള സംരക്ഷണം.

ഓരോ ദിവസത്തേയ്ക്കും ആവശ്യമുള്ള ആഹാരത്തിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത്.

ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽവച്ച് ദൈവം അത്ഭുതകരമായി മന്നാ വർഷിച്ചുകൊടുത്തപ്പോൾ ഓരോ ദിവസത്തേയ്ക്കും ആവശ്യമുള്ളതുമാത്രം ശേഖരിച്ചാൽമതി എന്ന് ദൈവം കല്പിക്കുകയുണ്ടായി (*പുറ. 16:4, 16:21*).

ഭാവിയെക്കുറിച്ച് നാം ആകുലരാകേണ്ടാ എന്ന് യേശു കല്പിക്കയുണ്ടായി. "നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്" (*മത്താ. 6:34*).

അന്നന്നുവേണ്ട ആഹാരം എന്നുപറയുമ്പോൾ ദിവ്യബലിയിലെ വിശുദ്ധഭോജനത്തെയും അർത്ഥമാക്കുന്നുണ്ട്.

**"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ".**

കടങ്ങൾ എന്നു പറയുമ്പോൾ എല്ലാവിധമായ തെററുകളും എന്ന് മനസ്സിലാക്കണം. അത് യേശുവിന്റെ വാക്കുകളിൽ

www.malankaralibrary.com



നിന്നും മനസ്സിലാക്കാം. "മററുള്ളവരോട് അവരുടെ തെററുകറം നിങ്ങറം ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മററുള്ളവരോട നിങ്ങറം ക്ഷമിക്കയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെററുകളും ക്ഷമിക്കയില്ല" (*മത്താ. 6:14*).

"നിങ്ങറം പ്രാർത്ഥിക്കുമ്പോറം, നിങ്ങറംക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. ഇതു സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവും നിങ്ങളുടെ തെററുകറം ക്ഷമിക്കുന്നതിനുവേണ്ടിയത്രേ" (*മർക്കോസ് 11:25*).

നിർദ്ദയനായ ഭൃത്യൻെറ ഉപമവഴി യേശു ഇതു തന്നെയാണ് പഠിപ്പിക്കുന്നത് (*മത്താ. 18:21–35*).

കാഴ്ച വയ്ക്കുന്നതിനു മുമ്പായി സഹോദരനുമായി രമ്യപ്പെടുന്നതിൻെറ ആവശ്യകതയെപ്പററി മത്തായി 5:23–26–ൽ പറയുന്നുണ്ട്.

### "പ്രലോഭനത്തിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ"

പിശാചാണ് ഏററവും വലിയ പ്രലോഭകൻ. അവൻ യേശുവിനെപ്പോലും പ്രലോഭിപ്പിക്കാൻ ശ്രമിച്ചവനാണ്. രണ്ടാമതായി നമ്മിൽ നിന്നുതന്നെ വരുന്ന ദുഷ്പ്രേരണകളാണ് അതിനു കാരണം. വി. യാക്കോബ് ശ്ലീഹാ പറയുന്നു: "ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമ്മോഹങ്ങളാൽ വശീകരിക്കപ്പെട്ടു കുടുക്കിലാകുമ്പോഴാണ്" (*യാക്കോബ് 1:14*).

വി. പത്രോസ് ശ്ലീഹാ പറയുന്നു: "ദൈവ ഭയമുള്ളവരെ പരീക്ഷകളിൽ നിന്ന് എങ്ങനെ രക്ഷിക്കണമെന്നു....കർത്താവു അറിയുന്നു" (*2 പത്രോസ് 2:9*).

വി. പൗലോസ് ശ്ലീഹാ പറയുന്നു: "നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങറം ഉണ്ടാകുവാൻ അവിടുന്ന് അനുവദിക്കയില്ല. പ്രലോഭനങ്ങറം ഉണ്ടാകുമ്പോറം അവയെ അതിജീവിക്കുവാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങറംക്കു നല്കും" (*1 കോറി. 10:13*).

ഗത്സമേനിയിൽ വച്ച് യേശുക്രിസ്തു ശ്ലീഹന്മാരെ ഉപദേശിക്കുന്നു: "പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങറം ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ. ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്" (*മർക്കോസ്. 14:38*).

www.malankaralibrary.com



യേശുക്രിസ്റ്റു ശ്ലീഹന്മാർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു: "ലോകത്തിൽ നിന്നു് അവരെ നീ എടുക്കണം എന്നല്ല, ദുഷ്ടനിൽ നിന്നു് അവരെ കാത്തുകൊള്ളണം എന്നാണു് ഞാൻ പ്രാർത്ഥിക്കുന്നതു്" (*യോഹ. 17:15*).

### "പിന്നെയോ ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ".

ഇവിടെ ദുഷ്ടൻ എന്നു പറയുന്നതു് സാത്താനെ ഉദ്ദേശിച്ചാണു്.

വിതക്കാരൻെറ ഉപമയുടെ വിശദീകരണത്തിൽ യേശു പറയുന്നു: "രാജ്യത്തിൻെറ വചനം കേട്ടിട്ടു് അതു മനസ്സിലാക്കാതിരിക്കുന്നവനിൽ നിന്നു് അവൻെറ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടതു് ദുഷ്ടൻ വന്നു് അപഹരിക്കുന്നു" (*മത്തായി. 13:19*).

"ചിലർ വചനം ശ്രവിക്കുമ്പോൾ തന്നെ സാത്താൻ വന്നു്, അവരിൽ വിതയ്ക്കപ്പെട്ട വചനം നീക്കം ചെയ്യുന്നു" (*മർക്കോസ്. 4:15*).

സാത്താനാണു് ഈ ലോകത്തിൻെറ അധികാരി. "ഇപ്പോൾ ഈ ലോകത്തിൻെറ അധികാരി പുറന്തള്ളപ്പെടും" (*യോഹ. 12:31*).

വി. പൗലോസു് ശ്ലീഹാ പറയുന്നു: "കർത്താവു....നിങ്ങളെ ശക്തിപ്പെടുത്തുകയും ദുഷ്ടനിൽ നിന്നു് കാത്തുകൊള്ളുകയും ചെയ്യും" (*2 തെസലോ. 3:3*).

### പ്രാർത്ഥനയുടെ ശക്തി

യേശുക്രിസ്റ്റു പറയുന്നു: "ചോദിപ്പിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും. എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു.... മകൻ അപ്പം ചോദിച്ചാൽ അവനു കല്ലുകൊടുക്കുന്ന ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ? അഥവാ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്കു് നല്ല ദാനങ്ങൾ കൊടുക്കണമെന്നു് നിങ്ങൾ അറിയുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് തന്നോടു് ചോദിക്കുന്നവർക്കു് എത്രയോ കൂടുതൽ നന്മ നൽകും" (*മത്താ. 7:7–11*).

"നീതിമാൻെറ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാകുന്നു" എന്നാണു് വി. യാക്കോബു് ശ്ലീഹാ പറയുന്നതു് (*യാക്കോ. 5:16*).

www.malankaralibrary.com



നമ്മുടെ പ്രാർത്ഥന പലപ്പോഴും ഫലദായകമാകുന്നില്ലെങ്കിൽ അതിനു് കാരണമെന്താണെന്നു് വി. യാക്കോബ്ബ് ശ്ലീഹാ പറയുന്നുണ്ടു്: "ചോദിച്ചിട്ടും നിങ്ങൾക്കു ലഭിക്കുന്നില്ലെങ്കിൽ അതു നിങ്ങളുടെ ദുരാശകളെ തൃപ്തിപ്പെടുത്തുവാൻ നിങ്ങൾ തിന്മയായിട്ടുള്ളവ ചോദിക്കുന്നതുകൊണ്ടാണു്" (*യാക്കോ. 4:3*).

നമ്മുടെ പ്രാർത്ഥന ഫലദായകമാകണമെങ്കിൽ അതിനു ചില ഗുണങ്ങൾ ഉണ്ടായിരിക്കണം.

**പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ട മനോഭാവം, ആത്മാർത്ഥത-ഹൃദയത്തിൽനിന്നും ഉയരുന്നതായിരിക്കണം.**

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുതു്. മററുള്ളവരെ കാണിക്കാൻ വേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലുംനിന്നു് പ്രാർത്ഥിക്കുവാനാണു് അവർ ഇഷ്ടപ്പെടുന്നതു്........എന്നാൽ നീ പ്രാത്ഥിക്കുമ്പോൾ നിൻെറ മുറിയിൽ കടന്നു്, കതകടച്ചു്, രഹസ്യത്തിൽ നിൻെറ പിതാവിനോടു് പ്രാത്ഥിക്കുക; രഹസ്യത്തിൽ കാണുന്ന പിതാവു് നിനക്കു് പ്രതിഫലം നല്കും. പ്രാർത്ഥിക്കുമ്പോൾ വിജാതീയരേപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുതു്" (*മത്താ. 5:5–7*).

സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു: "കർത്താവേ, എൻെറ ആഗ്രഹം ഒക്കെയും നിൻെറ മുമ്പാകെ ഇരിക്കുന്നു. എൻെറ നെടുവീർപ്പുകൾ നിന്നിൽനിന്നു് മറഞ്ഞിരിക്കുന്നുമില്ല" (*സങ്കീ. 37:10*).

വി. പൗലോസു് ശ്ലീഹാ പറയുന്നു: "ഞാൻ എൻെറ ആത്മാവുകൊണ്ടു് പ്രാർത്ഥിക്കും, എൻെറ ബുദ്ധികൊണ്ടും പ്രാത്ഥിക്കും. ഞാൻ എൻെറ ആത്മാവുകൊണ്ടു് പാടും, എൻെറ ബുദ്ധികൊണ്ടും പാടും" (*1 കോറി. 14:15*) അതായതു് ആത്മാവിൻെറയും മനസ്സിൻെറയും സകലശക്തികളും ഉപയോഗിച്ചു് പ്രാർത്ഥിക്കും എന്നാണു്.

യാവേ ഏശയ്യാ പ്രവാചകൻവഴി പരിതപിക്കുന്നു: "ഈ ജനം അവരുടെ അധരങ്ങൾ കൊണ്ടാകുന്നു എന്നെ ബഹുമാനിക്കുന്നതു്. അവരുടെ ഹൃദയമോ എന്നിൽനിന്നും വളരെ അകന്നിരിക്കുന്നു" (*ഏശയ്യാ 29:13*).

www.malankaralibrary.com



## യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക

യേശു പറയുന്നു: "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു് പുത്രനിൽ മഹത്വപ്പെടുവാൻവേണ്ടി ഞാൻ ചെയ്തുതരും. എന്റെ നാമത്തിൽ നിങ്ങൾ എന്നോടു എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (*യോഹ. 14:13-14*)

"ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും" (*യോഹ. 16:24*).

"കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷപ്രാപിക്കും" (*റോമാ. 10:13*).

## ദൈവേഷ്ടത്തിനു വിധേയമായി

ദൈവഹിതത്തിനു വിധേയമായിട്ടുവേണം നാം പ്രാർത്ഥിക്കുവാൻ. യേശുക്രിസ്തു, തനിക്കുവരുവാനിരിക്കുന്ന പീഢനങ്ങളെ ഓർത്തു് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നു പോകട്ടെ. എങ്കിലും എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ" (*മത്താ. 26:39; ലൂക്കോ. 22:42*).

വി. യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിൽ പറയുന്നു: "അവന്റെ ഇഷ്ടത്തിനനുസൃതമായി നാം എന്തെങ്കിലും ചോദിച്ചാൽ അവിടുന്നു് നമ്മെ കേൾക്കും എന്നതാണു് നമുക്കു് അവനിലുള്ള ഉറപ്പു്" (*1 യോഹ. 5:24*).

ദൈവ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി എന്നുള്ള ഉദ്ദേശത്തോടുകൂടി ആയിരിക്കണം നാം പ്രാർത്ഥിക്കേണ്ടതു്.

## താഴ്മ, അനുതാപം, ആദരവ്

പ്രഭാഷകൻ പറയുന്നു: "വിനീതന്റെ പ്രാർത്ഥന മേഘങ്ങളെ തുളച്ചുകയറുന്നു" (*പ്രഭാഷ. 35:22*).

പരീശനും ചുങ്കക്കാരനും ദേവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയി. പരീശൻ സ്വയം പുകഴ്ത്തി പറഞ്ഞു: "ദൈവമേ, ഞാൻ ഈ ചുങ്കക്കാരനെപ്പോലെ അല്ലാത്തതിനാൽ നിനക്കു നന്ദിപറയുന്നു. ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിക്കുന്നു. ദശാംശം കൊടുക്കുന്നു. ആ ചുങ്കക്കാരനാകട്ടെ, ദൂരെ

www.malankaralibrary.com



നിന്നു്, സ്വർഗ്ഗത്തിലേക്കു് കണ്ണുകൾ ഉയർത്താൻപോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ടു്, ദൈവമേ മഹാപാപിയായ എന്നിൽ കനിയേണമേ, എന്നു പ്രാർത്ഥിച്ചു. ആ ചുങ്കക്കാരൻ ആ പരീശനേക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. എന്തെന്നാൽ തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും'' (*ലൂക്കോ. 18:9-14*).

ശതാധിപൻെറ താഴ്മയും വിശ്വാസവും അനുകരണാർഹമാണു്. ''കർത്താവേ, നീ എൻെറ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്കു് ഉച്ചരിച്ചാൽ മാത്രം മതി. എൻെറ ഭൃത്യൻ സുഖം പ്രാപിക്കും'' (*മത്താ. 8:8*).

വി. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു:

''ദൈവത്തിനു സ്വീകാര്യമായ ആരാധന ഭയ ഭക്ത്യാദരങ്ങളോടെ സമർപ്പിക്കാം. കാരണം നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണു്'' (*എബ്രായ. 12:28-29*).

## വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കണം

യേശു പറയുന്നു: ''ദ്വേഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു് നല്ല ദാനങ്ങൾ നല്കുവാൻ അറിയുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് നിങ്ങൾക്കു എത്രയോ അധികമായി നന്മകൾ നൽകാതിരിക്കയില്ല?'' (*മത്താ. 7:11*).

ശതാധിപൻെറ വിശ്വാസത്തെ കർത്താവു പുകഴ്ത്തുന്നുണ്ടു്. ''ഇസ്രായേലിൽ പോലും ഇതുപോലെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല'' (*മത്താ. 8:10*).

''വിശ്വസിച്ചുകൊണ്ടു് പ്രാർത്ഥനയിൽ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും'' (*മത്താ. 21:22*).

പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്ന സ്ത്രീ പിന്നിൽ കൂടി വന്നു് അവൻെറ വസ്ത്രത്തിൻെറ വിളമ്പിൽ സ്പർശിച്ചു. തൽക്ഷണം അവൾ സുഖം പ്രാപിച്ചു. യേശു പറഞ്ഞു: ''മകളേ നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'' (*ലൂക്കോ. 8:48*).

വിശുദ്ധ പൗലോസ് ശ്ലീഹാ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു് ഇപ്രകാരം ഉദ്ഘോഷിക്കുന്നു: ''നാം ചോദിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നതിനെക്കാൾ വളരെ കൂടുതൽ ചെയ്തു തരുവാൻ കഴിവുള്ളവനു്, എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ'' (*എഫേ. 3:20*).

www.malankaralibrary.com



"പ്രാർത്ഥിക്കയും, യാചിക്കയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു് വിശ്വസിക്കുവിൻ. നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും" (*മർക്കോ. 11:24*).

വിശുദ്ധ യാക്കോബ് ശ്ലീഹാ പറയുന്നു: "നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. ....സംശയിക്കാതെ വിശ്വാസത്തോടെ വേണം ചോദിക്കുവാൻ, (*യാക്കോ. 1 : 5-61*).

## സ്ഥിരതയോടുകൂടി പ്രാർത്ഥിക്കണം

കനാൻകാരി സ്ത്രീയുടെ പ്രാർത്ഥന ഇതിനുദാഹരണമാണ്. അവളുടെ പ്രാർത്ഥന പല പ്രാവശ്യം കർത്താവു നിരസിച്ചതായി തോന്നി. അവൾ സ്ഥിരതയോടുകൂടി വീണ്ടും അപേക്ഷിച്ചതിന്റെ ഫലമായി അവളുടെ ആഗ്രഹം കർത്താവു നിറവേററിക്കൊടുക്കുന്നു. യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാകുന്നു. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു സംഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി" (*മത്താ. 15:21-28*).

സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "കർത്താവേ, ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു. ദൈവമേ കരുണാസമ്പന്നനായ അങ്ങേക്കു് ഉചിതമെന്നുതോന്നുമ്പോൾ എനിക്കു് ഉത്തരമരുളേണമേ" (*സങ്കീ. 69 : 13*).

ഒരു സ്നേഹിതൻ തന്റെ അടുക്കൽ ചെന്നു് നിർബന്ധപൂർവ്വം ആവശ്യപ്പെടുകയാണെങ്കിൽ, ആവശ്യമുള്ള ആഹാരം കൊടുക്കുമെന്നു പറയുന്നു. "അവൻ സ്നേഹിതനാണ് എന്നതിന്റെ പേരിൽ അയാൾക്കു് ഒന്നും കൊടുക്കുകയില്ലെങ്കിലും നിർബന്ധം നിമിത്തം എഴുന്നേററു് അയാൾക്കു വേണ്ടതു നല്കും" (*ലൂക്കോ. 11:8*).

## സമൂഹപ്രാർത്ഥനയ്ക്കു് കൂടുതൽ ശക്തി

"ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നിറവേററിത്തരും. എന്തെന്നാൽ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു് കൂടുന്നിടത്തു് അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും" (*മത്താ. 18 : 19-20*).

www.malankaralibrary.com



## എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണം

വി. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: ''എല്ലാവർക്കും വേണ്ടി അപേക്ഷകളും യാചനകളും മാധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കപ്പെടണം'' (*1 തിമോത്തി. 2:1-2*).

വി. യാക്കോബ് ശ്ലീഹാ പറയുന്നു: ''പാപിയെ തെററായ മാർഗ്ഗത്തിൽനിന്ന് പിന്തിരിപ്പിക്കുന്നവൻ തന്റെ ആത്മാവിനെ മരണത്തിൽ നിന്ന് രക്ഷിക്കുകയും തന്റെ നിരവധിയായ പാപങ്ങൾ തുടച്ചുമാററുകയും ചെയ്യുന്നുവെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ'' (*യാക്കോ. 5:20*).

''ഇടവിടാതെ പ്രാർത്ഥിക്കുവിൻ'' (*1 തെസ. 5 : 17*) എന്നാണ് വി. പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

## ദൈവപരിപാലനയിൽ ആശ്രയിക്കുക

ദൈവം അറിയാതെ യാതൊന്നും സംഭവിക്കുന്നില്ല. ദൈവപരിപാലന, സമസ്തവും നമ്മുടെ പരമ നന്മയ്ക്കായിട്ടാണ് ക്രമപ്പെടുത്തിയിരിക്കുന്നത്.

യേശുക്രിസ്തു ഉദ്ബോധിപ്പിക്കുന്നു: "അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനംചെയ്യും എന്നിങ്ങനെ നിങ്ങളുടെ ജീവനെ സംബന്ധിച്ചോ, എന്തു ധരിക്കും എന്ന് നിങ്ങളുടെ ശരീരത്തെ സംബന്ധിച്ചോ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തേക്കാൾ ജീവനും, വസ്ത്രത്തേക്കാൾ ശരീരവും ശ്രേഷ്ഠമല്ലയോ? ആകാശത്തിലെ പക്ഷികളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ തീററിപ്പോററുന്നു. അവയേക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ.

ഉത്കണ്ഠമൂലം ആയുസ്സിന്റെ ദൈർഘ്യം ഒരടിയെങ്കിലും നീട്ടുവാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?

വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്ന് നോക്കുക. അവ അധ്വാനിക്കുന്നില്ല, നൂൽ നൂൽക്കുന്നുമില്ല. സോളമൻപോലും തന്റെ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇന്നു വളർന്നു നില്ക്കുകയും നാളെ

www.malankaralibrary.com



അടുപ്പിൽ എറിയപ്പെടുകയും ചെയ്യുന്ന വയലിലെ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ നിങ്ങളെ അവിടുന്ന് എത്രയധികം അലങ്കരിക്കും... .... നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മററുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും. (*മത്തായി 6:25-34; ലൂക്കോസ്. 12:22-34*).

''ഒരു നാണയത്തുട്ടിനു രണ്ടു കുരുവികൾ വില്ക്കപ്പെടുന്നില്ലേ? നിങ്ങളുടെ പിതാവിൻെറ അറിവുകൂടാതെ അവയിലൊന്നുപോലും നിലത്തുവീഴുകയില്ല. നിങ്ങളുടെ തലയിലെ ഓരോ മുടിനാരും എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ ഭയപ്പെടേണ്ടാ. നിങ്ങൾ അനേകം കുരുവികളെക്കാൾ വിലയുള്ളവരാണ്'' (*മത്താ. 10:29-30*).

''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (*മത്തായി 11 : 28*).

''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല'' (*യോഹ. 15:5*).

വി. പൗലോസ് ശ്ലീഹാ പറയുന്നു: ''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ'' (*റോമാ. 8:28*).

''ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. മറിച്ച് പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ'' (*ഫിലിപ്പി. 4:6*).

വി. പത്രോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: ''ദൈവത്തിൻെറ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉൽക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ. എന്തെന്നാൽ അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്'' (*1 പത്രോസ്. 5:7*).

സങ്കീർത്തകൻ പറയുന്നു: ''നിൻെറ ഭാരം കർത്താവിനെ ഏല്പിക്കുക. അവിടുന്ന് നിന്നെ താങ്ങിക്കൊള്ളും'' (*സങ്കീ. 55:22*).

www.malankaralibrary.com


പ്രഭാഷകൻ ചോദിക്കുന്നു: ''കർത്താവിനെ ആശ്രയിച്ചിട്ട് ആരാണ് ഭഗ്നാശനായത്? (*പ്രഭാ. 2 : 10*).

യാവേ ഉറപ്പു പറയുന്നു: ''ഒരു അമ്മയ്ക്ക് തന്റെ കുഞ്ഞിനെ മറക്കാൻ കഴിയുമോ? ഇല്ല. അവരും മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല'' (*ഏശയ്യാ. 49 ; 15*).

സർവ്വവും ദൈവപരിപാലനയുടെ ഭാഗമാണ്. ദൈവത്തേക്കാരം കൂടുതലായി നമ്മെ ആരും സ്നേഹിക്കുന്നില്ല. നമ്മുടെ പരമ നന്മ എന്താണെന്ന് ദൈവത്തിനറിയാം.

## രണ്ടു വഴികൾ

രണ്ടു വഴികളുണ്ട്; ഒന്ന് ജീവനിലേയ്ക്കുള്ള വഴിയും മറേറത്, നാശത്തിലേയ്ക്കുള്ള വഴിയും. ഏതു വഴിയാണ് തിരഞ്ഞെടുക്കുന്നത് എന്ന് സ്വയം തീരുമാനിക്കുക; അതിനുള്ള സ്വാതന്ത്ര്യം ദൈവം ഓരോരുത്തർക്കും നല്കിയിട്ടുണ്ട്.

''ഒരാരം അവനോടു ചോദിച്ചു: കർത്താവേ, രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ? അവൻ അവരോടു പറഞ്ഞു: ഇടുങ്ങിയ വാതിലിൽ കൂടി പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു: അനേകം പേർ പ്രവേശിക്കുവാൻ ശ്രമിക്കും. എന്നാൽ അവർക്കു സാധിക്കയില്ല'' (*ലൂക്കാസ് 13:23–24*).

വി. മത്തായിയുടെ സുവിശേഷത്തിൽ കുറച്ചുകൂടി വിശദമായി പറഞ്ഞിട്ടുണ്ട്.

''ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ. എന്തെന്നാൽ, വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാകുന്നു. അതിലെ കടന്നുപോകുന്നവർ വളരെയാണുതാനും. എന്നാൽ ജീവനിലേക്ക് നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാകുന്നു. അതു കണ്ടെത്തുന്നവരോ ചുരുക്കം'' (*മത്തായി*). *7 : 13–14*).

''എന്റെ ഈ വചനങ്ങരം ശ്രവിക്കയും അവ അനുസരിക്കയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകിയായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാററൂതി അതു ഭവനത്തിന്മേൽ ആഞ്ഞടിച്ചു. എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ അതു പാറമേൽ സ്ഥാപിതമായിരുന്നു. എന്റെ ഈ വചനങ്ങരം കേരംക്കുകയും എന്നാൽ അതു് അനുസരിക്കാതിരിക്കയും ചെയ്യുന്നവൻ മണൽ

www.malankaralibrary.com



പ്പുറത്തു് ഭവനം പണിത ഭോഷനായ മനുഷ്യനു തുല്യനായി രിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാററൂതി അതു ഭവനത്തിന്മേൽ ആഞ്ഞടിച്ചു. ആ ഭവനം വീണുപോയി. അതിന്റെ വീഴ്ച വലുതായിരുന്നു'' (*മത്തായി 7:24-27*).

''ഒരു ഭൃത്യനു് രണ്ടു യജമാനന്മാരെ സേവിക്കാൻ സാധിക്കയില്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കയും മററവനെ സ്നേഹിക്കയും ചെയ്യും. അല്ലെങ്കിൽ ഒരുവനോടു ഭക്തികാണിക്കയും മററവനെ നിന്ദിക്കയും ചെയ്യും. ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല'' (*ലൂക്കോസ്. 16 : 13; മത്തായി. 6:24*).

നിയമാവർത്തന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: ''ഇതാ ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു. ഇന്നു ഞാൻ നിന്നോടു് ആജ്ഞാപിക്കുന്നതനുസരിച്ചു്, നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുകയും അവിടുത്തെ കല്പനകളും ചട്ടങ്ങളും പാലിക്കുകയും ചെയ്താൽ നീ ജീവിക്കും.... ജീവനും മരണവും, അനുഗ്രഹവും ശാപവും, ഞാൻ നിന്റെ മുമ്പിൽ വച്ചിരിക്കുന്നു....നീയും നിന്റെ സന്തതിയും ജീവിക്കേണ്ടതിനു് ജീവൻ തിരഞ്ഞെടുക്കുക'' (*നിയമാ. 30 : 15, 16, 19*).

ജറമിയാ പ്രവാചകൻ പറയുന്നു: ''കർത്താവു് അരുളിച്ചെയ്യുന്നു: ജീവന്റെയും മരണത്തിന്റെയും മാർഗ്ഗങ്ങൾ ഇതാ നിങ്ങളുടെ മുമ്പിൽ ഞാൻ വയ്ക്കുന്നു'' (*ജെറമി. 21 : 8*).

യേശുക്രിസ്തു ഉദ്ബോധിപ്പിക്കുന്നു. ''ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കരുതു്. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കയില്ല; കള്ളന്മാർ മോഷ്ടിക്കയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും'' (*മത്തായി. 6 : 19-21, ലൂക്കോ. 12:33-34*).

''സ്വന്തം കുരിശെടുത്തു് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല'' (*മത്തായി. 10:38*).

യേശു ശിഷ്യന്മാരോടു അരുളിച്ചെയ്തു: ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ചു് തന്റെ കുരിശുമെടുത്തു് എന്നെ

www.malankaralibrary.com



അനുഗമിക്കട്ടെ....ഒരുവൻ ലോകംമുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ലെങ്കിൽ ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും'' (*മത്തായി. 16:24, 26*).

''തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനാവുക സാദ്ധ്യമല്ല'' (*ലൂക്കോസ്. 14:33*).

പ്രഭാഷകൻ പറയുന്നതു് ശ്രദ്ധിക്കുക. ''ആദിയിൽ കർത്താവു മനുഷ്യനെ സൃഷ്ടിച്ചു; അവനു സ്വാതന്ത്ര്യവും നൽകി. മനസ്സുവ ച്ചാൽ നിനക്കു കല്പനകൾ പാലിക്കാൻ സാധിക്കും. വിശ്വസ്തതാ പൂർവ്വം പ്രവർത്തിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു നീയാണ്. അഗ്നിയും ജലവും അവിടുന്ന് നിന്റെ മുമ്പിൽ വച്ചിരിക്കുന്നു. ഇഷ്ടമുള്ളതു് എടുക്കാം. ജീവനും മരണവും മനുഷ്യന്റെ മുമ്പിലുണ്ട്. ഇഷ്ടമുള്ളതു് അവനു് ലഭിക്കും. ....മനുഷ്യന്റെ ഓരോ പ്രവർത്തിയും അവിടുന്ന് അറിയുന്നു. പാപം ചെയ്യാൻ അവിടുന്ന് ആരോടും കല്പിച്ചിട്ടില്ല; ആർക്കും അനുവാദം കൊടുത്തിട്ടുമില്ല'' (*പ്രഭാ. 15:14-20*).

## ഉപമകൾ

യേശുക്രിസ്തു ഉപമകൾ വഴിയായിട്ടാണ് പലപ്പോഴും മററു ള്ളവരെ പഠിപ്പിച്ചിരുന്നതു്. നല്ല സമറിയാക്കാരന്റെ ഉപമയും (*ലൂക്കോ. 10:29-37*) നിർദ്ദയനായ ഭൃത്യന്റെ ഉപമയും (*മത്തായി. 18:21-35*) മുകളിൽ കൊടുത്തിട്ടുണ്ടല്ലോ.

## വിതക്കാരന്റെ ഉപമ

''അവൻ ഉപമകളിൽ പല കാര്യങ്ങൾ അവരോടു പറഞ്ഞു: ഇതാ, വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു. അയാൾ വിതച്ച പ്പോൾ വിത്തുകളിൽ ചിലതു വഴിയരികിൽ വീണു. പക്ഷി കൾ വന്ന് അതു തിന്നു. ചിലതു മണ്ണ് അധികമില്ലാത്ത പാറ മേൽ വീണു. മണ്ണിനു ആഴമില്ലാതിരുന്നതിനാൽ, അതു പെട്ടെന്ന് മുളച്ചുപൊങ്ങി. സൂര്യനുദിച്ചപ്പോൾ അതു വെയി ലേററു വാടുകയും വേരില്ലാതിരുന്നതിനാൽ കരിഞ്ഞുപോകയും ചെയ്തു. വേറെ ചിലതു മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. മററു ചിലതു നല്ല നിലത്തുവീണു. അതു നൂറുമേനിയും അറുപതു മേനിയും മുപ്പതുമേനിയുമായി വിളവു നല്കി'' (*മത്താ. 13:3-8; ലൂക്കോ. 8:4-8*).

www.malankaralibrary.com


ഈ ഉപമയുടെ വിശദീകരണവും യേശു നല്കുന്നുണ്ട്. വിത്തു ദൈവവചനമാകുന്നു. ചിലർ വചനം ശ്രവിച്ചെങ്കിലും അവർ വിശ്വസിക്കുകയോ രക്ഷപ്പെടുകയോ ചെയ്യാതിരിക്കുവാൻ വേണ്ടി പിശാചു വന്ന് അവരുടെ ഹൃദയങ്ങളിൽ നിന്നു വചനം എടുത്തു കളയുന്നു. ഇവരാണ് വഴിയരികിൽ വീണ വിത്ത്. പാറയിൽ വീണതു് വചനം കേൾക്കുമ്പോൾ സന്തോഷത്തോടെ അതു സ്വീകരിക്കുന്നവരാകുന്നു. എങ്കിലും അവർക്കു വേരുകളില്ല. അവർ കുറെ നാളത്തേയ്ക്കു വിശ്വസിക്കുന്നു. എന്നാൽ പ്രലോഭനങ്ങളുടെ സമയത്തു് അവർ വീണു പോകുന്നു. മുള്ളുകളുടെ ഇടയിൽ വീണതു്, വചനം കേൾക്കുന്നുവെങ്കിലും ജീവിതക്ലേശങ്ങൾ, സമ്പത്തു് സുഖഭോഗങ്ങൾ എന്നിവ വചനത്തെ ഞെരുക്കിക്കളയുന്നതുകൊണ്ടു് ഫലം പുറപ്പെടുവിക്കാത്തവരാകുന്നു. നല്ല നിലത്തു വീണതോ, വചനം കേട്ടു് ഉത്കൃഷ്ടവും പരിശുദ്ധവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ചു്, ക്ഷമയോടുകൂടി ഫലം പുറപ്പെടുവിക്കുന്നവരാകുന്നു (*ലൂക്കാ. 8:11-15; മത്താ. 13:10-22*).

വിവിധ സ്ഥലങ്ങളിൽ വീണ വിത്തു് എല്ലാം ഒരു പോലെ നല്ലതായിരുന്നു. സ്ഥലത്തിൻെറ ദോഷംകൊണ്ടാണ് പല വിത്തുകളും ഫലം തരാഞ്ഞതു്. നല്ല നിലത്തു വീണ വിത്തു് ധാരാളം ഫലം പുറപ്പെടുവിച്ചു. നമ്മുടെ ഹൃദയം ശുദ്ധമാണെങ്കിൽ മാത്രമേ ദൈവവചനം നമ്മിൽ ഫലം പുറപ്പെടുവിക്കുകയുള്ളു.

## പത്തു കന്യകകളുടെ ഉപമ

"സ്വർഗ്ഗരാജ്യത്തെ, തങ്ങളുടെ വിളക്കുകളുമെടുത്തുകൊണ്ടു് മണവാളനെ എതിരേല്ക്കാൻ പുറപ്പെട്ട പത്തു കന്യകമാരോടു സാദൃശ്യപ്പെടുത്താം. അവരിൽ അഞ്ചുപേർ വിവേകരഹിതകളും അഞ്ചുപേർ വിവേകവതികളുമായിരുന്നു. വിവേകരഹിതകൾ വിളക്കുകളെടുത്തപ്പോൾ എണ്ണ കരുതിയിരുന്നില്ല. വിവേകവതികളാകട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു. മണവാളൻ വരാൻ വൈകി. കന്യകകൾ, ഉറക്കംവരുകയാൽ കിടന്നുറങ്ങി. എന്നാൽ അർദ്ധരാത്രിയിൽ, 'ഇതാ, മണവാളൻ! പുറത്തുവന്നു്, അവനെ എതിരേല്ക്കുവിൻ' എന്ന ആർപ്പുവിളിയുണ്ടായി. അപ്പോൾ ആ കന്യകമാരെല്ലാം ഉണർന്നു് തങ്ങളുടെ വിളക്കുകൾ തെളിച്ചു. വിവേകരഹിതകൾ വിവേകവതികളോടു് പറഞ്ഞു: ഞങ്ങളുടെ വിള

www.malankaralibrary.com


കഠം അണഞ്ഞുപോകുന്നതിനാൽ നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങഠംക്കു തരിക. വിവേകവതികഠം മറുപടി പറഞ്ഞു; ഞങ്ങഠംക്കും നിങ്ങഠംക്കും കൂടി മതിയാകാതെ വരുമെന്നതിനാൽ നിങ്ങഠം വില്പനക്കാരുടെ അടുക്കൽ പോയി വാങ്ങിക്കൊള്ളുവിൻ. അവർ വാങ്ങുവാൻ പോയപ്പോഠം മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്തു വിവാഹ വിരുന്നിനു് അകത്തു പ്രവേശിച്ചു; വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീടു് മറ്റു കന്യകമാർ വന്നു്, കർത്താവേ, കർത്താവേ ഞങ്ങഠംക്കു തുറന്നുതരണമേ എന്നു് അപേക്ഷിച്ചു. അവൻ പ്രത്യുത്തരിച്ചു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ നിങ്ങളെ അറിയുന്നില്ല. അതുകൊണ്ടു് ജാഗരൂകരായിരിക്കുവിൻ. എന്തെന്നാൽ, ആ ദിവസമോ മണിക്കൂറോ നിങ്ങഠം അറിയുന്നില്ല.. (*മത്താ. 25 : 1-13*).

മരണം നമ്മെ എപ്പോഴാണു് പിടികൂടുന്നതു് എന്നു് അറിയാത്തതുകൊണ്ടു് നാം എപ്പോഴും ഒരുങ്ങിയിരിക്കണം; പാപത്തിൽനിന്നും അകന്നു് എപ്പോഴും ദൈവപ്രസാദത്തിൽ ആയിരിക്കണം; എങ്കിൽ മാത്രമേ മരണശേഷം ദൈവത്തോടുകൂടിയുള്ള ജീവിതം അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ, എന്നാണു് ഈ ഉപമയുടെ സാരം.

വേറെ പല ഉപമകളും യേശുക്രിസ്തു പറഞ്ഞിട്ടുണ്ടു്. സ്ഥലപരിമിതികൊണ്ടു് അവ വിട്ടുകളയുന്നു. താലന്തുകളുടെ ഉപമ (*മത്താ. 25 : 14-30*) ധനവാനും ലാസറും (*ലൂക്കോ. 19:31*) കളകളുടെ ഉപമ (*മത്താ. 13:24-43*) ഇവ അവയിൽ ചിലതാണു്.

www.malankaralibrary.com



# അധ്യായം IX

## സഭാസ്ഥാപനം

യേശുക്രിസ്തുവിന്റെ രക്ഷാകര കർമ്മം ലോകാവസാനം വരെ തുടർന്നുകൊണ്ടുപോകുന്നതിനായി താൻ, ഹയരാർക്കിക്കൽ ഘടനയോടുകൂടിയ ഒരു സഭയെ സ്ഥാപിച്ചു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ നിന്നും ഉടലെടുത്തതാണ് സഭ.

യേശുക്രിസ്തുവിന് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. ക്രിസ്തുനാഥൻ, തന്റെ ശിഷ്യന്മാരിൽനിന്ന് തനിക്ക് ഇഷ്ടമുള്ള 12 പേരെ തിരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ അഥവാ അപ്പസ്തോലന്മാർ എന്നു പേരുകൊടുത്തു (*ലൂക്കോ. 6:12-16*). ശ്ലീഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. യേശു ശ്ലീഹന്മാരെ പ്രത്യേക ദൗത്യത്തോടുകൂടി അധികാരപ്പെടുത്തി അയച്ചു.

വി. മർക്കോസിന്റെ സുവിശേഷം 3:13-19-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു നിയോഗിച്ചു. അവർ പത്രോസ് എന്ന് അവൻ പേരു നല്കിയ ശിമയോൻ, ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നർത്ഥമുള്ള 'ബ്നൈ റെഗ്ശ്' എന്നു പേരു നല്കിയ സെബദി പുത്രൻ യാക്കോബും അവന്റെ സഹോദരൻ യോഹന്നാനും, അന്ത്രയോസ്, പീലിപ്പോസ്, ബർത്തലോമിയോ, മത്തായി, തോമസ്സ്, ഹൽപൈയുടെ പുത്രനായ യാക്കോബ്, തദേവൂസ്, കാനാൻകാരനായ ശിമയോൻ യേശുവിനെ ഒററിക്കൊടുത്ത യൂദാസ് സ്കറിയോത്താ".

### ആ സഭയെ അനുസരിക്കണമെന്നു പറയുന്നു

"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു" (*മത്താ. 10:40*).

"നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു; എന്നെ നിരസിക്കുന്ന

www.malankaralibrary.com



വനോ എന്നെ അയച്ചവനെ നിരസിക്കുന്നു'' (*ലൂക്കാ. 10:16*) അതായതു് സഭ പഠിപ്പിക്കുമ്പോൾ ക്രിസ്തുവാണു് സംസാരിക്കുന്നതു്.

''സഭയെപ്പോലും കേൾക്കാത്തപക്ഷം, അവൻ നിനക്കു വിജാതിയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ'' (*മത്താ. 18:17*).

## പാപങ്ങൾ ക്ഷമിക്കുന്നതിനുള്ള അധികാരം നൽകുന്നു

''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (*മത്താ 18;18*).

''പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ടു് അവരുടെമേൽ നിശ്വസിച്ചുകൊണ്ടു് അവരോടു് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവക്കു് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (*യോഹ. 20;21-23*).

''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. കാലത്തിൻെറ അവസാനംവരെ എന്നും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും'' (*മത്താ. 28:20*). അതായതു് മററുള്ളവരെ രക്ഷാമാർഗ്ഗം പഠിപ്പിക്കുന്നതിനും അവരെ അധികാരപ്പെടുത്തി.

''എൻെറ പിതാവു് എനിക്കു് രാജ്യം കല്പിച്ചു തന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു. അതു് നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ മേശയിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും സിംഹാസനങ്ങളിൽ ഇരുന്നു് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുകയും ചെയ്യേണ്ടതിനു വേണ്ടിയത്രേ'' (*ലൂക്കാ. 22:29-30*).

www.malankaralibrary.com



പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നേതൃത്വം നല്കുക എന്നീ ത്രിവിധ അധികാരങ്ങൾ യേശുക്രിസ്തു ശ്ലീഹന്മാർക്കു നൽകി എന്നു് മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്നും സ്പഷ്ടമാണല്ലൊ.

വി. പൗലോസ് ശ്ലീഹായും തൻെറ ലേഖനങ്ങളിൽ അതിനേപ്പററി വ്യക്തമാക്കിയിട്ടുണ്ടു്.

''ഞങ്ങൾ ദൈവത്തിൻെറ കൂട്ടുവേലക്കാരാകുന്നു; നിങ്ങളാകട്ടെ ദൈവത്തിൻെറ വയലും വീടും'' (*2 കോറി. 3:9*).

''ഞങ്ങളുടെ അധികാരത്തെപ്പററി ഞാൻ കുറച്ചധികം പ്രശംസിച്ചാലും അതിൽ എനിക്കു് ലജ്ജിക്കാനില്ല. നിങ്ങളെ പടുത്തുയർത്താനാണ്, നശിപ്പിക്കാനല്ല. കർത്താവു് ഞങ്ങൾക്കു് അധികാരം നൽകിയിരിക്കുന്നതു്'' (*2 കൊറി. 10:8*).

''ഇപ്പോൾ ഇതെഴുതുന്നതാകട്ടെ....ജീവിക്കുന്ന ദൈവത്തിൻെറ സഭയും സത്യത്തിൻെറ തൂണും കോട്ടയുമായ ദൈവഭവനത്തിൽ ഒരുവൻ പെരുമാറേണ്ടതെങ്ങനെയെന്നു് നിൻെറ അറിവിനായി നിർദ്ദേശിക്കാനാണ്. നമ്മുടെ മതത്തിൻെറ രഹസ്യം ശ്രേഷ്ഠമാണെന്നു് ഞങ്ങൾ പ്രഖ്യാപിക്കുന്നു'' (*1 തിമോ. 3:14-16*).

വി. പൗലോസ് ശ്ലീഹാ, സഭാദ്ധ്യക്ഷസ്ഥാനത്തേയ്ക്കു ഉയർത്തപ്പെട്ട തിമോത്തിയോസിനെ ഉപദേശിക്കുന്നു: ഇപ്പറഞ്ഞവയെല്ലാം നീ അധികാരപൂർവ്വം പഠിപ്പിക്കുക. ആരും നിൻെറ പ്രായക്കുറവിൻെറ പേരിൽ നിന്നെ അവഗണിക്കുവാൻ ഇടയാക്കരുതു്. വാക്കുകളിലും പെരുമാററത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്കു് മാതൃകയായിരിക്കുക'' (*1 തിമോ. 4:11-12*).

''സഭയെ നന്നായി ഭരിക്കുന്ന ശ്രേഷ്ഠന്മാർ, പ്രത്യേകിച്ച് പ്രസംഗത്തിലും പ്രബോധനത്തിലും നിരന്തരം ഏർപ്പെട്ടിരിക്കുന്നവർ, കൂടുതൽ ബഹുമാനത്തിനർഹരായി പരിഗണിക്കപ്പെടണം'' (*1 തിമോ. 5:17*).

## പത്രോസ്—ശ്ളീഹന്മാരുടെ തലവൻ

സഭ ഒരു രഹസ്യമാണ്. അതിനു് ദൃശ്യവും അദൃശ്യവുമായ ഘടകങ്ങൾ ഉണ്ടു്. യേശുക്രിസ്തുവാണ് അതിൻെറ സ്ഥാപകൻ. സഭയെ ഒരു ഭവനത്തോടു് സാദൃശ്യപ്പെടുത്തുകയാണെങ്കിൽ യേശുക്രിസ്തുവാണ് അതിൻെറ മൂലക്കല്ലു്. സഭയെ ഒരു ശരീരത്തോടു് സാദൃശ്യപ്പെടുത്തുകയാണെങ്കിൽ യേശുക്രിസ്തു

www.malankaralibrary.com



വാണ് അതിൻെറ ശിരസ്സ്. പരിശുദ്ധാത്മാവാണ് സഭയുടെ ആത്മാവ്. അതേസമയം സഭ ദൈവജനത്തിൻെറ കൂട്ടായ്മ യാണ്. ആ നിലയിൽ അതു് ദൃശ്യമാണ്. ആ ദൃശ്യസഭയുടെ ആദ്യത്തെ തലവനായി യേശുക്രിസ്തു ശീമോൻ പത്രോസിനെ അധികാരപ്പെടുത്തി നിയമിച്ചു.

ശീമോനെ ആദ്യമായി കണ്ട അവസരത്തിൽ തന്നെ ''നീ പാറയെന്ന് വിളിക്കപ്പെടും'' എന്നു് കർത്താവ് അരുളിച്ചെയ്തു. (*യോഹ. 1:42*).

ഈ വാഗ്ദാനം ക്രിസ്തു പിന്നീട് ഒരവസരത്തിൽ നിറ വേററി. കേസറിയാഫിലിപ്പി ദേശത്തുവച്ച് യേശു ''താൻ ആരാകുന്നു എന്നാണ് നിങ്ങൾ പറയുന്നതു്'', എന്നു് ശ്ലീഹന്മാ രോട്ട് ചോദിച്ചു. ''ശീമോൻ പത്രോസ് മറുപടി പറഞ്ഞു: നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ ആകുന്നു. യേശു അവനോട്ട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശീമോനെ നീ ഭാഗ്യവാൻ, എന്തുകൊണ്ടെന്നാൽ മാംസ രക്ത ങ്ങളല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവാണ് നിനക്ക് ഇതു് വെളിപ്പെടുത്തിത്തന്നതു്. ഞാൻ നിന്നോട്ട് പറയുന്നു; നീ പാറയാകുന്നു; ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗ രാജ്യത്തിൻെറ താക്കോലുകൾ ഞാൻ നിനക്കുതരും. നീ ഭൂമി യിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടി രിക്കും'' (*മത്താ. 16:16–19*).

ശീമോനാകുന്ന പാറമേൽ കർത്താവ് തൻെറ സഭയെ പണിയുമെന്നും നാരകീയ ശക്തികൾ അതിനെതിരായി പോരാടുമെങ്കിലും വിജയിക്കുകയില്ല എന്നുമാണല്ലോ കർത്താവ് അരുളിച്ചെയ്തതു്.

കർത്താവ് ശീമോൻെറ പേരുമാററി ഒരു പുതിയ പേര് കൊടുത്തെങ്കിൽ അതു് വൃഥാ ചെയ്തതല്ല; അതിന് അതിൻേറ തായ അർത്ഥവും പ്രാധാന്യവും ഉണ്ട്.

ദൈവം അബ്രാമിൻെറ പേരുമാററി അബ്രാഹാം എന്നാ ക്കിയതായി നാം ബൈബിളിൽ വായിക്കുന്നു. ''നീ അനവധി ജനതകളുടെ പിതാവായിരിക്കും. ഇനിമേൽ നീ അബ്രാം എന്നു് വിളിക്കപ്പെടുകയില്ല. നിൻെറ പേര് അബ്രാഹാം എന്നു് ആയിരിക്കും'' (*ഉൽപ. 17:5*)

www.malankaralibrary.com



അതുപോലെതന്നെ അബ്രാഹാമിന്റെ ഭാര്യ സാറായി യുടെ പേരു് മാററി സാറാ എന്നാക്കി. "നിന്റെ ഭാര്യ സാറാ യിയെ ഇനിമേൽ സാറായി എന്നല്ല വിളിക്കേണ്ടതു്. അവ ളുടെ പേരു് സാറാ എന്നായിരിക്കും....... അവരം ജനതകളുടെ മാതാവാകും" (*ഉൽ. 17:15-16*) യാക്കോബിന്റെ പേരു് ഇസ്രായേൽ എന്നാക്കി മാററി (*ഉൽ. 32:28*).

സംഖ്യ 13:16; പ്രഭാഷകൻ 46:1 ഈ വാക്യങ്ങളംകൂടി കാണുക.

യേശു ക്രിസ്തു പത്രോസിനു വാഗ്ദാനം ചെയ്ത പരമാധി കാരം തന്റെ ഉത്ഥാനത്തിനുശേഷം പരസ്യമായി മററുള്ള ശ്ലീഹന്മാരുടെ സാന്നിദ്ധ്യത്തിൽവച്ചു് നൽകുകയും ചെയ്തു. "എന്റെ ആടുകളെ മേയിക്കുക. എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്നു പറഞ്ഞു യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരെയും മേയിക്കുവാനുള്ള, നയിക്കുവാനുള്ള അധികാരം പത്രോസിനു കൊടുത്തു. (*യോഹ. 21:15-17*).

ശ്ലീഹന്മാരുടെ പേരുകരം രേഖപ്പെടുത്തിയിരിക്കുന്നതിൽ പത്രോസിന്റെ പേരു് ആദ്യവും ഒററുകാരനായ യൂദാസു് സ്കറിയോത്തായുടെ പേരു് അവസാനവും കൊടുത്തിരിക്കു ന്നതു് പ്രത്യേകം ശ്രദ്ധാർഹമാണു്. (*മത്താ. 10:2-4; ലൂക്കാ. 6:6-14*).

ലൂക്കാ. 22:31-32; ഗലാ. 1:18-19; അപ്പ. പ്ര. 1:15-25; 2:41; 5:1-10; 10:1-33; 15:1-19. ഈ ഭാഗങ്ങളംകൂടി കാണുക.

ശ്ലീഹന്മാരുടെ പിൻഗാമികളാണു് മെത്രാന്മാർ. സാർവ്വത്രിക സഭയുടെ തലവനായ പത്രോസിന്റെ പിൻഗാമികളാണു് റോമായിലെ മെത്രാന്മാർ. റോമിലെ മെത്രാൻ മാർപ്പാപ്പാ എന്ന പേരിൽ അറിയപ്പെടുന്നു.

## സഭയുടെ അംഗത്വം

മാമോദീസാ അഥവാ ജ്ഞാനസ്നാനം വഴിയാണു് ഒരാരം സഭയിൽ അംഗമായി ചേരുന്നതു്.

യേശു നിക്കോദീമൂസിനോടു പറഞ്ഞു: ജലത്താലും ആത്മാ വിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല (*യോഹ. 3:3-5*). ജ്ഞാനസ്നാന ത്തിൽ ആത്മീയമായി വീണ്ടും ജനനം ഉണ്ടാകുന്നതു് പരിശുദ്ധാ ത്മാവിന്റെ പ്രവർത്തനം കൊണ്ടാണു്.

www.malankaralibrary.com



തന്റെ ഉത്ഥാനത്തിനുശേഷം യേശുക്രിസ്തു ശ്ലീഹന്മാരോട് ഇപ്രകാരം കല്പിച്ചു. ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (*മർക്കോ. 16:16; മത്താ. 28:18–20*).

പത്രോസ് പറഞ്ഞു: ''നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നിങ്ങൾക്കു ലഭിക്കും'' (*അപ്പ. പ്ര. 2:38*).

വി. പൗലോസ് പറയുന്നു: ''നിങ്ങളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകുവാൻ ജ്ഞാനസ്നാനമേററു'' (*1 കൊറി. 12:13*).

''ക്രിസ്തുവിനോട് ഐക്യപ്പെടുവാൻ വേണ്ടി ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'' (*ഗലാ. 3:27*).

മാമോദീസായിൽ പാപങ്ങൾ മോചിക്കപ്പെടുകയും ക്രിസ്തുവിന്റെ സഭയിൽ അംഗത്വവും ദൈവത്തിന്റെ ദത്തുപുത്രസ്ഥാനവും സ്വർഗ്ഗത്തിനുള്ള അവകാശവും ലഭിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



# അധ്യായം X

## എതിർപ്പുകൾ—അന്ത്യദിനങ്ങൾ

സ്വയം ബലിയർപ്പിച്ച്, മനുഷ്യരുടെ പാപങ്ങൾക്കെല്ലാം പരിഹാരംചെയ്ത്, മനുഷ്യവംശത്തെ വീണ്ടെടുത്ത് രക്ഷിക്കുവാനായിട്ടാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്. പക്ഷെ, അസൂയയും അജ്ഞതയും നിമിത്തം, യേശു വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണെന്ന് അംഗീകരിച്ചുകൊടുക്കുവാൻ യഹൂദപ്രമാണികൾ തയ്യാറായില്ല. ദാവീദിനെപ്പോലെയോ ദാവീദിനേയുംകാൾ ശക്തനോ ആയ ഒരു രാജാവിനെയാണ് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായിൽ അവർ പ്രതീക്ഷിച്ചിരുന്നത്.

യേശു പലപ്പോഴും പരീശന്മാരെയും നിയമജ്ഞരെയും കുററപ്പെടുത്തിയിരുന്നു.

യഹൂദന്മാർ ശനിയാഴ്ചയാണ് വിശുദ്ധദിനമായി ആചരിച്ചിരുന്നത്. അന്ന് യാതൊരു വേലയും ചെയ്യുവാൻ അവരുടെ പാരമ്പര്യം അനുവദിച്ചിരുന്നില്ല. അതിന് ശാബതാചരണം അഥവാ ശനിയാഴ്ചയാചരണം എന്നു പറഞ്ഞിരുന്നു. യേശു ശാബത്തു ദിവസങ്ങളിലും രോഗികളെ സുഖപ്പെടുത്തിയിരുന്നു.

ഒരു ദിവസം യേശു ഒരു സിനഗോഗിൽ (*യഹൂദന്മാരുടെ പ്രാർത്ഥനാലയം*) പ്രവേശിച്ചു. അവിടെ കൈ ശോഷിച്ച ഒരു മനുഷ്യനുണ്ടായിരുന്നു. യേശുവിൽ കുററമാരോപിക്കണമെന്ന ഉദ്ദേശത്തോടെ അവർ അവനോടു ചോദിച്ചു. ശാബതിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ? അവൻ പറഞ്ഞു: നിങ്ങളിലാരാണ്, തനിക്ക് ഒരാട് ഉണ്ടെങ്കിൽ, അതു ശാബതിൽ കുഴിയിൽ വീണാൽ അതിനെ പിടിച്ചു കയററാത്തത്? ആടിനേക്കാൾ എത്രയേറെ വിലപ്പെട്ടതാണ് മനുഷ്യൻ! അതിനാൽ ശാബതിൽ നന്മചെയ്യുക അനുവദനീയമാണ്. അനന്തരം, അവൻ ആ മനുഷ്യനോടു പറഞ്ഞു: നിൻെറ കൈ നീട്ടുക. അയാൾ കൈനീട്ടി; ഉടനെ അതു് സുഖം പ്രാപിച്ച് മറേറ കൈപോലെയായി. പരീശന്മാർ അവിടെ നിന്നുപോയി. അവനെ നശിപ്പിക്കേണ്ടതെങ്ങനെയെന്ന് അവനെതിരായി ആലോചന നടത്തി (*മത്താ. 12:9-14*).

www.malankaralibrary.com



വേറൊരവസരത്തിൽ പരീശന്മാരും നിയമജ്ഞരും യേശുവിൻെറ അടുക്കൽ വന്നു പറഞ്ഞു: നിൻെറ ശിഷ്യന്മാർ പൂർവ്വികരുടെ പാരമ്പര്യം ലംഘിക്കുന്നതെന്തുകൊണ്ട്? ഭക്ഷണം കഴിക്കുന്നതിനു മുമ്പ് അവർ കൈ കഴുകുന്നില്ലല്ലോ. അവൻ മറുപടി പറഞ്ഞു: നിങ്ങളുടെ പാരമ്പര്യത്തിൻെറ പേരിൽ നിങ്ങൾ ദൈവത്തിൻെറ പ്രമാണം ലംഘിക്കുന്നതെന്തുകൊണ്ട്? 'പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക; പിതാവിനേയോ മാതാവിനേയോ അധിക്ഷേപിക്കുന്നവൻ തീർച്ചയായും മരിക്കണം' എന്നു ദൈവം കല്പിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ പറയുന്നു, ആരെങ്കിലും തൻെറ പിതാവിനോടോ മാതാവിനോടൊ 'എന്നിൽ നിന്നു നിങ്ങൾക്കു ലഭിക്കേണ്ടതു് വഴിപാടായി നല്കിക്കഴിഞ്ഞു' എന്നു പറഞ്ഞാൽ പിന്നെ അയാൾ അവരെ സംരക്ഷിക്കേണ്ടതില്ല എന്നു്. ഇങ്ങനെ, നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി ദൈവവചനത്തെത്തന്നെ നിങ്ങൾ വ്യർത്ഥമാക്കിയിരിക്കുന്നു. കപടനാട്യക്കാരെ, ഏശയ്യാ നിങ്ങളെപ്പററി ശരിയായിത്തന്നെ പ്രവചിച്ചു: "ഈ ജനം അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നു് വളരെ അകലെയാണ്. അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു" (*മത്താ. 15:1-9*).

വേറൊരവസരത്തിൽ യേശു പറഞ്ഞു: "എൻെറ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രഹാം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു. അപ്പോൾ യഹൂദർ പറഞ്ഞു: നിനക്ക് ഇനിയും അമ്പതുവയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രഹാമിനെ കണ്ടുവെന്നോ? യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്. അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെടുത്തു. എന്നാൽ യേശു ഒളിവിൽ ദേവാലയത്തിൽനിന്നു പുറത്തുപോയി (*യോഹ. 9:56-59*).

യേശു, ക്രിസ്തുവാണെന്നു് ആരെങ്കിലും പരസ്യമായി ഏററുപറഞ്ഞാൽ അവനെ സിനഗോഗിൽനിന്നു് പുറത്താക്കണമെന്നു് യഹൂദർ തീരുമാനിച്ചിരുന്നു (*യോഹ. 9:22*).

പരീശന്മാരെ, കപടനാട്യക്കാരെന്നു് യേശു വിളിക്കുന്നു. "യേശു ജനക്കൂട്ടത്തോടും തൻെറ ശിഷ്യന്മാരോടും അരുളിച്ചെയ്തു.

www.malankaralibrary.com



നിയമജ്ഞരും പരീശന്മാരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതിനാൽ, അവർ നിങ്ങളോടു് പറയുന്നതെല്ലാം അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ. എന്നാൽ അവരുടെ പ്രവൃത്തികരം നിങ്ങരം അനുകരിക്കരുതു്. എന്തെന്നാൽ അവർ പറയുന്നു, പ്രവർത്തിക്കുന്നില്ല. .......കപടനാട്യക്കാരായ നിയമജ്ഞരേ, പരീശന്മാരെ നിങ്ങരംക്കു ദുരിതം! എന്തെന്നാൽ, നിങ്ങരം തുളസി, ചതകുപ്പ, ജീരകം എന്നിവയുടെ ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണു് നിങ്ങരം ചെയ്യേണ്ടിയിരുന്നതു്. മററുള്ളവ അവഗണിക്കാതെതന്നെ. ....കപടനാട്യക്കാരായ നിയമജ്ഞരേ, പരീശന്മാരേ, നിങ്ങരംക്കു ദുരിതം! നിങ്ങരം വെള്ളയടിച്ച കുഴിമാടങ്ങരംക്കു സദൃശരാകുന്നു. അവ പുറമേ മനോഹരമായി കാണപ്പെടുന്നെങ്കിലും അവയുടെള്ളിൽ മരിച്ചവരുടെ അസ്ഥികളും സർവ്വവിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു. അതുപോലെ, ബാഹ്യമായി മനുഷ്യർക്കു നല്ലവരായി കാണപ്പെടുന്ന നിങ്ങരം ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞവരാകുന്നു'' (*മത്താ. 23:1-3; 23-28*).

അങ്ങനെ, യഹൂദന്മാർക്കു് യേശുവിനോടുള്ള വിരോധം വർദ്ധിച്ചുവന്നു. യേശുവിനെ എങ്ങനെയെങ്കിലും ഇല്ലാതെയാക്കണമെന്നു് അവർ തീരുമാനിച്ചു.

## പീഢാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള പ്രവചനങ്ങൾ

താൻ വധിക്കപ്പെടുമെന്നു് യേശുവിനു് മുൻകൂട്ടി അറിയാമായിരുന്നു. അതിനെപ്പററി ശ്ലീഹന്മാർക്കു് യേശു രണ്ടുമൂന്നു പ്രാവശ്യം മുന്നറിയിപ്പു നൽകുന്നുണ്ടു്. വി. മത്തായിയുടെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''അപ്പോരം മുതൽ യേശു തനിക്കു് യറുശലേമിലേയ്ക്കു പോകേണ്ടിയിരിക്കുന്നുവെന്നും ജനപ്രമാണികളിൽനിന്നും പ്രധാന പുരോഹിതന്മാരിൽനിന്നും നിയമജ്ഞരിൽനിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുമെന്നും തൻെറ ശിഷ്യന്മാരെ അറിയിച്ചുതുടങ്ങി. പത്രോസ് അവനെ മാററി നിർത്തി തടസ്സം പറയാൻ തുടങ്ങി: ദൈവം കനിയട്ടെ! കർത്താവെ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ. യേശു

www.malankaralibrary.com



തിരിഞ്ഞു് പത്രോസിനോടു പറഞ്ഞു: സാത്താനേ, എന്റെ മുമ്പിൽനിന്നു പോകൂ. നീ എനിക്കു പ്രതിബന്ധമാകുന്നു. നീ ചിന്തിക്കുന്നതു ദൈവത്തിന്റെ കാര്യങ്ങളല്ല, മനുഷ്യന്റെ കാര്യങ്ങളാണു്'' (*മത്താ. 16:21-23; മർക്കോ. 8:31-34*).

തന്റെ പീഡാനുഭവവും ക്രൂശുമരണവും ഉത്ഥാനവും വഴിയാണു് യേശുക്രിസ്തു മനുഷ്യരക്ഷ സാധിച്ചതു്. അതിനായിട്ടാണു് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതു്.

പരീശന്മാരും സദ്ദൂക്കായരും യേശുവിനെ പരീക്ഷിച്ചുകൊണ്ടു് സ്വർഗ്ഗത്തിൽനിന്നു് ഒരടയാളം നല്കണമെന്നു് ആവശ്യപ്പെട്ടു. അവൻ പ്രതിവചിച്ചു: ദുഷിച്ചതും വ്യഭിചരിക്കുന്നതുമായ തലമുറ അടയാളം അന്വേഷിക്കുന്നു. യോനായുടെ അടയാളമല്ലാതെ മറെറാരടയാളവും അതിനു നല്കപ്പെടുകയില്ല'' (*മത്താ. 16 : 1-4*).

രണ്ടാം പ്രവചനം ''അവർ ഗലീലിയിൽ ഒരുമിച്ചുകൂടിയപ്പോൾ യേശു അവരോടു പറഞ്ഞു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുവാൻ പോകുന്നു. അവർ അവനെ വധിക്കും; എന്നാൽ മൂന്നാംദിവസം അവൻ ഉയിർപ്പിക്കപ്പെടും. ഇതു കേട്ടു് അവർ അതീവ ദുഃഖിതരായിത്തീർന്നു'' (*മത്താ. 17:22-23; ലൂക്കാ. 9:43-45*).

മൂന്നാം പ്രവചനം ''യേശു തന്റെ പന്ത്രണ്ടുപേരെ മാത്രം കൂട്ടിക്കൊണ്ടു് യെറുശലേമിലേക്കു യാത്രചെയ്യുമ്പോൾ വഴിയിൽ വച്ചു് അരുളിച്ചെയ്തു. ഇതാ! നമ്മൾ യെറുശലേമിലേയ്ക്കുപോകുന്നു. മനുഷ്യപുത്രൻ പ്രധാന പുരോഹിതന്മാർക്കും നിയമജ്ഞർക്കും ഏല്പിക്കപ്പെടും. അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്കു് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കയും ചെയ്യും. എന്നാൽ മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും'' (*മത്താ. 20 : 17-19; ലൂക്കാ. 18:31-34*).

## അന്ത്യദിനങ്ങൾ.

### യെറുശലേമിലേക്കുള്ള ജൈത്രയാത്ര

യേശു ലാസറിനെ ഉയിർപ്പിച്ച വാർത്ത കാട്ടുതീപോലെ പരന്നു. യേശു ലാസറിനെ ഉയിർപ്പിച്ച അത്ഭുതപ്രവൃത്തിയെ

www.malankaralibrary.com



പ്പററി മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. യഹൂദന്മാരുടെ പെസഹാ തിരുന്നാരം ആചരിക്കുന്നതിനായി വളരെയേറെ ആളുകരം യെറുശലേമിൽ എത്തിക്കൊണ്ടിരുന്ന അവസരമായിരുന്നു.

യേശു ശിഷ്യന്മാരുമൊത്തു് കാൽനടയായി ബഥനിയിൽ നിന്നു് യറുശലേമിലേയ്ക്കു പുറപ്പെട്ടു. വലിയൊരു ജനവ്യൂഹവും യേശുവിനെ അനുഗമിച്ചു. അവർ ഒലിവുമലയുടെ അടിവാരത്തു് എത്താറായപ്പോരം ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ചു് യേശു ഇപ്രകാരം പറഞ്ഞു: "എതിരേ കാണുന്ന ഗ്രാമത്തിലേക്കു് പോകുവിൻ. അതിൽ പ്രവേശിക്കുമ്പോരം തന്നെ, ആരും ഒരിക്കലും കയറിയിരുന്നിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിനിർത്തിയിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടു വരുവിൻ. നിങ്ങളെന്തിനാണു് ഇങ്ങനെ ചെയ്യുന്നതെന്നു് ആരെങ്കിലും ചോദിച്ചാൽ, കർത്താവിനു് അതിനെക്കൊണ്ടു് ആവശ്യമുണ്ടു്; ഉടനെതന്നെ തിരിച്ചയയ്ക്കുന്നതാണു് എന്നു പറയുക. അവർ പോയി, പടിവാതിലിനു സമീപം തെരുവിൽ ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു. അവർ അതിനെ അഴിക്കുമ്പോരം അവിടെ നിന്നിരുന്നവർ അവരോടു ചോദിച്ചു: നിങ്ങളെന്തിനാണു് കഴുതക്കുട്ടിയെ അഴിക്കുന്നതു്. യേശു പറഞ്ഞിരുന്നതുപോലെ ശിഷ്യന്മാർ മറുപടി പറഞ്ഞു. അതിനെ കൊണ്ടുപോകാൻ അവർ അനുവദിച്ചു. അവർ കഴുതക്കുട്ടിയെ യേശുവിൻെറ അടുക്കൽ കൊണ്ടുവന്നു്, അതിൻെറ പുറത്തു് തങ്ങളുടെ വസ്ത്രങ്ങരം വിരിച്ചു. അവൻ അതിൻെറ പുറത്തു് കയറിയിരുന്നു. വളരെപ്പേർ തെരുവീഥിയിൽ തങ്ങളുടെ വസ്ത്രങ്ങരം വിരിച്ചു. മററുള്ളവരാകട്ടെ, വയലുകളിൽ നിന്നു് ചില്ലിക്കൊമ്പുകരം മുറിച്ചുകൊണ്ടു വന്നു നിരത്തി. അവൻെറ മുമ്പിലും പിമ്പിലും നടന്നിരുന്നവർ വിളിച്ചു പറഞ്ഞു: ഓശാന! കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ. നമ്മുടെ പിതാവായ ദാവീദിൻെറ സമാഗതമാകുന്ന രാജ്യം അനുഗ്രഹീതം. ഉന്നതങ്ങളിൽ ഓശാന. (*മർക്കോ. 11:1—11; മത്താ. 21:1—11; ലൂക്കോ. 19 : 28—40; യോഹ. 12 : 12—19*).

രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ അഥവാ ക്രിസ്തുവാണു്, നസറേത്തിലെ യേശു എന്നായിരുന്നു അവരുടെ ആഹ്ളാദപ്രകടനങ്ങളുടെയെല്ലാം അർത്ഥം. പക്ഷെ പരീശന്മാർക്കും യഹൂദപ്രധാനികരംക്കും ഇതു് ഒട്ടും രസിച്ചില്ല. അവ

www.malankaralibrary.com



രിൽ ചിലർ അവനോട് പറഞ്ഞു: ഗുരോ, നിന്റെ ശിഷ്യന്മാരെ ശാസിക്കുക. അവൻ പ്രതിവചിച്ചു; ഇവർ മൗനം പാലിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു'' (*ലൂക്കാ. 19:39-40*).

## യേശു യെറുശലേമിനെ നോക്കി വിലപിക്കുന്നു

''അവൻ അടുത്തുവന്ന് പട്ടണം കണ്ടപ്പോൾ അതിനേക്കുറിച്ച് വിലപിച്ചുകൊണ്ട് പറഞ്ഞു: സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ അവ ഇപ്പോൾ നിന്റെ ദൃഷ്ടിയിൽനിന്ന് മറയ്ക്കപ്പെട്ടിരിക്കുന്നു. ശത്രുക്കൾ നിനക്കുചുറ്റും പാളയമടിച്ച് നിന്നെ വളയുകയും, എല്ലാ ഭാഗത്തുനിന്നു നിന്നെ ഞെരുക്കുകയും ചെയ്യുന്ന ദിവസങ്ങൾ വരും. നിന്നെയും നിന്റെ മക്കളെയും നശിപ്പിക്കയും നിന്നിൽ കല്ലിന്മേൽ കല്ലുശേഷിക്കാതിരിക്കയും ചെയ്യും. എന്തെന്നാൽ സന്ദർശനത്തിന്റെ സമയം നീ അറിഞ്ഞില്ല'' (*ലൂക്കാ. 19:41-44*).

യേശു വീണ്ടും അരുളിച്ചെയ്തു: യെറുശലേം, യെറുശലേം, പ്രവാചകരെ വധിക്കുകയും നിന്റെ അടുക്കലേയ്ക്ക് അയയ്ക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒരുമിച്ചു കൂട്ടുവാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു. പക്ഷെ നീ സമ്മതിച്ചില്ല (*മത്താ. 23:37*).

## യേശു ദേവാലയത്തെ ശുദ്ധീകരിക്കുന്നു

ജനങ്ങൾ യേശുവിനെ ജയഘോഷങ്ങളോടുകൂടി യെറുശലേം ദേവാലയത്തിലേക്ക് ആനയിച്ചു. ''അവൻ ദേവാലയത്തിൽ പ്രവേശിച്ച്, അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കുവാൻ തുടങ്ങി. നാണയമാററക്കാരുടെ മേശകളും പ്രാവു വില്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. ദേവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോകാൻ ആരെയും അവൻ അനുവദിച്ചില്ല. അവൻ അവരെ ഇപ്രകാരം പഠിപ്പിച്ചു: എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു. ഇതു കേട്ടപ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും അവനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിച്ചു;

www.malankaralibrary.com



കാരണം അവനെ അവർ ഭയപ്പെട്ടു. .......വൈകുന്നേരമായപ്പോരം അവൻ നഗരത്തിനു വെളിയിലേക്കു പോയി (*മർക്കോ. 11:15-14-19*).

ഏ. ഡി. 70-ൽ റോമൻ പട്ടാളം വന്നു് യെറുശലേമിനെ നിശ്ശേഷം നശിപ്പിച്ചു എന്നു് ചരിത്രം സാക്ഷിക്കുന്നു.

**യേശു രാജാവാണു്**

ഗബ്രിയേൽ മാലാഖ നസറത്തിലെ മറിയാം എന്ന കന്യകയ്ക്കു് പ്രത്യക്ഷപ്പെട്ടുകൊണ്ടു് പറഞ്ഞു: ''നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും...........അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവു് അവനു കൊടുക്കും. യാക്കോബിൻെറ ഭവനത്തിന്മേൽ അവൻ ഭരണം നടത്തും. അവൻെറ രാജ്യത്തിനു് അവസാനം ഉണ്ടാകയില്ല'' (*ലൂക്കോ. 1:31-33*).

യേശുവിൻെറ ജനനശേഷം പൗരസ്ത്യദേശത്തു നിന്നു് ജ്ഞാനികരം യറുശലേമിലെത്തി. അവർ അന്വേഷിച്ചു: എവിടെയാണു് യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ? ...ഇതു കേട്ടു് ഹേറോദേസ് രാജാവു് അസ്വസ്ഥനായി. .......അയാരം പ്രധാന പുരോഹിതന്മാരെയും ജനങ്ങളുടെ ഇടയിലെ നിയമജ്ഞരെയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെയാണു് ജനിക്കുന്നതു് എന്നു ചോദിച്ചു. അവർ പറഞ്ഞു: യൂദയായിലെ ബെത്്ലഹേമിൽ; എന്തുകൊണ്ടെന്നാൽ, പ്രവാചകൻ ഇപ്രകാരം എഴുതിയിരിക്കുന്നു: യൂദായുടെ നാട്ടിലെ ബെത്്ലഹേമേ, നീ യൂദായുടെ ഭരണാധിപന്മാരിൽ ഒട്ടും താഴെയല്ല; എന്തെന്നാൽ എൻെറ ജനമായ ഇസ്രായേലിനെ മേയിക്കാനുള്ള ഭരണാധിപൻ നിന്നിൽനിന്നു് ഉത്ഭവിക്കും'' (*മത്താ. 2:1-6; മീക്കാ. 5:2*).

പക്ഷേ യേശുക്രിസ്തുവിൻെറ രാജ്യം ഐഹികമല്ല, ആത്മികമാണു്. യേശുക്രിസ്തു അഞ്ചപ്പം വർദ്ധിപ്പിച്ചു് അയ്യായിരംപേരെ തീററി തൃപ്തിപ്പെടുത്തിയശേഷം, തന്നെ രാജാവാക്കുവാൻ ജനങ്ങരം ശ്രമിച്ചപ്പോരം യേശു അതിനു വഴങ്ങാതെ അവരുടെ ഇടയിൽനിന്നു് മാറിപ്പൊയ്ക്കളഞ്ഞു (*യോഹ. 6:15*). യേശു അപ്രകാരം ചെയ്തതു് തൻെറ രാജ്യം ഐഹികമല്ലാത്തതുകൊണ്ടാണു്. ''പിശാചിൻെറ പ്രവൃത്തികരം നശിപ്പിക്കുന്നതിനുവേണ്ടിയാണു് ദൈവപുത്രൻ പ്രത്യക്ഷനായതു്'' (*1 യോഹ. 3:8*).

www.malankaralibrary.com



യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിയപ്പോഠം, പീലാത്തോസ് യേശുവിനോടു ചോദിച്ചു: നീ യഹൂദന്മാരുടെ രാജാവാകുന്നുവോ? ....യേശു പറഞ്ഞു: എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എന്റെ രാജ്യം ഈ ലോകത്തിൽ നിന്നായിരുന്നെങ്കിൽ ഞാൻ യഹൂദർക്കു് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല. പീലാത്തോസ് ചോദിച്ചു: അപ്പോഠം നീ രാജാവാണ് അല്ലേ? യേശു പ്രതിവചിച്ചു: നീ തന്നെ പറയുന്നു, ഞാൻ രാജാവാണെന്നു്. ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചിരിക്കുന്നതു്; ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും—സത്യത്തിനു സാക്ഷ്യം നല്കുവാൻ'' (*യോഹ. 18:33–37*).

മനുഷ്യരുടെ ഹൃദയങ്ങളിൽ ദൈവരാജ്യം സ്ഥാപിക്കുവാനാണ് യേശു വന്നതു്. അതു വളർന്നുകൊണ്ടിരിക്കുകയാണ്. വി. പൗലോസ് ശ്ലീഹാ പറയുന്നു: ''അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്തു് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോഠം എല്ലാററിന്റെയും അവസാനമാകും'' (*1 കോറി. 15.24*).

യേശു സമാധാനത്തിന്റെ രാജാവാണ്. യെറുശലേമിലേക്കുള്ള രാജകീയ പ്രവേശനത്തിൽ യേശുവിനയാന്വിതനായി കഴുതപ്പുറത്തു് കയറി വന്നെങ്കിൽ, ലോകാവസാനത്തിൽ സകലരെയും വിധിക്കുവാനായി ആ രാജാധിരാജൻ സകല മഹത്വത്തോടും പ്രാഭവത്തോടും ശക്തിയോടും കൂടി മാലാഖമാരാൽ പരിസേവിതനായി പ്രത്യക്ഷപ്പെടുന്നതായിരിക്കും.

### ലോകാവസാനം—ദുരിതങ്ങളുടെ കാലം

യെറുശലേം ദേവാലയത്തിന്റെ നാശത്തെപ്പററി കർത്താവു പ്രവചിച്ചശേഷം, ''ശിഷ്യന്മാർ യേശുവിനെ സമീപിച്ച് ചോദിച്ചു: നിന്റെ ആഗമനത്തിന്റെയും യുഗാന്തത്തിന്റെയും അടയാളമെന്താണെന്നും ഞങ്ങഠംക്കു പറഞ്ഞു തരണമേ! (*മത്താ. 24:3*).

യേശു പറഞ്ഞു: ''ജനം ജനത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും ഉണർന്നെഴുന്നേല്ക്കും. ക്ഷാമങ്ങളും ഭൂകമ്പങ്ങളും പല സ്ഥലങ്ങളിലും ഉണ്ടാകും. ഇതെല്ലാം കഠിനവേദനയുടെ ആരംഭം മാത്രമാണ്'' (*24:7–8*).

''ലോകാരംഭം മുതൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത, ഉഗ്രപീഡനം അക്കാലത്തുണ്ടാകും'' (*മത്താ. 24;21*).

www.malankaralibrary.com


"കള്ള ക്രിസ്തുമാരും വ്യാജ പ്രവാചകന്മാരും പ്രത്യക്ഷപ്പെട്ടകയും സാധ്യമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെക്കൂടി വഴിതെററിക്കാൻ തക്കവിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കയും ചെയ്യും" (*മത്താ. 24:24*).

"എൻെറ നാമം നിമിത്തം നിങ്ങളെ എല്ലാവരും ദ്വേഷിക്കും എങ്കിലും, യാതൊരു കാരണവശാലും നിങ്ങളുടെ ഒരു തലമുടിനാരുപോലും നശിച്ചുപോകുകയില്ല. സഹനത്തിലൂടെ നിങ്ങളുടെ ജീവനെ നിങ്ങരം നേടും" (*ലൂക്കാ. 21:18-19*).

"എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി രാജ്യത്തിൻെറ ഈ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടും. അതിനുശേഷം അന്ത്യം ആഗതമാകും" (*മത്താ. 24:14*).

## മനുഷ്യപുത്രൻെറ ആഗമനം
## (യേശുവിൻെറ രണ്ടാമത്തെ വരവ്)

"കിഴക്കനിന്നു പടിഞ്ഞാറോട്ട് പായുന്ന മിന്നൽപ്പിണർപോലെയായിരിക്കും മനുഷ്യപുത്രൻെറ ആഗമനം.

അക്കാലത്തെ പീഡനങ്ങരംക്കശേഷം പൊടുന്നനെ സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം തരുകയില്ല. നക്ഷത്രങ്ങരം ആകാശത്തുനിന്നു നിപതിക്കും. ആകാശ ശക്തികരം ഇളകുകയും ചെയ്യും. അപ്പോരം ആകാശത്തിൽ മനുഷ്യപുത്രൻെറ അടയാളം പ്രത്യക്ഷപ്പെടും; ഭൂമിയിലെ സകല ഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടുംകൂടി വരുന്നത് അവർ കാണുകയും ചെയ്യും. വലിയ കാഹള ധ്വനിയോടുകൂടി തൻെറ മാലാഖമാരെ അവൻ അയയ്ക്കും. അവർ ആകാശത്തിൻെറ ഒരററം മുതൽ മറേറ അററംവരെ നാലു ദിക്കുകളിൽ നിന്നു് അവൻെറ തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചു കൂട്ടും" (*മത്താ. 24:27-31*).

"നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നുവെന്ന് അറിയാത്തതുകൊണ്ട് നിങ്ങരം ജാഗരൂകരായിരിക്കുവിൻ. നിങ്ങരം പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത്" (*മത്താ. 24:42, 44*).

ദാനിയേൽ പ്രവാചകനുണ്ടായ ദർശനത്തിൽ പറയുന്ന മനുഷ്യപുത്രൻ താൻ തന്നെയാണെന്ന് യേശുക്രിസ്തു ഇവിടെ സമർത്ഥിക്കുകയാണ് ചെയ്യുന്നത്. "ഇതാ വാനമേഘങ്ങളോടു

www.malankaralibrary.com



കൂടെ മനുഷ്യ പുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെ മുമ്പിൽ ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവനു നൽകി. അവന്റെ ആധിപത്യം ശാശ്വതമാണ്; അതു് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്'' *(ദാനി. 7:13–14)*

ഇവിടെ പറഞ്ഞിരിക്കുന്ന 'മനുഷ്യപുത്രൻ' എന്ന പദം യേശുക്രിസ്തു തന്നെപ്പററിത്തന്നെ ഉപയോഗിച്ചിരിക്കയാണ്. 2 പീററർ 3:7, 10 ഈ വാക്യങ്ങൾകൂടി കാണുക.

## അവസാനവിധി

സ്വർഗ്ഗവും നരകവും ഉണ്ടെന്നും അവ രണ്ടും നിത്യമാണെന്നുമാണ് ബൈബിൾ പഠിപ്പിക്കുന്നതു്.

മനുഷ്യനു ഈ ലോകത്തിൽ ഒരു ജീവിതം മാത്രമേ ഉള്ളു. ഈ ലോകത്തിൽ പുനർജന്മം ഉണ്ടെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല.

## തനതുവിധി

മരിച്ചാൽ ഉടൻ വിധിയുണ്ട്. അതിനു തനതുവിധി എന്നു പറയുന്നു. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ നിന്ന് അതു സ്പഷ്ടമാണ്. "ആ ദരിദ്രൻ മരിച്ചു. "മാലാഖമാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു സംവഹിച്ചു. ആ ധനികനും മരിച്ച് അടക്കപ്പെട്ടു. അയാൾ നരകത്തിൽ പീഡിപ്പിക്കപ്പെട്ടപ്പോൾ കണ്ണുകൾ ഉയർത്തി നോക്കി; ദൂരെ അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു. അയാൾ വിളിച്ചു പറഞ്ഞു: പിതാവായ അബ്രഹാമേ, എന്നിൽ കനിയേണമേ. തന്റെ വിരൽത്തുമ്പ് വെള്ളത്തിൽ മുക്കി എന്റെ നാവു തണുപ്പിക്കാനായി ലാസറിനെ അയയ്ക്കണമേ! എന്തെന്നാൽ, ഞാൻ ഈ അഗ്നിജ്വാലയിൽ കിടന്നു യാതനയനുഭവിക്കുന്നു. അബ്രഹാം പറഞ്ഞു: മകനെ, നീ ഓർമ്മിക്കുക: നിനക്ക് ജീവിതകാലത്തു് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു; ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കയും നീ വേദനയനുഭവിക്കയും ചെയ്യുന്നു. കൂടാതെ ഞങ്ങൾക്കും നിങ്ങൾക്കും മദ്ധ്യേ ഒരു വലിയ ഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെ നിന്നു ഞങ്ങളുടെ അടുത്തേക്കോ വരുവാൻ ആഗ്രഹിക്കുന്നവർക്ക്

www.malankaralibrary.com



അത്തു സാധിക്കയില്ല. അപ്പോരം അയാരം പറഞ്ഞു: പിതാവേ, അങ്ങനെയെങ്കിൽ, ലാസറിനെ എൻെറ പിതാവിൻെറ വീട്ടിലേക്ക് അയയ്ക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ചു സഹോദരന്മാരുണ്ട്. അവരും പീഡകളുടെ ഈ സ്ഥലത്ത് വരാതിരിക്കേണ്ടതിന് അവൻ അവക്ക് സാക്ഷ്യം നല്കട്ടെ. അബ്രാഹാം പറഞ്ഞു: അവർക്ക മോശയും പ്രവാചകന്മാരും ഉണ്ടല്ലോ. അവർ അവരെ കേരംക്കട്ടെ'' (*ലൂക്കോ. 16:22–29*).

ഇവിടെ മോശ എന്നു പറഞ്ഞിരിക്കുന്നതു, മോശയാൽ എഴുതപ്പെട്ടു എന്നു കരുതപ്പെടുന്ന പഞ്ചഗ്രന്ഥിയെ (*ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങരം*) ഉദ്ദേശിച്ചാണ്. യഹൂദന്മാർ പഞ്ചഗ്രന്ഥിക്കും പ്രവാചകന്മാരുടെ പുസ്തകങ്ങരംക്കും പ്രത്യേകം പ്രാധാന്യം കൊടുത്തിരുന്നു.

വി. പൗലോസ് ശ്ലീഹാ പറയുന്നു: ''മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു'' (*എബ്രാ. 9:27*).

ജെറമിയാ പ്രവാചകൻ പ്രാർത്ഥിക്കുന്നു: ''ഓരോരുത്തക്കും അവനവൻെറ നടപ്പിനും ചെയ്തികരംക്കും അനുസൃതമായ പ്രതിഫലം നൽകുന്നതിന് അങ്ങയുടെ ദൃഷ്ടി മനുഷ്യരുടെ മാർഗ്ഗങ്ങളിൽ പതിഞ്ഞിരിക്കുന്നു (*ജെറ. 32:19*).

## പൊതുവിധി

മരണസമയത്ത് വ്യക്തിപരമായി വിധിക്കുന്ന വിധി തന്നെ ലോകാവസാനത്തിൽ യേശുക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ പരസ്യമായി ആവത്തിക്കുന്നതായിരിക്കും. അതിനു പൊതുവിധി എന്നു പറയുന്നു.

സഭാ പ്രസംഗകൻ പറയുന്നു: നല്ലതോ ചീത്തയോ ആയ ഏതു നിഗൂഢ പ്രവർത്തിയും ദൈവം നീതിപീഠത്തിനു മുമ്പിൽ കൊണ്ടുവരും (*സഭാപ്രസ. 12:14*).

യേശുക്രിസ്തു അരുളിച്ചെയ്തു: ''മനുഷ്യപുത്രൻ സ്വപിതാവിൻെറ മഹത്വത്തിൽ തൻെറ മാലാഖമാരോടൊത്ത് വരാനിരിക്കുന്നു. അപ്പോരം അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകും'' (*മത്താ. 16:27*).

''മനുഷ്യപുത്രൻ തൻെറ എല്ലാ മാലാഖമാരോടും കൂടെ പ്രതാപത്തിൽ എഴുന്നെള്ളുമ്പോരം അവൻ തൻെറ മഹത്വത്തിൻെറ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവൻെറ

www.malankaralibrary.com


മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു് വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തന്റെ വലത്തുവശത്തും കോലാടുകളെ ഇടത്തുവശത്തും നിർത്തും. അനന്തരം രാജാവു് തന്റെ വലത്തുഭാഗത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹീതരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ.......എന്റെ ഏററവും ചെറിയ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു് ചെയ്തതു്.

അനന്തരം അവൻ തന്റെ ഇടത്തുഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽനിന്നകന്നു് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ, ....ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പോകും'' (*മത്താ. 25:31-46*).

വി. പൗലോസ് ശ്ലീഹാ പറയുന്നു: ''മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും'' (*ഗലാ. 6:7*).

''നമ്മിലോരോരുത്തരും താന്താങ്ങളുടെ കണക്കു ദൈവത്തിനു കൊടുക്കേണ്ടിവരും'' (*റോമാ. 14:12*).

''ഓരോരുത്തരും തങ്ങളുടെ ശരീരത്തിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്കു് പ്രതിഫലം സ്വീകരിക്കുന്നതിനു് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ ഹാജരാക്കപ്പെടണം'' (*2 കൊറി. 5:10*).

## പെസഹാബലി

ഞായറാഴ്ച ഹർഷാരവങ്ങളുടെ മദ്ധ്യേ യെറുശലേം ദേവാലയത്തിൽ പ്രവേശിച്ച യേശു, വൈകുന്നേരമായപ്പോൾ ബഥനിയിലേക്കു തിരിച്ചുപോയി. തിങ്കളാഴ്ചയും ചൊവ്വാഴ്ചയും യേശു ദേവാലയത്തിൽ വരികയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

''യേശു ഈ വചനങ്ങളെല്ലാം അവസാനിപ്പിച്ചശേഷം ശിഷ്യന്മാരോടു പറഞ്ഞു: രണ്ടു ദിവസം കഴിഞ്ഞു് പെസഹായാണെന്നു് നിങ്ങൾക്കറിയാമല്ലോ. മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാനായി ഏല്പിക്കപ്പെടും. പ്രധാന പുരോഹിതന്മാരും ജനപ്രമാണികളും കയ്യാപ്പാവു് എന്നുപേരായ പ്രധാനാചാര്യന്റെ കൊട്ടാരത്തിൽ സമ്മേളിച്ചു്, യേശുവിനെ ചതിവിൽ പിടികൂടി വധിക്കേണ്ടതെങ്ങനെയെന്നു് ആലോചിച്ചു'' (*മത്താ. 26:1-4*).

www.malankaralibrary.com



"അപ്പോാം പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ് സ്കറിയോത്താ പ്രധാന പുരോഹിതന്മാരുടെ അടുത്തുചെന്നു് ചോദിച്ചു: ഞാൻ അവനെ നിങ്ങാംക്കു് ഏല്പിച്ചുതന്നാൽ നിങ്ങാം എനിക്കു് എന്തുതരും? അവർ അവനു മുപ്പതു വെള്ളി നാണയങ്ങാം വാഗ്ദാനം ചെയ്തു. ആ സമയം മുതൽ അയാാം അവനെ ഒററിക്കൊടുക്കാൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു" (*മത്താ. 26:14–16*).

വി. ലൂക്കോസിൻെറ സുവിശേഷത്തിലും ഇതു് രേഖപ്പെടുത്തിയിട്ടുണ്ടു്. "അപ്പോാം പന്ത്രണ്ടുപേരിൽ ഒരുവനും സ്കറിയോത്താ എന്നു വിളിക്കപ്പെടുന്നവനുമായ യൂദാസിൽ സാത്താൻ പ്രവേശിച്ചു" (*ലൂക്കോ. 22:3*) എന്നുകൂടി രേഖപ്പെടുത്തിയിരിക്കുന്നു.

## യേശു ശിഷ്യന്മാരോടുകൂടി പെസഹാ ഭക്ഷിക്കുന്നു

"യഹൂദന്മാർ ആണ്ടുതോറും പെസഹാത്തിരുനാാം ആഘോഷിച്ചിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള വിമോചനത്തിൻെറ സ്മരണകാം ആ അവസരത്തിൽ അവർ പുതുക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തിരുന്നു. പെസഹാ ആചരണത്തെപ്പററി നാലാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്.

"പെസഹാക്കുഞ്ഞാടിനെ ബലി കഴിക്കേണ്ടിയിരുന്ന പുളിപ്പില്ലാത്ത അപ്പത്തിൻെറ തിരുനാാം വന്നുചേർന്നു. യേശു പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ടു പറഞ്ഞു: നിങ്ങാം പോയി നമുക്കു് പെസഹാ ഭക്ഷിക്കേണ്ടതിനു് ഒരുക്കങ്ങാം ചെയ്യുവിൻ" (*ലൂക്കോ. 22:7–8*). അവർ പോയി അവൻ പറഞ്ഞതുപോലെ ഒരു സ്നേഹിതൻെറ മാളികമുറിയിൽ പെസഹായ്ക്കു വേണ്ട ഒരുക്കങ്ങാം ചെയ്തു.

രാത്രിയായപ്പോാം യേശുവും ശിഷ്യന്മാരും ഭോജന ശാലയിൽ ഉപവിഷ്ടരായി. ഈ പെസഹാഭോജനം തൻെറ അന്തിമ ഭോജനമായിരിക്കുമെന്നും ഇതു കഴിഞ്ഞു് താൻ പീഡിപ്പിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുമെന്നും യേശു അറിഞ്ഞിരുന്നു. "അവൻ അവരോടു് പറഞ്ഞു: ഞാൻ പീഡയനുഭവിക്കുന്നതിനുമുമ്പു് നിങ്ങളോടുകൂടി ഈ പെസഹാഭക്ഷിക്കുന്നതിനു് അത്യധികം ആഗ്രഹിച്ചു" (*ലൂക്കോ. 22:15*). അനന്തരം പെസഹാ വിരുന്നിൻെറ പ്രാരംഭകർമ്മങ്ങാം തുടങ്ങി. അപ്പോാം യേശുവിൻെറ ഹൃദയത്തെ വേദനിപ്പിച്ച ഒരു സംഭവം

www.malankaralibrary.com



ഉണ്ടായി. "തങ്ങളിൽ വലിയവൻ ആരാണ്' എന്നൊരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. അപ്പോഠം അവൻ അവരോടു പറഞ്ഞു: വിജാതീയരുടെ രാജാക്കന്മാർ അവരുടെ മേൽ ആധിപത്യം അടിച്ചേല്പിക്കുന്നു. തങ്ങളുടെ മേൽ അധികാരമുള്ളവരെ അവർ ഉപകാരികളായി കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങഠം അങ്ങനെയായിരിക്കരുത്. നിങ്ങളിൽ ഏററവും വലിയവൻ ഏററവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം" (*ലൂക്കാ. 22:24-26*). വിനയത്തിൻെറ ഒരു ഉന്നത മാതൃക ശിഷ്യന്മാക്കു നല്കുവാൻ യേശു തീരുമാനിച്ചു.

**പാദക്ഷാളനം**

വി. യോഹന്നാൻെറ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "യേശു അത്താഴത്തിനിടയിൽ എഴുന്നേററ്, മേലങ്കി മാററിവച്ച്, ഒരു തൂവാലയെടുത്ത് അരയിൽ ചുററി. അനന്തരം, അവൻ ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങഠം കഴുകുവാനും തൻെറ അരയിൽ ചുററിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കുവാനും തുടങ്ങി........അവൻ അവരുടെ പാദങ്ങഠം കഴുകിയ ശേഷം മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണ് നിങ്ങളോടു ചെയ്തതെന്നു നിങ്ങഠം അറിയുന്നുവോ? നിങ്ങഠം എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരി തന്നെ. കാരണം, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങഠം കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങഠം കഴുകേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങഠംക്കൊരു മാതൃക നല്കിയിരിക്കുന്നു" (*യോഹ. 13:4-5; 12-15*).

**പുതിയ ഉടമ്പടിയും പുതിയ പെസഹാ ബലിയും**

പഴയ ഉടമ്പടിയനുസരിച്ച്, ബലികഴിച്ച കുഞ്ഞാടിൻെറ (*മൃഗത്തിൻെറ*) മാംസമാണ് പെസഹായ്ക്കു ഭക്ഷിച്ചിരുന്നതെങ്കിൽ, പുതിയ ഉടമ്പടിയനുസരിച്ച്, ലോകത്തിൻെറ പാപം നീക്കുന്ന കുഞ്ഞാടായ, സാക്ഷാൽ ദൈവപുത്രനായ യേശുക്രിസ്തുവിൻെറ മാംസമാണ് ഭക്ഷിക്കുന്നത്. പഴയതിനേക്കാഠം ശ്രേഷ്ഠമായ പുതിയ പൗരോഹിത്യവും പുതിയ ബലിയും യേശുക്രിസ്തു സ്ഥാപിച്ചു.

www.malankaralibrary.com



വി. മത്തായിയുടെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ യേശു അപ്പമെടുത്തു് ആശീർവദിച്ചു് മുറിച്ചു് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: വാങ്ങിഭക്ഷിക്കുവിൻ; ഇതു് എൻെറ ശരീരമാകുന്നു. അനന്തരം പാനപാത്രമെടുത്തു് കൃതജ്ഞതാസ്തോത്രം ചെയ്തു് അവർക്കു കൊടുത്തുകൊണ്ടു് പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ, ഇതു പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എൻെറ രക്തമാകുന്നു" (*മത്താ. 26:26–28*).

വി. ലൂക്കോസിൻെറ സുവിശേഷത്തിൽ ഒരു കാര്യം കൂടി പറഞ്ഞിട്ടുണ്ടു്. അപ്പം എടുത്തു് ആശീർവദിച്ചു് കൊടുത്ത ശേഷം പറയുന്നു: "എൻെറ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (*ലൂക്കോ. 22:19*).

"എൻെറ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു കല്പിച്ചുകൊണ്ടു്, യേശു ഇവിടെ എന്തുചെയ്തുവോ അപ്രകാരം പ്രവർത്തിക്കുവാൻ ശ്ലീഹന്മാരെ അധികാരപ്പെടുത്തി.

തൻെറ ശരീരവും രക്തവും അവർക്കു് ഭക്ഷണമായി കൊടുക്കുമെന്നു്, തൻെറ പരസ്യജീവിതത്തിൻെറ ആരംഭത്തിൽ താൻ വാഗ്ദാനം ചെയ്തിരുന്നതു് ഈ അവസരത്തിൽ നിറവേററി. യേശു പറഞ്ഞു: "സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എൻെറ ശരീരമാകുന്നു. ....എൻെറ ശരീരം ഭക്ഷിക്കയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും...." (*യോഹ. 6:48–56*). 1 കൊരി. 10:16 കൂടി കാണുക.

## യൂദാസിൻെറ വഞ്ചനയെക്കുറിച്ചു് മുന്നറിയിപ്പു്

ഭക്ഷിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, അവരിൽ ഒരുവൻ തന്നെ ഒററിക്കൊടുക്കുമെന്നു് യേശു മുന്നറിയിപ്പു നൽകി. വിശുദ്ധ യോഹന്നാൻെറ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"യേശു ആത്മാവിൽ അസ്വസ്ഥനായി. അവൻ തെളിവായി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കും. അവൻ

www.malankaralibrary.com



ആരെപ്പററി പറയുന്നു എന്നറിയാതെ ശിഷ്യന്മാർ ആകുല ചിത്തരായി പരസ്പരം നോക്കി. ....യേശുവിന്റെ വക്ഷസ്സിൽ ചേർന്നുകിടന്നുകൊണ്ട് അവൻ (*യേശു സ്നേഹിച്ചശിഷ്യൻ*) യേശുവിനോട്ട് ചോദിച്ചു: കർത്താവേ ആരാണതു്? അവൻ പ്രതിവചിച്ചു: അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ. തുടർന്നു് അവൻ അപ്പക്കഷണം മുക്കി ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനു് കൊടുത്തു. അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്നു് സാത്താൻ അവനിൽ പ്രവേശിച്ചു. ....ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു'' (*യോഹ. 13:21–30*).

## പുതിയ കല്പന

''അവൻ പുറത്തു പോയിക്കഴിഞ്ഞപ്പോൾ യേശു പറഞ്ഞു: ....ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു് അതുമൂലം എല്ലാവരും അറിയും'' (*യോഹ. 13:14–35*).

## പത്രോസ് ഗുരുവിനെ നിഷേധിക്കും

യേശു അവരോട്ട് പറഞ്ഞു: ഈ രാത്രിയിൽ നിങ്ങൾക്കെല്ലാവർക്കും എന്നിൽ ഇടർച്ചയുണ്ടാകും. എന്തെന്നാൽ, 'ഞാൻ ഇടയനെ അടിക്കും; ആടുകൾ ചിതറിപ്പോകും' എന്നെഴുതപ്പെട്ടിരിക്കുന്നു. എന്നാൽ, ഞാൻ ഉയിർപ്പിക്കപ്പെട്ടശേഷം നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കു പോകും. അപ്പോൾ പത്രോസ് അവനോടു പറഞ്ഞു: നിന്നിൽ എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല. യേശു പറഞ്ഞു: സത്യമായി ഞാൻ നിന്നോടു പറയുന്നു, ഈ രാത്രിയിൽ കോഴി കൂകുന്നതിനു മുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം നിഷേധിച്ചു പറയും. പത്രോസ് പറഞ്ഞു: നിന്നോടു കൂടി മരിക്കേണ്ടി വന്നാൽ പോലും ഞാൻ നിന്നെ നിഷേധിച്ചു പറയുകയില്ല. ഇങ്ങനെ തന്നെ മററെല്ലാ ശിഷ്യന്മാരും പറഞ്ഞു: (*മത്താ. 26:31–35*).

## യേശു ഗത്സമേനിൽ പ്രാർത്ഥിക്കുന്നു

''അവൻ പുറത്തുവന്നു് പതിവുപോലെ ഒലിവുമലയിലേയ്ക്കു പോയി. ശിഷ്യന്മാരും അവനെ പിന്തുടർന്നു. അവിടെ എത്തിയപ്പോൾ അവൻ അവരോടു പറഞ്ഞു: നിങ്ങൾ പരീക്ഷ

www.malankaralibrary.com



യിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ. അവൻ അവരിൽനിന്നു് ഒരു കല്ലേറു ദൂരം മാറി മുട്ടിന്മേൽ വീണു പ്രാർത്ഥിച്ചു. പിതാവേ, നിനക്കു് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു് അകററിക്കളയണമെ. എങ്കിലും എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം നിറവേറട്ടെ. അപ്പോൾ അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നു് ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. അവൻ തീവ്ര വേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിച്ചു. അവൻെറ വിയപ്പു് രക്തത്തുള്ളികളായി നിലത്തു വീണു. അവൻ പ്രാർത്ഥനകഴിഞ്ഞു് എഴുന്നേററു് ശിഷ്യന്മാരുടെ അടുക്കൽ വന്നപ്പോൾ അവർ വ്യസനം നിമിത്തം തളർന്നു് ഉറങ്ങുന്നതായി കണ്ടു. അവൻ അവരോടു് ചോദിച്ചു: നിങ്ങൾ ഉറങ്ങുന്നതെന്തു്? പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'' (*ലൂക്കോ. 22:39—46; മത്താ. 26:36-46*).

ഗെത്സമേൻ ഒലിവുമലയിലാണു്.

## യൂദാസ് യേശുവിനെ ഒററിക്കൊടുക്കുന്നു

അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് അവിടെയെത്തി. അവനോടു കൂടി പ്രധാന പുരോഹിതന്മാരുടെയും ജനപ്രമാണികളുടെയും അടുക്കൽനിന്നു് വാളുകളും വടികളുമായി ഒരു ജനക്കൂട്ടവും വന്നിരുന്നു. ഒററുകാരൻ അവർക്കു് ഒരു അടയാളം നല്കിയിരുന്നു: ഞാൻ ആരെ ചുംബിക്കുന്നുവോ അവൻ തന്നെയാണു് ആ മനുഷ്യൻ; അവനെ പിടിച്ചുകൊള്ളുക. അയാൾ പെട്ടെന്നു് യേശുവിൻെറ അടുത്തുചെന്നു് ഗുരോ, സ്വസ്തി, എന്നുപറഞ്ഞു് അവനെ ചുംബിച്ചു. യേശു അയാളോടു് ചോദിച്ചു: സ്നേഹിതാ, നീ എന്തിനാണു് വന്നതു്? അപ്പോൾ അവർ മുന്നോട്ടുവന്നു് യേശുവിനെ പിടികൂടി. യേശുവിൻെറ കൂടെയുണ്ടായിരുന്നവരിൽ ഒരുവൻ കൈനീട്ടി, തൻെറ വാൾ വലിച്ചൂരി പ്രധാന ആചാര്യൻെറ സേവകനെ വെട്ടി, അവൻെറ ചെവി ഛേദിച്ചുകളഞ്ഞു. യേശു അയാളോടു പറഞ്ഞു: നിൻെറ വാൾ അതിൻെറ സ്ഥാനത്തിടുക; വാളെടുക്കുന്നവരെല്ലാവരും വാളാൽത്തന്നെ നശിക്കും. എനിക്കു് എൻെറ പിതാവിനോടു് അപേക്ഷിക്കാൻ കഴിയുകയില്ലെന്നും ഉടൻതന്നെ അവൻ എനിക്കു് മാലാഖമാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചുതരുകയില്ലെന്നും നീ വിചാരിക്കുന്നുവോ? അങ്ങനെയെങ്കിൽ, ഇപ്രകാരം സംഭവിക്ക

www.malankaralibrary.com



ണമെന്ന വിശുദ്ധ ലിഖിതങ്ങളിലെ പ്രവചനങ്ങൾ എങ്ങനെ നിറവേറും.......പ്രവാചകന്മാരുടെ ലിഖിതങ്ങൾ പൂർത്തിയാകാൻ വേണ്ടിയാണ് ഇതൊക്കെയും സംഭവിച്ചത്. അപ്പോൾ ശിഷ്യന്മാരെല്ലാവരും അവനെ വിട്ട് ഓടിപ്പോയി (*മത്താ. 26:47_56*).

## യേശു ന്യായാധിപസംഘത്തിൻെറ മുമ്പാകെ

യഹൂദന്മാരുടെ പരമാധികാരസമിതിയാണ് സാൻഹെദ്രിം സംഘം. ആ സംഘത്തിന് കേസ് നടത്താനും മരണശിക്ഷയൊഴിച്ച് മററ് ഏതു് ശിക്ഷ നൽകാനും അധികാരമുണ്ടായിരുന്നു. മരണശിക്ഷയ്ക്കു വിധിക്കാൻ റോമൻ ചക്രവർത്തിയുടെ പ്രതിനിധിയായ പ്രൊക്യുറേറർക്ക് അഥവാ ഗവർണ്ണർക്ക് മാത്രമേ അധികാരമുണ്ടായിരുന്നുള്ളു.

''യേശുവിനെ പിടിച്ചു ബന്ധിച്ചവർ പ്രധാനാചാര്യനായ കയ്യാപ്പായുടെ അടുക്കൽ നിയമജ്ഞരും മൂപ്പന്മാരും കൂടിയിരുന്ന ഇടത്തേയ്ക്ക് അവനെ കൊണ്ടുപോയി. എന്നാൽ ശെമ്ഓൻ കീപ്പാ പ്രധാനാചാര്യൻെറ മുററംവരെ ദൂരെക്കൂടെ അവൻെറ പിന്നാലെ പോയി. അകത്തു പ്രവേശിച്ച്, അവസാനം കാണുവാനായി സേവകന്മാരോടുകൂടിയിരുന്നു. പ്രധാന ആചാര്യന്മാരും ന്യായാധിപസംഘം മുഴുവനും യേശുവിനെ മരണത്തിനേല്പിച്ചുകൊടുക്കേണ്ടതിന് അവനെതിരെ കള്ള സാക്ഷ്യം അന്വേഷിച്ചു......അപ്പോൾ പ്രധാനാചാര്യൻ അവനോട് പറഞ്ഞു: ജീവിക്കുന്ന ദൈവത്തിൻെറ നാമത്തിൽ ആണയിട്ടു ഞാൻ നിന്നോട് ചോദിക്കുന്നു, നീ ദൈവപുത്രനായ ക്രിസ്തുവാണോ എന്നു ഞങ്ങളോട് പറയുക. യേശു അയാളോട് പറഞ്ഞു: നീ പറഞ്ഞുവല്ലോ........അപ്പോൾ പ്രധാനാചാര്യൻ തൻെറ മേലങ്കി വലിച്ചുകീറിക്കൊണ്ട് പറഞ്ഞു: ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനി സാക്ഷികളെക്കൊണ്ട് നമുക്കെന്താവശ്യം? ഇതാ ദൈവദൂഷണം നിങ്ങൾ ഇപ്പോൾ കേട്ടുവല്ലോ. നിങ്ങൾക്കെന്തു തോന്നുന്നു? അവർ പ്രതിവചിച്ചു: അവൻ മരണത്തിനർഹനാണ്. അനന്തരം അവർ അവൻെറ മുഖത്തു തുപ്പുകയും അവനെ അടിക്കുകയും ചെയ്തു'' (*മത്താ. 26:57_67*).

## പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു

പത്രോസ് പുറത്ത് മുററത്തിരിക്കുകയായിരുന്നു. ഒരു പരിചാരിക അവനെ സമീപിച്ച്, നീയും ആ ഗലീലിയനായ യേശുവിൻെറകൂടെ ആയിരുന്നല്ലോ എന്നു പറഞ്ഞു. നീ

www.malankaralibrary.com



പറയുന്നതെന്താണെന്നു് ഞാൻ അറിയുന്നില്ല എന്നു് അവരുടെയെല്ലാം മുമ്പാകെ അവൻ നിഷേധിച്ചു പറഞ്ഞു. അവൻ പ്രവേശന കവാടത്തിങ്കലേക്കു പോയപ്പോരം മറെറാരു പരിചാരിക അവനെ കണ്ടു. അവരം അടുത്തു നിന്നവരോടു പറഞ്ഞു: ഈ മനുഷ്യനും നസറായനായ യേശുവിൻെറ കൂടെയായിരുന്നു. ഞാൻ ആ മനുഷ്യനെ അറിയുകയില്ല എന്നു് അവൻ വീണ്ടും ആണയിട്ടു നിഷേധിച്ചു. കുറെ കഴിഞ്ഞപ്പോരം, അടുത്തു നിന്നിരുന്നവർ പത്രോസിനെ സമീപിച്ചു പറഞ്ഞു: നിശ്ചയമായി നീയും അവരിൽ ഒരുവനാണു്; നിൻെറ സംസാര രീതി തന്നെ ഇതു തെളിയിക്കുന്നു. പത്രോസാകട്ടെ, ഞാൻ ആ മനുഷ്യനെ അറിയുകയില്ല എന്നു പറഞ്ഞുകൊണ്ടു് ശപിക്കുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി കൂകി. കോഴി കൂകുന്നതിനു മുമ്പു മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിക്കും എന്നു് യേശു പറഞ്ഞ വാക്കുകരം അപ്പോരം പത്രോസു് ഓർമ്മിച്ചു. അവൻ പുറത്തുപോയി ഹൃദയം നൊന്തു കരഞ്ഞു. (*മത്താ. 26:69_75*).

## യൂദാസിൻെറ അന്ത്യം

"അവനെ ഒററിക്കൊടുത്ത യൂദാസു്, അവൻ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നറിഞ്ഞപ്പോരം പശ്ചാത്തപിച്ചു് ആ മുപ്പതു വെള്ളിനാണയങ്ങരം പ്രധാന പുരോഹിതന്മാരെയും പ്രമാണികളെയും ഏല്പിച്ചുകൊണ്ടു് പറഞ്ഞു: കുററമില്ലാത്ത രക്തത്തെ ഒററിക്കൊടുത്തുകൊണ്ടു് ഞാൻ പാപം ചെയ്തിരിക്കുന്നു........ വെള്ളിനാണയങ്ങരം ദേവാലയത്തിലേക്കു വലിച്ചെറിഞ്ഞിട്ടു് അയാരം പോയി കെട്ടി ഞാന്നു ചത്തു" (*മത്താ. 27:3_9*).

## യേശു പീലാത്തോസിൻെറ മുമ്പിൽ

"പ്രഭാതമായപ്പോരം പ്രധാന പുരോഹിതന്മാരും ജനപ്രമാണികളും യേശുവിനെ വധിക്കേണ്ടതിനു് അവനെതിരെ ആലോചന നടത്തി. അവർ അവനെ ബന്ധിച്ചുകൊണ്ടു പോയി ഗവർണ്ണറായ പീലാത്തോസിനെ ഏല്പിച്ചു. ഗവർണ്ണർ ചോദിച്ചു: നീ യഹൂദന്മാരുടെ രാജാവാകുന്നുവോ? യേശു പറഞ്ഞു: നീ പറയുന്നുവല്ലോ........ജനക്കൂട്ടം ആഗ്രഹിക്കുന്ന ഒരു തടവുകാരനെ ഗവർണ്ണർ തിരുനാളിൽ അവർക്കു് വിട്ടുകൊടുക്കുക പതിവായിരുന്നു. അന്നു് അവർക്കു് ബറാബ്ബാസു് എന്നു പേരുള്ള കുപ്രസിദ്ധനായ ഒരു തടവു പുള്ളിയുണ്ടായിരുന്നു. അതുകൊണ്ടു്, അവർ ഒന്നിച്ചുകൂടിയപ്പോരം പീലാത്തോസു് ചോദിച്ചു: ഞാൻ ആരെ വിട്ടുതരണമെന്നാണു് നിങ്ങരം ആഗ്ര

www.malankaralibrary.com



ഹിക്കുന്നതു്, ബറാബ്ബാസിനെയോ ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശുവിനെയോ? ....പ്രധാന പുരോഹിതന്മാരും പ്രമാണികളും ബറാബ്ബാസിനെ വിട്ടുതരാനും യേശുവിനെ നശിപ്പിക്കാനും ആവശ്യപ്പെടാൻ ജനങ്ങളെ പ്രേരിപ്പിച്ചു. അവർ പറഞ്ഞു, ബറാബ്ബാസിനെ വിട്ടുതരണം. പീലാത്തോസ് അവരോട് ചോദിച്ചു. അപ്പോഴം, ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശുവിനെ ഞാനെന്തു ചെയ്യണം? അവൻ ക്രൂശിക്കപ്പെടട്ടെ എന്നു് എല്ലാവരും പറഞ്ഞു...... ബഹളം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുന്നില്ലെന്നു് മനസ്സിലാക്കിയ പീലാത്തോസ്സ് വെള്ളമെടുത്തു് ജനങ്ങളുടെ മുമ്പിൽ വച്ചു് കൈ കഴുകിക്കൊണ്ടു പറഞ്ഞു: ഈ നീതിമാൻെറ രക്തത്തിൽ എനിക്കു പങ്കില്ല. അപ്പോഴം ജനം മുഴുവൻ പറഞ്ഞു: അവൻെറ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിക്കൊള്ളട്ടെ. അപ്പോഴം അയാൾ ബറാബ്ബാസിനെ വിട്ടുകൊടുക്കുകയും യേശുവിനെ ചമ്മട്ടി കൊണ്ടടിച്ചതിനു ശേഷം ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു'' (*മത്താ. 27:11-26*).

## യേശുവിനെ കുരിശിൽ തറയ്ക്കുന്നു

''അവർ യേശുവിനെ ഏറ്റുവാങ്ങി. അവൻ സ്വയം കുരിശും ചുമന്നുകൊണ്ടു് കപാലത്തിൻെറ സ്ഥലം—ഹെബ്രായയിൽ ഗോഗുൽത്താ—എന്നു വിളിക്കപ്പെടുന്ന സ്ഥലത്തേക്കു പോയി. അവിടെ അവർ അവനെ ക്രൂശിച്ചു. അവനോടൊപ്പം മററു രണ്ടുപേരെയും; യേശുവിനെ മദ്ധ്യത്തിലും അവരെ ഇരുവശങ്ങളിലായും. പീലാത്തോസ്സ് ഒരു ശീർഷകവും എഴുതി കുരിശിനു മുകളിൽ വച്ചു. അതു് ഇങ്ങനെയായിരുന്നു: ''നസ്രായനായ യേശു, യഹൂദരുടെ രാജാവു്'' (*യോഹ. 19:17-19*).

''യേശു പറഞ്ഞു: പിതാവേ, അവരോട് ക്ഷമിക്കണമേ; എന്തെന്നാൽ അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല'' (*ലൂക്കാ. 23:34*).

## യേശുവിൻെറ മരണം

''അപ്പോഴം ഏകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒമ്പതാം മണിക്കൂർ വരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചിരുന്നു. സൂര്യൻ ഇരുണ്ടു. ദേവാലയത്തിലെ തിരിശ്ശീല നടുവേ കീറിപ്പോയി. യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു:

www.malankaralibrary.com



പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞുകൊണ്ടു് അവൻ ജീവൻ വെടിഞ്ഞു'' (*ലൂക്കാ. 23:44-46*). യഹൂദന്മാരുടെ കണക്കനുസരിച്ചു് ആറാം മണിക്കൂർ എന്നു പറഞ്ഞിരിക്കുന്നതു് പകൽ 12 മണിയും ഒൻപതാം മണിക്കൂർ 3 മണിയുമാണു്.

## യേശുവിനെ സംസ്കരിക്കുന്നു

''യഹൂദരോടുള്ള ഭയം നിമിത്തം യേശുവിന്റെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് യേശുവിന്റെ ശരീരം എടുത്തുമാററുവാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസു് അനുവദിക്കുകയും ചെയ്തു. അവൻ വന്നു് ശരീരം എടുത്തു മാററി. യേശുവിനെ ആദ്യം രാത്രിയിൽ ചെന്നു കണ്ട നിക്കോദീമൂസും അവിടെയെത്തി. മീറായും ചെന്നിനായകവും ചേർത്തു് ഏകദേശം നൂറു റാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവൻ യേശുവിന്റെ ശരീരമെടുത്തു യഹൂദരുടെ ശവസംസ്കാര രീതിയനുസരിച്ചു് സുഗന്ധദ്രവ്യങ്ങളോടുകൂടി കച്ചയിൽ പൊതിഞ്ഞു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്തു് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്കരിച്ചു'' (*യോഹ. 19:38-42*).

## കല്ലറയ്ക്കു കാവൽ ഏർപ്പെടുത്തുന്നു

''പിറേറ ദിവസം, അതായതു് ഒരുക്ക ദിനത്തിന്റെ പിറേറന്നു്, പ്രധാന പുരോഹിതന്മാരും പരീശന്മാരും പീലാത്തോസിന്റെ അടുക്കൽ ഒരുമിച്ചുകൂടി. അവർ പറഞ്ഞു: യജമാനനേ, 'ഞാൻ മൂന്നു ദിവസം കഴിഞ്ഞു് ഉയിർത്തെഴുന്നേല്ക്കു'മെന്നു് ആ വഞ്ചകൻ ജീവിച്ചിരുന്നപ്പോൾ പറഞ്ഞതു ഞങ്ങൾ ഇപ്പോൾ ഓർമ്മിക്കുന്നു. അതിനാൽ മൂന്നാം ദിവസം വരെ ശവകുടീരത്തിനു കാവലേർപ്പെടുത്തുവാൻ ആജ്ഞ നല്കുക. അല്ലാത്തപക്ഷം, അവന്റെ ശിഷ്യന്മാർവന്നു് അവനെ മോഷ്ടിച്ചെടുക്കുകയും അവൻ മരിച്ചവരിൽ നിന്നു് ഉത്ഥാനം ചെയ്തു എന്നു ജനങ്ങളോടു പറയുകയും ചെയ്തേക്കുവരും. അങ്ങനെ അവസാനത്തെ വഞ്ചന ആദ്യത്തേതിനെക്കാൾ ഗുരുതരമായിത്തീരുകയും ചെയ്യും. പീലാത്തോസു് അവരോടു പറഞ്ഞു:

www.malankaralibrary.com



നിങ്ങൾക്ക് ഒരു കാവൽസേനയുണ്ടല്ലോ, പോയി നിങ്ങളുടെ കഴിവുപോലെ കാത്തുകൊള്ളുവിൻ. അവർ പോയി കല്ലിനു മുദ്രവച്ച്, കാവൽക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി'' (*മത്താ. 27:62_66*).

## യേശുവിൻെറ ഉത്ഥാനം

''ശാബത്തു കഴിഞ്ഞപ്പോൾ മഗ്ദലേന മറിയവും യാക്കോബിൻെറ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യ ദിവസം അതിരാവിലെ സൂര്യനുദിച്ചപ്പോൾ തന്നെ, അവർ ശവകുടീരത്തിലേക്കു പോയി. അവർ തമ്മിൽ പറഞ്ഞു: ആരാണ് നമുക്കുവേണ്ടി ശവകുടീരത്തിൻെറ വാതില്ക്കൽ നിന്ന് കല്ല് ഉരുട്ടിമാററുക? എന്നാൽ അവർ നോക്കിയപ്പോൾ ആ കല്ല് ഉരുട്ടി മാററപ്പെട്ടിരിക്കുന്നതാണ് കണ്ടത്. അതാകട്ടെ, വളരെ വലുതായിരുന്നുതാനും. അവർ ശവകുടീരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ് വലത്തുഭാഗത്തിരിക്കുന്നതു കണ്ടു. അവർ വിസ്മയിച്ചുപോയി അവൻ അവരോടു പറഞ്ഞു: നിങ്ങൾ അത്ഭുതപ്പെടേണ്ടാ. കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കു, അവർ അവനെ സംസ്കരിച്ച സ്ഥലം. നിങ്ങൾ പോയി, അവൻെറ ശിഷ്യന്മാരോടും പത്രോസിനോടും പറയുക: അവൻ നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കു പോകുന്നു'' (*മർക്കോ. 16:1_7*).

മറിയം മഗ്ദലേന പറഞ്ഞതിനനുസരിച്ച് പത്രോസും, യോഹന്നാനും ശവകുടീരത്തേക്കു പോകയും ശൂന്യമായ കല്ലറ കാണുകയും ചെയ്തു (*യോഹ. 20:1_8*).

യേശു ഉയിർത്തെഴുന്നേററശേഷം ആദ്യം പ്രത്യക്ഷപ്പെട്ടതു് മഗ്ദലേന മറിയത്തിനാണ് എന്നാണ് വി. മാർക്കോസിൻെറ സുവിശേഷത്തിലും വി. യോഹന്നാൻെറ സുവിശേഷത്തിലും രേഖപ്പെടുത്തിയിരിക്കുന്നതു് (*മർക്കോ. 16:9; യോഹ. 20:17_18*).

യേശുക്രിസ്തു ഉത്ഥാനം ചെയ്ത ശേഷം പല പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു.

www.malankaralibrary.com



ഉത്ഥാനം ചെയ്ത ആ ദിവസംതന്നെ എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർക്ക് പ്രത്യക്ഷനായി (*ലൂക്കാ. 24:13_33*).

### ശ്ളീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു

"ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരോടുള്ള ഭയം നിമിത്തം കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു; നിങ്ങരംക്കു സമാധാനം. ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു" (*യോഹ. 20:19_20*).

### തോമസിന്റെ സംശയം

"പന്ത്രണ്ടുപേരിലൊരുവനും ദീദിമോസ് എന്നു വിളിക്കപ്പെട്ടുന്നവനുമായ തോമസ്സ് യേശു വന്നപ്പോരം അവരോടുകൂടി ഉണ്ടായിരുന്നില്ല. അതുകൊണ്ട് മററു ശിഷ്യന്മാർ അവനോടു പറഞ്ഞു; ഞങ്ങരം കർത്താവിനെ കണ്ടു. എന്നാൽ അവൻ പറഞ്ഞു: അവന്റെ കൈകളിൽ ആണികളുടെ പഴുതുകരം ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല. എട്ടു ദിവസങ്ങരംക്കു ശേഷം വീണ്ടും അവന്റെ ശിഷ്യന്മാർ വീട്ടിൽ ആയിരുന്നപ്പോരം തോമസ്സും അവരോടുകൂടിയുണ്ടായിരുന്നു. വാതിലുകരം അടയ്ക്കപ്പെട്ടിരുന്നെങ്കിലും യേശുവന്ന് അവരുടെ മധ്യത്തിൽനിന്നുകൊണ്ടു പറഞ്ഞു: നിങ്ങരംക്കു സമാധാനം. അവൻ തോമസ്സിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകരം കാണുക; നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക. തോമസ്സും പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ! യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതിരുന്നിട്ടും വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (*യോഹ. 20:24_29*).

### യേശു ഏഴു ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ടു

"ഇതിനു ശേഷം യേശു തിബേരിയസ് കടൽത്തീരത്തു വച്ച് ശിഷ്യന്മാർക്കു വീണ്ടും തന്നെത്തന്നെ വെളിപ്പെടുത്തി" (*യോഹ. 21 :1_14*).

www.malankaralibrary.com



## യേശുവിൻെറ സ്വർഗ്ഗാരോഹണം

യേശു അവരോടു പറഞ്ഞു: "ഇതാ എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽ നിന്നുള്ള ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ നിങ്ങൾ വസിക്കുവിൻ.

അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടു പോയി കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചു കൊണ്ടിരിക്കെ അവൻ അവരിൽനിന്നു മറഞ്ഞുപോയി. അത്യന്തം ആനന്ദത്തോടെ അവർ യറുശലേമിലേയ്ക്കു് മടങ്ങിപ്പോകയും ചെയ്തു" (*ലൂക്കാ. 24:49–52*).

അപ്പസ്തോല പ്രവർത്തനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"പീഡാനുഭവത്തിനു ശേഷം നാല്പതു ദിവസത്തേയ്ക്കു് യേശു അവരുടെ ഇടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു. അങ്ങനെ അവൻ അവർക്കു വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ടു് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു. അവൻ അവരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോൾ കല്പിച്ചു: നിങ്ങൾ യറുശലേം വിട്ടുപോകരുതു്. എന്നിൽ നിന്നു നിങ്ങൾ കേട്ട പിതാവിൻെറ വാഗ്ദാനം കാത്തിരിക്കുവിൻ........ നിങ്ങളാകട്ടെ ഏറെ താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടും. (*അപ്പ. പ്ര. 1:3–5*).

## യൂദാസിനു പകരം മത്തിയാസിനെ തിരഞ്ഞെടുത്തു

"അന്നൊരു ദിവസം നൂററിരുപതോളം സഹോദരർ സമ്മേളിച്ചിരിക്കെ, പത്രോസ് അവരുടെ മധ്യേ എഴുന്നേററു നിന്നു പ്രസ്താവിച്ചു. സഹോദരരേ, യേശുവിനെ പിടിക്കുവാൻ വന്നവർക്കു നേതൃത്വം നൽകിയ യൂദാസിനെക്കുറിച്ചു് ദാവീദു വഴി പരിശുദ്ധാത്മാവു അരുളിച്ചെയ്ത തിരുവചനങ്ങൾ പൂർത്തിയാക്കപ്പെടേണ്ടിയിരുന്നു. ... അവൻെറ ശുശ്രൂഷയുടെ സ്ഥാനം മററാരെങ്കിലും സ്വീകരിക്കട്ടെ. അതിനാൽ, കർത്താവായ യേശുവിൻെറ പുനരുത്ഥാനത്തിനു് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാൻെറ ജ്ഞാനസ്നാനം മുതൽ നമ്മിൽനിന്നു് ഉന്നതങ്ങളിലേക്കു് എടുക്കപ്പെട്ട ദിവസം വരെ യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അയാൾ. അവർ രണ്ടുപേരെ നാമനിർദ്ദേശം ചെയ്തു. ബാർസബാസ് എന്നു വിളിക്കപ്പെട്ടിരുന്ന ജോസഫും മത്തിയാസും....പിന്നെ അവർ കുറിയിട്ടു. മത്തിയാസിൻെറ പേരിലാണ് കുറിവീണതു്. പതിനൊന്നു് അപ്പസ്തോലന്മാരുടെ കൂടെ അവൻ എണ്ണപ്പെടുകയും ചെയ്തു" (*അപ്പ. പ്ര. 1:15–16, 20–26*).

www.malankaralibrary.com



# അധ്യായം XI

## സഭാപ്രവർത്തനം ആരംഭിക്കുന്നു.

### പെന്തിക്കോസ്തി—പരിശുദ്ധാത്മാവിൻെറ ആഗമനം

പെസഹാ വ്യാഴാഴ്ച തിരുവത്താഴസമയത്ത് ശ്ലീഹന്മാരോട സംസാരിക്കുന്നതിനിടയിൽ, പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്ന് വാഗ്ദാനം ചെയ്യുകയുണ്ടായി. "ഞാൻ പിതാവിനോട് ചോദിക്കുകയും നിത്യവും നിങ്ങളോടുകൂടിയായിരിക്കുവാൻ മററൊരു സഹായകനെ അവൻ നിങ്ങൾക്ക് തരുകയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കുവാൻ ലോകത്തിനു സാധിക്കുകയില്ല...... എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (*യോഹ. 14:16, 26*).

വീണ്ടും പറയുന്നു: "ഇനിയും വളരെ കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല. സത്യാത്മാവ് വരുമ്പോൾ നിങ്ങളെ പൂർണ്ണസത്യത്തിലേയ്ക്കു നയിക്കും" (*യോഹ. 16:12-13*).

യേശുവിൻെറ സ്വർഗ്ഗാരോഹണത്തിനു മുമ്പായി ശ്ലീഹന്മാരോട് ഇപ്രകാരം പറഞ്ഞു: "ഇതാ, എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽ നിന്നുള്ള ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ നിങ്ങൾ വസിക്കുവിൻ" (*ലൂക്കാ. 24:49*).

അപ്പസ്തോല പ്രവർത്തനങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "പീഡാനുഭവത്തിനു ശേഷം നാല്പതുദിവസത്തേയ്ക്ക് യേശു അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചു. അങ്ങനെ അവൻ അവർക്ക് വേണ്ടത്ര തെളിവുകൾ നൽകിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു. അവൻ അവരോടൊപ്പം ഭക്ഷണത്തിനിരിക്കു

www.malankaralibrary.com



മ്പോഠം കല്പിച്ചു: നിങ്ങഠം യെറുശലേം വിട്ടുപോകരുത്. എന്നിൽനിന്നു് നിങ്ങഠം കേട്ട പിതാവിൻെറ വാഗ്ദാനം കാത്തിരിക്കുവിൻ....നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടും'' (*അപ്പ. പ്ര. 1 : 3_5*).

യേശുവിൻെറ ഈ ആഹ്വാനമനുസരിച്ചു് ശിഷ്യന്മാർ ഒരുമിച്ചുകൂടി പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുകയായിരുന്നു. ''ഇവരെല്ലാവരും ഏകമനസ്സോടെ യേശുവിൻെറ അമ്മയായ മറിയാമിനോടും മററു സ്ത്രീകളോടും അവൻെറ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴകിയിരുന്നു'' (*അപ്പ. പ്ര. 1 : 14*). ആ അവസരത്തിലാണു് മത്തിയാസിനെ തിരഞ്ഞെടുക്കുന്നതു്.

പെന്തിക്കൊസ്തി എന്ന വാക്കിൻെറ അർത്ഥം അൻപതാം ദിവസം അഥവാ അൻപതാം ദിവസ പെരുന്നാഠം എന്നാണു്.

യഹൂദന്മാർ ആഘോഷിച്ചിരുന്ന മൂന്നു പ്രധാന പെരുന്നാളുകളിൽ ഒന്നായിരുന്നു പെന്തിക്കൊസ്തിപ്പെരുന്നാഠം. അതിനു് ആഴ്ചകളുടെ പെരുനാഠം എന്നും പേരുണ്ടായിരുന്നു. അതു് ഒരു കൊയ്ത്തുകാല മഹോത്സവമായിരുന്നു. അതിനെപ്പററി നിയമാവർത്തന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: ''ഏഴാഴ്ചകഠം എണ്ണുക. കൊയ്ത്തു തുടങ്ങിയ ദിവസം മുതലാണു് ആഴ്ചകഠം എണ്ണേണ്ടതു്. അനന്തരം, നിൻെറ ദൈവമായ കർത്താവു് നിനക്കു് നൽകുന്ന അനുഗ്രഹങ്ങഠംക്കൊത്ത വിധം സ്വാദിഷ്ടക്കാഴ്ചകഠം സമർപ്പിച്ചുകൊണ്ടു് അവിടുത്തേക്കു് ആഴ്ചകളുടെ തിരുനാഠം കൊണ്ടാടുക... ....ഈജിപ്തിൽ നീ അടിമയായിരുന്നെന്നു് ഓർമ്മിക്കുക'' (*നിയമാ. 19:9_12; ലേവ്യ. 23 :16*).

പരിശുദ്ധാത്മാവു് ശ്ലീഹന്മാരുടെ മേൽ ഇറങ്ങി ആവസിച്ചതിനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

''പെന്തിക്കൊസ്തി ദിവസം സമാഗതമായപ്പോഠം അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാററടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്നു് ആകാശത്തുണ്ടായി. അതു് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകഠംപോലുള്ള നാവുകഠം തങ്ങളോരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർക്കു് കാണപ്പെട്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷാവരമനുസരിച്ചു് അവർ വിവിധ ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി.

www.malankaralibrary.com



"ആകാശത്തിൻ കീഴുള്ള സകല ജനപദങ്ങളിലും നിന്നു വന്നെത്തിയ ഭക്തരായ യഹൂദർ യെറുശലേമിൽ ഉണ്ടായിരുന്നു. ആരവം ഉണ്ടായപ്പോൾ ജനം ഒരുമിച്ചു കൂടുകയും തങ്ങളോരോരുത്തരുടെയും ഭാഷകളിൽ അപ്പസ്തോലന്മാർ സംസാരിക്കുന്നതു കേട്ട് അത്ഭുതപ്പെടുകയും ചെയ്തു" (*അപ്പ. പ്ര. 2 : 1-6*).

യഹൂദന്മാരുടെ ആ വർഷത്തെ പെന്തിക്കൊസ്തി ദിവസമാണ് പരിശുദ്ധാത്മാവു ശ്ലീഹന്മാരുടെ മേൽ ഇറങ്ങി ആവസിച്ചതു്. യേശുക്രിസ്തു ഉത്ഥാനം ചെയ്തതിന്റെ അൻപതാം ദിവസവുമായിരുന്നു. ഇസ്രായേൽക്കാർ ഈജിപ്റ്റിൽ നിന്നും പുറപ്പെട്ടതിന്റെ അൻപതാം ദിവസമാണ് സീനായ് മലയിൽവച്ച് ദൈവം മോശയ്ക്കു് പത്തു കല്പനകൾ നൽകിയതു്. അതിന്റെ ഓർമ്മയ്ക്കായിട്ടുകൂടിയാണ് യഹൂദന്മാർ പെന്തിക്കൊസ്തി ആഘോഷിച്ചിരുന്നതു്.

## പത്രോസിന്റെ പ്രസംഗം

"പത്രോസ് മററു പതിനൊന്നു് പേരോടുമൊപ്പം എഴുന്നേററുനിന്നു് ഉച്ചസ്വരത്തിൽ അവരോടു പറഞ്ഞു: "ഇസ്രായേൽ ജനങ്ങളേ, ഈ വാക്കുകൾ കേൾക്കുവിൻ. നിങ്ങൾക്കറിയാവുന്നതുപോലെ, ദൈവം നസ്രായനായ യേശുവിനെ, താൻ അവൻ വഴി നിങ്ങളുടെ ഇടയിൽ പ്രവർത്തിച്ച മഹത്തായ കാര്യങ്ങൾകൊണ്ടും തന്റെ അത്ഭുതകൃത്യങ്ങളും അടയാളങ്ങളും കൊണ്ടും നിങ്ങൾക്കു സാക്ഷ്യപ്പെടുത്തുന്നു. അവൻ ദൈവത്തിന്റെ നിശ്ചിത പദ്ധതിയും പൂർവ്വജ്ഞാനവുമനുസരിച്ച് നിങ്ങളുടെ കൈകളിൽ ഏല്പ്പിക്കപ്പെട്ടു. അധർമ്മികളുടെ കൈകളാൽ അവനെ നിങ്ങൾ കുരിശിൽ തറച്ചുകൊന്നു. എന്നാൽ, ദൈവം അവനെ മരണത്തിന്റെ യാതനകളിൽ നിന്നു് വിമുക്തനാക്കി ഉയിർപ്പിച്ചു....ആ യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്. ദൈവത്തിന്റെ വലത്തു ഭാഗത്തേക്കു് ഉയർത്തപ്പെടുകയും പിതാവിൽനിന്നു് പരിശുദ്ധാത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവൻ ഈ ആത്മാവിനെ വർഷിച്ചിരിക്കുന്നു. അതാണ് നിങ്ങളിപ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു്........അതിനാൽ നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി എന്നു് ഇസ്രായേൽ ജനം മുഴുവനും വ്യക്തമായി അറിയട്ടെ" (*അപ്പ. പ്ര. 2:14-36*).

www.malankaralibrary.com



## ആദ്യ ക്രൈസ്തവ സമൂഹം

''ഇതു കേട്ടപ്പോൾ അവർ അനുതപിച്ച് പത്രോസിനോടും മററ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടതു്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിൻെറ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിൻെറ ദാനം നിങ്ങൾക്കു ലഭിക്കും........അവൻെറ വചനം ശ്രവിച്ചവർ ജ്ഞാനസ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു'' (*അപ്പ. പ്ര. 2:37–42*).

## പത്രോസ് മുടന്തനെ സുഖപ്പെടുത്തുന്നു

ഒരു ദിവസം പത്രോസും യോഹന്നാനും ദേവാലയത്തിലേക്കു പോവുകയായിരുന്നു. ജന്മനാ മുടന്തനായ ഒരാളെ എടുത്തുകൊണ്ടു ചിലർ അവിടെയെത്തി. ദേവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷയാചിക്കുവാനായി ദേവാലയ വാതില്ക്കൽ അയാളെ കിടത്തുക പതിവായിരുന്നു. പത്രോസും യോഹന്നാനും ദേവാലയത്തിങ്കലേക്കു പ്രവേശിക്കുന്നതുകണ്ടു അയാൾ അവരോടു ഭിക്ഷയാചിച്ചു. പത്രോസ് പറഞ്ഞു: എൻെറ കൈയിൽ വെള്ളിയോ സ്വർണ്ണമോ ഇല്ല. എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിൻെറ നാമത്തിൽ എഴുന്നേററു നടക്കുക. അവൻ വലത്തു കൈയ്ക്കു പിടിച്ച് അയാളെ എഴുന്നേല്പിച്ചു. ഉടൻ തന്നെ അയാളുടെ പാദങ്ങളും കണങ്കാലും ബലംപ്രാപിച്ചു. അയാൾ ചാടി എഴുന്നേററു നടന്നു. അയാൾ നടക്കുന്നതും ദൈവത്തെ സ്തുതിക്കുന്നതും ജനങ്ങളെല്ലാവരും കണ്ടു. എല്ലാവരും അവരുടെ അടുത്തേക്കു് ഓടിക്കൂടി.

പത്രോസ് അവരോടു പറഞ്ഞു: ''ജീവൻെറ നാഥനെ നിങ്ങൾ വധിച്ചു. എന്നാൽ, ദൈവം അവനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ് അവൻെറ നാമത്തിലുള്ള വിശ്വാസമാണ്, അവൻെറ നാമമാണ്, നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനുഷ്യനെ സുഖപ്പെടുത്തിയതു്'' (*അപ്പ. പ്ര. 3:1–16*).

''കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നു'' (*അപ്പ. പ്ര. 5:14*). അപ്പ. പ്ര. 10:39–42 കൂടി കാണുക.

www.malankaralibrary.com



## വിശ്വാസികൾക്കെതിരെ പീഡനം

പത്രോസ് ശ്ലീഹായുടെയും മററു ശ്ലീഹന്മാരുടെയും പ്രസംഗങ്ങൾകേട്ട് അനേകം യഹൂദർ ക്രിസ്തുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനമേററു. ഇത് യഹൂദ പ്രമാണികൾക്കും പുരോഹിതന്മാർക്കും തീരെ രസിച്ചില്ല. അവർ പുത്തനായി രൂപം കൊണ്ട സഭയ്ക്കെതിരായി പീഡനം ആരംഭിച്ചു. ശെമ്മാശ്ശന്മാരിൽ ഒരുവനായിരുന്ന സ്തേപ്പാനോസിനെ കല്ലെറിഞ്ഞു കൊന്നു. കല്ലെറിഞ്ഞവരുടെ വസ്ത്രങ്ങൾ ശൗൽ എന്നു പേരുള്ള ഒരു യുവാവിനെയാണ് സൂക്ഷിക്കാൻ ഏല്പിച്ചിരുന്നത് (*cfr. അപ്പ. പ്ര. 7:54-60*).

## ശൗലിൻെറ മാനസാന്തരം

ശൗൽ സഭയെ നശിപ്പിച്ചുകൊണ്ടിരുന്നു. അവൻ വീടുതോറും കയറിയിറങ്ങി സ്ത്രീ പുരുഷന്മാരെ വലിച്ചിഴച്ചുകൊണ്ടുവന്ന് തടവിലാക്കി'' (*അപ്പ. പ്ര. 8:3*).

അവൻ പ്രധാനാചാര്യനെ സമീപിച്ച്, കർത്താവിൻെറ മാർഗ്ഗത്തിൽ പെട്ട സ്ത്രീ പുരുഷന്മാരിൽ ആരെയെങ്കിലും കണ്ടെത്തിയാൽ അവരെ ബന്ധനസ്ഥരാക്കി യെറുശലേമിലേയ്ക്ക് കൊണ്ടുവരുവാൻ ഡമാസ്കസിലെ സിനഗോഗുകളിലേയ്ക്കുള്ള അധികാര പത്രങ്ങൾ ആവശ്യപ്പെട്ടു. അവൻ യാത്രചെയ്ത് ഡമാസ്കസിനെ സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തിൽ നിന്ന് ഒരു പ്രകാശം അവനു ചുററും പ്രസരിച്ചു. അവൻ നിലം പതിച്ചു; ഒരു സ്വരം തന്നോട് ഇങ്ങനെ ചോദിക്കുന്നതും കേട്ടു: ശൗൽ, ശൗൽ, നീ എന്തിന് എന്നെ പീഢിപ്പിക്കുന്നു? അവൻ ചോദിച്ചു: കർത്താവേ, നീ ആരാണ്? അപ്പോൾ ഇങ്ങനെ മറുപടി ഉണ്ടായി: നീ പീഢിപ്പിക്കുന്ന യേശുവാണ് ഞാൻ. എഴുന്നേററു നഗരത്തിലേയ്ക്കു പോവുക. നീ എന്താണ് ചെയ്യേണ്ടതെന്ന് അവിടെ വച്ച് നിന്നോടു പറയപ്പെടും. അവനോടൊപ്പം യാത്ര ചെയ്തിരുന്നവർ സ്വരം കേട്ടെങ്കിലും ആരെയും കാണായ്കയാൽ സ്തബ്ധരായി നിന്നുപോയി. ശൗൽ നിലത്തുനിന്ന് എഴുന്നേററു; കണ്ണുകൾ തുറന്നിരുന്നിട്ടും ഒന്നും കാണാൻ അവനു കഴിഞ്ഞില്ല. തന്മൂലം അവർ അവനെ കൈയ്ക്കു പിടിച്ച് ഡമാസ്കസിലേയ്ക്കു കൊണ്ടുവന്നു. മൂന്നു ദിവസത്തേയ്ക്ക് അവനു കാഴ്ചയില്ലായിരുന്നു. അവൻ ഒന്നും ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ ചെയ്തില്ല.

www.malankaralibrary.com



## ശൗലിൻെറ ജ്ഞാനസ്നാനം

''അനനിയാസ് എന്ന പേരായ ഒരു ശിഷ്യൻ ഡമാസ്കസി ലുണ്ടായിരുന്നു. ദർശനത്തിൽ കർത്താവ് അവനെ വിളിച്ചു: അനനിയാസ്, അവൻ വിളികേട്ടു: കർത്താവേ ഇതാ ഞാൻ! കർത്താവ് അവനോടു പറഞ്ഞു: നീ എഴുന്നേററ് 'ഋജുവീഥി' എന്നു വിളിക്കപ്പെടുന്ന തെരുവിൽച്ചെന്ന് യൂദാസിൻെറ ഭവനത്തിൽ താർസോസുകാരനായ ശൗലിനെ അന്വേഷിക്കുക. അവൻ ഇതാ, പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അനനിയാസ് എന്നു പേരുള്ള ഒരു മനുഷ്യൻ വന്ന് തനിക്കു വീണ്ടും കാഴ്ച ലഭിക്കുവാൻ തൻെറ മേൽ കൈകൾ വയ്ക്കുന്നതായി അവനു ഒരു ദർശനം ഉണ്ടായിരിക്കുന്നു. അനനിയാസ് പറഞ്ഞു: കർത്താവേ, അവിടുത്തെ വിശുദ്ധർക്കെതിരായി അവൻ യെറുശലേമിൽ എത്രമാത്രം തിന്മകൾ പ്രവർത്തിച്ചിട്ടുണ്ടെന്നു വളരെപ്പേരിൽനിന്നു ഞാൻ കേട്ടിട്ടുണ്ട്. ഇവിടെയും അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുന്ന സകലരെയും ബന്ധനസ്ഥരാക്കുന്നതിനുള്ള അധികാരം പ്രധാന പുരോഹിതന്മാരിൽ നിന്ന് അവൻ സമ്പാദിച്ചിരിക്കുന്നു. കർത്താവ് അവനോടു പറഞ്ഞു: നീ പോവുക. അവൻ വിജാതിയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുൻപിൽ എൻെറ നാമം വഹിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു. എൻെറ നാമത്തെ പ്രതി അവൻ എന്തുമാത്രം സഹിക്കേണ്ടിവരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും. അതിനാൽ അനനിയാസ് ചെന്ന് ആ ഭവനത്തിൽ പ്രവേശിച്ച് അവൻെറ മേൽ കൈകൾ വച്ചുകൊണ്ട് പറഞ്ഞു: സഹോദരനായ ശൗൽ, മാർഗ്ഗമദ്ധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ യേശു, നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനും വേണ്ടി എന്നെ അയച്ചിരിക്കുന്നു. ഉടൻതന്നെ ചെതുമ്പലുകൾപോലെ എന്തോ ഒന്ന് അവൻെറ കണ്ണുകളിൽ നിന്ന് അടർന്നു വീഴുകയും അവനു കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എഴുന്നേററു ജ്ഞാനസ്നാനം സ്വീകരിച്ചു.......അധികം താമസിയാതെ, യേശു ദൈവപുത്രനാണെന്ന് അവൻ സിനഗോഗുകളിൽ പ്രഘോഷിക്കുവാൻ തുടങ്ങി'' (*അപ്പ. പ. 9:1-20*) ഗലാ. 1:11-16, കൂടി കാണുക.

ഗെത്സമേനിൽ വച്ച് യഹൂദ പ്രമാണികൾ യേശുവിനെ പിടിച്ച് ബന്ധിച്ചപ്പോൾ ശ്ലീഹന്മാരെല്ലാവരും തന്നെ വിട്ട് ഓടിപ്പോയി. പത്രോസ് യേശുവിനെ അറിയുകയില്ല എന്ന്

www.malankaralibrary.com



തള്ളിപ്പറയുകപോലും ചെയ്തു. ആദ്യം കല്ലറ സന്ദർശിച്ച സ്ത്രീകൾ, ശ്ലീഹന്മാരോടു കർത്താവ് ഉത്ഥാനം ചെയ്ത വിവരം അറിയിച്ചപ്പോൾ ശ്ലീഹന്മാർ ആദ്യം അതു് വിശ്വസിച്ചില്ല. അന്നു വൈകിട്ടു് കർത്താവ് അവർക്കു് പ്രത്യക്ഷപ്പെട്ടപ്പോൾ മാത്രമാണു് കർത്താവ് ഉത്ഥാനം ചെയ്തതായി അവർ വിശ്വസിച്ചതു്. ആ അവസരത്തിൽ അവരുടെ കൂടെ ഇല്ലാതിരുന്ന തോമ്മാ ശ്ലീഹാ, കർത്താവിനെ കണ്ടശേഷമാണു് വിശ്വസിച്ചതു്. കർത്താവ് പലപ്പോഴായി മററു പലർക്കും പ്രത്യക്ഷപ്പെടുകയുണ്ടായി. "ഒരുമിച്ചു് അഞ്ഞൂറിലധികം സഹോദരക്ക്' പ്രത്യക്ഷനായി" (*1 കോറി. 15:6*).

യേശു ക്രൂശിക്കപ്പെട്ടതിൻെറ അൻപത്തിമൂന്നാം ദിവസമാണു് (*ഉത്ഥാനശേഷം അൻപതാം ദിവസം*) പത്രോസിൻെറ പ്രസംഗം കേട്ടു് മൂവായിരം പേർ യേശുക്രിസ്തുവിൽ വിശ്വസിച്ചു് സ്നാനമേററതു് എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

ക്രിസ്തുവിൻെറ അനുയായികളെ പീഢിപ്പിച്ചുകൊണ്ടിരുന്ന ശൗലിനു്, ഉത്ഥാനം ചെയ്ത ക്രിസ്തു പ്രത്യക്ഷപ്പെട്ടതുകൊണ്ടാണു്, അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു് അപ്പസ്തോലന്മാരോടു കൂടി ചേർന്നതു്. ശൗലിൻെറ റോമൻ നാമമാണു് പൗലോസു്. അദ്ദേഹം ജന്മനാ ഒരു റോമൻ പൗരനായിരുന്നു.

വി. പൗലോസ് അന്ത്യോക്യായിൻ ഒരു സിനഗോഗിൽ വച്ചു് യഹൂദന്മാരോട് ഇപ്രകാരം പ്രസംഗിച്ചു. "......അവനേക്കുറിച്ചു് എഴുതപ്പെട്ടിരുന്നതെല്ലാം പൂർത്തിയായപ്പോൾ അവർ അവനെ കുരിശിൽനിന്നു് താഴെയിറക്കി കല്ലറയിൽ സംസ്കരിച്ചു. എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്നു് ഉയിപ്പിച്ചു. അവനോടൊപ്പം ഗലീലിയിൽനിന്നു് യെറുശലേമിലേക്കു് വന്നവർക്കു് അവൻ പല ദിവസങ്ങളിലും പ്രത്യക്ഷനായി. അവർ ഇപ്പോൾ ജനങ്ങളുടെ മുമ്പിൽ അവൻെറ സാക്ഷികളാണു്. ഞങ്ങൾ നിങ്ങളോട് പ്രസംഗിക്കുന്ന സുവിശേഷം ഇതാണു്. പിതാക്കന്മാർക്കു നല്കിയിരുന്ന വാഗ്ദാനം യേശുവിനെ ഉയിർപ്പിച്ചുകൊണ്ടു് ദൈവം മക്കളായ നമുക്കു് നിറവേററിത്തന്നിരിക്കുന്നു. (*അപ്പ. പ്ര. 13:27:33*).

യെറുശലേമിലെ യഹൂദന്മാരോടും അഗ്രിപ്പാ രാജാവിൻെറ മുമ്പിലും വി. പൗലോസു് തൻെറ മാനസാന്തരകഥ വിവരിക്കുന്നുണ്ടു് (*1 കൊറി. 9 ; 1 ; 15:8*).

www.malankaralibrary.com



നിയമജ്ഞരും പരീശന്മാരും യേശുവിൽനിന്ന് അടയാളം ചോദിച്ചപ്പോഠം യേശു ഇപ്രകാരം പറഞ്ഞു: "യോനാ പ്രവാചകൻെറ അടയാളമല്ലാതെ മററൊരടയാളവും നല്കപ്പെടുകയില്ല. യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിൻെറ ഉദരത്തിൽ കിടന്നതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിലായിരിക്കും" (*മത്താ. 12:38_40*).

ക്രൂശിക്കപ്പെട്ട് സംസ്കരിക്കപ്പെട്ടശേഷം, മൂന്നാംദിവസമുള്ള യേശുവിൻെറ ഉയിർത്തെഴുന്നേല്പിനെയാണ് ഇതു് സൂചിപ്പിക്കുന്നതു്.

www.malankaralibrary.com



# അധ്യായം XII

## കുരിശിലെ യാഗത്തിലൂടെയുള്ള രക്ഷ

അഞ്ചാം അദ്ധ്യായത്തിൽ, മനുഷ്യാവതാരത്തെപ്പററി പറഞ്ഞിരിക്കുന്നതു്, ഇവിടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് നന്നായിരിക്കും.

ആദിപിതാവായ ആദാം ദൈവ കല്പന ലംഘിച്ചതിൻെറ ഫലമായി, ദൈവം അവനു സൗജന്യമായി നല്കിയിരുന്ന എല്ലാ നൽ വരങ്ങളും, സ്വർഗ്ഗത്തിനുള്ള അവകാശവും നഷ്ടപ്പെടുത്തി, സാത്താൻെറ അടിമയായിത്തീർന്നു. അങ്ങനെ ദൈവപ്രസാദം ഇല്ലാത്ത അവസ്ഥയിലാണു് ആദാമിൻെറ മക്കളെല്ലാം ജനിക്കുന്നതു്. തൻനിമിത്തം എല്ലാവരും പാപികളായി. ആർക്കെതിരായി തെററു ചെയ്യുന്നുവോ, ആ ആളിൻെറ മഹനീയ സ്ഥാനവും ഉന്നതാധികാരവും അനുസരിച്ചു്, തെററിൻെറ ഗൗരവവും കാഠിന്യവും കൂടുന്നു. തെററിനു് ശിക്ഷയുണ്ടു്. നീതി അതു് ആവശ്യപ്പെടുന്നു. "പാപത്തിൻെറ വേതനം മരണമാണു്" (*റോമാ. 6:23*). (*ശാരീരികവും ആത്മീകവുമായ മരണം*) "എല്ലാവരും പാപം ചെയ്തു് ദൈവ മഹത്വത്തിനു് അയോഗ്യരായി" (*റോമാ. 3;23*).

കടം കയറി പാപ്പരായിത്തീന്ന ഒരാറക്കു് അന്യസഹായം കൂടാതെ സ്വയം കടമെല്ലാം കൊടുത്തുതീർക്കുവാൻ കഴിയാത്തതു പോലെ, പാപം നിമിത്തം നഷ്ടപ്പെടുത്തിയ പ്രസാദവരം എന്ന ദൈവീകജീവൻ, സ്വയം വീണ്ടെടുക്കുവാൻ, ആത്മീയമായി അധഃപതിച്ചുപോയ മനുഷ്യനു കഴിയാതെവന്നു. പാപം നിമിത്തം സാത്താൻെറ അടിമയായിത്തീർന്ന മനുഷ്യനു്, ആ അവസ്ഥയിൽ നിന്നും സ്വയം വിമോചിതനായി സ്വാതന്ത്ര്യം പ്രാപിക്കുവാൻ സാധിക്കാതെ വന്നു.

അധഃപതിച്ച ആ അവസ്ഥയിൽ നിന്നും മനുഷ്യനെ വീണ്ടെടുത്തു്, സ്വർഗ്ഗത്തിനുള്ള അവകാശം വീണ്ടും നേടിക്കൊടുക്കുവാൻ, ദൈവം സംവിധാനം ചെയ്ത പദ്ധതിയാണു് ദൈവത്തിൻെറ മനുഷ്യാവതാരം. മനുഷ്യൻ ചെയ്ത പാപത്തിനു് മനുഷ്യൻ തന്നെ പരിഹാരം ചെയ്യണം. (*ഹെബ്രാ. 2 : 17*).

www.malankaralibrary.com



യേശുമിശിഹാ, മനുഷ്യനെന്ന നിലയിൽ ആദാമ്യ സന്തതിയാണ്, മനുഷ്യവംശത്തിലെ ഒരു അംഗമാണ്. അക്കാരണത്താൽ, യേശുവിൻെറ പ്രവൃത്തികൾ മാനുഷികങ്ങളായിരുന്നു. അതേസമയം ദൈവത്വത്തിൽ അവിടുന്ന് സ്വർഗ്ഗീയ പിതാവിനോട് സമനായിരുന്നതുകൊണ്ട്, അവിടുത്തെ പ്രവൃത്തികൾ ദൈവീകങ്ങളും അനന്തമായ യോഗ്യതയുള്ളവയും ആയിരുന്നു. തൻനിമിത്തം മനുഷ്യൻ ദൈവത്തിനെതിരായി ചെയ്ത പാപത്തിന് പൂർണ്ണമായി പരിഹാരം ചെയ്തു മനുഷ്യരക്ഷ നേടാനും യേശുവിനു സാധിച്ചു. യേശു ഒരേ സമയം ബലിയർപ്പകനും ബലിവസ്തുവുമായി തീർന്നു.

ദൈവപുത്രൻ തന്നെ മനുഷ്യനായിത്തീർന്ന്, അങ്ങനെ മനുഷ്യവംശത്തിൻെറ ഒരംശമായിത്തീർന്ന്, തൻെറ പീഡാനുഭവം, ക്രൂശുമരണം, ഉത്ഥാനം ഇവ വഴിയായി സകലമനുഷ്യരുടെയും പാപങ്ങൾക്ക് പരിഹാരം ചെയ്ത് മനുഷ്യവംശം മുഴുവനെയും സാത്താൻെറ അടിമത്തത്തിൽ നിന്ന് വീണ്ടെടുക്കുകയും കൃപാവരത്തിൻെറ ഭണ്ഡാഗാരം എല്ലാവർക്കും വേണ്ടി സമ്പാദിക്കുകയും ചെയ്തു.

ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടിൻെറ രക്തം സംഹാരദൂതനിൽ നിന്ന് ഇസ്രായേൽക്കാരെ, ഈജിപ്തിലെ, അടിമത്തത്തിൽനിന്ന് രക്ഷിച്ചതുപോലെ, 'ലോകത്തിൻെറ പാപത്തെ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടായ', യേശുക്രിസ്തുവിൻെറ രക്തത്താൽ എല്ലാവരും രക്ഷിക്കപ്പെടുന്നു.

''എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തൻെറ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തൻെറ പുത്രനെ ലോകത്തിലേക്ക് അയച്ചത്. ലോകത്തെ ശിക്ഷയ്ക്കു വിധിക്കാൻ വേണ്ടിയല്ല, പ്രത്യുത അവൻ വഴി ലോകം രക്ഷ പ്രാപിക്കാൻ വേണ്ടിയാണ്''? (*യോഹ. 3:16-17*).

''നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു'' (*റോമ. 5:8*).

www.malankaralibrary.com



"ഒരു മനുഷ്യന്റെ പാപം എല്ലാവർക്കും ശിക്ഷാവിധിക്ക് കാരണമായതുപോലെ, ഒരു മനുഷ്യന്റെ നീതിപൂർവ്വകമായ പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതീകരണത്തിനു കാരണമായി" (*റോമാ. 5:18*).

"അവിടുന്ന് തന്റെ പുത്രനെ പാപ പരിഹാരത്തിനു വേണ്ടി പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചു കൊണ്ട് പാപത്തിന് ശരീരത്തിൽ ശിക്ഷ വിധിച്ചു" (*റോമാ. 8:3*).

"അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്ന് അവിടുന്ന് നമ്മെ വിമോചിപ്പിച്ചു" (*കൊളോ. 1:13*).

"അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചന ദ്രവ്യമായി നല്കി" (*1 തിമോ. 2:6*).

"അതു മരണത്തിന്മേൽ അധികാരമുള്ള പിശാചിനെ തന്റെ മരണത്താൽ നശിപ്പിച്ച് മരണഭയത്തോടെ ജീവിത കാലം മുഴുവൻ അടിമത്തത്തിൽ കഴിയുന്നവരെ രക്ഷിക്കുന്നതിനു വേണ്ടിയാകുന്നു" (*ഹെബ്രാ. 2:15, 2:17*).

"അവൻ നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയാകുന്നു; നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റെയും പാപങ്ങൾക്ക്" (*1 യോഹ. 2:2*).

"പാപങ്ങൾ ഏറ്റെടുക്കുവാൻ വേണ്ടിയാണ് അവൻ പ്രത്യക്ഷനായതു് എന്നു നിങ്ങൾ അറിയുന്നു. അവനിൽ പാപമില്ല" (*1 യോഹ. 3:4*).

"നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, പ്രത്യുത അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (*1 യോഹ. 4:10*).

യേശുവിന്റെ കുരിശിലെ യാഗത്തിൽ പാപത്തിന്റെ ഭീകരതയും, ദൈവസ്നേഹത്തിന്റെ പാരമ്യവും കാണുവാൻ സാധിക്കും. ദൈവം പാപത്തെ ഏററവും അധികം വെറുക്കുന്നു എങ്കിലും പാപിയെ സ്നേഹിക്കുന്നു.

## യേശു പീഢ സഹിച്ചതും, കുരിശിൽ മരിച്ചതും സ്വമനസാലെയാണ്.

യേശുവിന് താൻ പിതാവിനാൽ ഒരു പ്രത്യേക ദൗത്യത്തോടുകൂടി—മനുഷ്യരക്ഷയ്ക്കുവേണ്ടി പിതാവ് സംവിധാനം ചെയ്ത പദ്ധതി അന്യൂനം നിർവ്വഹിക്കണം എന്നുള്ള ദൗത്യത്തോടു

www.malankaralibrary.com



കൂടി—അയയ്ക്കപ്പെട്ടവനാണ് എന്നുള്ള ബോധ്യം എപ്പോഴും ഉണ്ടായിരുന്നു. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (*യോഹ. 3:16*).

"യേശു പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (*യോഹ. 4:34*).

താൻ പീഡിപ്പിക്കപ്പെടുമെന്നും വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുമെന്നും യേശു പറഞ്ഞപ്പോൾ, പത്രോസ് തടസ്സം പറയാൻ തുടങ്ങി: "കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ". "യേശു തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു: സാത്താനേ, എന്റെ മുമ്പിൽനിന്നു പോകൂ, നീ എനിക്കു പ്രതിബന്ധമാകുന്നു. നീ ചിന്തിക്കുന്നതു് ദൈവത്തിന്റെ കാര്യങ്ങളല്ല, മനുഷ്യന്റെ കാര്യങ്ങളാണ്'" (*മത്താ. 16:21–23*).

മനുഷ്യരക്ഷ സാധിതപ്രായമാകരുത് എന്നാണ് സാത്താന്റെ ആഗ്രഹം. യേശു പീഡാനുഭവത്തിൽനിന്ന് പിന്മാറിയാൽ മനുഷ്യരക്ഷ സാധിതപ്രായമാകയില്ല. അതു കൊണ്ടാണ് പത്രോസിനെ സാത്താൻ എന്നു വിളിച്ചതു്.

യേശു പറഞ്ഞു: "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ...." (*മത്താ. 20:28*).

"എനിക്കു സ്വീകരിക്കാനുള്ള ഒരു ജ്ഞാനസ്നാനമുണ്ട്; അതു നിവൃത്തിയാകുവോളം ഞാൻ എന്തുമാത്രം ഞെരുങ്ങുന്നുവെന്നോ! (*ലൂക്കാ. 12:50*).

"നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാനാകുന്നു അവനെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും" (*യോഹ. 8:28*).

"ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കു വേണ്ടി സ്വജീവൻ സമർപ്പിക്കുന്നു" (*യോഹ. 10:11*).

www.malankaralibrary.com



"തിരിച്ചെടുക്കുന്നതിനു വേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽ നിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു് സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്'" (*യോഹ. 10:17–18*).

"യേശുവിന്റെ കൂടെയുണ്ടായിരുന്നവരിൽ ഒരുവൻ കൈ നീട്ടി, തന്റെ വാറാം വലിച്ചൂരി പ്രധാനാചാര്യന്റെ സേവകനെ വെട്ടി, അവന്റെ ചെവി ഛേദിച്ചു കളഞ്ഞു. യേശു അയാളോടു പറഞ്ഞു........വാളെടുക്കുന്നവരെല്ലാം വാളാൽ മരിക്കും. എനിക്ക് എന്റെ പിതാവിനോട് അപേക്ഷിക്കാൻ കഴിയുകയില്ലെന്നും ഉടൻതന്നെ അവൻ എനിക്ക് മാലാഖമാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചുതരികയില്ലെന്നും നീ വിചാരിക്കുന്നുവോ? അങ്ങനെയെങ്കിൽ ഇപ്രകാരം സംഭവിക്കണമെന്ന വിശുദ്ധ ലിഖിതങ്ങളിലെ പ്രവചനങ്ങൾ എങ്ങനെ നിറവേറും" (*മത്താ. 26:51–54; യോഹ. 18:10–11*).

പിതാവു് തന്നെ ഏല്പിച്ച ദൗത്യം യേശു പൂർണ്ണമായി നിറവേററുകയും ചെയ്തു. "ഞാൻ ചെയ്യുന്നതിനായി നീ എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ടു് ഭൂമിയിൽ നിന്നെ ഞാൻ മഹത്വപ്പെടുത്തി" (*യോഹ. 17:4*).

യേശു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായിച്ചു് ആത്മാവിനെ സമർപ്പിച്ചു" (*യോഹ. 19:30*).

വി. പൗലോസ് ശ്ലീഹാ പറയുന്നു: "നാം പാപികളായിരിക്കെ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (*റോമ. 5:8*).

"അവിടുന്നു് നമുക്കുവേണ്ടി സുരഭിലമായ ഒരു നേർച്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു" (*എഫേ. 5:2*).

യേശു ക്രൂശിക്കപ്പെട്ടു എങ്കിലും പാപത്തെയും മരണത്തെയും ജയിച്ചു്, മൂന്നാം ദിവസം ഉയിർത്തെഴുന്നേററു. യേശു ഉയിർത്തെഴുന്നേററില്ലായിരുന്നുവെങ്കിൽ യേശുവിന്റെ ഇഹലോക ജീവിതം തികച്ചും ഒരു പരാജയമാകുമായിരുന്നു. രക്ഷാകര കർമ്മത്തിന്റെ പരമമായ പൂർത്തീകരണമായിരുന്നു യേശുവിന്റെ ഉയിർപ്പ്. "പിതാക്കന്മാർക്കു നല്കിയിരുന്ന വാഗ്ദാനം

www.malankaralibrary.com



യേശുവിനെ ഉയിർപ്പിച്ചുകൊണ്ടു് ദൈവമക്കളായ നമുക്കു് നിറവേററിത്തന്നിരിക്കുന്നു'' (*അപ്പ. പ്ര. 13:33*).

''മരണംവരെ അതേ—കുരിശു മരണംവരെ—അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. ഇതു് യേശുവിൻെറ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്നു്, പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി എല്ലാ നാവുകളും ഏററുപറയുന്നതിനും വേണ്ടിയാണു്'' (*ഫിലി. 2:8–11*).

''അവൻ തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ചു്, അപമാനം വകവയ്ക്കാതെ കുരിശു് ക്ഷമയോടെ സ്വീകരിച്ചു. ദൈവസിംഹാസനത്തിൻെറ വലത്തുഭാഗത്തു് അവൻ അവരോധിക്കപ്പെടുകയും ചെയ്തു'' (*ഹെബ്രാ. 12:2*).

''വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിപ്പിക്കപ്പെടുകയും ചെയ്തു'' (*1 കോറി. 15:3–4*).

www.malankaralibrary.com



# അധ്യായം XIII

## ക്രിസ്തീയ ജീവിതം

യേശുക്രിസ്തുവെന്ന ദൈവിക വ്യക്തിയിലും അവിടുത്തെ മനുഷ്യജീവിതത്തിലും സന്ദേശത്തിലും രൂപംപ്രാപിച്ചതാണ് ക്രിസ്തീയതയും ക്രിസ്തീയ ജീവിതവും. അതായത് പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ യേശു ക്രിസ്തുവിന്റെ ഈ ലോക ജീവിത ശൈലിയും അവിടുത്തെ പ്രബോധനങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ളതാണ് യഥാർത്ഥമായ ക്രിസ്തീയ ജീവിതം.

യേശുവിന്റെ ഉത്ഥാനം ക്രിസ്തീയ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനമാണ്. യേശുക്രിസ്തു ഉയർത്തതുപോലെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ എല്ലാവരും ഉയിർത്തെഴുന്നേല്ക്കും എന്നാണ് ക്രിസ്തീയ വിശ്വാസം. മരണാനന്തര ജീവിതം എപ്രകാരം ആയിരിക്കുമെന്നുള്ളത് ഈ ലോക ജീവിതത്തെ ആശ്രയിച്ചിരിക്കുന്നു.

മനുഷ്യരക്ഷ, ദൈവം സംവിധാനം ചെയ്ത പദ്ധതിയിലൂടെ സാധിതപ്രായമാകണമെന്ന് യേശു പ്രഖ്യാപിച്ചു. ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് വീണ്ടും ജനനമാകുന്ന ജ്ഞാനസ്നാന സ്വീകരണത്തോടു കൂടിയാണ്.

രാത്രിയിൽ യേശുവിനെ കാണുവാൻ ചെന്ന യഹൂദ പ്രമാണിയായ നിക്കോദീമൂസിനോട് യേശു പറഞ്ഞു: വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണുവാൻ സാധിക്കുകയില്ല. ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല. മാംസത്തിൽ നിന്നു ജനിക്കുന്നത് മാംസമാകുന്നു; ആത്മാവിൽ നിന്നു ജനിക്കുന്നത് ആത്മാവു'' (*യോഹ. 3:3–6*).

ഒരു ക്രിസ്ത്യാനിക്കു രണ്ടു തരത്തിലുള്ള ജനനം ഉണ്ടെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം—സ്വാഭാവിക ജനനവും അതിസ്വാഭാവിക ജനനവും. വെള്ളത്താലും ആത്മാവിനാലും ഒരുവൻ അതിസ്വാഭാവികമായി ജനിക്കുന്നു. ജ്ഞാനസ്നാനത്തിലാണ് ഒരുവൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നത്. ജ്ഞാനസ്നാനത്തിൽ കൃപാവരമെന്ന ദൈവീക ജീവൻ പ്രാപിച്ചുകൊണ്ട് ഒരുവൻ അതിസ്വാഭാവികമായി ജനിക്കുന്നു.

www.malankaralibrary.com



യേശു അപ്പസ്തോലന്മാരോട കല്പിച്ചു: "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിക്കുകയും ജ്ഞാനസ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (*മർക്കോ. 16:15-16; മത്താ. 28;18-20*).

മാമോദീസായിൽ (*ജ്ഞാനസ്നാനത്തിൽ*) പാപങ്ങൾ മോചിക്കപ്പെട്ട് ദൈവത്തിന്റെ മക്കളായിട്ടാണ് പുതുതായി ജനിക്കുന്നത്.

വി. യോഹന്നാൻ ശ്ലീഹാ പറയുന്നു: "അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവത്തിന്റെ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (*യോഹ. 1:12*).

മാമോദീസായിൽ ഒരു പുതിയ സൃഷ്ടികർമ്മം നടക്കുന്നു. വി. പൗലോസ് ശ്ലീഹ പറയുന്നു: "മിശിഹായിലുള്ള ഏവനും പുതിയ സൃഷ്ടിയാകുന്നു" (*2 കൊറി. 5:17*). "പഴയ മനുഷ്യനെ ദൂരെയെറിയുവിൻ........പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (*എഫേ. 4:22;24*). "ക്രിസ്തുവിനോട ഐക്യപ്പെടുവാൻ വേണ്ടി ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (*ഗലാ. 3;27*). ഒരു പുതിയ സൃഷ്ടിയാകുക എന്നതാണ് പരമ പ്രധാനം (*ഗലാ. 6:15*).

മാമോദീസാ കർമ്മത്തിന്റെ (*ജ്ഞാനസ്നാനത്തിന്റെ*) പ്രതീകാത്മകമായ അർത്ഥം എന്താണ്? "ജ്ഞാനസ്നാനം വഴി നിങ്ങൾ അവനോടൊപ്പം സംസ്കരിക്കപ്പെട്ടു" (*കൊളോ. 2:12*).

വെള്ളത്തിൽ മുക്കിയാണ് ജ്ഞാനസ്നാനം നടത്തിയിരുന്നത്. പാപത്തോടുകൂടിയ പഴയ മനുഷ്യൻ ഈ ലോകത്തോട് മരിച്ച് കബറടക്കപ്പെട്ടിരിക്കുന്നതിനെയാണ്, വെള്ളത്തിൽ മുക്കുന്നതു് സൂചിപ്പിക്കുന്നതു്. വെള്ളത്തിൽ നിന്നും പുറത്തു് വരുന്നതു് പുതിയ ജനനത്തെ സൂചിപ്പിക്കുന്നു; യേശു കബറടക്കപ്പെട്ടശേഷം ഉത്ഥാനം ചെയ്തതുപോലെ. വി. പൗലോസ് ശ്ലീഹാ അതിനെ ഇപ്രകാരം വിശദീകരിക്കുന്നു. "യേശുക്രിസ്തുവിൽ ഐക്യപ്പെട്ട് ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തിൽ ഐക്യപ്പെട്ടുകൊണ്ടാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? അങ്ങനെ അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാന

www.malankaralibrary.com



സ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു'' (*റോമാ. 6:3-4*). എന്തിനായിട്ടാണ് നാം ക്രൂശിക്കപ്പെട്ടത്? ''നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപ പൂർണ്ണമായ ശരീരത്തെ നശിപ്പിക്കുവാൻ വേണ്ടി നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ''? (*റോമാ. 6:6*).

മാമോദീസാവഴി പാപങ്ങൾ മോചിക്കപ്പെടുന്നു; കൃപാവരം ലഭിക്കുന്നു; ദൈവത്തിന്റെ ദത്തുപുത്രരാകുന്നു. ''പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും'' (*അപ്പ. പ്ര. 2:38*).

വി. പൗലോസ് പറയുന്നു: ''ഒലിവുമരത്തിന്റെ ശാഖകളിൽ ചിലതു് മുറിച്ചുകളഞ്ഞിട്ട് കാട്ടൊലിവിന്റെ മുളയായ നിന്നെ അവിടെ ഒട്ടിക്കുകയും വേരിൽനിന്നു വരുന്ന സത്തിൽ നിന്ന് നീ പങ്കു പററുകയും ചെയ്യുന്നെങ്കിൽ....' (*റോമ. 11:17*).

''അങ്ങനെ നമ്മൾ ദത്തുപുത്രരാകേണ്ടതിന്, അവൻ നിയമത്തിന് അധീനരായിക്കഴിഞ്ഞവരെ വിമുക്തരാക്കി. നിങ്ങൾ മക്കളായതുകൊണ്ട്, ആബാ, പിതാവേ, എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു. ആകയാൽ നീ ഇനി മേൽ ദാസനല്ല; പിന്നെയോ പുത്രനാണ്. പുത്രനെങ്കിൽ അവകാശിയുമാണ് (*ഗലാ. 4:5-7*).

''നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും സ്നാനപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തു'' (*1 കൊറി. 6:11*).

''നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകുവാൻ ജ്ഞാനസ്നാനമേററു'' (*1 കൊറി. 12:13*).

അതുല്യമായ ഈ ഭാഗ്യത്തിന് ദൈവം നമ്മെ അർഹരാക്കിയെങ്കിൽ, അതിനുയോഗ്യമായ പ്രത്യുത്തരം നല്കി തദനുസൃതമായ ഒരു ജീവിതം നയിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

ഗിരിപ്രഭാഷണം (*മത്താ. 5:3f; ലൂക്കോ. 6:20f*) യേശുവിന്റെ ഉപദേശങ്ങളുടെ ഒരു സംക്ഷിപ്തരൂപമാണ്.

www.malankaralibrary.com



"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെ കാണും" (*മത്താ. 5:8*).

യേശു ചരിച്ച മാർഗ്ഗത്തിലൂടെ തന്റെ ശിഷ്യന്മാരും ചരിക്കേണ്ടിയിരിക്കുന്നു. യേശു പറഞ്ഞു: "ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (*ലൂക്കോ. 9:23; മത്താ. 16:24*).

"നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യംതന്നെ. അതായത് നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സമസ്തനിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു" (*മത്താ. 22:37–40*).

"നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകാത്ത പക്ഷം സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല" (*മത്താ. 18:3*).

"ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്. ഇതു കേട്ടവർ ചോദിച്ചു: അങ്ങനെയെങ്കിൽ രക്ഷപ്രാപിക്കുവാൻ ആർക്കു കഴിയും? അവൻ പറഞ്ഞു: മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിനു സാധ്യമാണ്" (*ലൂക്കോ. 18:25–27*).

ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നാണ് യേശു ആവശ്യപ്പെടുന്നത് (*മത്താ. 5:48*).

നിന്റെ ധർമ്മദാനം രഹസ്യമായിരിക്കേണ്ടതിനു ധർമ്മദാനം ചെയ്യുമ്പോൾ നിന്റെ വലത്തുകൈ എന്തു ചെയ്യുന്നുവെന്ന് ഇടത്തുകൈ അറിയാതിരിക്കട്ടെ (*മത്താ. 6:3–4*).

ത്യാഗത്തിന്റേതായ ഇടുങ്ങിയ വാതിലിൽക്കൂടി മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളു (*മത്താ. 7:13–14*).

ഈ ലോക ജീവിതത്തിൽ ജാഗ്രതയോടുകൂടി, ദൈവതിരുമുമ്പിൽ കണക്കു കൊടുക്കുവാൻ ബാധ്യസ്ഥരാണ് എന്നുള്ള ബോധ്യത്തോടുകൂടി വേണം ജീവിക്കുവാൻ (*ലൂക്കോ. 12:35–48*).

www.malankaralibrary.com



“ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു. ആരു് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലം പുറപ്പെടുവിക്കുന്നു. എന്തെന്നാൽ, എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവൻ ഒരു കമ്പുപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു” (*യോഹ. 15:5-6*)

മനുഷ്യൻെറ ഹൃദയത്തിൽ നിന്നാണു് എല്ലാ തിന്മകളും പുറപ്പെടുന്നതു്. യേശു പറയുന്നു: “ഒരുവൻെറ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണു് അവനെ അശുദ്ധനാക്കുന്നതു്. എന്തെന്നാൽ ഉള്ളിൽ നിന്നാണു്, മനുഷ്യൻെറ ഹൃദയത്തിൽ നിന്നാണു്, ദുശ്ചിന്തകൾ, ജാരവൃത്തി, മോഷണം, കൊലപാതകം, വേശ്യാവൃത്തി, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത, എന്നിവ പുറപ്പെടുന്നതു്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നു വരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു” (*മർക്കോ. 7:20-23*).

വി. പൗലോസു് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: “മുമ്പു് ദൈവത്തെ അറിയാതിരുന്നപ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ ദൈവമല്ലാത്തവരെ സേവിച്ചു. എന്നാൽ ഇപ്പോൾ നിങ്ങൾ ദൈവത്തെ അറിയുന്നു; അതിലുപരി ദൈവം നിങ്ങളെ അറിയുന്നു. ആകയാൽ ബലഹീനങ്ങളും വ്യർത്ഥങ്ങളുമായ ആ പ്രപഞ്ചശക്തികളുടെ അടുക്കലേക്കു വീണ്ടും തിരിച്ചുപോകാൻ നിങ്ങൾക്കു് എങ്ങനെ സാധിക്കും” (*ഗലാ. 4:8-9*).

“സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണു് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതു്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നു മാത്രം. പ്രത്യുത സ്നേഹത്തോടുകൂടി ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ” (*ഗലാ. 5:13*).

“ശരീരത്തിൻെറ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഇവയ്ക്കു സദൃശ്യമായ മററു പ്രവൃത്തികളുമാകുന്നു. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്നു് മുമ്പു് ഞാൻ നിങ്ങൾക്കു നല്കിയ താക്കീതു് ഇപ്പോഴും ആവർത്തിക്കുന്നു” (*ഗലാ. 5:19-21*).

www.malankaralibrary.com



"ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിക്കുന്നെങ്കിൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ മാംസത്തിന്റെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ള യാതൊന്നും പിതാവിന്റേതല്ല, പ്രത്യുത ലോകത്തിന്റേതാകുന്നു. ലോകം കടന്നുപോകുന്നു അതിന്റെ മോഹങ്ങളും. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനില്ക്കുന്നു" (*1 യോഹ. 2:15–17*).

ക്രിസ്തീയ ജീവിതത്തിൽ പുലർത്തേണ്ട ആഭിമുഖ്യങ്ങൾ എന്തൊക്കെയാണെന്നും, ജീവിതശൈലി എങ്ങനെയുള്ളതായിരിക്കണമെന്നും മേലുദ്ധരിച്ച വാക്യങ്ങൾ വളരെ വ്യക്തമായി പറയുന്നുണ്ട്.

മാമോദീസാ വഴിയായി ഒരു പുതിയ സൃഷ്ടിയായിത്തീർന്ന്, ക്രിസ്തീയ ജീവിതം ആരംഭിക്കുന്ന ഒരുവൻ, യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും, അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ, ദിവ്യബലിയിൽ സ്വീകരിച്ചുകൊണ്ട് ശക്തിപ്രാപിച്ച് ആത്മീയമായി വളരേണ്ടിയിരിക്കുന്നു. യോഹ. 6:47–58; മത്താ. 26:26–27; 1 കോറി. 10:16; 11:23–29, എന്നീ വാക്യങ്ങൾ കാണുക.

വി. പത്രോസ് ഉദ്ബോധിപ്പിക്കുന്നു: "നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും, സുകൃതത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ആത്മസംയമനംകൊണ്ടും, ആത്മസംയമനത്തെ ക്ഷമകൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദര സ്നേഹംകൊണ്ടും, സഹോദര സ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കുവാൻ നന്നായി ഉത്സാഹിക്കുവിൻ" (*2 പത്രോസ് 1:5–7*).

www.malankaralibrary.com



# അധ്യായം XIV

## മരണാനന്തര ജീവിതം

### മരിച്ചവർ ഉത്ഥാനം ചെയ്യും

VII-ാം അധ്യായത്തിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനേപ്പററി പറഞ്ഞിരിക്കുന്ന ഭാഗം ഇവിടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് നന്നായിരിക്കും.

ദൈവം ശാസ്ത്രീയ പരീക്ഷണങ്ങൾക്കു് വിധേയനല്ല. അദൃശ്യനും അപരിമേയനുമായ ദൈവം സ്വർഗ്ഗീയ രഹസ്യങ്ങൾ മനുഷ്യനു് വെളിപ്പെടുത്തിക്കൊടുത്തു. യേശുക്രിസ്തു മരിച്ചു് ഉയിർത്തതുപോലെ ലോകാവസാനത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവിൽ സകല മനുഷ്യരും ഉയിർത്തെഴുന്നേൽക്കും എന്നാണു് ക്രിസ്തുമതം പഠിപ്പിക്കുന്നതു്. മരിച്ചു് അഴുകി മണ്ണോടു മണ്ണായിത്തീർന്ന മനുഷ്യശരീരം കർത്താവിന്റെ രണ്ടാമത്തെ വരവിൽ രൂപാന്തരപ്പെടുകയും സ്വന്തം ആത്മാവുമായി ചേർന്നു് ഉത്ഥാനം ചെയ്യുകയും ചെയ്യും.

ക്രിസ്തീയ ജീവിതം വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും, സ്നേഹത്തിന്റെയുമായ ഒരു ജീവിതമാണു്.

''വിശ്വാസം എന്നതു് പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ടു് എന്ന ബോധ്യവുമാണു്'' (*ഹെബ്രാ. 11 : 1*).

''വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. ദൈവസന്നിധിയിൽ ശരണം ഗമിക്കുന്നവർ ദൈവം ഉണ്ടെന്നും, തന്നെ അന്വേഷിക്കുന്നവർക്കു് അവൻ പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം'' (*ഹെബ്രാ. 11 : 6*).

''താൻ കാണുന്നതിനെ എന്തിനു പ്രതീക്ഷിക്കണം? എന്നാൽ കാണാത്തതിനെയാണു് നാം പ്രതീക്ഷിക്കുന്നതെങ്കിൽ അതിനെ നാം സ്ഥിരതയോടെ കാത്തിരിക്കും'' (*റോമാ. 24:25*).

നമുക്കു വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു് ഞാൻ കരുതുന്നു'' (*റോമ. 8 : 18*).

www.malankaralibrary.com



ദൈവത്തെ പ്രാപിച്ചുകഴിഞ്ഞാൽ (സ്വർഗ്ഗത്തിൽ) പിന്നെ വിശ്വാസത്തിനും പ്രത്യാശയ്ക്കും സ്ഥാനമില്ല. സ്നേഹം മാത്രം നിലനിൽക്കും.

യേശുക്രിസ്തുവിൻെറ രണ്ടാമത്തെ വരവിനെയും സർവ്വ സൃഷ്ടികളുടെയും നവീകരണവും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ലോകാന്ത്യോന്മുഖ സമൂഹമാണ് ക്രൈസ്തവസഭ.

യേശു മാർത്തായോടു പറഞ്ഞു: ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' (*യോഹ. 11 : 25*).

''മോശ പോലും മുൾപ്പടർപ്പിങ്കൽ വച്ച് കർത്താവിനെ അബ്രഹാമിൻെറ ദൈവമെന്നും ഇസഹാക്കിൻെറ ദൈവമെന്നും യാക്കോബിൻെറ ദൈവമെന്നും വിളിച്ചുകൊണ്ട് മരിച്ചവർ ഉയിർക്കുമെന്നും കാണിച്ചുതന്നിട്ടുണ്ട്. അവിടുന്ന് മരിച്ചവരുടെ അല്ല, ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ്'' (*ലൂക്കാ. 20:37-38*).

വി. പൗലോസ് ശ്ലീഹാ മരിച്ചവരുടെ ഉത്ഥാനത്തെപ്പററി ഇപ്രകാരം പറയുന്നു: ''മരിച്ചവർക്ക് പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (*1 കൊറി. 15 : 13-14*). ''എന്നാൽ നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻ വഴി മരണം ഉണ്ടായതുപോലെ ഒരു മനുഷ്യൻ വഴി പുനരുത്ഥാനവും ഉണ്ടായി. ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജ്ജീവിക്കും'' (*1 കൊറി. 15.20-22*). ''മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ....ഞങ്ങൾ തന്നെയും എന്തിനു സദാസമയവും അപകടത്തിന് അഭിമുഖീകരിക്കണം? ....മരിച്ചവർക്ക് പുനരുത്ഥാനമില്ലെങ്കിൽ നമുക്ക് തിന്നുകയും കുടിക്കുകയും ചെയ്യാം; എന്തെന്നാൽ, നാളെ നമ്മൾ മരിച്ചുപോകും'' (*1 കൊറി. 15:29-32*).

''ആരെങ്കിലും ചോദിച്ചേക്കാം.: മരിച്ചവർ എങ്ങനെയാണ് ഉയിർപ്പിക്കപ്പെടുക? ഏതു തരം ശരീരത്തോടുകൂടിയായിരിക്കും അവർ പ്രത്യക്ഷപ്പെടുക''? (*1 കൊറി. 15:35*).

''സ്വർഗ്ഗീയ ശരീരങ്ങളുമുണ്ട്; ഭൗമിക ശരീരങ്ങളുമുണ്ട്. സ്വർഗ്ഗീയ ശരീരങ്ങളുടെ തേജസ്സ് ഒന്ന്; ഭൗമിക ശരീരങ്ങളുടെ തേജസ്സ് മറെറാന്ന്....ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ

www.malankaralibrary.com



പുനരുത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു; അനശ്വരതയിൽ ഉയിപ്പിക്കപ്പെടുന്നു....വിതയ്ക്കപ്പെടുന്നത് ഭൗതിക ശരീരം, പുനർജ്ജീവിക്കുന്നത് ആത്മീയ ശരീരം....നമ്മൾ ഭൂമികന്റെ സാദൃശ്യം ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ സാദൃശ്യവും ധരിക്കും'' (*1 കോറി. 15:40‒49*).

''അവസാന കാഹളം മുഴങ്ങുമ്പോൾ കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും. എന്തെന്നാൽ കാഹളം മുഴങ്ങുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും. നശ്വരമായത് അനശ്വരവും മർത്ത്യമായത് അമർത്ത്യവും ആകേണ്ടിയിരിക്കുന്നു'' (*1 കൊറി. 15:52‒53*).

''നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്; അവിടെനിന്ന് ഒരു രക്ഷകനെ കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു. സകലത്തെയും തനിക്ക് കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തി വഴി അവൻ നമ്മുടെ ദുർബ്ബല ശരീരത്തെ തന്റെ മഹത്വമുള്ള ശരീരം പോലെ രൂപാന്തരപ്പെടുത്തും'' (*ഫിലിപ്പി. 3:20‒21*).

''യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നതുപോലെ യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടുകൂടി ഉയിർപ്പിക്കും. .......അധികാരപൂർണ്ണമായ ആജ്ഞാവചനം കേൾക്കുകയും പ്രധാന മാലാഖയുടെ ശബ്ദം ഉയരുകയും ദൈവത്തിന്റെ കാഹളധ്വനി മുഴങ്ങുകയും ചെയ്യുമ്പോൾ കർത്താവു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരുകയും ക്രിസ്തുവിൽ മരണമടഞ്ഞവർ ആദ്യമായി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. അപ്പോൾ ജീവിക്കുന്നവരായി അവശേഷിക്കുന്ന നാം ആകാശത്തിൽ കർത്താവിന്റെ എതിരേല്പിനായി അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടി ആയിരിക്കുകയും ചെയ്യും'' (*1 തെസ. 4:14‒17*).

''ദൈവം മനുഷ്യനെ അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിച്ചു; തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു'' (*ജ്ഞാനം. 2:23*).

ഉത്ഥാനം ചെയ്ത നീതിമാന്മാരുടെ ശരീരങ്ങൾക്ക് അക്ഷയത്വം, ദീപ്തി, ലഘുത്വം, സൂക്ഷ്മം, എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കും. രൂപാന്തരം പ്രാപിച്ച ആ ശരീരം ക്ഷയിക്കുക

www.malankaralibrary.com



യില്ല (*ദ്രവിക്കുകയില്ല*); അതിന്ന് തേജസ്സ് ഉണ്ടായിരിക്കും; ഭാരം ഉണ്ടായിരിക്കുകയില്ല. കതകടച്ച മുറിയിൽ ഉണ്ടായിരുന്ന ശ്ലീഹന്മാർക്ക് ഉത്ഥാനം ചെയ്ത കർത്താവ് പ്രത്യക്ഷപ്പെട്ടതു പോലെ, ഉത്ഥാനം ചെയ്തവർക്ക് എവിടെയും കടന്നു ചെല്ലാൻ സാധിക്കും.

## പ്രപഞ്ചത്തിന്റെ ഉദ്ധാരണം

മനുഷ്യൻ മാത്രമല്ല ഈ പ്രപഞ്ചം മുഴുവൻ പുനരുദ്ധരിക്കപ്പെടും. സൃഷ്ടിയുടെ മകുടമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ (*ഉൽ.* 1:28) പാപം പ്രകൃതിയേയും പ്രതികൂലമായി ബാധിച്ചു. ദൈവം ആദാമിനോടു പറഞ്ഞു: "നീ മൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും". (*ഉൽ. 3:17*).

വി. പത്രോസ് ശ്ലീഹാ പ്രസംഗിച്ചു: "ആദി മുതലുള്ള തന്റെ പരിശുദ്ധ പ്രവാചകന്മാർ വഴി ദൈവം അരുളിച്ചെയ്തതു പോലെ സർവ്വ വസ്തുക്കളുടെയും പുനരുദ്ധാരണകാലം വരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടിയിരിക്കുന്നു" (*അപ്പ. പ്ര.* 3:21).

വി. പൗലോസ് ശ്ലീഹാ പറയുന്നു: "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. എന്തെന്നാൽ സൃഷ്ടിജീർണ്ണതയുടെ അടിമത്തത്തിൽ നിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്യും" (*റോമാ. 8:19–21*).

"ഇതു് കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാററിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനു വേണ്ടിയത്രെ" (*എഫേ. 1:10*).

"സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സംസ്ഥാപിക്കുകയും ചെയ്തു" (*കൊളോ. 1:20*).

വി. പത്രോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "ആകാശം തീയിൽ വെന്തുനശിക്കുകയും മൂലപദാർത്ഥങ്ങൾ വെന്തുരുകുകയും ചെയ്യുന്ന ദൈവത്തിന്റെ ആഗമന ദിവസത്തെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുവിൻ. നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും അവിടുത്തെ വാഗ്ദാന പ്രകാരം നാം കാത്തിരിക്കുന്നു" (2 *പത്രോ. 3:12–13*).

www.malankaralibrary.com



വി. യോഹന്നാൻ ശ്ലീഹാ തനിക്കുണ്ടായ ദർശനത്തെ പ്പററി പറയുന്നു: "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. എന്തെന്നാൽ ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി" (*വെളി. 21 : 1*).

## അവസാന വിധി

സ്വർഗ്ഗമോ നരകമോ നാം തന്നെയാണ് തിരഞ്ഞെടുക്കുന്നത്. ക്രിസ്തുമതം അനുസരിച്ച്, മനുഷ്യന് ഈ ലോകത്തിൽ ഒരു ജീവിതം മാത്രമേയുള്ളു; പുനർജന്മമില്ല. വരുവാനിരിക്കുന്ന നിത്യജീവിതം എപ്രകാരമുള്ളതായിരിക്കുമെന്നുള്ളത് ഈ ലോക ജീവിതത്തെ ആശ്രയിച്ചിരിക്കും. സ്വന്തം പ്രവൃത്തികൾക്കനുസരിച്ച് ഒരുവൻ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ വിധിക്കപ്പെടുന്നു. മരിച്ചാലുടൻ വിധിയുണ്ട്. "മനുഷ്യർ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു" (*എബ്രാ. 9 : 27*).

"നിന്റെ തന്നെ ദുഷ്ടതയായിരിക്കും നിന്നെ ശിക്ഷിക്കുക, നിന്റെ അവിശ്വസ്തതയായിരിക്കും നിന്നെ കുററം വിധിക്കുക. നിന്റെ കർത്താവായ ദൈവത്തെ ഉപേക്ഷിക്കുന്നത് ദോഷകരവും കയ്പ്പുനിറഞ്ഞതുമാണെന്ന് നീ അനുഭവിച്ചറിയും" (*ജെറ. 2 : 19*).

മരണസമയത്തു് ഓരോരുത്തരെയും വിധിക്കുന്ന വിധി തന്നെ, ലോകാവസാനത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവിൽ, എല്ലാവരുടെയും മുമ്പാകെ പരസ്യമായി വിധിക്കുന്നതായിരിക്കും. മാലാഖമാരുടെ അകമ്പടിയോടുകൂടിയായിരിക്കും അവിടുത്തെ വരവ് (*മത്താ. 16 : 27*) ഇതിന്റെ മുന്നോടിയായി ആകാശ ഗോളങ്ങൾ അവയുടെ ഭ്രമണപഥങ്ങളിൽ നിന്നും വ്യതിചലിക്കും (*മത്താ.* 24:29–31; *ലൂക്കോ. 17:25–27; 2 പത്രോ. 3:10, 12*). അവസാന വിധിയേപ്പററി, *മത്താ. 25:31–46*) ൽ വിവരിച്ചു പറഞ്ഞിട്ടുണ്ട്.

യേശുക്രിസ്തു പറയുന്നു: "ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കരുത്. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നുമോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കയില്ല; കള്ളന്മാർ മോഷ്ടിക്കയില്ല" (*മത്താ. 6: 19–20*).

www.malankaralibrary.com



"കല്ലറകളിൽ ഉള്ളവരെല്ലാം അവൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മചെയ്തവർ ജീവൻെറ ഉയിർപ്പിനായും തിന്മചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും" (*യോഹ. 5:29*).

"കളകൾ ശേഖരിച്ച് അഗ്നിക്കിരയാക്കുന്നതെങ്ങനെയോ, അങ്ങനെതന്നെ യുഗാന്ത്യത്തിലും സംഭവിക്കും. മനുഷ്യപുത്രൻ തൻെറ മാലാഖമാരെ അയയ്ക്കുകയും അവർ അവൻെറ രാജ്യത്തു നിന്ന് എല്ലാ പാപഹേതുക്കളെയും തിന്മ പ്രവർത്തിക്കുന്നവരെയും ഒരുമിച്ചുകൂട്ടി അഗ്നികുണ്ഡത്തിലേയ്ക്കെറിയുകയും ചെയ്യും. അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിൻെറ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (*മത്താ. 13:40-43*).

"ഇതാ ഞാൻ വേഗം വരുന്നു. എൻെറ സമ്മാനവും ഞാൻ കൊണ്ടുവരുന്നു. ഓരോരുത്തർക്കും സ്വന്തം പ്രവർത്തികൾക്കനുസൃതം പ്രതിഫലം നൽകുവാനാണ് ഞാൻ വരുന്നത്" (*വെളി. 22:12*).

വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "ഓരോരുത്തരും തങ്ങളുടെ ശരീരത്തിൽ ചെയ്തിട്ടുള്ള നന്മതിന്മകൾക്ക് പ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിൻ മുമ്പിൽ ഹാജരാക്കപ്പെടണം" (*2 കോറി. 5:10*).

ആത്മാവും ശരീരവും കൂടിയതാണ് മനുഷ്യൻ. നന്മയായാലും തിന്മയായാലും ശരീരത്തിൻെറ സഹായത്തോടുകൂടിയാണ് അതു ചെയ്യുന്നത്. അതുകൊണ്ട് അതിൻെറ പ്രതിഫലവും ശരീരത്തോടുകൂടിത്തന്നെ അനുഭവിക്കുക എന്നുള്ളതാണ് യുക്തിസഹം. അതുകൊണ്ട് അവസാന വിധിക്കു മുമ്പായി മരിച്ചവരെല്ലാം സ്വന്ത ശരീരത്തോടുകൂടി ഉയിർത്തെഴുന്നേല്ക്കുന്നതായിരിക്കും.

"ശരീരമാദ്യം ഖലുധർമ്മ സാധനം"....പുണ്യസമ്പാദനത്തിനുള്ള പ്രധാന മാധ്യമം ശരീരമാണ്........എന്നുള്ള കാളിദാസോക്തി എത്രയോ അർത്ഥവത്താണ്.

പാപത്തിന്മേലും മരണത്തിന്മേലും ഉള്ള യേശുക്രിസ്തുവിൻെറ അന്തിമ വിജയവും പരസ്യമായി ആ പൊതുവിധിയിൽ വെളിപ്പെടുന്നതായിരിക്കും. യേശുക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനമായിരിക്കും ലോകചരിത്രത്തിൻെറ അവ

www.malankaralibrary.com



സാന രംഗം. അപ്പോഠം യേശു സ്ഥാപിച്ച ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ എത്തുകയും ദൈവത്തിന്റെ ഭരണം പൂർണ്ണമായും സംസ്ഥാപിതമാകയും എല്ലാ എതിർ ശക്തികളും അവിടുത്തേക്ക് കീഴ്പ്പെടുകയും ചെയ്യും.

"അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്ത് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോഠം എല്ലാററിന്റെയും അവസാനമാകും" (*1 കൊറി. 15:24*).

## സ്വർഗത്തിൽ നീതിമാന്മാരുടെ അവസ്ഥ

സങ്കീർത്തകൻ ഇപ്രകാരം ഉദ്ഘോഷിക്കുന്നു: "അന്യ സ്ഥലത്ത് ആയിരം ദിവസത്തേക്കാഠം അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമായിരിക്കും" (*സങ്കീ. 84:10*).

യേശു പറയുന്നു: "പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. പിന്നെയോ, അവർ സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെയായിരിക്കും" (*മത്താ. 22:30*).

"നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (*മത്താ. 13:43*).

വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു. "നാം എപ്പോഴും കർത്താവിനോടുകൂടി ആയിരിക്കുകയും ചെയ്യും" (*1 തെസ. 4:17*).

നമുക്ക് വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോഠം ഇന്നത്തെ കഷ്ടതകഠം നിസ്സാരമാണെന്നു ഞാൻ കരുതുന്നു" (*റോമാ. 8:18*).

"എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകഠം കാണുകയോ ചെവികഠം കേഠക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല" (*1 കോറി. 2:9*).

## ദൈവ ദർശനം

സ്വർഗ്ഗഭാഗ്യം ദൈവ ദർശനത്തിൽ അന്തർഭവിച്ചിരിക്കുന്നു. സങ്കീത്തകൻ ഇപ്രകാരം ഉദീരണം ചെയ്യുന്നു; "എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു; ജീവിക്കുന്ന ദൈവ

www.malankaralibrary.com



ത്തിനു വേണ്ടിത്തന്നെ. എപ്പോഴാണ് എനിക്കു ദൈവ സന്നിധിത്തിൽ എത്തി അവിടത്തെ കാണാൻ കഴിയുക'' (സങ്കീ. 42:2). ഈശ്വര ദർശനത്തിനുവേണ്ടിയുള്ള മനുഷ്യൻെറ സ്വാഭാവികമായ അഭിവാഞ്ഛനയാണ് ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നതു്. "അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിൻെറ പൂർണ്ണതയുണ്ടു്'' (സങ്കീ. 16:11).

ദൈവത്തെ മുഖാമുഖം കണ്ടു് ആനന്ദിച്ചു് നിർവൃതി അടയുവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്വന്തകുററംകൊണ്ടു് അതിനു് സാധിക്കാതെ വരുന്നല്ലോ എന്നുള്ള മനഃസാക്ഷിക്കടിയും നിരാശയും ആയിരിക്കും നരകത്തിൽ അനുഭവിക്കുന്ന ഏററവും വലിയ ശിക്ഷ.

വി. യോഹന്നാൻ ശ്ലീഹാ തൻെറ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: ''അവിടുന്നു് പ്രത്യക്ഷപ്പെടുമ്പോൾ നാം അവിടത്തെപ്പോലെ ആകും. അവിടുന്നു് ആയിരിക്കുന്നതുപോലെ നാം അവിടത്തെ കാണുകയും ചെയ്യും'' (1 യോഹ. 3_2).

വി. പൗലോസ് ശ്ലീഹാ പറയുന്നു: "ഇപ്പോൾ നാം കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു; അപ്പോഴാകട്ടെ മുഖത്തോടുമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും'' (1 കോറി. 13_12)

വെളിപാടു പുസ്തകത്തിൽ ഇപ്രകാരം പറയുന്നു:

''അവർ അവിടത്തെ മുഖം ദർശിക്കും. അവിടത്തെ നാമം അവരുടെ നെററിത്തടത്തിൽ ഉണ്ടായിരിക്കും. ഇനിയൊരിക്കലും രാത്രിയുണ്ടാവുകയില്ല. ദീപത്തിൻെറ വെളിച്ചമോ സൂര്യൻെറ പ്രകാശമോ അവർക്കു് ആവശ്യമില്ല. എന്തെന്നാൽ ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കും. അവർ എന്നേയ്ക്കും വാഴും'' (വെളി. 22:4).

www.malankaralibrary.com



# അധ്യായം XV

## താരതമ്യപഠനം—ഉപസംഹാരം

### 1. താരതമ്യപഠനം

ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങൾ തമ്മിൽ ചില കാര്യങ്ങളിൽ യോജിപ്പുണ്ടെങ്കിലും പല കാര്യങ്ങളിലും വിയോജിപ്പുമുണ്ട് എന്നു പറയേണ്ടിയിരിക്കുന്നു. അവയിൽ ചിലതിനെപ്പററി പരാമർശിക്കാമെന്നു വിചാരിക്കുന്നു.

### ഈശ്വരവിശ്വാസം

മതത്തിൻെറ അടിസ്ഥാനമായ ഈശ്വര വിശ്വാസം രണ്ടു മതദർശനങ്ങളിലുമുണ്ട്. പക്ഷെ ഈശ്വരനെപ്പററിയും മനുഷ്യാത്മാവിനെപ്പററിയും മരണാനന്തരജീവിതത്തെപ്പററിയും ഒക്കെ വ്യത്യസ്ഥങ്ങളായ കാഴ്ചപ്പാടുകളും സങ്കല്പങ്ങളുമാണ് രണ്ടു മതങ്ങളിലുമുള്ളത്.

ഹിന്ദുമതത്തിൽ ബഹുദേവതാവാദത്തിനും (Polytheism) വിശ്വദേവതാ വാദത്തിനും (Pantheism) ഏക സത്താവാദത്തിനും (Monism) ഏക ദൈവവിശ്വാസത്തിനും (Monotheism) എല്ലാം സ്ഥാനമുള്ളതായി കാണുന്നു.

പ്രപഞ്ചവും ബ്രഹ്മവും ഒരേ ഒരു സത്ത മാത്രമാണ് എന്ന വാദമാണ്, ഏക സത്താവദം.

ഋഗ്വേദത്തിൽ ഉടനീളം അഗ്നി, ഇന്ദ്രൻ, രുദ്രൻ, മിത്രൻ, വരുണൻ, അശ്വിനികൾ, വായു, സൂര്യൻ മുതലായി അനേകം ദേവന്മാർ സ്തുതിക്കപ്പെടുന്നുണ്ട്. എന്നാൽ ഋഗ്വേദം 1—154—3-ൽ ഇപ്രകാരം പറയുന്നു: "ഈ ആദിത്യനെ ഇന്ദ്രനെന്നും, മിത്രനെന്നും, വരുണനെന്നും, അഗ്നിയെന്നും, പറയുന്നു........വാസ്തവമായതു ഒന്നേയുള്ളു. (*ഏകം സദ്വിപ്രാ ബഹുധാവദന്തി*) ദേവതാതത്ത്വവിത്തുക്കളായ മേധാവികൾ (*വിദ്വാന്മാർ*) പലതായി പറയുന്നു''.

വീണ്ടും പറയുന്നു: "പുരുഷ ഏവ ഇദം സർവ്വം''—ഈ കാണുന്നതു മുഴുവൻ പുരുഷനാണ് (*ഋക്ക്. 10—90—2*).

www.malankaralibrary.com



"........ചരാചര സമൂഹം മുഴവൻ പുരുഷൻെറ നാലിൽ ഒരംശം മാത്രമേ ആകുന്നുള്ളു. അവിടുത്തെ ബാക്കി മുക്കാൽ ഭാഗം വിനാശരഹിതമായി ദ്യോതനാത്മകമായ സ്വപ്രകാശ രൂപത്തിൽ സ്ഥിതിചെയ്യുന്നു" (*ഋക്ക്. 10:90–3*). ഇവിടെ പുരുഷൻ എന്നു പറഞ്ഞിരിക്കുന്നതു് പരമാത്മാവിനെ ഉദ്ദേശിച്ചാണു്.

ഉപനിഷത്തുകളിൽ ഇപ്രകാരം പറയുന്നു:

"പുരുഷ ഏവ ഇദം സർവം യദ് ഭൂതം യച്ച ഭവ്യം"

(*ശ്വേതാശ്വ. III—15*). "ഇക്കാണുന്ന സർവതും – ഉള്ളതും ഉണ്ടാകുവാനിരിക്കുന്നതുമായ സർവതും—പരമപുരുഷനായ ഈശ്വരൻ തന്നെയാണു്".

"സർവ്വ ഭൂതങ്ങളുടെയും അന്തരാത്മാവായി (*സർവഭൂതാന്തരാത്മാ*) വർത്തിക്കുന്ന ആ പരമ പുരുഷൻെറ മൂർദ്ധാവാണു്. അഗ്നി; കണ്ണുകൾ സൂര്യചന്ദ്രന്മാരും; ചെവികൾ ദിക്കുകളും, തുറന്ന വായ് ആവിഷ്കൃത വേദങ്ങളും; ശ്വാസം സർവ്വ ജീവികളും; വിശ്വമാകെ ഹൃദയവും; അവിടുത്തെ പാദങ്ങളിൽ നിന്നു് ഈ ഭൂമി മുഴവനും" (*മുണ്ഡക. ഉ. II—(1)—4*).

"ദേവന്മാരിൽ പ്രഥമനായി ബ്രഹ്മാവു് ആവിർഭവിച്ചു" (*മുണ്ഡക. ഉ. I–(1)—1*).

"വാസ്തവത്തിൽ ദേവന്മാർ മുപ്പത്തിമൂന്നേ ഉള്ളു........" (*ബൃഹദാ. ഉ. 3–9–2*).

"ഒരു ദേവൻ ആരാകുന്നു? പ്രാണൻ തന്നെ. അതു ബ്രഹ്മമാകുന്നു........" (*ബൃഹദാ. ഉ. 3–9–7*).

"അക്ഷയവും അനന്തവുമായ പരബ്രഹ്മത്തിൽ വിദ്യ, അവിദ്യ എന്നിവ രണ്ടും നിഗൂഢമായി സ്ഥിതി ചെയ്യുന്നു; അവിദ്യ നശ്വരമാണു്. വിദ്യ അമൃതവുമാണു്. വിദ്യയെയും അവിദ്യയെയും നിയന്ത്രിക്കുന്ന പരബ്രഹ്മം ഇവ രണ്ടിൽ നിന്നും വ്യത്യസ്ഥമാണു്" (*ശ്വേതാശ്വ. ഉ. V–1*).

"....ആ മായാവിയിൽനിന്നു്, അന്യനായ മനുഷ്യാത്മാവു മായയിൽ കുരുങ്ങി ആ മായാവിയിൽ തന്നെ കഴിഞ്ഞുകൂടുന്നു" (*ശ്വേതാശ്വ. ഉ. IV–9*).

സാംഖ്യ ദർശനമനുസരിച്ചു് പ്രകൃതിയും പുരുഷനും അനാദി മുതലേ ഉള്ളതാണു്. ഗീത XIII–19 ലും അതു തന്നെ പറയുന്നു.

www.malankaralibrary.com



ബ്രഹ്മം നിർഗുണനാണെന്നും സഗുണനാണെന്നും രണ്ടഭിപ്രായമുണ്ട്. മററൊന്നുമായി ബന്ധപ്പെടാത്തതാണ് നിർഗുണബ്രഹ്മം. ബ്രഹ്മത്തെ പ്രപഞ്ച കാരണമായി സങ്കല്പിക്കുമ്പോഗം സഗുണബ്രഹ്മമായി. നിർഗുണ ബ്രഹ്മൻ ഒരു പുരുഷൻ അല്ല.

ശങ്കരാചാര്യരുടെ കേവലാദ്വൈത പ്രകാരം നിർഗുണ ബ്രഹ്മൻ മാത്രമേ ഉള്ളു ബാഹ്യമായി കാണുന്നതെല്ലാം അദ്ധ്യാരോപമാണ്, അദ്ധ്യാസമാണ്. ഈ തത്ത്വമനുസരിച്ച്, മതവിശ്വാസികഗം ഉപാസിനമായി കരുതുന്ന ബ്രഹ്മമല്ല. സാക്ഷാത്കരിക്കപ്പെടേണ്ടതു്. കേനോപനിഷത്തിൽ ആവർത്തിച്ച പറയുന്ന ഒരു കാര്യമുണ്ട്—'നേദം യദിദമുപാസതേ'—ഇവിടെ പറയുന്നതായ ബ്രഹ്മം ആരും പൂജിക്കുന്നതായ ബ്രഹ്മമല്ല. കേവലാദ്വൈതപ്രകാരം, സൃഷ്ടാവുമില്ല, സൃഷ്ടിയുമില്ല; ബ്രഹ്മൻ മാത്രമേയുള്ളു.

പുരാണങ്ങളിൽ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ (*ശിവൻ*) എന്നീ ത്രിമൂർത്തികളിൽ വിശ്വാസമുണ്ട്. ഇവരിൽ ആർക്കാണ് സ്ഥാനക്കൂടുതൽ എന്നുള്ളതിൽ തർക്കമുണ്ട്.

വിഷ്ണുഭക്തനായ രാമാനുജന്റെ വിശിഷ്ടാദ്വൈതപ്രകാരം, കാണുന്നതെല്ലാം ഈശ്വരന്റെ വിഭൂതികളാണ്, വിശേഷണങ്ങളാണ്. വ്യാവഹാരാവസ്ഥയിൽ നാനാത്വമുണ്ടെങ്കിലും മുക്താവസ്ഥയിൽ അവയെല്ലാം ഈശ്വരനിൽ ലയിച്ച് ഒന്നായിത്തീരുന്നു. അതായതു് ഇപ്പോഴത്തെ പ്രാപഞ്ചികാവസ്ഥയിൽ (*വ്യാവഹാരികാവസ്ഥയിൽ*) ഭേദവും മുക്താവസ്ഥയിൽ അഭേദവും.

മാധ്വന്റെ ദ്വൈതമനുസരിച്ച് മുക്താവസ്ഥയിലും ജീവാത്മാവിന്റെ വ്യക്തിത്വം നഷ്ടപ്പെടുന്നില്ല.

ഇപ്രകാരം, ജീവാത്മാവിനെയും പരമാത്മാവിനെയും മരണാനന്തര ജീവിതത്തെയുംപ്പററി ഒക്കെ വ്യത്യസ്തങ്ങളായ സിദ്ധാന്തങ്ങഗം ഹിന്ദുമതത്തിൽ ഉണ്ട്. ഏതാണ് ശരി, ഏതാണ് തെററ് എന്നു് ആധികാരികമായി പറയുവാൻ ഹിന്ദുമതത്തിൽ വ്യവസ്ഥാപിതമായ ഒരു പരമാധികാര കേന്ദ്രമില്ല.

## ഏക ദൈവം

ഹിന്ദുമതത്തിൽ പല ദൈവങ്ങളെ വന്ദിക്കുന്നു എങ്കിലും ക്രിസ്തുമതത്തിലെപ്പോലെ ദൈവം ഏകനാണ് എന്നുള്ള ആശയത്തിനും സ്ഥാനമുള്ളതായി കാണുന്നു. തുടർന്നു് കൊടുത്തിരിക്കുന്ന ഉദ്ധരണികഗം ശ്രദ്ധിക്കുക.

www.malankaralibrary.com



"ശ്വസിക്കുന്നതും കണ്ണിമയ്ക്കുന്നതുമായ ജംഗമപ്രാണി സമൂഹത്തിനു് ആരു് ഒററ ഈശ്വരനായി ഭവിക്കുന്നുവോ, ഇക്കണ്ട മനുഷ്യാദി ഇരുകാലികളും ആർ ഈശ്വരനാണോ ആ പ്രജാപതിയായ ദേവനെ സ്തുതിക്കുകളായ ഞങ്ങളും ഹവിസ്സു കൊണ്ടു പരിചരിക്കുന്നു (ഋക്. 10—121—3).

"ആ ദൈവമാണു് കാലം മുതൽ ആത്മാവുവരെയുള്ള സകലത്തിൻെറയും കാരണവും അധിനായകനും" (*ശ്വേതാശ്വ. ഉ. I—1*).

"ഈശ്വരന്മാരുടെയെല്ലാം പരമേശ്വരനും, (*തം ഈശ്വരാണാം പരമം മഹേശ്വരം*). ദേവന്മാരുടെയെല്ലാം പരമദേവനും, അധിനാഥനും, പരംപൊരുളും, ഭുവനേശ്വരനും, സമാരാധ്യനുമായ ആ ദൈവത്തെ നമ്മൾ അറിയണം" (*ശ്വേതാശ്വ. ഉ. VI—7*)

ദൈവത്തേക്കാൾ വലിയവനായി ആരുമില്ല; അവിടുത്തേയ്ക്കു് സമനായും ആരുമില്ല" (*ശ്വേതാശ്വ ഉ. VI—8*).

"സർവ്വ ചരാചരങ്ങളിലും നിഗൂഢനായി വർത്തിക്കുന്ന ദൈവം ഏകനാകുന്നു" (*ഏകോ ദേവഃ സർവ്വ ഭൂതേഷു ഗൂഢഃ*) *ശ്വേതാശ്വ ഉ. VI—11*).

"വിശ്വകർമ്മാവും സർവ്വജ്ഞനും സ്വയംഭൂവും........സർവ്വഗുണ സമ്പൂർണ്ണനും സർവ്വദർശിയുമായി ആ പരംപൊരുൾ മാത്രമാണുള്ളതു്" (*ശ്വേതാശ്വ. ഉ. VI—16*).

"ഏതേതു ഭക്തന്മാർ ശ്രദ്ധയോടുകൂടി അന്യദേവതകളെ ആരാധിക്കുന്നുവോ അവരും വിധിപ്രകാരമല്ലാതെ എന്നെത്തന്നെ ആരാധിക്കുന്നു" (*ഗീത. IX—23*).

ആതായതു്, അന്യദേവതകളെ ആരാധിക്കുവാൻ വിധിച്ചിട്ടില്ല എങ്കിലും, അവരുടെ നേർക്കുള്ള ആരാധന ശ്രീകൃഷ്ണൻെറ നേർക്കുള്ള ആരാധനയായി സ്വീകരിക്കുമെന്നാണല്ലോ അതിൻെറ അർത്ഥം.

"ഏററവും ദുരാചാരനായവൻപോലും മറെറാന്നിനെയും ഭജിക്കാത്തവനായിട്ടു് എന്നെ ഭജിക്കുന്നുവെങ്കിൽ അവൻ ശ്രേഷ്ഠനായിത്തന്നെ വിചാരിക്കപ്പെടേണ്ടവനാകുന്നു" (*ഗീത. IX—30*).

www.malankaralibrary.com



## ത്രിമൂർത്തികൾ

ഹിന്ദുമത പുരാണങ്ങളിൽ ത്രിമൂർത്തികൾക്ക് പ്രത്യേക സ്ഥാനമുണ്ട്. ഹിന്ദുമതത്തിലെ ത്രിമൂർത്തികളും ക്രിസ്തുമതത്തിലെ ത്രിയേക ദൈവവും ഒന്നല്ല, വ്യത്യസ്തമാണ്.

ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ (*ശിവൻ*) ഇവരാണ് ഹിന്ദുമതത്തിലെ ത്രിമൂർത്തികൾ. ഇവർ തമ്മിൽ ആരാണ് വലിയവൻ എന്നതിനേക്കുറിച്ച് തർക്കമുണ്ട്.

ഇവരെ സൃഷ്ടി സ്ഥിതി സംഹാരകന്മാരായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ബ്രഹ്മാവ് സൃഷ്ടികർത്താവ് എന്ന നിലയിലല്ലാതെ ഒരു ആരാധ്യ പുരുഷനായി പരിഗണിക്കപ്പെടുന്നില്ല. വിഷ്ണുഭക്തന്മാർ വിഷ്ണുവിനെ ഭഗവാനായി, ദൈവമായി ആരാധിക്കുമ്പോൾ, ശിവഭക്തന്മാർ ശിവനെ മഹേശ്വരനായി ആരാധിക്കുന്നു. വേദത്തിലെ രുദ്രനാണ് പിന്നീട് പുരാണങ്ങളിലെ ശിവനായിത്തീർന്നത് എന്നാണ് പണ്ഡിതാഭിപ്രായം.

ശ്വേതാശ്വ ഉ. VI—18-ൽ ഇപ്രകാരം പറയുന്നു. "സർവ്വേശ്വരൻ ആദിയിൽ ബ്രഹ്മാവിനെ സൃഷ്ടിച്ചു" (*യോ ബ്രഹ്മാണം വിദധാതിപൂർവം*).

മുണ്ഡകം I-1. ദേവന്മാരിൽ പ്രഥമനായി ബ്രഹ്മാവ് ആവിർഭവിച്ചു" (*ബ്രഹ്മദേവാനാം പ്രഥമഃസംബഭൂവ*).

ഗീത VIII-16. ബ്രഹ്മലോകം വരെയുള്ള ലോകങ്ങൾ വീണ്ടും മടങ്ങി വരേണ്ടവയാണ്. എന്നെ പ്രാപിച്ചവനാകട്ടെ പുനർജന്മം ഉണ്ടാകുന്നില്ല".

ബ്രഹ്മാവിനു് ജനനവും മരണവുമുണ്ട്. ബ്രഹ്മാവിന്റെ ആയുഷ്കാലത്തിനു് മഹാകല്പം എന്നു പറയുന്നു.

ഗീത VIII—17—18-ൽ ബ്രഹ്മാവിനു രാത്രിയും പകലും ഉണ്ടെന്നു പറയുന്നു. പുരാണ സങ്കല്പമനുസരിച്ച്, പകൽ സമയം ബ്രഹ്മാവു സൃഷ്ടികർമ്മത്തിൽ വ്യാപൃതനായിരിക്കുന്നു; രാത്രിസമയം ഉറങ്ങുന്നു. മഹാവിഷ്ണുവും ഉറങ്ങുന്നതായി പുരാണത്തിൽ പറഞ്ഞിട്ടുണ്ട്.

എന്നാൽ ബൈബിളിൽ ഇപ്രകാരം പറയുന്നു: "നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല; ഉറക്കം തൂങ്ങുകയുമില്ല. കർത്താവാണ് നിന്റെ കാവൽക്കാരൻ" (*സങ്കീ. 121:3-5*).

www.malankaralibrary.com



## ത്രിയേക ദൈവം

ത്രിയേക ദൈവത്തെപ്പററി രണ്ടാം ഭാഗം മൂന്നാം അദ്ധ്യായത്തിൽ വിവരിച്ചു പറഞ്ഞിട്ടുണ്ട്. ക്രിസ്തുമത വിശ്വാസമനുസരിച്ച്, ഒരു ദൈവമേ ഉള്ളു; ആ ഏകദൈവത്തിൽ, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകൾ ഉണ്ട്.

യേശു പറഞ്ഞു: "പിതാവ് പുത്രനെ സ്നേഹിക്കുകയും എല്ലാം അവൻെറ കൈകളിൽ ഏല്പിക്കയും ചെയ്തിരിക്കുന്നു" (*യോഹ. 3:35*)

"പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു" (*യോഹ. 5:19*).

"പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവൻ അവിടുന്ന് പുത്രനെ ഏല്പിച്ചിരിക്കുന്നു. ഇതു് പിതാവിനെ ആദരിക്കുന്നതുപോലെ തന്നെ എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ്" (*യോഹ. 5:22*).

"ഞാനും പിതാവും ഒന്നാകുന്നു" (*യോഹ. 10:30*).

"എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (*യോഹ. 14:9*).

"ഞാൻ പിതാവിലും പിതാവ് എന്നിലും ആയിരിക്കകൊണ്ട് നിങ്ങൾ എന്നിൽ വിശ്വസിക്കുവിൻ" (*യോഹ. 14:11*).

"അവൻ അവിടുത്തെ മഹത്ത്വത്തിൻെറ തേജസ്സും സത്തയുടെ മുദ്രയുമാകുന്നു. തൻെറ ശക്തിയുടെ വചനത്താൽ അവൻ എല്ലാററിനെയും താങ്ങിനിർത്തുന്നു" (*ഹെബ്രാ. 1:3*).

"എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും" (*യോഹ. 14:26*).

"സത്യാത്മാവ് വരുമ്പോൾ നിങ്ങളെ പൂർണ്ണ സത്യത്തിലേക്കു നയിക്കും........അവൻ എനിക്കുള്ളവയിൽ നിന്ന് സ്വീകരിച്ച് നിങ്ങളോട് പ്രഖ്യാപിക്കും........പിതാവിനുള്ളതെല്ലാം എൻെറതാണ്........" *യോഹ. 16:13-15*).

പരിശുദ്ധാത്മാവ് സ്നേഹത്തിൻെറ ആത്മാവാണ്. "നമുക്ക് നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (*റോമാ. 5:5*).

www.malankaralibrary.com



മേലുദ്ധരിച്ച വാക്യങ്ങളെല്ലാം, യേശുവിൻെറയും, തൻെറ പിതാവായ ദൈവത്തിൻെറയും പരിശുദ്ധാത്മാവിൻെറയും ഇച്ഛയിലും, വചനത്തിലും പ്രവർത്തനത്തിലുമുള്ള ദൃഢമായ ഐക്യവും യോജിപ്പും ആണു് പ്രകടമാക്കുന്നതു്.

തിരുസഭ പുത്രനായ ദൈവത്തെപ്പററി ഇപ്രകാരം പഠിപ്പിക്കുന്നു: "ദൈവത്തിൻെറ ഏക പുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു് സമത്വമുള്ളവനും ......" (*നിക്യാ സുന്നഹദോസ്*).

പരിശുദ്ധാത്മാവിനെപ്പററി ഇപ്രകാരം പഠിപ്പിക്കുന്നു. "സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു് പുറപ്പെട്ടു് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു് സ്തുതിക്കപ്പെടുന്നവനും........ആയി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹാ......." (*റൂഹാ=ആത്മാവ്*).

ഈ പറഞ്ഞതിൽ നിന്നെല്ലാം, ഹിന്ദുമതത്തിലെ ത്രിമൂർത്തികളും ക്രിസ്തുമതത്തിലെ ത്രിയേക ദൈവവും ഒന്നല്ല എന്നു് വ്യക്തമാണല്ലോ.

**ദൈവം സ്വയംഭൂവാണു്**

ദൈവം സ്വയംഭൂവാണെന്നു് രണ്ടു മതങ്ങളും പഠിപ്പിക്കുന്നു. "ബ്രഹ്മംസ്വയംഭൂ" —ബ്രഹ്മം സ്വയംഭൂവാണു് (*ബൃഹ. ഉ.* 4-6-7).

"അവിടുന്നു് (*പരമാത്മാവ്*) വിജ്ഞാനിയും ബുദ്ധിമാനും പരിഭൂവും സ്വയംഭൂവും ആണു്" (*ഈശോ. ഉ. 8-ാം ശ്ലോകം*).

എന്നാൽ സാംഖ്യാ ദർശനമനുസരിച്ചു് പ്രകൃതിയും പുരുഷനും അനാദിയാണു്. ഗീതയും അതുതന്നെ പറയുന്നു. "പ്രകൃതിയെയും പുരുഷനെയും ഇവ രണ്ടിനേയും അനാദിയെന്നു് അറിഞ്ഞാലും" (*ഗീത. XIII—19*).

ക്രിസ്തുമതത്തിനനുസരിച്ചു് ദൈവം മാത്രമേ സ്വയംഭൂവായിട്ടുള്ളു. പ്രകൃതി ദൈവത്തിൻെറ സൃഷ്ടിയാണു്. ഈ പ്രപഞ്ചം ഇല്ലാതിരുന്ന ഒരു അവസ്ഥയുണ്ടായിരുന്നു.

www.malankaralibrary.com



## മനുഷ്യൻ ആരാണ്?

### ഹിന്ദുമതത്തിൽ

ഹിന്ദുമത തത്ത്വമനുസരിച്ച് മനുഷ്യൻ ആത്മാവ് മാത്രമാണ്; ശരീരം മനുഷ്യനല്ലതന്നെ. സകല ചരാചരങ്ങളുടെയും ആത്മാവ് ഏക പരമാത്മാവാണ് എന്നു പറയപ്പെടുന്നു.

"ഈ കാണുന്നതു് മുഴുവൻ പുരുഷനാണ്"—പുരുഷ ഏവ ഇദം സർവം (*ഋഗ്വേദം.* (*10–90–2*).

"സർവ്വ ഭൂതങ്ങളുടെ അന്തരാത്മാവാണ് (*സർവ്വഭൂതാന്തരാത്മാവ്*) ആ പരമ പുരുഷൻ" (*മുണ്ഡക. ഉ. II (1)–4*).

ഈ ദൃശ്യപ്രപഞ്ചം മുഴുവനും, പരബ്രഹ്മം മൂർത്തരൂപം പ്രാപിച്ചതാണെന്നാണ് മുണ്ഡകോപനിഷത്ത് പറയുന്നതു്. "ചിലന്തി തന്നിൽനിന്നു തന്നെ നൂൽ പുറപ്പെടുവിക്കുകയും പിന്നീടതു് തന്നിലേക്കുതന്നെ വലിച്ചെടുക്കുകയും ചെയ്യുന്നതു പോലെ........ജീവിച്ചിരിക്കുന്ന മനുഷ്യനിൽനിന്ന് തലമുടിയും രോമവും വളരുന്നതുപോലെ, അക്ഷരബ്രഹ്മത്തിൽ നിന്നു് ഈ വിശ്വം മുഴുവൻ ഉത്ഭവിച്ചിരിക്കുന്നു (*മുണ്ഡക. ഉ. I–(1)–7*).

ഭഗവദ്ഗീതയിൽ ഇപ്രകാരം കാണുന്നു: "ഇവൻ ആരെയും കൊല്ലുന്നില്ല, ആരാലും കൊല്ലപ്പെടുന്നുമില്ല" (*നായം ഹന്തി ന ഹന്യതേ*). ഗീത. II–19.

"ശരീരങ്ങൾ ഉണ്ടാകുന്നതിനു മുമ്പുതന്നെ ഉള്ളവനായ ഈ ആത്മാവു, ശരീരം നശിപ്പിക്കപ്പെടുമ്പോൾ നശിപ്പിക്കപ്പെടുന്നില്ല" (*ഗീത. II—20*).

"ശ്രീകൃഷ്ണൻ അർജ്ജുനനോടു് പറഞ്ഞു: "ഞാൻ ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല; നീയും ഇല്ലാതിരുന്നിട്ടില്ല" (*ഗീത. II–12*).

"ജഡ ശരീരങ്ങളുടെ ആദി അവ്യക്തമാണ്........ അന്ത്യവും അവ്യക്തമാണ്" (*ശരീരങ്ങൾ മായയിൽനിന്ന് ഉളവായവയാണ്*) (*ഗീത. II—28*).

ത്രിഗുണാത്മകമായ പ്രകൃതിയാണ് എല്ലാം പ്രവർത്തിക്കുന്നതു്. ആത്മാവിനു കർതൃത്വമില്ല. ഇന്ദ്രിയങ്ങൾ മാത്രമല്ല, ബുദ്ധിയും മനസ്സും എല്ലാം പ്രകൃതിയുടേതാണ് (*cfr. ഗീത. V—8-9*).

www.malankaralibrary.com



"ഭഗവാൻ ആരുടെയും പാപത്തെയും പുണ്യത്തെയും (*കണക്കിൽ*) എടുക്കുന്നില്ല" (*ഗീത. V—15*).

എന്നാൽ അതേസമയം, "കർമ്മഫലങ്ങളെ കൊടുക്കുന്ന സർവ്വതോമുഖനും (*ബ്രഹ്മാവും*) ഞാൻതന്നെയാകുന്നു" (*ധാതാഹം വിശ്വതോമുഖഃ*) എന്നു് ഗീത X-33-ൽ പറയുന്നു.

"ആരു് ശുദ്ധമായ ആത്മാവിനെ കർത്താവെന്നു കാണുന്നുവോ ആ ബുദ്ധികെട്ടവൻ സത്യാവസ്ഥ അറിയുന്നില്ല" (*ഗീത. XVIII—16*).

"ആർക്കു് ഞാൻ ചെയ്യുന്നവനാണെന്ന ഭാവം ഇല്ലയോ.... അവൻ ഈ ലോകങ്ങളെ കൊല്ലുന്നില്ല, ബന്ധിക്കപ്പെടുന്നുമില്ല" (*ഗീത. XVIII—17*).

അതേസമയം ശ്വേതാശ്വതര ഉപനിഷത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഗുണ സമന്വിതനും ഫലോല്പാദകങ്ങളായ കർമ്മങ്ങളുടെ കർത്താവും സ്വകർമ്മങ്ങളുടെ ഫലഭോക്താവായ ജീവാത്മാവു്........സ്വന്തം കർമ്മങ്ങൾ നിമിത്തം പല രൂപങ്ങൾ സ്വീകരിച്ചു് ലോകത്തിൽ ചുററിക്കറങ്ങുന്നു" (*ശ്വേതാ. ഉ. V—7*).

"ഭാവന, അഹംബോധം മുതലായവ നിമിത്തം വ്യക്തിത്വചിന്തയുമുള്ളതാണു് മനുഷ്യാത്മാവു്. മനുഷ്യാത്മാവിൽനിന്നു് വിഭിന്നവും, വാൾമുനയുടെ വലിപ്പമുള്ളതുമായ പരമാത്മാവു് ഉണ്ടു്" (*ശ്വേതാശ്വ. ഉ. V—8*).

"ആത്മശരീരങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതു് മററൊരാളാണു്, ഈശ്വരനാണു്" (*ശ്വേതാശ്വ. ഉ. V—12*).

## മനുഷ്യൻ ക്രിസ്തുമതത്തിൽ

ക്രിസ്തുമതമനുസരിച്ചു് ആത്മാവു മാത്രമല്ല, ആത്മാവും ശരീരവും കൂടിയതാണു് മനുഷ്യൻ.

"ദൈവമായ കർത്താവു് ഭൂമിയിലെ പൂഴികൊണ്ടു് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്കു് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉൽ. *2:7*).

"മനുഷ്യന്റെ പ്രാണനെ അവന്റെ ഉള്ളിൽ നിവേശിപ്പിക്കുകയും ചെയ്ത കർത്താവു്...." (*സഖറി. 12:1*).

www.malankaralibrary.com



യേശുക്രിസ്തു പറയുന്നു: "ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലുവാൻ കഴിവില്ലാതിരിക്കയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ. മറിച്ച് ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവരെ ഭയപ്പെടുവിൻ" (*മത്താ. 10;28*).

ഭഗവദ്ഗീതയിൽ മൂന്നു പുരുഷന്മാരെപ്പറ്റി പറയുന്നുണ്ട്. "ലോകത്തിൽ ക്ഷരമെന്നും അക്ഷരമെന്നും രണ്ടുതന്നെ പുരുഷന്മാർ. അതിൽ ഭൂതങ്ങളെല്ലാം ക്ഷരമാകുന്നു. കൂടസ്ഥൻ അക്ഷരമെന്നും പറയപ്പെടുന്നു" (*ഗീത. XV—16*).

"പരമാത്മാവായി അറിയപ്പെടുന്ന........ആ ഉത്തമനായ പുരുഷനാകട്ടെ വേറെയാകുന്നു. അക്ഷരത്തേക്കാളും ഉത്തമനായിരിക്കുന്നതുകൊണ്ട് (*അക്ഷരാത് അപി ഉത്തമഃ*) ഞാൻ പുരുഷോത്തമൻ എന്നു് പ്രഖ്യാതനായിരിക്കുന്നു" (*ഗീത. XV—17-18*).

ക്രിസ്തുമത പ്രബോധനമനുസരിച്ച്, മനുഷ്യർക്കുള്ളതുപോലെ, മററുള്ള ജീവികൾക്ക് അനശ്വരമായ ആത്മാവില്ല. നീർജ്ജീവമാകുന്നതോടുകൂടി അവ പൂർണ്ണമായും നശിക്കുന്നു; അവയുടെ ജീവൻ പിന്നീട് നിലനില്ക്കുന്നില്ല. അതുകൊണ്ട് മൃഗങ്ങളിലും മററു ജീവികളിലുമുള്ള ജീവനെ അഥവാ പുരുഷനെ ക്ഷരമെന്നു് പറയാം. എന്നാൽ മനുഷ്യൻെറ ആത്മാവു മരണത്തോടുകൂടി ഇല്ലാതാകുന്നില്ല. മനുഷ്യാത്മാവു ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണ്. അതിനു് ആദിയുണ്ടെങ്കിലും അവസാനമില്ല. അതുകൊണ്ട് മനുഷ്യാത്മാവിനെ അക്ഷരപുരുഷൻ എന്നു പറയാം. ആദിയും അന്തവുമില്ലാത്ത, സൽഗുണ സമ്പൂർണ്ണനായ സർവ്വേശ്വരൻ ആണു് പുരുഷോത്തമൻ.

## ആത്മാവിൻെറ വില

യേശു പറഞ്ഞു: "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് എന്തു പ്രയോജനം? അല്ലെങ്കിൽ ഒരുവൻ സ്വന്തം ആത്മാവിനു് പകരമായി എന്തുകൊടുക്കും"? (*മത്താ. 16:26*).

ബൃഹദാരണ്യകോപനിഷത്തിൽ, മൈത്രേയി യാജ്ഞവല്ക്യനോട് ഇപ്രകാരം ചോദിക്കുന്നു: "സമ്പത്തുകൊണ്ടു നിറഞ്ഞ ഭൂമി മുഴുവൻ എൻേറതായിത്തീർന്നാൽ ഞാൻ അതുകൊണ്ട് മരണമില്ലാത്തവളായിത്തീരുമോ? യാജ്ഞവല്ക്യൻ പറഞ്ഞു: ഇല്ല" (*ബൃഹ. ഉ. 4-5-3*).

www.malankaralibrary.com



**അവതാരങ്ങൾ**

ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞു: "ശരീരങ്ങൾ മായയിൽ നിന്ന് ഉളവായവയാകുന്നു.......മായയിൽത്തന്നെ ലയിക്കുകയും ചെയ്യുന്നു. ഭൂതാനി അവ്യക്താദീനി.......അവ്യക്ത നിധനാനി ഏവ". ഗീത. 2:28

"ജനിക്കാത്തവനും നശിക്കാത്തവനുമാണെന്നിരുന്നാലും.... തന്നെ സംബന്ധിച്ച പ്രകൃതിയെ ആശ്രയിച്ച് സ്വന്തം മായ കൊണ്ട് ഞാൻ സംഭവിക്കുന്നു" (*ഗീത. 4:6*).

"എപ്പോഴെല്ലാം ധർമ്മത്തിന് തളർച്ചയും അധർമ്മത്തിന് ഉയർച്ചയും ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ഞാൻ എന്നെ സൃഷ്ടിക്കുന്നു"—"യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം" (*ഗീത 4:7*)

സാധുക്കളായവരുടെ രക്ഷയ്ക്കു വേണ്ടിയും ദുർവൃത്തന്മാരുടെ നാശത്തിനുവേണ്ടിയും ധർമ്മസംസ്ഥാപനത്തിനുവേണ്ടിയും യുഗന്തോറും ഞാൻ സംഭവിക്കുന്നു—"പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ" (*ഗീത 4:8*).

ശരീരം മായയിൽ നിന്നുണ്ടായതാണെന്നു പറയുന്നു. മായയിൽ നിന്നുണ്ടായ ശരീരം യഥാർത്ഥ ശരീരമായിരിക്കുകയില്ല; അപ്രകാരം കാണപ്പെടുന്നു എന്നു മാത്രം.

ഹിന്ദുമതത്തിൽ അവതാരത്തിന്റെ ലക്ഷ്യമെന്താണ്? സാധുക്കളെ ദുഷ്ടന്മാരിൽ നിന്ന് രക്ഷിച്ച് ധർമ്മം പുനസ്ഥാപിക്കുക എന്നുള്ളതാണ്. ഇവിടെ മനുഷ്യന്റെ ശാരീരികമായ, അഥവാ ഭൗതികമായ സുരക്ഷിതത്ത്വമാണ് ലക്ഷ്യം; അങ്ങനെ ധർമ്മം പുനസ്ഥാപിക്കുക. ഈ പറയുന്നതായ ലക്ഷ്യം മററുള്ള അവതാരങ്ങൾക്ക് ഉള്ളതായി കാണുന്നില്ല.

പത്ത് അവതാരങ്ങളേപ്പററിയാണ് പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നത്. ദുഷ്ടന്മാർ എല്ലാക്കാലത്തും എല്ലാ രാജ്യങ്ങളിലും ഉണ്ടാകുന്നുണ്ട്; അങ്ങനെ ധർമ്മത്തിനു ഗ്ലാനിയും എല്ലാക്കാലത്തും എല്ലായിടത്തും ഉണ്ടാകുന്നുണ്ട്; ഒരു യുഗത്തിൽ ഒരു സ്ഥലത്തു മാത്രമല്ല അപ്രകാരം സംഭവിക്കുന്നത്. ഒരവതാരവും ചരിത്രത്തെ മുഴുവൻ, അതായത് എല്ലാക്കാലത്തും എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാ മനുഷ്യരേയും ബാധിക്കുന്നതല്ല.

www.malankaralibrary.com


യേശുക്രിസ്തു ഒരു യഥാർത്ഥ മനുഷ്യനായി ജനിച്ചു. മാലാഖ മറിയാമിനോടു പറഞ്ഞു: "നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും" (*ലൂക്കോ. 1:31*). വി. യോഹന്നാൻ ഇപ്രകാരം പറയുന്നു: "ആദിയിൽ വചനമുണ്ടായിരുന്നു........വചനം ദൈവമായിരുന്നു....വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (*യോഹ. 1:1, 14*).

"അവൻ സ്ത്രീയിൽ നിന്നു ജാതനായി" (*ഗലാ. 4:4*).

യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അതിൻെറ പൂർണ്ണതയിൽ ഉണ്ടു്. ഇവിടെ മായയുടെ പ്രവർത്തനമില്ല. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതു്, പാപം നിമിത്തം ദൈവത്തിൽ നിന്നും അകന്നുപോയി സാത്താൻെറ അടിമത്തത്തിൽ അമർന്നുപോയ മനുഷ്യവംശത്തെ മുഴുവൻ വീണ്ടെടുത്തു് രക്ഷിക്കുന്നതിനായിട്ടാണു്. യേശു മനുഷ്യരക്ഷ സാധിച്ചതു് കുരിശിലെ യാഗത്തിലൂടെയാണു്. കുരിശിലെ ആ യാഗം വഴി ഒരിക്കലായി ലോകത്തിലുള്ള എല്ലാ മനുഷ്യരെയും സാത്താൻെറ അടിമത്തത്തിൽ നിന്നു് വീണ്ടെടുത്തു് രക്ഷിച്ചു് സ്വർഗ്ഗത്തിനുള്ള അവകാശം നേടിക്കൊടുത്തു. ഇനിയും വീണ്ടും വീണ്ടും അവതരിക്കേണ്ട ആവശ്യമില്ല. യേശു നേടിത്തന്ന സ്വർഗ്ഗത്തിനുള്ള അവകാശം സ്വായത്തമാക്കേണ്ടതു് ഓരോരുത്തരുടെയും ചുമതലയാണു്. പാപികളെ രക്ഷിക്കാൻ വേണ്ടിയാണു്, ശിക്ഷിക്കാൻ വേണ്ടിയല്ല ദൈവം മനുഷ്യനായി അവതരിച്ചതു് (*യോഹ. 3:17*).

ശ്രീകൃഷ്ണൻെറ മരണം മനുഷ്യനെ സംബന്ധിച്ചിടത്തോളം രക്ഷാകരമായിരുന്നില്ല. ഒരു മുനിയുടെ ശാപം നിമിത്തം, ഒരു വേടൻ, മാൻ ആണെന്നു് വിചാരിച്ചു് എയ്ത അമ്പു് ശ്രീകൃഷ്ണൻെറ കാലിൽ തറച്ചു്, അങ്ങനെയാണു് ശ്രീകൃഷ്ണൻ മരിക്കുന്നതു് എന്നാണു് പുരാണം പറയുന്നതു്.

യേശുക്രിസ്തുവിൻെറ കുരിശിലെ മരണം മനുഷ്യനെ സംബന്ധിച്ചിടത്തോളം രക്ഷാകരമായിരുന്നു. യേശു മനുഷ്യരക്ഷയ്ക്കുവേണ്ടി കുരിശുമരണത്തിനു് സ്വയം ഏല്പിച്ചുകൊടുക്കുകയാണു് ചെയ്തതു്.

### മുക്തി അഥവാ മോക്ഷം

ആത്മാവു് ശരീരത്തിൽ നിന്നും എന്നേക്കുമായി മോചനം പ്രാപിച്ചു്, അതായതു് പുനർജന്മത്തിൽ നിന്നും മുക്തി പ്രാപിച്ചു് പരബ്രഹ്മത്തിൽ ലയിക്കുന്നതിനെയാണു് ഹിന്ദുമത തത്ത്വമനുസരിച്ചു്, മുക്തിപ്രാപിക്കുക അഥവാ മോക്ഷം പ്രാപിക്കുക എന്നു പറയുന്നതു്.

www.malankaralibrary.com



"നദികൾ ഒഴുകിച്ചെന്ന്, സമുദ്രത്തിൽ ചേർന്ന്, നാമരൂപങ്ങൾ (*വ്യക്തിത്വം*) ത്യജിച്ച്, സമുദ്രവുമായി ഒന്നായി തീരുന്നതുപോലെ, ബ്രഹ്മജ്ഞാനിയായ യോഗി നാമരൂപവിമുക്തനായി (*സ്വന്തം വ്യക്തിത്വം ഇല്ലാതെയായി*) ദിവ്യപുരുഷനായ പരമാത്മാവിൽ ലയിക്കുന്നു"– (*മുണ്ഡക ഉപനിഷത്ത് 3-ാം അധ്യായം രണ്ടാം ഭാഗം, 8-ാം ശ്ലോകം*).

"......കുതിര തന്റെ രോമങ്ങളെ കുടയുന്നതുപോലെ ഞാൻ പാപങ്ങളെ കുടഞ്ഞുകളഞ്ഞിട്ട് രാഹുമുഖത്തിൽ നിന്നും മുക്തനായ ചന്ദ്രനെപ്പോലെ ഭാസ്വരനായി, ശരീരത്തെ ഉപേക്ഷിച്ച് കൃതകൃത്യനായി നിത്യമായ ബ്രഹ്മലോകത്തെ പ്രാപിക്കുമാറാകട്ടെ" (*ഛാന്ദോ. ഉ. 8–13–1*).

"ആത്മാവിന്റെ ഈ ദേഹങ്ങൾ അവസാനമുള്ളവയാണെന്ന് പറയപ്പെടുന്നു" (*ഗീത. 2:18*).

"എന്റെ പ്രാണൻ മരണമില്ലാത്ത (*അനശ്വരമായ*) വായുവിൽ ലയിക്കട്ടെ" (*ബൃഹദാ. ഉ. 5–15–13*).

ബ്രഹ്മലോകം മടങ്ങിവരും (*ഗീത. VIII—16*).

സ്വർഗ്ഗഭാഗ്യം നിത്യമല്ല (*ഗീത. IX—21*).

സ്വർഗ്ഗം എന്നുപറയുന്നതു് ദേവലോകമാണ്.

## മോക്ഷമാർഗ്ഗം

മോക്ഷത്തിലേയ്ക്കു നയിക്കുന്ന മൂന്നു മാർഗ്ഗങ്ങളെപ്പററി ഹിന്ദുമതത്തിൽ പറയുന്നുണ്ട്. കർമ്മമാർഗ്ഗം, ഭക്തിമാർഗ്ഗം, ജ്ഞാനമാർഗ്ഗം (*ഗീത. XIII—25*).

എന്നാൽ ഗീത III-3-ൽ രണ്ടു മാർഗ്ഗത്തെപ്പററി മാത്രമേ പറഞ്ഞിട്ടുള്ളു. "... ഇഹത്തിൽ രണ്ടുതരം മാർഗ്ഗങ്ങൾ ഉണ്ട്. സാംഖ്യക്രമപ്രകാരം ജ്ഞാനമാർഗ്ഗവും, യോഗികൾക്ക് കർമ്മമാർഗ്ഗവും എന്ന് രണ്ടു തരത്തിലുള്ള നിഷ്ഠകൾ എന്നാൽ പറയപ്പെട്ടിട്ടുണ്ട്".

ശ്വേതാശ്വതര ഉപനിഷത്തിലും അതുതന്നെ പറയുന്നു "സർവ്വതിന്റെയും കാരണപുരുഷനായ അവിടുന്ന് സാംഖ്യയോഗങ്ങൾ (*കർമ്മയോഗവും ജ്ഞാനയോഗവും*) മൂലം സുപ്രാപ്യനായിത്തീരുന്നു. അവിടുത്തെ അറിയുന്നവർക്ക് സർവ്വബന്ധനമോചനം ലഭിക്കുന്നു". *ശ്വേതാശ്വ ഉ. VI–13*) അതേ സമയം ഗീത 12-ാം അധ്യായത്തിന്റെ ശീർഷകം തന്നെ ഭക്തിയോഗം എന്നാണ്.

www.malankaralibrary.com



**കർമ്മമാർഗ്ഗം**

"സത്യം വദ, ധർമ്മം ചര"—സത്യം പറയണം, ധർമ്മം ചെയ്യണം (*തൈത്തി. ഉ. 1 : 11*).

നിഷ്കാമമാർഗ്ഗം (*ഫലേച്ഛ കൂടാതെ*) ചെയ്യണമെന്നാണ് ഗീത അനുശാസിക്കുന്നത്.

"നിനക്കു കർമ്മംചെയ്യുന്നതിൽ മാത്രമേ അധികാരമുള്ളു. ഒരിക്കലും കർമ്മഫലങ്ങളിൽ ആകരുത്. കർമ്മഫലത്തെ ഉദ്ദേശിച്ച് പ്രവർത്തിക്കുന്നവനാകരുത്" (*ഗീത. 2:47*).

"........എല്ലാ സംഗവും ത്യജിച്ച് സിദ്ധിയിലും അസിദ്ധിയിലും സമഭാവനയോടുകൂടിയവനായി കർമ്മങ്ങളെ ചെയ്താലും" (*ഗീത. 2:48*).

"അസക്തനായി കർമ്മം ചെയ്യുന്ന പുരുഷൻ പരമപദത്തെ പ്രാപിക്കുന്നു" (*ഗീത. 3:19*).

"നല്ലതുപോലെ ചെയ്യപ്പെട്ട പരധർമ്മത്തേക്കാൾ ഗുണമില്ലാത്തതായിരുന്നാലും സ്വധർമ്മം ശ്രേഷ്ഠമാകുന്നു" (*ഗീത. III—35*).

"സന്ന്യാസവും കർമ്മയോഗവും രണ്ടും മോക്ഷത്തെ നല്കുന്നതാകുന്നു" (*ഗീത. V—2*).

"സഹജമായി വന്നുചേർന്നിട്ടുള്ള കർമ്മത്തെ ദോഷമുള്ളതാണെങ്കിലും ഉപേക്ഷിക്കരുത്" (*ഗീത. XVIII—48*).

"ക്രിസ്തീയതയിൽ സൽക്കർമ്മത്തിനു വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്."

"എന്റെ ഏറ്റവും ചെറിയ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തതു" (*മത്താ. 25:40*).

"ഇതുപോലെതന്നെ നിങ്ങളും കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനു ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാകുന്നു; കടപ്പെട്ടവയേ ചെയ്തിട്ടുള്ളു എന്നു പറയുവിൻ" (*ലൂക്കാ. 17:10*).

"കൊള്ളാം നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നതുകൊണ്ട് അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേല്പിക്കും" (*മത്താ. 25:21*).

"സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു" (*മത്താ. 7:21*).

www.malankaralibrary.com



''അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നല്കും'' (*മത്താ. 16:27*).

''അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും'' (*യോഹ. 5:29*).

''ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്ന് പ്രതിഫലം നല്കും. സൽക്കർമ്മത്തിൽ സ്ഥിരതയോടെ നിന്ന് മഹത്വവും ബഹുമാനവും അക്ഷയത്വവും അന്വേഷിക്കുന്നവർക്ക് അവിടുന്ന് നിത്യജീവൻ പ്രദാനം ചെയ്യും'' (*റോമ. 2:6-7*).

''സത്യമിതാണ്: അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും'' (*2 കൊറി. 9:6*).

**ഭക്തി മാർഗ്ഗം**

''അർജ്ജുനാ, നീ യാതൊന്നിനെ ചെയ്യുന്നുവോ, യാതൊന്നിനെ ഭക്ഷിക്കുന്നുവോ, യാതൊന്നിനെ ദാനം ചെയ്യുന്നുവോ, യാതൊരു തപസ്സിനെ ചെയ്യുന്നുവോ, അതെല്ലാം എന്നിൽ അർപ്പിതമായി ചെയ്താലും'' (*ഗീത. IX—27*).

''ആരു് എന്നെ ഭക്തിയോടുകൂടി ഭജിക്കുന്നുവോ അവർ എന്നിലും ഞാൻ അവരിലും ഇരിക്കുന്നു'' (*ഗീത. IX—29*).

''സ്ത്രീകൾ വൈശ്യന്മാർ ശൂദ്രന്മാർ അപ്രകാരം പാപയോനികളായി ആരെല്ലാം ഉണ്ടാകുമോ അവരും എന്നെ ആശ്രയിച്ചിട്ട് ഉത്കൃഷ്ടമായ ഗതിയെ പ്രാപിക്കുന്നു. സുകൃതികളായ ബ്രാഹ്മണരും അപ്രകാരംതന്നെ ഭക്തന്മാരായ രാജർഷികളും (*അപ്രകാരമുള്ള ഗതിയെ പ്രാപിക്കുന്നുവെന്നത്*) പിന്നെ പറയാനുണ്ടോ''? (*ഗീത. IX—32*).

കർമ്മമാർഗ്ഗവും ജ്ഞാനമാർഗ്ഗവും എല്ലാവർക്കും പ്രാവർത്തികമാക്കാൻ സാധിക്കയില്ലെങ്കിലും ഭക്തിമാർഗ്ഗം എല്ലാവർക്കും സ്വീകരിക്കാവുന്നതാണെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

''എന്നിൽ മനസ്സിനെ ഉറപ്പിച്ചവനായും എന്നിൽ ഭക്തിയുള്ളവനായും (*മന്മനാ ഭവ മദ്ഭക്തോ*) എനിക്കുവേണ്ടി യജിക്കുന്നവനായും നീ ഭവിച്ചാലും........എന്നെത്തന്നെ നീ പ്രാപിക്കും'' (*ഗീത. IX 34*).

www.malankaralibrary.com



''എന്നിൽത്തന്നെ മനസ്സിനെ നീ വയ്ക്കുക....ദേഹനാശം വന്നശേഷം എന്നിൽത്തന്നെ നീ നിവസിക്കും'' (*ഗീത. XII–8*).

മുറിയാത്ത തൈലധാരപോലെ എപ്പോഴാണോ ധ്യേയ വിഷയം ധാരണയിൽ നിറയുകയാൽ വേറൊന്നിനെയുമറി യാതെയിരിക്കുന്നത്ഇ അതുതന്നെയാണ് സമാധിയെന്ന് വ്യാസൻ പറയുന്നു. ഭഗവാൻ തന്നെയാണ് ഭക്തൻെറ ധ്യേയ വിഷയം.

ഇനിയും ക്രിസ്തീയതയിൽ ഭക്തിക്കുള്ള സ്ഥാനമെന്താ ണെന്നു നോക്കാം.

സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''അവിടുന്ന് ചെയ്ത എല്ലാ കാര്യങ്ങളെയും പററി ഞാൻ ധ്യാനിക്കുന്നു. അവിടുത്തെ ശക്തമായ പ്രവൃത്തികളെക്കുറിച്ച് ഞാൻ ചിന്തി ക്കുന്നു. ഉണങ്ങിവരണ്ട നിലംപോലെ എൻെറ ഹൃദയം അങ്ങേയ്ക്കായി ദാഹിക്കുന്നു'' (*സങ്കീ. 143:5*).

ഏശയ്യാ പ്രവാചകൻ ഇപ്രകാരം ഉദ്ഘോഷിക്കുന്നു: ''ദൈവത്തിൽ ആശ്രയിക്കുന്നവൻ ശക്തിപ്രാപിക്കും. അവൻ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും'' (*ഏശയ്യാ. 40:30*).

''ഓരോ പ്രവൃത്തിയും ചെയ്യുമ്പോഠം ജീവിതാന്ത്യത്തെ പ്പററി ഓർക്കണം. എന്നാൽ നീ പാപം ചെയ്യുകയില്ല'' (*പ്രഭ. 7:36*).

''നിങ്ങഠം ആദ്യം അവിടുത്തെ (*ദൈവത്തിൻെറ*) രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മററുള്ള വയെല്ലാം നിങ്ങഠംക്കു ലഭിക്കും'' (*മത്താ. 6;33*).

''നീ നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയ ത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കല്പന'' (*മത്താ. 22:37*).

''ദൈവം ആത്മാവാകുന്നു. അവിടുത്തെ ആരാധിക്കുന്ന വർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്ഇ''. (*യോഹ. 4:24*).

''നിങ്ങഠം ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറെറന്തെങ്കി ലും പ്രവർത്തിക്കുകയോ ചെയ്യുമ്പോഠം അവയെല്ലാം ദൈവമഹ ത്വത്തിനായി ചെയ്യുവിൻ'' (*കൊറി. 10;31; കൊളോ. 3;17*).

ഈ വാക്യവും ഗീത IX – 27–ൽ പറഞ്ഞിരിക്കുന്നതും ഏതാണ്ട് ഒരുപോലെയാണ്.

www.malankaralibrary.com



## ജ്ഞാനമാർഗ്ഗം

ജ്ഞാനമെന്നു പറയുന്നത് ജീവനും ആത്മാവും തമ്മിൽ ഭേദമില്ലെന്നും ഈ ആത്മാവുതന്നെയാണ് ബ്രഹ്മം എന്നും അറിയുന്നതാണ്. ഈ അറിവില്ലാതെയിരിക്കുന്നതു് അവിദ്യ മൂലമാണ്. അദ്വൈത സിദ്ധാന്തപ്രകാരം ബ്രഹ്മൻ മാത്രമേയുള്ളു. അവിടെ ഭക്തൻ ഭഗവാൻ എന്ന തരത്തിലുള്ള സമീപനമില്ല; അവിടെ ഉപാസനയ്ക്കു് സ്ഥാനമില്ല.

''ഏതൊരു പരമസത്തയിലാണോ സ്വർലോക-ഭൂലോക അന്തരീക്ഷങ്ങളും മനസ്സും സർവ ജീവശ്വാസങ്ങളും നെയ്തു് ഉറപ്പിച്ചിരിക്കുന്നതു് ആ ഏക പരമ പുരുഷനെ, വത്സാ നീ അറിയണം.... ഇതാണ് അമൃതത്വത്തിലേയ്ക്കു് (*നിത്യജീവനിലേക്ക്*) കടക്കാനുള്ള പാലം'' (*മുണ്ഡക. ഉ. 2:2–5*).

''ബ്രഹ്മത്തെ അറിയുന്നവൻ ബ്രഹ്മമായിത്തീരുന്നു. (*ബ്രഹ്മവേദ ബ്രഹ്മൈവ ഭവതി*) (*മുണ്ഡക. ഉ. 3:2–9*).

ഒരുവന്റെ യഥാർത്ഥ സ്വരൂപം ഈശ്വരന്റേതാണെന്നു് (*ബ്രഹ്മത്തിന്റെ*) ബോധ്യമാകുമ്പോൾ, അഹം ബ്രഹ്മാസ്മി-ഞാൻ ബ്രഹ്മമാകുന്നു എന്നു പറയുവാൻ സാധിക്കും.

''ജ്ഞാനമാകുന്ന തോണികൊണ്ടുതന്നെ എല്ലാ പാപത്തെയും നീ കടക്കും'' (*ഗീത. IV—36*).

''ജ്ഞാനികൾ........ബ്രാഹ്മണനിലും പശുവിലും ആനയിലും നായിലും നായിറച്ചി ഭക്ഷിക്കുന്നവനിലും (*ബ്രഹ്മസത്യത്തെ*) ഒരുപോലെ കാണുന്നു'' (*ഗീത. 5—18*).

''അനേകം ജന്മങ്ങളുടെ ഒടുവിൽ ജ്ഞാനി, എല്ലാം വാസുദേവൻതന്നെ എന്നറിഞ്ഞിട്ടു് എന്നെ പ്രാപിക്കുന്നു. ആ മഹാത്മാവു വളരെ ദുർല്ലഭമാണ്''. (*ഗീത. VII—19*)

ശ്വേതാശ്വതര ഉപനിഷത്തിൽ അല്പം വ്യത്യസ്തമായിട്ടാണ് പറഞ്ഞിരിക്കുന്നതു്. ''വല വിരിച്ചുകൊണ്ടു് (*അത്ഭുത ശക്തിയുള്ളവനായി*) ഏകനായി നില്ക്കുന്ന ആ ഈശ്വരൻ സ്വശക്തിയാൽ പ്രതാപപൂർവ്വം വാഴുന്നു. സർവ്വ ലോകങ്ങളെയും സ്വശക്തിയാൽ അവിടുന്നു ഭരിക്കുന്നു. മററുള്ളവയുടെയെല്ലാം ഉത്ഭവ വൃദ്ധിക്ഷയങ്ങൾക്കു് അധിഷ്ഠാനമായി നിലകൊള്ളുന്നതു്, അക്ഷയനായ ആ ഏക പുരുഷൻ തന്നെ. ഈ സത്യം ഗ്രഹിക്കുന്നവർ അമർത്ത്യരായിത്തീരും'' (*ശ്വേതാശ്വ. ഉ. III—1*). ഇവിടെ ദ്വൈതമുണ്ടു്

www.malankaralibrary.com



"ഈശ്വരന്മാരുടെയെല്ലാം പരമേശ്വരനും, ദേവന്മാരുടെയെല്ലാം പരമദേവനും, നാഥന്മാരുടെയെല്ലാം അധിനാഥനും പരംപൊരുളും ഭുവനേശ്വരനും സമാരാധ്യനുമായ ആ ദൈവത്തെ നമ്മൾ അറിയണം" (*ശ്വേതാശ്വ. ഉ. VI—7*).

മേൽപറഞ്ഞ മൂന്നു മാർഗ്ഗങ്ങളിൽ കർമ്മഫലത്യാഗത്തിനാണ് ഭഗവദ്ഗീത XII-ാം അദ്ധ്യായത്തിൽ കൂടുതൽ ശ്രേഷ്ഠത കല്പിച്ചിരിക്കുന്നത്.

"അഭ്യാസത്തേക്കാൾ ജ്ഞാനം ശ്രേയസ്കരമാണ്. ജ്ഞാനത്തേക്കാൾ ധ്യാനം വിശേഷമാണ്. ധ്യാനത്തേക്കാൾ കർമ്മഫലത്യാഗം നല്ലതാണ്. ത്യാഗത്തിനുശേഷം ശാന്തിയുണ്ടാകുന്നു" (*ഗീത XII-12*).

ബൈബിളിൽ ജ്ഞാനത്തെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (*സുഭാഷിതം 1:7*).

"കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (*പ്രഭാഷ. 1:1 ; സങ്കീ. 111:10*).

"എല്ലാ ജ്ഞാനവും ദൈവ ഭക്തിയിൽ അടങ്ങുന്നു" (*പ്രഭ. 19:20*).

"ശിക്ഷണത്തോടുള്ള ആത്മാർത്ഥമായ അഭിലാഷമാണ് ജ്ഞാനത്തിന്റെ ആരംഭം: ശിക്ഷണത്തെ സ്നേഹിക്കുന്നവൻ ജ്ഞാനത്തെ സ്നേഹിക്കുന്നു" (*ജ്ഞാനം. 6:17*).

"നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അവനു് അതു ലഭിക്കും" (*യാക്കോ. 1:5*).

"അങ്ങു് ജ്ഞാനത്തെയും അങ്ങയുടെ പരിശുദ്ധാത്മാവിനെയും ഉന്നതത്തിൽനിന്നു നല്കിയില്ലെങ്കിൽ, അങ്ങയുടെ ഹിതം ആരറിയും"? (*ജ്ഞാനം. 9:6-17*).

"ഇസ്രായേലെ. നീ ശത്രുരാജ്യത്ത് അകപ്പെട്ടാൻ എന്താണ് കാരണം?....ജ്ഞാനത്തിന്റെ ഉറവിടം നീ പരിത്യജിച്ചു. ദൈവത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചിരുന്നെങ്കിൽ നീ എന്നേക്കും സമാധാനത്തിൽ വസിക്കുമായിരുന്നു" (*ബാറൂക്ക്. 3:10-14*).

"ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ" (*യോഹ. 17:3*).

www.malankaralibrary.com



"നാം അവൻെറ കല്പനകൾ പാലിക്കുന്നെങ്കിൽ അതിൽ നിന്നു് നാം അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം. ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവൻെറ കല്പനകൾ പാലിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളം പറയുന്നു" (*1 യോഹ. 2:3-4; 1 യോഹ. 4:7*).

മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നും ഒരു യഥാർത്ഥ ജ്ഞാനി ദൈവത്തിൽ വിശ്വസിക്കുകയും ദൈവത്തിനു വിധേയമായി എപ്പോഴും ജീവിക്കുന്നവനുമായിരിക്കും. ആഴമായ ദൈവ വിശ്വാസമാണു് അടിസ്ഥാനം. "ദൈവമില്ല എന്നു് മൂഢൻ തൻെറ ഹൃദയത്തിൽ പറയുന്നു" (*സങ്കീ. 14:1*).

"ലോക സൃഷ്ടിമുതൽ ദൈവത്തിൻെറ അദൃശ്യപ്രകൃതി, അതായതു് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ട വസ്തുക്കളിലൂടെ സുസ്പഷ്ടമായി ബോധ്യപ്പെട്ടിട്ടുള്ളതാണു്. അതു കൊണ്ടു് അവർക്കു് ഒഴികഴിവില്ല. അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്വപ്പെടുത്തുകയോ അവിടുത്തേക്കു് നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല. മറിച്ചു്, അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടുപോവുകയും ചെയ്തു. ബുദ്ധിമാന്മാരാണെന്നു് അവകാശപ്പെട്ടുകൊണ്ടു് അവർ ഭോഷന്മാരായിത്തീർന്നു. അവർ അമർത്യനായ ദൈവത്തിൻെറ മഹത്വം മർത്യനായ മനുഷ്യൻെറയോ പക്ഷികളുടെയോ മൃഗങ്ങളുടെയോ ഇഴജന്തുക്കളുടെയോ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്കു കൈമാറി........അവർ സ്രഷ്ടാവിലുപരി സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു" (*റോമാ. 1:20-25*).

വിവേകവതികളും വിവേകരഹിതകളുമായ കന്യകമാരുടെ ഉപമ വി. മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 1 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ കൊടുത്തിട്ടുണ്ടു്.

ചെയ്തുപോയ പാപങ്ങൾക്കു് മോചനം പ്രാപിക്കാനുള്ള ഒരു മാർഗ്ഗം ഹിന്ദുമതത്തിൽ കാണുന്നില്ല. പാപം പ്രകൃതിയെ മാത്രമേ ബാധിക്കുകയുള്ളു, ആത്മാവിനെ ബാധിക്കുകയില്ല എന്നു പറയപ്പെടുന്നു. പാപം ആത്മാവിനെ ബാധിക്കുകയില്ലെങ്കിൽ, ആത്മാവു് എങ്ങനെ പ്രകൃതിയുമായി ബന്ധിക്കപ്പെടുന്നു എന്നുള്ള ചോദ്യത്തിനു് ശരിയായിട്ടുള്ള ഉത്തരം നല്കുന്നില്ല. പുനർജന്മം പാപത്തിൻെറ ഫലമാണെന്നു് പറയ

www.malankaralibrary.com



പ്പെടുന്നു. മനുഷ്യനു് പൂർവ്വജന്മത്തിലുള്ള കർമ്മങ്ങളെപ്പററിയോ അനുഭവങ്ങളെപ്പററിയോ യാതൊരു ഓർമ്മയുമില്ല. ഏതു പാപാവസ്ഥയിലായാലും ജ്ഞാനംകൊണ്ടു് മുക്തിയെ പ്രാപിക്കുന്നു. പാപം എന്താണു് എന്നുള്ളതിനെപ്പററിയും ഒരു ഏകാഭിപ്രായം ഹിന്ദുമത ദർശനങ്ങളിൽ കാണുന്നില്ല. അജ്ഞതയാണു് പാപം എന്നു പറയുന്നു.

## മോക്ഷം ക്രിസ്തുമതപ്രകാരം

ക്രിസ്തുമതപ്രകാരം മോക്ഷം പ്രാപിക്കുക എന്നുപറഞ്ഞാൽ, പാപത്തിൽ നിന്നും മോചിക്കപ്പെട്ടു്, സാത്താൻെറ അടിമത്തത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചു്, മരണാനന്തരം ദൈവവുമായുള്ള സ്നേഹസംസർഗ്ഗത്തിൽ വസിക്കുക എന്നാണു്. ആത്മാവും ശരീരവും കൂടിയതാണു് മനുഷ്യൻ.

പാപികളെ രക്ഷിക്കാൻ വേണ്ടിയാണു് യേശുക്രിസ്തു വന്നതു്. "എല്ലാവരും പാപം ചെയ്തു് ദൈവമഹത്വത്തിനു് അയോഗ്യരായി" (*റോമ. 3:23*). "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിൻെറ അറിവിലേക്കെത്തിച്ചേരണമെന്നു മാണു് അവിടുന്നാഗ്രഹിക്കുന്നതു്. എന്തെന്നാൽ ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളു—മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നല്കി" (*1 തിമോ. 2:4-6*). "അവൻ നമ്മുടെ പാപങ്ങൾക്കു് പരിഹാരബലിയാകുന്നു. നമ്മുടെ മാത്രമല്ല ലോകംമുഴുവൻെറയും പാപങ്ങൾക്കു്" (*1 യോഹ. 2:2*).

യേശുക്രിസ്തു, സാത്താൻെറ അടിമത്തത്തിൽനിന്നു് എല്ലാവരെയും മോചിപ്പിച്ചു് സ്വർഗ്ഗത്തിനുള്ള മാർഗ്ഗം കാണിച്ചുതന്നു.

വ്യക്തിപരമായ രീതിയിൽ പാപമോചനം എങ്ങനെ പ്രാപിക്കും? പാപമോചനത്തിനു് പശ്ചാത്താപം അത്യാവശ്യമാണു്. യേശുക്രിസ്തു പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ, ജനങ്ങളെ പശ്ചാത്താപത്തിലേക്കു് ആഹ്വാനം ചെയ്തുകൊണ്ടാണു്. "അപ്പോൾ മുതൽ യേശു പ്രസംഗിക്കുവാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (*മത്താ. 4:17*).

"അവൻ പറഞ്ഞു: സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ചു് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (*മർക്കോ. 1:15*).

www.malankaralibrary.com



"പശ്ചാത്തപിക്കുകയില്ലെങ്കിൽ നിങ്ങളെല്ലാവരും അതു പോലെ നശിക്കും" (*ലൂക്കാ. 13:3*).

പെന്തിക്കോസ്തി ദിവസം പത്രോസിന്റെ പ്രസംഗം കേട്ടവർ പത്രോസിനോടു ചോദിച്ചു: ഞങ്ങൾ എന്താണ് ചെയ്യേണ്ടതു്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. "പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുവിൻ" (*അപ്പ. പ്ര. 2:37-38*).

"നിന്നെ അനുതാപത്തിലേക്ക് നയിക്കുകയാണ് ദൈവത്തിന്റെ ദയയുടെ ലക്ഷ്യം" (*റോമ. 2:4*).

ഹിന്ദുമതതത്ത്വങ്ങളിൽ പശ്ചാത്താപത്തിന്റെ ആവശ്യകതയെപ്പററി ഒന്നും പറഞ്ഞു കാണുന്നില്ല.

യേശു പറഞ്ഞു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ പാലിക്കും" (*യോഹ. 14:15; മത്താ. 19:16-22*).

പരസ്നേഹപ്രവൃത്തികൾ ചെയ്യണം (*മത്താ. 25:34-46*).

വി. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തുചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ടു് അവന്റെ നാമത്തിൽ ചെയ്യുവിൻ" (*കൊളോ 3:17*).

"ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്നു് പ്രതിഫലം നല്കും. സൽക്കർമ്മത്തിൽ സ്ഥിരതയോടെ നിന്നു് മഹത്വവും ബഹുമാനവും അക്ഷയത്വവും അന്വേഷിക്കുന്നവർക്കു് അവിടുന്നു് നിത്യജീവൻ പ്രദാനം ചെയ്യും" (*റോമ. 2:6-7*).

വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "ഞാൻ നല്ലൊരു സമരം ചെയ്തു; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു സൂക്ഷിച്ചു. എനിക്കായി നീതിയുടെ കിരീടം നീക്കി വയ്ക്കപ്പെട്ടിരിക്കുന്നു"

## ഇന്ദ്രിയ നിയന്ത്രണം

ഇന്ദ്രിയ നിയന്ത്രണത്തിനു് രണ്ടു മതങ്ങളിലും പ്രാധാന്യം കല്പിക്കുന്നുണ്ടു്.

www.malankaralibrary.com


വേദാന്തികളുടെ സാധനക്രമം പറയുമ്പോൾ, ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്ന ആറു ഗുണങ്ങളേപ്പററി പറയാറുണ്ട്. യോഗികളുടെ അഷ്ടാംഗ മാർഗ്ഗം പറയുമ്പോൾ, യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി, എന്നിവയെപ്പററി പറയാറുണ്ട്. അന്തരിന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ ബാഹ്യേന്ദ്രിയങ്ങളെ നിയന്ത്രിക്കണം. ഇവിടെ ശരീര മനസ്സുകളുടെ ശിക്ഷണത്തിനു ഊന്നൽ നൽകുന്നു.

യോഗ എന്നു വച്ചാൽ ചിത്തവൃത്തി നിരോധനം എന്നു പറയപ്പെടുന്നു—"യോഗശ്ചിത്തവൃത്തി നിരോധഃ".

കഠോപനിഷത്തിൽ ഇപ്രകാരം പറയുന്നു: "മനുഷ്യനു് ഇന്ദ്രിയസുഖം നൽകുന്ന വസ്തുക്കളെല്ലാം നാളെവരെമാത്രം നിലനില്ക്കുന്നവയാണു്.......പണ്ഡിതന്മാരെന്നു സ്വയം ഭാവിക്കുന്ന മൂഢന്മാരാണു് ലോകസുഖങ്ങളിൽ പരിപൂർണ്ണ സംതൃപ്തി കണ്ടെത്താമെന്നു് വ്യാമോഹിക്കുന്നതു്" *(കഠ. ഉ. 1 : 1, 2, 6)*.

ക്രിസ്തുമത പ്രബോധനമനുസരിച്ച് ഇന്ദ്രിയങ്ങളെ നിരോധിക്കുകയോ നിശ്ചലമാക്കുകയോ അല്ല വേണ്ടതു്—പിന്നെയോ അവയെ നിയന്ത്രിക്കുകയും ശരിയായ രീതിയിൽ തിരിച്ചുവിടുകയും ആണു് വേണ്ടതു്.

വി. പൗലോസ് ശ്ലീഹാ പറയുന്നു: "നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാകുന്നുവെന്നും യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാകുന്നുവെന്നും കരുതുവിൻ. അതുകൊണ്ടു് ശരീരത്തിന്റെ ദുരാശകൾ നിങ്ങളെ കീഴ്പ്പെടുത്തുവാൻ തക്കവിധം പാപം നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ഉപകരണങ്ങളായി പാപത്തിനു് സമപ്പിക്കരുതു്". *(റോമ. 6 : 11–13)*.

"സഹോദരരേ സ്വാതന്ത്ര്യത്തിലേയ്ക്കാണു് നിങ്ങൾ വിളിയ്ക്കപ്പെട്ടിരിക്കുന്നതു്; ഭൗമികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം" *(ഗലാ. 5 : 13)*.

"ഭൗതികമായി ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിക്കും" *(റോമ. 8 : 13)*.

"നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു് പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം ബോധപൂർവ്വകമായ നിങ്ങളുടെ ആരാധന

www.malankaralibrary.com



നിങ്ങഠം ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത നിങ്ങളുടെ മനസ്സിൻെറ നവീകരണംവഴി രൂപാന്തരപ്പെടുവിൻ'' (*റോമ. 12:1_2*)

## ദൈവാനുഗ്രഹത്തിൻെറ ആവശ്യം

പാപത്തിൽ വീഴാതിരിക്കുന്നതിനും പുണ്യത്തിൽ വളരുന്നതിനും ദൈവസഹായം (*പ്രസാദവരം*) ആവശ്യമാണ്, യേശു പറഞ്ഞു: ''എന്നെ കൂടാതെ നിങ്ങഠംക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല'' (*യോഹ. 15:5*).

''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാഠം എളുപ്പം ഒട്ടകം സൂചിക്കുഴലിലൂടെ കടന്നുപോകുന്നതാണ്. ശിഷ്യന്മാർ ഇതുകേട്ട് വിസ്മയഭരിതരായി അവനോടു ചോദിച്ചു: അങ്ങനെയെങ്കിൽ രക്ഷപെടുവാൻ ആർക്കു കഴിയും? യേശു അവരെ നോക്കി പറഞ്ഞു: മനുഷ്യക്ക് ഇതു് അസാദ്ധ്യമാണ്; എന്നാൽ ദൈവത്തിനു് എല്ലാം സാദ്ധ്യമാണ്'' (*മത്താ. 19:24_26*).

''ചോദിക്കുവിൻ, നിങ്ങഠംക്കു ലഭിക്കും; അന്വേഷിപ്പിൻ, നിങ്ങഠം കണ്ടെത്തും; മുട്ടുവിൻ, നിങ്ങഠംക്കു തുറന്നുകിട്ടും'' (*മത്താ. 7:7*).

''മക്കഠംക്ക് നല്ല വസ്തുക്കഠം കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങഠം അറിയുന്നുവെങ്കിൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നൽകാതിരിക്കയില്ല'' (*മത്താ. 7:11*).

''കൃപയാൽ നിങ്ങഠം രക്ഷിക്കപ്പെട്ടു.......വിശ്വാസംവഴി കൃപയാലാണ് നിങ്ങഠം രക്ഷിക്കപ്പെട്ടതു്; അതു നിങ്ങഠം നേടിയെടുത്തതല്ല; ദൈവത്തിൻെറ ദാനമാണ്'' (*എഫേ. 2:5, 8*). എന്നാൽ ഹിന്ദുമത ദർശനങ്ങളിൽ പ്രത്യേകിച്ച് യോഗദർശനത്തിലും അദ്വൈതത്തിലും ദൈവസഹായത്തിൻെറ ആവശ്യകതയെപ്പററി ഒന്നും പറയുന്നില്ല. ''കത്തിച്ച വിളക്കുകൊണ്ട് എന്നപോലെ സ്വന്തം ആത്മതത്ത്വംകൊണ്ട് യോഗി ബ്രഹ്മതത്ത്വത്തെ പരമാത്മാവിനെ ദർശിക്കുന്നു.......ആ വിജ്ഞാനി സർവ്വ ബന്ധനങ്ങളിലുംനിന്നു് സ്വതന്ത്രനാകുകയും ചെയ്യുന്നു'' (*ശ്വേതാ. ഉ. II—15*). അദ്വൈതപ്രകാരം, ബന്ധനകാരണം അജ്ഞാനമാണ്. ജ്ഞാനോദയം ഉണ്ടാകുമ്പോഠം താൻ ബ്രഹ്മമാണെന്നുള്ള ബോധം ഉണ്ടാകും.

www.malankaralibrary.com



വി. പൗലോസ് ശ്ലീഹാ പറയുന്നു: "ഭയത്തോടും വിറയലോടുംകൂടി നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കുവിൻ. എന്തെന്നാൽ, തൻെറ തിരുവിഷ്ടമനുസരിച്ച് ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നതു് ദൈവമാണു്" (*ഫിലി. 2:12–13*).

## മരണാനന്തരജീവിതം

മരണശേഷം ആത്മാവ് പിതൃലോകത്തെ പ്രാപിക്കുന്നു എന്നുള്ള വിശ്വാസമാണു് ഋഗ്വേദത്തിൽ കാണുന്നതു്. വേദങ്ങളിൽ പുനർജന്മത്തെപ്പററിയുള്ള വിശ്വാസം ഉള്ളതായി കാണുന്നില്ല. ഉപനിഷത്തുകളിലും പുരാണങ്ങളിലും പുനർജന്മവിശ്വാസമുണ്ടു്. ഭഗവദ്ഗീതയിലും പുനർജന്മവിശ്വാസം ഉണ്ടു്.

ക്രിസ്തുമതം പുനർജന്മത്തിൽ വിശ്വസിക്കുന്നില്ല; പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നു. "അപ്പോൾ നന്മ ചെയ്തവർ ജീവൻെറ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും" (*യോഹ. 5:29*).

യേശു പറഞ്ഞു: "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്ന ഇടത്തു് നിങ്ങളും ആയിരിക്കേണ്ടതിനു് ഞാൻ വീണ്ടും വന്നു് നിങ്ങളെയും കൂട്ടിക്കൊണ്ടു് പോകും" (*യോഹ. 14:3*).

## ദൈവദർശനം

ഒരു ഭക്തൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "സത്യത്തിൻെറ മുഖം സ്വർണ്ണമയമായ പാത്രംകൊണ്ടു് മൂടപ്പെട്ടിരിക്കുന്നു. അല്ലയോ പൂഷൻ (*ലോക പോഷകനായ സൂര്യദേവാ*) അവിടുത്തെ മുഖത്തിൻെറ മൂടി മാററിത്തരണമേ. സത്യത്തെയും ധർമ്മത്തെയും സ്നേഹിക്കുന്ന ഞാൻ അവിടുത്തെ മുഖം ദർശിക്കുന്നതിനുവേണ്ടിയാണിതു്" (*ഈശാ. ഉ. 15-ാം ശ്ലോകം*). ഈശ്വരദർശനത്തിനുവേണ്ടിയുള്ള മനുഷ്യൻെറ നൈസർഗ്ഗികമായ അഭിവാഞ്ഛയാണു് ഇവിടെ പ്രകടമാക്കിയിരിക്കുന്നതു്.

ശ്രീകൃഷ്ണൻ അർജ്ജുനനു്, തൻെറ വിശ്വരൂപം കാണിച്ചുകൊടുത്തു. അർജ്ജുനൻ അതു കണ്ടു ഭയന്നു വിറച്ചുപോയി. "അല്ലയോ ഭഗവൻ.......വളരെ വയറുകൾ ഉള്ളതും അനവധി ദംഷ്ട്രങ്ങൾകൊണ്ടു് ഭയങ്കരമായതും ആയ അങ്ങയുടെ മഹത്തായ രൂപത്തെ കണ്ടിട്ടു് ലോകങ്ങൾ വിറയോടുകൂടിയവയായി ഭവി

www.malankaralibrary.com



കന്നു. അതുപോലെ ഞാനും........പിളർന്ന വായ്കളോടു കൂടിയവനും.....—ആയ അങ്ങയെ കണ്ടിട്ട് ഭയന്നുവിറയ്ക്കുന്ന അന്തരാത്മാവോടു കൂടിയവനായിട്ട് ധൈര്യത്തെയും മനസ്സടക്കത്തെയും (*ശമം*) ഞാൻ പ്രാപിക്കുന്നില്ല'' (*ഗീത. XI—23-24*). അതിനുശേഷം സ്വന്തമായ രൂപത്തെ വീണ്ടും കാണിച്ചു. അർജ്ജുനൻ പറഞ്ഞു: സൗമ്യമായ ഈ മനുഷ്യരൂപത്തെ കണ്ടിട്ട് ഇപ്പോൾ ഞാൻ സ്വസ്ഥചിത്തനും സ്വഭാവത്തെ പ്രാപിച്ചവനുമായി തീർന്നിരിക്കുന്നു'' (*ഗീത. XI—51*).

എന്നാൽ യേശുവിന്റെ രൂപാന്തരീകരണം ദർശിച്ച മൂന്നു ശ്ലീഹന്മാർ ആത്മീയമായ ആനന്ദത്തിൽ നിമഗ്നരായി, അതിൽ ലയിച്ചുപോയി. ''യേശു, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേയ്ക്ക് പോയി. അവൻ അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു. അവന്റെ വസ്ത്രങ്ങൾ പ്രകാശംപോലെ ധവളമായി. മോശയും ഏലിയായും അവനോടു സംസാരിക്കുന്നതായി അവർ കണ്ടു. പത്രോസ് യേശുവിനോട് പറഞ്ഞു: ''കർത്താവേ, നാം ഇവിടെയിരിക്കുന്നത് നല്ലതാണ്. നിനക്കു സമ്മതമാണെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം........ ഒന്ന് നിനക്ക്, ഒന്ന് മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇതാ, ശോഭയേറിയ ഒരു മേഘംവന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്നും ഇങ്ങനെയൊരു സ്വരമുണ്ടായി; ഇവൻ എനിക്ക് പ്രിയമുള്ള എന്റെ വത്സലപുത്രനാകുന്നു. ഇവനെ ശ്രവിക്കുവിൻ. ഇതു കേട്ട ക്ഷണത്തിൽ ശിഷ്യന്മാർ കമിഴ്ന്നുവീണു; അവർ ഭയവിഹ്വലരായി. യേശു സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു: എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ടാ'' (*മത്താ. 17 : 1-7*). വി. പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ''ഞങ്ങൾ അവന്റെ ശക്തിപ്രഭാവത്തിന്റെ ദൃക്സാക്ഷികൾ.......'' (*2 പത്രോസ് 1 : 16-18*).

സ്വർഗ്ഗത്തിൽ അവർക്ക് ലഭിക്കുവാനിരുന്ന ദൈവ ദർശനത്തിന്റെ ഒരു മുൻ ആസ്വാദനമായിരുന്നു അത്.

വി. പൗലോസ് ശ്ലീഹാ പറയുന്നു: ''ഇപ്പോൾ നമ്മൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു, അപ്പോഴാകട്ടെ മുഖത്തോടുമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും'' (*1 കൊറി. 13:12*).

www.malankaralibrary.com



## പ്രജാപതിയാഗവും കുരിശിലെ യാഗവും

ഋഗ്വേദത്തിൽ പറയുന്ന പ്രജാപതിയാഗവും യേശുക്രിസ്തുവിൻെറ കുരിശിലെ യാഗവും ഒന്നാണെന്നു് സമർത്ഥിക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ടു്. ചില സാദൃശ്യങ്ങൾ ഉണ്ടെങ്കിലും അടിസ്ഥാനപരമായി അവ രണ്ടും വ്യത്യസ്തങ്ങളാണെന്നു് സൂക്ഷ്മ പരിശോധനയിൽ വ്യക്തമാകും.

ഋഗ്വേദം 10-ാം മണ്ഡലം 90-ാം സൂക്തം 7-ാം പദ്യത്തിൻെറ അർത്ഥം ഇപ്രകാരമാണു്: "സൃഷ്ടിസാധന യോഗ്യരായി പ്രജാപതി പ്രഭൃതികളായ സാദ്ധ്യന്മാരെന്ന ദേവന്മാരും അവർക്കനുകൂലന്മാരായ, മന്ത്രദ്രഷ്ടാക്കളായ ഋഷികളും, എല്ലാ സൃഷ്ടികൾക്കും മുമ്പു് പുരുഷത്വത്തോടുകൂടി സ്വയമുല്പന്നമായി (പുരുഷജാതമഗ്രതഃ). യജ്ഞസ്വരൂപനായ അവിടുത്തെ പശുത്വം സങ്കല്പിച്ചു് യൂപ ബന്ധനാക്കി, മാനസയജ്ഞത്തിൽ അവിടുത്തെ പ്രോക്ഷിച്ചു്, വെള്ളം തളിച്ചു. ആ ദേവന്മാർ പുരുഷരൂപനായ പശുവിനെക്കൊണ്ടു് മാനസമായി യാഗം ചെയ്തു." (*ഋക്* *10-90-7*).

"സർവ്വാത്മകനായ പുരുഷൻ യാതൊരു യജ്ഞത്തിൽ ഹോമിക്കപ്പെട്ടുവോ, അപ്രകാരമുള്ള മാനസയജ്ഞത്തിൽനിന്നു് തൈർ കലർന്ന നെയ്യ് ലബ്ധമായി. പിന്നെ, വായുദേവരക്ഷിതങ്ങളായ മാൻ മുതലായ വന്യമൃഗങ്ങളെ സൃഷ്ടിച്ചു. അതിനുശേഷം പശു, കുതിര മുതലായ ഗ്രാമമൃഗങ്ങളേവയോ, അവയെ സൃഷ്ടിച്ചു" (*ഋക്. 10-90-8*).

".......യാതൊരു പുരുഷൻ രജസ്സുബാധിക്കാത്തവനാണോ, ബ്രഹ്മസ്വരൂപനാണോ, ആ പുരുഷനെയാണു് പ്രജാപതി പ്രാണേന്ദ്രിയ രൂപന്മാരായ ദേവന്മാർ മാനസയജ്ഞമനുഷ്ഠിക്കുന്നവരായി പശുത്വം സങ്കല്പിച്ചു് ബന്ധിച്ചതു്" (*ഋക്. 10-90-15*).

"ഹിരണ്മയമായ അണ്ഡം ഗർഭത്തിലുള്ളവൻ, ഹിരണ്യഗർഭനെന്ന പ്രജാപതി പ്രപഞ്ചോല്പത്തിക്കുമുമ്പേ പരമാത്മാവിൽ നിന്നു ജനിച്ചു. അവിടുന്നു് ജനിച്ച ഉടനേതന്നെ വികാരജാതമായ ബ്രഹ്മാണ്ഡാദി സർവജഗത്തിനും ഏകനായ ഈശ്വരനായി" (*ഋക്. 10-121-1*).

ഇവിടെ മാനസയജ്ഞത്തെപ്പററിയാണു് പറഞ്ഞിരിക്കുന്നതു്. സാദ്ധ്യന്മാരായ ദേവന്മാരും ഋഷികളും പ്രജാപതിയെ ബലിമൃഗമായി സങ്കല്പിച്ചു്, യൂപബന്ധനാക്കി, മാനസയജ്ഞത്തിൽ പ്രോക്ഷിച്ചു്, മാനസമായ യാഗം ചെയ്തു എന്നാണു് പറഞ്ഞിരിക്കുന്നതു്.

www.malankaralibrary.com



യേശുക്രിസ്തുവിൻെറ കുരിശിലെ യാഗം വെറും സാങ്കല്പികമോ മാനസികമോ ആയ ഒന്നായിരുന്നില്ല. പിന്നെയോ, അതു് ശാരീരികമായി രക്തം ചിന്തിയുള്ള യാഗമായിരുന്നു. യേശുവിനെ കുരിശിൽ തറച്ചതു് ഒരു യാഗമായിട്ടല്ല, ഒരു ശിക്ഷയായിട്ടായിരുന്നു. തൻെറ ശത്രുക്കളാണു് തന്നെ കുരിശിൽ തറച്ചതെങ്കിലും യേശു സ്വയം ബലിയായി അർപ്പിക്കുകയായിരുന്നു. ദൈവത്തിൽനിന്നുമാണു് അതിൻെറ ആരംഭം, അല്ലാതെ മനുഷ്യരിൽ നിന്നുമല്ല. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തൻെറ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (*യോഹ. 3:16*).

"തന്നെത്തന്നെ ശൂന്യമാക്കിക്കൊണ്ടു് ദാസൻെറ രൂപം സ്വീകരിച്ചു് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ— അതേ കുരിശുമരണം വരെ—അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (*ഫിലി. 2:7–8*).

ദേവന്മാരും ഋഷിമാരും പ്രജാപതിയെ മാനസമായി യാഗം ചെയ്തതു്, ധ്യാനാത്മകമായി നല്ല ഉദ്ദേശത്തോടുകൂടിയായിരുന്നു എന്നു വേണം കരുതുവാൻ, അല്ലാതെ യേശുവിനെ ക്രൂശിച്ചതുപോലെ ശത്രുതാമനോഭാവത്തോടുകൂടിയായിരുന്നില്ല. പ്രജാപതിയെ മാനസമായി യാഗം ചെയ്തപ്പോൾ, അതിൽ പ്രജാപതിയുടെ പ്രതികരണം എന്തായിരുന്നു എന്നറിയുവാൻ നിവൃത്തിയില്ല.

യേശുവിനെ യൂപ ബന്ധനാക്കുകയോ തൻെറ മേൽ വെള്ളം തളിക്കുകയോ ചെയ്തില്ല. പീലാത്തോസ് വെള്ളംകൊണ്ടു് സ്വന്തം കൈകൾ കഴുകി. യേശുവിനെ കുരിശിൽ തറച്ചു വധിച്ചു എങ്കിലും മൂന്നാം ദിവസം ഉയിർത്തെഴുന്നേററു.

പുരുഷൻ ഹോമിക്കപ്പെട്ട മാനസയജ്ഞത്തിൽനിന്നു് തൈർ കലർന്ന നെയ്യ് ലബ്ധമായി എന്നാണു് പറഞ്ഞിരിക്കുന്നതു്. യജ്ഞം മാനസമാകുമ്പോൾ നെയ്യും അപ്രകാരം സാങ്കല്പികമായിരിക്കണമല്ലോ. നെയ്യ് ശരീരപോഷണത്തിനു് നല്ലതാണു്, അല്ലാതെ അമൃതത്വം നല്കുന്നില്ല. പാൽക്കടൽ കടഞ്ഞപ്പോഴാണു് അമൃതം പൊങ്ങിവന്നതു് എന്നാണു് പുരാണത്തിൽ പറയുന്നതു്. കുരിശിലെ യാഗം വഴി മനുഷ്യനു് മരണത്തിൽനിന്നും വിടുതൽ ലഭിച്ചു. കുരിശിലെ യാഗം രക്ഷാകരമായിരുന്നു.

www.malankaralibrary.com



ഋഷിമാർ ഉണ്ടായതിനുശേഷമാണ് മൃഗങ്ങൾ ഉണ്ടായതു് എന്നാണ് ഋഗ്വേദം, 10—90—8-ൽ, പറഞ്ഞിരിക്കുന്നതു്.

ഋഗ്വേദത്തിലെ പ്രജാപതിയും ബൃഹദാരണ്യകോപനിഷത്തിലെ പ്രജാപതിയും ഒന്നല്ല, വ്യത്യസ്ഥരാണ്.

"മതവും ചിന്തയും" എന്ന മാസികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "പതിനെട്ടു പുരാണങ്ങളിൽ ഒൻപതാമത്തേതായ ഭവിഷ്യമഹാപുരാണത്തിൽ യേശുവിനെപ്പററിയുള്ള പരാമർശം ഉള്ളതായി കാണുന്നു.

"കോഭവാനിതിതം പ്രാഹസഹോവാച മുദാന്വിതഃ ഈശ പുത്രം ച മാം വിദ്ധി, കുമാരീഗർഭ സംഭവം അഹം ഈശാമസീഹ നാമം" (*ഭവിഷ്യ പുരാണം 3-ാം ഖണ്ഡം രണ്ടാം അദ്ധ്യായം*). അങ്ങ് ആരാണെന്നു് പറഞ്ഞാലും ആ പുരുഷൻ സസന്തോഷം പറഞ്ഞു: ഞാൻ ദൈവപുത്രനാണ്; ഒരു കന്യകയുടെ ഗർഭത്തിൽ ജനിച്ചവനാണ്. ഈശാമസീഹൻ എന്നാണ് എന്റെ പേരു്". ദൈവപുത്രനും കന്യാതനയനുമായ യേശുമിശിഹാ ലോകത്തിൽ സത്യവും ധർമ്മവും പുനസ്ഥാപിക്കുന്നതു് 34 ശ്ലോകങ്ങളിലായി വർണ്ണിച്ചിരിക്കുന്നു. (*മതവും ചിന്തയും. സെപ്റ്റംബർ—ഒക്ടോബർ. (1195-പുറം. 374*).

ഇതിനെപ്പററി ഹിന്ദുമത പണ്ഡിതന്മാർ എന്തു പറയുന്നു എന്നറിയുവാൻ ആഗ്രഹമുണ്ട്.

## ചാതുർവർണ്ണ്യം

ഋഗ്വേദത്തിൽ ഇപ്രകാരം പറയുന്നു:

ബ്രാഹ്മണോസ്യ മുഖമാസി–
ദ്ബാഹുരാജന്യഃ കൃതഃ
ഊരു തദസ്യയദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത.

അർത്ഥം:— ആ പ്രജാപതിക്കു് ബ്രാഹ്മണൻ മുഖമായി, മുഖത്തിൽനിന്നുല്പന്നനായി. ക്ഷത്രിയൻ ബാഹുക്കളിൽ നിന്നുളവായി. ഊരുക്കളിൽനിന്നു് വൈശ്യനുണ്ടായി. അതുപോലെ അവിടുത്തെ പാദങ്ങളിൽനിന്നു് ശൂദ്രൻ ജനിച്ചു (*ഋക്*. 10—90—12).

www.malankaralibrary.com



ഗീതയിൽ ഇപ്രകാരം പറയുന്നു:

"ചാതുർവർണ്ണ്യം മയാസൃഷ്ടം, ഗുണകർമ്മ വിഭാഗശഃ—"

അർത്ഥം:— എന്നാൽ (*മയാ*) ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രരെന്ന നാലു വർണ്ണങ്ങൾ ഗുണകർമ്മങ്ങളുടെ വിഭാഗത്തിനനുസരിച്ച് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു—" (*ഗീത. IV—13*).

"അല്ലയോ അർജ്ജുനാ, ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും വൈശ്യരുടെയും ശൂദ്രരുടെയും കർമ്മങ്ങൾ സ്വാഭാവികങ്ങളായ ഗുണങ്ങളാൽ വിഭജിക്കപ്പെട്ടവയാണ്" (*ഗീത. XVIII—41*).

"....ക്ഷത്രിയന് ധർമ്മ്യമായ യുദ്ധത്തേക്കാൾ ശ്രേയസ്കരമായ മറ്റൊന്ന് ഇല്ലതന്നെ" (*ഗീത. II—31*).

മനുസ്മൃതിയിൽ ചാതുർവർണ്ണ്യത്തെ നിശ്ചിതമായ സാമൂഹ്യവിഭജനമാക്കി എടുത്തു പറഞ്ഞ്, ജാതിവ്യവസ്ഥ നിലനിർത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

മനുസ്മൃതി ഒന്നാം അധ്യായം 88 മുതൽ 91 വരെയുള്ള വാക്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

("*ആ വിരാടുപുരുഷൻ*) ബ്രാഹ്മണർക്ക് വേദങ്ങൾ പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള അവകാശം നിർണ്ണയിച്ചു. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി യജ്ഞങ്ങൾ ചെയ്യുവാനും ദാനങ്ങൾ സ്വീകരിക്കുവാനും അവരെ നിയോഗിച്ചു" (*വാക്യം 88*).

"ജനസംരക്ഷണമാണ് ക്ഷത്രിയന്റെ ധർമ്മം. യജ്ഞങ്ങൾ നടത്തുക, വേദം പഠിക്കുക, ഇന്ദ്രിയലാളനത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക ഇതൊക്കെയാണ് ക്ഷത്രിയന് നിശ്ചയിച്ചിട്ടുള്ളത്" (*വാക്യം 89*).

"കന്നുകാലികളെ വളർത്തുക, ദാനം ചെയ്യുക, വേദം പഠിക്കുക, കച്ചവടം നടത്തുക, പണം കടംകൊടുക്കുക, കൃഷി ചെയ്യുക മുതലായവയ്ക്കായി വൈശ്യനെ നിയോഗിച്ചിരിക്കുന്നു" (*വാക്യം 90*).

"ഈശ്വരൻ ശൂദ്രന് വിധിച്ചിരിക്കുന്നത്" മറ്റു മൂന്നു വർണ്ണത്തിൽ പറഞ്ഞിരിക്കുന്നവരെയും അനുസരണത്തോടെ പരിചരിക്കുന്നതു മാത്രമാണ്" (*വാക്യം 91*).

www.malankaralibrary.com



ക്രിസ്തുമതത്തിൽ ജാതിവ്യവസ്ഥകളില്ല. വി. പത്രോസ് ശ്ലീഹാ പറയുന്നു: "ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ, അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു" (*അപ്പ. പ്ര. 10:28*).

വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകുവാൻ ജ്ഞാനസ്നാനമേററു. യഹൂദരെന്നോ, ഗ്രീക്കുകാരെന്നോ, അടിമകളെന്നോ, സ്വതന്ത്രരെന്നോ ഭേദംകൂടാതെ ഒരേ ആത്മാവിനെ പാനം ചെയ്യുവാൻ എല്ലാവർക്കും സാധിച്ചു. ശരീരം ഒരു അവയവമല്ല, പലതു ചേർന്നതാണ്'" (*1 കോറി. 12:13–14*).

"ഭൂമി മുഴുവൻ വ്യാപിച്ചു വസിക്കുവാൻ വേണ്ടി അവിടുന്ന് ഒരുവനിൽനിന്ന് എല്ലാ ജനപദങ്ങളെയും സൃഷ്ടിച്ചു" (*അപ്പ. പ്ര. 17:26*).

### ചില പരിഷ്ക്കർത്താക്കൾ

ഹിന്ദുമതത്തിലുള്ള ദുരാചാരങ്ങളെ ഇല്ലാതെയാക്കി ശുദ്ധീകരിക്കുവാൻ പരിശ്രമിച്ചിട്ടുള്ള പരിഷ്ക്കർത്താക്കളിൽ ചിലരാണ് പ്രസിദ്ധരായ 1) രാജാറാം മോഹൻറോയ് (1772—183) 2) സ്വാമി ദയാനന്ദസരസ്വതി (1824—1876) 3) രാമകൃഷ്ണ പരമഹംസൻ (1836—1886) 4) സ്വാമി വിവേകാനന്ദൻ (1863—1902) 5) രവീന്ദ്രനാഥ ടാഗോർ (— 1941) എന്നിവർ. ബഹു ദേവതാരാധന, ബിംബാരാധന, തൊട്ടുകൂടായ്മ (Untouchability), ജാതിവ്യത്യാസങ്ങൾ, ബഹുഭാര്യാത്വം, സതി മുതലായ ആചാരങ്ങൾ സമൂഹത്തിൽനിന്നും ഉച്ചാടനം ചെയ്യുന്നതിനു് ഇവർ അങ്ങേയററം പരിശ്രമിച്ചു. കേരളത്തിൽ ശ്രീനാരായണ ഗുരുവും മേൽപറഞ്ഞ ആചാരങ്ങൾക്ക് എതിരായിരുന്നു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്'" എന്നുള്ള ശ്രീനാരായണ ഗുരുവിൻെറ ആദർശവാക്യം പ്രസിദ്ധമാണല്ലൊ.

## 2. ഉപസംഹാരം

ഹിന്ദുമത, ക്രിസ്തുമത ദർശനങ്ങളെപ്പററി ചുരുക്കമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

മനുഷ്യൻ ആരാണ്, അവൻ എവിടെനിന്നു വരുന്നു, എവിടേക്കു പോകുന്നു, എന്നൊക്കെയുള്ള ഗഹനങ്ങളായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുവാൻ, ക്രിസ്തുവിനു നൂററാണ്ടുകൾക്ക് മുമ്പുതന്നെ, ഭാരതത്തിലെ മഹർഷിമാർ പരിശ്രമിച്ചിരുന്നു.

www.malankaralibrary.com



കേനോപനിഷത്ത് ആരംഭിക്കുന്നതുതന്നെ ആരാൽ (*കേന*) എന്ന ചോദ്യത്തോടുകൂടിയാണ്. "കേനേഷിതം പതതി പ്രേഷിതം മനഃ കേന പ്രാണം, പ്രഥമഃ അപ്രതിയുക്തഃ......." (*കേനം 1*)—മനസ്സിനെ പ്രേരിപ്പിക്കുന്നേത്ത് എന്ത്? ജീവൻെറ ചലനത്തിൻെറ നിയന്താവ് ആര്?

ശ്വേതാശ്വതരവും ഇതേ ചോദ്യംതന്നെ ചോദിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. "കിം കാരണം...." ബ്രഹ്മവാദികൾ പരസ്പരം ചോദിക്കുന്നു: "എന്താണ് കാരണം? ബ്രഹ്മമാണോ? എവിടെനിന്നാണ് നമ്മുടെ ഉത്ഭവം? ആരുമൂലമാണ് നമ്മൾ ജീവിക്കുന്നത്? നമ്മുടെ അടിസ്ഥാനം എവിടെയാണ്? (*ശ്വേത.ാ ഉ. I—1*).

ശൗനകൻ (*ശുനകപുത്രൻ*) എന്ന വലിയ ധനവാൻ (*ഗൃഹസ്ഥൻ*) അംഗീരസ്സ് മഹർഷിയെ സമീപിച്ച് ചോദിച്ചു: ഭഗവൻ, ഏതൊന്നിനെ അറിയുന്നതോടെ ഒരാൾക്ക് സർവ്വതും അറിയാൻ കഴിയും? (*മുണ്ഡകം. I—3*).

ഈ ആത്മീയാന്വേഷണത്തെ മീമാംസ എന്നു പറയുന്നു. ക്രിസ്തുവിനു നൂററാണ്ടുകൾക്ക് മുമ്പ് ഇതുപോലെ ആത്മാന്വേഷണം നടത്തിയിട്ടുള്ള ഒരു ജനസമൂഹം ലോകത്തിൽ വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഇപ്രകാരമുള്ള സത്യാന്വേഷണത്തിൻെറ ഫലമായി അവർ പല നിഗമനങ്ങളിലും എത്തിച്ചേർന്നു.

"ഏതൊന്നിൽ നിന്നാണോ ജീവികളെല്ലാം ഉണ്ടാകുന്നത്", ഏതൊന്നുകൊണ്ടാണോ ജീവിച്ചുപോരുന്നത്, വിട്ടുപോകുമ്പോൾ എവിടെച്ചെന്നു ലയിക്കുന്നുവോ, അതാണ് ബ്രഹ്മം" (*തൈത്തി. 3:5*).

"സത്യം ജ്ഞാനം അനന്തം ബ്രഹ്മ" ബ്രഹ്മം സത്യവും ജ്ഞാനവും അനന്തവുമാകുന്നു" (*തൈത്തി. 2:1*).

ജീവാത്മാവും പരമാത്മാവും സത്താപരമായി ഒന്നാണെന്ന് അദ്വൈതികൾ പറയുമ്പോൾ, അവ രണ്ടാണെന്ന് ദ്വൈതവാദികൾ പറയുന്നു. അദ്വൈതത്തിൽ സ്രഷ്ടാവുമില്ല, സൃഷ്ടിയുമില്ല, ബ്രഹ്മൻ മാത്രമേ ഉള്ളൂ. അദ്വൈതത്തിൽ ഭക്തിക്കും ഉപാസനയ്ക്കും സ്ഥാനമില്ല.

ഒരു ഹിന്ദു ആരാണ് എന്നു ചോദിച്ചാൽ അതിനു വ്യക്തമായ ഒരു ഉത്തരം നൽകുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഹിന്ദുമതം ആര്യമതമാണെന്ന് പറയപ്പെടുന്നു. ആര്യന്മാർ

www.malankaralibrary.com



മദ്ധ്യ ഏഷ്യയിൽ നിന്നും വടക്കേ ഇന്ത്യയിൽ കുടിയേറിപ്പാർത്തു എന്നാണ് ചരിത്രം പറയുന്നത്. ആര്യന്മാർ ഇവിടെ വരുന്നതിനുമുമ്പ് ഇവിടെ ഉണ്ടായിരുന്നവർ ആര്യമതക്കാർ ആയിരുന്നില്ല.

ഇന്ദ്രിയ നിഗ്രഹം, തപസ്സ്, സന്യാസം, മുതലായവയ്ക്ക് ഹിന്ദുമതം വളരെയധികം പ്രാധാന്യം കല്പിക്കുന്നു.

ഹിന്ദുമത ദർശനങ്ങളും ക്രിസ്തുമത ദർശനങ്ങളും തമ്മിൽ പല കാര്യങ്ങളിലും യോജിപ്പുണ്ടെങ്കിലും അടിസ്ഥാനപരമായി പല കാര്യങ്ങളിലും വിയോജിപ്പും ഉണ്ട്.

ജീവിതത്തിന് അർത്ഥമുണ്ടാകണമെങ്കിൽ ഒന്നാമതായി ഞാൻ ആരാണ് എന്നുള്ളതിനേപ്പററി ശരിയായിട്ടുള്ള ഒരു അവബോധം ഉണ്ടാകണം. രണ്ടാമതായി സുനിശ്ചിതമായ ഒരു ജീവിതലക്ഷ്യമുണ്ടായിരിക്കണം.

ഹിന്ദുമതത്തെ അനുസരിച്ച് മനുഷ്യൻ (*ഒരു വ്യക്തി*) ആത്മാവു മാത്രമാണ്; ശരീരം ആത്മാവിന്റേതല്ല. മോക്ഷം എന്നു പറയുന്നത് ശരീരവുമായുള്ള ബന്ധത്തിൽ നിന്നും (*പുനർ ജന്മത്തിൽനിന്നും*) എന്നേക്കുമായി മുക്തി പ്രാപിക്കുക എന്നുള്ളതാണ്. മുക്തി പ്രാപിച്ച ആത്മാക്കൾ എല്ലാ വിധത്തിലും തുല്യരാണ്.

ക്രിസ്തുമതമനുസരിച്ച് മനുഷ്യൻ (*ഒരു വ്യക്തി*) ആത്മാവും ശരീരവും കൂടിയാണ്. മനുഷ്യന് ഈ ലോകത്തിൽ ഒരു ജീവിതം മാത്രമേയുള്ളു. മരണാനന്തരജീവിതം എപ്രകാരമായിരിക്കുമെന്നുള്ളത് ഈ ലോക ജീവിതത്തെ ആശ്രയിച്ചിരിക്കുന്നു. മരിച്ചവരുടെ ഉയിർപ്പിൽ ക്രിസ്തുമതം വിശ്വസിക്കുന്നു. ലോകാവസാനത്തിൽ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ, മരിച്ചവർ എല്ലാവരും സ്വന്ത ശരീരത്തോടുകൂടി ഉയിർത്തെഴുന്നേൽക്കും. ഓരോരുത്തരും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ചുള്ള പ്രതിഫലം സ്വീകരിക്കും. നീതിമാന്മാർ ഓരോരുത്തരുടെയും പുണ്യത്തിന്റെയും കൃപാവരത്തിന്റെയും ദൈവസ്നേഹത്തിന്റെയും കൂടുതൽ കുറവനുസരിച്ച് കൂടുതലോ കുറവോ ആയിട്ടുള്ള മഹത്വവും തേജസ്സും ഉള്ളവരായിത്തീരും. അതുകൊണ്ടാണ് യേശു പറഞ്ഞത്: "ഒരിക്കലും അവസാനിക്കാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല" (*ലൂക്കാ. 12:33*).

www.malankaralibrary.com



എന്നാൽ ഭഗവദ്ഗീത II-15 ൽ ഇപ്രകാരം പറയുന്നു: "ഭഗവാൻ ഒരുത്തരുടെയും പാപത്തെയും സുകൃതത്തെയും (*കണക്കിൽ*) എടുക്കുന്നില്ല".

പാപങ്ങളെപ്പററി പശ്ചാത്തപിക്കുകയോ അവയ്ക്ക് പരിഹാരം ചെയ്യുകയോ ചെയ്യേണ്ട ആവശ്യം ഉള്ളതായി പറയുന്നില്ല. ഋഗ്വേദത്തിൽ ഇപ്രകാരം പറയുന്നു: "അല്ലയോ, വരുണാ ഒരുവന് പാപപ്രവൃത്തിക്ക് കാരണം സ്വന്തം ബലമല്ല; ജനനസമയത്തുതന്നെ നിർമ്മിക്കപ്പെടുന്ന ധ്രുവമായ, സുസ്ഥിരമായ ദൈവഗതിയാണ്.......അതിനാൽ ഈ ദൈവകല്പിതമാണ് ഒരുവൻെറ പാപപ്രവൃത്തിക്ക് കാരണം. കൂടാതെ ഹീനനായ മനുഷ്യൻെറ പാപകർമ്മത്തിൽ ഈശ്വരൻ നിയന്താവായി ഭവിക്കുന്നു. അവിടുന്നാണ് അവനെ പാപത്തിൽ പ്രവർത്തിപ്പിക്കുന്നത്...........അതുകൊണ്ട് എൻെറ പാപം, അപരാധം സ്വകൃതമല്ല; ദൈവകൃതമാണ്, ക്ഷന്തവ്യമാണ്" (*ഋക്. 7:86-6*).

ബൃഹദാരണ്യകോപനിഷത്ത് 4-ാം അധ്യായം 4-ാം ബ്രാഹ്മണം 22-ാം ശ്ലോകത്തിൽ ഇപ്രകാരം പറയുന്നു:

"അവൻ (*ആത്മാവ്*) പുണ്യകർമ്മങ്ങളാൽ ഉത്കൃഷ്ടനാകുന്നില്ല. പാപകർമ്മങ്ങളാൽ നികൃഷ്ടനാകുന്നുമില്ല" (*ബൃഹ. ഉ. 4:4-22*).

"വിദ്വാൻ ഒന്നിനെയും ഭയപ്പെടുന്നില്ല; എന്തു നന്മചെയ്തു, എന്തു തിന്മചെയ്തു എന്ന വിചാരം അയാളെ തപിപ്പിക്കുന്നില്ല" *തൈത്തി. ഉ. 2:9-1*).

"ആർ എന്നെ കാരണരഹിതനായും ജന്മശൂന്യനായും ലോകങ്ങൾക്ക് മഹേശ്വരനായും അറിയുന്നുവോ, അവൻ മനുഷ്യരിൽ അജ്ഞാനമില്ലാത്തവനായി സർവ്വ പാപങ്ങളിൽനിന്നും പ്രകർഷേണ മോചിക്കപ്പെടുന്നു" (*ഗീത. X-3*).

"ഏററവും ദുരാചാരനായവൻപോലും....എന്നെ ഭജിക്കുന്നുവെങ്കിൽ അവൻ ശ്രേഷ്ഠനായിത്തന്നെ വിചാരിക്കപ്പെടേണ്ടവനാകുന്നു. അവൻ........നിത്യമായ ശാന്തിയെ പ്രാപിക്കുകയും ചെയ്യുന്നു" (*ഗീത. X 30-31*).

രണ്ടാം വത്തിക്കാൻ സൂന്നഹദോസിൻെറ "അക്രൈസ്തവമതങ്ങളെപ്പററിയുള്ള പ്രഖ്യാപനത്തിൽ" **(Nostrae Aetatis)** ഇപ്രകാരം പറയുന്നു: "ഒരൊററ സമൂഹത്തിൽപ്പെട്ടവരാണ്

www.malankaralibrary.com



എല്ലാ ജനങ്ങളും അവരുടെ ഉത്ഭവസ്ഥാനവും ഒന്നുതന്നെ........ എല്ലാ മനുഷ്യരുടെയും ആത്യന്തിക ലക്ഷ്യവും ഒന്നുതന്നെ, ദൈവം *(നമ്പർ 1, ഖണ്ഡിക 2)*.

"ഹൈന്ദവ മതത്തിൽ മനുഷ്യർ ദൈവിക രഹസ്യത്തെപ്പററി ധ്യാനിക്കുന്നു. ആ ദിവ്യ രഹസ്യങ്ങൾ അക്ഷയമായ പുരാണേതിഹാസങ്ങളിലൂടെയും ഉദാത്തമായ ദാർശനികാന്വേഷണങ്ങളിലൂടെയും അവർ ആവിഷ്കരിക്കുന്നു. ഇതുപോലെ തന്നെ മനുഷ്യജീവിതത്തിലനുഭവപ്പെടുന്ന ആകുലതകളിൽ നിന്നും മുക്തി നേടാനാണ് മനുഷ്യർ പണിപ്പെടുന്നത്. അതിനവർ അവലംബിക്കുന്ന മാർഗ്ഗങ്ങളാണ് താപസജീവിതം, അഗാധധ്യാനം, സ്നേഹത്തോടും പ്രതീക്ഷയോടും കൂടി ദൈവത്തിലേക്കുള്ള പ്രയാണം എന്നിവ........

ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്കരിക്കുന്നില്ല" *(ടി. പ്രമാണരേഖ നമ്പർ 2)*.

"സഭ ആധുനിക യുഗത്തിൽ" **(Gaudium et spes)** എന്ന സൂന്നഹദോസ് പ്രമാണരേഖയിൽ ഇപ്രകാരം പറയുന്നു: "മനുഷ്യരെല്ലാം ഒരേ കുടുംബാംഗങ്ങളെപ്പോലെ സാഹോദര്യത്തിന്റെ പാവന ചൈതന്യത്തിൽ ജീവിക്കണമെന്നാണ് ദൈവത്തിന്റെ തിരുവിഷ്ടം. അവിടുന്ന് ഒരു മനുഷ്യവ്യക്തിയിൽനിന്നും മനുഷ്യവർഗ്ഗം മുഴുവനും ജന്മം നൽകുകയും ഭൂമുഖത്താകെ അവരെ വസിപ്പിക്കുകയും ചെയ്തു *(അപ്പ. പ്ര. 17-26)*. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ആ മനുഷ്യരെല്ലാവരും ഒരേ ഒരു ലക്ഷ്യത്തിലേക്ക് —ദൈവത്തിലേക്ക്— വിളിക്കപ്പെട്ടിരിക്കുന്നു.

ഇക്കാരണത്താലാണ് ദൈവസ്നേഹവും സഹജീവികളോടുള്ള സ്നേഹവും പ്രഥമവും പ്രധാനവുമായ നിയമമാണെന്ന് പറയുന്നത്"' *(സഭ ആധുനിക യുഗത്തിൽ നമ്പർ. 24)*.

തിരുസഭയെപ്പററിയുള്ള പ്രമാണ രേഖയിൽ ഇപ്രകാരം പറയുന്നു: "സ്രഷ്ടാവായ ദൈവത്തെ ഏററുപറയുന്നവരെല്ലാം അവിടുത്തെ പരിത്രാണ പദ്ധതിയിൽ ഉൾപ്പെടുന്നു....സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് ദൈവത്തിന്റെ അഭിലാഷം *(1 തിമോ. 2:4)*. സ്വന്തം കുററം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയേയും അറിയാതിരിക്കുകയും, അതേ സമയം ശുദ്ധ ഹൃദയത്തോടെ ദൈവത്തെ

www.malankaralibrary.com



അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ്, പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കുകയും ചെയ്യുന്നവരും നിത്യരക്ഷ പ്രാപിക്കുന്നു'' (*Vat. II തിരുസഭയെപ്പററിയുള്ള ജനതകളുടെ പ്രകാശം—''Lumen Gentium. നമ്പർ. 16*).

''മതവും സ്വാതന്ത്ര്യവും'' എന്ന പ്രമാണ രേഖയിൽ ഇപ്രകാരം പറയുന്നു: മതസ്വാതന്ത്ര്യം മനുഷ്യന്റെ അവകാശമാണെന്നു് ഈ സൂന്നഹദോസു് പ്രഖ്യാപിക്കുന്നു. വ്യക്തികളിൽ നിന്നോ, സമുദായങ്ങളിൽനിന്നോ ഉണ്ടായേക്കാവുന്ന സമ്മർദ്ദങ്ങളിൽ നിന്നു് എല്ലാ മനുഷ്യരും വിമുക്തരായിരിക്കുക എന്നതിലാണു്, ഈ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്. അതായതു് മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുതു്. അതുപോലെ തന്നെ, ന്യായമായ പരിധിക്കുള്ളിൽനിന്നുകൊണ്ടു് രഹസ്യമായോ, പരസ്യമായോ, തനിച്ചോ, കൂട്ടുചേർന്നോ സ്വന്തം ബോധ്യമനുസരിച്ചു് വ്യാപരിക്കുന്നതിൽ നിന്നു് ആരെയും തടയാൻ ആർക്കും അവകാശമില്ല'' (*Vat-II 'മതവും സ്വാതന്ത്ര്യവും'—Dignitas Humanae-നമ്പർ. 2*).

''മാനുഷിക നിയമങ്ങൾക്കെല്ലാം മാനദണ്ഡം ദൈവികനിയമമാണു്. ഈ ദൈവികനിയമം സനാതനവും വസ്തുനിഷ്ഠവും സാർവ്വത്രികവുമാണു്........ഉചിതമായ മാർഗ്ഗങ്ങളുപയോഗിച്ചു്, മതപരമായ കാര്യങ്ങളിൽ സത്യമാരാഞ്ഞു് കണ്ടുപിടിക്കാനുള്ള കടമയും അവകാശവും ഓരോരുത്തർക്കുമുണ്ടു്. അങ്ങനെ ഓരോരുത്തർക്കും മനസ്സാക്ഷിയിൽ തോന്നുന്നതനുസരിച്ചു് വിവേകപൂർണ്ണമായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കണം........

മനുഷ്യനെ സംബന്ധിച്ചിടത്തോളം, സ്വന്ത മനസ്സാക്ഷി മുഖേനയാണു് അവൻ ദൈവിക നിയമങ്ങളനുസരിച്ചുള്ള കടമകൾ കണ്ടറിഞ്ഞംഗീകരിക്കുന്നതു്. എല്ലാ കാര്യങ്ങളിലും ഈ മനസ്സാക്ഷിയെ അനുസരിക്കാൻ മനുഷ്യനു് കടമയുണ്ടു്. അവന്റെ അന്തിമലക്ഷ്യമായ ദൈവത്തിലെത്തിച്ചേരാൻ ഇതാവശ്യവുമാണു്. തന്മൂലം മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുന്നതിനു് ആരെയും നിർബന്ധിച്ചുകൂടാ. അതുപോലെതന്നെ മതസംബന്ധമായ കാര്യങ്ങളിൽ പ്രത്യേകിച്ചു്

www.malankaralibrary.com



തന്റെ മനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്ന് അവനെ ആർക്കും തടയാനും പാടില്ല'' (*ടി. പ്രമാണരേഖ. നമ്പർ. 3*).

11—2—1999-ലെ, 'മലയാളമനോരമ'യിൽ, 'മതവും മതപരിവർത്തനവും, ശ്രീനാരായണഗുരു പറഞ്ഞതു'' എന്ന ശീർഷകത്തിൽ, ശ്രീ. മൂർക്കോത്തു രാമുണ്ണിയുടെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു; "മതങ്ങൾക്ക് ആഭ്യന്തരവും ബാഹ്യവുമായ രണ്ടു വശങ്ങളുണ്ട്. ബാഹ്യമായ വശത്തിനാണ് പരിവർത്തനം വേണമെന്ന് പറയുന്നതെങ്കിൽ, അതു മതപരിവർത്തനമല്ല, സമുദായ പരിവർത്തനമാണ്. ഒരാൾക്ക് താൻ ജനിച്ച മതത്തിലെ ആഭ്യന്തരമായ വശത്തിൽ വിശ്വാസമില്ലെന്ന് വന്നാൽ അയാൾ മതം മാറുകതന്നെ വേണം. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നതു് ഭീരുത്വവും കപടവുമാണ്. അവൻ മതംമാറുന്നതു് അവനും വിശ്വാസമില്ലാത്ത മതത്തിനും നല്ലതാണ്'' (*ഇതായിരുന്നു ശ്രീനാരായണഗുരുവിന്റെ അഭിപ്രായം*).

നമ്മുടെ ഭരണഘടനയുടെ 25-ാം അനുച്ഛേദപ്രകാരം, എല്ലാവർക്കും മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും, സ്വതന്ത്രമായി സ്വമതവിശ്വാസം പ്രകടിപ്പിക്കാനും മതം ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉള്ളതാകുന്നു.

ഹൈന്ദവ ധർമ്മ മീമാംസകൾ ചക്രവാളസീമകൾക്കപ്പുറമെത്തിച്ച വിവേകാനന്ദസ്വാമികൾ ഇപ്രകാരംപറഞ്ഞു: ''ഞാൻ ഒരു പൗരസ്ത്യൻ ക്രിസ്തുവിനെ ആരാധിക്കുകയാണെങ്കിൽ, അതിന് ഒരു വഴിയേ എനിക്കുള്ളൂ. ഈശ്വരനായിട്ട് അർച്ചിക്കുക, വേറൊന്നുമായിട്ടല്ല'' (*വിവേകാനന്ദ സാഹിത്യ സംഗ്രഹം. പുറം. 411*).

ഭൗതിക കാര്യങ്ങളേക്കാൾ ആദ്ധ്യാത്മിക കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തിട്ടുള്ള ഒരു ജനസമൂഹമാണ് ഭാരതജനത എന്നതിൽ നമുക്കഭിമാനിക്കാം.

ഹിന്ദുമതാനുയായികളും ക്രിസ്തുമതാനുയായികളും തമ്മിൽ ആശയവിനിമയം നടത്തുന്നതിനും പരസ്പരം മനസ്സിലാക്കുന്നതിനും ഈ ഗ്രന്ഥം ഒരു പരിധിവരെയെങ്കിലും ഉപകരിക്കുമെന്ന് കരുതുന്നു. അഹിംസയ്ക്കും സഹിഷ്ണുതയ്ക്കും പേരുകേട്ട ഭാരതത്തിൽ വിവിധ മതവിഭാഗങ്ങളിലുള്ളവർ പരസ്പരധാരണയിലും സൗഹാർദ്ദത്തിലും കഴിയുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.

— ശുഭം —

www.malankaralibrary.com

# ഗ്രന്ഥസൂചിക


ഈശ്വരദർശനം (സിമ്പോസിയം)
സമ്പാദകൻ —റവ. ഡോക്ടർ ആൽബർട്ട് നമ്പ്യാപറമ്പിൽ (ജനതാ ബുക്ക് സ്റ്റാൾ—1969)

ഋഗ്വേദഭാഷാഭാഷ്യം
ശ്രീ. ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട് —8 വാല്യങ്ങൾ —1982 (പ്രസാധകർ—വടക്കേമഠം, ബ്രഹ്മസ്വം— തൃശ്ശൂർ)

പുരാണ വിചിത്ര കഥാസാരം — ഡോ. സി. കെ. എൻ. നായർ 1993.

ബൃഹദാരണ്യകോപനിഷത്ത്, വ്യാഖ്യാനം—
നിത്യചൈതന്യയതി 3 വാല്യങ്ങൾ—D.C ബുക്ക്—കോട്ടയം 1994

ബ്രഹ്മസൂത്രഭാഷ്യം, ഭാഷാനുവാദം—ഒന്നാം ഭാഗം.
ഏ. ജി. കൃഷ്ണവാര്യർ M. A., Ph. D.

ഭഗവദ്ഗീതാ സ്വാദ്ധ്യായം—
നിത്യചൈതന്യയതി. ഡി. സി. ബുക്സ്, കോട്ടയം 1996.

ശ്രീമദ് ഭഗവദ്ഗീത, മഹാഭാഷ്യം —
പ്രൊഫ. ജി. ബാലകൃഷ്ണൻനായർ 1995 (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

ഭാരതീയാഭിമുഖ്യം ടി. എൻ. കല്ലൻ —1976.

മുണ്ഡകോപനിഷത്ത്— റവ. ഡോ. ജെ. കട്ടയ്ക്കൽ—1990

യവനഭാരതീയ ദർശനങ്ങൾ —റവ. ഡോ. ജെ. കട്ടയ്ക്കൽ—1994.

വേദങ്ങളിലെ ദൈവം — മതവും ചിന്തയും—1971.

വേദാർത്ഥ വിചാരം —വി. കെ. നാരായണഭട്ടതിരി. 1956.

ശ്വേതാശ്വതര —ഈശാവാസ്യ ഉപനിഷത്തുകൾ—
റവ. ഡോ. ജെ. കട്ടയ്ക്കൽ—1979.

വേദപുസ്തകം —ബൈബിൾ.

Indian Wisdom—
William M.M. Vol I—Cosmo Publications 1987.

Religious Hinduism—
by Jesuit Scholars— St. Paul Publications—1964.

Men and message of the Old Testament—
Peter. F. Ellis, C. S. S. R.—1962.

The Spiritual Teaching of the New testament.
Jules Lebreton S. J. Burns and Oates—1960.